എഡിറ്റർ

ഡോ. ജോസ് കെ. മാനുവൽ

# നവമാധ്യമങ്ങൾ

## ഭാഷ സാഹിത്യം സംസ്കാരം



spcs

(Malayalam)

# Navamadhyamangal Bhasha Sahithyam Samskaram

Study

Edited by

**Dr. Jose K. Manuel**

Cover Design: Rajesh Chalode
First Published February 2014
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 290.00

© Dr. Jose K. Manuel

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*

Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India

ISBN-978-93-84075-19-4

Email: spcsktm@gmail.com

978000019653

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha
Kottayam-Ernakulam (Marine Drive)
Thrissur-Palakkadu-Kozhikkodu-Kalpatta-Kannur

www.nationalbookstall.com

S8670 B5313 235/13-14 1-500

# നവമാധ്യമങ്ങൾ
# ഭാഷ സാഹിത്യം സംസ്കാരം
(പഠനം)

എഡിറ്റർ

ഡോ. ജോസ് കെ. മാനുവൽ

SPCS

സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷണൽ ബുക്ക് സ്റ്റാൾ
₹ 290.00

## ഡോ. ജോസ് കെ. മാനുവൽ

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ജനിച്ചു.

മദിരാശി സർവ്വകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ.

തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവസിദ്ധാന്ത പഠനം, നാടകവും സിനിമയും: ഒരു താരതമ്യവിശകലനം, ന്യൂ ജനറേഷൻ സിനിമ, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാസാഹിത്യം: സൗന്ദര്യവും പ്രസക്തിയും (പഠനം); അഭിലോഷിക, യഹൂര-ഒരു കമ്മ്യൂണിസ്റ്റിന്റെ കഥ (നോവൽ); കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കു മുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥ) എന്നിവയാണ് പ്രധാനകൃതികൾ.

മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സംസ്കാരിക സഹ കരണസമിതിയുടെ മികച്ച വൈജ്ഞാനികഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ് കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

*വിലാസം:*

*അസിസ്റ്റന്റ് പ്രൊഫസർ,*
*സ്കൂൾ ഓഫ് ലെറ്റേഴ്സ്*
*മഹാത്മാഗാന്ധി സർവ്വകലാശാല,*
*കോട്ടയം.*
*ഫോൺ: 9446924323*
*ഇ-മെയിൽ: kjosemanuel@gmail.com*

# പ്രസാധകക്കുറിപ്പ്

നവമാധ്യമങ്ങൾ എങ്ങനെയെല്ലാം ജീവിതത്തെ നവീകരിക്കുകയും പരിണാമവിധേയമാക്കുകയും ചെയ്യുന്നു എന്നതിന്റെ അന്വേഷണ തീക്ഷ്ണതയിൽനിന്നാണ് 'നവമാധ്യമങ്ങൾ—ഭാഷ സാഹിത്യം സംസ്കാരം' എന്ന പുസ്തകം പ്രസക്തമാകുന്നത്. മലയാള ഭാഷയുടെ സജീവമായ വർത്തമാനത്തെപ്പറ്റി പഠിക്കുന്നതിനും പുതിയ സാഹിത്യമേഖലകളെ വിശകലനംചെയ്യുന്നതിനും മാധ്യമസംസ്കാരത്തെ അക്കാദമികസമൂഹത്തിന് അടുത്തറിയാനും ഉപകരിക്കുന്ന ഈ പുസ്തകം സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിക്കുന്നു. പുസ്തകം എഡിറ്റുചെയ്ത ഡോ. ജോസ് കെ. മാനുവലിന് സംഘത്തിന്റെ നന്ദി.

# അവതാരിക

കാലംവരുത്തുന്ന മാറ്റങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ ഓർമയിൽ തെളിയുന്ന ഒരു നിരീക്ഷണമുണ്ട്. ആളുകൾ പഴകുകയും പ്രായമാകുകയും ചെയ്യുമ്പോൾ ദൈവം അവരെ എടുത്തുമാറ്റുകയും ലോകത്തെ പുതിയ തലമുറയുടെ കൈകളിൽ ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതാണവന്റെ കാരുണ്യം!

നവമാധ്യമങ്ങൾ ജീവിതത്തെ എങ്ങനെ നവീകരിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്നു എന്ന അന്വേഷണത്തിന് ഈ നിരീക്ഷണം ഒരാമുഖമായി സ്വീകരിക്കാമെന്ന് തോന്നുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽഫോണും ചേർന്നുള്ള ഒരു കൂട്ടുകെട്ട് ലോകത്തെ കീഴ്മേൽമറിക്കുക തന്നെയാണ്. ഇത് മുതിർന്ന തലമുറയുടെ പരാതിയാണ്. പുതുതലമുറയ്ക്കങ്ങനെയാവില്ല. ലോകം അവരുടെ കൺമുന്നിൽതന്നെ, അവരുടെ അഭിരുചികൾക്കും താത്പര്യങ്ങൾക്കും ഇണങ്ങുന്നവിധം പരിവർത്തനം കൊള്ളുകമാത്രമാണ്. അതാവട്ടെ അനിവാര്യമാണുതാനും.

ഗൗരവമേറിയ ഒരു വസ്തുത ഇവിടെ ശ്രദ്ധിക്കാനുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഈ പരിണാമം മനുഷ്യന്റെ ബൗദ്ധികവും സാംസ്കാരികവുമായ സിദ്ധികളെ ഉണർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നുണ്ടോ? അല്ലെങ്കിൽ അവന്റെ അത്തരത്തിലുള്ള ആന്തരിക സാധ്യതകൾക്കുമേൽ ആശങ്കാജനകമായ ഉപരോധം സൃഷ്ടിക്കുകയാണോ? രണ്ടാമത്തേതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന വ്യാപകമായ പരാതികൾ പ്രബലമാണ്. വിപ്ലവകരമായ ഏതൊരു പരിവർത്തനത്തിന്റെയും ആദ്യഘട്ടത്തിൽ ഉണ്ടാകാവുന്ന ഒരു അങ്കലാപ്പു മാത്രമാണിതെന്ന് ഞാൻ കരുതുന്നു. യഥാർത്ഥ്യബോധവും സമചിത്തതയും കൈവരുന്ന ദ്വിതീയ ഘട്ടത്തിൽ ഭ്രമാത്മകമായ അനുഭവമേഖലകളിലേക്കു സമൂഹത്തിനു കടന്നുകയറാൻ കഴിയും.

ഈ പരിവർത്തനഘട്ടത്തിൽ, അല്ലെങ്കിൽ പ്രതിസന്ധിഘട്ടത്തിൽ നവമാധ്യമങ്ങളുടെ സാധ്യതകൾ ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും ഏതുവിധത്തിൽ സ്വാധീനിക്കാനിടയുണ്ട് എന്നന്വേഷിക്കുന്ന മുപ്പത്തേഴു പഠനങ്ങളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. സൈബർയുഗ മനുഷ്യന്റെ സന്തതസഹചാരികളായ നവമാധ്യമങ്ങൾ അവനെ ആപാദചൂഡം ആവേശിച്ചിരിക്കുന്നതെങ്ങനെയെന്നും അതിന്റെ അനന്തരഫലങ്ങൾ അല്ലെങ്കിൽ അനന്തസാധ്യതകൾ എന്തൊക്കെയാണെന്നും പ്രതിഭാശാലികളായ ഈ ചെറുപ്പക്കാർ നമുക്കുപറഞ്ഞുതരുന്നു.

ബയോടെക്നോളജിയും ഇൻഫർമേഷൻ ടെക്നോളജിയും നാനോ ടെക്നോളജിയും ചേർന്ന് മാനവരാശിയെ അഭൂതപൂർവമായ വികസന മേഖലകളിലേക്കു കൈപിടിച്ചുനടത്തുന്ന ദൃശ്യം ആരെയാണ് വിസ്മയംകൊള്ളിക്കാത്തത്. അവയുടെ ഉപോത്പന്നങ്ങളാണ് നവമാധ്യമങ്ങൾ. അവ അതിന്റെ സ്രോതസ്സുകളിൽ നിന്നു വേറിട്ടുനില്ക്കുകയല്ല. അതിൽത്തന്നെ ഇണങ്ങിച്ചേർന്ന് നവധർമം നിർവഹിക്കുകയാണ് ചെയ്യുന്നത്.

കാർഷികവൃത്തിമുതൽ ബഹിരാകാശ ഗവേഷണം വരെയുള്ള മനുഷ്യന്റെ മുഴുവൻ കർമമണ്ഡലങ്ങളിലും ആധുനികസാങ്കേതികവിദ്യകളുടെ സാന്നിധ്യം നമുക്കുതിരിച്ചറിയാം. കാലം മുന്നോട്ടുനീങ്ങുംതോറും അവ മനുഷ്യന്റെ മേൽ കൂടുതൽ കൂടുതൽ പിടിമുറുക്കുന്നു. ഇത് പിടിമുറുക്കലല്ല, സഹായഹസ്തം നീട്ടലാണ് എന്നേ നമ്മൾ പൊതുവെ കരുതുന്നുള്ളൂ. അങ്ങനെയല്ല, പുതിയ ശീലങ്ങളും ആസക്തികളും കൊണ്ട് നമ്മെ അവ അടിപ്പെടുത്തുകതന്നെയാണ്. ഈ പഠനങ്ങളിലുടെ കടന്നുപോകുന്നവർ ഒരു നടുക്കത്തോടെ പലതും തിരിച്ചറിയാതിരിക്കില്ല.

ഈ സമാഹാരം സമ്മാനിക്കുന്ന നവവായനാനുഭവത്തിലൂടെ തിരിച്ചറിയാവുന്ന മറ്റൊരു വസ്തുതയുണ്ട്. വൈജ്ഞാനിക തലത്തിലുള്ള നമ്മുടെ സഞ്ചാരം കേരളത്തിലൂടെയും ഇന്ത്യയിലൂടെയും മാത്രമല്ല, അങ്ങനെയൊന്നും അതിരുകൾ പരിമിതപ്പെടുത്താനാവാത്ത ആഗോളവഴികളിലാണ്. ഇതിനു കാലഭേദമുണ്ട്. പക്ഷേ, ദേശഭേദമില്ല. സൈബർ കുടക്കീഴിൽ ഇന്ന് ലോകം ഒരൊറ്റ യൂണിറ്റാണ്. അറിവിന്റെയും അനുഭവങ്ങളുടെയും ഒരു സാർവദേശീയതയിലാണ് ലോകം ഇന്ന് ചുവടുറപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിൽ നില്ക്കുന്ന ഒരു വ്യക്തി അതേ സമയം ലോകത്തിന്റെ ഏതുഭാഗത്തും നിലകൊള്ളുന്നു എന്ന ആഗോളാനുഭവം ഉൾക്കൊള്ളുന്നത്.

വൈവിധ്യമേറിയ വൈജ്ഞാനിക തലങ്ങളിലൂടെയുള്ള വായനായാത്ര ജ്ഞാനകുതുകികളെ ആഹ്ലാദിപ്പിക്കുകയും ആവേശം കൊള്ളിപ്പിക്കുകയും ചെയ്യുമെന്ന് ഞാൻ കരുതുന്നു. ടെലിവിഷനും മൊബൈൽ ഫോണും മുതൽ പഠനങ്ങൾ ഏതേതു മേഖലകളിലേക്കാണ് കടന്നുപോകുന്നതെന്ന് ശ്രദ്ധിക്കുക. ഫേസ്ബുക്കിലെയും ടിറ്ററുകളിലെയും കൂട്ടായ്മകൾ, യു ടൂബ് സമ്മാനിക്കുന്ന പുതിയ കാഴ്ചാശീലങ്ങൾ, വിക്കിപീഡിയ, ഇ-പത്രങ്ങൾ, ബ്ലോഗ്കവിത, ഇ-സാഹിത്യം എന്നിവയിലൂടെ രൂപംകൊള്ളുന്ന പുതുലോകം, ചരിത്രത്തെയും വാർത്തകളെയും പുതിയ ഭാഷകളിലൂടെ അപൂർവതകളിലേക്ക് നയിക്കുന്ന കൗശലങ്ങൾ, റിയാലിറ്റി ഷോയുടെയും വീഡിയോ ഗെയിമിന്റെയും വിനോദ തന്ത്രങ്ങൾ ചുരുക്കി പറഞ്ഞാൽ ഒരു നവലോക നിർമിതിയുടെ കരുക്കളെന്തെല്ലാമെന്ന് ഇഴപിരിച്ച് പറഞ്ഞുതരുകയാണ് ഈ യുവപ്രതിഭകൾ.

സാഹിതീസഖ്യത്തിന്റെ 2012 ലെ വാർഷിക കൂട്ടായ്മയിൽ അവതരിപ്പിക്കപ്പെട്ട പഠനങ്ങളാണിവ. കാലത്തിനു മുമ്പെ സഞ്ചരിച്ച എം.പി പോൾ എന്ന ജീനിയസിന്റെ കരസ്പർശമാണ് സാഹിതീസഖ്യത്തിന് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഇടം ഉറപ്പിക്കുന്ന ദായഭാഗം. അത് കൈമോശം വരാതെ സൂക്ഷിക്കാൻ ഞങ്ങൾ ബദ്ധപ്രതിജ്ഞരാണ്. മലയാളത്തിന് രാഷ്ട്രീയപ്രമാണിമാരുടെ ഇടപെടലിലൂടെ കൈവന്നിരിക്കുന്ന ഒരു പുതിയ ബഹുമതിയുണ്ടല്ലോ-ശ്രേഷ്ഠഭാഷ. അതു ഭാഷയുടെ പഴക്കം നിർണയിച്ച് നേടിയെടുത്തതാണ്. പക്ഷേ ഇന്ന് പുതുതലമുറ എല്ലാ പഴക്കങ്ങളെയും വഴക്കങ്ങളെയും അപ്രസക്തമാക്കിക്കൊണ്ട് മലയാളത്തെയും അതിന്റെ സാഹിത്യത്തെയും സംസ്കൃതിയെയും സൈബർ ഘട്ടത്തിലേക്ക് കൈപിടിച്ചു നടത്തുകയാണ്. ശ്രേഷ്ഠഭാഷയെന്ന നിയത സങ്കല്പത്തിന് ഈ അതിവേഗ കുതിപ്പിൽ ഏറെ പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല.

എങ്കിലും ആശ്വസിക്കാം. അക്ഷരങ്ങളുടെയും ആലക്തികശക്തികളുടെയും കൂട്ടുചേരലിൽ നിന്ന് ഒരു നവയുഗപ്പിറവി ഇവിടെ സംഭവിച്ചിരിക്കുന്നു. അതിന്റെ സ്നാപകപ്രഭാവമായിട്ടാണ് ഈ പഠനങ്ങളെ ഉൾക്കൊള്ളേണ്ടത്. അതുപുതിയ ഉദയങ്ങളിലേക്കുള്ള വൈജ്ഞാനിക സഞ്ചാരത്തിന്റെ ഇടത്താവളങ്ങളുമാണ്.

ഡോ.കുര്യാസ് കുമ്പളക്കുഴി

## മുൻമൊഴി

മനുഷ്യജീവിതത്തെയും വ്യവഹാരങ്ങളെയും അനുനിമിഷം മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ് പുതുതലമുറ മാധ്യമങ്ങൾ. ബൗദ്ധികതയും സാങ്കേതികതയും സമന്വയിച്ചുള്ള പ്രവർത്തനം മനുഷ്യജീവിതത്തെ പുതു നിർവചനങ്ങൾക്ക് വിധേയമാക്കി. മനുഷ്യന്റെ വൈകാരികബുദ്ധിപോലും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ മാധ്യമവും അതിന്റെ സാധ്യതകളു മായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമങ്ങളാണ് നവമാധ്യമങ്ങൾ അഥവാ പുതുതലമുറ മാധ്യമങ്ങൾ. നിര വധി ചാനലുകളും പ്രോഗ്രാമുകളുമായെത്തുന്ന ടെലിവിഷനും പുതുയുഗ ത്തിന്റെ മാധ്യമം തന്നെയാണ്. ഇവ നിരന്തരം സാങ്കേതികതയുമായി ബന്ധ പ്പെട്ട് കാലോചിതമായ പരിഷ്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.

ടെലിവിഷൻ കാഴ്ചയുടെ മായികലോകം ചാനലുകളിലൂടെ തീർക്കു മ്പോൾ ഇന്റർനെറ്റും മൊബൈൽ ഫോണും കാഴ്ചയ്ക്കുമപ്പുറം കാഴ്ചാരൂ പീകരണത്തിനും വിനിമയത്തിനും മാധ്യമമാകുന്നു. അതുപോലെ സൈബർ സാഹിത്യത്തിന്റെ മേഖലയും ഈ മാധ്യമങ്ങളിൽ വൈവിധ്യത്തോടെ സജീവമാകുന്നു. അന്വേഷണങ്ങൾ, അറിയിപ്പുകൾ, വ്യാപാരങ്ങൾ തുടങ്ങിയ വയെല്ലാം ഈ മാധ്യമങ്ങളിലൂടെ വേഗത്തിൽ സാധ്യമാകുന്നു. പുതുതലമുറ യുടെ സാക്ഷരത പോലും ആരംഭിക്കുന്നത് മാധ്യമകേന്ദ്രീകൃതമായാണ്. അധികാരം, സംസ്കാരം, രാഷ്ട്രീയം മനുഷ്യാവകാശം, നിയമം, ഭാഷ, സാഹിത്യം, കല, മതം, വിദ്യാഭ്യാസം, സ്ത്രീചിന്ത, പരസ്യം തുടങ്ങിയവ യെല്ലാം നവമാധ്യമങ്ങളുമായി ബന്ധപ്പെടുത്തി രൂപീകരിക്കുന്ന പാഠവും അവ സ്ഥയും വർത്തമാനകാല പ്രസക്തമാണ്.

മലയാളഭാഷ വളർച്ചയുടെയും മാറ്റത്തിന്റെയും പാതയിലാണ്. മല യാളം സൈബർ സാന്നിധ്യത്തിലൂടെ ആഗോളവ്യാപകമായി എത്തുന്നതി നൊപ്പം അതിന്റെ വ്യവഹാര വ്യാപ്തിയും ഏറിയിരിക്കുന്നു. വളർന്നുകൊണ്ടി രിക്കുന്ന ഏതൊരു ഭാഷയും കാലാനുസൃതമായ മാറ്റത്തിന് വിധേയമാണ്. പുതിയ പദങ്ങൾ, വാചകഘടനയിൽ സംഭവിക്കുന്ന മാറ്റം, ചുരുക്കെഴുത്തു കൾ, അർത്ഥവ്യാപ്തിയുള്ള പുത്തൻ ചിഹ്നങ്ങൾ തുടങ്ങിയവയെല്ലാം ഭാഷയെ വളർത്തുന്നവയാണ്. ഭാഷയുടെ മാറ്റം സാഹിത്യത്തെ രൂപതല ത്തിലും ആഖ്യാനതലത്തിലും പരിവർത്തിപ്പിക്കുന്നു. ബ്ലോഗെഴുത്തുകളും എസ്.എം. എസുകളുമെല്ലാം കാലത്തിന്റെ സംസ്കാരം പേറുന്ന ചുവരെഴു ത്തുകളും സാഹിത്യവുമാണ്. വിക്കിപീഡിയ, ഡിജിറ്റൽ ലൈബ്രറി, ഓൺലൈൻ പത്രം, വെബ്മാഗസിൻ, ഇന്ററാക്ടീവ് ഇ-ബുക്ക്, ഇ-നിഘണ്ടു,

ഓർക്കൂട്ട്, ഫേസ്ബുക്ക്, ട്വിറ്റർ, ഇ-മെയിൽ തുടങ്ങിയ സാങ്കേതിക ഡിജിറ്റൽ വേദികൾ പ്രദാനം ചെയ്യുന്ന ആശയമേഖലയുടെ വ്യാപ്തിയും വ്യവഹാരമണ്ഡലവും വിസ്തൃതിയുള്ളതാണ്. മാധ്യമ കേന്ദ്രീകൃതമായി രൂപീകരിക്കുന്ന പൊതുമണ്ഡലം, സൈബർ ജനാധിപത്യം, സൈബർ സ്പേസ്, സിറ്റിസൺ ജേർണലിസം തുടങ്ങിയവ ഡിജിറ്റൽ സംസ്കാരത്തിന്റെയും പുതുകാല നിർമിതിയുടെയും ഭാഗമാണ് ഈ പശ്ചാത്തലത്തിൽ നമ്മുടെ മുന്നിൽ ക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ വിശകലനം ചെയ്യുകയെന്ന ദൗത്യമാണ് ഈ പ്രബന്ധസമാഹാരത്തിനുള്ളത്.

സാഹിതീസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ 2012 ജൂലൈ 14-ന് തൃശൂർ സാഹിത്യ അക്കാദമിയിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുള്ളത്. കേരളത്തിലെ ശ്രദ്ധേയരായ യുവ അധ്യാപകരും ഗവേഷകരുമാണ് ഈ പ്രബന്ധങ്ങൾ ഓരോന്നും തയ്യാറാക്കിയിരിക്കുന്നത്. അവരുടെ കാഴ്ചപ്പാടിലൂടെ മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും കേരളീയ സംസ്കാരത്തിന്റേയും ഭിന്നമാനങ്ങൾ ആഴത്തിൽ വിലയിരുത്തുന്നതാണ് ഇതിലെ ഓരോ പ്രബന്ധവും. യശ:ശ്ശരീരനായ എം.പി. പോളാണ് സാഹിതീസഖ്യത്തിന്റെ സ്ഥാപകൻ. സാഹിതീസഖ്യത്തിന് ഇപ്പോൾ നേതൃത്വം നൽകുന്നത് വിദ്യാഭ്യാസ വിചക്ഷണനും, സംസ്ഥാന വിവരാവകാശ കമ്മീഷണറും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴിയാണ്. ഈ പ്രബന്ധ സമാഹാരത്തിന് അവതാരിക എഴുതിയ കുര്യാസ് സാറിനോടുള്ള നന്ദി നിസ്സീമമാണ്.

മലയാള ഭാഷയുടെ സജീവമായ വർത്തമാനത്തെപ്പറ്റി പഠിക്കുന്നതിനും പുത്തൻ സാഹിത്യ മേഖലകളെ വിശകലനം ചെയ്യുന്നതിനും ശ്രദ്ധേയമായ ജനപ്രിയ, മാധ്യമ സംസ്കാരത്തെ അക്കാദമിക സമൂഹത്തിന് അടുത്തറിയുവാൻ ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടയം. ജോസ് കെ. മാനുവൽ

## ഉള്ളടക്കം


1. നവമാധ്യമങ്ങൾ: സംസ്കാരം രാഷ്ട്രീയം അധികാരം
   - ഡോ. ജോസ് കെ. മാനുവൽ /15

2. യാത്രാവിവരണ ബ്ലോഗുകൾ: സാങ്കേതികതയും സാഹിത്യവും
   - ആത്മൻ എ.വി. /32

3. വിനോദം മനുഷ്യനെ പ്രക്ഷോഭകാരിയാക്കിയ കഥ
   - ഡോ.ജീവൻ ജോബ് തോമസ് /45

4. നവസാങ്കേതികതയും സംസ്കാരവും-കാര്യങ്ങൾ മാറുന്നില്ല!
   - ഡോ. ടി.ജിതേഷ് /57

5. നവമാധ്യമങ്ങൾ: സാങ്കേതികതയും സാമൂഹികതയും
   - ഡോ. ഷാജി ജേക്കബ് /75

6. മൊബൈൽ ഫോൺ:നവസംസ്കാരനിർമിതിയുടെ കാലം
   - ഡോ.എം.എസ്. പോൾ /90

7. പുസ്തകം/എഴുത്ത്/വായന-സൈബർകാലം നമ്മെ പുന:ക്രമീകരിക്കുമ്പോൾ
   - ജെയ്സൺ ജോസ് /99

8. ഹിംസോത്പാദനത്തിന്റെ നവമാധ്യമ വ്യാഖ്യാനങ്ങൾ
   - ഡോ. എം.ബി. മനോജ് /107

9. ദൃശ്യമാധ്യമ പാഠാപഗ്രഥനത്തിന്റെ രീതിശാസ്ത്രം
   - ഡോ.തോമസ് സ്കറിയ /118

10. ബ്ലോഗ് കവിതയിൽ ശ്വസിക്കുന്ന തലമുറ: മലയാളത്തിലെ പുതുതരംഗ കവിത
   - ഡോ. സന്തോഷ് മാനിച്ചേരി /125

11 ടെലിവിഷൻ സംസ്കാരത്തിന്റെ ജനപ്രിയമാനങ്ങൾ
   - സുനിൽ ജോസ് /136

12. മൊബൈൽഫോണും എസ്.എം.എസും: ഒരു സ്ത്രീപക്ഷ നോട്ടം
- ഡോ. സുജ റാണി മാത്യു /145

13. സൈബർ നർമ്മം
- ശ്രീനാഥ് എസ്. /156

14. സൈബർലോകവും ആധുനികതയുടെ പുരുഷലിംഗവും
- യാക്കോബ് തോമസ് /180

15. യൂ ട്യൂബ് : ലോകം കീഴടക്കിയ കാഴ്ച ശീലം
- കെ.എസ്. പ്രമോദ് /186

16. ടെലിവിഷന്റെ സ്വാധീനം ഭാഷയിലും സംസ്കാരത്തിലും
- ഡോ. വി.എ.ഫിലിപ്പ് /192

17. ടെലിവിഷൻ:ഒരു വിചാരണ
- ഡോ. ജോജി മാടപ്പാട്ട് /200

18. വിക്കിപീഡിയ:ചരിത്രവും പ്രസക്തിയും
- അഥീൻ ഉഴുവത്ത് /208

19. നവമാധ്യമങ്ങൾ:ജനാധിപത്യവത്കരിക്കപ്പെട്ട മാധ്യമലോകവും നിലവാരമില്ലാത്ത നിലപാടുകളും
-ഷിന്റോ മംഗളത്ത് /216

20. മനുഷ്യാവകാശ സംരക്ഷണം നവമാധ്യമങ്ങളിലൂടെ
- സിജോ കെ. മാനുവൽ /223

21. സാംസ്കാരിക വിനിമയം: ടെലിവിഷൻ പരസ്യങ്ങളിലൂടെ
- ഷീബ സി.ബി. /232

2

22. ഫെയ്സ്ബുക്ക് : ഇടപെടലുകളും പ്രസക്തിയും
- വിഷ്ണുരാജ് ബി. /245

23. വിവരസാങ്കേതിക വിജ്ഞാനയുഗം : ഒരു പഠനം
- ബിനു സചിവോത്തമപുരം /255

24. മൊബൈൽ ഫോൺ: ഒരു സമ്പൂർണമാധ്യമം
- ഡോ. വി.കെ.എൻ. കൈമൾ വൈക്കത്തില്ലം /261

25. മലയാളത്തിലെ ഇ-പത്രങ്ങൾ
- ബിച്ചു എക്സ്. മലയിൽ /267

26. നവമാധ്യമങ്ങളും നവസംസ്കാരവും
- ഡോ. സിൽവി സേവ്യർ /272

27. നവമാധ്യമങ്ങളിലെ നവപാഠങ്ങൾ
- ഡോ. ജോഷി വർഗീസ്/277

28. നവമാധ്യമങ്ങളും സൈബർ ജനാധിപത്യവും
- കലേഷ് എം. /286

29. നവമാധ്യമങ്ങളും ലിപ്യന്തര മലയാളവും
- പ്രിയദർശിനി എം.എസ്. /296

30. എസ്.എം.എസ്. സംസ്കാരവും ഭാഷയും
- എസ്. മുരുകേഷ് /307

31. ഫെയ്സ്ബുക്ക്: സൈബർകൂട്ടായ്മയുടെ അകംപുറങ്ങൾ
- അനു പി.എസ്. /312

32. ഇ-സാഹിത്യവും ഭാവുകത്വമാറ്റങ്ങളും
- സജിത്ത് ജോസഫ് /319

33. മാധ്യമാധിനിവേശം പുതുകഥകളിൽ
- ഡോ. കവിത രാമൻ /325

34. ടിറ്റർ : സംവേദനസംസ്കാരത്തിന്റെ പു(പൊ)തു ഇടം
- എൻ. മുരാരി ശംഭു /329

35. റിയാലിറ്റിഷോ:ചരിത്രവും പ്രസക്തിയും
- ദിലീപ്മോൻ എസ്. /336

36. മൊബൈൽഫോൺ : നവസാങ്കേതികതയും സാധ്യതയും
- വി.എസ്. ശ്രീജിത്ത് കുമാർ /345

37. വീഡിയോ ഗെയിം: ജനപ്രിയതയുടെ പുത്തൻ രുചിക്കൂട്ടുകൾ
- ബ്ലെയ്സ് ജോണി /353

പ്രബന്ധങ്ങൾ /359

# 1. നവമാധ്യമങ്ങൾ: സംസ്കാരം രാഷ്ട്രീയം അധികാരം

ഡോ.ജോസ് കെ. മാനുവൽ

അചേതനമായ മാധ്യമങ്ങൾ മനുഷ്യചേതനയെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ രീതിശാസ്ത്രമാണ് വർത്തമാനകാല മാധ്യമ-സാഹിത്യപഠനത്തെയും വിശകലനത്തെയും സജീവമാക്കുന്നത്. ഇന്റർനെറ്റും മൊബൈൽഫോണുമാണ് പുതുതലമുറയുടെ മാധ്യമങ്ങൾ. ടെലിവിഷൻ അതിന്റെ ശക്തമായ ആഖ്യാന സാന്നിധ്യത്തിലൂടെ മുന്നോട്ടു വയ്ക്കുന്ന വിപുലവിസ്തൃതമായ കാഴ്ചയുടെ ലോകം വർത്തമാനകാലത്തിന്റെ പരിച്ഛേദം തന്നെയാണ്. (നവ)മാധ്യമങ്ങളുടെ സ്വാധീനത്തിൽ നിന്നും ഉപയോഗത്തിൽ നിന്നും അകന്നു നിൽക്കുന്നവർക്ക് വർത്തമാനകാല സമൂഹത്തിലും അവസ്ഥയിലും അസ്തിത്വം തന്നെ ഇല്ലാതാകുന്നു. നവമാധ്യമ സാക്ഷരത അനുനിമിഷം പുതുക്കി കൊണ്ടിരിക്കേണ്ടതായതു കൊണ്ടുതന്നെ ഈ സാക്ഷരത നേടിയവരുടെ ബുദ്ധിയും പ്രവൃത്തികളും വർത്തമാനകാലാവസ്ഥയുമായി നിരന്തരം സംവദിക്കുന്നതാണ്.

സംസ്കാരം, രാഷ്ട്രീയം, അധികാരം, നിയമം, ഭാഷ, സാഹിത്യം, കല, ജ്ഞാനം, സാമ്പത്തികക്രമം, ജീവിതാവസ്ഥ തുടങ്ങിയുള്ള സമസ്ത മേഖലകളെയും പുത്തൻ താത്ത്വികനിർവചനത്തിന് നവമാധ്യമവ്യവഹാരം വിധേയമാക്കി. നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട് ഓരോ വ്യക്തിയും ചെലവഴിക്കുന്ന സമയം തന്നെ ഏറെയാണ്. ബൗദ്ധികമായ ചിന്തകളിലും സംവാദങ്ങളിലും വിനോദരീതികളിലും ലൈംഗികചിന്തകളിലുമെല്ലാം നവമാധ്യമങ്ങളുടെ സ്വാധീനം നിർണായകമായി തീർന്നിരിക്കുന്നു. മുമ്പ് ആശയവിനിമയത്തിൽ മാധ്യമത്തേക്കാൾ സ്വാധീനം ഉള്ളടക്കത്തിനായിരുന്നു. എന്നാ

ലിന്ന് ഉള്ളടക്കത്തെക്കാൾ പ്രാധാന്യം മാധ്യമത്തിന് കൈവന്നിരിക്കുന്നു എന്ന മാർഷൽ മക്ലൂഹന്റെ അഭിപ്രായം മാധ്യമത്തിന്റെ അനിഷേധ്യമായ ശക്തിയാണ് ബോധ്യപ്പെടുത്തുന്നത്. തുടർന്ന് മാധ്യമം തന്നെയാണ് സന്ദേശമെന്ന് മക്ലൂഹൻ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിനാസ്പദം മാധ്യമത്തിന്റെ ഏറ്റവും മുഖ്യമായ വശങ്ങൾ കിടക്കുന്നത് സാംസ്കാരികമായ ഉള്ളടക്കത്തിലല്ലെന്നും സാങ്കേതികമായ വിനിമയ രീതിയിലാണെന്നുമുള്ള നിർണയമാണ്. സ്ഥലം, കാലം, സമയം, മനുഷ്യന്റെ വീക്ഷണരീതി തുടങ്ങിയവയെല്ലാം ആശയവിനിമയത്തിലെ പുതിയ രീതികളെ സമഗ്രമായി സ്വാധീനിക്കുകയും മാറ്റിമറിക്കുകയും ചെയ്തു. ഒരു വൈദ്യുതിവിളക്ക് കത്തി നിൽക്കുന്നതിൽ സന്ദേശമൊന്നുമില്ല. എന്നാൽ സ്ഥലകാലബന്ധങ്ങളെ അത് രൂപാന്തരപ്പെടുത്തുന്നു. മക്ലൂഹൻ സ്ഥാപിക്കുന്നു. രാത്രിയിലൊ, പ്രഭാതത്തിലൊ കൂടുതൽ സമയം ജോലിചെയ്യുവാൻ വൈദ്യുതിവിളക്ക് സഹായിക്കുന്നു. യഥാർഥത്തിൽ ഈ അവസ്ഥ സ്വകാര്യജീവിതത്തെയും പൊതുജീവിതത്തെയും നവമായരീതിയിൽ സംവിധാനം ചെയ്യുവാൻ സഹായിക്കുന്നു. ഇതുപോലെ തന്നെ മറ്റൊരർഥത്തിൽ സ്ഥലകാലങ്ങളെയും വ്യവഹാരാവസ്ഥകളെയും പുനർനിർവചിക്കുവാൻ ഇന്റർനെറ്റും മൊബൈൽ ഫോണും കാരണമാകുന്നു. ഇരുപത്തിനാല് മണിക്കൂറും സംപ്രേഷണം ചെയ്യുന്ന നിരവധി ടെലിവിഷൻ ചാനലുകൾ കാഴ്ചയുടേയും അറിവിന്റേതുമായ മറ്റൊരു ലോകം പ്രേക്ഷകനു മുന്നിൽ സാധ്യമാക്കുന്നു.

ആവശ്യമുള്ളപ്പോഴെല്ലാം ലോകത്തിന്റെ ഏതു കോണിലേക്കും ആശയവിനിമയം നടത്താനും ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും ആശയങ്ങൾ സ്വീകരിക്കാനും ഇന്റർനെറ്റിലൂടെ കഴിയുന്നു. എല്ലായ്പ്പോഴും മൊബൈൽ ഫോണിന്റെ റെയ്ഞ്ചിനുള്ളിൽ വരുന്ന വ്യക്തി ആശയവിനിമയ സാധ്യതയുടെ ആഗോളപരിധിക്കുള്ളിൽ തന്നെയാണ്. ഈ മാധ്യമങ്ങൾ ഉപയോഗ ശീലമാക്കിയവർ സ്വകാര്യജീവിതത്തെയും പൊതുജീവിതത്തെയും പുതിയ രീതിയിൽ ക്രമീകരിക്കാൻ നിർബന്ധിതരാകുന്നു. ആശയവിനിമയത്തിനും സ്വീകരണത്തിനും പ്രത്യേകസ്ഥലമോ സമയമോ ആവശ്യമില്ലാതെ വരുകയും വ്യക്തി നിൽക്കുന്ന സ്ഥലവും ഇഷ്ടപ്പെടുന്ന സമയവും ആശയവിനിമയത്തിൽ പ്രസക്തമാകുകയും ചെയ്യുന്നു. ആശയവിനിമയത്തിന്റെ വേഗം, മാധ്യമങ്ങളിലൂടെ രൂപീകരിക്കുന്ന സൗഹൃദത്തിന്റെ പുത്തൻ കൂട്ടായ്മകൾ, പ്രതികരണത്തിന്റെ രീതികൾ തുടങ്ങിയവ മനുഷ്യന്റെ വീക്ഷണരീതികളെ മാറ്റിമറിച്ചു.

### മാധ്യമസ്വഭാവം

മക്ലൂഹൻ, മാധ്യമങ്ങളെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തപ്തമാധ്യമമെന്നും (ഹോട്ട് മീഡിയ) ശീതമാധ്യമമെന്നും (കൂൾ മീഡിയ) രണ്ടായിതിരിക്കുന്നു. കാണികൾക്കു പങ്കാളിത്തം കുറഞ്ഞതും വിവരത്തിന്റെ ഉള്ള

ടക്കം ഏറിയിരിക്കുന്നതുമായ മാധ്യമങ്ങളെയാണ് തപ്തമാധ്യമമെന്നു വിളിക്കുന്നത്. കാണികൾക്ക് പങ്കെടുക്കുവാൻ കൂടുതൽ അവസരമനുവദിക്കുന്നതും വിവരത്തിന്റെ അളവു കുറഞ്ഞതുമായ മാധ്യമത്തെയാണ് ശീതമാധ്യമമെന്നു പറയുന്നത്. അച്ചടിമാധ്യമം തപ്തമാധ്യമമാണ്. ഇതിൽ വായനക്കാരൻ ആശയങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നേയില്ല. ടെലിഫോൺ ശീതമാധ്യമമാണ്. ഇവിടെ ആശയവിനിമയത്തിന് ചുരുങ്ങിയത് രണ്ടുപേരെങ്കിലും ആവശ്യമാണ്. വായന തനിച്ചു നിർവഹിക്കുന്ന പ്രക്രിയയാണ്. ഇതിന്റെ ജ്ഞാനം നിർമിക്കുന്നത് ഒരു പ്രത്യേകസംഘം ചേർന്നിരിക്കുന്ന കേന്ദ്രത്തിലായിരിക്കും. ടെലിഫോണിലൂടെ സാധ്യമാകുന്ന ആശയരൂപീകരണത്തിനും വിനിമയത്തിനും നിയതമായ കേന്ദ്രം ആവശ്യമില്ല.

മക്ലൂഹൻ സിനിമയെ തപ്തമാധ്യമമായും ടെലിവിഷനെ ശീതമാധ്യമമായുമാണ് വിലയിരുത്തുന്നത്. വായനപോലെ ഏകാഗ്രത ആവശ്യപ്പെടുന്നതും കാഴ്ചക്കാരൻ പ്രത്യേകിച്ച് ഇടപെടലൊന്നും നടത്താനില്ലാത്തതുമാണ് സിനിമ കാണൽ. സിനിമ കാണുന്നതിനേക്കാൾ പ്രേക്ഷക പങ്കാളിത്തം ആവശ്യപ്പെടുന്ന ഒന്നാണ് ടെലിവിഷൻ കാണൽ. ആവശ്യാനുസരണം ചാനലുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കാണികൾക്കുണ്ട്. റിയാലിറ്റി ഷോ, ഫോൺ ഇൻ പ്രോഗ്രാം തുടങ്ങിയ പരിപാടികളിലൂടെ അതിന്റെ അവതരണത്തിൽ പരിമിതമായെങ്കിലും ഇടപെടുവാനുള്ള സ്വാതന്ത്ര്യം കാണികൾക്കുണ്ട്. സിനിമ കാണുന്നതുപോലെയുള്ള ഏകാഗ്രത ടെലിവിഷൻ കാണൽ ആവശ്യപ്പെടുന്നുമില്ല. പ്രോഗ്രാമുകളുടെ വൈവിധ്യം ടെലിവിഷനെ കാഴ്ചയുടെ ഭാഗത്ത് സജീവമാക്കുന്നുണ്ട്. മക്ലൂഹൻ മാധ്യമങ്ങളെക്കുറിച്ച് എഴുതുന്ന കാലത്ത് ഇന്റർനെറ്റും മൊബൈൽഫോണും അപ്രാപ്യമായ മാധ്യമങ്ങളായിരുന്നു. ഈ മാധ്യമങ്ങളുടെ ജനപങ്കാളിത്ത സാധ്യതയും ആശയവ്യാപനപ്രാപ്തിയും ജ്ഞാനനിർമാണ ക്ഷമതയും അത്ഭുതപ്പെടുത്തുന്നതാണ്. വ്യക്തികൾക്ക് പുത്തൻ അനുഭവങ്ങൾ പ്രദാനംചെയ്യുവാനും സേവനമേഖലകൾ തുറക്കുവാനും ഈ പുതുമാധ്യമങ്ങൾക്ക് അനായാസേന കഴിയുന്നു. മാധ്യമസാധ്യതയും സാക്ഷരതയുമുള്ള പുതുസമൂഹങ്ങളുടെ നിർമിതി വ്യവഹാരമണ്ഡലങ്ങളെ തന്നെ ആഴത്തിൽ സ്വാധീനിച്ചു. സാങ്കേതികവികാസത്തോടെ ഭൂഗോളത്തിലെ പൗരന്മാരെല്ലാം ഒരു വലിയ വലയത്തിനുള്ളിലായിത്തീരുന്ന അവസ്ഥ സംജാതമായി. ഇ-മെയിൽ ഐഡികളും മൊബൈൽ നമ്പരുകളും ഓരോ പൗരനേയും ആഗോളപൗരത്വത്തിനും ആശയവിനിമയ ശൃംഖലയ്ക്കും ഉള്ളിലാക്കി. ഇതോടെ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട സ്ഥലവും കാലവും പുനർനിർവചന വിധേയമായി.

Navigating, browsing and surfing are words that contribute to the overall aspect of this sphere of communication:uncharted, ill-defined, limits unknown and therefore, impossible to grasp in its entirety. It is a space whose limits and determinations are electronic, not human:it de-

fines a new frontier, a limitrophedit, territory where mastery is emhemeral and no immutable laws yet exist എന്ന Bertrend Gervais-ന്റെ നിരീക്ഷണം ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സാധ്യതയും സങ്കീർണതയുമാണ് വെളിവാക്കുന്നത്.

## സൈബർ സാഹിത്യം

നിക്സ്റ്റീവൻസന്റെ അഭിപ്രായത്തിൽ പുത്തൻമാധ്യമങ്ങളുമായി ബന്ധപ്പെടുന്നവർ കാലഹരണപ്പെട്ട അച്ചടിസംസ്കാരം പ്രദാനം ചെയ്ത വീക്ഷണരീതികൾ പരിത്യജിച്ചു കഴിഞ്ഞു. സൈബർ സ്പേസിന്റെ വിപുല വിസ്തൃതിയിലേക്ക് എഴുത്തിനെ മാറ്റി പ്രതിഷ്ഠിച്ചതിനൊപ്പം സാങ്കേതികതയുടെ സാധ്യതകളെ സർഗാത്മകതയുടെ ഭാഗമാക്കുകയും ചെയ്യുന്ന തലമുറയാണ് വർത്തമാനകാലത്തിന്റെ പ്രതിനിധികൾ. ഇന്റർനെറ്റ് സൃഷ്ടിക്കുന്ന പ്രതീതിയാഥാർഥ്യമാണ് സൈബർസ്പേസ്. കനേഡിയൻ എഴുത്തുകാരനായ വില്യംഗിബ്സൺ ആദ്യമായി സൈബർസ്പേസ് എന്ന വാക്ക് ഉപയോഗിച്ചതോടെ അതിന്റെ അനന്തസാധ്യതകളിലേക്കുള്ള അന്വേഷണമാണ് പിൻമുറക്കാരായി കടന്നുവന്നവർ നിർവഹിച്ചത്. സ്ക്രീൻ പകർന്നു തരുന്ന വായനാനുഭവം പുസ്തകങ്ങൾ പകർന്നു തരുന്ന വായനാനുഭവത്തിൽ നിന്നും ഭിന്നമാണ്. സ്ക്രീൻ വായനയ്ക്ക് ഇന്റർനെറ്റ് മാധ്യമമാകുമ്പോൾ ഒന്നിൽ നിന്നു ലിങ്കുകളിലൂടെ മറ്റു പലതിലേക്കും പോകുവാനുള്ള സാധ്യത വായനയുടെ ഏകാഗ്രതയ്ക്കു പകരം വായനയുടെ സാധ്യത വിപുലപ്പെടുത്തുകയാണ്. വായനക്കൊപ്പംതന്നെ കീബോർഡിന്റെയോ മൗസിന്റെയോ സഹായത്തോടെ രചനയും നിർവഹിക്കാനാവും. ഇങ്ങനെ സൃഷ്ടിക്കുന്ന പാഠങ്ങൾ നിമിഷനേരംകൊണ്ട് ആഗോളവ്യാപകമായി വിനിമയം ചെയ്യുവാനുള്ള സാധ്യതയും പുതുകാലത്തിന്റെ സവിശേഷതയാണ്. ബ്ലോഗുകൾ, വെബ്മാഗസിനുകൾ, ഇന്ററാക്ടീവ് ഇ ബുക്ക്, ഇ-നിഘണ്ടു, വിക്കിപീഡിയായുടെ വിക്ഷണറി എന്ന ബഹുഭാഷാ നിഘണ്ടു, ഫേയ്സ്ബുക്ക്, ഓർക്കൂട്ട് തുടങ്ങിയവയെല്ലാം സൈബർ രചനയുടെ സാധ്യതകൾ രൂപീകരിച്ചെടുത്ത പുതുകാലത്തിന്റെ ഇടങ്ങളാണ്.

വ്യക്തിയുടെ സ്വകാര്യ മുറി വിട്ടുപോകാതെ തന്നെ വിവിധ സ്ഥലത്തേക്കും അവസ്ഥകളിലേക്കും ആശയവിനിമയസങ്കേതത്തിലൂടെ സഞ്ചരിക്കുവാൻ ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയുമെല്ലാം കഴിയുന്നു. പുതിയ മാധ്യമങ്ങൾ സവിശേഷമായ ഒരു സാക്ഷരത വ്യക്തികളിലും സമൂഹങ്ങളിലും ശീലിപ്പിച്ചെടുത്തു. ബഹുജനങ്ങൾ ശീലിച്ചെടുത്ത ഈ ഭാഷ ജനങ്ങളെ തമ്മിലും മാധ്യമങ്ങളെ തമ്മിലും സവിശേഷമായ രീതിയിൽ ബന്ധിപ്പിക്കുന്നുണ്ട്. ദൃശ്യവ്യവസായം (ഷോ ബിസിനസ്) വർധിച്ച് വരികയും പ്രേക്ഷകർ അഥവാ കാഴ്ചക്കാർ ആ വ്യവസായത്തിനുള്ളിൽ നിമഗ്നമായിരിക്കുന്നതുമായ അവസ്ഥയാണ് ഇന്നുള്ളത്. സൈബർ സാഹി

ത്യവും സൈബർകലകളും ഏവർക്കും സാധ്യമാകുന്ന ജനപ്രിയഘടകങ്ങളായി തീരുകയും അതിന്റെ വ്യാപ്തി ദിനംപ്രതി വർധിക്കുകയും ചെയ്യുന്നു.

നൃത്തം, മത്സരങ്ങൾ, നാടകം, വാർത്ത തുടങ്ങിയുള്ള ഓരോ ഘടകങ്ങളും രേഖപ്പെടുത്തി ക്രമീകരിച്ച് അവതരിപ്പിക്കുന്നതിൽ സൈബർ സാക്ഷരതയുമായി ബന്ധപ്പെട്ട സർഗാത്മകത അനിവാര്യമാണ്. ദിനംപ്രതി ഇവയുടെ ആഖ്യാനവിസ്തൃതി ഏറിവരുന്ന കാഴ്ചയാണുള്ളത്. കവിത, കഥകൾ, നർമാവതരണം, പ്രതികരണ രീതികൾ ഇവയെല്ലാം സൈബർ സാഹിത്യത്തിന്റെ ശക്തമായ ഭാഗമായിത്തീരുകയും ആഖ്യാനത്തിൽ പുതുവഴികൾ തേടിപോകുന്നതുമായ കാഴ്ചകൾ സാധാരണമാണ്. യഥാർഥത്തിൽ സൈബർ സാഹിത്യം ലിഖിതസാഹിത്യത്തിന് ബദലായി നിൽക്കുന്നതല്ല. ജനപ്രിയ മാധ്യമങ്ങളുടെ സാധ്യതകളിൽ നിന്നും അനിവാര്യതപോലെ രൂപപ്പെട്ടു വരുന്ന വർത്തമാനകാലപ്രസക്തമായ പാഠങ്ങളാണ്. സമൂഹത്തിന്റെ ഭാഗമായ വ്യക്തികളുടെ അഭിപ്രായങ്ങൾ, അഭിരുചികൾ, അഭിലാഷങ്ങൾ, തിരഞ്ഞെടുപ്പുകൾ തുടങ്ങിയവയൊന്നും നിശ്ചിതമല്ല. സ്ഥലം, സമൂഹം, കാലം, അവസ്ഥ തുടങ്ങിയവയ്ക്കനുസരിച്ച് ഇവയ്ക്കെല്ലാം മാറ്റം സംഭവിച്ചുകൊണ്ടിരിക്കും. ഈ മാറ്റം ക്രമത്തിൽ സാഹിത്യത്തെയും സ്വാധീനിക്കും. അതിയാഥാർഥ്യം ഈ കാലഘട്ടത്തിന്റെ ഭാഗമാണ്. യാഥാർഥ്യത്തെക്കാൾ തീവ്രതയോടെ അതിനെ അവതരിപ്പിക്കുന്നതിന് അതിയാഥാർഥ്യമെന്ന് പറയാം. ഉമ്പർട്ടോ എക്കോയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. അനുകരണം അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞാൽ യാഥാർഥ്യം അതിനേക്കാൾ താഴ്ന്ന നിലയിലുള്ള ഒന്നായി മാറും. ഫോട്ടോഗ്രാഫി, ഛായാഗ്രഹണം തുടങ്ങിയവയെല്ലാം കമ്പ്യൂട്ടറിന്റെ സഹായത്തോടെ കൂടുതൽ മിഴിവോടെ നിർമിച്ചെടുക്കുന്നത് ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. സാഹിത്യ നിർമിതിക്ക് ആസ്പദമായ ഭാവന, സൈബർ സാധ്യതകളിലൂടെ സഞ്ചരിക്കുകയും അതിയാഥാർഥ്യ കല്പനകൾ ഉൾച്ചേർത്ത് മാധ്യമഭാഷയിലൂടെ പുനരാവിഷ്കരിക്കുകയും ചെയ്യുന്നു. ഇത്തരം സാഹിത്യത്തിന്റെ വായന സാധ്യമാകുന്നത് സ്ക്രീനിന്റെ സാധ്യതകൾകൂടി ഉൾക്കൊണ്ടാണ്. ഈ പശ്ചാത്തലത്തിൽ സാഹിത്യരചന, പാഠരീതി, വായന തുടങ്ങിയവയെല്ലാം സമൂലമായി പരിവർത്തനപ്പെട്ടിരിക്കുന്നു.

ഹൈപ്പർ ടെക്സ്റ്റ്വാലിറ്റിയെപ്പറ്റി Bertand Gervais ന്റെ വിലയിരുത്തൽ ശ്രദ്ധേയമായ പല മേഖലകളിലേക്കും ചിന്തയെ പരിവർത്തിപ്പിക്കുന്നതാണ്. We are confronted with increasingly different forms of texts produced with the aid of computers. More often than not these texts exist only on the internet. They are often animated filled with sounds and images, accessible through a network, related to one another by hyperlinks, and inscribed in complex environments.

പേപ്പറിൽ നിന്നും സ്ക്രീനിലേക്കുള്ള വായനയുടെ പരിവർത്തനം വിവരസാങ്കേതികതയുമായി ബന്ധപ്പെട്ടാണ് പ്രാഥമികമായി നിൽക്കുന്നത്.

പ്രിന്റ്ചെയ്ത പാഠം വായിക്കുമ്പോൾ വായന ഏകമുഖവും ക്രമികമായ തുടർച്ച ഉൾക്കൊള്ളുന്നതുമാണ്. ഇന്റർനെറ്റിന്റെ സ്ക്രീനിൽ തെളിയുന്ന പാഠങ്ങൾക്ക് അതിന്റേതായ തുടർച്ചയുള്ളപ്പോൾ തന്നെ അതുമായി ബന്ധപ്പെട്ട മറ്റനവധി 'ലിങ്കു'കളിലേക്ക് അനായാസേന പ്രവേശിക്കാനാവും. ഇവിടെ വായന ആവശ്യമെങ്കിൽ ശബ്ദത്തിനും കാഴ്ചയ്ക്കുമെല്ലാം വിധേയമാകുന്ന അവസ്ഥ സംജാതമാകുന്നു. പാഠത്തിൽ നിന്നും ഉൾക്കൊള്ളേണ്ട കേവലമായ അറിവിന്റെ സ്ഥാനത്ത് അറിവുകളുടെ ഒരു മഹാപ്രപഞ്ചം അനുവാചകന് മുന്നിലെത്തുകയാണ്. ഏകാഗ്രത, ബൗദ്ധികത, സാങ്കേതികജ്ഞാനം, ആസ്വാദനരീതി തുടങ്ങിയവയെല്ലാം സ്ക്രീൻ മീഡിയായുടെ സ്വഭാവത്തിനനുസരിച്ച് പരിവർത്തനപ്പെടുകയും ഈ പരിവർത്തനത്തിന് വിധേയമായ അറിവും അനുഭവവും അനുവാചകന് ലഭിക്കുകയും ചെയ്യുന്നു.

സൈബർ പാഠപാരായണം അഭിമുഖീകരിക്കുന്ന സങ്കീർണമായ അവസ്ഥയെപ്പറ്റി Bertrand Gervais നടത്തുന്ന നിരീക്ഷണം വസ്തുതാപരമായി വിലമതിക്കേണ്ടതാണ്. Reading is not a single, constant act, the same every time- it is a complex practice bringing into play a large number of variables which determine its forms and functions . As an activity, reading brings into play relationships between manipulation, comprehension and interpretation-acts that complement each other in our progression through texts, reagrdless of their particularities or their material aspects.

## ഉത്തരാധുനികതയും മാധ്യമങ്ങളും

വ്യവസായാനന്തര സമൂഹത്തെയും അതിന്റെ സാഹിത്യ സാംസ്കാരികാവസ്ഥകളെയുമാണ് ഉത്തരാധുനികതയെന്ന പദം സൂചിപ്പിക്കുന്നത്. വിവരത്തിന്റെയും ജ്ഞാനത്തിന്റെയും വിനിമയത്തിൽ വിദൂര വാർത്താപ്രേക്ഷണത്തിനും കമ്പ്യൂട്ടറുകൾക്കും തന്ത്രപരമായ പ്രാധാന്യമുള്ള ഒരു സംസ്കരണമേഖലയാണ് വ്യവസായാനന്തരമെന്ന് ഡനിയൽ ബെൽ വിലയിരുത്തുന്നു. ഈ വ്യവസായാനന്തരസമൂഹം ഒരു ജ്ഞാനസമൂഹമാണ്. സർവകലാശാലകളുടെയും ബിരുദങ്ങളുടെയും പെരുപ്പം, ഗ്രന്ഥശാലകളുടെയും ഡിജിറ്റൽ ലൈബ്രറികളുടെയും വ്യാപനം, ഇ-ജേർണലുകളുടെ ആധിക്യം, ഓരോ വിഷയത്തിലും ശ്രദ്ധേയമായ ശാഖകളും അതിന്റെ അസംഖ്യം ഉപശാഖകളുമായി പെരുകുന്ന അറിവിന്റെ വളർച്ച തുടങ്ങിയവ ജ്ഞാനസമൂഹത്തിന്റെ നിർമിതിക്ക് കാരണമായ ചില ഘടകങ്ങളാണ്. ഇവയെല്ലാം പുതിയ ബൗദ്ധിക സാങ്കേതികവിദ്യകളുടെ രൂപീകരണത്തിന് കാരണമായി. ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയവയുടെ സാങ്കേതികത അനുദിനം വളർന്നുകൊണ്ടിരിക്കുന്നു.

ആശുപത്രികൾ, ഹോട്ടലുകൾ, ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ

സേവനമേഖലയിലെ മികവാണ് മുൻപ് പ്രകടിപ്പിച്ചിരുന്നത്. എന്നാലിന്ന് ഇവയെല്ലാം ആഡംബരത്തിന്റെയും സുഖസൗകര്യങ്ങളുടെയും കോൺക്രീറ്റ് സൗധങ്ങളാകുന്ന കാഴ്ചയാണുള്ളത്. ഇവയുടെ പ്രൗഢി വിളിച്ചറിയിക്കുന്ന പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ ആഗോളാടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നു. ഫ്രെഡറിക് ജെയിംസൺ, ഴാങ്ങ് ഫ്രാൻസ്വാ ലോത്ത്യാർ, ഴാങ് ബോദ്രിയാർ തുടങ്ങിയ പാശ്ചാത്യരായ സൈദ്ധാന്തികർ മാധ്യമങ്ങളും അവയുടെ വ്യവഹാരരീതികളുമെല്ലാമായി ബന്ധിപ്പിച്ചാണ് ഉത്തരാധുനികതയെ നിർവചനവിധേയമാക്കുന്നത്. ആധുനികതയുടെ സ്ഥാനത്ത് രൂപപ്പെട്ട ഒരു സാംസ്കാരികാവസ്ഥയായിട്ടാണ് *ഫ്രെഡറിക് ജെയിംസൺ* ഉത്തരാധുനികതയെ നിർണയിക്കുന്നത്. ടെലിവിഷനുൾപ്പെടെയുള്ള നവമാധ്യമങ്ങളുടെ വ്യാപനം, വാർത്താവിനിമയത്തിന്റെ വേഗം, ഇവയുടെ ഫലമായി ഗ്രാമവും നഗരവും തമ്മിലുള്ള 'അർഹസ്ഥാനത്തിന്റെ' സാർവത്രീകരണം, ആധുനിക സൗകര്യങ്ങളോടുകൂടിയ ദേശീയപാതകളുടെ നിർമിതി, വാഹനസംസ്കാരത്തിന്റെ വ്യാപനം തുടങ്ങിയവയെല്ലാം ഉത്തരാധുനിക സമൂഹത്തിന്റെ സവിശേഷതകളായി ജെയിംസൺ കാണുന്നു. അർഹസ്ഥാനത്തിന്റെ സാർവത്രീകരണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഗ്രാമത്തിലും നഗരത്തിലുമുള്ളവർക്ക് ബൗദ്ധികവിനിമയത്തിനും ജോലി സമ്പാദനത്തിനും നീതി ലഭ്യമാക്കുന്ന അവകാശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുല്യതയാണ്. സാഹിത്യത്തിലും കലയിലുമെല്ലാം ഡിജിറ്റൽവത്കരണത്തിന്റെ പുത്തൻ ലാവണ്യശാസ്ത്രം വ്യാപനംനേടുന്ന അവസ്ഥയായും ഈ കാലഘട്ടത്തെ വിലയിരുത്തുന്നു. ഈ കാലഘട്ടത്തെ മൂന്നാം യന്ത്രയുഗം എന്നു വിശേഷിപ്പിച്ച് അതിന്റെ പ്രത്യേകത നിർണയവിധേയമാക്കുന്നു. ഈ കാലഘട്ടത്തിൽ നിർമിക്കുന്ന യന്ത്രങ്ങൾ ഉത്പാദനത്തിനായുള്ള യന്ത്രങ്ങളല്ല. ഉത്പാദനത്തെ സാധ്യമാക്കുന്ന പുനരുത്പാദനത്തിനുള്ള യന്ത്രങ്ങളാണ്. സിനിമാ ക്യാമറകൾ, വീഡിയോ ക്യാമറകൾ, കമ്പ്യൂട്ടർ തുടങ്ങിയവ ഇതിന് ഉദാഹരണമാണെന്നും വസ്തുതകൾ നിരത്തി അടയാളപ്പെടുത്തുന്നു.

കാലസംബന്ധമായ സംശയത്തെയോ വൈഷമ്യത്തെയോ അടയാളപ്പെടുത്തുന്ന സവിശേഷമായ അവസ്ഥയാണ് ഴാങ് ഫ്രാൻസ്വാ ലോത്ത്യാറിന്റെ നിരീക്ഷണത്തിൽ ഉത്തരാധുനികത. അവതരിപ്പിക്കാൻ പറ്റാത്തത് നിലനിൽക്കുന്നു എന്ന അവസ്ഥ അവതരിപ്പിക്കാൻ ഒരു കലാസാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തുകയാണെങ്കിൽ ആ കലയെ ഉത്തരാധുനിക കലയെന്ന് നിർണയിക്കാമെന്ന് ലോത്ത്യാർ വിലയിരുത്തുന്നു. ഉത്തരാധുനികകാലത്തെ കലാകാരന്മാർ തത്ത്വചിന്തകനെപ്പോലെയാണ്. അയാൾ എഴുതുന്ന പാഠത്തേയോ രൂപീകരിക്കുന്ന സാഹിത്യത്തെയോ മുൻകാലനിയമങ്ങൾ ഭരിക്കുന്നില്ല. നവമാധ്യമസാക്ഷരതയും സാധ്യതയും മുൻകാല സാഹിത്യത്തെയും കലകളെയും കാലപ്രവാഹത്തിന്റെ ഒരു ഘട്ടത്തിൽ സംഭവിച്ച ആവിഷ്കാരമായി കാണുവാൻ പ്രേരിപ്പിക്കുന്നു. കാലത്തിന്റെയും

സംസ്കാരത്തിന്റെയും മാധ്യമസാക്ഷരതയുടെയും പുത്തൻപാഠങ്ങളും ജന പ്രിയാഖ്യാനങ്ങളും കാലത്തിന്റെ സൈബർ പിന്തുണയുള്ള പാഠങ്ങളായി തീരുന്നു. സംഭവങ്ങൾ വരെ രേഖപ്പെടുത്തി പുനരവതരിപ്പിക്കുമ്പോൾ അതിയാഥാർ ഥ്യത്തിന്റെ തലങ്ങൾ അതിലേക്ക് സ്വാഭാവികതയോടെ സന്നിവേശിക്കുകയും തീവ്രമായ വൈകാരികത ഉൾച്ചേർന്ന് പുനരവതരണക്ഷമമാകുകയും ചെയ്യു ന്നു. വാസ്തവത്തിൽ ഇവിടെ കാലസംബന്ധമായ സാക്ഷരത ഭാഷയെയും സാഹിത്യത്തെയും നവീകരണ വിധേയമാക്കുകയാണ്.

ഴാങ് ബോദ്രിയാർ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വ്യാപനവു മായി ബന്ധപ്പെടുത്തി ഉത്തരാധുനികതയെ താത്ത്വിക വിശകലനത്തിന് വിധേയമാക്കുന്ന സൈദ്ധാന്തികനാണ്. യാഥാർഥ്യത്തെ നിഷ്പ്രഭമാക്കുന്ന അതിയാഥാർഥ്യമാണ് മാധ്യമം ശീലമാക്കിയവരെ സ്വാധീനിക്കുന്നതെന്ന് ബോദ്രിയാർ വിലയിരുത്തുന്നു. യാഥാർഥ്യത്തെ അതിസൂക്ഷ്മമായി ഛായാ ഗ്രഹണം പോലെയുള്ള സങ്കേതങ്ങളിലൂടെ ഒപ്പിയെടുക്കുകയും എഡി റ്റിങ്ങിന്റെ പുതുസാധ്യതകൾ പ്രയോജനപ്പെടുത്തി മറ്റൊന്നായി പുന:സൃഷ്ടിച്ച് പ്രത്യുത്പാദനക്ഷമതയുള്ള മാധ്യമങ്ങളിലൂടെ പുനരവത രിപ്പിക്കുമ്പോൾ 'യാഥാർഥ്യം' മുമ്പത്തെക്കാൾ തീവ്രവും ശക്തവുമാകുന്ന താണ് അതിയാഥാർഥ്യം. ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന എല്ലാ പ്രോഗ്രാമു കൾക്കും തന്നെ ഈ സ്വഭാവമാണ് ഇന്നുള്ളത്. കമ്പ്യൂട്ടറിന്റെ അനന്തസാധ്യതകളാണ് ഈ അതിയാഥാർഥ്യ സൃഷ്ടിക്കാസ്പദമെന്നത് ആ മാധ്യമത്തിന്റെ പ്രസക്തിയാണ് കാണിക്കുന്നത്. അനുകരണം അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞാൽ മൂലരൂപം കാണേണ്ട കാര്യമില്ലെന്നവസ്ഥ സംജാതമാകുന്നു. ഒളിമ്പിക്സ് പോലെയുള്ള കലാമാമാങ്കങ്ങൾ സ്റ്റേഡിയ ത്തിലിരുന്ന് കാണുന്നതിനേക്കാൾ അഴകോടെയും ഉദ്വോഗത്തോടെയും കാണിച്ചു തരുവാൻ ആധുനിക മാധ്യമങ്ങൾക്ക് അനായാസേന കഴിയുന്നു. അതിയാഥാർഥ്യത്തിന്റെ ആധിക്യവും ആഴവും സൃഷ്ടിക്കുന്ന വസ്തുതാ പരമായ അവസ്ഥയുടെ പരിണതഫലത്തെപ്പറ്റിയും ബോദ്രിയാർ വിശകലനം ചെയ്യുന്നുണ്ട്. ഇതിന് ഉദാഹരണമായി എടുക്കുന്നത് സുന്ദരികളായ രണ്ട് യുവതികകളുടെ ചലനാത്മകമായ നഗ്നചിത്രത്തെയാണ്. ഒരേ പോലെയി രിക്കുന്ന ഈ സുന്ദരികൾ ഓരോരുത്തരും അപരയെ പുനർനിർമിക്കുകയാണ്. ഇവരുടെ ശ്രദ്ധേയമായ രൂപസാദൃശ്യം ശരീരത്തിന്റെ സൗന്ദര്യത്തെയും മാംസള യാഥാർഥ്യത്തെയും പരസ്പര വിശകലനത്തിലൂടെ ഇല്ലാതാക്കുമെന്ന് ബോദ്രിയാർ സമർത്ഥിക്കുന്നു. ഒരു സുന്ദരിയുടെ ശരീരം മറ്റൊരു സുന്ദരി യുടെ ശരീരത്തിൽ തുല്യത പ്രാപിച്ച് നിൽക്കുന്നതിനാൽ കാണികൾക്ക് ഏതിലാണ് ഏകാഗ്രതയോടെ അഭിലാഷ നിക്ഷേപം നടത്താനാവുകയെന്ന സംഘർഷമുണ്ടാകുന്നു. യഥാർഥത്തിലിവിടെ ശരീരസദൃശങ്ങളുടെ കൗതു കകരമായ സാമീപ്യമേ ഉണ്ടാകുന്നുള്ളൂ. യാഥാർഥ്യത്തെ അതിതീവ്രമായി രൂപീകരിക്കാനുള്ള വ്യഗ്രതയിൽ വസ്തുക്കളെ പലതായി വിഭജിക്കുകയും

ഇരട്ടിപ്പിക്കുകയും ചെയ്യുന്ന തുടർപ്രക്രിയയിൽ യാഥാർത്ഥ്യത്തെ അപനിർമിക്കുന്ന അവസ്ഥ സംജാതമാകുമെന്നും ബോദ്രിയാർ വിലയിരുത്തുന്നു. ഇവിടെ സൂചിപ്പിച്ച ഉത്തരാധുനിക സൈദ്ധാന്തികർ അവരുടെ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്ന കാലത്ത് ഇന്റർനെറ്റും മൊബൈൽ ഫോണും ഇന്ന് സമൂഹത്തിലും വ്യക്തികളിലും ചെലുത്തുന്ന സമഗ്രാധിപത്യത്തിലേക്ക് എത്തിയിരുന്നില്ല. തുടർച്ചയായി അതിയാഥാർത്ഥ്യം അനുഭവിക്കുന്നവർക്ക് യാഥാർത്ഥ്യത്തിനു നേരെ ഒരു നിസ്സംഗഭാവം വരുമെന്നുള്ള വിലയിരുത്തൽ മാധ്യമ സ്വാധീനമുള്ള ഈ കാലഘട്ടത്തിൽ വിലമതിക്കേണ്ടതാണ്.

## മാധ്യമവും ഭാഷയും

ഭാഷ സൃഷ്ടിക്കുവാനും വിനിമയംചെയ്യുവാനും സ്വീകരിക്കാനുമുള്ള മനുഷ്യരാശിയുടെ കഴിവ് അത്ഭുതാവഹമാണ്. വിശാലമായർഥത്തിൽ മനുഷ്യപുരോഗതി പുതുഭാഷകളുടെ നിർമിതിയും വിനിമയവും സ്വീകരണവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട ഭാഷ കാലാനുസൃതമായ പുതുക്കലിൽ അധിഷ്ഠിതമാണ്. ഭാഷയുടെ ഏറ്റവും പുതിയ ഒരവസ്ഥയാണ് സൈബർ ഭാഷ. ഈ ഭാഷയുടെ വ്യക്തിത്വം ബഹുസ്വരതയിൽ അധിഷ്ഠിതമാണ്. ആശയനിർമിതിയിലെ ലളിതവൽക്കരണം, വിനിമയത്തിലെ വേഗം തുടങ്ങിയവയ്ക്കൊപ്പം സ്വീകരണത്തിലെ മാധ്യമസ്വാധീനവും ഈ ഭാഷയുടെ സവിശേഷതയാണ്. മാധ്യമപരിചയവും സാങ്കേതികാവബോധവും ഭാഷാപഠനത്തിൽ പ്രധാനവും പ്രസക്തവുമാണ്. അടിസ്ഥാനപരമായി ഓരോ മാധ്യമത്തിനും അതിന്റേതായ ഭാഷാരൂപീകരണ രീതിയും വിനിമയരീതിയുമാണുള്ളത്. ഇവിടെ ഭാഷ തന്നെ മാധ്യമത്തിനനുസരിച്ച് മാറുന്നുണ്ട്.

വിവിധ ഭാഷകളിലെ നിരവധി ടെലിവിഷൻ ചാനലുകൾ കാഴ്ചയുടെ വിഭവസമൃദ്ധമായ വിരുന്നാണ് പ്രേക്ഷകർക്കു മുന്നിൽ പ്രദർശിപ്പിക്കുന്നത്. വായന ഉൾപ്പെടെയുള്ള സാംസ്കാരികാനുഭവങ്ങളെ കാഴ്ചയിലേക്ക് പരിവർത്തിച്ചുകൊണ്ട് ടെലിവിഷൻ നേടിയ മാധ്യമസ്വാധീനവും ഭാഷയിലും സാംസ്കാരിക ജീവിതത്തിലും ചെലുത്തിയ മാറ്റവും വളരെ വലുതാണ്. ദൃശ്യം, ശബ്ദം, വർണം, ചലനം, വേഗം, തുടർച്ച തുടങ്ങിയവ സമ്മേളിച്ച് രൂപപ്പെടുന്ന ടെലിവിഷൻ പരിപാടികൾ നിയതമായ ഭാഷയുടെ പിൻബലമുള്ളവയാണ്. ഈ ഭാഷ ബഹുജനങ്ങളെ ആകർഷിക്കുന്നതും അവരിൽ സൗന്ദര്യാഭിരുചി ജ്വലിപ്പിക്കുന്നതുമാണ്. ലോകത്തിന്റെ ഏതു ഭാഗത്തു നടക്കുന്ന സംഭവങ്ങളും പരിപാടികളും വീടിനുള്ളിലിരുന്ന് കാണാവുന്ന അവസ്ഥ. വാർത്തകൾ, ചർച്ചകൾ, സിനിമകൾ, സീരിയലുകൾ, റിയാലിറ്റി ഷോകൾ, സംഗീതപരിപാടികൾ, യാത്രാവിവരണങ്ങൾ, വിവരണങ്ങൾ, തുടങ്ങിയവയെല്ലാം നിരവധിയായ ചാനലുകളിൽ നിന്ന് ഇഷ്ടാനുസരണം തിരഞ്ഞെടുക്കുവാൻ കഴിയുന്നു. അടിയ്ക്കടി അവതരിപ്പിക്കുന്ന പരസ്യങ്ങൾ

അധികാരഭാവത്തോടെ ഉപഭോഗസംസ്കാരത്തിന്റെ നിർമിതിക്ക് കാരണമാകുന്നുണ്ട്. ടെന്നീസ്, ക്രിക്കറ്റ്, ഗുസ്തി തുടങ്ങിയുള്ള മത്സരങ്ങൾ ടെലിവിഷനിലൂടെ അവതരിപ്പിക്കുമ്പോൾ ഈ മത്സരരൂപങ്ങൾ ടെലിവിഷന്റെ ഭാഷയ്ക്ക് വിധേയമാകുന്നു. ഓരോ വീടിന്റെയും സ്വീകരണ മുറിയിലും പൊതുഇടങ്ങളിലുമാണ് ഈ മാധ്യത്തിന്റെ ഇരിപ്പുസ്ഥാനം. ആശയവിനിമയ സ്വീകരണത്തിന്റെ പുതുമണ്ഡലമാണ് ഇന്റർനെറ്റ് തീർത്തിരിക്കുന്നത്. Oliver Dyens നിരീക്ഷണത്തിൽ, The web is not Book. It is not a text. It is therefore useless to read information. ഒരു സൈറ്റിൽ നിന്നും മറ്റൊരു സൈറ്റിലേക്കും അവിടെനിന്നും ഇഷ്ടമുള്ള വേറൊരു സൈറ്റിലേക്കും പ്രവേശിച്ച് ആശയനവീകരണം നടത്തുവാൻ ഇന്റർനെറ്റ് ഒരുക്കുന്ന അവസരം അതിന്റെ വിപുലമേഖലകളെ ആവാഹിച്ചെടുക്കുവാൻ ഉപഭോക്താവിനെ പ്രാപ്തമാക്കുന്നു. ആശയസ്വീകരണത്തിനൊപ്പം തന്നെ ആശയവിനിമയവും ആഗോളാടിസ്ഥാനത്തിൽ നിമിഷങ്ങൾകൊണ്ട് സാധ്യമാക്കുന്ന ഇന്റർനെറ്റിന്റെ സാധ്യതയും വിവരവിനിമയത്തെ ആശ്ചര്യകരമായ രീതിയിൽ വളർത്തുന്നതാണ്. ഇവിടെയാണ് ഇന്റർനെറ്റിന്റെ ഭാഷ പ്രസക്തമാകുന്നത്. ഇംഗ്ലീഷ് മാത്രമാണ് ഇന്റർനെറ്റിന്റെ ഭാഷയെന്ന ധാരണയെ സാങ്കേതികമായി തിരുത്താൻ ശേഷിയുള്ളതാണ് യുണികോഡ് ഫോണ്ടുകൾ. വിവിധ ഭാഷകളിലുള്ള യൂ ട്യൂബ്; ആവിഷ്കാരത്തിന്റെയും ഭാഷയുടെയും ദൃശ്യസാന്നിധ്യമുള്ള ആഖ്യാനരൂപങ്ങളാണ്. ബ്ലോഗുകൾ ആശയാവിഷ്കാരത്തിന്റെ വൈവിദ്ധ്യമാണ് കാണിച്ചുതരുന്നത്. ഗ്ലോബിഷ് എന്ന പേരിൽ വളർന്നു വരുന്ന ഭാഷയും ശ്രദ്ധേയമാണ്. സ്വകാര്യമുറികളും ഇടങ്ങളുമാണ് ഈ മാധ്യമത്തിന്റെ വിനിയോഗസ്ഥാനം. ഓൺലൈൻ പത്രങ്ങൾ, വെബ് മാസികകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വിവരവിനിമയത്തിന്റെ ഏറ്റവും പുതിയ അവസ്ഥയാണ് അടയാളപ്പെടുത്തുന്നത്. ഇ-ബുക്ക്, ഇ-നിഘണ്ടു, വിക്ഷണറി, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയവ ജ്ഞാനവിനിമയത്തിന്റെ പുത്തൻമേഖലകളാണ്. സജീവമായ ഇ-വായന വായനക്കാരന്റെ മനോഭാവത്തെ തന്നെ മാറ്റിമറിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുപയോഗിച്ച് ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഇലക്ട്രോണിക് കോപ്പിയാക്കി സൂക്ഷിച്ച് വെച്ച് കമ്പ്യൂട്ടറിലൂടെയും മറ്റും വായിക്കാവുന്ന രീതിയിലാക്കുന്നു. യഥാർഥത്തിലിവിടെ അച്ചടിഭാഷ സൈബർ ഭാഷയ്ക്ക് വിധേയമാകുന്ന അവസ്ഥയാണുള്ളത്.

പത്രം വിനിമയം ചെയ്യുന്ന ആശയവും ഭാഷയും ഓരോ പ്രദേശത്തിനനുസരിച്ചും കാലത്തിനനുസരിച്ചും മാറ്റമുള്ളതാണ്. ജനസാമാന്യത്തെ ആകർഷിക്കുവാൻ കഴിയുന്ന ഭാഷയാണ് പത്രങ്ങൾ ഉപയോഗിക്കുന്നത്. ഇന്റർനെറ്റിന്റെ വ്യാപനത്തോടെ പത്രവും ഓൺലൈൻ ന്യൂസ്പേപ്പറിന് വഴിമാറുന്ന അവസ്ഥയാണ് കാണുവാൻ കഴിയുന്നത്. Geoffrey Craig ന്റെ വിലയിരുത്തൽ ഇവിടെ പ്രസക്തമാണ്. Internet news have the great ad-

vantage of being able to provide almost instantaneous coverage of events, unlike the day-old response of newspaper. The Internet news media cannot only provide information faster but are better equipped to provide more comprehensive background information. The greatest advantage of eletronic 'newspaper' is that they can be genuine multimedia texts, emplying video and audio to complement the written word. Such multimedia Newspaperss are not only more entertaining and visually attractive but are able to provide more comprehensive communication, including a greater degree of realism.

ഓരോ വ്യക്തിയുടെയും സ്വകാര്യ ഉപയോഗ ഉപകരണമാണ് മൊബൈൽ ഫോൺ. വ്യക്തിക്കൊപ്പം എപ്പോഴും സാധ്യതയുടെ മാധ്യമമായി മൊബൈൽഫോൺ ഉണ്ട്. ടെലിവിഷൻ ചാനലുകളും, ഇന്റർനെറ്റും ഈ മാധ്യമത്തിലൂടെ സാധ്യമാകുന്നു. വിവിധതരം കോളുകൾ, പലതരം എസ്.എം.എസ്സുകൾ തുടങ്ങിവയെല്ലാം ആശയവിനിമയത്തിന്റെ നവ സാധ്യതാ മേഖലകളാണ് ഉപഭോക്താവിനുമുന്നിൽ തുറന്നിടുന്നത്. എസ്.എം.എസ്സിനായി സൃഷ്ടിക്കുന്ന ചുരുക്കെഴുത്തിനും ചിഹ്നരീതികൾക്കും ഇന്ന് ഏറെ പ്രചാരം ലഭിച്ചിട്ടുണ്ട്. ഇത്തരം ഭാഷയിലെഴുതുന്ന കഥകളും കവിതകളും പ്രതികരണങ്ങളും എസ്.എം.എസ്സായി സർഗാത്മക കൗതുകത്തോടെ പ്രചരിക്കുന്നു. പ്രാദേശികഭാഷയുപയോഗിച്ച് ഇംഗ്ലീഷ് അക്ഷരങ്ങളുടെ സഹായത്തോടെ രൂപീകരിക്കുന്ന ഭാഷയും വർത്തമാനകാല പ്രസക്തിയുള്ളവയാണ്. മലയാളഭാഷയെ ഇംഗ്ലീഷ് ലിപികൾകൊണ്ട് എഴുതുന്നതിന് മംഗ്ലീഷ് എന്നാണല്ലോ പറയുന്നത്.

ഓരോ മാധ്യമവും അതിന്റെ ആഖ്യാനസ്വഭാവത്തിനനുസരിച്ച് ഭാഷകൾ രൂപീകരിക്കുമ്പോൾതന്നെ അതിന് സവിശേഷമായൊരു സ്വഭാവം കൈവരുന്നുണ്ട്. വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ ഡിജിറ്റൽ മാധ്യമങ്ങൾ വരുന്നതിനുമുമ്പുള്ള സാമാന്യവ്യവഹാരങ്ങളെ നിഷ്പ്രഭമാക്കികൊണ്ട് അവയുടെ സാധ്യതാമണ്ഡലത്തിനുള്ളിൽ നിന്ന് മറ്റൊരു ഭാഷ രൂപീകരിച്ച് മുൻഭാഷാ സങ്കല്പങ്ങളെ തകിടംമറിച്ച്, പ്രതീതി യാഥാർഥ്യത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി രൂപീകരിക്കുന്ന ഭാഷയെയാണ് നവമാധ്യമഭാഷയെന്ന് സാമാന്യേന വ്യവഹരിക്കാവുന്നത്. പ്രതീതി യാഥാർഥ്യ ബുദ്ധിയെ നവമായ രീതിയിൽ പുനഃക്രമീകരണത്തിന് വിധേയമാക്കുന്നു. ഇതിന്റെ ഫലമായി നവമാധ്യമഭാഷ മനുഷ്യർക്കുമേലുള്ള അധികാരത്തിന്റെ ഭാഷയാകുന്ന അവസ്ഥ പലപ്പോഴും സംജാതമാകുന്നു. നവമാധ്യമഭാഷ ആശയാവിഷ്കാരത്തിനുള്ള ഉപാധിമാത്രമല്ല ആശയത്തെ മറച്ചുവയ്ക്കുവാനും മാറ്റി വിനിമയംചെയ്യുവാനുമുള്ള ഉപാധികൂടിയാണ്. ഇവിടെ ഭാഷകളിലൂടെ വിനിമയംചെയ്യുന്ന ആശയം ഏകഘടനയ്ക്കുള്ളിൽ നിൽക്കാതെ ബഹുഘടകങ്ങളെ ഉൾക്കൊണ്ട് ബഹുസ്വരങ്ങൾ ഉത്പാദിപ്പിക്കുന്ന ഒന്നായിത്തീരുന്നു.

## സമഗ്രാധിപത്യം

പുതുമാധ്യമങ്ങൾ മനുഷ്യരുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സമഗ്രാധിപത്യം നേടിക്കഴിഞ്ഞു. പരമ്പരാഗതമായ വിദ്യാഭ്യാസ രീതിവരെ മാറ്റത്തിനു വിധേയമായി. ഇലക്ട്രോണിക്സ് വിദ്യാഭ്യാസരീതിയാണ് ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജിയിലും ഇലക്ട്രോണിക്സിലുമെല്ലാം ബിരുദവും ബിരുദാനന്തരബിരുദവും ഗവേഷണവും നടത്തുന്ന യുവതലമുറയുടെ എണ്ണം ദിനംപ്രതി ഏറുകയാണ്. ഇലക്ട്രോണിക്സ് സിറ്റികളും സൈബർസിറ്റികളുമെല്ലാം തൊഴിലിന്റെ പുത്തൻമേഖലകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട വ്യവസായത്തിലും തൊഴിൽമേഖലയിലും നിക്ഷേപിക്കുന്ന കോടാനുകോടികൾ ആ മേഖലയുടെ പ്രസക്തിയും പ്രാധാന്യവുമാണ് വ്യക്തമാക്കുന്നത്. ഉയർന്നശമ്പളവും ആഡംബരപൂർണമായ ജീവിതവും മാധ്യമജ്ഞാനത്തിന് ഈ മേഖലയിൽ ജോലിചെയ്യുന്നവർ ആർജിക്കുമ്പോൾ ഈ മേഖലയുടെ ആകർഷണത്വം ഏറുകയാണ്.

മാധ്യമങ്ങൾ ജീവിതത്തിലും വ്യവഹാരങ്ങളിലും ബൗദ്ധികമേഖലയിലും സമഗ്രാധിപത്യം നേടിയ പശ്ചാത്തലത്തിൽ അതിൽനിന്നു കൊണ്ടു മാത്രമേ പുതുകാലത്തിന്റെ സംസ്കാരം, അധികാരം, രാഷ്ട്രീയം തുടങ്ങിയ മേഖലകളെ വിശകലനവിധേയമാക്കാനാകൂ. മാധ്യമങ്ങൾ എല്ലാം മനുഷ്യനിർമിതമാണെങ്കിലും മാധ്യമങ്ങളുമായുള്ള തുടർച്ചയായ ബന്ധം വലിയൊരു വിഭാഗത്തെ അതിന്റെ ആശയ ആധിപത്യവലയത്തിനുള്ളിലാക്കി കഴിഞ്ഞു.

## സംസ്കാരം

പഠനമേഖലയിൽ പ്രാധാന്യത്തോടെ ഉപയോഗിക്കുന്ന പദമാണ് സംസ്കാരം (Culture) ഇതിന്റെ ആർഥിക വിസ്തൃതി വിപുലമായതിനാൽ ഇതിനെ സംബന്ധിച്ചുള്ള പഠനങ്ങളും നിർവചനങ്ങളും ഏറെയാണ്. റെയ്മണ്ട് വില്യംസിന്റെ സംസ്കാരത്തെപറ്റിയുള്ള നിർവചനം പ്രസിദ്ധമാണല്ലോ. ഒരു സമൂഹത്തിന്റെ സവിശേഷമായ മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ജീവിതരീതികളും പെരുമാറ്റശൈലികളും ചിത്രീകരിക്കുന്ന പ്രയോഗങ്ങളെയും അവസ്ഥകളെയും ആവാഹിക്കുന്ന വിപുലമായ മേഖലയാണ് സംസ്കാരം. അച്ചടിമുതൽ സൈബർ കാലംവരെ വ്യാപിച്ചുകിടക്കുന്ന നൂറ്റാണ്ടുകൾ, മനുഷ്യസംസ്കാരത്തെ ജ്ഞാനഉത്പാദന വിനിമയരീതികളുടെ പശ്ചാത്തലത്തിൽ നിർണയിക്കുമ്പോൾ ക്രമത്തിലുള്ള സാങ്കേതികവളർച്ച ഇവയെ ശക്തമായി സ്വാധീനിക്കുന്നതായി കാണാം. സാങ്കേതികജ്ഞാനത്തിന്റെ നിലവിലുള്ള ഏറ്റവും ഉയർന്ന സാധ്യതയിൽനിന്നുമാണ് ഇന്റർനെറ്റും മൊബൈൽ ഫോണും ഉത്ഭവിച്ചതും അവയുടെ തുടർന്നുള്ള വ്യാപനം സംഭവിച്ചുകൊണ്ടിരിക്കുന്നതും. സേവന വാണിജ്യമേഖലകളും വിനോദ വിജ്ഞാനമേഖലകളും ഇന്ന് ഈ മാധ്യമങ്ങളുടെ സാധ്യതകൾക്കുള്ളിൽ

തന്നെയാണ് രൂപപ്പെട്ടുവരുന്നത്. ആഘോഷങ്ങൾ, മത്സരങ്ങൾ, ആത്മാവിഷ്കാരങ്ങൾ, വിനോദക്രിയകൾ തുടങ്ങിയവയ്ക്ക് സാധാരണക്കാർ വരെ നവമാധ്യമങ്ങൾ ശീലമാക്കി കഴിഞ്ഞു. സാക്ഷരതയുടെ വ്യാപ്തിയും കർമശേഷിയും നിർണയിക്കുന്നതിൽ മാധ്യമജ്ഞാനത്തിന് നിർണായകമായ സ്ഥാനമാണുള്ളത്. എല്ലാ വ്യവഹാരങ്ങളിലും മാധ്യമങ്ങൾ ചെലുത്തുന്ന ആധിപത്യത്തിൽ നിന്നുമാണ് മാധ്യമസംസ്കാരം രൂപപ്പെടുന്നതും ശക്തി പ്രാപിച്ച് മറ്റ് സംസ്കാരങ്ങൾക്ക് മുകളിൽ മേധാശക്തി ആർജിക്കുന്നതും.

## അധികാരം

അധികാരരൂപീകരണത്തിന് ബഹുമുഖങ്ങളാണുള്ളത്. സാമ്പത്തികാധികാരം, നിയമാധികാരം, ജ്ഞാനാധികാരം, ലിംഗാധികാരം, സംസ്കാരാധികാരം, ഭാഷാധികാരം, വർണാധികാരം എന്നെല്ലാം പറയുമ്പോൾ തന്നെ അധികാരത്തിന്റെ ഓരോ മേഖലകളാണ് വെളിവാകുന്നത്. ഇങ്ങോട്ടൊന്നും വാങ്ങാതെ അങ്ങോട്ടുകൊടുക്കുക മാത്രം ചെയ്യുന്ന ഒരാളുടെ കൈവശമാണ് അധികാരം ഉണ്ടായിരിക്കുക. ഇതുതന്നെയാണ് മാധ്യമങ്ങളുടെ കാര്യത്തിലുമുള്ളത്. മാധ്യമങ്ങൾ അതിന്റെ സ്വഭാവത്തിനനുസരിച്ച് നമുക്ക് പല സേവനങ്ങൾ തരികയും നമ്മളുടെ പല ആവശ്യങ്ങൾക്കും 'മാധ്യമമായി' നിൽക്കുകയും ചെയ്യുന്നു. മാധ്യമത്തിനായിട്ട് എന്തെങ്കിലും കൊടുക്കുവാനോ അതിനോട് പ്രതികരിക്കുവാനോ കഴിയില്ലല്ലോ. ടെലിവിഷൻ കാഴ്ചക്കാർക്ക് വിവിധതരം പ്രോഗ്രാമുകൾ നിരവധിയായ ചാനലുകളിലൂടെ നൽകുന്നു. ഇന്റർനെറ്റ് വെബ്സൈറ്റുകളിലൂടെ അറിവും കാഴ്ചയുമെല്ലാം നൽകുന്നതിനൊപ്പം നമ്മളുടെ സന്ദേശങ്ങളും പാഠങ്ങളും മറ്റുള്ളവരിലെത്തിക്കുകയും ചെയ്യുന്നു. ഇവിടെ കേവലം 'മാധ്യമം' മാത്രമാണെങ്കിലും ആവശ്യക്കാരനു മുന്നിൽ അധികാരം കൈയാളുന്ന ഒന്നായിത്തീരുന്ന അവസ്ഥയുണ്ട്. മൊബൈൽ ഫോൺ സന്ദേശ വിനിമയത്തിനും സ്വീകരണത്തിനുമൊപ്പം മറ്റ് സേവനങ്ങൾകൂടി ഉപഭോക്താവിന് സാഹചര്യാനുസരണം നൽകുന്നു. മാധ്യമം അതായിരിക്കുന്ന അവസ്ഥയിൽ തന്നെ മനുഷ്യബുദ്ധിയുടെ പ്രവർത്തനത്തിനും ആവശ്യത്തിനുമനുസരിച്ച് പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തിന് 'മാധ്യമങ്ങൾ' കൂടിയേ തീരൂ. ഇവിടെയാണ് മാധ്യമം പ്രസക്തമാകുന്നതും അധികാരം കൈയാളുന്ന മാധ്യമമായി തീരുന്നതും.

## രാഷ്ട്രീയം

നിർവ്വചിക്കാൻ ബുദ്ധിമുട്ടുള്ള പദമാണ് രാഷ്ട്രീയം. ഇംഗ്ലീഷിലെ Politics എന്ന പദത്തിന് തത്തുല്യമായാണ് മലയാളത്തിൽ രാഷ്ട്രീയമെന്ന പദം ഉപയോഗിക്കുന്നത്. നവമാധ്യമങ്ങൾ രൂപീകരിക്കുന്ന രാഷ്ട്രീയമാണ് ഇവിടെ പ്രതിപാദ്യം. അതിനുമുമ്പ് ഈ പദത്തിന്റെ അർഥവ്യാപ്തി വ്യക്തമാക്കുവാൻ പര്യാപ്തമായ Geoffrey Craig -ന്റെ വിലയിരുത്തൽ പ്രതിപാ

ദിക്കാം. Politics is part of general social and psychological behaviour and arises out of our relationships to basic material needs and desires. Politics is practised at various levels in society: from the neighbourhood to the regional and state levels through to the national and international arenas.

മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന ആശയവിനിമയങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഓരോ വ്യക്തിയും പ്രവർത്തിക്കുന്നത്. ഇത് വ്യക്തികളുടെ ബോധമനസ്സിനെയും അബോധമനസ്സിനെയും ഉപബോധമനസ്സിനെയും ശക്തമായി തന്നെ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ ഫലമായി വ്യക്തികൾ പരസ്പരംചേർന്ന് രൂപീകരിക്കുന്ന ആശയവിനിമയ രൂപീകരണ ഘട്ടത്തിൽ മാധ്യമങ്ങളുടെ സ്വാധീനം നിർണായകമായിത്തീരുന്നു. ഈ നിർണായക സ്വാധീനത്തിൽ നിന്നുമാണ് ഓരോ സമൂഹവും രൂപപ്പെടുന്നതും പ്രവർത്തിക്കുന്നതുമെല്ലാം. മാധ്യമം അതിന്റെ അധികാരവും ആധിപത്യവുമെല്ലാം ക്രമത്തിൽ വളർത്തിയെടുക്കുന്ന അവസ്ഥയാണുള്ളത്. വ്യക്തികൾ ആശ്രയിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ മാധ്യമങ്ങളുടെ പ്രസക്തി ഏറുകയും ക്രമത്തിൽ മാധ്യമങ്ങൾ ആധിപത്യസ്ഥാനത്തേക്ക് വരികയും സവിശേഷമായ രാഷ്ട്രീയം രൂപീകരിക്കുകയും ചെയ്യുന്നു.

## പുരോഗതിയും വിനാശവും

നവമാധ്യമങ്ങൾ പുരോഗതി മാത്രമല്ല, വിനാശത്തെയും വിനിമയം ചെയ്യുന്ന മധ്യവർത്തികളാണ്. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ബന്ധപ്പെടുവാൻ ഉപകരിക്കുന്നതുപോലെ കലഹിക്കുവാനും വിനാശം വിതയ്ക്കുവാനും മാധ്യമത്തെ വിനിയോഗിക്കുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് അസമിൽ നടന്ന കലാപം. ഇന്റർനെറ്റും മൊബൈൽഫോണുമാണ് കലാപരൂപീകരണത്തിന് ഉപയോഗിച്ച മാധ്യമങ്ങൾ. മോർഫ്ചെയ്ത ചിത്രങ്ങളും മറ്റേതോ രാജ്യത്തു നടന്ന കൂട്ടക്കൊലയുടെ ചിത്രങ്ങളുമാണ് അസമിലേതെന്ന വ്യാജേന ഇന്റർനെറ്റിലേക്ക് അപ്‌ലോഡ് ചെയ്തത്. ഇതിന്റ ഫലമായുണ്ടായ വർഗീയ കലാപത്തിൽ നൂറോളം ആളുകളാണ് കൊല്ലപ്പെട്ടത്. വ്യാജവും മോർഫ് ചെയ്തതുമായ ഉള്ളടക്കങ്ങളുള്ള മുപ്പതിലധികം പേജുകൾ ഇന്റർനെറ്റിലെ സാമൂഹികകൂട്ടായ്മയായ ടിറ്ററിൽ നിന്നും പിൻവലിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. ഇതിന്റെ ഫലമായി വ്യാജവിവരങ്ങൾ പിൻവലിച്ചതിനൊപ്പം പ്രകോപനപരമായ വിവരങ്ങൾ വീണ്ടും അപ്‌ലോഡ്ചെയ്യുന്ന അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തു. സൈബർ ചാരന്മാർ, മൊബൈൽ വൈറസ്, സൈബർ സേന, സൈബർ ആക്രമണം, സൈബർ യുദ്ധം, സൈബർ മിസൈലുകൾ തുടങ്ങിയുള്ള പദങ്ങൾ മാധ്യമസാങ്കേതികതയുമായി ബന്ധപ്പെട്ട് രാജ്യര

ക്ഷാമേഖലയിൽ ഉയോഗിക്കുന്നവയാണ്. മൊബൈലിന്റെ മെമ്മറി വർധിക്കുകയും അത് പേഴ്സണൽ കമ്പ്യൂട്ടറായി ഉപയോഗിക്കാനും തുടങ്ങിയതോടെ കമ്പ്യൂട്ടർ ഹാക്ക് ചെയ്യുന്നതുപോലെ മൊബൈൽ ഫോണും ഹാക്ക് ചെയ്യാൻ തുടങ്ങി. പരമ്പരാഗത കമ്പ്യൂട്ടറുകളുടെ അതേ പ്രവർത്തനമാണ് സ്മാർട്ട് ഫോണുകളും നിർവഹിക്കുന്നത്. ഉന്നതമേഖലകളിൽ ഇരിക്കുന്നവരും ധനികരും വ്യാപാരികളും ശാസ്ത്രജ്ഞന്മാരുമെല്ലാം പൊതുവെ സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നതുകൊണ്ട് ഹാക്ക് ചെയ്യുവാനുള്ള സൗകര്യം ഏറെയാണ്. കമ്പ്യൂട്ടറുകളെ ആക്രമിക്കുന്ന വൈറസുകൾ പോലെതന്നെ ഇന്ന് മൊബൈൽ ഫോണുകളെയും ആക്രമിക്കാനുള്ള വൈറസുകളുണ്ട്. ഇന്റർനെറ്റ് കണക്ഷനുള്ള 94 ശതമാനം മൊബൈൽ ഫോണുകളും സുരക്ഷിതമല്ലെന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്. മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർക്കിടയിൽ ഇഷ്ടപ്പെട്ട ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ് സിസ്റ്റം ചാരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെ ഇഷ്ടഇടമായി മാറിക്കഴിഞ്ഞത്രേ. ചൈന നിർമിക്കുന്ന പല മൊബൈൽഫോണുകളും സുരക്ഷിതമല്ലെന്നാണ് പഠനറിപ്പോർട്ടുകൾ പറയുന്നത്. ഇവരുടെ മൊബൈൽ ഫോണിൽ എന്ത് പ്രവർത്തനം നടന്നാലും അതിന്റെ പകർപ്പ് ചൈനയിലെ കമ്പനികുത്തകകളുടെ സെർവറിലേക്ക് എത്തുംവിധമാണ് ഇവയുടെ നിർമിതിയും പ്രവർത്തനവും. സുരക്ഷിതമെന്ന് പൊതുവെ വിശ്വസിക്കുന്ന ബ്ലാക്ക്ബെറി ഫോണുകളെ കീഴ്പ്പെടുത്താൻ ഡിറ്റ്മോ എന്ന ട്രോജനെ വിനിയോഗിക്കുന്നതായി കാസ്പെറസ്കി ലാബ് കണ്ടെത്തിയിരുന്നു.

രാഷ്ട്രങ്ങൾ തമ്മിലുള്ള ആക്രമണമിപ്പോൾ നിശ്ശബ്ദവും മാരകവുമായ രീതിയിൽ അരങ്ങേറുന്നത് സൈബർ സാധ്യതകളിലൂടെയാണ്. ഇതുവരെ റിപ്പോർട്ട് ചെയ്തതിൽ ഏറ്റവും തീവ്രവും ശക്തവുമായ സൈബർ ആക്രമണം നേരിട്ട രാഷ്ട്രം ഇറാനാണ്. ആണവനിലയത്തിന്റെ സുശക്തമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഇറാൻ ഉപയോഗിച്ചിരുന്ന സീമെൻസ് സോഫ്റ്റ്വെയറുകളാണ് സൈബർ സാങ്കേതികവിദ്യകളിലൂടെ ആക്രമിക്കപ്പെട്ടത്. ഈ ആക്രമണത്തിനു പിന്നിൽ അമേരിക്കയാണെന്നാണ് വിശ്വസിക്കുന്നത്. രണ്ടായിരത്തിപത്തിൽ പാക്കിസ്ഥാന്റെ സൈബർ ആക്രമണഫലമായി ഇന്ത്യയിലെ ആയിരത്തിലേറെ സൈറ്റുകളുടെ പ്രവർത്തനം താറുമാറായി. ബ്രഹ്മോസ് മിസൈൽ, എച്ച്.പി, ഇന്ത്യൻ ഹെൽപ് ഡെസ്ക്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഇന്ത്യൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിങ്, കേരള സർക്കാർ എന്നീ വെബ്സൈറ്റുകൾ ഇവയിൽ ചിലതുമാത്രമാണ്. ഇതേവർഷം തന്നെ ഇന്ത്യൻ സൈബർ ആർമിയെന്നു പേരു സ്വീകരിച്ച ഒരു സംഘം പാക്കിസ്ഥാനു നേർക്ക് സൈബർ പ്രത്യാക്രമണം നടത്തി. പാക്കിസ്ഥാന്റെ വിദേശകാര്യം, ധനകാര്യം, വിദ്യാഭ്യാസം, സൈന്യം തുടങ്ങിയവയുടെ സൈറ്റുകളുടെ പ്രവർത്തനം അവർ താറുമാറാക്കി. ഇതേ തുടർന്ന് പാക്കിസ്ഥാനും പ്രത്യാക്രമണം നടത്തി. പാക്കിസ്ഥാൻ സൈബർ ആർമി

എന്ന സംഘം സി.ബി.ഐ. യുടെ വെബ്സൈറ്റുകൾക്കു നേരെയാണ് ആക്രമണം അഴിച്ചുവിട്ടത്. ലോകരാഷ്ട്രങ്ങൾക്കിടയിൽ സൈബർ ആക്രമണങ്ങൾ അഴിച്ചുവിടാൻ ഏറ്റവും സുസജ്ജമായി നിൽക്കുന്ന രാഷ്ട്രങ്ങൾ അമേരിക്കയും ചൈനയുമാണ്. ഇതിന്റെ ചുവടുപിടിച്ച് മറ്റ് രാഷ്ട്രങ്ങളും സൈബർ ശക്തി ആർജിക്കുവാനുള്ള പരിശ്രമത്തിലാണ്. മാധ്യമങ്ങൾ ഒരു വശത്തു കൂടി പുരോഗതിയും ജ്ഞാനവുമെല്ലാം മുന്നോട്ടുവയ്ക്കുമ്പോൾ തന്നെ മറ്റൊരു വശത്തുകൂടി അധഃപതനത്തിന്റെയും വിനാശത്തിന്റെയും അവസ്ഥകൾകൂടി രൂപീകരിക്കുന്നുണ്ട്. വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളുമെല്ലാം ഉചിതമായ ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ മാധ്യമങ്ങളുടെ വിനാശവശത്തെ തിരസ്കരിച്ച് ശ്രേഷ്ഠതയെ സ്വീകരിക്കാനാകും. അങ്ങനെ സ്വീകരിച്ചാൽ മാധ്യമസാന്നിധ്യത്തിലൂടെ അനുദിനം പുരോഗമിക്കുന്ന ഒരു ആഗോളസമൂഹത്തെ രൂപീകരിച്ചെടുക്കാനാവും.

## ഗ്രന്ഥസൂചി

1. Baker, Edwin. *Digital Economics: Principles, Methods and Application*. Eric Brousseas and Nicolas Curien. Cambridge University Press: New York, 2007.
2. Barwise, Patrick and Andrew Ehrenberge. *Television and Society*. Morgan Kaufman Publication: London and New Delhi, 1998.
3. Ben-Ze'Ev, Aaron. *Love Online: Emotions on the Internet*. Cambridge University Press: New york, 2004.
4. Bob, Clifford. *The Marketing of Rebellion: Insurgents, Media and International Activism*. Cambridge University Press: New York, 2005.
5. Chakravarthy, Jagadish. *Net, Media and the Mass Communication*. Authors Press: Delhi, 2005.
6. Chomsky, Noam. *Media Control: The Spectacular Achievement of Propaganda*. Seven Stories Press: new York,1997.
7. Christopher Norries. *The Truth about Postmodernism*. Oxford Blackwell : 1993.
8. Craig, Geoffery. *The Media Politics and Public Life*. Allen & Unwin.: Australia, 2007.
9. David,Croteau. *Media Society*. Pineforge Press: London, 2003.
10. Fairclough, Norman. *Language and Power*, London: Longman, 1993.
11. Fauconnier, Gilles *Mental Spaces*, Cambridge: Cambridge University Press. 1895
12. Fiske, John and John Hartley. *Reading Television*. Routledge: London, 1978.
13. Lakoff, George Mark Johnson *Metaphors We Live By*, Chicago: University of Chicago Press. 1980.

14. Gauntlett, David and Annettehill. *T.V.Living*. Routledge: London, 1999.
15. Geoffrey, Craig. *The Media, Politics and Public Life*. Allen & Unwin: Australia, 2007.
16. Giles, David. *Media Psychology*. Lawrence Erlbaum Associates, Publication:London, 2003.
17. Goldsmith, Jack. and Tim Wu. Who *Control the Internet?; Illusions of a Borderless World*. Oxford University Press: New york, 2005.
18. Jamieson, Partrick E. and Daniel Romes. *The Changing Portrayal of Adolescents in the Media Since 1950*. Robert Wood Johnson Foundation:Oxford University Press, 2008.
19. Jean, Francois Lyotardi, *The Postmodern Condition: A Report on knowledge*. Trans. geoff Bennigton and Brainmassumi. Manchester, Manchester UP,1985:
20. Johnson, Kirk. *Televison and Social Change in Rural India*. Sage Publications:Delhi, 2000.
21. Ling,Rich. *The Mobial Connection: The Cell Phone's Impact on Society.* Morgan Kaufman Publishers: London, 2004.
22. Marshall, Jill. *Language of Televison.* Routledge: London, 2002.
23. McQuail, D. *Audience Analysis.* Thousand Oaks, CA,1997.
24. Myerson, George. *Heidegger, Habermas and the Mobile Phone.* Icon Books: UK, 2001.
25. Nick Stevenson. *UnderstandingMedia Culture: Social Theory and Mass Communication*. Sage: London,1995
26. O'Sullivan, T.et al. *Key Concepts in Communication and Cultural Studies*. Routledge: London, 1994.
27. Ray, Siemens and Susan, Schreibman (ed.). *Digital Literary Studies*. Blackwell Publishing : Australia, 2007
28. Shrum, L.J ed. *Psychology of Entertainment Media*. Lawrence Earlbarum Associates, Publication: London,2010.
29. Silverstone, R. *Television and Everyday Life*. Routledge: London, 1994.
30. Tomi, Ahonen.T. *Mobile as 7th Mass Media*. Oxford University Press:New York. 2006.
31. Umberto Eco.*The Role of the Reader*. Bloomington, Indiana UP, 1984.
32. Urbanski, Heather. *Writing and the Digital Generation*. McFarland : London, 2010.
33. Wark, M. *Celebrities, Culture and Cyberspace: The Light on the Hill in a Postmodern World.* Pluto: Sydney.1999.

# 2. യാത്രാവിവരണ ബ്ലോഗുകൾ: സാങ്കേതികതയും സാഹിത്യവും

ആത്മൻ എ.വി.

സാങ്കേതികവിദ്യയുടെ ഇടപെടൽ ചരിത്രത്തിൽ വ്യത്യസ്ത തലങ്ങളിൽ സ്വാധീനംചെലുത്തുന്നു. ഇന്ന് തിരഞ്ഞെടുപ്പ് പ്രചരണമടക്കമുള്ള ആശയപ്രചരണരംഗങ്ങളിൽ ഇന്റർനെറ്റ് പ്രമുഖമായ പങ്ക് വഹിക്കുന്നു. ഇറാഖ് യുദ്ധത്തിന്റെ യാഥാർഥ്യമടക്കം ലോകത്തിനുമുന്നിൽ എത്തിച്ചത് ബ്ലോഗുകൾ ആയിരുന്നു. അറബ് രാജ്യങ്ങളിൽ നടന്ന ജനമുന്നേറ്റങ്ങൾക്ക് ഇടയാക്കിയത് ഇന്റർനെറ്റ് മാധ്യമങ്ങളായിരുന്നു. നിശ്ചയമായും സാഹിത്യമേഖലയിലും ഇത്തരം മാധ്യമങ്ങൾ ഇന്ന് സജീവമായിരിക്കുന്നു. അച്ചടിയുടെ കടന്നുവരവ് ആധുനികതയുടെ ഭാവുകത്വത്തിന് ആധാരമായതുപോലെ, സൈബർലോകം ഉത്തരാധുനിക ഭാവുകത്വത്തിന് പുതിയ മാനങ്ങൾ നല്കുന്നതു കാണാം. കമ്പ്യൂട്ടർ എന്ന ഉപകരണവും അതുവഴി സാധ്യമായ ഇന്റർനെറ്റ് എന്ന സംവിധാനവും ഭാവുകത്വ തലത്തിലും മാധ്യമമെന്ന നിലയിലും കൊണ്ടുവന്ന പരിണാമം അച്ചടിയും ആധുനികതയും തമ്മിലുള്ള ബന്ധംപോലെ തന്നെ വിലയിരുത്തപ്പെടേണ്ടതുണ്ട്. മലയാളം പോലുള്ള പ്രാദേശികഭാഷയിൽ സാങ്കേതിക മുന്നേറ്റങ്ങൾക്ക് നേരിട്ട കാലതാമസം അല്ലാതെ ഈ മേഖലയിൽ കാര്യമായ മറ്റ് തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല. പുതിയ കാര്യങ്ങളെയെല്ലാം സ്വീകരിക്കുന്ന മലയാളിയുടെ ജീവിതശൈലിയുടെ ഭാഗമായി കമ്പ്യൂട്ടറും ഇന്റർനെറ്റും ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. യൂണിക്കോഡ് ഫോണ്ട് നിലവിൽ വന്നതുമുതൽ മലയാളത്തെ സംബന്ധിച്ച് അച്ചടി സാധ്യമാക്കിയ അറിവിന്റെ ജനാധിപത്യ സ്വഭാവം പുതിയൊരു വഴിത്തിരിവിലെത്തിയിരിക്കുന്നു. മലയാളിയും മലയാളവും ഒരു ഇൻഫർമേഷൻ ശൃംഖലയിലെ കണ്ണിയായി തീർന്നിരിക്കുന്നു.

ഇന്റർനെറ്റിൽ സാഹിത്യ ഭാവുകത്വത്തിലും പ്രസിദ്ധീകരണ പ്രവണതയിലും പുതുമ സൃഷ്ടിച്ച മാധ്യമമാണ് ബ്ലോഗ്. ഇന്റർനെറ്റിൽ സൗജ

ന്യമായി ലഭ്യമാകുന്ന വെബ് പേജുകളിൽ ഒരാളുടെ താത്പര്യാനുസരണം ആശയപ്രചരണത്തിനുള്ള സാധ്യതയാണ് ബ്ലോഗിലൂടെ സാധ്യമാകുന്നത്. അത് ഏത് വിധത്തിലുള്ളതും ആകാം. അനുഭവക്കുറിപ്പുകൾ, പത്രപ്രവർത്തനം, സംഗീതം, പാചകം, ഫോട്ടോഗ്രഫി തുടങ്ങി എണ്ണമറ്റ വിഭാഗങ്ങൾ ഇന്ന് മലയാളം ബ്ലോഗുകളിൽ സജീവമാണ്. എഴുത്തിലും വായനയിലും രൂപകൽപ്പനയിലും സാമ്പ്രദായിക മാധ്യമങ്ങളുടെ പരിമിതികൾ തകർത്തുകൊണ്ടാണ് ബ്ലോഗുകൾ പ്രയാണമാരംഭിക്കുന്നതെന്ന് സാമാന്യമായി പറയാം. "മലയാളത്തിലെ ബ്ലോഗ് എഴുത്തുകാർക്കിടയിൽ കേരളത്തിന്റെ മുഴുവൻ വർഗ്ഗപ്രാതിനിധ്യം ഇല്ലെങ്കിലും ബ്ലോഗുകൾ കേരളത്തിലെ സാമൂഹ്യവിഷയങ്ങളിൽ വളരെ ജാഗ്രതയോടെ ഇടപെടുകയും പ്രതികരിക്കുകയും ചെയ്യുന്ന കൂട്ടായ്മയായി മാറിയിട്ടുണ്ട്" (സിബു മോടയിൽ (എഡി.) 2010:67) എന്ന് 'മലയാളം ബ്ലോഗുകളും മലയാളിയും' എന്ന പ്രബന്ധ ഉപസംഹാരത്തിൽ പറയുന്നത്, കേരളത്തിലെ ബ്ലോഗുകളുടെ വർദ്ധിച്ച പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. പല തലങ്ങളിൽ നിലനിന്ന അച്ചടി മാധ്യമങ്ങളുടെ സ്വഭാവങ്ങളിൽ നിന്ന് ഭിന്നമായ സാധ്യതകളിലൂടെ ബ്ലോഗുകൾ സാഹിത്യത്തിൽ കൊണ്ടു വരുന്ന പരിണാമം യാത്രാവിവരണ ബ്ലോഗുകളെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം. സൈബർസാഹിത്യം എന്തെന്നും അത് സാധ്യമാക്കുന്ന ഭാവുകത്വ തലം എങ്ങനെ വ്യത്യസ്തമാകുന്നു എന്നുമുള്ള അന്വേഷണം ഈ പ്രബന്ധം ലക്ഷ്യമാക്കുന്നു.

## സൈബർ സാഹിത്യം

പോസ്റ്റ് മോഡേണിസത്തിന്റെ കാലം കഴിഞ്ഞുവെന്നും പുതിയ ഘട്ടം ആരംഭിച്ചിരിക്കുന്നുവെന്നും പുതിയ എഴുത്തുകൾ പറയുമ്പോൾ അവിടെയെല്ലാം അവസ്ഥയെ നിർണയിക്കുന്ന ഘടകങ്ങളിൽ പ്രധാന പങ്ക് സൈബർലോകത്തിനുണ്ട്. സാങ്കേതികവിദ്യയുടെ നൂതനസാധ്യതകൾ രൂപം നൽകിയ പുതിയ സാഹിത്യ ജനുസ്സാണ് സൈബർ സാഹിത്യം. സൈബർ ലോകം സൃഷ്ടിക്കുന്ന പുതിയ ക്രമങ്ങൾ ഇവിടെ പ്രധാനമായിത്തീരുന്നു.

മലയാള നിരൂപണരംഗത്ത് വ്യത്യസ്ത നിലകളിൽ ഉപയോഗിച്ചിട്ടുള്ള ഒരു പദമാണ് സൈബർ സാഹിത്യം. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലാണ് *നൃത്തം* എന്ന് പറയുന്നതും *ഭാവനാതീതം* എന്ന കഥാസമാഹാരത്തിലേത് സൈബർ കഥകളാണ് എന്ന് പറയുന്നതും കൃതിയുടെ ഭാവുകത്വത്തിന്റെയും അത് പങ്കുവയ്ക്കുന്ന വിഷയമേഖലയുടെയും അടിസ്ഥാനത്തിൽ ഈ സംജ്ഞയെ തിരിച്ചറിയുന്നതിന്റെ ഭാഗമായാണ്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം ജീവിതരീതിയിൽ കൊണ്ടുവന്ന പരിണാമങ്ങളാണ് ഈ രചനകളുടെയെല്ലാം അടിസ്ഥാനം. "ഭൂഗോളത്തെ മുഴുവൻ ബന്ധിപ്പിച്ചിരിക്കുന്ന ഒരു നെറ്റ്വർക്ക് മാത്രമല്ല, നാം ജീവിക്കുന്ന ഒരു പ്രതീതിലോകം കൂടിയാണ് ഇന്റർനെറ്റ്. ലോകം എന്ന സങ്കല്പത്തെ

ത്തന്നെ അതു മാറ്റുന്നു. കർത്തൃത്വം, സ്വത്വം, ശരീരം, കാമന, യാഥാർഥ്യം, എഴുത്ത് തുടങ്ങിയ അനേകം സംവർഗങ്ങളെയും അത് പരിവർത്തന വിധേയമാക്കുന്നു. ഈ മാറ്റം സൃഷ്ടിക്കുന്ന അന്തരീക്ഷത്തിലാണ് സൈബർ കഥകൾ എഴുതപ്പെടുന്നത്. ഉത്തരാധുനികമായ സാഹിത്യഭാവനയുടെ അടയാളങ്ങളാണ് ഈ രചനകൾ. അതേ സമയം ഇവയെ സൈബർ കഥകൾ എന്നു വിശേഷിപ്പിക്കുന്നതിൽ സാങ്കേതികമായ പ്രശ്നവുമുണ്ട്. സൈബർ സ്പെയ്സിൽത്തന്നെ, ഇന്റർനെറ്റിലെ വെബ് ജേണലുകളിലും സൈറ്റുകളിലും പ്രത്യക്ഷപ്പെടുന്ന സാഹിത്യമാണ് സൈബർ ലിറ്ററേച്ചർ എന്നു വിവക്ഷിക്കപ്പെടുന്നത്. ഈ സാഹിത്യം പ്രാരംഭദശയിലാണ് മലയാളത്തിൽ.'' (2007:260) എന്ന് പി.കെ. രാജശേഖരൻ എഴുതുന്നു. മലയാളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സൈബർ സ്പെയ്സിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യം എണ്ണം കൊണ്ട് വളരെ അധികമാണ്. പക്ഷേ അപ്പോഴും *നൃത്ത*ത്തെ സൈബർ നോവലെന്നും *ഭാവനാതീത*ത്തിലെ കഥകളെ സൈബർ കഥകളെന്നും മനസ്സിലാക്കിയ സമൂഹം ഇക്കാര്യം വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. 'സാങ്കേതികമായ പ്രശ്ന'ത്തെ പരിഗണിക്കാതെ 'മലയാളത്തിലെ സൈബർ കഥകൾ' എന്ന തലക്കെട്ട് നല്കിയത് ഈ പ്രയോഗത്തെ സംബന്ധിച്ച തെറ്റായ കാഴ്ചയ്ക്ക് ഇടയാക്കി. *കൊടകരപുരാണ*ത്തിലും മറ്റ് ബ്ലോഗുകളിലും ഇന്റർനെറ്റിലെ മറ്റ് ഇടങ്ങളിലും പ്രസിദ്ധീകരിക്കുന്ന രചനകളെ സൈബർ സാഹിത്യമെന്ന് വിളിക്കുന്നത് പ്രസിദ്ധീകരിക്കുന്ന ഇടത്തെ ആധാരമാക്കിയാണ്. *കൊടകരപുരാണ*ത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ നൃത്തത്തിലേതു പോലെ സൈബർ പശ്ചാത്തലമുള്ള വിഷയങ്ങളല്ല. മറിച്ച്, നാടിനെക്കുറിച്ചുള്ള ഓർമകളും അനുഭവങ്ങളുമാണ്. സൈബർ സാഹിത്യമെന്ന വിഷയത്തെ സംബന്ധിച്ച് ഇത്തരമൊരു ചർച്ച മുൻപ് നടന്നിട്ടില്ല. അതിനാൽ എന്താണ് ഈ സംജ്ഞകൊണ്ട് അർഥമാക്കുന്നതെന്ന് വിശദീകരിക്കേണ്ടതുണ്ട്.

ഇന്ന് 'സൈബർ സാഹിത്യം' എന്ന സംജ്ഞ ഇന്റർനെറ്റിൽ- ബ്ലോഗ്, വെബ്മാഗസിൻ, മറ്റ് വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ- പ്രസിദ്ധീകരിക്കുന്ന സാഹിത്യരചനകളെ കുറിക്കാനാണ് ഉപയോഗിക്കുന്നത്. വാമൊഴി എന്നും വരമൊഴി എന്നും സാഹിത്യത്തെ വിഭജിക്കുന്നതു പോലെയുള്ള ഒരു വിഭജനമാണ് ഒരർഥത്തിൽ ഇവിടെ നടക്കുന്നത്. (വാമൊഴി, വരമൊഴി എന്നതിന്റെ തുടർച്ച എന്ന നിലയിൽ 'തിരമൊഴി' എന്ന പദം കമ്പ്യൂട്ടറിലെ എഴുത്തിനെ സൂചിപ്പിക്കാൻ ചിലർ ഉപയോഗിക്കുന്നുണ്ട്.) നിലനിന്ന അച്ചടി മാധ്യമത്തിൽ നിന്ന് വ്യത്യസ്തമായി കമ്പ്യൂട്ടറും ഇന്റർനെറ്റും നല്കുന്ന സാധ്യതകളാണ് ഇതിനെ വേറിട്ടതാക്കുന്നത്. ആ ഇടംനല്കുന്ന സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കാതിരുന്നാൽ പോലും പ്രസിദ്ധീകരണത്തിലെ മറ്റ് ഘടകങ്ങളിലുള്ള വൈവിധ്യത്താൽ അത് സൈബർ സാഹിത്യം തന്നെ. ഒരേ കവിത അച്ചടി മാധ്യമത്തിലും ബ്ലോഗിലും പ്രസിദ്ധീകരിച്ചാൽ ബ്ലോഗിലേത് സൈബർ സാഹിത്യമെന്ന വിഭാഗത്തിൽപെടുമെന്ന് സാരം. ഇവിടെ,

ഇന്റർനെറ്റിനെ സംബന്ധിച്ച് സ്ഥല-കാല സങ്കൽപങ്ങളിലുള്ള മാറ്റം, പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം, പുതുക്കലുകൾക്കുള്ള സാധ്യത എന്നീ ഘടകങ്ങൾ അതിനെ അച്ചടി മാധ്യമത്തിൽ നിന്നും വ്യത്യസ്തമാക്കുന്നു. ഒരർഥത്തിൽ സ്ഥല-കാല സങ്കല്പങ്ങളിൽ അച്ചടി മാധ്യമത്തിൽ നിന്ന് ഭിന്നമായ തലം, പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം, പുതുക്കലുകൾക്കുള്ള സാധ്യത, ചർച്ചകൾക്കുള്ള വ്യത്യസ്തമായ സാധ്യത, വായനാരീതിയിലുള്ള മാറ്റം എന്നീ ഘടകങ്ങളെല്ലാം ഇവിടെ ഏറെ പ്രധാനമാകുന്നു. ഇതു കൂടാതെ ബഹുമാധ്യമ (multi media) സാധ്യതകൾ ഇവിടെ ലഭ്യമാണെന്നതും ഹൈപർടെക്സ്റ്റ് സാധ്യതകളെ ഉപയോഗപ്പെടുത്താം എന്നതുമെല്ലാം സൈബർ സാഹിത്യത്തെ അച്ചടിസാഹിത്യത്തിൽ നിന്ന് ഭിന്നമാക്കുന്നു.

സൈബർ സ്പെയ്സ് നല്കുന്ന സാങ്കേതിക സാധ്യതകളാണ് ഇവിടെ പ്രധാനമാകുന്നത്. ഇത്തരത്തിൽ സാഹിത്യത്തിന്റെ നിലനിൽക്കുന്ന സാധ്യതകളെ ഘടനാപരമായി പൊളിച്ചെഴുതുന്നു സൈബർ സാഹിത്യം എന്നു പറയാം. Understanding Media (1964), Medium is the Message (1967) എന്നീ പുസ്തകങ്ങളിൽ അച്ചടിയിൽ നിന്ന് ഭിന്നമായ ഇലക്ട്രോണിക് മാധ്യമസംസ്കാരം സ്ഥലത്തെയും കാലത്തെയും സംബന്ധിച്ച ധാരണകളിൽ കൊണ്ടുവന്ന വിച്ഛേദം മക്ലൂഹൻ ചർച്ച ചെയ്യുന്നുണ്ട്. പതിറ്റാണ്ടുകൾക്ക് ശേഷം അതേ ആശയങ്ങൾക്ക് കമ്പ്യൂട്ടറിനെയും ഇന്റർനെറ്റിനെയും മുൻനിർത്തി കൂടുതൽ തീവ്രമായ അർഥതലങ്ങൾ ഇന്ന് കൈവന്നിരിക്കുന്നു. ടെലിവിഷനും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളും ചേർന്ന് സംഭാഷണമെന്നത് ഒരു ആഗോളമാനകത്തിന്റെ തലത്തിൽ മാത്രം സാധ്യമാകുന്ന ഒന്നായി പുനർവിഭാവനം ചെയ്തുവെന്നും ഇതു വഴി സന്ദേശം തന്നെ വ്യത്യസ്തതലത്തിൽ ആയി തീരുന്നുവെന്നും മക്ലൂഹൻ (Marshall McLuhan 2001:8) പറയുന്ന ആശയത്തിന്, ടെലിവിഷൻ കാലത്തിൽ നിന്ന് മാറി സൈബർ കാലത്തെത്തുമ്പോൾ പുതിയ മാധ്യമത്തെയും വിശദീകരിക്കാൻ സാധിക്കുന്നു. നിങ്ങൾ, നിങ്ങളുടെ കുടുംബം, പരിസരം, വിദ്യാഭ്യാസം, ജോലി, സർക്കാർ, മറ്റുള്ളവർ തുടങ്ങിയ തലക്കെട്ടുകളിലൂടെ വിശദീകരിക്കുന്ന ഘടകങ്ങൾ വ്യത്യസ്തമായ നിലയിൽ സൈബർ ഭാവുകത്വത്തിന്റെ പുതിയ ലോകത്തേയും വിശദീകരിക്കുന്നതു കാണാം.

മലയാളത്തിൽ ഇന്ന് പ്രധാനമായി മൂന്ന് വിധത്തിലാണ് ഈ മേഖല നിലവിലുള്ളതെന്ന് പറയാം. ഒന്ന്, സ്വന്തം നിലയിൽ ഒരു വെബ്സൈറ്റ് ആരംഭിച്ച് പ്രവർത്തിക്കുന്ന വിഭാഗമാണ്. ഒരാൾ ഒരു സൈറ്റ് ഡിസൈൻ ചെയ്ത്, സ്പെയ്സ് പണം നല്കി വാങ്ങി ചെയ്യുമ്പോൾ അയാൾക്കിഷ്ടപ്പെട്ട നിലയിൽ പ്രസിദ്ധീകരണത്തിലും രൂപകല്പനയിലും സ്വാതന്ത്ര്യം ലഭിക്കുന്നു. ഒരർഥത്തിൽ സ്വന്തമായി പണംമുടക്കി ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നതുപോലെയാണ് ഇതും. *കൊടകരപുരാണം, ബെർലിത്തരങ്ങൾ* തുടങ്ങിയ വെബ്സൈറ്റുകൾ ആദ്യം ബ്ലോഗിലൂടെ തുടങ്ങി ഇന്ന്

വെബ്സൈറ്റായി നില്ക്കുന്നവയാണ്. രണ്ട്, ബ്ലോഗ്പോലുള്ള സൗജന്യ വെബ് പേജുകളുടെ ഉപയോഗമാണ്. ഇവിടെ മറ്റൊരു വ്യക്തിയോ സ്ഥാപനമോ സൗജന്യമായി നല്കുന്ന സാധ്യതകളാണ് നമുക്ക് ലഭ്യമാവുക. ലഭിക്കുന്ന സ്ഥലം, രൂപകല്പന എന്നീ കാര്യങ്ങളിൽ ചില പരിമിതികൾ ഈ രീതിക്ക് ഉണ്ട്. ഇതൊഴികെ മുൻപു സൂചിപ്പിച്ചതുപോലുള്ള സ്വാതന്ത്ര്യങ്ങൾ എഴുത്തുകാരന് ഇവിടെയും ലഭിക്കുന്നു. സാമാന്യമായി ഇന്ന് മലയാളത്തിൽ ഏറ്റവുമധികം സൈബർ രചനകൾ നടക്കുന്നത് ഈ സൗജന്യരീതി ഉപയോഗിച്ച് തന്നെ ആണ്. മൂന്നാമത്തെ രീതി, ഓൺലൈൻ മാഗസിനുകളുടേതാണ്. പുഴ.കോം, മലയാളനാട്. കോം തുടങ്ങി നിരവധി മലയാളം മാഗസിനുകൾ നിലവിൽ സൈബർ ലോകത്ത് ഉണ്ട്. ഇവിടെ ഒരു എഡിറ്റർ ഉണ്ടായിരിക്കും, രൂപകല്പനയും മറ്റും ചെയ്യുന്നത് പ്രസാധകർ ആയിരിക്കും തുടങ്ങിയ പരിമിതികൾ ഉണ്ടായിരിക്കുമ്പോഴും സ്ഥലപരിമിതി അധികമില്ലാത്തതിനാൽ എഴുത്തുകാർക്ക് പ്രസിദ്ധീകരണത്തിന് ഇത് കൂടുതൽ സാധ്യതകൾ നല്കുന്നു. മുമ്പു സൂചിപ്പിച്ചതുപോലെ തിരുത്തലുകൾക്കുള്ള സാധ്യത ഈ രീതി എഴുത്തുകാരന് നല്കുന്നില്ല. മറ്റൊരു വിഭാഗമായി സൂചിപ്പിക്കാവുന്നത്, ഓർക്കുട്ട്, ഫേയ്സ്ബുക്ക്, ഗൂഗിൾ പ്ലസ് തുടങ്ങിയ സോഷ്യൽനെറ്റ്‌വർക്ക് സൈറ്റുകളിലുള്ള എഴുത്തും വിക്കിപീഡിയപോലുള്ള സ്വതന്ത്ര വിജ്ഞാന കോശങ്ങളും പത്ര-ദൃശ്യ മാധ്യമങ്ങളുടെ വെബ് എഡിഷനുകളും മറ്റുമാണ്.

മലയാളത്തിൽ സൈബർ സാഹിത്യമേഖലയിൽ യാത്രാവിവരണം ഏറ്റവുമധികം ഉണ്ടാകുന്നത് ബ്ലോഗുകളിൽ ആണ്. യാത്രകൾ ഒരു സാംസ്കാരിക വിനിമയത്തിനും തിരിച്ചറിവുകൾക്കും ഇടമൊരുക്കുന്നെന്ന തിരിച്ചറിവുള്ള ഒരു വിഭാഗവും അലസമായ യാത്രകളിലൂടെ ഒഴിവു സമയത്തെ വിനിയോഗിക്കുന്നവരും തൊഴിലിന്റെ ഭാഗമായി യാത്രകൾ ചെയ്യുന്നവരും ഇന്ന് ഏറിവരികയാണ്. നിശ്ചയമായും ഇത്തരത്തിൽ മാറിവരുന്ന സാഹചര്യങ്ങൾ യാത്രയെന്ന ആശയത്തെ തന്നെ പുതിയ നിലകളിലും കാഴ്ചപ്പാടുകളിലുമാണ് കാണുന്നതും വിലയിരുത്തുന്നതും. ഇന്ന് യാത്രാവിവരണശാഖയുടെ വളർച്ച എത്തി നില്ക്കുന്ന ഒരു പ്രധാന ഇടമായി അങ്ങനെ ബ്ലോഗുകൾ മാറുന്നു. ഇതിൽ സാങ്കേതികതലം പ്രധാനമാകുന്നതെങ്ങനെയെന്നതിന്റെ വിശകലനമാണ് പ്രബന്ധത്തിന്റെ തുടർന്നുള്ള ഭാഗം.

## സൈബർ യാത്രാവിവരണം

ആധുനികവ്യക്തിബോധത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് യാത്രാവിവരണം. എന്നാൽ വ്യത്യസ്ത കാലങ്ങളിൽ വ്യക്തിയുടെ കാഴ്ചയെ നിയന്ത്രിച്ചത് ഭിന്നഘടകങ്ങൾ ആയിരുന്നു. കാഴ്ചയിൽ പതിഞ്ഞവയുടെ വർണ്ണപ്പൊലിമ നിറഞ്ഞ വിവരണങ്ങളിൽനിന്നും അനുഭൂതിയുടെ ആവിഷ്കാരമായി മലയാളസാഹിത്യം വളർന്നത് എസ്.കെ.

പൊറ്റെക്കാടിന്റെ രചനകളോടെയാണ്. (ബിദൂർ കെ., വിജ്ഞാനകൈരളി, ആഗസ്റ്റ് 2009:76). കേവലകാഴ്ചയിൽ നിന്ന് മാറി ഒരു സമൂഹം തന്നെ ഈ ഘട്ടത്തിലെ രചനകളിലൂടെ വായനക്കാർക്ക് മുൻപിലെത്തിയിരുന്നു. പിന്നീട് സാങ്കേതികവിദ്യയുടെ വളർച്ചയിൽ ദൃശ്യയാത്രാവിവരണം മലയാളത്തിൽ തന്നെ നിരവധിയായി. സന്തോഷ് ജോർജ് കുളങ്ങരയുടെ *സഞ്ചാരം* ടെലിവിഷനിലൂടെയും സി.ഡി. രൂപത്തിലും മലയാളികൾക്ക് പല ലോക കാഴ്ചകളും പകർന്നുനല്കി. പൊറ്റെക്കാടിന്റെയും മറ്റും സാഹിത്യ സ്പർശമുള്ള രചനകളിൽ വായിച്ചു പരിചയിച്ചതിൽ നിന്ന് ഭിന്നമായിരുന്നു ഈ ദൃശ്യഭാഷയുടെ രീതി. വിവരങ്ങളും (information) വിവരണങ്ങളും ആണ് ഇവിടെ പ്രധാനം. അത് വിട്ടുള്ള ഒരു തലം ഇവിടെ ഇല്ലാതാകുന്നു. ഈ ഘട്ടത്തിൽ വിനോദസഞ്ചാരം ടൂറിസമെന്ന നിലയിൽ ഒരു വ്യവസായ മായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ എഴുത്തുകാരന്റെ അനുഭവങ്ങളും കാഴ്ചകളും എന്നതുപോലെ തന്നെ ഇനി വരുന്ന യാത്രികർക്കുള്ള അറിയിപ്പുകൾ കൂടിയായി വിവരണങ്ങൾ മാറിത്തുടങ്ങുന്നു. കൂടാതെ, കാഴ്ചകളുടെ ഉത്സവാത്മകതയിൽ സെലിബ്രിറ്റികളിൽ തന്നെയാണ് വിനോദസഞ്ചാര മേഖല ഊന്നൽ നല്കുന്നത്. സൂക്ഷ്മതകളിലേക്കും സെലിബ്രിറ്റികളിലേക്കും ഒരേ സമയം ശ്രദ്ധിക്കാൻ ഡിജിറ്റൽ സഞ്ചാരങ്ങൾക്ക് കഴിയുന്നുണ്ട്. (ബിദൂർ കെ. 2009:88). ഇവിടെ എഴുത്തിന്റെ ഘടനയിൽ നിന്ന് മാറി ശബ്ദവിവരണത്തിന്റെയും ദൃശ്യഭാഷയുടെയും സാധ്യതകൾ നിറഞ്ഞ ആവിഷ്കാര മാധ്യമം യാത്രാവിവരണത്തിൽ ഇടപെടുന്നതു കാണാം. ഒരർഥത്തിൽ മാധ്യമം പ്രസ്ഥാനത്തെ പുനർനിർവചിക്കുന്നു. ഈ ഘട്ടത്തിൽ തന്നെ യാത്രാവിവരണ സാഹിത്യത്തിൽ കടന്നു വന്ന മറ്റൊരു രീതി രേഖാചിത്രങ്ങളിലൂടെയുള്ള വിവരണങ്ങളാണ്. സാധാരണക്കാരായ മനുഷ്യരുടെ രേഖകൾ വരയ്ക്കുന്നതിലൂടെ കേരളത്തിലെ മുഖ്യധാരാ ചിത്രചരിത്രങ്ങളിൽ കടന്നുവരാത്ത ജനതയെ 'എന്റെ കേരളം' എന്ന ഭാഷാപോഷിണിയിലെ പരമ്പരയിലൂടെ ഭാസ്കരൻ പരിചയപ്പെടുത്തുന്നു. വരകളാണ് ഇവിടെ മാധ്യമം. ഇതിന്റെ സവിശേഷത കളിലൂടെ ഗ്രാമത്തെയും ജനതയെയും ഭാസ്കരൻ അടയാളപ്പെടുത്തുന്നു . വാക്കുകളിലൂടെ വിവരിക്കാൻ അസാധ്യമായ ദൈന്യമുഖങ്ങൾ പലതും ഈ വരകളിലൂടെ അദ്ദേഹം പരിചയപ്പെടുത്തുന്നു. അങ്ങനെ വ്യക്തിചിത്രങ്ങളി ലൂടെയുള്ള കേരളയാത്രയായി അത് മാറുന്നു. ഇത്തരം രീതികളെല്ലാം പിന്നിട്ട യാത്രാവിവരണശാഖ ഇന്ന് പ്രബലമാകുന്നതു സൈബർ സാഹിത്യത്തിൽ തന്നെയാണെന്നു പറയാം. യാത്രാവിവരണ ബ്ലോഗുകളിൽ പ്രസിദ്ധീകരിച്ച പോസ്റ്റുകൾ ചേർത്ത് മലയാളത്തിൽ *യാത്രകൾ* എന്ന പേരിൽ ഒരു വെബ്സൈറ്റ് തന്നെ ഇന്ന് ഉണ്ട്. ഒരു വർഷം പിന്നിട്ട ഈ സംരംഭം ഇന്ന് അറിയപ്പെടുന്നതും അല്ലാത്തതുമായ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ഥലങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ വലിയൊരു ശേഖര മായിരിക്കുന്നു.

ലോകക്രമത്തിൽ അച്ചടി കൊണ്ടുവന്ന മാറ്റത്തെക്കാൾ വലിയ മാറ്റങ്ങളാണ് ഇന്റർനെറ്റ് മാധ്യമങ്ങൾ ഇന്ന് കൊണ്ടുവന്നിരിക്കുന്നത്. ഗുട്ടൻബർഗ് ഗാലക്സി അറിവിന്റെ ജനാധിപത്യവത്കരണം സാധ്യമാക്കുകയായിരുന്നുവെങ്കിൽ ഇവിടെ വിവരവിസ്ഫോടനമാണ് നടക്കുന്നതെന്നു പറയാം. അതോടൊപ്പം വിവരം (information) കയ്യടക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിലകളിലുള്ള നിയമങ്ങൾ, നിയന്ത്രണങ്ങൾ എല്ലാം ഇവിടെ കടന്നു വരുന്നു. സൈബർ സ്പെയ്സ് നല്കുന്ന വ്യത്യസ്ത സാങ്കേതിക സാധ്യതകളെ ഏറ്റവും പ്രയോജനപ്പെടുത്തുന്ന ഒരു വിഭാഗമാണ് യാത്രാവിവരണ ബ്ലോഗുകൾ. മൾട്ടി മീഡിയ, ഹൈപ്പർ ടെക്സ്റ്റ് എന്നിവയുടെ സാധ്യതകളെ ഏറെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇവ രൂപപ്പെട്ടി രിക്കുന്നത്. സ്ഥലത്തെയും കാലത്തെയും സംബന്ധിക്കുന്ന പുതിയ ഭാവുകത്വം ഇവിടെ സ്വാഭാവികമായും പ്രധാനമാകുന്നു. അങ്ങനെ സവിശേഷമായ ഒരു ഭാഷാക്രമവും ആഖ്യാനരീതിയും രൂപപ്പെടുന്നു.

## മൾട്ടി മീഡിയ

മൾട്ടി മീഡിയ സാധ്യതകൾ മലയാളത്തിലെ എല്ലാ യാത്രാവിവരണബ്ലോഗുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. ചിത്രങ്ങൾ ചേർക്കാതെ ഈ വിഭാഗത്തിൽ ബ്ലോഗുകൾ ഇല്ലെന്നു തന്നെ പറയാം. മൊബൈൽ ക്യാമറയുടെയും ഡിജിറ്റൽ ക്യാമറയുടെയും സാധാരണ ചിത്രങ്ങൾ മുതൽ എസ്.എൽ.ആർ. ക്യാമറകളിലെ മികച്ച നിലവാരമുള്ള ചിത്രങ്ങൾ വരെ ഇത്തരത്തിൽ ബ്ലോഗർമാർ ഉപയോഗപ്പെടുത്തുന്നു. ചിത്രങ്ങൾ മാത്രമല്ല വീഡിയോ, ഗ്രാഫുകൾ, റൂട്ട് മാപ്പുകൾ, ഓഡിയോ തുടങ്ങി വ്യത്യസ്ത മാധ്യമ സാധ്യതകളെ ഇവിടെ ഉപയോഗപ്പെടുത്തുന്നു. മലയാളത്തിൽ ബ്ലോഗിൽ യാത്രാവിവരണമെഴുതുന്നവരിൽ മുൻപന്തിയിൽ നിൽക്കുന്ന ആളാണ് 'നിരക്ഷരൻ' എന്ന പേരിൽ അറിയപ്പെടുന്ന മനോജ് രവീന്ദ്രൻ. (2008 ആഗസ്റ്റിൽ 6-മത് വേൾഡ് മലയാളി കൗൺസിൽ, സിംഗപ്പൂർ നടത്തിയ യാത്രാവിവരണ ബ്ലോഗ് മത്സരത്തിൽ ഒന്നാംസ്ഥാനം ഇദ്ദേഹത്തിന്റെ ബ്ലോഗിനായിരുന്നു.) അദ്ദേഹത്തിന്റെ *ചില യാത്രകൾ* എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ച *മാളിയേക്കലും മറിയുമ്മയും* എന്ന പോസ്റ്റ് നോക്കാം. ഇതിൽ നിരവധി സിനിമകളിൽ കണ്ടിട്ടുള്ള മാളിയേക്കൽ എന്ന വീടും അതിന്റെ സമീപത്തു താമസിക്കുന്ന മറിയുമ്മയെയും കണ്ടതിന്റെ വിവരണമാണ് ഉള്ളത്. മാളിയേക്കൽ തറവാടിന്റെ പ്രൗഢിയും അവിടുത്തെ കോവണി, ജനാലകൾ, കൊത്തുപണി ചെയ്ത ഫർണിച്ചറുകൾ തുടങ്ങി എല്ലാത്തിനെയും കുറിച്ച് വാക്കുകളിൽ വിവരിക്കുന്നതിനെക്കാൾ ചിത്രങ്ങളിലൂടെ കാണിച്ചു തരുന്നു. മലബാറിലും മറ്റും മുസ്ലിം സ്ത്രീകൾ പ്രാഥമിക വിദ്യാഭ്യാസം പോലും നേടാത്ത കാലത്ത് ഫിഫ്ത്ത് ഫോം വരെ പഠിച്ച ആദ്യ സ്ത്രീയാണ് മറിയുമ്മ. ഇന്നും നന്നായി ഇംഗ്ലീഷ് സംസാരിക്കുകയും വായിക്കുകയും ചെയ്യുന്നു അവർ. സാമൂഹ്യ

പ്രവർത്തനരംഗത്തും കലാരംഗത്തും അവരുടെയും കുടുംബത്തിന്റെയും സംഭാവനകൾ ലളിതമായ ഭാഷയിൽ മനോജ് വിവരിച്ചിരിക്കുന്നു. ആകാശ വാണിയുടെ തുടക്കത്തിൽ റേഡിയോയെ ഒരു മോശം കാര്യമായി കണ്ടിരുന്ന കാലത്ത് മറിയുമ്മയുടെ വീട്ടിൽ വെച്ച് ആകാശവാണിക്കായി റെക്കോർഡ് ചെയ്ത മാപ്പിളപ്പാട്ട് പാടിക്കേൾക്കുന്നുണ്ട് മനോജ്. അതിലെ വരികൾ വിവരണത്തിൽ എഴുതി ചേർത്തിട്ടുണ്ട്. കൂടാതെ, ഒരു ബട്ടൻ അമർത്തിയാൽ നമുക്ക് ആ പാട്ട് പാടിയത് കേൾക്കുകയും ചെയ്യാം. ഇതാണ് മൾട്ടി മീഡിയ എന്ന നിലയിൽ ഈ മാധ്യമം നല്കുന്ന സാധ്യത. ഇവിടെ പറഞ്ഞതിനു സമാനമായി മൊബൈലിലും മറ്റും റെക്കോഡ് ചെയ്യുന്ന ശബ്ദങ്ങളെ യാത്രാവിവരണത്തിൽ ഉൾപ്പെടുത്തുക വഴി പുതിയൊരു തലം ഈ ശാഖയിലൂടെ കടന്നെത്തുന്നു. ചിത്രങ്ങളിലൂടെയും വീഡിയോയിലൂടെയും കാണുന്ന കാഴ്ചകളെ അതേപടി വായനക്കാർക്ക് പകർന്നു നല്കാൻ ഈ മാധ്യമത്തിന് കഴിയുന്നു. *ഞാൻ കണ്ട കാഴ്ചകൾ* എന്ന ബ്ലോഗിൽ സജി തോമസ്, സ്പെയ്നിലെ കാളപ്പോരിനെക്കുറിച്ച് *കാളപ്പോരും പ്രതിഷേധവും* എന്ന പോസ്റ്റിൽ എഴു തുന്നുണ്ട്. വാക്കുകളിലൂടെ കാളപ്പോരിന്റെ വിവിധരീതികളെക്കുറിച്ചും കാണാനിരിക്കുന്ന പോരിനെക്കുറിച്ചുമെല്ലാം അദ്ദേഹം വിവരിക്കുമ്പോഴും ഒടുവിൽ ചേർത്തിരിക്കുന്ന ഒരു വീഡിയോ ആണ് അതിന്റെ ക്രൂരതയെ പൂർണ്ണമായി വായനക്കാരിലെത്തിച്ചത് എന്ന് കമന്റുകളിൽ നിന്ന് വ്യക്തമാ കുന്നു. എന്നാൽ പലപ്പോഴും ഈ രീതി ഉപരിപ്ലവമായ ചില കാഴ്ചകളിലേക്ക് വിവരണങ്ങൾ ഒതുങ്ങിപ്പോകുന്നതിന് ഇടയാക്കുന്നതിനും മലയാളം ബ്ലോഗുകളിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. സാഹിത്യഭാഷയിൽ വാക്കുകളിലൂടെ ചിത്രങ്ങളിലൂടെന്നവണ്ണം വായനക്കാരെ പുതിയലോകങ്ങൾ കാണിച്ചു കൊടുക്കുകയാണ് അച്ചടിച്ച യാത്രാവിവരണങ്ങൾ ചെയ്തിരുന്ന ത്. ഇന്ന് മാറിയ ലോകസാഹചര്യങ്ങളും പുതിയ സൗകര്യങ്ങളും അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുമ്പോൾ അത് ഭാഷയിലും ആഖ്യാനശൈ ലിയിലുമെല്ലാം പുതിയ പ്രവണതകൾക്ക് വഴിയൊരുക്കുന്നു.

## ഹൈപ്പർ ടെക്സ്റ്റ്

ഹൈപ്പർ ടെക്സ്റ്റ് എന്ന സംവിധാനം ഈ മാധ്യമം നല്കുന്ന മറ്റൊരു പ്രധാന സൗകര്യമാണ്. ഒരു കാര്യം എഴുതുമ്പോൾ അതിൽ പറഞ്ഞിട്ടുള്ള വാക്കുകളെ, ചേർക്കുന്ന ചിത്രങ്ങളെ, ചിഹ്നങ്ങളെ എല്ലാം ലിങ്കുകളാക്കി മാറ്റി അതിലൂടെ അതിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന പേജുകളിലേക്ക് നയിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. നേരത്തെ സൂചിപ്പിച്ച പോസ്റ്റിൽ മറിയുമ്മയെക്കുറിച്ച് ആദ്യം പറയുന്നിടത്ത് ആ പേര് ഒരു ലിങ്കാണ്. അതിലൂടെ മറിയുമ്മയുമായി അഭിമുഖം നടത്തിയ അനുഭ വത്തെക്കുറിച്ച് എഴുതിയ മറ്റൊരു ബ്ലോഗിലെ പോസ്റ്റിലേക്ക് എത്താം. കുടജാദ്രിയെക്കുറിച്ച് എഴുതിയിട്ടുള്ള ഒരു വിവരണത്തിൽ (www.puramkazhchakal.blogspot.com) ക്ഷേത്രത്തിന് മുൻപിലുള്ള

തൂണിനെപ്പറ്റി പറയുമ്പോൾ ഉള്ള ലിങ്ക് നമ്മെ എത്തിക്കുന്നത് ഈ തൂണിന് ഇന്ത്യൻ ലോഹപാരമ്പര്യത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് ഉണ്ടായിട്ടുള്ള ഒരു പ്രബന്ധത്തിലേക്കാണ്. വിവരണവുമായി നേരിട്ട് ബന്ധമില്ലാത്തതും എന്നാൽ കൂടുതൽ വിവരങ്ങൾ അറിയാൻ താത്പര്യമുള്ള വായനക്കാരൻ അറിയേണ്ടതുമായ കാര്യങ്ങൾ ഇങ്ങനെ ഉൾക്കൊള്ളിക്കുവാൻ മറ്റ് മാധ്യമങ്ങളിലൂടെ സാധ്യമല്ല. ഇത്തരം ലിങ്കുകളിലൂടെ അനുബന്ധരേഖകൾ വായിക്കാനുള്ള സാധ്യതകളെ യാത്രാവിവരണ ബ്ലോഗുകൾ ധാരാളമായി ഉപയോഗപ്പെടുത്തുന്നു. (ഇത്തരം ഹൈപർ ടെക്സ്റ്റ് ഉപയോഗരീതി ഇന്ന് അച്ചടി മാധ്യമങ്ങളുടെ ഘടനയിലും ചില മാറ്റങ്ങൾക്ക് പ്രേരകമായിട്ടുണ്ട്. ആഴ്ചപ്പതിപ്പുകളിലെ ലേഖനങ്ങളിൽ കുറിപ്പുകൾ ഇന്ന് ലേഖനത്തിന്റെ അതേ ലേഔട്ടിൽ ലേഖനത്തിൽ പറയുന്നതിനടുത്തായി തന്നെ നല്കുന്ന രീതി കാണാം. ഇത് കുറിപ്പുകളും എളുപ്പത്തിൽ ലേഖനത്തോടൊപ്പം വായിക്കുന്നതിനെ ലക്ഷ്യം വയ്ക്കുന്നു. വളരെ മുൻപ് ലേഖനത്തിനൊടുവിലും പിന്നെ പേജിനടിയിലും ആയിരുന്ന കുറിപ്പുകളുടെ സ്ഥാനം ഇത്തരത്തിൽ മാറിയതിനു പിന്നിലെ പ്രധാന കാരണം ഇ-വായനയുടെ സ്വാധീനം തന്നെയാണ്.) ഇവിടെയും ബ്ലോഗുകൾ പലപ്പോഴും വിവരങ്ങളുടെ ഒരു തലത്തിലേക്ക് ചുരുങ്ങുന്നതായി കാണാം. വ്യാഖ്യാനമോ വിശകലനമോ അല്ലാതെ വിവരങ്ങൾ മാത്രമായി കാഴ്ചകൾ പലപ്പോഴും ഈ മാധ്യമത്തിൽ മാറുന്നതു കാണാം. അത് ഇത്തരം സൗകര്യങ്ങൾ ഉള്ളതുകൊണ്ടാണ് എന്ന് ഇവിടെ അർഥമാക്കുന്നില്ല. മറിയുമ്മയെക്കുറിച്ചുള്ള പോസ്റ്റിൽ നിരക്ഷരൻ എഴുതുന്ന ഒരു ഭാഗം നോക്കുക, “അൽപ്പം വൈകിയാണെങ്കിലും ബ്രേക്ക് ഫാസ്റ്റിനായി കോട്ടയ്ക്കലിന് മുൻപുള്ള സാമാന്യം വൃത്തിയുള്ള ഒരു റസ്റ്റോറന്റിന് മുന്നിൽ നിർത്തിയപ്പോൾ ഞാനത് ശ്രദ്ധിച്ചു. നേവിഗേറ്ററിൽ ആ ഹോട്ടലിന്റെ പേരെഴുതി കാണിക്കുന്നുണ്ട്. കൊള്ളാവുന്ന ഹോട്ടലുകളെയെന്നപോലെ ടൂറിസ്റ്റ് പ്ലേസുകളേയുമൊക്കെ P.O.A. (Places of Interest) എന്ന വിഭാഗത്തിലുൾപ്പെടുത്തി നേവിഗേറ്ററിന്റെ ഡാറ്റാബേസിൽ ചേർത്തിട്ടുണ്ട് ‘മാപ്പ് മൈ ഇന്ത്യ’. 620-ൽപ്പരം നഗരങ്ങളെയാണ് നാവിഗേറ്റർ മാപ്പ് ചെയ്യുന്നത്. 6 മാസത്തിലൊരിക്കൽ കൂടുതലായി ഈ ലിസ്റ്റിലേക്ക് ചേർക്കപ്പെടുന്ന നഗരങ്ങൾക്കായി ‘മാപ്പ് മൈ ഇന്ത്യ’യെ ഇന്റർനെറ്റിലൂടെ അപ്പ്ഡേറ്റ് ചെയ്താൽ മാത്രം മതി. അതല്ലാതെ മറ്റ് വാർഷിക വരിസംഖ്യയോ ചാർജുകളോ ഒന്നുമില്ല.” ഇങ്ങനെയുള്ള ‘വിവരങ്ങൾ’ യാത്രാവിവരണങ്ങളിൽ കടന്നുവരുന്നത് നിശ്ചയമായും മാറിവരുന്ന ലോകബോധത്തിന്റെ ഭാഗമായാണ്. ശകലിതമായ ഇത്തരം അറിവുകൾക്ക് ഇന്ന് കൈവന്നിട്ടുള്ള പ്രാധാന്യം ഇതുമായി ചേർത്ത് വായിക്കേണ്ടതുണ്ട്. (വിശകലനത്തിലേക്ക് കടക്കേണ്ടതില്ലാത്ത ഇത്തരം വിവരങ്ങൾ അറിവായി കണക്കാക്കുന്ന ചാനലുകളിലെ മത്സരപരിപാടികൾ ഓർക്കുക.) ബ്ലോഗ് അടക്കമുള്ള സൈബർ മാധ്യമങ്ങളിൽ ഉപരിപ്ലവകാഴ്ചകൾക്ക് വളരെ പ്രാധാന്യം ലഭിക്കുന്നുണ്ട്

എന്നു കാണാം. ഗൗരവമേറിയ ചർച്ചകൾ നടക്കുന്ന ഇടമായിരിക്കുമ്പോഴും ഫേയ്സ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളെക്കുറിച്ച് അടുത്തകാലത്ത് വന്ന പല അഭിപ്രായങ്ങളുടെയും അടിസ്ഥാനം ഈ സ്വഭാവമാണ്. യാത്രാവിവരണങ്ങളെ സംബന്ധിച്ച്, ശകലിതമായ അറിവുകൾ പങ്കുവയ്ക്കപ്പെടുമ്പോഴും മാധ്യമപരമായ സവിശേഷതകൾ കൊണ്ട് അത് വളരയധികം പ്രാധാന്യമുള്ളതാകുന്നുവെന്ന് പറയാം.

## ചർച്ചകൾക്കും പുതുക്കലുകൾക്കുമുള്ള സാധ്യത

ബ്ലോഗ് മറ്റ് മാധ്യമങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നതിൽ പ്രധാനമായ ഒരു കാരണം ചർച്ചകൾക്കുള്ള സാധ്യതയാണ്. സ്ഥലത്തിന്റെയും സമയത്തിന്റെയുമെല്ലാം പരിധി മറികടക്കുന്ന ഈ മാധ്യമത്തിന്റെ സ്വഭാവവും ഇവിടെ പ്രധാനമാണ്. “ലോകപ്രശസ്ത ഫോട്ടോജേർണലിസ്റ്റായ Ami Vitale, *ഭൂതകാലക്കുളിർ* എന്ന ബ്ലോഗിൽ പ്രസിദ്ധീകരിച്ച ഒരു ഫോട്ടോയ്ക്ക് കമന്റെഴുതാൻ വരുന്നതിന്റെ സാർവജനീനത ബ്ലോഗുകൾക്കു പൊതുവായിട്ടുള്ളതാണ്.” (സുനീത ടി.വി.(എഡി.) 2009:94). മറിയുമ്മയെക്കുറിച്ചുള്ള പോസ്റ്റിന് ഈ 2012 സെപ്തംബർ 10 വരെ അറുപത്തിരണ്ട് കമന്റുകളാണ് വന്നിട്ടുള്ളത്. ഒരു കമന്റിൽ പറയുന്നു, “ചരിത്രം, ചിത്രം, ശബ്ദം ഇവ മൂന്നും കൂടിയുള്ള യാത്രാവിവരണങ്ങൾ അപൂർവ്വമാണ്. നർമവും ലളിതമായ ശൈലിയും കൂടിയാകുമ്പോൾ നീരു എന്ന നിരക്ഷരൻ വായനക്കാരെ കുറച്ചു നേരത്തേക്ക് യാത്രാവിവരണ മേഖല ഇഷ്ടപ്പെടുന്നവരാക്കി മാറ്റുന്നു.” ഈ കമന്റ് എഴുതിയ വ്യക്തി ഉദ്ദേശിച്ചു കാണില്ലെങ്കിലും വായനക്കാരെ കുറച്ചു നേരത്തേക്ക് ഇഷ്ടപ്പെടുന്നവരാക്കി മാറ്റാനേ ഈ എഴുത്തിന് കഴിയൂ എന്നത് ഒരു വിമർശനമാണ്. മറ്റ് കമന്റുകളിൽ ഈ വീട്ടിൽ പോയിട്ടുള്ളവരും ഇതേക്കുറിച്ച് അറിവുള്ളവരുമായ നിരവധിപേർ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ മറ്റ് പലരുടേതായ അഭിപ്രായങ്ങളും അതിന് എഴുത്തുകാരൻ നല്കുന്ന മറുപടിയും എല്ലാമാകുമ്പോൾ യാത്രാവിവരണം പുതിയ തലങ്ങളിലേക്ക് പലപ്പോഴും പോകാറുണ്ടെന്നു കാണാം. ഈ ചർച്ചയിൽ മറിയുമ്മയെക്കുറിച്ച് ചാനലിൽ വന്ന റിപ്പോർട്ടിന്റെ ലിങ്ക്, ഇതേ സ്ഥലം സന്ദർശിച്ച മറ്റൊരു ബ്ലോഗറുടെ വിവരണത്തിന്റെ ലിങ്ക് എന്നിവയെല്ലാം കമന്റുകളിൽ കൂട്ടിച്ചേർക്കപ്പെട്ട വിവരങ്ങളാണ്. ഇതിനടുത്തുള്ള മറ്റു ചില സ്ഥലങ്ങൾ സന്ദർശിക്കാനുള്ള ക്ഷണങ്ങളും അവിടുത്തെ പ്രത്യേകതകളും മറ്റും ഈ ചർച്ചയിൽ കടന്നു വരുന്നുണ്ട്. ഇതിലെ ആദ്യ കമന്റ് വന്നത് 2010 ഫെബ്രുവരി 15 ന് ആണെങ്കിൽ അവസാന കമന്റ് വന്നിരിക്കുന്ന തീയതി 2012 സെപ്തംബർ 07 ആണ്. 2011 ൽ ഒറ്റ കമന്റും ഉണ്ടായിരുന്നില്ല. വളരെക്കാലം മറഞ്ഞ് കിടക്കുന്ന പോസ്റ്റുകളും കാലങ്ങൾക്ക് ശേഷം ചർച്ചകൾക്കുള്ള ഇടമൊരുക്കാം. കാലത്തെ സംബന്ധിച്ച് അച്ചടിമാധ്യമ സാധ്യതകളിൽ നിന്ന് ഇത് വ്യത്യസ്തമാണല്ലോ. യാത്രാവിവരണങ്ങളിൽ ഇത് പ്രസക്തമാകുന്നത് മറ്റ് യാത്രകളും അനുഭവങ്ങളും ഇടപെടലുകളിലൂടെ എത്തുന്നതിലൂടെയാണ്. അങ്ങനെ എഴുത്തു

കാരനെപ്പോലെ തന്നെ ഇവിടെ വായനക്കാരും വിഷയത്തിലിടപെടുന്നു. റഫീഖ് നടുവട്ടം *കടലാസും പെൻസിലും* എന്ന ബ്ലോഗിൽ എഴുതിയ *ഇരുണ്ട വൻകരയുടെ ജീവിതതീരത്ത്-ആഫ്രിക്കൻ ഡയറി* എന്ന യാത്രാവിവരണം ശ്രദ്ധ നേടുന്നതിനു മുൻപുള്ള ആദ്യ പോസ്റ്റുകൾക്ക് പത്തിൽ താഴെ കമന്റുകളാണ് ഉണ്ടായിട്ടുള്ളതെങ്കിൽ പ്രസ്തുത രചന പത്ത് പോസ്റ്റുകൾ പിന്നിടുമ്പോൾ കമന്റുകളുടെ എണ്ണത്തിൽ വൻവർധനവാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ തന്നെ പ്രവാസികളായി ലോകത്തിന്റെ വ്യത്യസ്ത കോണുകളിൽ ജോലി ചെയ്യുന്നവർ ഈ പോസ്റ്റുകളെ അവരുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി നോക്കുന്നതു കാണാം. നിശ്ചയമായും ഒരു വ്യക്തിയുടെ അനുഭവചിത്രീകരണത്തിൽ നിന്ന് ഇത്തരം ചർച്ചാസാധ്യതകൾ വേറിട്ടനിലയിലേക്ക് എഴുത്തിനെ കൊണ്ടുപോകുന്നു. ചിത്രങ്ങൾ ചേർക്കുന്നത് വായനയെ സഹായിക്കുന്നു, സ്വന്തമല്ലാത്ത ചിത്രങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധ വേണം തുടങ്ങിയ വായനക്കാരുടെ നിർദേശങ്ങളെ എഴുത്തുകാരൻ ഇവിടെ സ്വീകരിക്കുന്നുണ്ട്. നിശ്ചയമായും തുടർന്നുള്ള എഴുത്തിനെ മറ്റുള്ളവരുടെ നിർദേശങ്ങൾ സ്വാധീനിക്കുന്നത് ഈ പോസ്റ്റുകളിൽ കാണാവുന്നതാണ്. *ചില യാത്രകൾ* എന്ന ബ്ലോഗിലെ *ജൈന ക്ഷേത്രങ്ങളിലേക്ക്* എന്ന പോസ്റ്റ്, വയനാട്ടിലെ അധികമാരും ശ്രദ്ധിക്കാതെ കിടക്കുന്ന ജൈനക്ഷേത്രങ്ങളെക്കുറിച്ചാണ് അൻപതിലധികം കമന്റുകൾ (27 ഏപ്രിൽ 2011 വരെ) ഉണ്ടായ ഈ പോസ്റ്റ് കമന്റുകളുടെ സാധ്യതകൾ മനസ്സിലാക്കാൻ നല്ലൊരു ഉദാഹരണമാണ്. കേരളത്തിലെ ജൈനമതത്തിന്റെ ബന്ധം, ഇത്തരം സ്ഥലങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ തുടങ്ങി പല വിഷയങ്ങളും ഈ ചർച്ചയിലൂടെ പുരോഗമിക്കുന്നു. ജൈനക്ഷേത്രങ്ങളിൽ പ്രശസ്തമായ കല്ലിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട ചർച്ച ഈ പോസ്റ്റിൽ നടക്കുന്നത് 2008 ഒക്ടോബർ മാസത്തിലാണ്. എന്നാൽ ഈ ക്ഷേത്രത്തിനടുത്തു താമസിക്കുന്ന ഒരാൾ ഈ ചർച്ച കണ്ട് അഭിപ്രായമെഴുതുന്നത് 2010 നവംബറിലും. നിശ്ചയമായും ഇത്തരമൊരു സാധ്യത ഈ മാധ്യമം മാത്രം നല്കുന്നതാണ്. ഇതിലൂടെ യാത്രാവിവരണം പലനിലകളിൽ പുനർനിർവചിക്കപ്പെടുന്നു.

## ഉപസംഹാരം

സാങ്കേതികതയുടെ ഇടപെടൽ സാഹിത്യരചനയിൽ പ്രധാനമാകുന്ന ഈ കാലഘട്ടത്തിൽ, അക്കാര്യം വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ശ്രമിച്ചത്. സൈബർ സാഹിത്യവുമായി ബന്ധപ്പെടുന്ന മൂന്ന് പ്രധാന തലങ്ങൾ മാത്രമാണ് ഈ വിശകലനത്തിന് ഉപയോഗിച്ചത്. എന്നാൽ അതിനകത്ത് തന്നെ സ്ഥല-കാല സങ്കല്പത്തിലെ മാറ്റം, സ്വയം പ്രസാധനം നൽകുന്ന സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ പരിശോധിച്ചിട്ടുണ്ട്. സാങ്കേതിക തലത്തെക്കുറിച്ചുള്ള വിശകലനം എഴുത്തിനെ സാങ്കേതികത

യുടെ ഘടകങ്ങൾ സ്വാധീനിക്കുന്നുവെന്ന നിഗമനത്തിലേക്കാണ് നമ്മെ എത്തിക്കുന്നത്. മൾട്ടിമീഡിയയും ഹൈപർടെക്സ്റ്റുമെല്ലാം എഴുത്തിന്റെ ഭാഷയെയും എഴുത്ത് രീതികളെയും പുതുക്കിപ്പണിയുന്നുണ്ട്. ഇത്തരത്തിൽ അച്ചടി മാധ്യമത്തിലൂടെ വളർന്ന യാത്രാവിവരണശാഖയ്ക്ക് ഒരു പുതിയ ആഖ്യാനക്രമവും ഭാഷാരീതിയും ബ്ലോഗ് രചനകളിലൂടെ ഉണ്ടായിട്ടുണ്ട്. നിശ്ചയമായും വരാനിരിക്കുന്ന യാത്രാവിവരണങ്ങൾ ഏത് മാധ്യമത്തിലാ യാലും ഇത്തരം രചനകളുടെ സ്വാധീനത പ്രകടമാകാനിടയുണ്ട്. അച്ചടി മാധ്യമങ്ങൾ ബ്ലോഗെഴുത്തിന് നല്കുന്ന പ്രാധാന്യവും അച്ചടി മാധ്യമങ്ങ ളുടെ ഘടനയിലും ഭാഷയിലും ഇതിലൂടെ വരുന്ന പുതുപ്രവണതകളും ഇതിനെ സൂചിപ്പിക്കുന്നു.

*ചില യാത്രകൾ* എന്ന ബ്ലോഗിന്റെ ഹോം പേജിൽ നിരക്ഷരൻ എഴു തുന്നു, "യാത്രാവിവരണമെഴുതാനൊന്നും ഞാനാളല്ല. അതൊക്കെ മലയാ ളിക്കു വേണ്ടി പൊറ്റെക്കാട് അതിമനോഹരമായി എഴുതിയിട്ടുണ്ട്. അത് വായി ക്കാത്തവർക്കു വേണ്ടി, സന്തോഷ് ജോർജ് കുളങ്ങരയുടെ സഞ്ചാരം വീഡിയോ രൂപത്തിലും പുറത്തിറങ്ങിയിട്ടുണ്ട്. ഇതിനൊക്കെയപ്പുറം, മറ്റൊരു യാത്രാവിവരണത്തിനെന്തു പ്രസക്തി? ഇതെന്റെ ചില കൊച്ചു കൊച്ചു യാത്രക്കുറിപ്പുകളാണ്. ഒരു ഡയറി പോലെ, എനിക്കു വേണ്ടി ഞാൻ തന്നെ കുത്തിക്കുറിച്ചിടുന്ന ചില സ്ക്രാപ്പുകൾ. ഏതെങ്കിലും വഴിപോക്കൻ വായി ക്കാനിടയായാൽ, ഏതെങ്കിലും കുറിപ്പുകൾ രസകരമായിത്തോന്നാൻ ഇട യായാൽ, ഈയുള്ളവൻ ധന്യനായി. അതിലപ്പുറം ഒരു ലക്ഷ്യവും ഈ കുറി പ്പുകൾക്കില്ല." ഇവിടെ പറയുന്നതു പോലെ യാത്രാവിവരണമെന്നതിലുപരി ആത്മാംശമുൾക്കൊള്ളുന്ന കുറിപ്പുകൾക്കാണ് ബ്ലോഗ് യാത്രാവിവരണങ്ങൾ കൂടുതൽ പ്രാധാന്യം നല്കുന്നതെന്ന് പറയാം. ഈ ശൈലിയും സാങ്കേതികത യുടെ ഇടപെടൽ എന്നതുപോലെ തന്നെ സാഹിത്യത്തിൽ പ്രധാനമാണെന്നു കാണാം.

## ഗ്രന്ഥസൂചി

1. രമേഷ്ചന്ദ്രൻ, വി. 1989: *സഞ്ചാരസാഹിത്യം മലയാളത്തിൽ.* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. രാജശേഖരൻ, പി.കെ. 2007: *ഏകാന്തനഗരങ്ങൾ.* ഡിസി ബുക്സ്, കോട്ടയം
3. രാജശേഖരൻ, പി.കെ. 2002: *ഭാവനാതീതം മലയാളത്തിലെ സൈബർ കഥകൾ* ഡിസി ബുക്സ്, കോട്ടയം
4. സുനീത, ടി.വി. 2009: സൈബർ മലയാളം. കറന്റ് ബുക്സ്, തൃശൂർ. (എഡി.)
5. സിബു മോടയിൽ (എഡി.) 2010: *ഭൂമി മലയാളം -ഭാഷ നവീനപഠനവഴികൾ.* വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണ കേന്ദ്രം, യൂ.സി. കോളെജ്, ആലുവ.

6.. Mc Luhan Marshall 2001 Medium is the Massage, Gingko Press.
7.. Robert Hassan & 2006:The New Media Theory Reader, Open University Press, England Julian Thomas

**ആനുകാലികം**

ബിദൂർ കെ. *സഞ്ചാരസാഹിത്യത്തിലെ ഉത്തരാധുനിക പ്രവണതകൾ.* വിജ്ഞാന കൈരളി വാല്യം 40, ലക്കം 8 (2009 ആഗസ്റ്റ്)

**വെബ്സൈറ്റുകൾ**

www.wikipedia.com
www.kodakarapuranam.com
www.yathrakal.com
www.chilayathrakal.blogspot.com
www.ezhuthukuth.blogspot.com
www.sajikoratty.blogspot.com
www.puramkazhchakal.blogspot.com

# 3. വിനോദം മനുഷ്യനെ പ്രക്ഷോഭകാരിയാക്കിയ കഥ

ഡോ. ജീവൻ ജോബ് തോമസ്

"സിനിമകൾ ഓടുന്നത് മൂന്ന് കാരണങ്ങളെകൊണ്ട് മാത്രമാണ്.
വിനോദം, വിനോദം, വിനോദം. ആ വിനോദമാണ് ഞാൻ"

സിൽക്ക് സ്മിതയുടെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച Dirty Picture എന്ന സിനിമയിൽ സിൽക്ക് സ്മിതയെ പ്രതിനിധീകരിച്ച കഥാപാത്രം ഒരിക്കൽ പറയുന്ന ഒരു ഡയലോഗാണിത്. സിനിമ മാത്രമല്ല, നമ്മുടെ ജീവിതത്തിന്റെ ഓരോ സൂക്ഷ്മ തലവും വിനോദത്തിന്റെ സാന്നിധ്യത്താൽ അർഥസമ്പുഷ്ടി നേടുന്നതാണ്.

2011 ലെ വ്യക്തിത്വമായി ടൈം മാഗസിൻ തിരഞ്ഞെടുത്തത് 'പ്രക്ഷോഭകാരി' എന്ന ബിംബത്തെയാണ്. 2011 ൽ ലോകം മുഴുവനും വിവിധ തരത്തിലുള്ള പ്രക്ഷോഭങ്ങൾ കണ്ടു. ടുണീഷ്യ മുതൽ വാൾസ്ട്രീറ്റ് വരെയും അണ്ണാ ഹസാരെ മുതൽ മുല്ലപ്പെരിയാർ വരെയും വിവിധ തലങ്ങളിൽ വിവിധ തരങ്ങളിൽ ജനങ്ങൾ സമരസന്നദ്ധരായി തെരുവിലിറങ്ങുന്ന കാഴ്ചയായിരുന്നു 2011 ലെ ഏറ്റവും പ്രസക്തമായ ആകർഷണം. ഭരിക്കുന്നവർ ജനങ്ങൾക്ക് മേലെ നടത്തിക്കൊണ്ടിരിക്കുന്ന സമ്മർദങ്ങളിൽ സഹികെട്ട് കൊണ്ടാണ് ലോകമെമ്പാടും ഏതാണ്ട് ഒരേ തരത്തിൽ ഇതേപോലുള്ള സമരങ്ങൾക്ക് സജ്ജരായി സാധാരണക്കാർ തെരുവിലേക്കിറങ്ങാൻ തയ്യാറായത്. എന്നാൽ ഈ സമരങ്ങൾക്കു പിന്നിൽ നിലനിൽക്കുന്ന സാമൂഹിക മനഃശാസ്ത്രവും സമരങ്ങളിലേക്ക് മനുഷ്യരെ പങ്കെടുപ്പിക്കാനായി നവമാധ്യമങ്ങൾ നടത്തിയ പങ്കും വിശകലനം ചെയ്താൽ ഈ പറഞ്ഞ പ്രക്ഷോഭകാരിയുടെ നിർമിതിക്ക് ഒരു വിനോദ മോഡൽ സാധ്യമാണ് എന്ന സത്യം നാം തിരിച്ചറിയും.

ജീവിതം ആയാസകരവും സ്വാഭാവികവും പ്രതീക്ഷാനിർഭരവുമായി മുന്നോട്ടു ചലിച്ചുകൊണ്ടിരിക്കണമെങ്കിൽ നാം ചെയ്യുന്ന ഓരോ കാര്യവും വളരെ സൂക്ഷ്മമായ അർഥത്തിൽ തന്നെ നമുക്ക് ആസ്വാദ്യ

കരമായിരിക്കണം. ആസ്വാദനത്തിന്റെ ഏറ്റവും സൂക്ഷ്മമായ ഒരംശമാണ് വിനോദം. അതില്ലാത്ത ഒന്നിനോട് നമുക്ക് എളുപ്പത്തിൽ വിരക്തി തോന്നും. നാം അതിൽ നിന്നു വേഗത്തിൽ ഒഴിവാകും. അല്ലെങ്കിൽ നമ്മൾ സന്ന്യാസം സ്വീകരിക്കണം. വിനോദത്തിനെ നാം മന:പൂർവം ജീവിതത്തിൽ നിന്ന് ഒഴിവാക്കി നിർത്തണം. സന്ന്യാസവും പക്ഷേ വിനോദരഹിതമാണെന്ന് പറയാനാകുമോ. വിനോദം തരുന്ന സംഗതികളിൽ നിന്നും പിൻവാങ്ങി, വിനോദരഹിതമായ ജീവിതാവസ്ഥകളിൽ കഴിഞ്ഞു കൂടുന്നതിൽ വിനോദം കണ്ടെത്താൻ കഴിയുമ്പോൾ മാത്രമേ ഒരാൾ ഇപ്പറഞ്ഞ സന്ന്യാസത്തിനു സജ്ജമാവുകയുള്ളൂ. വിരക്തിയിൽ വിനോദം കണ്ടെത്തുന്നതിന്റെ പേരല്ല സന്ന്യാസം. അത്തരം വിനോദത്തിന്റെ അസാന്നിധ്യത്തിൽ സന്ന്യാസം ഒരു തടവായിരിക്കും.

അതെ, നാം ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ, വായിച്ചുകൊണ്ടിരിക്കുന്ന സിദ്ധാന്തത്തിൽ, പ്രണയിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയിൽ, എഴുതിക്കൊണ്ടിരിക്കുന്ന ലേഖനത്തിൽ, വിനോദത്തിന്റെ അംശങ്ങൾ കണ്ടെത്താനാകുമ്പോൾ മാത്രമാണ് നമ്മൾ ചെയ്യുന്ന സംഗതികൾ അതിന്റെ പൂർണാർത്ഥത്തിൽ നമ്മുടെ ജീവിതത്തെ നിർവചിക്കാൻ പര്യാപ്തമാവുക.

അങ്ങനെ നോക്കിയാൽ നമ്മുടെ ജീവിതത്തെ, നാം ചെയ്യുന്ന അതിഗംഭീരങ്ങളായ വ്യാപാരങ്ങളെ, കലാപങ്ങളെ, സാന്മാർഗിക പ്രവർത്തനങ്ങളെ, ചിന്താപ്രക്ഷാളനങ്ങളെ, വിപ്ലവങ്ങളെ, എല്ലാം കേവലമായ വിനോദത്തിന്റെ വളരെ ചെറുതും നിലവാരം കുറഞ്ഞതെന്ന് പറയപ്പെടുന്നതുമായ തലത്തിലേക്ക് ചുരുക്കി നിർത്തി വായിക്കാൻ കഴിയും. ആ കാഴ്ചപ്പാടിനെ മുൻനിർത്തി നമ്മുടെ സമകാലീന ജീവിത പരിസരങ്ങളിൽ വിനോദം എത്രമാത്രം ആഴത്തിൽ സൂക്ഷ്മാർത്ഥത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു എന്ന് പരിശോധിക്കാനാണ് ഇവിടെ തയ്യാറാകുന്നത്.

2004 –ൽ ആയിരുന്നു ശാരി എസ്. നായർ എന്ന പെൺകുട്ടി തെള്ളകത്തെ മാതാ ആശുപത്രിയിൽ കിടന്നുകൊണ്ട് മരണത്തെ മുഖാമുഖം വീക്ഷിച്ചുകൊണ്ടിരിക്കുന്ന കാര്യം ഒരു പത്രവായനക്കാരൻ എന്ന നിലയിൽ, ഒരു ടെലിവിഷൻ പ്രേക്ഷകൻ എന്ന തരത്തിൽ നമ്മുടെ മുന്നിൽ വന്നു നിന്നത്. മെഡിക്കൽ കോളെജിലെ ചികിത്സ പോരാഞ്ഞിട്ട് സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയ ആ കുട്ടിയുടെ പ്രസവശേഷമുള്ള ജീവിതം ഓരോ ദിവസവും നമുക്ക് മുന്നിൽ അനാവരണം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. മാർകേസിന്റെ Cronicle of a Death Foretold ൽ വികാരിയോ സഹോദരന്മാർ സാന്തിയാഗോ നാസറെ കൊല്ലാൻ തീരുമാനിച്ച് തെരുവ് മൂലയിലെ പാൽക്കടക്കരികിൽ കത്തിയുമായി കാത്തുനിൽക്കുന്നു എന്ന കാര്യം പട്ടണം മുഴുവൻ ചർച്ച ചെയ്യുന്നതു പോലെ ഒരു സാഹചര്യമായിരുന്നു അത്. ചെറിയ പിറുപിറുക്കലുകൾ പോലും നിമിഷങ്ങൾ കൊണ്ട് കാതുകളിൽ കയറിയിറങ്ങി. എല്ലാവരും അറിയുന്ന കൊളംബിയയിലെ മഗ്ദലീന നദിക്കരയിലുള്ള ആ കൊച്ചുപട്ടണത്തോളം വാർത്താവിതരണത്തിന്റെ ആധുനികവത്കരണം

കൊണ്ട് ചുരുങ്ങി ചെറുതായി പോയ ഒരു ഭൂപ്രദേശമാണ് ആധുനിക കേരളം. ശാരി മരിക്കുന്നതിനു മുൻപേ തന്നെ സംഭവിക്കാൻ പോകുന്ന ശാരിയുടെ മരണം ഒരു കൊലപാതകമാണോ അതോ മെഡിക്കൽ പിഴവാണോ അതോ സ്വാഭാവികമായി പ്രസവശേഷമുണ്ടായ അണുബാധ കുടലിലേക്ക് കയറി യതാണോ എന്നിങ്ങനെ സൂക്ഷ്മതലങ്ങളിൽ മലയാളം ചർച്ച ചെയ്തുകൊ ണ്ടിരുന്നു. സാന്തിയാഗോയെ ആഞ്ജല വികാരിയുടെ സഹോദരങ്ങൾ വീട്ടിൽ കയറിയാണോ കുത്തുക, അതോ പുറത്തേക്ക് വരുമ്പോൾ തെരു വിൽ വച്ചാണോ കുത്തുക തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലത്തിൽ ചർച്ച ചെയ്ത കൊളംബിയൻ തെരുവുകാരന്റെ ചർച്ചകളേക്കാൾ ആഴമുണ്ടായി രുന്നു മലയാളിയുടെ ചർച്ചയ്ക്കും വിലയിരുത്തലുകൾക്കും. കാരണം, സാന്തിയാഗോ നാസറെ കൊല്ലാൻ തീരുമാനിക്കുന്നതും അത് നടപ്പാക്കി യതും തമ്മിലുള്ള ഇടവേള ഒരു ഞായറാഴ്ച പ്രഭാതത്തിലെ കുർബാന തീരുന്ന സമയം മാത്രമായിരുന്നു. എന്നാൽ ചർച്ചകൾക്കും വിശകലനങ്ങൾക്കും വിശാലമായ ഭൂമികയൊരുക്കി ശാരി എന്ന പെൺകുട്ടി പ്രവചിക്കപ്പെട്ട ഒരു മരണ ത്തിന്റെ പുരാവൃത്തത്തിന് പാത്രമാകുവാൻ കാത്തുകിടന്നത് മൂന്നുമാസമാണ്. മര ണത്തെ സംബന്ധിച്ച പ്രവചനങ്ങൾക്കും സാഹചര്യത്തെക്കുറിച്ചുള്ള പരിവേദന ങ്ങൾക്കും ആ കുട്ടിയെ മരണത്തിൽ നിന്നും കൈപിടിച്ച് കയറ്റാനല്ല, മറിച്ച് ജീവി തത്തിൽ നിന്നും വിച്ഛേദിച്ച് കൂടുതൽ ആഴത്തിലേക്ക് വലിച്ചു കൊണ്ടുപോ കാനാണ് കഴിഞ്ഞത്. വൈകാരികതയുടെ അമിത സാന്നിധ്യമില്ലാതെ, അഴി മതിയെ കുറിച്ചും രാഷ്ട്രീയ അധികാര വടംവലികളെ കുറിച്ചും പെൺവാ ണിഭത്തെ കുറിച്ചും സ്ത്രീ സമൂഹത്തിൽ അനുഭവിക്കുന്ന ദുരിതത്തെ കുറിച്ചും പെൺകുട്ടികൾ പ്രായപൂർത്തിയാകും മുൻപ് ബലാൽസംഗം ചെയ്യ പ്പെടുന്നതിനെക്കുറിച്ചും ഒക്കെയുള്ള ഗൗരവമായ ചിന്തകളെ ഒരു നിമിഷം ഒന്ന് മാറ്റി വച്ച് ചിന്തിച്ചു നോക്കൂ. ഒരു പത്രവായനക്കാരൻ എന്ന നില യിൽ, ഒരു ടെലിവിഷൻ പ്രേക്ഷകൻ എന്ന നിലയിൽ, ശാരി എസ്. നായർ എന്ന പെൺകുട്ടിയുടെ ദുരന്തം നിങ്ങൾ പിന്തുടർന്നുകൊണ്ടിരുന്നത് Chronicle of a Death Foretold നെപ്പോലെ ഒരു ദുരന്ത കഥയെ ദീർഘ കാലം കൊണ്ട് വായിക്കുന്ന അതേ തരത്തിലായിരുന്നില്ലേ. വീട് കത്തിപ്പോയ പ്പോൾ അശ്രദ്ധയായി ഉറങ്ങിപ്പോയ കുറ്റത്തിന് സ്വന്തം മുത്തശ്ശി എല്ലാ ദിവ സവും അനേകം പുരുഷന്മാർക്ക് വിറ്റുകൊണ്ടിരുന്ന നിഷ്കളങ്കമായ എറിന്ദ്ര എന്ന പതിനാലുകാരി പെൺകുട്ടിയുടെ കദന കഥ (The Incredible and sad tale of innocent Erendira and her heartless grandmother) പകർന്നു നൽകിയതി നേക്കാൾ ആവേശത്തോടെയല്ല നിങ്ങൾ ശാരിയുടെ കഥയെ പിന്തുടർന്നത്. ഗബ്രിയേൽ ഗാർഷ്യാ മാർകേസ് എന്ന മഹാനായ കഥാകാരനേക്കാൾ വലു പ്പവും ആഴവും തോന്നിക്കുന്നില്ലേ ശാരിയുടെ കഥ നമുക്ക് മുന്നിൽ മെന ഞ്ഞെടുത്ത കാലവും മാധ്യമ സംസ്കാരവും ചേർന്ന വലിയ കഥാകൃത്തിന്.

മനുഷ്യർ യഥാർഥ സംഭവങ്ങളെക്കാൾ കൂടുതൽ ആവേശത്തിൽ ഭാവനയിൽ വിരിഞ്ഞ കഥകളാണ് വായിക്കുന്നത് എന്നു പറയപ്പെടുന്നു. യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കി നിർമിച്ച ഡോക്യുമെന്ററികൾ

കാണാൻ താത്പര്യപ്പെടുന്നതിനേക്കാൾ ഏറെ താത്പര്യം കാണിക്കുക ഭാവനാനിർമിതങ്ങളായ സിനിമകൾ കാണാനാണ്. വിവരങ്ങൾ തരുന്ന സംഗതികൾ വായിച്ചു പഠിക്കുന്നതിനേക്കാൾ മനുഷ്യർ താത്പര്യം കാണിക്കുക കഥാപ്രപഞ്ചത്തിൽ സൃഷ്ടിക്കപ്പെട്ട ആവേശങ്ങൾ വായിച്ചും കണ്ടും വിനോദത്തിൽ ഏർപ്പെടാനാണ്. എന്താണ് ഭാവനാനിർമിതങ്ങളായ കഥകളെ ഇത്രമേൽ മനുഷ്യർക്ക് പ്രിയതരമാക്കി തീർക്കുന്നത്?

ജീവിതത്തിന്റെ ഏറ്റവും സൂക്ഷ്മമായ തലങ്ങളെ പ്രതിനിധീകരിക്കുകയും യഥാർഥമെന്ന് തോന്നലുണ്ടാക്കുകയും ചെയ്യുമ്പോഴാണ് ഒരു കഥ നമ്മെ പിടിച്ചിരുത്തുന്നത്. ഒരു ഭാവന ഉദാത്തമായ തലത്തിൽ മനുഷ്യപ്രജ്ഞയോട് സംവദിക്കുന്നത് അപ്പോഴാണ്. യാഥാർഥ്യത്തെയാണ് മനുഷ്യൻ കഥകളിൽ തിരയുന്നത് എങ്കിൽ വെറും ജീവിത വർത്തമാനങ്ങൾ മാത്രമാകുമായിരുന്നല്ലോ മനുഷ്യന്റെ ആവേശങ്ങൾ. ജീവിതത്തിൽ അത്ര എളുപ്പത്തിൽ ലഭ്യമല്ലാത്ത മറ്റെന്ത് സംഗതിയെയാണ് മനുഷ്യർ കഥയിൽ തിരയുന്നത്. അത് മറ്റൊന്നുമല്ല; വിനോദം തന്നെ. ജീവിതത്തിലെ ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ സന്ദർഭങ്ങളെ, സംഭവങ്ങളെ ഒക്കെ കൂട്ടിയിണക്കി ഒരു പ്രത്യേക പാറ്റേൺ സൃഷ്ടിച്ചെടുക്കുമ്പോഴാണ് കഥകൾ വിനോദം സൃഷ്ടിക്കുന്നത്. ഒരു സംഭവത്തിൽ നിന്നു മറ്റൊരു സംഭവത്തിലേക്കുള്ള യാത്ര, അതിനിടയിൽ കഥാപാത്രങ്ങൾക്ക് സംഭവിക്കുന്ന ഭൗതികവും മാനസികവും ആയ മാറ്റങ്ങൾ, ഭൂതകാലം അവരുടെ പ്രവൃർത്തികളിൽ വരുത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ തുടങ്ങി നൂറു നൂറു സംഗതികൾ കഥയുടെ വിനോദനിലവാരത്തെ രൂപപ്പെടുത്തുന്നു. ഈ ഘടകങ്ങൾ ഓരോന്നും സമ്പുഷ്ടമാകുന്നത് മനുഷ്യമസ്തിഷ്കത്തിന്റെ അനിതരസാധാരണമായ ഒരു സവിശേഷതയുടെ സാധ്യതയെ കഥകൾ സൂക്ഷ്മതലത്തിൽ ഉപയോഗപ്പെടുത്തുന്നു എന്നതു കൊണ്ടാണ്. പാറ്റേണുകൾ രൂപപ്പെടുത്താനുള്ള മസ്തിഷ്കത്തിന്റെ ശേഷിയാണ് ആ സവിശേഷത. ജീവിതത്തിൽ നാം അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങളിൽ യഥാതഥമായ വിനോദം സൃഷ്ടിക്കുന്ന പാറ്റേണുകൾ വളരെ ചുരുക്കമായിരിക്കും. എന്നാൽ നാം ചെന്നു ചേരുന്ന കഥകൾ ഇത്തരം മനോഹരമായ സാന്നിധ്യംകൊണ്ട് നിറഞ്ഞിരിക്കുന്നു.

ഇത്തരം പാറ്റേണുകൾ നമ്മുടെ നിത്യജീവിതത്തിലെ പറച്ചിലുകളിൽ തന്നെ ധാരാളമായി നിലനിൽക്കുന്നുണ്ട്. ഒരു ഉദാഹരണം നോക്കൂ. "ഞാൻ ഞായറാഴ്ച ഉച്ചക്ക് നല്ല സുഖമായി കിടന്നുറങ്ങുകയായിരുന്നു. അപ്പോഴാണ് പെണ്ണുമ്പിള്ള ശല്യപ്പെടുത്താൻ വന്നത്. എഴുന്നേറ്റ് പോയി വൈകുന്നേരത്തേക്കുള്ള കറിക്കുള്ള പച്ചക്കറി വാങ്ങി വാന്ന് പറഞ്ഞു. ഒരു കാര്യോല്ലയ്ന്നേ, അവടെ ഇഷ്ടംപോലെ സാധനങ്ങളിരിപ്പുണ്ട്. എന്നെ ഉറക്കരുത്. അതാണവക്കടെ ലക്ഷ്യം. ശല്യം സഹിക്കാതെയായപ്പോ ഞാൻ ബൈക്കും സ്റ്റാർട്ടാക്കി ജംക്ഷൻ വരെ പോയി. അവടെ ചെന്നപ്പോഴുണ്ട് നമ്മടെ പഴയ പാർട്ണർ ഗൾഫീന്ന് വന്നേന്റെ ആവേശത്തിൽ നിക്കുന്നു. പിന്നെ പറയണോ. ഒറക്കോക്കെ പമ്പ കടന്നു. അവസാനം എല്ലാം കഴിഞ്ഞു രാത്രി

പതിനൊന്നു മണിക്ക് വീട്ടി ചെന്ന് ബൈക്കൊതുക്കുമ്പഴാ കൂട്ടാത്തിനും വാങ്ങിയില്ലല്ലോന്നോർത്തത്. പെണ്ണുമ്പിള്ള വാതില് തോറക്കുമ്പോ അവ ക്കടെ കയ്യിലെങ്ങാൻ വാക്കത്തി ഒളിച്ചു വച്ചിട്ടുണ്ടോന്നാർന്നു എന്റെ പേടി.''

ഇതൊരു കഥയല്ല, വെറുതെ ഒരു വിവരണം. ദിവസത്തിൽ പല പ്പോഴും നാം കേട്ടു പോകുന്നത്. ആരും ഏത് നേരവും അവരവരുടെ ജീവി തത്തിൽ ഉണ്ടായ കൊച്ചു കൊച്ചു സംഭവങ്ങളെ മറ്റുള്ളവർക്ക് മുന്നിൽ വിവ രിക്കുമ്പോൾ ഇതുപോലെയോ ഇതിനു സമാനമായതോ ആയ പാറ്റേണു കളിലേക്ക് സംഭവങ്ങളെ അടുക്കി മെരുക്കും. വിവരണത്തിലെ വിനോദ ഭാഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടേതായ ചെറിയ ചെറിയ കൂട്ടിച്ചേർക്ക ലുകളും നടത്തും.

സംഭവങ്ങളെ വിനോദം ജനിപ്പിക്കുന്ന പാറ്റേണിലാക്കി രൂപപ്പെടുത്താ നുള്ള അഭിവാഞ്ഛ ഓരോ മനുഷ്യനും ജന്മനാ നിലനിൽക്കുന്നതാണ്. അതുകൊണ്ടാണ് നാം ആരോട് എന്ത് കാര്യം വിശദീകരിച്ചാലും അതിന് കഥയുടെ നാടകീയതയെ നിർമിക്കുന്ന മൂന്ന് ഖണ്ഡങ്ങളുള്ള ഘടന നില നിൽക്കുന്നത്. setup, conflict, resolution എന്നിങ്ങനെ വിശദീകരിക്കാവുന്ന മൂന്നു ഭാഗങ്ങളിലാണ്. കഥയെ, അത് നോവലിലായാലും നാടകത്തിലാ യാലും സിനിമയിലായാലും വിനോദ സമ്പുഷ്ടമാക്കി നിലനിർത്തുന്നത് കഥ പറച്ചിലിന് സ്വീകരിക്കുന്ന ഈ മൂന്നു ഖണ്ഡങ്ങളുള്ള ഘടനയാണ്. അത് മനുഷ്യൻ പ്രത്യേക്കമായി പഠിച്ചെടുത്തതല്ല. മറിച്ച്, അവന്റെ പറച്ചിലിന്റെ സ്വാഭാവിക ഊർജം തന്നെ ഈ മൂന്ന് ഖണ്ഡങ്ങളായി പാറ്റേണീകരിച്ച ശൈലിയാണ്. വിനോദമാണ് അതിന്റെ അടിസ്ഥാന ലക്ഷ്യം. ഞാൻ പറ യുന്ന ഒരു കാര്യം നിങ്ങൾ മുഴുവൻ കേട്ടിരിക്കണമെങ്കിൽ എന്റെ പറച്ചി ലിൽ നിന്നും വിനോദത്തിന്റെ മധുരനാരങ്ങാത്തുണ്ടുകൾ നിങ്ങൾക്ക് കിട്ടു ന്നുണ്ടാകണം. ഓരോ മനുഷ്യന്റെ ഉപബോധവും തന്റെ പറച്ചിലിനെ ഇത്ത രത്തിൽ വിനോദത്തിന്റെ ഉപാധിയാക്കി പരുവപ്പെടുത്താൻ ശ്രമിച്ചുകൊണ്ടി രിക്കും. മനുഷ്യപരിണാമം അവന്റെ പറച്ചിലിനെ പരുവപ്പെടുത്തിയ കഥ യാണത്. ആ കഥയുടെ ഉപോത്പന്നം മാത്രമാണ് കഥകളുടെ ഉത്ഭവത്തിന്റെ 'കഥ'. കഥ വിനോദം നിർമിക്കുന്നതിന്റെ മറ്റൊരു പ്രധാന തലം അതിൽ അടങ്ങിയിരിക്കുന്ന വെളിപ്പെടുത്തലുകളുമായി (Revealing) ബന്ധപ്പെട്ടിരി ക്കുന്നു. നിങ്ങളുടെ കഥയുടെ കരുത്ത് എന്നത് എത്രമാത്രം സൂക്ഷ്മത യോടെ നിങ്ങൾ കഥയിലെ ഏറ്റവും സൂക്ഷ്മമായ ഘടകങ്ങൾ ഒളിച്ചുവച്ച് പതിയെ പതിയെ എങ്ങനെ വെളിപ്പെടുത്തുന്നു എന്നതിനനുസരിച്ചാണ്.

ശാരി എസ്. നായർ മരിക്കാൻ കിടക്കുമ്പോൾ വാർത്തകൾ നമുക്ക് മുന്നിൽ ഇത്തരത്തിൽ കഥയുടെ വിവിധ വഴികളിലുള്ള പാറ്റേണുകൾ സ്വയം കണ്ടെത്തുന്നതായി കാണാം. കഥയെ അതിന്റെ സൂക്ഷ്മതലത്തിൽ തന്നെ വിനോദമാക്കി മാറ്റുന്ന തരത്തിലുള്ള അനേക ഘടകങ്ങൾ ലതാ നായർ, വി.ഐ.പി. വിവാദം, രാഷ്ട്രീയ ഇടപെടലുകൾ തുടങ്ങിയവ കൊണ്ട്

നിർമിക്കപ്പെട്ടു. ആ കഥയുടെ വഴിയിൽ വലിയൊരു സാധ്യത സൃഷ്ടിച്ചു കൊണ്ട് അനഘ എന്ന പെൺകുട്ടിയുടെ കുടുംബ ആത്മഹത്യ കൂടി കടന്നുവന്നു.

മാർകേസിന്റെ നോവൽ നിങ്ങൾക്ക് ഒന്നു രണ്ടു ദിവസം വായിച്ചാൽ തീരും. പക്ഷെ ശാരിയുടെ മരണവും അതിനെ ചുറ്റിപ്പറ്റി പടർന്നു പന്തലിച്ച വിവാദങ്ങളും പകർന്നു തരുന്ന വിനോദം വർഷങ്ങളിലൂടെ നീണ്ടു പോകുന്നു. കോടതി വിചാരണകൾ വിശദമായി വായിക്കുമ്പോഴും സി.ബി.ഐ കുറ്റപത്രം സമർപ്പിക്കുമ്പോഴും അനഘയുടെ അച്ഛൻ തന്നെയായിരിക്കാം ആ കുട്ടിയെ ലൈംഗികമായി ഉപയോഗിച്ചത് എന്ന് സി.ബി.ഐ. കോടതിയിൽ പറഞ്ഞത് കേൾക്കുമ്പോഴും എല്ലാം ആ കഥയുടെ വിനോദ നിലവാരം വർധിപ്പിക്കുന്നു. എന്ത് ഭയങ്കരമായ അനീതിയാണ് ഈ ലോകത്ത് നടക്കുന്നത് എന്നു തന്നെയാവാം ആ വാർത്തകളും അതുമായി ബന്ധപ്പെട്ട വിശകലനങ്ങളും കേൾക്കുകയും വായിക്കുകയും ചെയ്യുമ്പോൾ നമ്മുടെ മനസ്സിൽ മിന്നി മറിഞ്ഞു കൊണ്ടിരിക്കുക. എന്നാൽ ആ അനീതി, നിരന്തരമായി തുടർന്നുകൊണ്ടിരിക്കുന്ന മനുഷ്യത്വരാഹിത്യം, അതനുഭവിച്ചവരും സുമനസ്സുകളായവരും അതിനെതിരെ നടത്തുന്ന പോരാട്ടങ്ങൾ, നിരന്തരമായ വാഗ്വാദങ്ങൾ എല്ലാം നമ്മെ വിനോദത്തിന്റെ സൂക്ഷ്മമായ പാറ്റേണുകളിൽ നിർമിക്കപ്പെട്ട ആസ്വാദന തലത്തിലേക്കെത്തിക്കുന്നു. ഏറ്റവും സൂക്ഷ്മതലത്തിൽ നോക്കിയാൽ അനീതിയോടുള്ള വിരോധത്തേക്കാളുപരി വിനോദത്തോടുള്ള അഭിവാഞ്ഛയാണ് നമ്മെ അത്തരം വാർത്തകളെ പിന്തുടരുന്നതിലേക്ക് നയിക്കുന്നത് എന്നു പറയേണ്ടിവരും.

വാർത്ത, വിവരം, അറിവ് എല്ലാം നമ്മളിലേക്ക് കടന്നുവരുന്നത് വിനോദത്തിന്റെ അകമ്പടിയോടെ മാത്രമാണ്. നമുക്ക് മുന്നിൽ ദിവസങ്ങളിലൂടെ വളർന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഓരോന്നിനും വിനോദമോഡൽ സാധ്യമാണ്. അഭയ എന്ന സിസ്റ്റർ കന്യാസ്ത്രീ മഠത്തിൽ കൊല്ലപ്പെട്ട സംഭവം മലയാളി ആസ്വദിച്ച ഏറ്റവും വിനോദകരമായ ക്രൈം ത്രില്ലർ കഥയാകുന്നത് ഇങ്ങനെയാണ്. വർഷങ്ങളിലൂടെയുള്ള ജീവിതത്തിന്റെ അനുഭവ സംവേദന ശീലങ്ങളിലൂടെ അഭയ കേസിന്റെ ട്വിസ്റ്റുകളും ടേണുകളും നാം അനുഭവിച്ച ഏറ്റവും ത്രില്ലിങ്ങായ ആസ്വാദനങ്ങളായി മാറുന്നു. യഥാർഥ വാർത്താലോകം നിരന്തരമായി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പാറ്റേണുകൾ മെനഞ്ഞെടുത്ത ത്രില്ലിന്റെയടുത്തൊന്നും എത്താനാകില്ല ആ സംഭവത്തെ ആസ്പദമാക്കി നിർമിച്ച സിനിമ ഉൾക്കൊണ്ടിരിക്കുന്ന ത്രില്ലിന്. യാഥാർഥ്യം നിർമിച്ചെടുത്തിരിക്കുന്ന വിനോദ പാറ്റേണിന് മുന്നിൽ കഥാലോകത്തിന്റെ ഭാവന ദയനീയമായി പരാജയപ്പെടുന്നത് കാണാം. ഐസ്ക്രീം പാർലർ കേസും വർഗീസിന്റെ കൊലപാതകവും എല്ലാം ഇത്തരത്തിൽ തന്നെ ഭാവനാനിർമിതികളെ അതിജീവിച്ച് നമുക്ക് മുന്നിൽ വിനോദ സാധ്യതകൾക്ക് ഇനിയും വഴികളൊരുക്കി നിൽക്കുന്നു.

വാർത്തകൾ നമുക്ക് കൗതുകകരമാകുന്നതും അതറിയാനായി നാം ജിജ്ഞാസുവാകുന്നതും അതിനുള്ളിൽ ഒളിച്ചിരിക്കുന്ന ഈ വിനോദ അംശ

ത്തിന്റെ ബലത്തിലാണ്. ആ അംശത്തെ കേവല സംഭവത്തിന്റെ വളരെ യാന്ത്രികമായ വിവരണത്തിൽ നിന്നു വേർതിരിച്ചെടുക്കുമ്പോൾ മാത്രമാണ് ഒരു വാർത്ത പ്രക്ഷേപണയോഗ്യമോ പ്രസിദ്ധീകരണയോഗ്യമോ ആകുന്നത്. സുകുമാർ അഴീക്കോട് തീവ്രരോഗബാധിതനായി ആശുപത്രിയിൽ കിടക്കുന്നു എന്നത് കേവലം യാന്ത്രികമായ ഒരു സംഭവമാകും അഴീക്കോടിന്റെ പ്രാധാന്യം ശ്രദ്ധിക്കുകയോ തിരിച്ചറിയുകയോ ചെയ്യാത്ത അനേകരെ സംബന്ധിച്ച്. എന്നാൽ മുൻപ് വഴക്ക് കൂടിയവർ, വഴക്കിട്ടു കോടതികയറിയവർ ഒക്കെ ആശുപത്രിക്കിടക്കയിൽ അദ്ദേഹത്തെ കാണാനെത്തുമ്പോൾ കേവല സംഭവത്തിനപ്പുറം; നായകന്റെ ഭൂതകാലത്തെ മുറിവുകൾ രോഗശയ്യയിൽ കിടക്കുമ്പോൾ ഉണങ്ങാൻതുടങ്ങുന്ന അതീവ സുന്ദരമായ കഥാതലത്തിൽ വികസിക്കുന്ന വിനോദം ഉയർന്നുവരുന്നു. ആ വിനോദ നിർമിതിയുടെ പാരമ്യം സാധ്യമാകുന്നത് ഭൂതകാലത്തിലെ മുറിവേറ്റ പ്രണയം സഹതാപാർദ്രമായ സ്നേഹത്തോടെ പനിനീർപ്പൂക്കളും കൈയിലേന്തി നായകനെ കാണാൻ വരുമ്പോഴാണ്. വിലാസിനി ടീച്ചർ പനിനീർപൂക്കളുമായി അഴീക്കോടിനെ കാണാൻ വന്നത് ഒരു വായനക്കാരന്റെ-ടി.വി.പ്രേക്ഷകന്റെ മനസ്സിൽ കാലങ്ങളായി വളർന്നുവന്ന ഒരു യഥാതഥ കഥയുടെ resolution ഖണ്ഡമാണ്. ആ കഥ അതുവരെ ശ്രദ്ധിക്കാതിരുന്നവർ പോലും ഇത്ര നാടകീയമായ ഒരു resolution ഖണ്ഡത്തിന്റെ വരവോടെ ഇനി ആശുപത്രിയിൽ കിടക്കുന്ന അഴീക്കോടിന്റെ ജീവിതത്തെ പിന്തുടരാൻ തുടങ്ങും. കേവല വിവരത്തിനപ്പുറം നാടകീയ സംഭവമാക്കി; ആ സന്ദർശനത്തെ exclusive വാർത്തയാക്കി ഒരു ടെലിവിഷൻ ചാനൽ നിർമിച്ചെടുക്കുമ്പോൾ ഇപ്പറഞ്ഞ വിനോദത്തിന്റെ ഘടകം വളരെ സൂക്ഷ്മമായി ഇഴചേർത്തെടുക്കാനാകുന്നു.

വാർത്ത-വിനോദം-ആസ്വാദനം എന്നിങ്ങനെ ഇഴപിരിഞ്ഞു നിൽക്കുന്ന സംഗതികൾക്കിടയിൽ പുതിയ കാലത്തുണ്ടായ പരിവർത്തനങ്ങൾ മനുഷ്യരുടെ സ്വഭാവങ്ങളെ തന്നെയും അതുവഴി സാമൂഹിക ചലനങ്ങളെയും സ്വാധീനിക്കുന്ന തലത്തിൽ വളർന്നത് വളരെ പ്രസക്തമായ ഒരു മാറ്റമാണ്. കാഴ്ചക്കാരന്റെയും ആസ്വാദകന്റെയും സ്ഥാനത്തിരിക്കുന്ന ഒരാൾക്ക് വിനോദം സൃഷ്ടിക്കുന്ന സംഗതിയിലേക്ക് പങ്കാളിത്തം ലഭിക്കുന്ന തരത്തിലാണ് ഇന്റർനെറ്റ് അധിഷ്ഠിത മാധ്യമങ്ങൾ രൂപപ്പെട്ടുവന്നത്. പങ്കാളിത്ത ആസ്വാദനം എന്ന സംഗതി മനുഷ്യചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്തത്ര ആഴത്തിൽ ലോകത്ത് വേരുപിടിച്ചത് ബ്ലോഗിങ്, യൂ ട്യൂബ്, ഓർക്കുട്ട്, ഫേയ്സ് ബുക്ക് തുടങ്ങിയ സാധ്യതകൾ രൂപപ്പെട്ടതോടെയാണ്.

എന്താണ് പങ്കാളിത്ത ആസ്വാദനത്തിന്റെ സ്വഭാവം എന്ന് ചിന്തിച്ചു നോക്കാം. വല്ലാതെ ബോറടിപ്പിക്കുന്നു എന്നാൽ, സിനിമയിലൂടെ പറയുന്ന കഥയിൽ ആസ്വാദനം സാധ്യമാകുന്ന തരത്തിലുള്ള വിനോദഘടകങ്ങൾ നിങ്ങൾക്കുള്ളിലേക്ക് സംക്രമിക്കുന്നില്ല എന്നർഥം. ബോറടി വർധിക്കുന്തോറും കാഴ്ചക്കാരൻ എന്ന നിലയിൽ ഓരോരുത്തരും സ്വന്തമായിട്ടുള്ള

വിനോദ ഉപാധികൾ തിരയാൻ തുടങ്ങുന്നു. തീയറ്ററിലെ വലിയ കൂട്ടത്തിനു മുന്നിൽ ബോറടി നിരത്തുന്ന കഥാപരിസരത്തെ മറ്റുള്ളവർ ശ്രദ്ധിക്കുന്ന തരത്തിലുള്ള കൂവലുകൾ കൊണ്ടും കമന്റുകൾ കൊണ്ടും നിറയ്ക്കാൻ ചിലർ ശ്രമിക്കും. സിനിമ സൃഷ്ടിക്കുന്ന വിനോദത്തിന്റെ അളവ് കുറഞ്ഞു പോകുമ്പോൾ വളരെ സ്വാഭാവികമായി അത് വർധിപ്പിക്കാനുള്ള മാർഗമായി നമ്മൾ സ്വയം ആസ്വാദന പ്രക്രിയയിൽ ഇടപെടുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്; ബോറടിപ്പിക്കുന്ന സിനിമകൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ കാണികൾ കൂവുകയും ചുറ്റുപാടുമുള്ള കാണികളെ ചിരിപ്പിക്കുന്ന കമന്റു കൾ പാസ്സാക്കുകയും ചെയ്യുന്നത്. ആസ്വാദനത്തിന്റെ അന്തരീക്ഷത്തിൽ കാണി നടത്തുന്ന ഇടപെടലാണത്. പങ്കാളിത്തം കൊണ്ട് വിനോദത്തിന്റെ അളവ് വർധിപ്പിക്കുകയാണിവിടെ. കേവലം സ്വീകർത്താവിന്റെ നിഷ്ക്രിയ തയിൽ ഇരിക്കുന്നതിനേക്കാൾ ആസ്വാദകൻ ഇങ്ങനെ ആവേശം ആർജിച്ചെ ടുക്കുന്നുണ്ട്. ബോറടിപ്പിക്കാതെ ശരിക്കുള്ള വിനോദം സാധ്യമാക്കുന്നതാണ് സിനിമയെങ്കിൽ കാണിക്ക് ഇത്തരത്തിൽ ആസ്വാദന അന്തരീക്ഷത്തിൽ ഇട പെടേണ്ടി വരികയുമില്ല.

സൗമ്യ എന്ന പെൺകുട്ടി കൊല്ലപ്പെട്ടപ്പോൾ വേദന തോന്നിയ ഓരോ മനുഷ്യനും പ്രതികരിക്കുന്നത് ഓരോ തരത്തിലായിരിക്കും. കൊല പാതകിയുടെ അറസ്റ്റ്, ചോദ്യം ചെയ്യൽ, തെളിവ് ശേഖരിക്കൽ, കോടതി വിചാരണ, അതിനിടയ്ക്ക് ഉയർന്നുവന്ന പോസ്റ്റ്മോർട്ടം വിവാദം, അതിലൂടെ വളർന്നുവന്ന പുതിയ വില്ലന്മാർ തുടങ്ങിയ ആ സംഭവത്തിന്റെ വിവിധ വശ ങ്ങളെ ഒരു റിസീവിങ് എൻഡിൽ മാത്രമായിരുന്നു കേൾക്കാനും ആസ്വദി ക്കാനും വിധിക്കപ്പെട്ടവരാണ് ബഹുഭൂരിപക്ഷം ജനങ്ങളും. എന്നാൽ ഫേയ്സ് ബുക്കിൽ ആ വിഷയത്തെ സംബന്ധിച്ച് ഒരാൾക്ക് ഒരു അഭിപ്രായ പോസ്റ്റ് രേഖപ്പെടുത്താൻ അവസരം ലഭിക്കുമ്പോൾ യഥാർഥത്തിൽ റിസീ വിംങ് എൻഡിൽ മാത്രമിരുന്നവന്റെ തല കുറച്ചുകൂടി ഉയർത്തപ്പെടുന്നു. ഞാനും ഈ പ്രധാനപ്പെട്ട വിഷയത്തിൽ ഇടപെടുന്നു എന്ന അഭിമാനം ആ പ്രശ്നത്തിന്റെ ആഴത്തിലേക്ക് കൂടുതൽ ആവേശത്തോടെ ഇറങ്ങാനും, നിര ന്തരം ആ വിഷയത്തെ പിന്തുടരാനും അയാളെ അത് പര്യാപ്തമാക്കുന്നു. താൻ നടത്തിയ ഫേയ്സ്ബുക്ക് പോസ്റ്റ് മറ്റുള്ളവരുടെ അഭിപ്രായ പ്രകടന ങ്ങളിലൂടെ വളരുമ്പോൾ അയാളുടെ ആവേശം പെരുക്കുന്നു.

പുതുമാധ്യമങ്ങൾ എല്ലാം തന്നെ ഇത്തരത്തിൽ പങ്കാളിത്ത ആസ്വാ ദനത്തിന്റെ സാധ്യതകളെ പൂർണമായി ഉപയോഗിക്കുന്നു. സന്തോഷ് പണ്ഡിറ്റ് എന്നയാൾ പാട്ടുപാടിയ ഒരു വീഡിയോ മോശമെന്നോ നല്ല തെന്നോ പറഞ്ഞ് നമ്മുടെ ഫേയ്സ്ബുക്കിൽ ഷെയർ ചെയ്താലോ ഒരി ക്കൽ നമ്മൾ അതിനെ കുറിച്ച് അഭിപ്രായം പറഞ്ഞു കഴിഞ്ഞാലോ പിന്നീടാ സംഗതി നമ്മുടേത് കൂടിയാണ്. പിന്നീടതിന്റെ ഭാവി പരിണാമങ്ങളിൽ നിര ന്തരം നമ്മുടെ ആവേശം തങ്ങി നിൽക്കും. വായനക്കാരുടെ കത്തുകളിലൂടെ പ്രിന്റ് മീഡിയയും ഫോൺ ഇൻ പരിപാടികളിലൂടെയും മൊബൈൽ മെസ്സേ

ജിംഗ് പരിപാടികളിലൂടെയും ടെലിവിഷൻ ചാനലുകളും ശ്രമിച്ചിരുന്ന പങ്കാളിത്ത ആസ്വാദനത്തിന്റെ സാധ്യതകൾ അനന്തമായി തുറന്നിടുകയാണ് ഇന്റർനെറ്റ് ചെയ്തത്.

ഇന്റർനെറ്റ്, മൊബൈൽ ഫോൺ ഇവയ്ക്ക് രണ്ടുമൊപ്പം വളരെ വ്യക്തിപരമായ സ്വകാര്യതയായി തീർന്ന ക്യാമറകളും ചേർന്ന് ഒരു സംഭവത്തെ നമ്മൾ ആസ്വദിക്കുന്ന രീതിയെ തന്നെ മാറ്റിമറിച്ചിരിക്കുന്നു. പാലത്തിൽ നിന്നും ഒരു മനുഷ്യൻ ആത്മഹത്യ ചെയ്യാനായി കായലിലേക്ക് ചാടുന്നത് കണ്ടാൽ അറിയാതെ മനുഷ്യന്റെ കൈ പോക്കറ്റിലേക്ക് യാത്ര ചെയ്യാൻ തുടങ്ങി. മുങ്ങി താഴുന്ന മനുഷ്യന്റെ രൂപം മറ്റുള്ളവർ മനസ്സിലല്ല പതിപ്പിക്കാൻ ആഗ്രഹിക്കുന്നത്. വികാരരഹിതമായ ഇലക്ട്രോണിക് മെമ്മറിയിലാണ്. യാത്രയ്ക്കിടയിൽ ഒരപകടം നടന്നാൽ, അതിനിടയിൽ ചോര വാർന്നു കിടക്കുന്ന മനുഷ്യശരീരത്തെ കണ്ടാൽ, കണ്ണുകളെക്കാൾ ക്യാമറകൾക്കാണ് തിരക്ക്. ആത്മഹത്യ ചെയ്തു കിടക്കുന്ന സ്ത്രീയുടെ ശരീരത്തെ രക്തദാഹിയായ കഴുകന്മാരെപ്പോലെയാണ് ജനക്കൂട്ടം ക്യാമറ കൊണ്ട് നക്കിയെടുക്കുന്നത്.

ഓരോരുത്തരും തന്റെ ക്യാമറയിൽ പതിയുന്ന ഇത്തരം 'അപൂർവ' ദൃശ്യങ്ങളെ കൊണ്ട് എന്താണ് ചെയ്യുന്നത്. 'ഷെയറിങ്' ആണ് ഇത്തരം ദൃശ്യങ്ങളുടെ പ്രാഥമിക ഉപയോഗം. തന്റെ മൊബൈലിൽ കിടക്കുന്ന ചിത്രവും വീഡിയോയും മറ്റുള്ളവരെ കാണിച്ചു കൊണ്ടാകാം. അതല്ലെങ്കിൽ പുതുമാധ്യമങ്ങളെ ഉപയോഗിച്ച് ഷെയറിങ്ങിന്റെ അനവധി സാധ്യതകളെ ഉപയോഗിച്ചുകൊണ്ടാകാം. മറ്റുള്ളവരെ കാണിക്കാൻ പാകത്തിന് ഒരു അപൂർവ സംഭവത്തിൽ എന്റെ ഇടപെടൽ, എന്റെ പങ്കാളിത്തം, എന്റെ സാന്നിധ്യം; അത് മറ്റുള്ളവർക്ക് മുന്നിൽ തെളിവ് കൊണ്ട് സ്ഥാപിക്കുന്നു. പങ്കാളിത്ത ആസ്വാദനത്തിന്റെ ഏറ്റവും പ്രധാന സ്വഭാവവും ഇതാണ്. ഒരു സംഭവത്തെ നിങ്ങൾക്ക് ആസ്വാദ്യകരമാക്കണമെങ്കിൽ അതിന്റെ നാടകീയത മുറ്റിയ അംശത്തെ നിങ്ങൾ മറ്റുള്ളവർക്ക് കൂടി ആസ്വാദ്യകരമാം വിധം 'exclusive' ആയി അവതരിപ്പിക്കണം. ഒരു സംഭവം, അതെത്രമാത്രം ശോചനീയമോ ദയനീയമോ ആകട്ടെ അതിന്റെ ആസ്വാദന ഭാഗത്തെ അടർത്തിയെടുത്ത് വിനോദോപാധിയാക്കാനുള്ള സാധ്യതയെ പുതുമാധ്യമങ്ങൾ ഉത്തേജിപ്പിക്കുന്നു. മനുഷ്യന് സ്വന്തം അഭിമാനവും സ്വത്വവും നിലനിർത്താൻ ഇത്തരം വിനോദ ആസ്വാദന ശീലങ്ങൾ വേണം എന്നത് ഒരു സമകാലിക യാഥാർഥ്യമായി അവ മാറ്റിയെടുക്കുന്നു.

ലോകത്തിന്റെ പല ഭാഗങ്ങളിലായി അരങ്ങേറിയ പ്രക്ഷോഭങ്ങളെ നവമാധ്യമങ്ങൾ ഇത്തരത്തിൽ സ്വാധീനിച്ചിരുന്നു. മുല്ലപ്പൂ വിപ്ലവം എന്ന പേരിൽ അറിയപ്പെടുന്ന ജനകീയ പ്രതിരോധ സമരങ്ങൾ ടുണീഷ്യയിൽ ആരംഭിക്കുന്നതിന് ടിറ്ററും ഫേയ്സ്ബുക്കും ഒരു വലിയ പ്ലാറ്റ്ഫോം ഒരുക്കുകയുണ്ടായി. 2010 ഡിസംബർ 17 നാണ് മുഹമ്മദ് ബവുസീസി എന്ന ഇരുപത്താറുകാരൻ പോലീസിന്റെ അസഹ്യമായ പെരുമാറ്റത്തിൽ പ്രതി

ഷേധിച്ച് ടുണീഷ്യയിൽ സ്വയം തീ കൊളുത്തി ആശുപത്രിയിലായത്. ആ നിമിഷം മുതൽ ടിറ്ററിലൂടെയും ഫേയ്സ്ബുക്കിലൂടെയും യു ട്യൂബിലൂടെയും പടർന്ന ചിത്രങ്ങളും വീഡിയോകളും ജനസംഖ്യയിൽ മൂന്നിലൊന്നുപേരും വിശദമായി ഇന്റർനെറ്റ് ഉപയോഗിക്കുന്ന ടുണീഷ്യക്കാർക്കിടയിൽ പടരുകയായിരുന്നു. 2011 ജനുവരി നാലിന് ആശുപത്രിയിൽ വെച്ച് ബവുസിസി മരിക്കുമ്പോഴേക്കും ഒരു വലിയ സാമൂഹ്യമാറ്റത്തിന്റെ വിത്തുകൾ മുളച്ചു തുടങ്ങിയിരുന്നു. സാമൂഹിക കൂട്ടായ്മയുടെ പുതിയ സാധ്യതകളായ ടിറ്ററും ഫേയ്സ്ബുക്കും യൂ ട്യൂബും ലോകമെങ്ങും അരങ്ങേറിയ ഇത്തരം വ്യത്യസ്തങ്ങളായ ജനകീയ പ്രക്ഷോഭങ്ങൾക്ക് വഴിയൊരുക്കുന്നതിൽ വലിയ പങ്കുവഹിച്ചു. പങ്കാളിത്ത സ്വഭാവത്തെ സൂക്ഷ്മതലത്തിൽ ആവിഷ്കരിക്കുന്നതിന് ഇത്തരം മാധ്യമങ്ങൾക്കുള്ള കരുത്താണ് ഇതിനവയെ പര്യാപ്തമാക്കുന്നത്.

ജനക്കൂട്ടത്തിന്റെ സ്വഭാവരീതികളെ കുറിച്ച് ചിന്തകൾ മെനയാൻ സഹായിക്കുന്ന ഒരു കൗതുകകരമായ കാര്യമാണ് ഗ്യാലറികളിൽ സൃഷ്ടിക്കപ്പെടുന്ന മെക്സിക്കൻ തിരമാലകൾ. ഗ്യാലറികളിൽ തിങ്ങി നിറഞ്ഞ ജനക്കൂട്ടത്തിൽ ഒരു ഭാഗത്തുള്ളവർ ഒരുമിച്ചെഴുന്നേറ്റ് കൈയുയർത്തി ഇരിക്കുന്നു. ഇത് ഗ്യാലറി മുഴുവനും പടരുമ്പോൾ ഗ്യാലറിയിലൂടെ തിരയടിച്ച് സഞ്ചരിക്കുന്ന ഒരു തിരമാലയുടെ പ്രതീതി സൃഷ്ടിക്കപ്പെടുന്നു. 1986-ൽ മെക്സിക്കോയിൽ നടന്ന ഫുട്ബോൾ ലോകകപ്പിലാണ് ഇത്തരം ഒരു ഗ്യാലറി പ്രതിഭാസം വളരെ വ്യാപകമായി ഉയർന്നുവന്നത്. ഇന്നിതിനെ വളരെ കാര്യക്ഷമമായി ഉപയോഗിക്കാറുണ്ട്. കളി നടന്നു കൊണ്ടിരിക്കുന്ന സമയത്ത് തന്നെ കുറച്ചു നേരത്തേക്ക് കളിയേക്കാൾ കൂടുതൽ ശ്രദ്ധയും മനോഹാരിതയും സൃഷ്ടിക്കുന്ന തിരമാലകൾ ഗ്യാലറിയിൽ ഉത്ഭവിക്കാറുണ്ട്. പങ്കാളിത്ത വിനോദത്തിന്റെ വളരെ മനോഹരമായ ഒരു ഉദാഹരണമായി നമുക്കതിനെ കാണാം. കളിക്കാർ കളിച്ചുകൊണ്ടിരിക്കുമ്പോൾ കാണികൾ സൃഷ്ടിക്കുന്ന വളരെ വ്യത്യസ്തമായ, കളിയോട് ബന്ധമില്ലാത്ത ആവേശത്തിരമാലകൾ കാണികൾ സ്വന്തം പങ്കാളിത്തം കൊണ്ട് വിനോദത്തെ ഇരട്ടിപ്പിക്കുന്ന പ്രക്രിയയായി ഇതിനെ നമുക്ക് കാണാം.

ഒരു മെക്സിക്കൻ തിരമാല ഗ്യാലറിയിൽ തുടങ്ങാൻ എത്ര മനുഷ്യർ ഒരുമിച്ചു ചേർന്നുയർന്ന് കൈവീശണം എന്നതിനെക്കുറിച്ച് ചില ഗവേഷകർ പഠനം നടത്തിയിട്ടുണ്ട്. വലിയ ഒരു ഗ്യാലറിയിൽ ഇരിക്കുന്ന മുപ്പതു മുതൽ മുപ്പത്തഞ്ചു വരെ ആൾക്കാർ ഒരുമിച്ചെഴുന്നേറ്റ് പലതവണ കൈവീശിയാൽ മെക്സിക്കൻ തിരമാല തുടങ്ങും എന്ന് അതിൽ ചിലത് പറയുന്നു. എണ്ണത്തിന്റെ കാര്യത്തിൽ പല പഠനങ്ങളും വ്യത്യസ്തങ്ങളായ ഫലങ്ങൾ തരുന്നു. പക്ഷേ അതിനെ കണക്കിലെടുക്കാതെ, മെക്സിക്കൻ തിരമാലയെ കുറിച്ച് ചിന്തിച്ചുകൊണ്ട് ജനക്കൂട്ടത്തിന്റെ വിനോദ ആസ്വാദനത്തിനെ കുറിച്ച് ഒരാശയം രൂപീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. എത്രയാൾ കൂടിയാൽ ഒരു മെക്സിക്കൻ തിരമാലയുണ്ടാകും എന്ന ചോദ്യത്തിൽ നിന്നും എത്രപേർ കൂടിയാൽ ഒരു

ജനകീയ മുന്നേറ്റമുണ്ടാകും എന്ന ചോദ്യത്തിലേക്ക് നമുക്കെത്താം. ഈ ചോദ്യം കഴിഞ്ഞ വർഷം കേരളം കണ്ട രണ്ടു പ്രധാന ജനമുന്നേറ്റങ്ങളായ എന്റോസൾഫാൻ പ്രക്ഷോഭത്തിന്റ കാര്യത്തിലും മുല്ലപ്പെരിയാർ പ്രക്ഷോഭത്തിന്റെ കാര്യത്തിലും ചേർത്തുവച്ച് ഒന്ന് ചിന്തിച്ചുനോക്കൂ.

എന്റോസൾഫാനെതിരെ ഒരു ചെറു വിഭാഗം ദീർഘകാലമായി സമരം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. മാധ്യമങ്ങൾ നടത്തിയ വളരെ സൂക്ഷ്മമായ ഇടപെടലും രാഷ്ട്രീയ ഇടപെടലുകളുമൊക്കെയായി അത് കാലങ്ങളായി നടന്നു പോന്നിരുന്നു. എങ്കിലും ഒരു പ്രത്യേക ബിന്ദുവിൽ വച്ച് അത് സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും തൊട്ടു വളരുന്ന ഒരു പ്രക്ഷോഭമായി തീരുകയായിരുന്നു. മുല്ലപ്പെരിയാർ പ്രക്ഷോഭത്തിന്റെ കാര്യത്തിലും ഇത് നിലനിൽക്കുന്നുണ്ട്. അന്തരീക്ഷത്തിൽ ആ വിഷയവുമായി ബന്ധപ്പെട്ടു രൂപം കൊള്ളുന്ന പുതിയ ചലനങ്ങൾക്കപ്പുറം ഒരു വലിയ ജനകീയ പ്രക്ഷോഭത്തിന് മാറാൻ ആവശ്യമായ ക്രിട്ടിക്കൽ മാസ് ആ സമരം ആർജിക്കേണ്ടതുണ്ട്. ഒരു ചെറുകൂട്ടം അവരുടെ അനുഭവത്തിന്റെയും ദുരിതത്തിന്റെയും സ്വാഭാവിക പ്രതികരണം എന്ന നിലയിൽ തുടങ്ങുന്ന പ്രക്ഷോഭം വലിയ ജനസാമാന്യത്തിന് പങ്കാളിത്തത്തിലൂടെ വിനോദം ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിലേക്ക് വളരുന്ന ഒരു ഘട്ടത്തിൽ മാത്രമാണ് ആ പ്രക്ഷോഭം ഒരു വലിയ ജനമുന്നേറ്റമായി മാറാനുള്ള ക്രിട്ടിക്കൽ മാസ് സ്വരുക്കൂട്ടുന്നത്. വിവിധ തലങ്ങളിലുള്ള മാധ്യമങ്ങളിലൂടെ ആ വിഷയം നാടകീയമായ അനേകം ആസ്വാദന-വിനോദ ഉപാധികൾക്ക് വഴിവെച്ചാൽ മാത്രമേ ഇപ്പറയുന്ന ഒരു ക്രിട്ടിക്കൽ മാസ് ഒരുമിച്ചു കൂടുകയുള്ളൂ. ചെറിയ സമരങ്ങളും പ്രക്ഷോഭങ്ങളും വലിയ ജനമുന്നേറ്റമായി മാറുകയുള്ളൂ. ദീർഘകാലം ചെറിയ ചെറിയ സമരങ്ങളും ചർച്ചകളും വിശകലനങ്ങളും ആയി നിലനിന്നിരുന്ന ഇപ്പറഞ്ഞ രണ്ടു പ്രശ്നങ്ങളും സംസ്ഥാനത്തെ ജനങ്ങൾ മുഴുവനും ഏറ്റെടുക്കുന്ന തരത്തിലുള്ള വലിയ പ്രക്ഷോഭമായി മാറുന്നതിന്റെ ചരിത്രം വിനോദം മനുഷ്യനെ പ്രക്ഷോഭകാരിയാക്കിയതിന്റെ കഥകൂടിയാണ്. ഇത് അണ്ണാ ഹസാരെയോടൊപ്പം നിന്ന് ജനലോക്പാലിനു വേണ്ടി നടന്ന സമരത്തിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ അരങ്ങേറിയ ജനകീയ പ്രക്ഷോഭങ്ങളിലും കാണാം.

സാമൂഹികപ്രശ്നങ്ങളും നീതി നിഷേധങ്ങളും വ്യക്തിയുടെ ജീവിച്ചിരിക്കാനുള്ള സ്വാതന്ത്ര്യത്തിനുമേലെപ്പോലും നടക്കുന്ന കടന്നു കയറ്റങ്ങളും യഥാർഥ വിനോദത്തിന്റെ തലത്തിലേക്ക് വളരുന്നത്, വാർത്തകളുടെ വിനോദ അംശത്തെ കഥകളുടെ പാറ്റേണുകളിലേക്ക് സന്നിവേശിപ്പിച്ച് സമൂഹം പിന്തുടരാൻ തുടങ്ങുമ്പോഴാണ്. കഥയുടെ വിവിധ സ്വഭാവങ്ങൾ, ഭാവങ്ങൾ നിറഞ്ഞു നിറഞ്ഞ് യഥാർഥത്തിൽ സംഭവിക്കുന്ന പ്രശ്നത്തിന്റെ ഒരു വൈകാരിക ഭാഷാന്തരം വലിയ ജനവിഭാഗങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെടുന്നു. ബഹുഭൂരിപക്ഷം വാർത്തകളുടെ കാര്യത്തിലും സംഭവിക്കുന്നത് ഇത്രമാത്രമാണ്. സംഭവത്തിന്റെ വൈകാരികതലം വാർത്തയിലൂ

ടെ, ചർച്ചകളിലൂടെ, വിനോദ ഉപാധിയായി ആസ്വദിക്കുന്നു. പക്ഷേ ചില സംഭവങ്ങൾ സൃഷ്ടിക്കുന്ന ആസ്വാദനതലം അതിലും അപ്പുറത്ത് വളരുന്നു.

വർഷങ്ങളായി ഭീതിയുടെ വികാരത്തെ ഉത്തേജിപ്പിക്കാൻ പര്യാപ്തമായ തരത്തിൽ മുല്ലപ്പെരിയാർ വിഷയം നമുക്ക് മുന്നിൽ എത്തിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ആ വിഷയത്തിൽ സമരം ചെയ്തുകൊണ്ടിരിക്കുന്നവർ നാടിന്റെ പലഭാഗങ്ങളിലും നടക്കുന്ന മറ്റനേകം സമരങ്ങൾക്ക് സമാനമായ തരത്തിൽ ഇടയ്ക്കിടെ മാത്രം ചെറിയ ശ്രദ്ധ ലഭിച്ച് അതിൽ തന്നെ തുടർന്നു. എന്നാൽ ഒരു പ്രത്യേക ബിന്ദുവിൽവെച്ച് ആ പ്രശ്നത്തിന്റെ നാടകീയ സാധ്യത അരേഖീയമായി പെരുത്തു. ചെറുഭൂകമ്പങ്ങളും അതേ പ്രശ്നത്തെ കൂടുതൽ നാടകീയവത്കരിക്കാൻ ശ്രമിക്കുന്ന സിനിമയും എല്ലാം ഒരുമിച്ചു വന്നതോടെ പ്രാതിനിധ്യ വിനോദത്തിന്റെ സാധ്യതയിലേക്ക് മുല്ലപ്പെരിയാർ പ്രശ്നം വളരുകയായിരുന്നു. ഓരോരുത്തരും അവർക്കാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ആ വിഷയത്തെ സ്വന്തമാക്കാൻ തുടങ്ങുന്നു. ചിലർ സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിൽ തങ്ങൾക്കാകുന്ന തരത്തിൽ പ്രചരണങ്ങൾ നടത്തുന്നു. രാഷ്ട്രീയക്കാർ നടത്തുന്ന സമരത്തിനൊപ്പം കൂടുന്നു. ഉപവാസം കിടക്കുന്നവരെ കാണാൻ യാത്രകൾ നടത്തുന്നു. വലിയ മനുഷ്യമതിൽ മുതൽ ചെറിയ മനുഷ്യചങ്ങലകൾ വരെ ഒരുക്കുന്നു. ഓരോ ചെറുപ്രവർത്തനവും ആസ്വാദനത്തിന്റെ തലത്തെ പെരുപ്പിക്കുന്നു. കേവലം സ്വീകരണ മുറിയിൽ ഇരുന്നു കൊണ്ട് നടന്നുകൊണ്ടിരിക്കുന്ന ആസ്വാദനത്തിന്റെ തലത്തെ പ്രവൃത്തികൊണ്ട് പെരുപ്പിക്കാനായി തയ്യാറാകുമ്പോൾ വളരെ സ്വാഭാവികമായി പ്രക്ഷോഭകാരികളെ ജനിപ്പിക്കുന്നു. വിനോദ വ്യവസായത്തിന്റെ സ്വാഭാവിക സന്തതി എന്ന നിലയിൽ പ്രക്ഷോഭങ്ങൾ രൂപം കൊള്ളുന്നതു കൊണ്ട് സംഭവിക്കുന്ന പ്രശ്നങ്ങൾ മുല്ലപ്പെരിയാർ പ്രശ്നത്തെ സംബന്ധിച്ച് ഉരുത്തിരിയുന്ന പരിഹാരശ്രമങ്ങളിൽ നമുക്ക് കാണാം. യുക്തിഭദ്രമായ പരിഹാരമാർഗങ്ങളെ തിരയാതെ കേവലം നാടകീയതയുടെ പിന്നാലെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതൃത്വങ്ങൾ പാഞ്ഞുനടക്കുന്നത് വളരെ ആഴമുള്ള പ്രശ്നങ്ങളെപ്പോലും ഒരു വിനോദോപാധിക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ കഴിയാതെ തളച്ചിടുന്നു.

വിനോദം പ്രക്ഷോഭകാരിയെ നിർമിച്ചെടുക്കുന്നത് ഇങ്ങനെയാണ്. ആസ്വാദനത്തിന്റെ അത്യുത്തരതലത്തിൽ മനുഷ്യനെ കേവലം ആസ്വാദകൻ എന്ന തലത്തിൽ നിന്നും കഥയിൽ തന്നെ ഇടപെടുന്നവൻ എന്ന തലത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന പ്രക്രിയയാണത്. ലോകം മുഴുവൻ അരങ്ങേറിയിട്ടുള്ള പ്രക്ഷോഭങ്ങളിലും ഇത്തരത്തിൽ പ്രാതിനിധ്യത്തിലൂടെ വിനോദം തിരയുന്ന മനുഷ്യ മനസ്സിന്റെ നിഗൂഢത നമുക്ക് ഇഴപിരിച്ചെടുക്കാനാകും. പുതിയ കാലത്തെ മാധ്യമസംസ്കാരം അത്തരം ആസ്വാദന രീതിയെ കൂടുതൽ പ്രോജ്ജ്വലിപ്പിക്കുന്നതായി അടുത്തകാലത്തായി അരങ്ങേറിയ പ്രക്ഷോഭങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

# 4. നവസാങ്കേതികതയും സംസ്കാരവും–കാര്യങ്ങൾ മാറുന്നില്ല!

ഡോ. ടി. ജിതേഷ്

*കണ്ണേ മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു*
*മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ*
*എണ്ണീടുകാർക്കുമിതുതാൻ ഗതി സാധ്യമെന്തു*
*കണ്ണീരിനാൽ അവനിവാഴ്‌വു കിനാവു കഷ്ടം!*

*(വീണപൂവ്, കുമാരനാശാൻ 1920 ജൂലൈയിൽ പ്രസിദ്ധീകരിക്കപ്പെട്ട മിതവാദിയിൽ നിന്ന്.)*

*സിക്രട്ടറിയേറ്റ് ഒരു പരിശുദ്ധ ഡിപ്പാർട്ട്മെന്റായിട്ടാണ് മുമ്പു കരുതിയിരുന്നത്. ദിവാൻ രാജഗോപാലാചാരി അവർകൾപോലും തിയ്യരെ അവിടെ ഉദ്യോഗത്തിനു വയ്ക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. തിരുവിതാംകൂർ ദിവാൻ കൃഷ്ണന്നായർ അവർകളുടെ കാലത്ത് അവിടെ ഒരു ഒഴിവു വന്നപ്പോൾ അദ്ദേഹം ഒരു തിയ്യനെ നിശ്ചയിച്ചു. ഈ പ്രവൃത്തിയുടെ ഗൗരവം മഹാരാജാവു തിരുമനസ്സിലെയും മറ്റും വിശ്വാസങ്ങളുടെ ശക്തി അറിഞ്ഞവർക്കുമാത്രമേ ഗണിക്കുവാൻ സാധിക്കുകയുള്ളൂ. തിരുമനസ്സിൽ നിന്ന് ഒപ്പിടുവാനായി സിക്രട്ടറിയറ്റിൽ നിന്നു ചില കടലാസുകൾ ഒരിക്കൽ തയ്യാറാക്കി അയച്ചതു പുലയുള്ള ഏതോ ഒരു നായർ ക്ലാർക്കായിരുന്നു വത്രേ. അതു തിരുമനസ്സിൽനിന്ന് എങ്ങനെയോ അറിഞ്ഞ് വളരെ വ്യസനിച്ചു. കടലാസുകൾ നൂലുകൊണ്ടു തുന്നിയതായിരുന്നു തിരുമനസ്സിലേക്കു ഒട്ടും സഹിക്കാതെയിരുന്നത്. വല്ല മൊട്ടുസൂചികൾ കൊണ്ടും കുത്തിയതായിരുന്നുവെങ്കിൽ തീണ്ടൽ സഹിക്കാമായിരുന്നു. ലോഹത്തിനു തീണ്ടൽ കുറയുമല്ലോ. നൂലായതുകൊണ്ട് അതു നിശ്ചയമായും അശുദ്ധമായിരിക്കുന്നു എന്നാണ് തിരുമനസ്സിൽ നിന്നു തീർച്ചപ്പെടുത്തിയത്. ഇങ്ങനെയുള്ള വിശ്വാസങ്ങൾ പ്രബലമായിരിക്കുന്ന രാജ്യത്ത് തിയ്യനെ*

*സിക്രട്ടറിയറ്റിൽ ക്ലാർക്കായി വയ്ക്കുക എന്നതു നിസ്സാരകാര്യമൊന്നു മല്ല.* (പുറം 308, പി.ഭാസ്കരനുണ്ണി, കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, 2005, കേരളസാഹിത്യ അക്കാദമി, തൃശൂർ)

കാലം നവസാങ്കേതികതയുടെ വെർചൽ ലോകത്തെത്തി നിൽക്കു മ്പോൾ മലയാളത്തിന്റെ ആദ്യനോവലായ ഇന്ദുലേഖ അവതരിപ്പിച്ച കാല ത്തിന്റെ സാങ്കേതികപരാമർശങ്ങൾ പരിഗണിക്കേണ്ടിവരും. ഇവിടെ ഇന്ദുലേഖയെ പുനർവിചാരണയ്ക്കു വിധേയമാക്കുകയല്ല. നാടുവാഴിത്ത വ്യവസ്ഥയുടേയും മരുമക്കത്തായത്തിന്റെയും ശേഷിപ്പുകളിലേക്ക് ഒരു ഓർമപ്പെടുത്തലായി 1889-ൽ ചന്തുമേനോൻ പകർത്തിയിട്ട ജീവിതങ്ങളെ അടുത്തറിയുകയാണെങ്കിൽ, അതു റിയലിസത്തിന്റെ ഏറ്റവും വലിയ ആവിഷ്കാരമായി സ്വീകരിക്കേണ്ടിവരുമെന്ന തിരിച്ചറിവിനെ ഓർമപ്പെടുത്തി യെന്നുമാത്രം. നിലനിന്ന വ്യവസ്ഥകളെയും ജീവിതരീതികളെയും വിമർശനബുദ്ധിയോടെ നോക്കിക്കണ്ടതും അതു പലതരം പുനരാലോചന കൾക്കു വിധേയമാവേണ്ടിവന്നതും ഇന്ദുലേഖ ഉയർത്തിവിട്ട സംസ്കാര ത്തിന്റെ സ്വാധീനം കൊണ്ടുകൂടിയാണ്. എങ്കിലും നോവൽ വായനയെന്ന പുതിയ സമ്പ്രദായത്തെ ധാരാളം അനുകരണങ്ങളോടെ സ്വീകരിച്ച വായനാ സംസ്കാരത്തെയാണ് ഈ യഥാതഥ കാഴ്ചപ്പാട് ഉണ്ടാക്കിയെടുത്തത്.

പല പടവുകൾ താണ്ടി നൂറുവർഷങ്ങൾക്കിപ്പുറം അതെത്തി നിൽക്കുന്നത് ഒരിക്കലും തിരിച്ചുപോകാനാവാത്ത കുളത്തിനും, മരണ മായെങ്കിലും തന്നെ സ്വീകരിക്കാത്ത ദൈവങ്ങൾക്കുമിടയിൽ പരാജയപ്പെട്ടു നില്ക്കുന്ന തവളയെ അവതരിപ്പിച്ച സക്കറിയയിലാകുമ്പോൾ പല ചിന്ത കളെയും ആധുനിക മനുഷ്യന്റെ വ്യഥകളിലേക്കും നവസാങ്കേതികതയുടെ ഊരാക്കുടുക്കുകളിലേക്കും പരിവർത്തിപ്പിക്കുകയാണെന്നു തോന്നുന്നതിൽ അത്ഭുതമില്ല.

ദൈവങ്ങൾക്കും മനുഷ്യനുമിടയിൽ ദൂരം കുറയുന്നതെങ്ങനെ എന്ന ആലോചന ഹിഗ്സ്ബോസോണിനെ (ദ്രവ്യത്തിനു പിണ്ഡം നല്കുന്ന കണം ഏതെന്ന അന്വേഷണം-1964ൽ ആരംഭിച്ചത്.) ദൈവകണമെന്ന അപരനാമത്തിലേക്കു പരിവർത്തിപ്പിക്കുന്നതിന്റെ രഹസ്യത്തിലേക്കാണു തിരിച്ചു വിടേണ്ടത്. ദൈവരാജ്യമോ ദൈവ ശിക്ഷയോ ദൈവനീതിയോ പോലെയുള്ള വേവലാതികളെ ദൈവകണമാക്കി ചുരുക്കുന്ന മനുഷ്യ പ്രകൃതത്തെയാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. ആയിരത്താണ്ടുകളിലൂടെ വികസിക്കപ്പെട്ട മനുഷ്യസംസ്കൃതി എല്ലായ്പോഴും അതിന്റെ പരിണാമ ഘട്ടങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇത്തരം കാഴ്ച യെയും ചരിത്രത്തെയും ദൈവങ്ങളുടെ നിലവിളികളാക്കി ചുരുക്കുന്നതിന്റെ പ്രത്യയശാസ്ത്രത്തെ തിരിച്ചറിയുക കൂടി വേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ സാങ്കേതികതയും സംസ്കാരവും എത്രത്തോളം വിരുദ്ധ ധ്രുവങ്ങളിലല്ല എന്നു കണ്ടെത്താനാവുകയുള്ളൂ. ജീവിതത്തിന്റെയും

സംസ്കാരത്തിന്റെയും നൈതികതയെ ബഹുസ്വരതയുടെ കാഴ്ചപ്പെടലുകളായി കാണുകയും കൃത്യമായ ഒരാശയം നല്കാതിരിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്.

ഗുട്ടൻബർഗു കണ്ടുപിടിച്ച അച്ചടിവിദ്യ മുതൽ എഴുത്തിനെയും സംസ്കാരത്തെയും സ്വാധീനിച്ച ഒരുപാടു കാര്യങ്ങൾ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വിവരസാങ്കേതികതയുടെ വളർച്ചയോടെ കണ്ടുപിടുത്തങ്ങളുടെ ആവൃത്തി തൊട്ട് മുൻപേപോയ ഏതൊരു കാലത്തേക്കാളുമധികം വർധിച്ചിരിക്കുകയുമാണ്. ചക്രങ്ങളിൽ നിന്നും യന്ത്രയുഗത്തിലേക്കെത്തുവാനെടുത്ത ദൂരത്തേക്കാൾ ചെറുതാണ് അതിനുശേഷം മനുഷ്യകുലം കണ്ടതും നേടിയതും എല്ലാം.

ടെക്നോളജി എന്ന പദമാണു സാങ്കേതികത എന്നു വിവർത്തനം ചെയ്യപ്പെട്ടത്. ഉപകരണങ്ങളും അവയുടെ നവീകരണവും സംബന്ധിച്ച അറിവിനെയാണ് ഇത് അർഥമാക്കുന്നത്. ആധുനികസമൂഹത്തിൽ ഈ പദത്തിന് അതുണ്ടായ കാലത്തേതിൽ നിന്നു വ്യത്യസ്തമായ അർഥമുണ്ടായി. ഇരുപതാംനൂറ്റാണ്ടിന് മുൻപ് ടെക്നിക്കൽ വിദ്യാഭ്യാസം എന്ന അർഥത്തിൽ ഉപയോഗിച്ചിരുന്ന ഈ പദം പിന്നീട് ഉപകരണങ്ങളുടെ സഹായത്തോടെ രൂപപ്പെടുത്തുന്നവയെ വിശദീകരിക്കുന്നതായിത്തീർന്നു. ഇന്നു വിവരസാങ്കേതികത എന്ന അർഥത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന ഈ വാക്ക് മനുഷ്യസമൂഹത്തിന്റെ പരിണാമത്തിൽ മുഖ്യ പങ്കു വഹിക്കുന്നു. വ്യാവസായിക വിപ്ലവത്തിനുശേഷം ടെക്നോളജിക്കൽ റെവല്യൂഷൻ എന്ന പദത്തിനു ലഭിച്ച വ്യാഖ്യാനങ്ങൾ പരിശോധിക്കുകയാണെങ്കിൽ അന്യഗ്രഹങ്ങളോളം ചെന്നെത്തിയ മനുഷ്യന്റെ വിജ്ഞാനമേഖലകളെയാകെ നിയന്ത്രിക്കുന്നതിൽ സാങ്കേതികത എന്ന പദത്തിനു വലിയ സ്വാധീനമുള്ളതായി കാണാം.

കേരളീയ നവോത്ഥാനകാല സങ്കല്പങ്ങളിലും പരിണാമഗതിയിലും നേരിട്ടും അല്ലാതെയും സാങ്കേതികതയ്ക്കു വളരെയേറെ സ്വാധീനംചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. പനയോലകളിൽ പകർത്തിയെഴുതിക്കൊണ്ടിരുന്ന കാലത്തുനിന്നും അച്ചടിമഷി പുരളുന്ന കടലാസുകളിലേക്കെത്തിയ ദൂരത്തേക്കാൾ ചെറുതാണ് കടലാസുകളിൽ സംഭവിച്ച പരിണാമങ്ങളുടെ വേഗത. എഴുത്തുപുസ്തകം നോട്ടുബുക്കായിത്തീരുകയും എഴുത്തും വായനയും ഇ-തരത്തിലേക്കെത്തുകയും ചെയ്ത ഒരു കാലത്തിന് എഴുത്തിന്റെയും വായനയുടെയും മാധ്യമങ്ങളെ മാറ്റിത്തീർക്കുന്നതിനും അതുവഴി വായനാസംസ്കാരത്തിലും സമൂഹം രൂപപ്പെടുത്തിയ മൂല്യബോധങ്ങളിലും ഒട്ടേറെ പരിവർത്തനങ്ങൾ സംഭവിപ്പിക്കാനും കഴിഞ്ഞു. ഇന്ദുലേഖ (1889)യെന്ന നോവലിലെ കഥാഗതിയിൽ വഴിത്തിരിവായത് ശിന്നന്റെ ഇംഗ്ലീഷ് പഠനമാണെന്നും അതു മദിരാശിയിലേക്കുള്ള യാത്രയിലവസാനിക്കുന്നുവെന്നും കാണുക. മാറ്റങ്ങളെ

ആശ്ലേഷിക്കുന്നതിലും അതിനെ പുതിയ അനുഭവങ്ങളായി സ്വീകരിക്കുന്നതിലും പുതുതലമുറ കാണിക്കുന്ന ആർജവം എല്ലായ്പോഴും വ്യത്യസ്തമാണ്. ഇന്ദുലേഖയ്ക്കിന്ന് എത്ര വയസ്സായിരിക്കും? നോവലിൽ പതിനെട്ടു വയസ്സാണവർക്കു പ്രായം. 2012–1889=123+18=141 എന്നു കണക്കാക്കുമെങ്കിൽ 141 ആയിരിക്കുമല്ലോ ഇന്ദുലേഖയുടെ ഇപ്പോഴത്തെ വയസ്സ്. എഴുപതു വയസ്സുള്ള ഇന്ദുലേഖയെ ഉദാഹരണ മായെടുത്താൽ കാലം 1889+(70–18)=1941. സ്വാതന്ത്ര്യത്തിനും കിറ്റ് ഇന്ത്യാ സമരത്തിനും മുമ്പ് എഴുപതുകാരിയായ ഒരു സ്ത്രീ പുതിയ മാറ്റങ്ങളോട് പ്രതികരിക്കുന്നതെ ങ്ങനെയായിരിക്കും? ഓരോ കാലത്തിനും ഉണ്ടാകുന്ന മാറ്റങ്ങളോടു മുൻതലമുറ പ്രതികരിക്കുന്ന രീതിയെക്കുറിച്ചുതന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു. നേരത്തേ കണ്ട അതേ ആർജവത്തോടെ 1941 ലെ ഇന്ദുലേഖ പ്രതികരിക്കണമെന്നില്ല. സാധാരണ സാഹചര്യങ്ങളിൽ 'ഇന്ദുലേഖ, കാര്യങ്ങൾ മാറുകയാണ്' എന്ന പരസ്യവാചകത്തെയായിരിക്കും ഓർമപ്പെടുത്തുക.

സംസ്കാരമെന്നതു വ്യത്യസ്ത സാഹചര്യങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിലൂടെ വ്യത്യാസപ്പെടുന്ന ഒന്നാണ്. മലയാളിയുടെ സംസ്കാരം വടക്കു മഞ്ചേശ്വരം മുതൽ തെക്കു പാറശ്ശാല വരെ വിവിധ കാരണങ്ങൾ കൊണ്ടു വ്യത്യാസപ്പെട്ടിരിക്കുന്നു. ഭാഷാഭേദങ്ങളിൽ മുതൽ ആചാരവിശേഷങ്ങളിൽ വരെ ഈ വ്യത്യാസം കാണാം. ഇത്തരം വ്യത്യാസങ്ങളെ മറികടക്കുന്നതിനു സഹായകമായ സംഭവം സാങ്കേതികതയിലുണ്ടായ മാറ്റങ്ങൾ തന്നെ. എഴുത്തിലും വായനയിലും മാത്രമല്ല, നിത്യോപയോഗവസ്തുക്കളിലും വാഹനങ്ങളിലും മറ്റും കാണാൻ കഴിയുന്ന ഐക്യപ്പെടൽ സാങ്കേതികതയുടെ മാത്രം സൃഷ്ടിയാണ്. അതുകൊണ്ടു തന്നെ സാങ്കേതികമായ പുരോഗതികൾക്ക്/സൃഷ്ടികൾക്ക് സംസ്കാരത്തിൽ ഗണ്യമായ സ്വാധീനമുണ്ടെന്നു കാണാവുന്നതാണ്.

ഇ-തരമെന്നു വ്യവഹരിച്ച മാറ്റങ്ങൾ നമ്മുടെ മൂല്യബോധത്തിൽ വരുത്തിയ പരിണാമം ഒരു ചെറിയ ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. ദൃശ്യവിപ്ലവമെന്നോണം കടന്നുവന്ന ടെലിവിഷൻ ആദ്യകാലത്തു വിമർശിക്കപ്പെട്ടത് വിഡ്ഢിപ്പെട്ടിയെന്ന നിലയിലായിരുന്നു. എഴുത്തുകാരും സാംസ്കാരികപ്രവർത്തകരും കാണിച്ചുതരുന്നതിനെ മാത്രം കാണുകയെന്ന ദുരന്തത്തിലേക്കു പരിവർത്തിപ്പിക്കുന്നവയാണ് ടെലിവിഷൻ നൽകുന്ന ജന്നൽക്കാഴ്ചകളെന്ന പരിമിതിയിലേക്കാണ് വിമർശകർ വിരൽ ചൂണ്ടിയിരുന്നത്. എന്നാൽ ഇന്നു മാധ്യമത്തോടുള്ള ഇടപെടൽകൂടി സാധ്യമാക്കുന്ന മൾട്ടി മീഡിയ ക്ലാസ്റൂമുകൾ കാഴ്ചയെയും കേൾവിയെയും ത്രിമാനദൃശ്യങ്ങളെയും പഠനസാധ്യതയുള്ള ഒന്നാക്കി മാറ്റിയിരിക്കുന്നു. ഈ പഠനസാധ്യത വരുംകാലത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന് പുതുതലമുറയെ സജ്ജമാക്കുകയാണു ചെയ്യുന്നത്.

യാത്രകൾക്കു ശബ്ദവും നിറവും പകരുന്നതിനായി വീഡിയോ ക്കാഴ്ചകൾ വേണ്ടിയിരുന്ന ബസ്സുകൾ വിവാഹപ്പാർട്ടികളെയും വിനോദ

യാത്രാസംഘങ്ങളെയും ആകർഷിച്ചിരുന്ന കാലത്തിൽനിന്നും ഓരോരുത്തർക്കും സ്വന്തമായി സിനിമകളിലേക്കും മ്യൂസിക്കിലേക്കും വായനയിലേക്കും എത്തിച്ചേരാൻ കഴിയുന്ന കണ്ണടകളിലേക്കാണു ലോകം പരിവർത്തിക്കപ്പെട്ടിരിക്കുന്നത്. ഈ കണ്ണടകൾ പുറംകാഴ്ചകളിലുപരി യായി സ്വരുക്കൂട്ടിയ കാഴ്ചകളിലേക്കുമാത്രം മനുഷ്യനെ നിലനിർത്തുമോ എന്നു കണ്ടറിയേണ്ടിയിരിക്കുന്നു. ഇതേവരെയുള്ള സാങ്കേതികവിപ്ലവ ചരിത്രം പരിശോധിക്കുകയാണെങ്കിൽ സാധ്യത കുറവാണ്. കാരണം ടെലിവിഷൻ കാഴ്ചയോടെ വിസ്മൃതിയിലേക്കെത്തുമായിരുന്ന റേഡിയോ വീണ്ടും പുനരുജ്ജീവിപ്പിക്കപ്പെടുന്നത് പുതിയ കാലത്തിന്റെ സവിശേഷതയാണ്. അതുകൊണ്ടുതന്നെയാണ് ഇത് ഇ–കാലവും ഇ–തരവുമായിത്തീരുന്നത്. മാത്രമല്ല, ഓരോ കണ്ടുപിടുത്തവും ഓരോ പുതിയ അനുഭവരീതികളും ഏറ്റെടുക്കുകയും മനുഷ്യചരിത്രത്തോടൊപ്പം ചേർക്കുകയുമാണ് ചെയ്യുന്നതും.

സാങ്കേതികമായ പുരോഗതി ഉയർത്തുന്ന വെല്ലുവിളികൾ ഏറെയാണ്. നമ്മുടെ സാംസ്കാരികാവബോധത്തിൽ കൃത്രിമമായ ചില ഇടപെടലുകൾ നടത്താൻ സാങ്കേതികതക്ക് കഴിയും. സാങ്കേതികത ചടുലതയ്ക്ക് ഊന്നൽ നൽകുന്നതു കൊണ്ടു കൂടിയാണത്. ചടുലമായ നീക്കങ്ങൾ ജോലിസമയത്തിലുപരി ജോലിയുടെ വേഗത്തെ, അതായത് രണ്ടു ദിവസത്തെ ജോലി ഒറ്റ ദിവസംകൊണ്ടോ; ഒരാഴ്ചകൊണ്ടു നടത്താവുന്ന ജോലി ഒറ്റമണിക്കൂർകൊണ്ടോ സാധ്യമാക്കുന്ന തരത്തിലേക്കു പരിവർത്തിപ്പിക്കുന്നു. ഇത് ഓരോതരം പ്രവൃത്തിയുടെയും കാര്യകാരണങ്ങളുടെ സാധുതകളിൽ മാറ്റങ്ങളുണ്ടാക്കുന്നു. പുരാവസ്തുവിജ്ഞാനത്തിലായാലും പ്രാചീനകാവ്യശാഖാപഠനങ്ങളിലായാലും ചരിത്രപഠനങ്ങളിലായാലും ഇതിന്റെ സ്വാധീനത വ്യക്തമായികാണാൻ കഴിയും. കഥകളിയെന്ന കലാരൂപത്തെ ഏതാനും മണിക്കൂറുകളിലേക്കു പരിവർത്തിപ്പിച്ചതു തന്നെ ജീവിതസാഹചര്യങ്ങളുടെ മാറ്റമാണ്. ഒരു സാംസ്കാരിക ഉത്പന്നമെന്ന നിലയിൽ കാണാവുന്ന ഈ കല സാങ്കേതികതയുടെ മാറ്റങ്ങളെ സ്വാംശീകരിച്ച് നിലനില്പു കണ്ടെത്തുന്നു എന്നാണു മനസ്സിലാക്കേണ്ടത്.

ദസ്തയേവ്സ്കിയുടെ കുറ്റവും ശിക്ഷയും എന്ന നോവലിലെ റസ്കാൾ നിക്കോഫിന്റെ പ്രവൃത്തികൾ ആ കാലത്തെ സംഭവങ്ങളുമായി ബന്ധിപ്പിച്ചു മാത്രമാണു കാണാൻ കഴിയുക. ഒരുപക്ഷേ, അന്നത്തെ സാങ്കേതികതയെ ഉപജീവിക്കുന്ന ആ നോവൽ ഇക്കാലത്തേക്കു പരിവർത്തിപ്പിക്കുകയാണെങ്കിൽ പല സംഭവങ്ങളും മാറ്റിയെഴുതേണ്ടിവരും. നോവലിലെ ഒരു സന്ദർഭം നോക്കുക. The little room into which the young man walked, with yellow paper on the walls, geraniums and muslin curtains in the windows, was brightly lighted up at that moment by the setting sun. “So the sun will shine like this then too!” flashed as it were by chance through Raskolnikov’s mind, and with a rapid glance he scanned

everything in the room, trying as far as possible to notice and remember its arrangement. But there was nothing special in the room. The furniture, all very old and of yellow wood, consisted of a sofa with a huge bent wooden back, an oval table in front of the sofa, a dressing-table with a looking-glass fixed on it between the windows, chairs along the walls and two or three half-penny prints in yellow frames, representing German damsels with birds in their hands- that was all. In the corner a light was burning before a small ikon. Everything was very clean; the floor and the furniture were brightly polished; everything shone. ലിസവൃത്തയെന്ന വൃദ്ധയെ കൊല്ലേണ്ടി വന്ന സാഹചര്യം പോലും കാലത്തിനനുസൃതമായി വായിക്കേണ്ട ഒന്നാണ്. വർത്തമാനകാല മാധ്യമ സംസ്കാരത്തിൽ അത്തരം സംഭവങ്ങളെ പലതരം പ്രോഗ്രാമുകൾക്കുമുള്ള അവസരമായി കാണുന്നതിനാൽ കഥയുടെ പുരോഗതിയിൽ പലതും രഹസ്യമെന്നതിലപ്പുറം കഥാപാത്രത്തിന്റെ വികാരവിചാരങ്ങളെ സമ്മിശ്രമായ പ്രവൃത്തികളിലേക്കു നയിക്കുന്ന ഒന്നായിത്തീരും. പക്ഷേ, ഒന്നിനെയും അങ്ങനെ മാറ്റേണ്ടതില്ല.

ഷെർലക് ഹോംസിനെ മാറ്റിയെഴുതുകയാണെങ്കിൽ ടെലിഗ്രാമും ഫോണും കുതിരവണ്ടിയും അതിന്റെ വേഗവും കഥാഗതിയെ നയിക്കുന്നതിനെ മാറ്റിയെഴുതാനാവില്ല. ഒരു സന്ദർഭം കാണുക– ഒൻപതു മണിയോടുകൂടിയാണ് ഹോംസ് തിരിച്ചെത്തിയത്. അദ്ദേഹം വിളറിയും ക്ഷീണിച്ചും വിശപ്പും ബലഹീനതയും മൂലം തളർന്നും ദേഹമാകെ പൊടിയണിഞ്ഞും കാണപ്പെട്ടു. തണുത്തുമരവിച്ച അത്താഴം മേശപ്പുറത്തുണ്ടായിരുന്നു. ഭക്ഷണം അകത്താക്കി പൈപ്പും കത്തിച്ചു കഴിഞ്ഞപ്പോൾ,.... കുതിരവണ്ടികളുടെ ചക്രം ഉരുളുന്ന ശബ്ദംകേട്ട് ഹോംസ് എഴുന്നേറ്റ് ജനലിലൂടെ വെളിയിലേക്ക് ഉറ്റുനോക്കി നിന്നു. ഡോക്ടറുടെ വസതിക്കു മുന്നിൽ ഒരു കുതിരവണ്ടി നിന്നിരുന്നു (പുറം 1050). കാലാനുസൃതമായി ഇത്തരം പ്രയോഗങ്ങളിൽ നിന്നുമുള്ള മാറ്റം ഉന്നം വെയ്ക്കുന്നുണ്ടെങ്കിൽ ഡാവിഞ്ചി കോഡിന്റെ സാങ്കേതികത തന്നെയായിരിക്കും നല്ലത്. സന്ദർഭം കാണുക–"Ten digits," Sophie said, her cryptologic senses tingling as she studied the printout. 13-3-2-21-1-1-8-5 *Grand-pere wrote his account number on the Louvre floor!* When Sophie had first seen the scrambled Fibonacci sequence on the parquet, she had assumed its sole purpose was to encourage DCPJ to call in their cryptographers and get Sophie *involved*. Later, she realized the numbers were also a clue as to how to decipher the other lines-*a sequence out of order... a numeric anagram*. Now, utterly amazed, she saw almost certainly the final key to opening her grandfather's mysterious safe-deposit box. (അധ്യായം 44, പുറം 203) ആ മാറ്റം കാലത്തിന്റെ മാറ്റമാണ്. ലൂസിഫറിനെ വഞ്ചകനാക്കി മാറ്റിയതും

യൂദാസിനെ ഒറ്റുകാരനാക്കിയതും ഗാന്ധാരിയെ അന്ധയാക്കിയതും കാലത്തിന്റെ കൂടി ഇടപെടലിലാണ് സംഭവിച്ചത്.

ചൈനയിലെ പട്ടുനൂൽ മെഡിറ്ററേനിയൻ ദേശത്തെത്തിയതും സാംസ്കാരികമായ ഒരുപാടു മാറ്റങ്ങൾക്ക് അതുവഴിവെച്ചതും ചരിത്ര നിയോഗമാണ്. ഈ നിയോഗത്തെയാണ് സാങ്കേതികമായ പ്രക്രിയകൾ എടുത്തുകാട്ടുന്നതും. ഹ്യുയാൻസാങ്ങും ഫാഹിയാനും മാർക്കോപോളോവും മഗല്ലനും മറ്റും സഞ്ചരിച്ച ദൂരത്തെയും അറിഞ്ഞ സംസ്കാരത്തേയും സാങ്കേതികമായ പുരോഗതികൾ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. വന്മതിലും കൊളോസിയവും പിരമിഡും നിർമിക്കാനുപയോഗിച്ച അധ്വാനത്തെ സാങ്കേതികതയുടെ നെടുമ്പുരകൾ കെട്ടി അളന്നുനോക്കുകയും ചെയ്യാറുണ്ട്. അവിടെയെല്ലാം സാംസ്കാരികമായ അടയാളപ്പെടുത്തലുകളിലേക്ക് അവരെ നയിച്ച പ്രവൃത്തികളാണ് കാണാൻ കഴിയുക. പുതിയകാലത്തിനു സംഭാവ്യമാക്കാൻ കഴിയുന്ന പുതിയ രീതികളെയാണു തിരിച്ചറിയേണ്ടത്. അതിനെയാണു വിലയിരുത്തേണ്ടതും പഠിക്കേണ്ടതും.

സാംസ്കാരികമായ ഉന്നതികളെ വംശീയമായ പ്രശ്നങ്ങൾ കൊണ്ട് ഇല്ലാതാക്കിത്തീർക്കുന്ന പ്രവണത ഇന്നും നിലനില്ക്കുന്നു. എത്ര ഇലക്ട്രോണിക് സംവിധാനങ്ങളുണ്ടെങ്കിലും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വിഭാഗീയതയുടെയും സാധ്യതകളെ കണ്ടെത്തുന്നതിനും ആക്രമിക്കുന്നതിനുമാണ് ഓരോരുത്തരും ശ്രമിക്കുന്നത്. ജാതിശ്രേണീ സംവിധാനത്തിലധിഷ്ഠിതമായ സമൂഹത്തെ ഇന്നും പൂരിപ്പിക്കാൻ ശ്രമിക്കുന്ന ഇന്ത്യൻസാഹചര്യം പടിഞ്ഞാറിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഗോത്രവിശുദ്ധിയുടെ പേരിൽ തീണ്ടാപ്പാടകലെ നിൽക്കുന്ന വ്യത്യസ്ത ജാതികളും സവർണനും അവർണനും ഒരുപോലെ അതു പാലിക്കുന്ന പ്രവണതയും മാറാത്തിടത്തോളം സംസ്കാരമെന്ന നമ്മുടെ ആശയത്തെ പുറകോട്ടുമാത്രം നയിക്കുന്ന ഒന്നായി ഓരോ സാങ്കേതികപുരോഗതിയും മാറും. ഭൗതിക പുരോഗതിയെ വരെ വിശ്വാസങ്ങളുടെ നൂൽബന്ധങ്ങളിൽ ചേർത്തു കെട്ടുന്നത് അതുകൊണ്ടാണ്. പാലം പണിയുന്നതുമുതൽ ബഹിരാകാശഗവേഷണം വരെ വിശ്വാസങ്ങളോടൊപ്പം മാത്രമുള്ള ആത്മവിശ്വാസങ്ങളായിത്തീരുകയും അല്ലാത്തതെല്ലാം ഭയപ്പെടേണ്ടതാവുന്നതും അതുകൊണ്ടാണ്.

പ്രജ്ഞാനേത്രംകൊണ്ടു ദർശിച്ച രൂപത്തെ ആദാനപ്രദാനങ്ങൾ വഴി സൗന്ദര്യദർശനത്തിനനുസൃതമായി രൂപപ്പെടുത്തിയെടുക്കുന്നതിനെയാണ് ഔചിത്യമെന്നു പറയുന്നത്. ജീവിതത്തിൽ മാത്രമല്ല, കലയിലും സാഹിത്യത്തിലും ഔചിത്യം ദീക്ഷിക്കേണ്ടിയിരിക്കുന്നു. വ്യക്ത്യധിഷ്ഠിതമായ ഏതുതരം പ്രശ്നങ്ങളുടെ പേരിലും ഔചിത്യാധിഷ്ഠിതമല്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നതു വിമർശനം ക്ഷണിച്ചുവരുത്തും. പ്രയോഗത്തിലും സംവിധാനത്തിലും തികഞ്ഞ അടക്കമില്ലാതെ എന്തിനെയും തോന്നുന്നതുപോലെ വിമർശിക്കുന്ന പ്രവണത പുതിയ

കാലത്തുണ്ടാവുന്നെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. കാരണം വ്യത്യസ്ത ങ്ങളായ ഇലക്ട്രോണിക് മാധ്യമങ്ങളുടെ ധാരാളിത്തത്തിൽ ഏതിനെ തള്ളണമെന്നും ഏതു കൊള്ളണമെന്നും സംശയമുണ്ടാവുക സ്വാഭാവികം.

ഹിരോഷിമയിലോ നാഗസാക്കിയിലോ നിക്ഷേപിക്കപ്പെട്ട അണു ബോംബ് അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചു തലമുറകളോളം ഓർമിപ്പിക്കുന്നു ണ്ടെങ്കിലും, ഇന്നും ആണവായുധവും ആണവോർജവും ഹാനികരമാണെന്ന ചിന്ത മനുഷ്യനുണ്ടായിട്ടില്ല. സ്വാർഥമായ ലക്ഷ്യങ്ങളോടെ ഓരോരുത്തരും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും ഭരണകൂടങ്ങളുടെ നിസ്സംഗതയും തന്നെയാണ് ഇതിനുകാരണം. ഏറ്റവും ഭയാനകമായ ഒന്നിനു പോലും നിസ്സംഗതയെ സൃഷ്ടിക്കാൻ കഴിയുന്നുണ്ടെങ്കിൽ അല്ലാത്തവ മനുഷ്യനിൽ സമൂലമായ മാറ്റങ്ങൾക്കു പ്രേരകമാവുന്നതെങ്ങനെ? തികച്ചും വെർച്വലായ ലോകം ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും മനുഷ്യന്റെ അടിസ്ഥാനസ്വഭാവത്തിനു മാറ്റങ്ങളൊന്നും തന്നെയില്ല. മതത്തിന്റെയും സംവരണത്തിന്റെയും പേരിലുള്ള സ്ഥിരംകാഴ്ചപ്പാടുകൾ ഒരുവശത്തും, ദാരിദ്ര്യത്തെയും സാമ്പത്തികഭദ്രതയെയും കുറിച്ചുള്ള വേവലാതികൾ മറുവശത്തും എന്ന നിലയിലാണ് ചർച്ചകൾ പലപ്പോഴും മുന്നോട്ടു പോകുന്നത്. ഇഷ്ടപ്പെടാത്തതിനെ ഏറ്റവും മോശമായതെന്നു കരുതുന്ന വാക്കുകൾകൊണ്ട് അഭിഷേകംചെയ്യാൻ സൈബർതലമുറയും മടിക്കുന്നില്ല. സമൂഹത്തോടു നേരിട്ടുപറയാൻ മടിയുള്ള പലതും ചർച്ചാവേദികളിലൂടെ കടന്നുവരികയും ചില ഘട്ടത്തിൽ പലരും പിൻവലിയുകയും ചെയ്യുന്നുണ്ട്. മതപരമായ കാഴ്ചപ്പാടുകളെ വിമർശിക്കുമ്പോഴും, തികഞ്ഞ അസഹിഷ്ണുതയോടെ പലതിനെയും പുച്ഛിക്കുന്നതും പലതും സ്പാം എന്ന പേരിൽ റിപ്പോർട്ടു ചെയ്യപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്നതും സൈബർ ഇടങ്ങളിൽ പതിവായിട്ടുണ്ട്. ഇത്തരം ചർച്ചകളിലുപരി കാതലായ പലതും സൈബർവേദി അതിന്റെ സാംസ്കാരിക വീക്ഷണമെന്നും പ്രസ്ഥാനമെന്നും വിളിക്കേണ്ട രീതിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഭൗതികലോകത്തുനിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു ലോക മാണിതെങ്കിലും നിലവിലുള്ള മുഴുവൻ സങ്കല്പനങ്ങളെയും ഉൾക്കൊള്ളാൻ സൈബർ ഇടത്തിനു കഴിയുന്നുണ്ട്.

ടെലിവിഷന്റെ സ്വാധീനത്തെക്കുറിച്ചു നേരത്തേതന്നെ സൂചി പ്പിക്കുകയുണ്ടായി. ടെലിവിഷനിലൂടെയാണ് പുതിയ പല സംഭവങ്ങളും സാധാരണക്കാരിലേക്കെത്തുന്നതും അവ ഓർമകളെയും ചിന്തകളെയും ഗന്ധത്തെയും നിറത്തെയും മറ്റും സ്വാധീനിക്കുന്നതും. ഇവിടെ ഒരു തിരഞ്ഞെടുപ്പ് അനിവാര്യമാണ്. ഈ തിരഞ്ഞെടുപ്പാണ് പലപ്പോഴും സംശയങ്ങളുണ്ടാക്കുന്നതും. സാംസ്കാരികമായ സ്വത്വത്തെ ചോദ്യം ചെയ്യുന്നവയാണ് എന്ന ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സാധ്യത ഇവ ഏറെ നല്കുന്നു. പരസ്പ രപൂരകങ്ങളായ മാധ്യമസമീപനങ്ങളെ സംയോജിപ്പിക്കുന്നതിലൂടെ വൈയ ക്തികമായ ധാരണകളുടെ paradigm shift *(A paradigm shift could cause*

*one to see the same information in an entirely different way.)* ആണ് നടക്കുന്നത്. ഒരേ കാര്യത്തെത്തന്നെ മറ്റൊരു ആംഗിളിൽ നിന്നു നോക്കുമ്പോൾ പുതിയരീതിയിൽ കാണാൻ കഴിയുന്നതുകൊണ്ട്, ആശയപരമായ മാറ്റങ്ങൾക്കപ്പുറത്തു നോട്ടത്തിന്റെ വൈയക്തികത പ്രസക്തമാകുന്നു. ഇതു നോട്ടക്കുറവും നോട്ടക്കൂടുതലും മറ്റുമായി വീക്ഷണകോണുകളിൽ വൈജാത്യങ്ങളും ധാരണകളും ഉണ്ടാക്കുന്നു. ടെലിവിഷൻ, ഇന്റർനെറ്റ്, റേഡിയോ, വർത്തമാനപ്പത്രം, പരസ്യങ്ങൾ ഇവയെല്ലാം പരസ്പരം യോജിക്കുകയും കച്ചവടത്തിന്റെയും വിവരക്കൈമാറ്റത്തിന്റെയും മേഖലയെ പുതുമ ലക്ഷ്യമാക്കി നിർമിക്കുകയും ചെയ്യുന്നു.

വാക്കുകൾക്ക് പ്രകൃത്യനുസാരമായ ഔചിത്യം, എല്ലായിടത്തും പാത്രൗചിത്യം, രസത്തിനു സന്ദർഭാനുസാരമായ പുഷ്ടി, കഥാമാർഗത്തിൽ അതിക്രമമില്ലായ്മ, പ്രസ്തുതമായ സംവിധാനത്തിൽ ശുദ്ധി, ശബ്ദാർത്ഥങ്ങൾക്കു പ്രൗഢി ഇതൊക്കെ വിദ്വാന്മാർ ശ്രദ്ധിച്ചു പരിഭാവനംചെയ്യണമെന്നാണു വിവക്ഷ. വാചികാഭിനയത്തിൽ മാത്രമല്ല, മറ്റംഗങ്ങളിലും ഔചിത്യം വേണമെന്നുപറയുമ്പോൾ അതിന്റെ പ്രാധാന്യം എത്രമാത്രമാണെന്നു വ്യക്തം. ന തഥാശു ദഹത്യഗ്നിഃ പ്രഭഞ്ജനസമീരിതഃ യഥാ ഹ്യപപ്രയോഗസ്തു പ്രയുക്താ ദഹതി ക്ഷണാത്-കാറ്റൂതി ജ്വലിപ്പിക്കപ്പെട്ട അഗ്നിയേക്കാൾ തീവ്രമായ അപപ്രയോഗം, അതായതുതെറ്റായ നാടകപ്രയോഗം ദഹിപ്പിക്കും എന്നാണു നാട്യശാസ്ത്രത്തിൽ ഭരതമുനി പ്രസ്താവിക്കുന്നത്. ഈ സൂക്ഷ്മത ആധുനികകാലത്ത് മാധ്യമബോധത്തിലോ സംസ്കാരത്തിലോ എത്രമാത്രം ലക്ഷ്യം വെയ്ക്കുന്നുണ്ടാവണം. ഓരോ സംഭവങ്ങളും നടക്കുമ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും സാങ്കേതികതയുടെ സാധ്യതകളെക്കൂടി ഉൾപ്പെടുത്തി ന്യായീകരണങ്ങൾ കണ്ടെത്തുകയാണ് അവതാരകർ.

സിൻഡ്രല്ലയുടെ ചെരുപ്പു കാണാതാവുന്നു, അലാവുദ്ദീന്റെ അത്ഭുതവിളക്കു കാണാതെ പോകുന്നു, ഗള്ളിവർ പോയ ഇടങ്ങളിൽ പലതും നഷ്ടപ്പെട്ടിരിക്കുന്നു മുതലായ സങ്കല്പനങ്ങളെ വെച്ചുകൊണ്ട് പ്രക്ഷിപ്തമായ കഥകളെ പുനഃസൃഷ്ടിക്കു വിധേയമാക്കുന്ന രീതി പരിശോധിക്കുകയാണെങ്കിൽ(Fairy Tale Police Department) ഇതു വ്യക്തം. ടെലിവിഷനുകളിൽ പുതുതലമുറയ്ക്കു വേണ്ടി സൃഷ്ടിക്കപ്പെടുന്ന പലതും പരിചിതമായ കഥാപരിസരങ്ങളിലേക്ക് പുതിയൊരു വ്യവഹാരത്തെ കൂട്ടിച്ചേർക്കുന്നതിനുള്ള ബോധപൂർവമായ ശ്രമമാണെന്നതിൽനിന്നും, വളരെയേറെ ശ്രദ്ധവേണ്ട ഒരു സാംസ്കാരിക നിർമിതിയെ എത്രമാത്രം ലളിതമായിട്ടാണ് കൈകാര്യംചെയ്യുന്നതെന്നു വ്യക്തമാണ്. ഡിറ്റക്ടീവുകൾ (ആണും പെണ്ണും) ആധുനിക സാമഗ്രികളുമായിട്ടാണ് അന്വേഷണങ്ങളിലേർപ്പെടുന്നത്. ഈ ആധുനികസാമഗ്രികളാവട്ടെ ഒരിക്കലും പഴയ കഥകളിലൊന്നുംതന്നെ പ്രയോഗിക്കപ്പെട്ടിട്ടുമില്ല. വളരെ സൂക്ഷ്മമായി

വാൾട്ട് ഡിസ്നിയെപ്പോലെയും ഫ്രെഡ്ക്യൂംബിയെപ്പോലെയുമുള്ളവർ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ വ്യാവസായിക പുരോഗതിയെ സൂക്ഷ്മമായി നിരീക്ഷിച്ച് വിഭാവനംചെയ്യുകയും അവതരിപ്പിക്കുകയും ചെയ്ത കഥാപാത്രങ്ങളുടെ (മിക്കി മൗസ്, ടോം അന്റ് ജെറി, പ്ലൂട്ടോ മുതലായവ) പശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ ഇതു വ്യക്തമാണ്. കഥകളിൽ നിന്നും കാലത്തെ അടയാളപ്പെടുത്താനാവുന്നതുപോലെ കാലത്തെ പുറന്തള്ളാനും കഴിയും. അത്തരത്തിലുള്ള ഒരു പുറന്തള്ളലാണ് പുതിയ ആഖ്യാനരീതികളിൽ പലതിലും കാണുന്നത്. അവിടെയാണ് ഛോട്ടാഭീം പോലെയുള്ള പരിപാടികളും രതിനിർവേദം(2011) പോലെയുള്ള സിനിമകളും ഉണ്ടാകുന്നത്. പാശ്ചാത്യർ അടയാളപ്പെടുത്തിയ പ്രശ്നങ്ങളെ ആധുനികർ തങ്ങളുടേതു കൂടിയാക്കിത്തീർത്തു എന്ന ആക്ഷേപം പരക്കെ നിലനില്ക്കുന്നുണ്ട്. എങ്കിലും പുതിയ കാലത്തിലെത്തുമ്പോൾ സാങ്കേതികത അതിന്റെ ഏറ്റവും ഉയർന്നതലത്തിൽ ആഗോളഗ്രാമത്തെ അടയാളപ്പെടുത്തുമ്പോൾ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ പലതും ഒന്നായിത്തീരുമ്പോഴും അതിൽ സ്വത്വത്തെ ജാഗ്രത്തായി കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്ന കാഴ്ചയാണു കാണാനാവുക.

## സീമാതീതയാഥാർഥ്യം അഥവാ വെർചൽ റിയാലിറ്റി

1960 ലാണു വെർചൽ റിയാലിറ്റിയെക്കുറിച്ചുള്ള ചിന്തകളുണ്ടാകുന്നത്. മാസ്മരികമായ കാഴ്ചകളെ അടയാളപ്പെടുത്തുന്നിതിനുള്ള ശ്രമമായിരുന്നു അത്. അപരിചിതവും അസാധാരണവുമായ എഴുത്തിനെയും ദൃശ്യങ്ങളെയും പ്രത്യക്ഷീകരിക്കുന്നതിനുള്ള ശ്രമവും. എങ്കിലും സംസ്കാരത്തെക്കുറിച്ചുള്ള വിശകലനങ്ങളിൽ സൈബർ ഇടങ്ങൾക്കു പ്രത്യേകസ്ഥാനം തന്നെയുണ്ട്. കാരണം, തികച്ചും അഭൗതികമായ ഒന്നിനെ ഭൗതിക സാന്നിധ്യമായി അനുഭവിക്കുന്നതിനുള്ള കഴിവു പലപ്പോഴും അതീതയാഥാർഥ്യങ്ങളായി കടന്നുവരികയും യാഥാർഥ്യത്തേക്കാൾ വിശ്വസനീയതയുള്ള കാഴ്ചകളായിത്തീരുകയും ചെയ്യുന്നിടത്ത്, അതിനു സ്വാധീനിക്കുകയും ഇടപെടുകയും ചെയ്യാൻ കഴിയുന്ന മേഖലയുടെ വ്യാപ്തി വർധിക്കുകയാണ്. കൃത്രിമമായ ലോകം രൂപപ്പെടുത്തുന്നവയെല്ലാം തന്നെ വ്യക്തിയുടേയോ സമൂഹത്തിന്റെയോ സ്വന്തമായിത്തീരുകയും വ്യത്യസ്തമായ ഒരു സ്ഥലിയെ അടയാളപ്പെടുത്തുകയും ചെയ്യും. ഇതൊരുപക്ഷേ, സാംസ്കാരികവ്യവഹാരത്തിൽ മുമ്പു പരിചയമില്ലാത്തതോ മറ്റൊരു തരത്തിൽ ആഘോഷിക്കപ്പെട്ടതോ മറ്റെന്തിന്റെയെങ്കിലും അനുകരണമോ ആയിരിക്കും. സാങ്കേതികപുരോഗതിയെ അടിസ്ഥാനമാക്കിയുള്ള മാറ്റങ്ങളെ ഉൾക്കൊള്ളുന്നതിനു കഴിയുന്ന മേഖലകൾ തന്നെയാണ് അവിടെയും കാണാനാവുക. മതത്തെയും ഭക്തിയെയും പ്രചരിപ്പിക്കുന്നതിനുപയോഗിക്കുന്ന ടെലിവിഷൻ ചാനലുകളും വെബ്സൈറ്റുകളും ക്രമേണ പ്രചരണമാതൃകകളായിത്തീരുകയും വ്യത്യ

സ്തമതങ്ങളും സംസ്കാരവും അവയെ അനുകരിക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്.

പല മേഖലയിലും ഡിജിറ്റലൈസേഷനും ഒപ്ടിക്കൽ വിപ്ലവങ്ങളും ഇടപെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ വിപുലനം തന്നെയാണ് സോഷ്യൽ വെബ്ബുകളിലും ബ്ലോഗുകളിലും ആക്ടീവാകുമ്പോൾ സംഭവിക്കുന്നതും. സമാന്തരമായ ഒരു സാംസ്കാരിക ഭൂമിശാസ്ത്രമാണ് ഇവിടെ രൂപപ്പെടുന്നത്. എഴുത്തുലിപി മോഡേണാകുമ്പോൾ, നിറങ്ങൾ കൂടുതൽ തിളക്കമുള്ളതാകുമ്പോൾ, വസ്ത്രത്തിനനുസൃതമായ പശ്ചാത്തലം കൂട്ടിച്ചേർക്കപ്പെടുമ്പോൾ വ്യക്തി സ്വയം ഡിജിറ്റലാവുകയാണ്. സ്വയം അപരമായിത്തീരുകയാണ്. കമ്പ്യൂട്ടർ നിർമിതലോകത്തെ സൃഷ്ടിയാവുകയാണ്. അതിന്റെ ഉദാഹരണങ്ങൾ സിനിമകളായി വരികയും അവിടെ ഇച്ഛയുടെ പൂർത്തീകരണമെന്നു ജാക്വിസ് ലകാൻ വിശേഷിപ്പിച്ച രൂപങ്ങളിലേക്കു സ്വയം പ്രേക്ഷകൻ പറിച്ചുനടപ്പെടുകയും ചെയ്യുന്നു. യന്തിരൻ, രാ-വൺ, അവതാർ മുതലായ സിനിമകൾ രൂപപ്പെടുത്തിയ അപരങ്ങൾ മനുഷ്യനെ ഡിജിറ്റൽ ലോകത്തേക്കു കൈപിടിച്ചെത്തിക്കുകയാണ്. ഹോളിവുഡ് സിനിമകളിൽ ചിത്രീകരിക്കപ്പെട്ട അസാധാരണജീവികളും ലോകവും സാങ്കേതികതയുടെ സൃഷ്ടികളായിരുന്നുവെങ്കിൽ ഡിജിറ്റലൈസ് ചെയ്യപ്പെട്ട മനുഷ്യസങ്കല്പങ്ങളെ പൂർത്തീകരിക്കുകയും മനുഷ്യനു വെർചൽലോകത്തു വിഹരിക്കുന്നതിനുള്ള താത്പര്യത്തെ അനുഭവിപ്പിക്കുകയുമാണ് ഇവ ചെയ്യുന്നത്.

സംസ്കാരമെന്നത് സമഗ്രമായ ജീവിതശൈലിയെ പ്രതിനിധീകരിക്കുന്നുവെന്നു *റെയ്മണ്ട് വില്യംസ്* അഭിപ്രായപ്പെടുന്നു. ജീവിതശൈലിയിൽ കാലികമായി വന്നുചേരുന്ന എല്ലാത്തരം മാറ്റങ്ങളെയും സംസ്കാരം ഉൾക്കൊള്ളുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങളിലും മറ്റും വന്നിട്ടുള്ള മാറ്റം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉത്സവങ്ങൾ മികച്ച ഉദാഹരണമാണ്. സാങ്കേതികമായി വരുന്ന എല്ലാത്തരം മാറ്റങ്ങളെയും സ്വാംശീകരിക്കുവാനും അവതരിപ്പിക്കുവാനുമുള്ള ഒത്തുചേരലുകളാണ് ഉത്സവങ്ങൾ. അവ ഉത്സവപ്പറമ്പുകളെ വർണാഭമാക്കിത്തീർക്കുന്നതും ഓരോ ചടങ്ങുകൾക്കുമനുസൃതമായി പുതിയ സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതും വളരെ സൂക്ഷ്മതയോടെ നോക്കേണ്ടിയിരിക്കുന്നു. മാറ്റങ്ങളെ ഉൾക്കൊള്ളുകയും സാംസ്കാരികവിശേഷങ്ങളോടു കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിൽ ഉത്സവങ്ങൾ വഹിക്കുന്ന പങ്കു വളരെ വിപുലമാണ്. ആചാരവിശേഷങ്ങളോടും ഉത്സവാന്തരീക്ഷത്തിലെ കച്ചവടങ്ങളോടും ചേർന്ന് ഇതു വികസിക്കുന്നു. പൈതൃകമൂല്യമെന്ന് അവകാശപ്പെടുന്നവ പലതും മാനവരാശിയുടെ ഓരോതരം കണ്ടുപിടുത്തങ്ങൾക്കുശേഷം കൂട്ടിച്ചേർക്കപ്പെട്ടവയും അവയുടെ തുടർച്ചകളുമാണ്. വെടിക്കെട്ടും സ്വർണാഭിഷിക്തമായ കിരീടവും വണ്ടിവേഷങ്ങളും ബാന്റുമേളവും മറ്റു താളവാദ്യങ്ങളും രാത്രിയിലെ നാടകവും മിമിക്രിയും ഗാനമേളയും എല്ലാംതന്നെ ഓരോരോ കാലഘട്ടങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

ജീവിതശൈലിയിൽ വരുന്ന മാറ്റങ്ങൾ തന്നെയാണ് ഇവിടെയും പ്രസക്ത മാവുന്നത്. അവ സംസ്കാരത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു.

സൈബർമീഡിയയിൽ ടെക്സ്റ്റ് എന്ന പദം ഹൈപ്പർടെക്സ്റ്റാകുന്നുണ്ട്. ഒരു ക്ലിക്കിലൂടെ തന്നിരിക്കുന്ന ടെക്സ്റ്റുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു ടെക്സ്റ്റിലേക്കെത്താൻ സാധിക്കും. ഐക്കണുകൾ ഉപയോഗിക്കുമ്പോഴും ഇതു തന്നെയാണു സംഭവിക്കുന്നത്. ഒരു ചിത്രത്തിൽ നിന്നു മറ്റൊന്നിലേക്കോ പുതിയൊരു ദൃശ്യതലത്തിലേക്കോ ടെക്സ്റ്റിലേക്കോ എത്തിക്കുവാൻ ക്ലിക്കുകൾക്കു സാധിക്കും. ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള ഈ യാത്രയെ സീമാതീതമായി നിർണയിക്കപ്പെട്ട (virtually determined) യാത്രയെന്നു വിളിക്കാം. അതു മാർക്കറ്റ്, പൊതുസമൂഹം, വെർച്വൽസമൂഹം, വിവരക്കൈമാറ്റങ്ങൾ തുടങ്ങിയ പലതരം വിഷയങ്ങളുമായി ബന്ധപ്പെട്ടു വികസിക്കുന്നതും നൂതനമെന്നു തോന്നിക്കുന്നതോ സ്വയം നവീകരിക്കപ്പെടുന്നതോ ആയ വസ്തുതകളെ ഉൾക്കൊള്ളുന്നതുമാണ്.

താനൊരു ഭ്രാന്തനാണെന്ന് ഒരിക്കലും നാറാണത്തു ഭ്രാന്തൻ പറഞ്ഞിട്ടില്ലെങ്കിലും കവിതയിൽ അതു ഞാനാണു ഭ്രാന്തൻ എന്ന തിരിച്ചറിവിനെ പ്രതിഫലിപ്പിക്കുകയാണു വേണ്ടത് എന്ന തോന്നലുണ്ടാക്കുന്നുവെങ്കിൽ അത്തരമൊരു നിലവിളിയിലാണ് പുതിയ കാലം അടയാളപ്പെടുത്തുന്നത്. ചൊല്ലിപ്പകർത്തിയതിനെ മാഗ്നറ്റിക് ടേപ്പുകളിലൂടെ വില്പനക്കെത്തിക്കുമ്പോൾ അതു കേൾക്കാനുള്ള ഇമ്പവും വരികളുടെ കോർത്തിണക്കവും ഇടയ്ക്കയുടെ തുടിതാളവും മുഖ്യമാവുന്നത് കാലത്തിന്റെ പ്രത്യേകതയാവണം. എല്ലാത്തരം സാങ്കേതികതയെയും കാലത്തിന്റെ ആശ്ലേഷത്തിനുവിട്ട് അതിലൂടെ പരിണമിപ്പിച്ച് കഥ പറയുന്നതിലും അതു പകരുന്നതിലും കാണിക്കുന്ന വ്യത്യസ്തത മാത്രം പരിശോധിച്ചാൽ മതി, ഒരിക്കലും അന്യം നിന്നു പോവാത്ത മനുഷ്യകുലത്തിന്റെ മുന്നോട്ടുള്ള പോക്ക് വളരെയെളുപ്പത്തിൽ അടയാളപ്പെടുത്താനാവും. ഇതുതന്നെയാണ് സാംസ്കാരികമായ എല്ലാത്തരം പുരോഗതിയുടെയും നിദാനവും. കാലത്തിനനുസൃതമായി മാറ്റങ്ങൾ ഉണ്ടാവുകയും സ്ഥലകാലങ്ങൾക്കപ്പുറത്തേക്ക് അതു സഞ്ചരിക്കുകയും ചെയ്യുന്ന ഈ പ്രത്യേകതയെയാണ് സാംസ്കാരിക സവിശേഷതയായി വിലയിരുത്തേണ്ടത്.

സോഷ്യൽ വെബ്സൈറ്റുകൾ സൃഷ്ടിക്കുന്ന കൃത്രിമ സാമൂഹിക ബോധം, അതിൽ ഇടപെടുന്നവരെ ഓരോരുത്തരേയും അവരുടെ പങ്കാളിത്തത്തെക്കുറിച്ചു സ്വയം ബോധ്യപ്പെടുത്തുകയാണു ചെയ്യുന്നത്. നിയന്ത്രണങ്ങൾക്കുവിധേയമായ ഒരു പ്രവർത്തനമണ്ഡലത്തിൽ നിന്നുകൊണ്ടു സാധ്യമായവയെ മാത്രം ലക്ഷ്യംവെയ്ക്കുന്നവയാണിവ. കുടുംബവൃക്ഷം സൃഷ്ടിക്കുന്നതിനുള്ള വെബ്കമ്മ്യൂണിറ്റി(geni.com) കൾ, സുഹൃത്തുക്കളെ മാത്രം കൂട്ടിച്ചേർക്കുന്നതിനുള്ളതും (facebook.com, googleplus.com, twitter.com, linkedIn.com, delicious.com, stumble

Upon.com, etc.) ഡേറ്റിംഗിന് ആളെ സംഘടിപ്പിക്കുന്നതിനും മറ്റുമായി പ്രവർത്തിക്കുന്ന സൈറ്റുകൾ എന്നിവ സാധാരണ സാമൂഹികസാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തുകയും വൈവാഹികബന്ധങ്ങൾക്കെന്നതുപോലെ വിവാഹേതരബന്ധങ്ങൾക്കും സാമൂഹികാംഗീകാരം നേടിക്കൊടുക്കുകയും ചെയ്യുന്നു. ചാറ്റിംഗിലൂടെ (rediffbol, yahoochat, fbchat, googletalk, skype, etc) കണ്ടെത്തുന്ന മറുപാതിയെക്കുറിച്ചുള്ള വാർത്തകൾക്കു മാധ്യമങ്ങൾ പ്രാധാന്യം നല്കുന്നു. സൈബർലോകം സൈബർയുഗമായി പരിവർത്തനം ചെയ്യുന്നതിന്റെ സാക്ഷ്യങ്ങളാണിവ. ക്രമേണ ഇവ വളരെ സാധാരണമായ സമ്പ്രദായങ്ങളായി മാറിത്തീരുകയുംചെയ്യും. റെയ്മണ്ട് വില്യംസ് വിഭാവനം ചെയ്ത സാംസ്കാരിക പരിപ്രേക്ഷ്യമാണിത്. ഇവിടെ സാധുവായിത്തീരുന്ന നൂതനസമ്പ്രദായങ്ങളൊന്നും മുമ്പില്ലാതിരുന്നവയല്ല നേരത്തേയുണ്ടായിരുന്നവയുടെ പുതിയ രൂപംമാത്രമാണ്.

ആഗോളവ്യാപകമായ ഒരു ഇടത്തെ സൃഷ്ടിക്കുന്നതുകൊണ്ട് സങ്കുചിതമായ ദേശീയതകൾ അപ്രത്യക്ഷമാവുകയും മനുഷ്യനെന്ന ദേശീയതയിലേക്ക് സൈബർലോകം എത്തിച്ചേരുകയും ചെയ്യുമെന്നു കരുതേണ്ടതില്ല. കാരണം, ഓരോരുത്തരും ഭൗതികമായ അവരുടെ സ്വത്വത്തിലും ദേശീയതാസങ്കല്പങ്ങളിലും നിന്നുകൊണ്ടാണ് അയഥാർഥമായ സൈബർദേശീയതയിലേക്കെത്തുന്നത്. ഈ സൈബർദേശീയതയാവട്ടെ പരസ്പരപൂരകമായി വർത്തിക്കുന്നതിനുള്ള ഇടത്തെ സൃഷ്ടിക്കുന്നത് ഭൗതികതലത്തിലെ ആശയസംഹിതകളെ അടിസ്ഥാനമാക്കിത്തന്നെയാണ്. ഏകാധിപതികളായ ഭരണാധികാരികൾക്കെതിരെ നടന്ന കലാപങ്ങൾക്കുപുറകിൽ സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കപ്പെട്ട ആശയതന്ത്രങ്ങളുമുണ്ടായിരുന്നുവെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ചലനാത്മകമായ വാർത്തകളോടുള്ള സ്വാഭാവികപ്രതികരണമെന്ന നിലയിലാണ് ഇവയുടെ ഇടപെടലുകൾ പലപ്പോഴുമുണ്ടാകുന്നത്. അതു തികച്ചും ക്ഷണികവും വൈകാരികക്ഷോഭങ്ങളുടെ പ്രകടനങ്ങൾക്ക് ഊന്നൽ നല്കുന്നതുമായിരിക്കും.

ഒരു വ്യക്തി ഓരോ ഇടങ്ങളിലും പ്രകടിപ്പിക്കുന്ന വ്യക്തിത്വം ആപേക്ഷികമാണ്. ഓരോ സാമൂഹിക സാഹചര്യത്തിലും ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ വ്യക്തിയിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. അതുപോലെ തന്നെ, സൈബർ ഇടങ്ങളിലും ഒരാൾ മറ്റൊരു വ്യക്തിത്വമായി പ്രത്യക്ഷപ്പെടുകയാണു ചെയ്യുന്നത്. വ്യത്യസ്തങ്ങളായ സൈബർ ഇടങ്ങളിൽ വിവിധ ലേബലുകളിൽ അറിയപ്പെടുന്നവരും ഏറെ. ഈ പരിണാമപ്രക്രിയ ഓരോ ഇടപെടലുകളിലും സന്ദർശനങ്ങളിലും നിലനിൽക്കുന്നുണ്ടെന്നു കാണാം. കാലത്തെയും സ്ഥലത്തെയും അതിജീവിക്കുന്നതിനുള്ള മനുഷ്യപ്രവണതകൾ സൈബറിടങ്ങളെ സംബന്ധിച്ചും പ്രസക്തമാണ്. വ്യക്തിയെയും സമൂഹത്തെയും അഭിസംബോധന ചെയ്യുന്നതിലൂടെ സ്വയം സൃഷ്ടിക്കുന്ന ബിംബങ്ങളോടുള്ള താല്പര്യമാണു പ്രകടമാവുന്നത്. നാർസിസിസത്തോടടുത്തു നിൽക്കുന്ന പ്രവണത തന്നെയാണിത്.

ജീവിതശൈലിയിലുണ്ടാകുന്ന മാറ്റമെന്നതിലുപരി മറ്റു ചില ഘടകങ്ങളും കൂടി മാധ്യമങ്ങൾ അടിസ്ഥാനമായി സ്വീകരിക്കുന്നുണ്ട്. കച്ചവടതന്ത്രമെന്ന യുക്തിയെ മാത്രമല്ല അടിസ്ഥാനമായെടുക്കേണ്ടത്. സാധാരണ ജീവിതവ്യവഹാരങ്ങളെ വരെ സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങൾ വസ്തുനിഷ്ഠമായ ധാരണകളിലൂടെ സാംസ്കാരികാന്തരീക്ഷത്തിന് അനുയോജ്യമായ നിലപാടുകളെടുക്കേണ്ടിയിരിക്കുന്നു. ദാതാവിന്റെ തെറ്റു തന്നെ ചൂണ്ടിക്കാണിക്കേണ്ട അവസ്ഥയിലേക്കു മാധ്യമം വളരുന്ന പരിത:സ്ഥിതിയാണിവിടെ അർഥമാക്കുന്നത്. തെറ്റ്-ശരി മുതലായ ദ്വന്ദ്വങ്ങൾക്കുപരിയായി ജനപക്ഷവും മാധ്യമപക്ഷവും തമ്മിലുള്ള ഐക്യപ്പെടലിനെ പ്രോത്സാഹിപ്പിക്കേണ്ട ധാർമിക ഉത്തരവാദിത്തം തന്നെയാണ് മേൽക്കൈ നേടുന്നത്. ധൈഷണികമായോ സൈദ്ധാന്തികമായോ ഇതിനെ വിലയിരുത്തുമ്പോൾ തികച്ചും വസ്തുതാപരമായ ചില സംഗതികൾ കൂടി കാണേണ്ടിയിരിക്കുന്നു. അവ പ്രത്യേക കാഴ്ചകളായും ധാരണകളായും ചാനലുകൾ കൈക്കൊള്ളുന്ന ചില നിലപാടുകളാണ്. ദേശീയരാഷ്ട്രീയവും അന്താരാഷ്ട്ര കായികമത്സരങ്ങളും മറ്റും ഉൾപ്പെടുന്നവയെ തമസ്കരിച്ചുകൊണ്ട് പ്രാദേശികരാഷ്ട്രീയത്തിലെ ഉപജാപങ്ങളെയും കൂട്ടിക്കൊടുപ്പുകളെയും തർക്കങ്ങളെയും മാത്രം ഫോക്കസ് ചെയ്യുന്ന ചാനൽരീതിയാണിത്. ഇരുപത്തിനാലു മണിക്കൂറും നിറയുന്ന ഫ്ളാഷുകളും ബ്രേക്കുകളും പലപ്പോഴും കാഴ്ചക്കാരന്റെ പ്രജ്ഞയെ അവഹേളിക്കുന്ന തരത്തിൽ നിറയുന്നതിനു ചില പരിധികൾ കൊണ്ടുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു തോന്നുന്ന തരത്തിലാണ് വാർത്തകളുടെ നിർമിതിയും കൈമാറ്റവും.

ഹെർമനും ചോംസ്കിയും വിശദീകരിക്കുന്ന പ്രചരണമാതൃക (propaganda model) പ്രധാനമായും അഞ്ചുകാര്യങ്ങളെയാണ് വാർത്താവിതരണവുമായി ബന്ധപ്പെട്ട് എടുത്തുകാണിക്കുന്നത്. അവ മുടക്കുമുതലിന്റെ തിരിച്ചെടുക്കലിനെക്കുറിച്ച് വേവലാതിപ്പെടുന്ന വ്യവസ്ഥയെയും പരസ്യദാതാക്കളുടെ പരിധികളെയും പലതരം സ്പോൺസർഷിപ്പുകളെയും കുറിച്ചു പറയുന്നുണ്ട്. മാത്രമല്ല, ചാനലിനെയും പത്രങ്ങളെയും റേറ്റിംഗ് നടത്തുന്നതിനും അതുവഴി മൂല്യം വർധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ, കമ്യൂണിസത്തിനെതിരെയുള്ള പ്രവർത്തനങ്ങളും ഭയവും എന്ന തലത്തിലും അവയെ വിശദീകരിക്കുന്നു. സാമൂഹിക ഉപകരണങ്ങളെ ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള കെല്പ് എന്നിവയടക്കമുള്ള കാര്യങ്ങൾ ഇവിടെ വിമർശന വിധേയമാക്കുന്നുണ്ട്.

## ആശയവിനിമയം-പരിണാമത്തിന്റെ വഴികൾ

ആശയവിനിമയത്തിനു ഭാഷ ഉപയോഗിക്കുന്ന മനുഷ്യൻ അതോടൊപ്പം സന്ദർഭാനുസാരിയായ ആംഗ്യങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നുണ്ട്. ഈ ചിഹ്നങ്ങളെയും ആംഗ്യങ്ങളെയും ശരീരഭാഷയെയും വരെ

ആശയവിനിമയോപാധികളുടെ കൂട്ടത്തിൽ പെടുത്താറുമുണ്ട്. അവ ആംഗ്യഭാഷയെന്നും ചിഹ്നഭാഷയെന്നും മറ്റും അറിയപ്പെടുന്നു. ഉച്ചാരണക്ഷമമായ ഭാഷ ഉപയോഗിക്കാൻ കഴിയാത്തിടത്ത് ആംഗ്യവും ചിഹ്നവും മറ്റും ആശയവിനിമയത്തിനുള്ള പൂർണ ഉപാധികൾ തന്നെയായിത്തീരുന്നുമുണ്ട്. മനുഷ്യ മസ്തിഷ്കം ശാരീരികപ്രവർത്തനങ്ങളെയും ചിന്തകളെയും നിയന്ത്രിക്കുന്നു. മസ്തിഷ്കത്തിന്റെ വ്യത്യസ്ത മേഖലകൾ ഓരോതരം പ്രവർത്തനങ്ങൾക്കുംവേണ്ടി നിജപ്പെടുത്തിയിരിക്കുന്നു. അവിടെ മറ്റു പ്രവർത്തനങ്ങളോടുള്ള അതിന്റെ സമീപനം ഭാഷയുടെ കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ചെറുതാണെന്നു കാണാം. പ്രകൃതിനിർധാരണ (Natural Selection)ത്തെ സംബന്ധിച്ചിടത്തോളം നിലനില്പിനുള്ള ഉപാധികളിൽ പ്രധാനപ്പെട്ട ഒന്നായിട്ടല്ല ഭാഷ രൂപപ്പെട്ടതത്രേ. അതൊരു spandrel (ഒരു കെട്ടിടത്തിന്റെ പ്രവേശനമാർഗമായി നിൽക്കുന്ന ആർച്ചിനു മുകളിൽ ത്രികോണാകൃതിയിൽ വരുന്ന ഇടമാണ് സ്പാൻഡ്രൽ. ഈ ഇടം ചുമരിനും വഴിക്കുമിടയിൽ പ്രത്യേകസൗകര്യമായി നിൽക്കുന്നില്ലെങ്കിലും ബലവത്തായ നില്പിന് അനിവാര്യമാണുതാനും. വാസ്തുകലാവിദ്യയുടെ സൗന്ദര്യപ്രകടനത്തിനുള്ള ശില്പമാതൃകകളും മറ്റും ഇവിടെ സ്ഥാപിക്കുകയും ചെയ്യാറുണ്ട്.) മാത്രമാണെന്നു സ്റ്റീഫൻ ജെ ഗോൾഡ് (Stephen Jay Gould) വാദിക്കുന്നതിനെ ചോംസ്കി സിദ്ധാന്തിക്കുന്നു. പ്രകൃതി നിർധാരണത്തിന്റെ ഒരു ഉപോല്പന്നമായി മാത്രം ഉണ്ടായതാണ് ഭാഷയെന്നും ഉൽപ്പരിവർത്തനത്തിന്റെ (mutation) ഫലമായുണ്ടായ രൂപപ്പെടലല്ലെന്നുമാണ് ഇതിലൂടെ അർഥമാക്കുന്നത്. സ്റ്റീഫൻ പിങ്കെറും (Steven Arthur Pinker) റെ ജാകെൻഡോഫും (Ray Jackendoff) ഈ വാദത്തെ തള്ളിക്കളയുന്നുണ്ട്. ധൈഷണികശാസ്ത്രത്തിൽ (cognitive science) ഭാഷയെന്നത് വ്യത്യസ്ത തരം പ്രക്രിയകളിലൂടെ രൂപപ്പെടുന്ന സ്വാഭാവിക ഘടനയുള്ളതാണെന്നും പ്രയോഗത്തിലൂടെ അതിനു വളർച്ചയുണ്ടാകുന്നു വെന്നും പറയുന്നുണ്ട്. ചോംസ്കിയുടെ വാദവും ഇതു തന്നെയെങ്കിലും ഭാഷയെ പോഷിപ്പിക്കുന്ന, രൂപപ്പെടുത്തുന്ന മസ്തിഷ്കഘടനയെക്കുറിച്ചാണ് അദ്ദേഹം ഊന്നിപ്പറയുന്നത്. പ്രകൃതിനിർധാരണമെന്നതു പ്രകൃതി നേരിട്ടുനടത്തുന്ന തിരഞ്ഞെടുപ്പ് അല്ലാതിരിക്കെ സ്വാഭാവികമായ രൂപപ്പെടലുകളെയാണു നിർണയിക്കുന്നതെന്നു വിലയിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള സ്വാഭാവികമായ രൂപപ്പെടൽ ജീവശാസ്ത്രപരമായ അർഥത്തിൽ നിലനില്പിനെയാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷ ഒറ്റപ്പെട്ട വസ്തുതയായി രൂപപ്പെടുന്നില്ല. ഭാഷയ്ക്കുവേണ്ടി ഒരവയവവും ശരീരത്തിൽ രൂപപ്പെട്ടിട്ടില്ല എന്ന വാദവും പരിഗണിക്കേണ്ടിയിരിക്കുന്നു. സ്വാഭാവികമായ രൂപപ്പെടലിൽ ഭാഷയുടെ പ്രയോജനപ്പെടുത്തലിനുവേണ്ടി വദനവും നാസികയും ശ്വസനോപകരണങ്ങളും പരിണമിക്കപ്പെട്ടുവെന്നു തന്നെയാണ് കരുതേണ്ടത്.

ഉച്ചാരണക്ഷമമായവയെ പരിവർത്തിപ്പിച്ചെടുക്കുകയും അവയ്ക്കു സാമൂഹികമാനം നല്കുകയും ചെയ്യുന്നതിനുള്ള ഭാഷയുടെ കഴിവിനെ

വിശദമാക്കുമ്പോൾ അനുകരണമെന്ന മാനത്തെക്കൂടി പരിഗണിക്കേണ്ടി യിരിക്കുന്നു. ജീനുകളുമായി ബന്ധപ്പെട്ട ഭാഷയുടെ ഉല്പത്തിയേയോ കൈമാറ്റത്തേയോ തികച്ചും മാറ്റിനിർത്തിക്കൊണ്ടാണ് *ദ മെമെ മെഷീൻ*(The Meme Machine) എന്ന പുസ്തകത്തിൽ സൂസൻ ബ്ലാക്മോർ വിശദീകരണം നല്കുന്നത്. മെമെ എന്ന പദത്തിനു മനുഷ്യന്റെ അനുകരണവാസനയുമായിട്ടാണ് ബന്ധം. റിച്ചാർഡ് ഡോക്കിൻസിനോടാണ് ഇതിനു കടപ്പാട്. ഒരു ആശയമോ പെരുമാറ്റമോ പ്രവൃത്തിയോ ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്കു പകർത്തപ്പെടുന്നതിനെയാണ് മെമെ എന്നു പറയുന്നത്. കഥകൾ, കണ്ടുപിടുത്തങ്ങൾ, പാട്ടുകൾ എന്നിവയെല്ലാം തന്നെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു കൈമാറ്റം ചെയ്യപ്പെടുന്നതിനെ ഇങ്ങനെ അർഥമാക്കുന്നു. പ്രകൃതിനിർധാരണത്തെ അടിസ്ഥാനമാക്കി ശരീരഘടനയും മറ്റും രൂപപ്പെട്ടുവെന്നും മാനസികപരിണാമത്തിനു സഹായകമായത് മെമെ നിർധാരണമാണെന്നും ഇവിടെ സിദ്ധാന്തിക്കുന്നുണ്ട്. ഇതൊരിക്കലും കൃത്രിമ നിർധാരണമല്ല. കൃത്രിമ നിർധാരണത്തിനു ഡാർവിൻ നല്കുന്ന വ്യാഖ്യാനം സാഹചര്യാനുസൃതമായ തിരഞ്ഞെടുപ്പാണ്. അതൊരിക്കലും ഭാഷയെ സംബന്ധിച്ചിടത്തോളം സൂക്ഷ്മമല്ലതാനും.

തലമുറകളിൽ നിന്നു തലമുറകളിലേക്കുള്ള പരിണാമപ്രക്രിയയുടെ അന്ത:സത്ത തികച്ചും വൈഷയികമാണ്. ഭാഷാപരമായ അർഥത്തിൽ പ്രത്യേകിച്ചും. അതിജീവനവും പുനരുല്പാദനവുമാണ് ഇവിടെ ഹേതുവായിട്ടുള്ളത്. ആർജിതമായ പലതും തലമുറകളിലേക്കു പരിണമിക്കപ്പെടുന്നതിനെ പാരമ്പര്യസവിശേഷതകളായി ചാൾസ് ഡാർവിൻ അടയാളപ്പെടുത്തുന്നുണ്ട്. മതപരമായ വിശ്വാസങ്ങളെയും ഗ്രാമ -നഗര താല്പര്യങ്ങളെയും പെരുമാറ്റസംഹിതകളെയും ഉൾക്കൊള്ളുന്നതിലൂടെ ജീനുകളിൽ മാറ്റങ്ങളുണ്ടാകുന്നതു ശാസ്ത്രീയ വിശദീകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തേണ്ടവയാണെങ്കിലും മെമെ സിദ്ധാന്തം അത്തരമൊരു കാഴ്ചപ്പാടിനാണ് ഊന്നൽ നല്കുന്നത്.

സാംസ്കാരികമായ സവിശേഷതകളെ പരിശോധിക്കുമ്പോൾ ജന്മാന്തരങ്ങളുടെ സുകൃതമെന്നോ മനുഷ്യൻ ഭൂതലം പിടിച്ചു പറ്റുന്നതിനും മുമ്പുണ്ടായിരുന്ന ഓന്തുകളുടെ കാലമെന്നോ ഒക്കെ വ്യവഹരിക്കാവുന്ന പലതരം സംഭവങ്ങളിലേക്ക് അതു മുന്നേറും- കാടും മലയും വെളിമ്പുറവും താണ്ടി ആവിയും നീരും കലർന്ന ചാരനിറമുള്ള പുകയൂതി ചൂളം വിളിച്ച് പാളങ്ങളിലൂടെ ഉരുണ്ട തീവണ്ടി പരസഹസ്രം മനുഷ്യരുടെ ജീവിതചക്രങ്ങളുമായി ഇണങ്ങിയാണു സഞ്ചരിച്ചത്. മഹാപരിഷ്കരണത്തിന്റെ താളക്രമം (പുറം389, ചെങ്ങന്നൂർ വണ്ടി, വിജയന്റെ കഥകൾ) എന്ന പ്രയോഗംപോലും മനുഷ്യസമൂഹത്തിന്റെ വളർച്ചയിലെ സാസ്കാരിക സവിശേഷതകളിലേക്കാണു നോട്ടമെത്തിക്കുന്നതെന്നു കാണാം. സാഹചര്യങ്ങൾക്കനുസൃതമായി ട്യൂൺചെയ്യപ്പെടുന്ന മനുഷ്യ ന്റെയും ജീവജാലങ്ങളുടെയും വകതിരിവുകളെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്. അവ ചരിത്രത്തിലുപരി സാംസ്കാരിക വിശേഷങ്ങളിലേക്ക് എത്തിച്ചേരുന്ന തിന്റെ വ്യാഖ്യാനങ്ങളെയാണു പരിശോധിക്കേണ്ടത്.

സ്വയം നവീകരിക്കപ്പെടുന്നു എന്ന തോന്നലുണ്ടാക്കുകയും അവയുടെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് വിപ്ലവങ്ങളെയും മറ്റും സ്വീകരിക്കുകയും മറ്റൊരു ബാഹ്യഇടത്തെക്കൂടി അനിവാര്യമായും സ്വീകരിക്കേണ്ടതുണ്ടെന്നും കരുതുന്ന മനുഷ്യനെയാണ്, യുഗയുഗാന്തരങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യസംസ്കൃതിയുടെ മറ്റൊരധ്യായത്തിൽ കാണാൻ കഴിയുക. പുതിയ കണ്ടെത്തലുകളെ നിലനിൽക്കുന്ന മനുഷ്യസാധാരണമായ പ്രവണതകളോടു കൂട്ടിച്ചേർക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ മാത്രമാണിവ. അത്തരമൊരു സാഹചര്യം മാത്രമാണ് സൈബർ ഇടത്തിലേക്കെത്തി നിൽക്കുന്ന നവസാങ്കേതികത നൽകുന്നതും. ഈ സാഹചര്യമാവട്ടെ, സാങ്കേതികമായ മറ്റൊരു അധികാരമായിത്തീരുന്നു. സൈബർസാഹചര്യങ്ങളിലെ പ്രവർത്തനങ്ങളും പ്രക്ഷേപണങ്ങളും, നിയന്ത്രണങ്ങളുടെയും നിയമപരിധിയുടെയും വലിയ സാധ്യതകളെ കല്പിക്കുന്നതും അതുകൊണ്ടാണ്. അധികാരത്തെ ബലപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങളുടെ പുതിയ സാധ്യതകൂടിയാണിത്. ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണങ്ങളുടേയും.

ഇവിടെ ഔചിത്യബോധത്തിനു പ്രാധാന്യം കല്പിക്കേണ്ടതുണ്ട്. പ്രയോഗക്ഷമമായവയെ തിരിച്ചറിയുന്നതിനും സാംസ്കാരിക സ്വത്വത്തെ വെളിപ്പെടുത്തുന്നതിനും സാധിക്കുന്ന പ്രവർത്തനങ്ങളാണുണ്ടാവേണ്ടത്. അതിനു സഹായകമായ പഠനപ്രവർത്തനങ്ങൾ പ്രത്യേകമായിത്തന്നെ സൃഷ്ടിക്കപ്പെടേണ്ടിയുമിരിക്കുന്നു. ആഖ്യാനപരമായ എല്ലാത്തരം ഇടപെടലുകളെയും പാഠാന്തരണ പ്രക്രിയയായിക്കണ്ട് അവയ്ക്കു വേണ്ട പരിധികൾ നിർണയിക്കുമ്പോൾ മാത്രമേ സംസ്കാരം നവസാങ്കേതികതയെക്കൂടി ശരിയായ രീതിയിൽ ഉൾക്കൊള്ളുകയുള്ളൂ. അല്ലെങ്കിൽ സാങ്കേതികതയാവും സംസ്കാരത്തെ നിർണയിക്കുന്ന ഘടകമായിത്തീരുക. അത്തരമൊരു പ്രവർത്തനം വളരെയേറെ അപകടം പിടിച്ചതാവുകയും ചെയ്യും. അങ്ങനെയെങ്കിൽ മാത്രമേ ഇ-കാലവും ഇ–തരവും മറ്റും ഇതരകാലങ്ങളിലേക്കും ശരിയായ അർഥത്തിൽ സംവദിക്കപ്പെടുകയുള്ളൂ. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ *മിതവാദി*യിൽ പ്രസിദ്ധീകരിക്കപ്പെട്ട വാർത്ത പകർന്നുതരുന്ന കാലത്തിന്റെ നോട്ടങ്ങളെ മനുഷ്യസാധ്യമായവയുടെ ക്ഷണികതയിലേക്കു കവിയുടെ വാക്കുകളിലൂടെ വിവർത്തനം ചെയ്യുമ്പോൾ, എല്ലാത്തരം പരിണാമങ്ങളുടെയും അടരുകൾക്കിടയിൽ ത്രസിച്ചുനിൽക്കുന്ന മാനുഷികതയുടെ തലമുണ്ടെന്നു കാണാം. അതിനുമാത്രമേ നവസാങ്കേതികതയെ കൃത്രിമത്വമില്ലാത്തതും മാനുഷികമായതുമായ ഒന്നായി സമീപിക്കാൻ കഴിയൂ.

## ഗ്രന്ഥസൂചി

1. പി.ഭാസ്കരനുണ്ണി, *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ*, തൃശൂർ: കേരളസാഹിത്യഅക്കാദമി, 2005

2. സർ ആർതർ കോനൻ ഡോയൽ, *ഷെർലക് ഹോംസ് സമ്പൂർണകൃതികൾ*, കോട്ടയം: കൈരളി മുദ്രാലയം, 2004.
3. പ്രൊഫ. പ്രയാർ പ്രഭാകരൻ, *ഭാരതീയ സാഹിത്യശാസ്ത്രപഠനങ്ങൾ*, തൃശൂർ: കേരളസാഹിത്യഅക്കാദമി, 1999.
4. ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ, *ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009.
5. ഡോ. മുരളീകൃഷ്ണ, *സിനിമ-വീഡിയോ ടെക്നിക്*, കോട്ടയം: ഡിസി ബുക്സ്,2006.
6. പി.പി.രവീന്ദ്രൻ, *സംസ്കാരപഠനം ഒരു ആമുഖം*, കോട്ടയം:ഡിസി ബുക്സ്, 2002.
7. കെ.എസ്. രവികുമാർ, *ആഖ്യാനത്തിന്റെ അടരുകൾ*, കോട്ടയം: ഡിസിബുക്സ്, 2007.
8. Chris Jenks, *Culture*, Routledge, 1997.
9. Michale Payne(ed.), *A Dictionary of cultural and critical theory*, Blackwell publishers,1998.
10. George Yule, *The study of language*, Cambridge, 2002.
11. Wallace Martin, *Recent Theories of Narrative*, Cornell University Press, 1986
12. Michele Hilmes, *The Television History Book*, London:BFI Publishing, 2003
13. Edward Herman and Noam Chomsky, *Manufacturing Consent: The Political Economy of the Mass Media*, Pantheon Books, 1988

# 5. നവമാധ്യമങ്ങൾ: സാങ്കേതികതയും സാമൂഹികതയും

ഡോ. ഷാജി ജേക്കബ്

മാധ്യമങ്ങളുടെ സാംസ്കാരികത നിർണ്ണയിക്കുന്നതിൽ സാങ്കേതികതയും സാമൂഹികതയും വഹിക്കുന്ന പങ്കിന്റെ പ്രാധാന്യത്തെക്കുറിച്ച് 1960കളിലും 70 കളിലും മാർഷൽ മക്ലൂഹനും റെയ്മണ്ട് വില്യംസും തമ്മിൽ നടന്ന സംവാദം പ്രസിദ്ധമാണ്. സംസ്കാരവ്യവസായത്തിന്റെ ജനാധിപത്യപരതയെക്കുറിച്ച് ബൻയമിനും അഡോണോയും തമ്മിൽ 1940കളിൽ നടന്ന സംവാദം പോലൊന്ന്. സാങ്കേതികതയാണ് സാമൂഹികതയെക്കാൾ മാധ്യമങ്ങളുടെ സാംസ്കാരിക രാഷ്ട്രീയത്തെ നിർണയിക്കുന്നതെന്ന കാര്യത്തിൽ മക്ലൂഹന് സംശയമേതുമില്ല. സാങ്കേതികനിർണ്ണയവാദം (techno determinism) എന്നു വിമർശിക്കപ്പെട്ടു, മക്ലൂഹന്റെ നിലപാടുകൾ. വില്യം സാകട്ടെ സാങ്കേതികതയെക്കാൾ എത്രയോ പ്രധാനമാണ് സാമൂഹികതയും അതിന്റെ രാഷ്ട്രീയവും എന്നു വിശ്വസിച്ചു (social constructionism). എന്തായാലും അച്ചടി, ശ്രാവ്യ, ദൃശ്യ മാധ്യമങ്ങലുടെ കാലം പിന്നിട്ട് 1980 കളിലാരംഭിക്കുന്ന നവമാധ്യമ (new media)ങ്ങളിലേക്കുവരുമ്പോൾ മുൻപില്ലാതിരുന്ന വിധം പ്രസക്തമാകുന്നു, സാങ്കേതികതയെയും സാമൂഹികതയെയും മുൻനിർത്തിയുള്ള വാദങ്ങൾ. കൗതുകകരമായ ഒരു വൈരുദ്ധ്യമെന്നോണം സാങ്കേതികതയുടെ വിപ്ലവമായി കാണാവുന്ന നവമാധ്യമങ്ങളിൽ ഒരുവിഭാഗം അറിയപ്പെടുന്നതു തന്നെ സാമൂഹ്യമാധ്യമം (social media) എന്നാണ്!

പരമ്പരാഗത (traditional), വ്യാവസായിക (industrial), ബഹുജന (mass) മാധ്യമങ്ങൾ എന്നൊക്കെ പരാമർശിക്കപ്പെടാറുള്ള ആധുനികമാധ്യമങ്ങളാണ് അച്ചടി മുതൽ ടെലിവിഷൻ വരെയുള്ളവയെങ്കിൽ, കമ്പ്യൂട്ടർ അനുബന്ധ മാധ്യമങ്ങളും ആധുനിക മാധ്യമങ്ങളുടെതന്നെ ഡിജിറ്റൽരൂപങ്ങളും ഉൾപ്പെടുന്നവയാണ് നവമാധ്യമങ്ങൾ, സൈബർ മാധ്യമങ്ങൾ എന്നൊക്കെ വിളിപ്പേരുള്ള ആധുനികാനന്തര മാധ്യമങ്ങൾ. ആഗോളവൽക്കരണം, കമ്മ്യൂണിസ്റ്റനന്തര ലോകക്രമം, ഇന്റർനെറ്റിന്റെ വ്യാപനം എന്നി

ങ്ങനെ നിരവധിയായ സാമ്പത്തിക, സാമൂഹിക, സാങ്കേതിക പശ്ചാത്തല ങ്ങളിൽ വിശകലനം ചെയ്യേണ്ടതാണ് നവമാധ്യമങ്ങളുടെ സാംസ്കാരിക രാഷ്ട്രീയം.

2002 ജൂലൈയിൽ ബ്രിട്ടനിൽ നടത്തിയ ഒരു സർവേ തെളിയിച്ചത്, വാർത്താ, വിനോദ മാധ്യമമെന്ന നിലയിൽ ടെലിവിഷനും റേഡിയോയ്ക്കും പിന്നിൽ മൂന്നാം സ്ഥാനം ഇന്റർനെറ്റിനു കൈവന്നു കഴിഞ്ഞു എന്നായിരുന്നു. (Uday Sahay, 2006;237) പത്രവും വാർത്താമാസികയും നാലും അഞ്ചും സ്ഥാനങ്ങളിലേക്കു പിന്തള്ളപ്പെട്ടു കഴിഞ്ഞിരുന്നു അപ്പോഴേക്കും. പത്രവും ടെലിവിഷനും റേഡിയോയും നിർവഹിക്കുന്ന ദൗത്യങ്ങൾ ഒന്നിച്ചു നിർവഹിക്കുന്നു ഇന്റർനെറ്റ്. സ്വഭാവികമായും ഓരോ പരമ്പരാഗത മാധ്യമവും ഇന്റർനെറ്റിനെ സ്വാംശീകരിക്കുകയും അതുനൽകുന്ന മേൽക്കൈകളുപയോഗിച്ച് അതിജീവനം സാധ്യമാക്കുകയും ചെയ്യുന്നു.

'New Media: A Critical Introduction' എന്ന ഗ്രന്ഥം (M. Lister, J. Dovey, S. Giddings, S. Grant, K. Kelly, Routledge, 2003) നവമാധ്യമങ്ങളെ ഇങ്ങനെ നിർവചിക്കുന്നു: "Those methods and social practices of communication, representation and expression that have developed using the digital, multimedia, networked computer and the ways that this machine is hold to have transformed work in other media : from books to movies, from telephones to television''.

നവമാധ്യമങ്ങളുടെ 'നവ' ത്വത്തെ നിർവചിക്കുന്നത് പൊതുവിൽ രണ്ടുഘടകങ്ങളാണ്. ഒന്ന്, ആധുനികമാധ്യമങ്ങൾ വിവക്ഷിച്ചിരുന്ന അർത്ഥത്തിലുള്ള ബഹുജനമാധ്യമ സ്വഭാവത്തെ ഇവ മാറ്റിമറിക്കുന്നു. എന്നുവച്ചാൽ ഒരു കേന്ദ്രത്തിൽനിന്ന് ഒരുപാടാളുകളിലേക്ക് നടക്കുന്ന ഏകപക്ഷീയമായ വിനിമയപ്രക്രിയയല്ല നവമാധ്യമങ്ങളുടേത്. രണ്ട്, ആധുനിക മാധ്യമങ്ങളെ അപേക്ഷിച്ച് സാങ്കേതികതയിലും മാധ്യമപരതയിലും ഇവയുടെ സാമൂഹ്യപ്രക്ഷേപണരീതികൾ മാറിവരുന്നു. സത്വരത (immediacy), വിവിധമാധ്യമങ്ങളുടെ സംലയനം (media convergence), ബഹുമാധ്യമപരത (multimedia), ഇടപെടൽശേഷി (interactivity), ഡിജിറ്റലീകരണം (digitalization), അധിപാഠപരത (hypertextuality), പ്രതീതിപരത (virtuality) എന്നിങ്ങനെയുള്ള സ്വഭാവങ്ങൾ നവമാധ്യമങ്ങളുടെ അനിവാര്യതയാണ്. ഇവയെല്ലാം സാങ്കേതികതകളാണെന്ന് പ്രഥമദൃഷ്ട്യാ തോന്നാമെങ്കിലും ഒരേ സമയംതന്നെ സാമൂഹികതയും സാംസ്കാരികതയുമായി ഇഴപിരിഞ്ഞു നിൽക്കുന്നവയാണ് ഈ സ്വഭാവങ്ങളോരോന്നും.

വാർത്താവിനിമയരംഗത്തെ കുതിപ്പുകൾ, വൈദ്യശാസ്ത്രം മുതൽ ആണവശാസ്ത്രം വരെയുള്ള രംഗങ്ങളിലെ വഴിത്തിരിവുകൾ, സാഹിത്യ പത്രാധിപ (literary editor) രുടെ മരണം പ്രഖ്യാപിച്ച ബ്ലോഗ്സാഹിത്യം, അച്ചടിമാധ്യമത്തിന്റെ അന്ത്യംകുറിച്ച് നിലവിൽവന്നു കഴിഞ്ഞ ഇലക്ട്രോ

ണിക് പുസ്തക, പത്രപ്രസാധനം, മുഴുവൻയന്ത്ര, സാങ്കേതികതകളും ഉൾക്കൊണ്ട ഡിജിറ്റലൈസേഷൻ, പഠന,ഗവേഷണ തലങ്ങളിലെ അത്യ പൂർവമായ അറിവനുഭവമേഖലകൾ, മതമൗലികവാദം മുതൽ പോണോഗ്ര ഫിവരെയുള്ളവ ലോകത്തെ കീഴടക്കുന്ന സൈബർ അധോമണ്ഡലം എന്നി ങ്ങനെ നവമാധ്യമങ്ങളുടെ വ്യവഹാരമേഖലകൾ നിരവധിയാണ്. സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ എന്നറിയപ്പെടുന്ന സമാന്തര മാധ്യമമണ്ഡല മാണ് മറ്റൊന്ന്.

സാങ്കേതികവിപ്ലവത്തിനൊപ്പം മാധ്യമസംസ്കാരത്തിന്റെ യഥാർത്ഥ ജനാധിപത്യവൽക്കരണം നടക്കുന്നതും നവമാധ്യമങ്ങളിലാണെന്നവാദം ശ്രദ്ധേയമായ ഒന്നാണ്. ആധുനികമാധ്യമങ്ങൾ അടിസ്ഥാനപരമായി മുത ലാളിത്തപരവും വിപണിപരവുമായിരുന്നുവെങ്കിൽ, നവമാധ്യമങ്ങൾ പത്രം, മാസികകൾ, പുസ്തകം, റേഡിയോ, സംഗീതം, ടെലിവിഷൻ തുടങ്ങിയ പരമ്പരാഗത മാധ്യമവ്യവസായങ്ങളെ അപേക്ഷിച്ച് ചെലവുകുറഞ്ഞതും ഉദാ രവുമാണ്. സ്ഥല, കാല, ദേശരാഷ്ട്ര പരിമിതികൾ മറികടന്നും സ്ഥാപനപ രമായ നിയന്ത്രണങ്ങൾ ഒഴിവാക്കിയും പരമ്പരാഗത മാധ്യമങ്ങളെത്തന്നെ നവീകരിച്ചും പങ്കാളിത്തത്തിന്റെയും ഇടപെടലിന്റെയും പുതിയ മാധ്യമസാ ധ്യതകൾ തുറന്നിട്ടുമൊക്കെ ഇന്റർനെറ്റ് സൃഷ്ടിക്കുന്ന ജനാധിപത്യപരമായ മാധ്യമസംസ്കാരത്തെ വിശകലനം ചെയ്യുന്ന നിരവധി മാധ്യമപഠനങ്ങളു ണ്ട്. (കാണുക, Colin Sparks, quoted by Des Freedman in James Curran, 2006, 278-280)

നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക തയായി മാധ്യമപഠിതാക്കൾ ചൂണ്ടിക്കാണിക്കുന്നത്, ഉദാര ജനാധിപത്യ ത്തിന്റെ അത്യപൂർവമായ ഒരു ആഗോളരാഷ്ട്രീയാന്തരീക്ഷം നിർമ്മിക്കപ്പെ ടുന്ന അവസ്ഥയാണ്. റസ്സൽ ന്യൂമാനെപ്പോലുള്ളവർ നവമാധ്യമത്തെ നിർവ ചിക്കുന്നതുപോലും ഈയൊരു പശ്ചാത്തലത്തിലാണ്. “Democratization of the creation, publishing, distribution and consumption of media content through computer technology” (Croteau and Hoynes, 2003, 322)ഡിജി റ്റൽ ഡെമോക്രസി, ഇലക്ട്രോണിക് ഡെമോക്രസി, സൈബർ ഡെമോക്ര സി, പാർട്ടിസിപ്പേറ്ററി ഡെമോക്രസി എന്നിങ്ങനെ എത്രയോ സംജ്ഞകളി ലൂടെ സംവദിക്കപ്പെടുന്ന നവമാധ്യമരാഷ്ട്രീയം തന്നെയാണിത്. ഡഗ്ലസ് കെൽനർ പറയുന്നത്, ‘നവമാധ്യമങ്ങൾ ഒരു ആധുനികാനന്തര ജനാധിപ ത്യപൊതുമണ്ഡലം തന്നെ സൃഷ്ടിച്ചിരിക്കുന്നു’വെന്നാണ് പൗര ത്വ സങ്കൽപത്തിന് (citizenship) പുതിയമാനങ്ങൾ സൃഷ്ടിച്ചുനൽകി നവമാ ധ്യമങ്ങൾ രൂപപ്പെടുത്തുന്ന ജനാധിപത്യബോധത്തിന്റെ സാധ്യതകളെക്കു റിച്ചാണ് മറ്റുചില മാധ്യമപഠനങ്ങൾ സൂചനനൽകുന്നത്.

ഹൊവാർഡ് റീൻഗോൾഡ് പറയുന്നു. ”പരമ്പരാഗത മാധ്യമങ്ങൾക്കു മേൽ നിയന്ത്രണമേർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യം നടപ്പാക്കുന്നു നവമാധ്യമങ്ങൾ ’ (James

Curran, 2006:278). മാനുവൽ കാസ്റ്റല്ലസിന്റെ അഭിപ്രായമാകട്ടെ, "വിനോദ ത്തിനുമേൽക്കൈയുള്ള ആധുനികബഹുജനമാധ്യമങ്ങളുടെ ഉദാസീനതയ ല്ല, ഓൺലൈൻ മാധ്യമങ്ങളുടെ സാമൂഹികജാഗ്രത'' എന്നാണ്. "It is open source,freeposting, decentralized broadcasting, serendipitous interaction, purpose - oriented communication and shared creation that find their expression on the internet."

എന്നാൽ എല്ലാ മാധ്യമപഠനങ്ങളും ഒരേപോലെ അംഗീകരിക്കുന്ന ഒന്നല്ല സൈബർ ജനാധിപത്യത്തിന്റെ ഇത്തരമൊരവസ്ഥ. ഹെർമനും മക്ചെസ്നിയും 'നവമാധ്യമരംഗത്തും ബഹുരാഷ്ട്ര ടെലികമ്യൂണിക്കേഷൻ കോർപ്പറേഷനുകൾ (ഗൂഗിൾ, യാഹൂ എന്നിങ്ങനെ) കുത്തകസ്ഥാപിച്ചു കഴിഞ്ഞു' എന്ന വിമർശനമുന്നയിക്കുന്നു. പടിഞ്ഞാറിന്റെ നവസാമ്രാജ്യത്വം (Neo imperialism of the West) എന്ന സങ്കൽപനം മുൻനിർത്തി ആധുനി കാനന്തരതാപദ്ധതിയെ വീക്ഷിക്കുന്ന സിയാവുദ്ദീൻ സർദാർ പടിഞ്ഞാറ് കോളനൈസ് ചെയ്യാൻ ശ്രമിക്കുന്ന ഏറ്റവും പുതിയ മേഖല സൈബർസ്പേ സിന്റേതാണ് എന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. മൂന്നുഘടകങ്ങളിലൂന്നിയാണ് ഇന്റർനെറ്റ് മാധ്യമങ്ങൾ ജനകീയമായി വ്യാപിക്കുന്നതെന്നു പറയുന്നു, പീറ്റർ ഗോൾഡിംഗ്. വർധിച്ച ജനാധിപത്യം, വിവരങ്ങളുടെയും വിദ്യാഭ്യാസഉപക രണങ്ങളുടെയും ലഭ്യതയിലൂടെയുള്ള പൗരശാക്തീകരണം, ലോകജനത ക്കിടയിലെ മെച്ചപ്പെട്ട ആശയവിനിമയം എന്നിവയിൽ. 'ആഗോളഗ്രാമത്തെ (ഇന്റർനെറ്റ്) ഡിജിറ്റൽ ചന്തയാക്കി മാറ്റി' യെന്നു നിരീക്ഷിക്കുന്ന ഗോൾഡിം ഗ്, അവിടത്തെ സാമ്പത്തികവിവേചനങ്ങൾ സാംസ്കാരികവും രാഷ്ട്രീയ വുമായ വിവേചനങ്ങൾക്കു വഴിവെക്കുമെന്നും സൂചിപ്പിക്കുന്നു (Paul Marris, 2003, 809) അതേത്തുടർന്നാണ് ഇലക്ട്രോണിക് ജനാധിപത്യമാണോ സൈബർ വ്യക്തിവാദമാണോ നവമാധ്യമങ്ങൾ സൃഷ്ടിക്കുന്നതെന്ന ചോദ്യം അദ്ദേഹം ഉന്നയിക്കുന്നത്. ടെലി-ജനാധിപത്യത്തിന്റെ സുവർണ്ണപ്രതീക്ഷ കൾ ആദ്യം സൃഷ്ടിച്ചത് ടെലിവിഷനാണ്. ഇലക്ട്രോണിക് റഫറണ്ടമായി മാറിയ ടെലിവിഷൻ പ്രചാരണത്തിലൂടെ രാഷ്ട്രീയവും തെരഞ്ഞെടുപ്പുപ്ര ക്രിയയും കൈവരിച്ചമാറ്റങ്ങൾ ഗോൾഡിംഗ് ഓർമ്മിപ്പിക്കുന്നു.

സാങ്കേതികസാക്ഷരത (technoliteracy) മുൻനിർത്തി സാധ്യമാ കുന്ന ജനാധിപത്യമേ നവമാധ്യമങ്ങൾ ഉറപ്പുനൽകുന്നുള്ളൂ. അതുവഴി വ്യക്തിവാദപരമായ ഒരു രാഷ്ട്രീയസംസ്കാരം രൂപംകൊള്ളുന്നു. പ്രതിനി ധാനപരമായ ജനാധിപത്യസ്ഥാപനങ്ങൾ (ട്രേഡ് യൂണിയനുകൾ, സാമൂ ഹികകൂട്ടായ്മകൾ, രാഷ്ട്രീയപാർട്ടികൾ, സമ്മർദ്ദ സംഘങ്ങൾ...) സൈബർജ നാധിപത്യത്തിൽ തിരിച്ചടി നേരിടുന്നു. അങ്ങനെവരുമ്പോൾ പ്രാതിനിധ്യ ജനാധിപത്യസ്ഥാപനങ്ങൾ തിരോഭവിക്കുകയും ഒരുതരം ആൾക്കൂട്ടജനാ ധിപത്യം മേൽക്കൈ നേടുകയും ചെയ്യും - ഗോൾഡിംഗ് വിശദീകരിക്കുന്നു (ibid, 810) സാമൂഹ്യമാധ്യമങ്ങൾ വൻ പ്രാമാണ്യം നേടിയെടുക്കുന്ന പൗര

സമൂഹപ്രക്ഷോഭങ്ങളിലൂടെ ഇന്നു ലോകമെമ്പാടും സംഭവിക്കുന്ന വ്യവസ്ഥാമാറ്റങ്ങളുടെ നേർക്ക് പൊതുവിൽ ഉന്നയിക്കപ്പെടുന്ന വിമർശനവും ഇതു തന്നെയാണ്.

'ഡിജിറ്റൽ വിഭജനം' എന്നത് നവമാധ്യമങ്ങളുടെ കാലത്തെ സാമൂഹ്യാനുഭവങ്ങളിലൊന്നാണ്. മധ്യകാലയുഗത്തിന് ഗുട്ടൻ ബർഗിന്റെ അച്ചടി സൃഷ്ടിച്ച നാടകീയ പരിണാമങ്ങൾ നമ്മുടെ സംസ്കാരത്തിന് ഇൻഫർമേഷൻ സൂപ്പർ ഹൈവേ സൃഷ്ടിച്ചുനല്കുമെന്ന് ബിൽഗേറ്റ്സ് ചൂണ്ടിക്കാണിച്ചത് 1990 കളുടെ മധ്യത്തിലാണ്. പുതിയ ഒരു ഏകലോകക്രമത്തിന്റെ രാജവീഥിയായാണ് ഗേറ്റ്സ് വിവരവീഥിയെ കണ്ടത്. പക്ഷേ, സ്വകാര്യ, പൊതു മേഖലകൾ കപ്പം കൊടുക്കുന്ന ഇൻഫർമേഷൻ സൂപ്പർ ഹൈവേ ഉടമകൾ, ഇൻഫർമേഷൻ ഹാർഡ് വെയർ ഉല്പാദകർ, ഇൻഫർമേഷൻ സോഫ്റ്റ് വെയർ ഉടമകൾ, ഇൻഫർമേഷൻ ഉപഭോക്താക്കൾ എന്നിങ്ങനെ നാലുതലങ്ങളായി വിഭജിക്കപ്പെടുകയാണ് സൈബർ സമൂഹം. വെളിയിലാകട്ടെ ഇൻഫർമേഷൻ സൂപ്പർ ഹൈവേയിൽ പ്രവേശനമുള്ളവരും ഇല്ലാത്തവരും എന്ന് പൊതുസമൂഹം നെടുകെ പിളർന്നുനില്ക്കുകയും ചെയ്യുന്നു.

അതേസമയം തന്നെ, ജൈവസമൂഹികതയിൽ നിന്നുഭിന്നവും നിശ്ചയമായും വിപുലവുമായ പ്രതീതി സാമൂഹികതയ്ക്ക് രൂപം നല്കാൻ നവമാധ്യമസാങ്കേതികതക്കു കഴിഞ്ഞിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രാദേശികതയോ ദേശീയതയോ നിശ്ചയിക്കുന്ന അസ്തിത്വത്തിനപ്പുറത്ത് ആഗോളതലത്തിൽ തന്നെ വ്യാപ്തിയുള്ളതാണ് ഈ പ്രതീതി സമൂഹങ്ങൾ. യാഥാർത്ഥ്യത്തിനുപകരം നില്ക്കുന്ന പ്രതീതിയാകട്ടെ, പലപ്പോഴും യാഥാർത്ഥ്യത്തേക്കാൾ യഥാർത്ഥമാണെന്ന തോന്നൽ ജനിപ്പിക്കുകയും ബോദിലാദ് പറഞ്ഞതുപോലെ, പകർപ്പെന്നു തോന്നിക്കാത്ത പകർപ്പുകളുടെ പരമ്പരയിലേക്കു നമ്മുടെ മുഴുവൻ അനുഭവലോകത്തെയും മാറ്റിത്തീർക്കുകയും ചെയ്യുന്നു. ടെലിവിഷനിലാരംഭിച്ചതാണ് മാധ്യമങ്ങളുടെ ഈ ഭാവുകത്വവിപര്യയം. മാധ്യമത്തിൽ നിന്ന് ഉപഭോക്താവിലേക്ക് എന്ന മട്ടിൽ ഏകപക്ഷീയമായി നടന്ന ആശയ, വാർത്താവിനിമയങ്ങളായിരുന്നു അച്ചടിയും ആദ്യകാല ഇലക്ട്രിക് മാധ്യമങ്ങളും സാധ്യമാക്കിയതെങ്കിൽ ടെലിവിഷൻ തുടക്കമിട്ട ഏറ്റവും പ്രകടമായ മാറ്റം ഈ പ്രക്രിയയെ ദ്വിമുഖമാക്കി മാറ്റി എന്നതാണ്. ഇന്ററാക്ടീവ് എന്ന നിലയിലേക്ക് നവമാധ്യമസാങ്കേതികതയുടെ അടിസ്ഥാനസ്വഭാവം പരിണമിച്ചുകഴിഞ്ഞു. ഒരേ സന്ദേശം എത്രയെങ്കിലും പേർക്ക് ഒരേസമയം തന്നെ വഴിതിരിച്ചുവിടാവുന്ന നെറ്റ് വർക്കായി പ്രവർത്തിക്കുകയാണ് നവമാധ്യമങ്ങളുടെ പ്രാഥമിക ഘടന തന്നെ. തത്സമയ സംപ്രേഷണമെന്നത് ഒരു സാങ്കേതികത മാത്രമല്ല. സംസ്കാരം തന്നെയായി മാറുന്ന പശ്ചാത്തലമാണ് മറ്റൊന്ന്. കംപ്യൂട്ടർ ഗെയിമുകളുടെ രംഗത്ത് ആധിപത്യം നേടിക്കഴിഞ്ഞ മൾട്ടിമീഡിയ ഗെയിം മെഷീനുകളുടെ കഥ മറ്റൊരുദാഹരണമാണ്. സാമൂഹിക കൂട്ടായ്മകൾ സാധ്യമാക്കിയിരുന്ന

ഔട്ട് ഡോർകളികളിൽ നിന്ന് കുട്ടികളും പലപ്പോഴും മുതിർന്നവരും വൻതോതിൽ കമ്പ്യൂട്ടർ സ്ക്രീനിൽ സൃഷ്ടിച്ചെടുക്കുന്ന പ്രതീതിലോകത്തേക്കു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പുതിയ തലമുറ എക്സ്-ബോക്സ്, പ്ലേസ്റ്റേഷൻ തുടങ്ങിയ അനന്തസാധ്യതയുള്ള ഗെയിം മെഷീനുകളിലൂടെ നടത്തുന്ന ഈ പ്രതീതി സഞ്ചാരം അസാധാരണമായ ഉൾവലിയലുകളുടെ കൂടി ഒരവസ്ഥയ്ക്കാണ് രൂപം നല്കുന്നത്.

അച്ചടിമാധ്യമങ്ങളെ മാത്രമല്ല, ഒരു പരിധിവരെ ടെലിവിഷനെപ്പോലും പഴഞ്ചനാക്കിക്കൊണ്ട് വാർത്താമാധ്യമമെന്ന നിലയിൽ ഇന്റർനെറ്റ് കൈവരിക്കുന്ന ചില വിസ്മയനീക്കങ്ങളാണ് മറ്റൊരു മേഖല. 1998 ജനുവരിയിൽ മാറ്റ് ഡ്രഡ്ജ് എന്നൊരാൾ തന്റെ വെബ്സൈറ്റിൽ ഒരു മെസ്സേജ് പോസ്റ്റ് ചെയ്തു. അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റണ് ഒരു വൈറ്റ് ഹൗസ് ജീവനക്കാരിയുമായുള്ള അവിഹിത ബന്ധത്തെക്കുറിച്ചുള്ള ലേഖനം ന്യൂസ് വീക്ക് വാരിക തമസ്കരിച്ചു എന്നായിരുന്നു ആ മെസ്സേജ്. തങ്ങൾ ലേഖനം തമസ്ക്കരിച്ചിട്ടില്ല, കൂടുതൽ വസ്തുതകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കാൻ മാറ്റിവച്ചിരിക്കുകയാണ് എന്ന് വാരികക്ക് പ്രതികരിക്കേണ്ടിവന്നു. പക്ഷെ ലോകം ന്യൂസ് വീക്ക് ലേഖനത്തിനുവേണ്ടി കാത്തുനിന്നില്ല. മാറ്റ് ഡ്രഡ്ജ് തുറന്നുവിട്ട ഭൂതം രണ്ടുവർഷമാണ് വാർത്താലോകം കീഴടക്കി വാണത്.

മറ്റൊരു സംഭവം വെർജിനിയ ടെക് കൂട്ടക്കൊലയെക്കുറിച്ചുള്ള നെറ്റ് വാർത്തകളാണ്. ചോ - ഷെങ്ഹ്യൂ, എൻ.ബിസി. ടെലിവിഷൻ കമ്പനിക്കയച്ച വെബ് ചിത്രങ്ങളാണ് സംഭവത്തെക്കുറിച്ചുള്ള ആധികാരികറിപ്പോർട്ടുകളായി ലോകം തിരിച്ചറിഞ്ഞത്. കമ്പനി തങ്ങളുടെ ടി.വി. ചാനലിൽ ഈ ചിത്രങ്ങൾ സംപ്രേഷണം ചെയ്തത് ഒരു ദിവസം കാത്തിരുന്ന ശേഷമാണ്. അപ്പോഴും അതിന്റെ ആധികാരികതയെക്കുറിച്ച് ചാനലിന് ഉറപ്പൊന്നുമുണ്ടായിരുന്നില്ല. പക്ഷെ അതിനുമുമ്പുതന്നെ അമേരിക്കയിൽ മാത്രം നാല്പതുലക്ഷം പേരാണ് സ്കൈ വെബ്സൈറ്റ് സന്ദർശിച്ചത്. സന്ദർശിക്കുക മാത്രമല്ല, തങ്ങളുടെ സങ്കടവും രോഷവും ലോകത്തോടുപങ്കുവയ്ക്കുകയും ചെയ്തു. അവരിൽ പലരും. ഈ ഇന്ററാക്ടീവ് സൗകര്യമുപയോഗിച്ചാണ് മുഴുവൻ വാർത്താസൈറ്റുകളിലും അമേരിക്കൻ ജനത തങ്ങളുടെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചത്. ഇന്ത്യയിൽ നിന്നുതന്നെ 20,000 പേർ വെർജിനിയടെക് കൂട്ടക്കൊലയിൽ മരിച്ച ഇന്ത്യൻ വിദ്യാർത്ഥിനി മിനാൽ പഞ്ചലിന് അനുശോചനം രേഖപ്പെടുത്തിയ ഒരു കൂട്ടായ്മയിൽ പങ്കുചേർന്നു. കെന്നഡിയുടെ ചരമയാത്ര സംപ്രേഷണം ചെയ്ത ടെലിവിഷൻ, ഒരു ജനതയെ ചരിത്രത്തിലാദ്യമായി ഒരൊറ്റ വികാരത്തിലാഴ്ത്തിയ കാലം ഓർമ്മയായിക്കഴിഞ്ഞു. വൻതോതിൽ പത്രങ്ങളുടെ പ്രചാരം കുറച്ചുകൊണ്ട് ഇന്റർനെറ്റ് വാർത്താമാധ്യമമെന്ന നിലയിലും വിനോദ, വിജ്ഞാന, വിപണന മാധ്യമങ്ങളെന്ന നിലയിലും ലോകം കീഴടക്കിക്കഴിഞ്ഞു. ബ്രോഡ്ബാൻഡ് വന്നതോടെ നിശ്ചലദൃശ്യങ്ങൾക്കുപകരം ശബ്ദവും ച

ലനവും സാധ്യമായ വാർത്താ ദൃശ്യങ്ങളാണ് നെറ്റിൽ ലഭിക്കുന്നത്. പക്ഷെ വാർത്താസ്രോതസ്, വാർത്തയുടെ ആധികാരികത, വസ്തുനിഷ്ഠത, വിശ്വാസ്യത, സ്വകാര്യത എന്നിവയൊന്നും പരിഗണിക്കാത്തവയാണ് ഇന്റർനെറ്റിലെ വലിയൊരുവിഭാഗം വാർത്തകളും. എന്നിട്ടും വാർത്താമാധ്യമമെന്ന നിലയിൽ ഇന്റർനെറ്റ് മറ്റുമുഴുവൻ മാധ്യമങ്ങളെയും ഭയപ്പെടുത്തുകയാണ്.

ഇവിടെയാണ്, ബോദിലാദിനെപ്പോലുള്ളവർ നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്ഥല, കാല, സാങ്കേതിക, മാധ്യമ രാഷ്ട്രീയങ്ങളെ വിമർശനാത്മകമായി കാണുന്ന സാഹചര്യം രൂപംകൊള്ളുന്നത്. ആധുനികതയുടെ സർവ്വനാശം( catastrophy of modernity) എന്നു വിളിച്ചാണ് വ്യാജചിഹ്നങ്ങളുടെയും അതിയാഥാർത്ഥ്യങ്ങളുടെയും പ്രതീത്യനുഭവങ്ങളുടെയും ലോകാവസ്ഥയായി നവമാധ്യമങ്ങളെ ബോദിലാദ് അവതരിപ്പിക്കുന്നത്. യാഥാർത്ഥ്യം (reality), അർത്ഥം (meaning), സ്വത്വം(identity) തുടങ്ങിയ ആധുനികസംവർഗങ്ങളെല്ലാം അഴിഞ്ഞുപോകുന്ന അവസ്ഥ. മാർക്പോസ്റ്റർ ബോദിലാദിന്റെ നിരീക്ഷണങ്ങൾക്കു പിന്തുണനൽകിരംഗത്തു വരുന്നു. Postmodern Virtualities എന്ന ലേഖനം കാണുക. (Meenakshi Durham, 2001, 611-625) "സംസ്കാരത്തിന്റെയും കർതൃത്വത്തിന്റെയും നവീനവും വേറിട്ടതുമായ രൂപങ്ങൾക്കു ജന്മംനൽകുന്നു ആധുനികാനന്തര മാധ്യമങ്ങൾ'' പോസ്റ്റർ പറയുന്നു. അച്ചടിയുടെ കാലത്ത് പുസ്തകം സയുക്തികമായ വ്യക്തികർതൃത്വത്തിനു രൂപംനൽകിയതുപോലെ, മൾട്ടിമീഡിയയുടെ കാലത്ത് നവമാധ്യമങ്ങൾ പ്രതീതി സാമൂഹികതയ്ക്കും സൈബർസ്ഥലങ്ങൾക്കും രൂപംനൽകുന്നു.

അതേസമയം തന്നെ, നവമാധ്യമങ്ങൾ സൃഷ്ടിച്ചു എന്നുപലരും കരുതുന്ന ആധുനികതാവിമർശനപരമായ ജനാധിപത്യസംസ്കാരം, 1965 –85 കാലത്തുണ്ടായ ന്യൂജേണലിസത്തിന്റെ സൃഷ്ടിയാണ് എന്നുവാദിക്കുന്നവരുണ്ട് (David Hesmondhalgh, 2008). പിന്നീട് നവമാധ്യമങ്ങൾ ഇത് ഏറ്റെടുത്തുവെന്നേയുള്ളു. ഭരണകൂടങ്ങളെ ദുർബ്ബലമാക്കിയും പൗരാവകാശങ്ങൾ ഉയർത്തിപ്പിടിച്ചും ജനാധിപത്യപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള നിരന്തരമായ പ്രവർത്തനങ്ങൾ ന്യൂജേണലിസം ഏറ്റെടുത്തിരുന്നുവെന്നും ടെലിവിഷൻ ഇതിനുവൻപിന്തുണ നല്കിയെന്നും ചൂണ്ടിക്കാണിക്കുന്നു, സ്വീഡിഷ് ഗവേഷകനായ ജെർഫ് പിയറി (Ibid, 49). ക്രിട്ടിക്കൽ പ്രൊഫഷണലിസം എന്നാണ് അദ്ദേഹം ഈ പ്രവണതയെ വിളിച്ചത്. വാട്ടർഗേറ്റ്, വിയറ്റ്നാം വിവാദങ്ങൾ മുതൽ യൂറോപ്പിലും ലാറ്റിനമേരിക്കയിലും പ്രചരിച്ച മാധ്യമമുന്നേറ്റങ്ങൾ വരെയുള്ളവയുടെ പിന്തുടർച്ചയായി നവമാധ്യമങ്ങളെ കണ്ടാൽ സാമൂഹ്യമാധ്യമം എന്ന് വിളിക്കപ്പെടുന്ന സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ ഇന്ന് നിർവഹിക്കുന്ന രാഷ്ട്രീയം വിശകലനം ചെയ്യുക എളുപ്പമായിരിക്കും. ഭരണകൂടാധികാരത്തെ ചോദ്യം ചെയ്തും വെല്ലുവിളിച്ചും അക്കാലത്ത് ടെലിവിഷൻ വാർത്തകൾ

നിർമ്മിച്ചെടുത്ത ഒരു രാഷ്ട്രീയപ്രേക്ഷകസമൂഹം നവമാധ്യമങ്ങളിൽ കുറേക്കൂടി ക്രിയാത്മകമായി പുനർജ്ജനിക്കുകയാണ് എന്നുകരുതാം.

മാധ്യമ ആക്ടിവിസത്തിന്റെ ഏറ്റവും വിപുലമായ വിനിമയമേഖലയായി നവമാധ്യമങ്ങൾ മാറിയ സന്ദർഭത്തിന് യൂറോ- അമേരിക്കൻ നിയോലിബറൽ സാമ്പത്തികനയങ്ങളും ആഫ്രോ - ഏഷ്യൻ സർവാധിപത്യങ്ങളും വേദിയായി എന്നും കാണാം.

വ്യക്തിവാദത്തിലൂന്നി, നവമാധ്യമങ്ങൾ വഴി സാമൂഹ്യമാധ്യമകൂട്ടായ്മകൾ പ്രചരിപ്പിക്കുന്ന ജനാധിപത്യരാഷ്ട്രീയത്തിന്റെ സാധ്യതകൾ സിയാവുദ്ദീൻ സർദാർ മുൻപുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വർത്തമാനകാലത്ത് ഏറെ പ്രസക്തമായി തോന്നുന്ന മിക്‌ലോസ്. എൻ. ഡിലാഗി (Miklos. N. Szilagyi) യുടെ നിരീക്ഷണങ്ങൾ സർദാർ ഉദ്ധരിക്കുന്നു: “The information revolutiion will change the political system automatically. The commercialisation of computer networks will create a situation when everyone will be connected to everyone else with the ease of using a telephone today. In this environment, ideas will be exchanged free of charge and with the speed of light. No governent or special interest group can stop this process. It will lead to the collapse of representative democracy as it is known today. Money will be eliminated from politics and replaced with this independent information system to present a bread range of political choices for every caring citizen. Particupation will be open to all qualified persons. The electronic information system will provide forums to express ideas. Competing opinions will be freely publicised, criticised, and discussed. Paid political advertising, financial campagin contributions and political action committees will become obsolete. Politicians will be selected in a free competition of ideas. Their power will be limited and decentralised. They will be accountable to the ctizens. Success and status in society will not depend on political power. Representative democracy will be dead and the sooner it is replaced by the democrary of the information age the better it is for all of us’’. (Ziauddin Sardar, 1998, 62-63).

‘സൈബർ സ്ഥലജനാധിപത്യം’ എന്ന് സർദാർ വിളിക്കുന്നത്, ഈവിധം സൈബർ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന നവജനാധിപത്യരാഷ്ട്രീയത്തെയാണ്. വ്യക്തിവാദത്തിന്റെയും ശിഥിലീകരണത്തിന്റെയും ധാരാളിത്തം നിറഞ്ഞ ഒന്നാണ് ഈയവസ്ഥയെന്നും സർദാർ നിരീക്ഷിക്കുന്നു. സാമൂഹ്യമാധ്യമങ്ങളുടെ സമീപകാലസ്വാധീനം വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്ന വസ്തുതകളും ഇതൊക്കെത്തന്നെയാണ്.

വിവരങ്ങൾ നല്കുക മാത്രം ചെയ്യുന്ന വെബ്സൈറ്റുകളുടെ

ഒന്നാംതരംഗത്തിനുശേഷം രൂപംകൊണ്ട വെബ് 2.0 യുടെ സൃഷ്ടിയാണ് സാമൂഹ്യമാധ്യമങ്ങൾ. ഇന്ററാക്ടീവ് സാധ്യതകൾ മുൻനിർത്തി, ഓരോ വ്യക്തിയും രൂപം നല്കുന്ന ആശയങ്ങളുടെയും സന്ദേശങ്ങളുടെയും അപൂർവ്വമായ വിനിമയമണ്ഡലമാണ് സാമൂഹ്യമാധ്യമങ്ങൾ.

"A group of internet based applications that build on the ideological and technical foundations of web 2.0 and that allow the creation and exchange of user generated content'' എന്നാണ് ആന്ദ്രിയാസ് കപ്ലാൻ, മൈക്കൽ ഹെൻലിൻ എന്നിവർ സാമൂഹ്യമാധ്യമത്തെ നിർവചിക്കുന്നത്. സാമൂഹ്യവിനിമയത്തിന്റെയും മാധ്യമസാങ്കേതികതയുടെയും മാനദണ്ഡങ്ങൾ മുൻനിർത്തി ഇവർ സാമൂഹ്യമാധ്യമങ്ങളെ ആറായി വർഗ്ഗീകരിക്കുകയും ചെയ്യുന്നു. സംഘടിതപദ്ധതികൾ (വിക്കിപ്പീഡിയ പോലുള്ളവ) ബ്ലോഗുകൾ (ട്വിറ്റർ പോലുള്ളവ), ഉള്ളടക്കം പങ്കുവയ്ക്കുന്നവ (യു ട്യൂബ് പോലെ), സൗഹൃദക്കൂട്ടായ്മകൾ (ഫേസ് ബുക്ക് പോലെ) പ്രതീതി വിനോദങ്ങൾ (ഗെയിം സൈറ്റുകൾ), പ്രതീതിസാമൂഹികസ്ഥലങ്ങൾ (സെക്കൻഡ് ലൈഫ് പോലെ) എന്നിങ്ങനെ. നവമാധ്യമങ്ങളുടെ സാങ്കേതികസൗകര്യങ്ങൾ മുഴുവൻ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വന്തം നിലയിലും ആധുനികമാധ്യമങ്ങളുമായി ചേർന്ന് അവയിലും കൂടി ഈ മാധ്യമങ്ങൾ നിർവഹിക്കുന്ന സാമൂഹികദൗത്യങ്ങളുടെ രാഷ്ട്രീയമാണ് ഇനി വിശകലനം ചെയ്യാനുള്ളത്.

ഫേസ് ബുക്ക്, ട്വിറ്റർ, യു ട്യൂബ്, മൈ സ്പേസ്, ഗൂഗിൾ പ്ലസ് എന്നിവയാണ് ഏറ്റവും പ്രസിദ്ധമായ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ. പരമാവധി നൂറ്റി നാല്പതുവാക്കുകളിൽ സന്ദേശമയയ്ക്കാവുന്ന ബ്ലോഗിംഗ് സൈറ്റാണ് ട്വിറ്റർ. മുഖ്യമായും സൗഹൃദങ്ങളുടെ കൂട്ടായ്മകളാണ് ഫേസ്ബുക്കിലുള്ളത്. വീഡിയോകളുടെ പങ്കുവയ്ക്കലാണ് യുട്യൂബിന്റെ പ്രധാനസാധ്യത. ഇവയ്ക്കെല്ലാം മുൻപേയുള്ളതാണ് മൈ സ്പേസ്. ഗൂഗിൾ പ്ലസാകട്ടെ, ഫേസ്ബുക്കിന്റെ പ്രചാരം കണ്ട് ഗുഗിൾ തുടങ്ങിയ സൈറ്റാണ്.

പങ്കാളിത്തം, ഇടപെടൽ, നിരന്തരമായ പരിഷ്കരണം എന്നിവയിലൂടെ അപൂർവ്വമായ ആശയപ്രചാരണവും സാമൂഹ്യസ്വാധീനവും ഉറപ്പാക്കാൻ കഴിയുന്നുവെന്നതാണ് സാമൂഹ്യമാധ്യമങ്ങളുടെ പ്രസക്തി. ആഗോളതലത്തിൽ തന്നെ മൊബൈൽഫോണിനൊപ്പം പ്രചരിച്ച ഏറ്റവും ജനപ്രിയമായ ആശയവിനിമയോപാധിയായി ഇവ മാറിക്കഴിഞ്ഞു. മൈ സ്പേസിനോടും ട്വിറ്ററിനോടും മത്സരിച്ച് 2004-ൽ തുടക്കമിട്ട ഫേസ്ബുക്കാണ് ഇവയിൽ ഏറ്റവും പ്രചാരം നേടിയിട്ടുള്ളത്. 2011 നവംബറിൽ തൊണ്ണൂറുകോടിയാണ് ഫേസ് ബുക്ക് അംഗങ്ങളുടെ എണ്ണം. നിശ്ചയമായും ഈ വർഷം തന്നെ ഇത് നൂറുകോടി തികയും! 2010 ഫെബ്രുവരിയിൽ ഇത് 40 കോടിയായിരുന്നുവെന്നോർക്കുക. ട്വിറ്റർ ഉൾപ്പെടെയുള്ള ഇതരസാമൂഹ്യമാധ്യമങ്ങൾ കൂടി പരിഗണിച്ചാൽ ലോകത്തൊട്ടാകെ ഇരുനൂറുകോടിയോളം വരും ഇവയിലെ അംഗത്വം എന്നുകാണാം. തുടക്കത്തിൽ ഓർക്കൂട്ട്, ട്വിറ്റർ എന്നിവയാ

യിരുന്നു മുമ്പിലെങ്കിലും ഇപ്പോൾ ഇന്ത്യയിലും ഫേസ് ബുക്കാണ് അംഗത്വത്തിൽ മുന്നിലുള്ളത്. പരമ്പരാഗതമാധ്യമങ്ങൾ പോലെ നിങ്ങൾ വായനക്കാരോ കേൾവിക്കാരോ കാഴ്ചക്കാരോ ആയി മാറിനില്ക്കുകയല്ല, പങ്കാളിയും സ്രഷ്ടാവുമായി നേരിട്ട് ഇടപെടുകയാണ് സാമൂഹ്യമാധ്യമങ്ങളിൽ. ഈ പങ്കാളിത്തവും ഇടപെടൽ സാധ്യതയുമാണ് സാമൂഹ്യമാധ്യമങ്ങളുടെ വിനിമയരാഷ്ട്രീയത്തെ ജനാധിപത്യപരമാക്കുന്ന അടിസ്ഥാനഘടകം. ഒരു ടി.വി. പരമ്പര കണ്ടിരിക്കുന്നതും റിയാലിറ്റി ഷോയിൽ പങ്കാളിയാകുന്നതും തമ്മിലുള്ള വ്യത്യാസമെങ്കിലുമുണ്ട്, കുറഞ്ഞപക്ഷം ആധുനിക-നവമാധ്യമാനുഭവങ്ങൾ തമ്മിൽ. ഇന്ത്യയിലുൾപ്പെടെ, ലോകത്തെവിടെയും നമ്മുടെ കാലത്തെ രാഷ്ട്രീയമാറ്റങ്ങളുടെ ഗതിയും വിധിയും നിർണ്ണയിക്കുന്നതിൽ സാമൂഹിക മാധ്യമങ്ങൾക്കുള്ള സ്വാധീനത്തിന്റെ പശ്ചാത്തലവും ഇതുതന്നെയാണ്.

നിശ്ചയമായും പരസ്യവിപണിയുടെയും ചരക്കുവാങ്ങലിന്റെയും ഒരു തലം മറ്റു മാധ്യമങ്ങൾക്കെന്ന പോലെ സാമൂഹ്യമാധ്യമങ്ങൾക്കുമുണ്ട്. അതേ സമയം തന്നെ പത്രം, ടിവി തുടങ്ങിയ പരമ്പരാഗതമാധ്യമങ്ങളോരോന്നും തങ്ങളുടെ സാന്നിദ്ധ്യവും നിലനില്പ്പും ഉറപ്പാക്കാൻ സാമൂഹ്യമാധ്യമങ്ങളെ വൻതോതിൽ ആശ്രയിക്കുകയും ചെയ്യുന്നു, വാർത്താമാധ്യമങ്ങൾ, വിശേഷിച്ചും. ഇതിനുപുറമെയാണ് സ്വന്തം നിലയിൽ രാഷ്ട്രീയ അജണ്ടകൾ സെറ്റു ചെയ്യാൻ കഴിയില്ലെങ്കിലും അത്തരം താത്പര്യങ്ങളുള്ളവർക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുന്ന സാങ്കേതികതയിലൂടെ പുതിയതരം സാമൂഹികതകൾ സൃഷ്ടിച്ചുകൊണ്ട് ഈ മാധ്യമങ്ങൾ നമ്മുടെ കാലത്തിന്റെ മുൻനിര രാഷ്ട്രീയമാധ്യമങ്ങളായി മാറുന്നത്. ഒരാളിൽ നിന്ന് ഒരുപാടാളുകളിലേക്കല്ല, ഒരുപാടാളുകളിൽ നിന്ന് ഒരുപാടാളുകളിലേക്കാണ് സാമൂഹ്യമാധ്യമങ്ങളുടെ വ്യാപനവും വിനിമയവും നടക്കുന്നത്.

1994-ൽ മെക്സിക്കോയിൽ രൂപംകൊണ്ട സപ്പാട്ടിസ്റ്റാ പ്രസ്ഥാനമാണ് നവമാധ്യമങ്ങളിലൂടെ ആശയരൂപീകരണവും പ്രചാരണവും നടത്തിയ ആദ്യരാഷ്ട്രീയസംഘടന. തുടർന്നിങ്ങോട്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജനകീയ പ്രതിഷേധങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും കലാപങ്ങൾക്കും ഭരണകൂട അട്ടിമറികൾക്കും വഴിയൊരുക്കിക്കൊണ്ടേയിരിക്കുന്നു, നവസാമൂഹ്യമാധ്യമങ്ങൾ.

2007ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പാണ് സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം ലോകത്തെ വിളിച്ചറിയിച്ച ഏറ്റവും പ്രസിദ്ധമായ സന്ദർഭം. ഒബാമയെപ്പോലെ തന്നെ പ്രസിദ്ധിനേടി, അദ്ദേഹമുപയോഗിച്ച ബ്ലാക്ക് ബെറി മൊബൈൽ ഫോണും. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മുമ്പും മാധ്യമങ്ങളുടെ അത്ഭുതകരമായ പ്രഭാവമുണ്ടായിട്ടുണ്ട്. റൂസ്വെൽറ്റിന് റേഡിയോയും കെന്നഡിക്ക് ടെലിവിഷനും സൃഷ്ടിച്ചുനല്കിയ മേൽക്കൈ ഒബാമക്കു നേടിക്കൊടുത്തത് സാമൂഹ്യമാധ്യമങ്ങളാണ്. വെബ് 2.0 യുടെ സാധ്യതകളുപയോഗിച്ച് യുട്യൂബും മൈസ്പേസും ട്വിറ്ററും

ഫേസ്ബുക്കും മൊബൈൽ സാങ്കേതികമാധ്യമങ്ങളും വഴി ഒബാമ കൈവരിച്ച ജനകീയതക്ക് പൂരകമാവുകയായിരുന്നു പത്രങ്ങളും ടെലിവിഷനും. മൈ സ്പേസിലും ഫേസ്ബുക്കിലും മാത്രം പതിനഞ്ചുലക്ഷംപേർ ഒബാമയുടെ സുഹൃത്തുക്കളായി. ടിറ്ററിൽ മാത്രം അരലക്ഷം പേർ ഒബാമയെ പിന്തുടർന്നു. ടെലിവിഷനിലെ സായാഹ്ന വാർത്തകളിൽ പ്രത്യക്ഷപ്പെടുന്ന പതിവിനുപകരം ഇരുപത്തിനാലുമണിക്കൂറും പുതിയ പ്രസംഗങ്ങളുമായി യുട്യൂബിലൂടെ ഒബാമ അമേരിക്കൻ വീടുകളിലും ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും എന്നല്ല, തൊണ്ണൂറുശതമാനം അമേരിക്കക്കാരിലുമെത്തി. പൊതുവെ വോട്ടുചെയ്യാൻ മടിയുള്ള യുവജനങ്ങളെ വൻതോതിൽ വോട്ടു ചെയ്യിക്കാൻ ഒബാമയ്ക്കുകഴിഞ്ഞത് മുഖ്യമായും യുട്യൂബിലൂടെയുള്ള പ്രചാരണം വഴിയാണ്.

My.BarakObama.com എന്ന വെബ്സൈറ്റ് ഒറ്റക്കും കൂട്ടായും അമേരിക്കൻ വോട്ടർമാർക്ക് രാഷ്ട്രീയത്തിലിടപെടാനുള്ള വേദിയായി മാറി. ചില കണ്ടെത്തലുകൾ നോക്കുക. പതിമൂന്ന് ദശക്ഷം വോട്ടർമാരിലേക്ക് ഏഴായിരം വിഷയങ്ങളിലായി നൂറുകോടിയലധികം ഇ.മെയിലുകൾ എത്തിച്ചു, ഒബാമയുടെ പ്രചാരണസംഘം. ഒബാമയുടെ വെബ്സൈറ്റ് പ്രതിമാസം 85 ലക്ഷം പേർ സന്ദർശിച്ചു. പതിനഞ്ചുനെറ്റ് വർക്കുകളിലായി അമ്പതുലക്ഷം പേർ ഒബാമക്കു സുഹൃത്തുക്കളായി. രണ്ടായിരത്തിലധികം വീഡിയോകൾ യു ട്യൂബിൽ പ്രചരിപ്പിക്കപ്പെട്ടു. മുപ്പതുലക്ഷം പേർ ചേർന്ന് അറുപത്തഞ്ചു ലക്ഷം തവണ ഒബാമയുടെ തെരഞ്ഞെടുപ്പുഫണ്ടിലേക്ക് ഓൺലൈനായി സംഭാവന നല്കി. അങ്ങനെ, മുമ്പും ഇന്റർനെറ്റ് ഉപയോഗം. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തന്നെ വ്യാപകമായുണ്ടായിട്ടുണ്ടെങ്കിലും സാമൂഹ്യമാധ്യമങ്ങളുടെ ആദ്യത്തെരഞ്ഞെടുപ്പുസന്ദർഭമായി മാറി, 2007ലേത്.

അടുത്തകാലത്ത് ലോകത്തെ പിടിച്ചു കുലുക്കിയ പല രാഷ്ട്രീയ ക്കൊടുങ്കാറ്റുകളും രൂപം കൊണ്ടതും വീശിയടിച്ചതും സാമൂഹ്യമാധ്യമങ്ങളിലൂടെയാണ്. ജൂലിയൻ അസാഞ്ചെ കെട്ടഴിച്ചുവിട്ട രഹസ്യരേഖകളുടെ പ്രവാഹം വീക്കിലീക്സ് എന്ന വെബ്സൈറ്റിലൂടെയാണ് ലോകത്തിനുലഭിച്ചതെങ്കിൽ ടുണീഷ്യ, ഈജിപ്ത്, ലിബിയ തുടങ്ങിയ രാജ്യങ്ങളിലുണ്ടായ ഭരണകൂടമാറ്റങ്ങൾക്കുചുക്കാൻ പിടിച്ചത് ഫേസ്ബുക്കും ടിറ്ററുമുൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങളാണ്. ഇന്ത്യയിലെ അണ്ണാഹസാരെ വിപ്ലവം മുതൽ ഗ്രീസിലെ ഭരണമാറ്റം വരെയുള്ളവയ്ക്കു പ്രാഥമിക പിൻബലം നല്കിയതും മറ്റൊരു മാധ്യമമില്ല.

'ടിറ്റർ വിപ്ലവം', 'ഫേസ് ബുക് വിപ്ലവം' എന്നൊക്കെ വിളിക്കപ്പെട്ട ഈജിപ്തിലേതുൾപ്പെടെയുള്ള അറബ് ഉയിർത്തെഴുന്നേല്പുകൾ (Arab uprisings) ഏതാണ്ടൊന്നടങ്കം, ഉത്തര ആഫ്രിക്കയിലാകട്ടെ, മധ്യപൂർവ്വേഷ്യയിലാകട്ടെ, സാമൂഹ്യമാധ്യമങ്ങളുടെ അത്യപൂർവ്വമായ സ്വാധീനം വെളിപ്പെടുത്തിയവയാണ്. സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള

ജനകീയപ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുതുടങ്ങിയ കാലം മുതൽ തന്നെ ട്വിറ്റർ, ഫേസ് ബുക്ക്, ബ്ലോഗുകൾ തുടങ്ങിയവയ്ക്ക് വൻ പ്രചാരമാണുണ്ടായത്. ടുണീഷ്യയിൽ ഇരുപതുശതമാനം ജനങ്ങളേ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയുള്ളുവെങ്കിലും ഏതാണ്ട് മുഴുവനാളുകളും മൊബൈൽ ഫോൺ ഉപയോഗപ്പെടുത്തി. ജനാധിപത്യസംവാദങ്ങളുടെ ഏറ്റവും ഫലപ്രദമായ വേദിയായി ട്വിറ്റർ മാറി. ലക്ഷക്കണക്കിനാളുകളെ പ്രകടനങ്ങളിലേക്കും സമ്മേളനങ്ങളിലേക്കും ആകർഷിച്ചതിൽ ഏറ്റവും വലിയ പങ്കുവഹിച്ചത് അൽ-ജസീറ ടെലിവിഷനായിരുന്നുവെങ്കിലും ഒട്ടും കുറയാത്ത സ്ഥാനം ട്വിറ്ററിനും മൊബൈൽ ഫോണിനുമുണ്ടായി. സ്വാതന്ത്ര്യം, ജനാധിപത്യം, വിപ്ലവം എന്നിവയെ കേന്ദ്രീകരിക്കുന്ന ബ്ലോഗുകൾ ട്വീറ്ററിൽ നിറഞ്ഞു ഈജിപ്തിൽ ട്വിറ്ററിന്റെ പ്രചാരം പ്രതിദിനം 2,300 ട്വീറ്റുകളിൽ നിന്ന് 2,30,000 ട്വീറ്റുകളിലേക്കു വളർന്നു. പ്രതിഷേധങ്ങളുടെ വീഡിയോകൾ ദിവസവും 55 ലക്ഷം പേർവരെ കണ്ടു. മൊബൈൽ ഫോണിലൂടെ പ്രക്ഷോഭത്തിന്റെ വിവരങ്ങൾ രാജ്യത്തിന്റെ മുക്കിലും മൂലയിലും തത്സമയം എത്തിച്ചേർന്നു. മറ്റ് അറബ് രാജ്യങ്ങളിലും ജനകീയപ്രക്ഷോഭങ്ങൾ രൂപം കൊള്ളാൻ ആഗോളതലത്തിൽ തന്നെയുള്ള നെറ്റ് വർക്കിംഗ് സൈറ്റുകൾ സഹായകമായി. 2011 ജനുവരിയിൽ ടുണീഷ്യൻ ഭരണകൂടം സ്ഥാനമൊഴിഞ്ഞു.

ഈ ജനപങ്കാളിത്തം താൽക്കാലികമോ വൈകാരികമോ ആയിരുന്നില്ലെന്നു തെളിയിക്കുന്നു, ഭരണമാറ്റത്തിനുശേഷം ടുണീഷ്യയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിലെ വോട്ടിംഗ് ശതമാനം. തൊണ്ണൂറുശതമാനത്തിലധികം ടുണീഷ്യക്കാരും വോട്ടുചെയ്തു. പ്രക്ഷോഭത്തിനു നേതൃത്വം നല്കിയ രാഷ്ട്രീയപ്രസ്ഥാനങ്ങൾ (ഓരോന്നിന്റെയും പേരിൽ ജനാധിപത്യം എന്ന വാക്കുണ്ട്) വ്യക്തമായ ഭൂരിപക്ഷം നേടി.

ഈജിപ്തിലെ ഹോസ്നിമുബാറക്കിന്റെയും ലിബിയയിലെ ഗദ്ദാഫിയുടെയുമൊക്കെ പതനത്തിനുപിന്നിലുമുണ്ട്, നവമാധ്യമങ്ങളുടെ രാഷ്ട്രീയ സാധ്യതകൾ. അറബ് ലോകത്തെ ഒരു 'യുവജനഭൂകമ്പം' (youthquake) പിടിച്ചുകുലുക്കുന്നുവെന്നാണ് ന്യൂസ് വീക്ക് വാരിക എഴുതിയത്. സാമൂഹ്യമാധ്യമങ്ങളിലെ യുവജനപങ്കാളിത്തവും അവ നിർണായക ശക്തിയായി മാറിയ അവസ്ഥയുമാണ് വാരിക ചൂണ്ടിക്കാണിച്ചത്. ട്വിറ്റർ മാത്രമല്ല ഈജിപ്തിലും പ്രചാരണത്തിനുനേതൃത്വം നല്കിയത്. ഫേസ്ബുക്കിൽ അമ്പതു ലക്ഷം അംഗങ്ങളുണ്ടായി. യുട്യൂബും തൊട്ടുപിന്നിലെത്തി. പ്രക്ഷോഭത്തിനായുള്ള ആഹ്വാനം, പ്രക്ഷോഭവാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, വിജയപ്രതീക്ഷ നിറഞ്ഞ അഭിപ്രായങ്ങൾ എന്നിങ്ങനെ ഓരോന്നും, ഓരോരുത്തരും തങ്ങളുടെ സൈറ്റുകളിലും മൊബൈലുകളിലും കൂടി മറ്റുള്ളവരിലെത്തിച്ചു. സാമൂഹ്യമാധ്യമങ്ങളിൽ വെളിപ്പെട്ട പങ്കാളിത്ത ജനാധിപത്യത്തിന്റെ വിസ്മകരമായ വിജയമാണ് സാമൂഹ്യതലത്തിൽ നടപ്പായത്. പത്രം, റേഡിയോ, ടി.വി. എന്നിവ ഉൾപ്പെടെയുള്ള പരമ്പരാഗതമാധ്യമങ്ങളെ

സർക്കാർ നിയന്ത്രിച്ചപ്പോഴും, നവമാധ്യമങ്ങൾ നിയന്ത്രണങ്ങൾക്കതീതമായി ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുവെന്നതാണ് ഏറ്റവും പ്രസക്തമായ സംഗതി. 'ജനുവരി 25' എന്ന ട്വിറ്ററാണത്രേ, ഈജിപ്ഷ്യൻ വിപ്ലവത്തിന്റെ താക്കോൽവാക്കായി പ്രചരിച്ചത്. രാജ്യം ക്രമത്തിൽ ജനുവരി 25ന് തയ്യാറെടുക്കുക തന്നെ ചെയ്തു.

ഇന്ത്യയിൽ, വാർത്താ ചാനലുകൾ എസ്എംഎസ് ഉൾപ്പെടെയുള്ള മൊബൈൽ സങ്കേതങ്ങളും ഇ-മെയിൽ തൊട്ടുള്ള ഇന്റർനെറ്റ് സങ്കേതങ്ങലും ഉപയോഗപ്പെടുത്തി ചില പ്രചാരണങ്ങൾ നടത്തുന്നതിന് വർഷങ്ങൾ പഴക്കമുണ്ട്. ചില മെട്രോ കൊലക്കേസുകളുടെ വിചാരണകളിൽ രാഷ്ട്രത്തിന്റെ മനഃസാക്ഷി ഉണർത്താൻ അവർക്ക് ഇത്തരം മീഡിയാ ആക്ടിവിസത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമൂഹ്യമാധ്യമങ്ങളുടെ അപൂർവ്വമായ പ്രസക്തി തെളിയിച്ച സന്ദർഭം അണ്ണാ ഹസാരെ അഴിമതിക്കെതിരെ നടത്തിയ പ്രക്ഷോഭങ്ങളാണ്. ലോകത്തെവിടെയുമെന്ന പോലെ പോലെ, മധ്യ, ഉപരിവർഗ്ഗ, നഗര യുവാക്കളാണ് ഇന്ത്യയിലും ഇത്തരം മാധ്യമങ്ങളിലൂടെ പ്രക്ഷോഭത്തിലണി നിരന്നവരിൽ വലിയൊരു വിഭാഗം. ടെലിവിഷൻ വാർത്താ ചാനലുകളുടെ തത്സമയസംപ്രേഷണം കൂടിയായപ്പോൾ മറ്റു വിഭാഗങ്ങളും രംഗത്തുവന്നു, രാജ്യവും ലോകവും ഈ വിഷയത്തിൽ ഹസാരെക്കൊപ്പമോ എതിരെയോ നിലപാടെടുക്കുകയും ചെയ്തു. ഇന്ത്യ എഗെൻസ്റ്റ് കറപ്ഷൻ, ലോക്പാൽ, അണ്ണാ തുടങ്ങിയവാക്കുകൾക്കൊണ്ട് നവമാധ്യമങ്ങൾ ഒരു സമാന്തരരാഷ്ട്രീയലോകത്തിനുതന്നെ രൂപം കൊടുത്തു. അണ്ണാ സംഘം സാമൂഹ്യ മാധ്യമങ്ങളിലൂടെ തങ്ങളുടെ ആശയങ്ങൾ മാത്രമല്ല, ജനലോക്പാൽബിൽ തന്നെയും പുറത്തുവിട്ടു. അണ്ണാസംഘത്തിൽ അംഗമാകാനുള്ള അപേക്ഷക്കായി മിസ്കോൾ നല്കാനാവശ്യപ്പെട്ടപ്പോൾ ഒന്നരക്കോടിയോളം പേർ പ്രതികരിച്ചു.

സമാനമായ സാമൂഹ്യമാധ്യമപങ്കാളിത്തവും പിന്തുണയും തന്നെയാണ് ഇന്നിപ്പോൾ ലോകത്തെവിടെയും നടക്കുന്ന ഏതു ജനകീയ മുന്നേറ്റത്തിലും പ്രകടമാകുന്നത്. സാമൂഹ്യമാധ്യമങ്ങളിൽ നേരിട്ടു പങ്കാളിത്തമില്ലാത്ത നിരക്ഷരരും ദരിദ്രരുമായ കൂടംകുളത്തെ ജനങ്ങൾക്കുവേണ്ടി, ആണവനിലയത്തിനെതിരെ അവർ നടത്തുന്ന സമരത്തിനനുകൂലമായി ഒരു സാമൂഹ്യമാധ്യമ പ്രചാരണം മറ്റുള്ളവർ നടത്തുന്നു. 2011 ഒക്ടോബർ 30ന് ഇമ്രാൻഖാൻ പാക്കിസ്ഥാനിൽ നടത്തിയ വൻ റാലിക്കുപിന്നിൽ നവമാധ്യമങ്ങളുടെ പങ്ക് ഏറെ വലുതായിരുന്നു. 2010 മെയിൽ തുടക്കമിടുകയും 2011 മെയിൽ കരുത്താർജ്ജിക്കുകയും ചെയ്ത ഗ്രീസിലെ ജനകീയ പ്രക്ഷോത്തിലും 2011 ഒക്ടോബറിൽ ശക്തിപ്പെട്ട അമേരിക്കയിലെ വാൾസ്ട്രീറ്റ് പിടിച്ചെടുക്കുക പ്രക്ഷോഭത്തിലും സ്ഥിതി മറ്റൊന്നല്ല. May of facebook എന്നാണ് ഗ്രീസിലെ വിപ്ലവം അറിയപ്പെടുന്നതുതന്നെ. അമേരിക്കയിൽ ട്വിറ്റർ, ഫേസ്ബുക്ക് തുടങ്ങിയവയിൽ സന്ദേശങ്ങളും സന്ദർശകരും ഇരട്ടിയായത്

ദിവസങ്ങൾക്കുള്ളിലാണ്. അമേരിക്കയിലെ മാതൃകയിൽ Occupy Brazil, Occupy Berlin, Occupy Sydney, Occupy Tokyo എന്നിങ്ങനെ ഒന്നാംലോക മുതലാളിത്ത രാജ്യങ്ങൾ പലതിലും ജനങ്ങൾ തെരുവിലിറങ്ങി. ജനാധിപത്യമെന്നാൽ ധനാധിപത്യമല്ല (Democrary not Plutocracy) ഞങ്ങളാണ് 99% (We are the 99%), എല്ലാഭരണകൂടങ്ങളും താൽക്കാലികമാണ് (All govts are temporary) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സാമൂഹ്യമാധ്യമങ്ങളിലും തെരുവുകളിലെ പ്രകടനങ്ങളിലും നിറഞ്ഞു പ്രതീതി സ്ഥലത്തുനിന്ന് യഥാർത്ഥ സ്ഥലത്തേക്കു വ്യാപിക്കുന്ന രാഷ്ട്രീയോർജ്ജമാണ് സാമൂഹ്യമാധ്യമങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ഈയുദാഹരണങ്ങളോരോന്നും തെളിയിക്കുന്നത്.

ബ്രിട്ടനിൽ ജൂലൈയിലുണ്ടായ കലാപം സാമൂഹ്യമാധ്യമങ്ങളുടെ സൃഷ്ടിയാണെന്നും അതുകൊണ്ട് അവ നിരോധിക്കേണ്ടതാണ് എന്നും പറഞ്ഞത് ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറോണാണ്. ചൈന, വിയറ്റ്നാം, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, സിറിയ തുടങ്ങിയ രാജ്യങ്ങൾ സാമൂഹ്യമാധ്യമങ്ങൾക്കും ഇന്റർനെറ്റിനുതന്നെയും പലനിലകളിൽ വിലക്കും നിയന്ത്രണവുമേർപ്പെടുത്തിക്കഴിഞ്ഞു. ഇവയിൽ സിറിയ ഈ ലേഖനം തയ്യാറാക്കുന്ന ദിവസങ്ങളിൽ ജനകീയ പ്രക്ഷോഭത്തിന്റെ മൂർദ്ധന്യത്തിലും ഭരണകൂടത്തകർച്ചയുടെ വക്കിലുമാണ്.

പാശ്ചാത്യടെലിവിഷന് വാതിൽ തുറന്നുകൊടുത്ത ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രവും പിന്നീട് കമ്മ്യൂണിസ്റ്റ് രാഷ്ട്രമായി നിലനിന്നിട്ടില്ല എന്നതുപോലെ ഇന്റർനെറ്റിന് വാതിൽ തുറന്നു കൊടുത്താൽ ചൈനയുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളും ഇസ്ലാമിക രാഷ്ട്രങ്ങളും പിന്നീട് അധികകാലം അങ്ങനെ നിലനില്ക്കുകയില്ല എന്നതിൽ സംശയം വേണ്ട. അത്ര പ്രബലമാണ് നവമാധ്യമങ്ങളുടെ സ്വാധീനം, അത്രമേൽ അടിച്ചമർത്തപ്പെട്ടതാണ് ഈ രാജ്യങ്ങളിലെ മനുഷ്യസ്വാതന്ത്ര്യം.

മലയാളിക്കും കേരളത്തിനും നവ, സാമൂഹ്യമാധ്യമങ്ങളുടെ പ്രഭാവം നേരിട്ടനുഭവപ്പെട്ട സന്ദർഭങ്ങൾ തീരെ കുറവാണ്. മനോരമ ന്യൂസ് ചാനൽ നടത്തുന്ന ന്യൂസ് മേക്കർ ഓഫ് ദ ഇയർ, ഏഷ്യാനെറ്റിലും അമൃതയിലും മറ്റുമുള്ള ചില റിയാലിറ്റി ഷോകൾ എന്നിവയ്ക്കായി ടെലിവിഷൻ ചാനലുകൾ ക്ഷണിച്ചുവരുത്തുന്ന എസ്എംഎസ് തരംഗമാണ് ഒരുദാഹരണം. ശശി തരൂരിന്റെ വിവാദമായ ട്വിറ്റർ പ്രതികരണമാണ് സാമൂഹ്യമാധ്യമങ്ങളെക്കുറിച്ച് കേരളത്തിലും ചർച്ചയുണ്ടാക്കിയ ആദ്യസന്ദർഭം. ഇന്നിപ്പോൾ മലയാളപത്രങ്ങളും ചാനലുകളും ട്വിറ്റർ, ഫേസ്ബുക്ക് തുടങ്ങിയവയിൽ തങ്ങളുടെ വായനക്കാരോടും പ്രേക്ഷകരോടുമുള്ള ബന്ധം നിലനിർത്തുന്നു. ഇക്കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ വി.എസ്. അച്യുതാനന്ദനും ചില യുവ കോൺഗ്രസ് സ്ഥാനാർത്ഥികളും പ്രചാരണത്തിനായി സാമൂഹ്യമാധ്യമങ്ങൾ ഫലപ്രദമായുപയോഗിക്കുകയുണ്ടായി. ഓൺലൈൻ പത്രവായനയ്ക്കെന്ന

പോലെ മൊബൈൽ, വെബ്സൈറ്റ് ചാനൽ കാഴ്ചക്കുമുള്ള പ്രേക്ഷകരുടെ കണക്കുകൾ ലഭ്യമല്ല. ഏറ്റവുമൊടുവിൽ കൃഷ്ണനും രാധയും എന്ന സിനിമയുടെ ട്രെയ്‌ലർ യു-ട്യൂബിൽ ഇരുപത്തഞ്ചുലക്ഷത്തോളം പേർ കണ്ട്, നെറ്റിലും നാട്ടിലും സൃഷ്ടിച്ച പുകിലുകളാണ് ഒരു പക്ഷെ മലയാളത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ സാധ്യത തെളിയിക്കപ്പെട്ട ശ്രദ്ധേയമായ സന്ദർഭങ്ങളിലൊന്ന്.

എന്തായാലും മറ്റു മിക്ക സാമൂഹ്യമണ്ഡലങ്ങളെയുമെന്നപോലെ ആഗോളരാഷ്ട്രീയത്തെയും ടെലിവിഷനുശേഷം അടിസ്ഥാനപരമായി അട്ടിമറിക്കാൻ കഴിയുന്നു, സാമൂഹ്യമാധ്യമങ്ങൾക്ക്. കമ്മ്യൂണിസ്റ്റ് ലോകക്രമത്തെ ടെലിവിഷൻ അട്ടിമറിച്ചതിനുസമാനമായാണ് ലോകത്തവശേഷിക്കുന്ന ഏകാധിപത്യ, സർവ്വാധിപത്യഭരണക്രമങ്ങളെ സാമൂഹ്യമാധ്യമങ്ങൾ, പങ്കാളിത്ത ജനാധിപത്യത്തിന്റെ കൊടുങ്കാറ്റുകളുയർത്തി അട്ടിമറിച്ചുകൊണ്ടിരിക്കുന്നത്. ഓരോ മാധ്യമവും മനുഷ്യചരിത്രത്തിൽ ഇടം പിടിക്കുന്നത് ജനാധിപത്യത്തിനുവേണ്ടി അവ നടത്തുന്ന വിപ്ലവകരമായ ഇടപെടലുകളിലൂടെയാണ് എന്ന് മധ്യകാലവും അച്ചടിയും മുതൽ ടെലിവിഷൻ വരെയുള്ളവ തെളിയിച്ചു. നവ, സാമൂഹ്യ മാധ്യമങ്ങളുടെ വർത്തമാനകാലം തെളിയിച്ചുകൊണ്ടിരിക്കുന്നതും മറ്റൊന്നല്ല; അത് എത്രമേൽ വിപണിപരവും മുതലാളിത്തപരവുമാണെങ്കിൽ തന്നെയും.

## ഗ്രന്ഥസൂചി

1. David Hesmondhalgh and Jason Toynbee (eds), The Media and Social Theory, Routledge, 2008.
2. James Curran and David Morley (eds), Media and Cultural theory, Routledge, 2006.
3. Ziauddin Sardar, Postmodernism and the Other, Pluto Press, 1998.
4. Paul Marris and Sue Thornham (eds), Media Studies, Edinburgh University Press, 2005.
5. Meenakshi Gigi Durham and Douglas Kellner, (eds.), Media and Cultural Studies, Backwell Publishers, 2001.
6. Croteau, David and Hoynes, Williams (Eds.), Media Society, Pineforge press, 2003.
7. Uday Sahay (ed.) Making News Oxford Uty, Press, 2006.

ഒപ്പം, ഈ ലേഖനത്തിൽ പരാമർശിക്കുന്ന രാഷ്ട്രീയസംഭവങ്ങളെക്കുറിച്ചുള്ള ഇന്റർനെറ്റ്, പത്രവൃത്താന്തങ്ങളും.

# 6. മൊബൈൽ ഫോൺ: നവസംസ്കാര നിർമിതിയുടെ കാലം

ഡോ: എം.എസ്.പോൾ

മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള നവമാധ്യമങ്ങൾ നിർവഹിക്കുന്ന സംസ്കാരികപരിസരം മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമാണ്. ആഗോളീകൃതസാഹചര്യം സ്ഥലകാലങ്ങളെ നിർണയിക്കുന്നത് പ്രത്യേക രീതിയിലാണ്. വിദൂരപ്രദേശങ്ങളെ സമീപത്തും സമയത്തെ അതിവേഗവും പുനഃസൃഷ്ടിക്കാൻ മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾക്ക് കഴിയുന്നു. ഈ സവിശേഷ വിനിമയസാധ്യത ലഭ്യമാക്കുന്ന സാംസ്കാരിക പരിസരം എങ്ങനെയാണ് എന്ന അന്വേഷണമാണിവിടെ നടത്തുന്നത്.

ഇരുപതാം ശതകത്തിലെ ഏറ്റവും വിജയകരമായ കണ്ടുപിടിത്തമാണ് മൊബൈൽ ഫോൺ. മൊബൈൽഫോൺ, സെൽഫോൺ എന്നീ പേരുകളിലറിയപ്പെടുന്ന വിവരവിനിമയസംവിധാനം ശക്തമായ ഒരു മാധ്യമമായി മാറിയിരിക്കുകയാണിന്ന്. 1980–കളുടെ മധ്യത്തോടെ ഒന്നാംതലമുറ സെല്ലുലാർ ഫോണുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. എന്നാൽ 1950 കളിൽത്തന്നെ ഈ ആശയം നിലവിൽവന്നുകഴിഞ്ഞിരുന്നു. 1946–ൽ ഏ.റ്റി.ആന്റ് റ്റി അമേരിക്കയിൽ തുടക്കം കുറിച്ച മൊബൈൽ ടെലിഫോൺ സർവ്വീസ് (എം.റ്റി.എസ്.) ഇതിന്റെ പൂർവഗാമിയായിരുന്നു. വാക്കിടോക്കി, റേഡിയോ, ടെലിഫോൺ എന്നീ പേരുകളിലറിയപ്പെട്ടിരുന്ന ഇത് വയർലെസ് ടെലിഫോൺ സംവിധാനത്തിന്റെ സാധ്യതകൾ ഉൾക്കൊണ്ടിരുന്നു. 1980–ൽ ഇന്നു കാണുന്ന മൊബൈൽഫോൺ സംവിധാനം രൂപപ്പെടുന്നതുവരെയുള്ള ഈ കാലഘട്ടത്തെ സീറോ ജനറേഷൻ മൊബൈൽഫോണുകളുടെ കാലം എന്നറിയപ്പെടുന്നു. 1979-ൽ ജപ്പാനിലാണ് വ്യാവസായിക അടിസ്ഥാനത്തിൽ സെല്ലുലാർ ഫോൺ നിലവിൽ വന്നത്. 1990 കളോടെ മൊബൈൽഫോൺ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശയവിനിമയ മാധ്യമം എന്ന നിലയിലേക്ക് പരിണമിച്ചു. 2003–ൽ ലോകജനസംഖ്യയുടെ 20 ശതമാനം (1.52 ബില്യൺ) മൊബൈൽ ഫോൺ ഉപഭോക്താക്കളാ

യിരുന്നു. 2005-ൽ അത് നാല്പത് ശതമാനത്തിനു മുകളിലും 2006-ൽ 80 ശതമാനവും 2010-ൽ 90 ശതമാനവുമായി വർധിച്ചു. വളരെ കുറഞ്ഞ കാലയളവുകൊണ്ട് ലോകത്തെ ഭൂരിപക്ഷം ജനതയെയും സ്വാധീനിച്ച മാധ്യമമായി മൊബൈൽ ഫോൺ മാറുകയായിരുന്നു. ഇന്ന് ഇന്ത്യയും ചൈനയും ലോകത്തെ ഏറ്റവും വലിയ മൊബൈൽ ഉപഭോക്താക്കളായി മാറിയിരിക്കുന്നു. അമേരിക്കയിലെ അൻപതുശതമാനം കുട്ടികളും മൊബൈൽ ഫോണിന്റെ ഉടമകളാണിന്ന്. ബ്രിട്ടനിലെ ജനസംഖ്യയെക്കാൾ ഹാൻഡ്സെറ്റുകൾ അവിടെയുണ്ടെന്ന് C.I.A. World Facebook കണ്ടെത്തിയിട്ടുണ്ട്.

ടെലിഫോൺ എക്സ്ചേഞ്ച് കേന്ദ്രമായ കണക്ഷൻ ശൃംഖലകളാൽ പ്രവർത്തിച്ചിരുന്ന ലാൻഡ്ഫോൺ സംവിധാനത്തെ പിന്തള്ളിക്കൊണ്ട് മൊബൈൽഫോൺ സാമൂഹികമായ അസ്തിത്വം സ്ഥാപിച്ചെടുക്കുകയായിരുന്നു. ഇലക്ട്രോ മാഗ്നറ്റിക് റേഡിയോ തരംഗങ്ങളിലൂടെ ശബ്ദതരംഗങ്ങളും മറ്റു ഡേറ്റായും പ്രൊവൈഡറുകളിൽനിന്ന് പ്രൊവൈഡറുകളിലേക്കും രാജ്യത്തിനുള്ളിലും ഇതര വൻകരകളിലേക്കും വിനിമയംചെയ്യുന്ന രീതിയാണിന്നുള്ളത്. സംഭാഷണത്തിലൂടെ സന്ദേശങ്ങൾ കൈമാറുന്നതിനു പുറമെ സന്ദേശങ്ങൾ അക്ഷരങ്ങളായി ടൈപ്പ് ചെയ്ത് ഉപയോഗിക്കുന്ന (S.M.S.-Short Message Service) സംവിധാനവും മൊബൈൽ ഫോണിന്റെ സവിശേഷതയാണ്. ഒന്നും രണ്ടും മൂന്നും തലമുറ പിന്നിട്ടുകഴിഞ്ഞ് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ മൊബൈൽ ഫോൺ മുന്നോട്ടുവയ്ക്കുന്നു. വാക്കുകൾക്കു പുറമെ ചിത്രങ്ങൾ, ചലനദൃശ്യങ്ങൾ എന്നിവ കൈമാറുന്ന ബ്ലൂടൂത്ത് സംവിധാനം, പരസ്പരം കണ്ടു സംഭാഷണം നടത്താവുന്ന ഫോൺ, കമ്പ്യൂട്ടറിൽ മാത്രം സാധ്യമായിരുന്ന ഇന്റർനെറ്റ് സംവിധാനം എന്നിവ മൊബൈൽഫോൺ മുന്നോട്ടുവയ്ക്കുന്ന സൗകര്യങ്ങളാണ്. മൊബൈൽഫോൺ എന്ന ഉപകരണം ഒന്നിൽക്കൂടുതൽ ഉപയോഗങ്ങൾക്കുള്ളതാണ്. ക്യാമറ, കാൽക്കുലേറ്റർ, വീഡിയോഗെയിം, ടോർച്ച്, ഡിക്ഷണറി, എഫ്.എം.റേഡിയോ എന്നിങ്ങനെ ബഹുവിധ ഉപയോഗം അതു മുന്നോട്ടുവയ്ക്കുന്നു.

മൊബൈൽ ഫോണിന്റെ അതിവ്യാപനം ഒരു മൊബൈൽ സംസ്കാരം വളർത്തിയിട്ടുണ്ട്. മൊബൈൽഫോൺ ഇന്ന് ഒരു സാമൂഹികഉപകരണം (Key social tool) എന്ന നിലയിലേക്ക് മാറിയിരിക്കുന്നു. മൊബൈൽഫോൺ അഡ്രസ് ബുക്ക് ഒരു വ്യക്തിയുടെ സാമൂഹികബന്ധങ്ങളുടെ സൂചകമായി പ്രവർത്തിക്കുന്നുണ്ട്. എസ്.എം.എസ്. സംവിധാനം ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുകയും ബാങ്കിംഗ് പോലെയുള്ള മറ്റു സർവ്വീസുകൾക്ക് അത് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. മൊബൈൽഫോൺ ഒരു പ്രതീകവും ഫാഷൻ വസ്തുവുമായി മാറിയിരിക്കുന്നു. ഉപഭോക്താക്കൾ ഇതിനെ ഒരു ആലങ്കാരികവസ്തുവെന്ന നിലയിലും ഉപകരണമെന്ന നിലയിലും സമീപിക്കുന്നുണ്ട്. ചിലപ്പോൾ അത് ഒരു ഔന്നത്യത്തിന്റെ അടയാളമായി മാറുന്നു. ഇങ്ങനെ വ്യക്തി, സമൂഹം എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് മൊബൈൽഫോൺ അതിന്റെ സാമൂഹിക

അസ്തിത്വം നിർണയിച്ചുകഴിഞ്ഞു.

## ജീവിതശൈലി

ജനതയുടെ ജീവിതശൈലിയിൽ കാര്യമായ മാറ്റമുണ്ടാക്കാൻ മൊബൈൽഫോണിന് കഴിഞ്ഞിട്ടുണ്ട്. ഒരു അവശ്യവസ്തു എന്ന നിലയിൽ വ്യക്തിയുടെ കൂടെ കൊണ്ടുനടക്കുന്ന ഉപകരണമായി ഇത് മാറിക്കഴിഞ്ഞു. ജീവിതശൈലി ഇതനുസരിച്ച് ക്രമപ്പെടുത്താൻ സമൂഹം ശീലിച്ചുകഴിഞ്ഞു. പൊതുസ്ഥലങ്ങളിൽ മൊബൈൽഫോൺ ശബ്ദിക്കുന്നത് ആദ്യകാലങ്ങളിൽ പരിഷ്കൃതത്വത്തിന്റെയും സ്റ്റാറ്റസിന്റെയും ചിഹ്നമായിരുന്നെങ്കിൽ ഇന്ന് അത് സമൂഹത്തിലെ മര്യാദയുടെ ഭാഗമായി മാറിയിട്ടുണ്ട്. വ്യക്തിയുടെ ദൈനംദിനജീവിതം മൊബൈൽ ഫോണിന്റെ ഉപയോഗമനുസരിച്ച് ചിട്ടപ്പെടുത്തേണ്ടിവരുന്നു. കിടക്കയിൽനിന്ന് മൊബൈൽഫോണിന്റെ അലാറംകേട്ട് ഉണരുന്നതുമുതൽ രാത്രി ഉറങ്ങുന്നതുവരെയുള്ള ജീവിതം ക്രമപ്പെടുത്തിയിരിക്കുന്നത് ഇന്ന് മൊബൈൽഫോണാണ്. ഭക്ഷണം കഴിക്കുക, വണ്ടിയോടിക്കുക, യാത്ര ചെയ്യുക, നടക്കുക തുടങ്ങിയ പ്രവൃത്തികൾക്കിടയിൽ മറ്റൊരു പ്രവൃത്തിയായി ഫോൺ ഉപയോഗം മാറിയിട്ടുണ്ട്. മൊബൈൽഫോൺ ഉപഭോക്താവിന്റെ ശരീരഭാഷയും ഇവിടെ പ്രധാനമാണ്. മറ്റുള്ളവർക്കു മുന്നിൽ നടത്തുന്ന സംഭാഷണവും അതിൽ പുലർത്തുന്ന ഔചിത്യവും ടെലിഫോൺ ഉപയോഗിക്കുന്നതിലെ ശൈലികളും ഒരു വ്യക്തിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നുണ്ട്. മറ്റൊരാളുടെ ഫോൺ ശബ്ദിക്കുമ്പോൾ സ്വന്തം പോക്കറ്റിലെ ഫോൺ എടുക്കുക, എന്നിട്ട് ഏതെങ്കിലും നമ്പരിലേക്ക് ഡയൽചെയ്യുക; ഇത് ഇന്ന് മിക്കയാളുകളുടെയും സ്വഭാവമായി മാറിയിട്ടുണ്ട്. രണ്ടു സുഹൃത്തുക്കൾ തമ്മിൽ കാണുമ്പോൾ പരസ്പരം മൊബൈൽ നമ്പർ കൈമാറുന്നത് ഇന്ന് സാധാരണമാണ്. ഇത് വ്യക്തിബന്ധങ്ങളിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടാക്കുന്നില്ലെങ്കിലും ഒരു ചടങ്ങിനുവേണ്ടി ഫോൺ നമ്പർ കൈമാറുന്നു. ഒഴിവുസമയങ്ങളിൽ മൊബൈൽഫോൺ ഡിസ്പ്ലേ പ്രവർത്തിപ്പിക്കുക മിക്കയാളുകളുടെയും സ്വഭാവമായി മാറിയിരിക്കുന്നു.മനുഷ്യശരീരവുമായി യന്ത്രസാങ്കേതികവിദ്യ സന്ധി ചെയ്യുകയും സാങ്കേതികവിദ്യയ്ക്കനുസൃതമായി മാറ്റത്തിനു വിധേയമാവുകയും ചെയ്യുകയാണിവിടെ.

## കർത്തൃത്വ രൂപീകരണം

ഉത്തരാധുനിക കാലത്തെ വ്യക്തിയുടെ കർത്തൃത്വം രൂപപ്പെടുത്തുന്നതിൽ മൊബൈൽഫോൺ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. മൊബൈൽ ഫോൺ ഉപയോഗിക്കുന്നയാൾ നവസാങ്കേതികവിദ്യയുടെ ഭാഗമായി നിൽക്കുന്ന ഒരു വ്യക്തിയെയാണ് പ്രതിനിധീകരിക്കുന്നത്. അതിൽത്തന്നെ കേവലഉപഭോക്താവും അതിനപ്പുറത്തേക്ക് മൊബൈൽഫോണിന്റെ സാധ്യതകൾ തേടുന്ന ഉപഭോക്താക്കളുമുണ്ട്. മൊബൈൽഫോൺ കൈവശം ഇല്ലാത്തയാൾ എന്നാൽ സാങ്കേതികലോകത്ത് തികച്ചും നിരക്ഷരനായവൻ എന്ന

സൂചന അത് ഉത്പാദിപ്പിക്കുന്നുണ്ട്. ഉപയോഗിക്കുന്ന ഫോൺ, അതിന്റെ വില നിലവാരം, ഓപ്പറേറ്റിംഗ് സംവിധാനം, കാഴ്ചയ്ക്കുള്ള ഭംഗി, വലുപ്പം എന്നിവ ഒരു വ്യക്തിയുടെ കർത്തൃത്വത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങളാണ്. വിലകൂടിയ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന വ്യക്തി കേവല ഉപഭോക്താവിൽനിന്ന് വ്യത്യസ്തനാണ്. ആൺ പെൺ ജാതി വർഗ കർത്തൃത്വങ്ങളെ നിരാകരിച്ചുകൊണ്ട് മൊബൈൽഫോൺ ഒരു കർത്തൃത്വത്തെ രൂപപ്പെടുത്തുന്നു. അത് ഉപഭോഗസമൂഹത്തിലെ പുതിയ കർത്തൃത്വമാണ്. മൊബൈൽഫോൺ സൃഷ്ടിക്കുന്ന അഭിരുചിനിർണ്ണയനശേഷി പ്രധാനമാണ്. ഇത് ഒരു സവിശേഷ ഉപഭോഗാസക്തിയെ മുന്നോട്ടുവയ്ക്കുന്നു. ആധുനികാന്തരതയുടെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരിക അനുഭവമായി ഇതിനെ വിലയിരുത്താം. സംസ്കാരത്തിന്റെ ശിഥിലീകരണവും അമിതോത്പാദനവും (Fragmentation and overproduction of culture) എന്ന സങ്കൽപം ഉത്തരാധുനികതയുടെ പ്രത്യേകതയാണ്. മുമ്പൊക്കെ മനുഷ്യരാൽ ചുറ്റപ്പെട്ട മനുഷ്യർ ഇപ്പോൾ വസ്തുക്കളാൽ ചുറ്റപ്പെട്ടിരിക്കുന്നുവെന്ന് ഉത്തരാധുനിക സൈദ്ധാന്തികനായ ബോദ്രിയാർ അഭിപ്രായപ്പെടുന്നുണ്ട്. വസ്തുക്കൾക്കും അതിന്റെ ഉപഭോഗത്തിനും വേണ്ടി മനുഷ്യരെ രൂപപ്പെടുത്തുകയാണ് പുതിയ പരിസരം. മുൻകാലങ്ങളിൽ ഉപഭോക്താവിന്റെ അഭിരുചിയെ നിർണയിച്ചിരുന്ന വില, ഈടുനിൽപ്പ് എന്നീ വിപണിവാക്യങ്ങൾക്ക് ഇന്ന് പ്രസക്തിയില്ല. അവയൊക്കെ ഉപഭോക്താവിനെ സ്വാധീനിക്കാൻ കഴിയാത്ത പരസ്യവാചകങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ഉപഭോക്താവിന്റെ കർത്തൃത്വം നിർണയിക്കപ്പെടുന്നതിൽ പരസ്യവാചകങ്ങളെക്കാളേറെ ചുറ്റിലുമുള്ള ട്രെൻഡുകളും ഫാഷനുകളും മേൽക്കൈ നേടിയിരിക്കുന്നു. വിലകൂടിയത്, ആഡംബരസമൃദ്ധമായത്, വലുപ്പമേറിയത് എന്നിങ്ങനെയുള്ള സൗന്ദര്യസങ്കല്പത്തിനുപോലും ഇന്ന് പ്രസക്തിയില്ല. എത്ര വിദ്യാഭ്യാസമുണ്ടെങ്കിലും തീരെ നിരക്ഷരനായ ഒരു ഉപഭോക്താവിനെ സൃഷ്ടിച്ചെടുക്കുക എന്നത് പുതിയ വിപണിയുടെ ആവശ്യമാണ്. ആർക്കും എന്തും സ്വന്തമാക്കാം എന്നതിനപ്പുറം മറ്റു മൂല്യങ്ങൾക്കും താല്പര്യങ്ങൾക്കും നവവിപണിയിൽ സ്ഥാനമില്ലെന്നു കാണാം. പണംകൊടുത്തു വാങ്ങുന്ന വസ്തു കൂടുതൽ കാലം നിലനിൽക്കുന്നുവെന്നത് മൊബൈൽഫോൺ വിപണിയെ സംബന്ധിച്ച് അപമാനകരമായ വസ്തുതയാകുന്നു. സാങ്കേതികവിദ്യയുടെ നിരന്തരപരിണാമം മൊബൈൽ ഉപഭോക്താവിന്റെ കർത്തൃത്വത്തെ നിരന്തരം പുതുതാക്കിക്കൊണ്ടിരിക്കും. വിപണിയിലെ ഉയർന്ന സാങ്കേതികനിലവാരം പുലർത്തുന്ന ഫോൺ വാങ്ങുന്ന ഉപഭോക്താവ് പുതിയ ഫോൺ വിപണിയിലെത്തുന്നതോടെ പഴഞ്ചനായി മാറുന്നു. ഉപഭോക്താവ് ഇന്ന് വിപണിയിൽ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ സാമ്പത്തികയുക്തികളെക്കാൾ സാംസ്കാരിക വിവക്ഷകളാണ് കടന്നുനിൽക്കുന്നത്. ഉപഭോഗവസ്തുവിന്റെ ഗുണദോഷങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടലുകൾ തിരഞ്ഞെടുപ്പിനെ നിർണയിക്കുന്നില്ല. പകരം ഉപഭോക്താവിന്റെ യുക്തി സാംസ്കാരികമായ ലക്ഷണങ്ങളാൽ നിർവചിക്ക

പ്പെടുകയാണിന്ന്. അപരിഷ്കൃതനായ ഉപഭോക്താവല്ല താൻ എന്ന് സമർഥിക്കേണ്ടത് അയാളുടെ ഉത്തരവാദിത്തമായി മാറുന്നു. തന്റെ ഫോണിന്റെ പേരിൽ തൊഴിലിടങ്ങളിലും കുടുംബത്തിനുള്ളിലും അയാൾ ചിലപ്പോൾ അപരിഷ്കൃതത്വം പേറേണ്ടിവരും. അപ്പോൾ സ്വയം നവീകരിക്കുക എന്നത് ഒരു ശരാശരി മൊബൈൽഫോൺ ഉപഭോക്താവിന്റെ കർത്തവ്യമായി മാറുന്നു. വ്യക്തിയുടെ സാമൂഹികജീവിതം മൊബൈൽഫോൺ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. മൊബൈൽ ഫോൺ സാധാരണമായതിനുശേഷം ഒരു വ്യക്തി മനഃപാഠമാക്കിയിട്ടുള്ള ഫോൺനമ്പരുകളുടെ എണ്ണം കുറയുന്നു. കാരണം, ആയിരക്കണക്കിന് നമ്പരുകൾ സൂക്ഷിക്കാൻ പര്യാപ്തമായ മൊബൈൽ ഫോൺ ഇന്ന് ലഭ്യമാണ്. ഒരാൾ നിരന്തരം ഉപയോഗിക്കുന്ന പത്തക്കസംഖ്യ ഓർമയിൽ സൂക്ഷിക്കേണ്ട ആവശ്യം ഇന്നില്ല. ഇത് വ്യക്തിയിൽ ഒരു സുരക്ഷിതബോധവും വിശ്വാസ്യതയും സൃഷ്ടിക്കുന്നുണ്ട്. ഫോൺ കോണ്ടാക്ട് മെമ്മറി തകരാറിലാവുമ്പോൾ ഒരു വ്യക്തിയുടെ സാമൂഹികബന്ധംതന്നെ തകരാറിലാവുകയും ചെയ്യുന്നു. ഫോൺ എടുക്കാതിരിക്കുന്നയാൾ, മൊബൈൽഫോൺ കവറേജിന്റെ പരിധിക്കു പുറത്തുള്ളവർ എന്നിവരെല്ലാം സാമൂഹികകാഴ്ചപ്പാടിൽ വിഭിന്നവ്യക്തിത്വങ്ങളായി അറിയപ്പെടുന്നുണ്ടിന്ന്. ഇങ്ങനെ വ്യക്തികളുടെ സാമൂഹികവത്കരണത്തിൽ മൊബൈൽഫോൺ എന്ന നവമാധ്യമം ഒരു നിർണായക ശക്തിയായി ഇന്ന് മാറിയിട്ടുണ്ട്.

## സുതാര്യതയും രഹസ്യാത്മകതയും

സമൂഹം അടുത്തകാലംവരെ അനുഭവിച്ചുപോന്ന രഹസ്യാത്മകതയുടെ സുരക്ഷിതത്വം മൊബൈൽഫോൺ നഷ്ടപ്പെടുത്തിയിട്ടുണ്ട്. രഹസ്യഭാഷണങ്ങൾ മൊബൈൽഫോൺ വഴി മറ്റു സ്ഥലങ്ങളിലേക്ക് കൈമാറുക. എസ്.എം.എസ്. സന്ദേശങ്ങൾ വഴി രഹസ്യാത്മകത നഷ്ടപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ വർത്തമാനകാലത്ത് സുപരിചിതമായിരിക്കുന്നു. വ്യക്തികൾ എവിടെയായിരുന്നാലും അവരുമായുള്ള ആശയവിനിമയം മൊബൈൽ ഫോൺ വഴി സാധ്യമാണ്. ഈ സാധ്യത രഹസ്യാത്മകതയെ ഇല്ലാതാക്കുന്നു. ഇപ്പോൾ രാജ്യത്തെ നിയമസംവിധാനങ്ങൾക്ക് മൊബൈൽ ടവർ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിൽ ഒരു മൊബൈൽ ഉപഭോക്താവ് എവിടെയാണെന്നു വ്യക്തമായി കണ്ടെത്താൻ കഴിയും. കേസന്വേഷണങ്ങളിലും മറ്റും ഈ സാങ്കേതികത ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള നവമാധ്യമങ്ങൾ സമൂഹത്തെ കൂടുതൽ സുതാര്യമാക്കുന്നു. മനുഷ്യന്റെ രഹസ്യാത്മകതയിലേക്കും സ്വകാര്യതയിലേക്കുമുള്ള ഈ കടന്നുകയറ്റം പുതിയകാലത്തിന്റെ സവിശേഷതയാണ്. മൊബൈൽ ക്യാമറ എന്ന പ്രയോഗത്തിന് രഹസ്യാത്മകതയെ സൂക്ഷ്മമായി പകർത്തുക എന്ന ഒരർഥം തന്നെ വന്നുചേർന്നിട്ടുണ്ട്. മൊബൈൽഫോണിന്റെ ഇത്തരം സൂക്ഷ്മതല സമീപനങ്ങൾ ഇന്റർനെറ്റുമായി കൈകോർത്തുകൊണ്ട് എല്ലാവിധ സ്വകാര്യതകളെയും വിവൃതമാക്കുന്ന സവിശേഷകാലാവസ്ഥ സൃഷ്ടിക്കുന്നു.

## ഭാഷ-മൊബൈൽഫോൺ-സംസ്കാരം

മൊബൈൽഫോൺ വിനിമയത്തിനുപയോഗിക്കുന്ന ഒരു ഭാഷയുണ്ട്. ഏതു ഭാഷയെയും മൊബൈൽഫോൺ ഉപഭോക്താക്കൾ സൗകര്യപൂർവം രൂപപ്പെടുത്തുകയും പരിഷ്കരിച്ചെടുക്കുകയും ചെയ്യുന്നു. ഹലോ എന്ന പഴയ തുടക്കംതന്നെ മൊബൈൽ ഫോണിലും പ്രാരംഭസൂചകമായി ഉപയോഗിക്കുന്നു. പിന്നീടുള്ള ഭാഷണങ്ങൾ മിക്കപ്പോഴും ലൈനിലുള്ളയാളിന്റെ സ്ഥലത്തെ നിർണയിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. എവിടെയാണ്? തിരക്കിലാണോ? ഇപ്പോൾ സംസാരിക്കാൻ സൗകര്യമുണ്ടോ? എന്നീ ചോദ്യങ്ങളും; തിരക്കിലാണ്, യാത്രയിലാണ്, പിന്നെ വിളിക്കാം, റോമിംഗിലാണ്, നെറ്റ്വർക്ക് ലഭ്യമല്ല എന്നിങ്ങനെയുള്ള ഉത്തരങ്ങളും രണ്ട് വ്യത്യസ്ത സ്ഥലങ്ങളെ പ്രതിനിധാനംചെയ്യുന്നു. മുമ്പ് ഉപയോഗിച്ചിരുന്ന ലാന്റ് ഫോണിൽ ഇത്തരം ഒരു സ്ഥലനിർമിതിയുടെ ആവശ്യമില്ല. ഇത്തരത്തിൽ രണ്ട് വ്യത്യസ്തസ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു ഭാഷണരീതി മൊബൈൽ ഫോൺ മുന്നോട്ടുവയ്ക്കുന്നു.

ഏതൊരു ഭാഷയിലും മൊബൈൽഫോൺ മറ്റൊരു ഭാഷാഭൂമിക സൃഷ്ടിച്ചിട്ടുണ്ട്. നിരവധി ഭാഷകൾ മൊബൈൽഫോണിൽ സാധ്യമാണെങ്കിലും ഇംഗ്ലീഷ്ഭാഷയുടെ ലിപികളിൽ മറ്റു ഭാഷകൾ വിനിമയംചെയ്യുന്ന പ്രവണത മൊബൈൽ ഉപഭോക്താക്കളിൽ പ്രകടമാണ്. നിരവധി പ്രാദേശികഭാഷകൾ ഇംഗ്ലീഷിന്റെ ലിപികളുപയോഗിച്ച് എഴുതപ്പെടുന്നുണ്ട്. പ്രധാനമായും എസ്.എം.എസ്. സംവിധാനത്തിനാണ് ഇംഗ്ലീഷ് ലിപി സൗകര്യപ്രദമായി ഉപയോഗിക്കുന്നത്. ഏഴോ എട്ടോ കീപാഡുകളിൽ ഇംഗ്ലീഷ് ഭാഷയിലെ ഇരുപത്തിയാറ് അക്ഷരങ്ങൾ ഉള്ളടക്കം ചെയ്തുകൊണ്ട് സൗകര്യപ്രദമായി ടൈപ്പ് ചെയ്യുന്നതിനുള്ള സൗകര്യം മൊബൈൽഫോൺ ഒരുക്കുന്നു. എസ്.എം.എസ്. ഫോർമാറ്റിലേക്ക് കടന്നുവരുന്ന വാക്കുകൾക്ക് ചില പ്രത്യേകതകളുണ്ട്. ഇംഗ്ലീഷ് അക്ഷരങ്ങൾ ചേർത്തും സംഖ്യകൾ ചേർത്തുമുള്ള പുതിയ ഭാഷാപ്രയോഗങ്ങൾ എസ്.എം.എസുകളിലുണ്ട്. ഇതിലധികവും ചുരുക്കെഴുത്തു രൂപങ്ങളാണ്. ഈ സവിശേഷതകൾ നമ്മുടെ സാഹിത്യ ആഖ്യാനങ്ങളിലേക്കും സിനിമകളിലേക്കും നിത്യവ്യവഹാരങ്ങളിലേക്കും കടന്നുവരുന്നുണ്ട്. മൊബൈൽ ഫോണിലെ എസ്.എം.എസ്. ഭാഷ മറ്റൊരു വ്യവഹാര മാതൃകയായി ഇന്ന് പരിണമിച്ചു കഴിഞ്ഞു.

## മൊബൈൽ ഫോണും ഇതരമാധ്യമങ്ങളും

ഇതര മാധ്യമങ്ങൾക്കുള്ളിൽ മൊബൈൽഫോൺ കടന്നുവരുമ്പോൾ പുതിയ ഒരു മാധ്യമസംവേദനം സാധ്യമാകുന്നു. ടെലിവിഷൻ ചാനലുകൾ മൊബൈൽ സന്ദേശങ്ങളിലൂടെ നടത്തുന്ന വാർത്താവിശകലനങ്ങളും ചർച്ചകളും മാധ്യമരംഗത്ത് സാധാരണമാണ്. പത്രസമ്മേളനങ്ങളുടെ തത്സമയ സംപ്രേഷണത്തിനും അഭിമുഖങ്ങൾക്കും മൊബൈൽഫോൺ ഉപയോഗിക്കുന്നുണ്ട്. മൊബൈൽഫോൺ ഉപയോഗിച്ചുകൊണ്ടുള്ള വാർത്താവിശകലനം പുതിയ ഒരു രാഷ്ട്രീയസംസ്കാരംതന്നെ മുന്നോട്ടുവയ്ക്കുന്നു. ആരും

എപ്പോഴും ഏതുസമയത്തും പ്രേക്ഷകർക്കു മുന്നിൽ എത്തിക്കൊള്ളണമെന്ന അലിഖിതനിയമം ഇവിടെയുണ്ടായിവന്നിട്ടുണ്ട്. സുപ്രധാനസംഭവങ്ങൾ, രാഷ്ട്രീയമാറ്റങ്ങൾ, തിരഞ്ഞെടുപ്പ്, അത്യാഹിതങ്ങൾ എന്നിങ്ങനെ വാർത്താ പ്രാധാന്യമുള്ള ഏതു സന്ദർഭങ്ങളിലും പ്രേക്ഷകനു മുന്നിലെത്താൻ പൊതു പ്രവർത്തകർ ഇന്നു ബാധ്യസ്ഥരാണ്. ചാനലുകളുടെ തത്സമയ വാർത്താപ രിപാടികളിൽ എങ്ങനെ പ്രതികരിക്കുന്നു, അവിടെ ഉപയോഗിക്കുന്ന വാക്കു കൾ, ശൈലികൾ എന്നിവയെല്ലാം ഒരു രാഷ്ട്രീയപ്രവർത്തകന്റെ പൊതുസ മ്മതിയെ നിർണയിക്കുന്ന ഘടകങ്ങളാണ്. ചാനൽചർച്ചകളിലെ ടെലിഫോൺ സംഭാഷണങ്ങൾക്ക് ഇന്ന് അങ്ങേയറ്റം പ്രസക്തിയുണ്ട്. ഇങ്ങനെ ടെലിവി ഷൻ മാധ്യമത്തിനുള്ളിലെ സഹായകമാധ്യമമായി മൊബൈൽ ഫോൺ മാറുന്നു. പ്രധാനമായും ക്യാമറസൗകര്യങ്ങളും റിപ്പോർട്ടിംഗ് സംവിധാനങ്ങളും കടന്നുചെല്ലാത്ത വിദൂരസ്ഥലങ്ങളുമായി ഒരു ദൃശ്യമാധ്യമത്തെ ബന്ധപ്പെടു ത്തുന്നതിൽ മൊബൈൽഫോൺ സുപ്രധാനപങ്ക് വഹിക്കുന്നുണ്ട്. ഇങ്ങനെ ഒരു മാധ്യമത്തിനുള്ളിലെ മറ്റൊരു മാധ്യമമായി ഇന്ന് മൊബൈൽഫോൺ മാറുന്നു.

ചലച്ചിത്രം എന്ന മാധ്യമത്തിലേക്ക് മൊബൈൽഫോണിന്റെ കടന്നു വരവ് ശ്രദ്ധേയമാണ്. മൊബൈൽഫോണുകൾ പരിണാമവിധേയമായ പുതിയ ഒരു കാലഘട്ടത്തെ ആവിഷ്കരിക്കുകയാണ്. ലാന്റ് ഫോൺ സംവിധാനങ്ങൾ മാത്രമുണ്ടായിരുന്ന ഒരു കാലഘട്ടം നമ്മുടെ ചലച്ചിത്രങ്ങളിൽ ദൃശ്യമാണ്. ഇത് സ്ഥലവുമായി ബന്ധപ്പെട്ട ഒരു ദൃശ്യാനുഭവം മുന്നോട്ടുവയ്ക്കുന്നു. വീടി നുള്ളിൽനിന്ന് വീടുകളിലേക്കോ ഓഫീസുകളിലേക്കോ ടെലിഫോൺ ബൂത്തു കളിൽനിന്ന് വീടുകളിലേക്കോ ഇതര സ്ഥാപനങ്ങളിലേക്കോ നടത്തുന്ന ആശ യവിനിമയം മുൻകാല ചലച്ചിത്രങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. സിനിമയുടെ കഥാഗതി, തിരക്കഥ എന്നിവ രൂപപ്പെട്ടിരുന്നത് ലാന്റ് ഫോണിന്റെ ആശയവി നിമയ സൗകര്യങ്ങൾക്കുള്ളിലാണ്. എന്നാൽ സമകാലചലച്ചിത്രങ്ങൾ മൊബൈൽ ഫോണിന്റെ പരിധിക്കുള്ളിലാണ് നിർമിക്കപ്പെടുന്നത്. ദേശാന്ത രയാത്രകളിൽപ്പോലും അറ്റുപോകാത്ത ആശയവിനിമയബന്ധം മൊബൈൽഫോൺ നിലനിർത്തുന്നുണ്ട്. പുതിയ ചലച്ചിത്രങ്ങളുടെ കഥാഗ തിയെ നിയന്ത്രിക്കുന്നതിൽ മൊബൈൽഫോൺ നിർണായകപങ്ക് വഹിക്കു ന്നു. മൊബൈൽഫോൺ പ്രധാന കഥാപാത്രമാകുന്ന ചല ച്ചിത്രങ്ങളും മൊബൈൽഭാഷണങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ചല ച്ചിത്രങ്ങളും നിരവധിയാണ്. മൊബൈൽ ഭാഷണം, എസ്.എം.എസുകൾ, മൊബൈൽ ക്യാമറ, റിംഗ്ടോണുകൾ എന്നിവയൊക്കെ സിനിമകളിൽ പുതിയ വ്യാവഹാരിക ഇടങ്ങൾ സൃഷ്ടിക്കുന്നു. ചലച്ചിത്രം എന്ന മാധ്യമത്തിനുള്ളി ലേക്ക് കടന്നുകൊണ്ട് മൊബൈൽഫോൺ മറ്റൊരു മാധ്യമാനുഭവവും സാംസ്കാരികവിനിമയവും ഇന്ന് സാധ്യമാക്കുന്നു.

### ബന്ധങ്ങളുടെ അപനിർമിക്കൽ

വ്യക്തികുടുംബബന്ധങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ

മൊബൈൽ ഫോണിന് കഴിയുന്നുണ്ട്. ബന്ധങ്ങളെ നിലനിർത്തുന്ന വിശ്വാസ്യതയാണ് ഇവിടെ പ്രശ്നമാകുന്നത്. ദാമ്പത്യബന്ധങ്ങളിലും പ്രണയിതാക്കൾ തമ്മിലുള്ള ഉടമ്പടികളിലും സൗഹൃദങ്ങളിലും വിള്ളൽ വീഴ്ത്തുവാൻ സെൽഫോണുകൾ കാരണമായിട്ടുണ്ട്. പുതിയ കാലഘട്ടത്തിലെ സാമൂഹികക്രമത്തെ പുനഃസൃഷ്ടിക്കാൻ ഇങ്ങനെ മൊബൈൽഫോണിന് കഴിയുന്നു. മൊബൈൽഫോൺ പ്രചാരത്തിലാകുന്നതിനുമുമ്പ് നിലനിന്നിരുന്ന വ്യക്തിബന്ധങ്ങളും സാമൂഹികബന്ധങ്ങളുമല്ല ഇന്ന് ചുറ്റുപാടുകളിലുള്ളത്. ആശയവിനിമയത്തിലെ സൗകര്യവും വേഗവും നിമിത്തം ഒരു വ്യക്തി ബന്ധപ്പെടുന്ന ആളുകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. എന്നാൽ ബന്ധങ്ങളിൽ മുൻകാലങ്ങളിലുണ്ടായിരുന്ന ആഴവും ദൃഢതയും ഇന്ന് നഷ്ടമായിട്ടുണ്ട്.

മൊബൈൽഫോൺ നമ്മുടെ പരമ്പരാഗത കുടുംബബന്ധങ്ങളിൽ കാര്യമായ പൊളിച്ചെഴുത്ത് നടത്തിയിട്ടുണ്ട്. വിദേശങ്ങളിൽ കഴിയുന്നവർ നാടുമായും കുടുംബവുമായുള്ള ബന്ധം നിലനിർത്തുന്നത് മൊബൈൽ ഫോൺ വഴിയാണ്. സ്ഥലബന്ധിതമായിരുന്ന ലാന്റ്ഫോൺ വഴിയുള്ള സംഭാഷണങ്ങളല്ല ഇന്നത്തേത്. അതുകൊണ്ടുതന്നെ തന്റെ യഥാർഥ ഇടം രഹസ്യമാക്കിക്കൊണ്ട് സംഭാഷണം നടത്താനും തന്റെ സാന്നിധ്യം അറിയിക്കാനും വ്യക്തികൾക്ക് കഴിയുന്നു. എസ്.എം.എസുകൾ, മിസ്ഡ് കോളുകൾ എന്നിവ വഴി ബന്ധങ്ങളുടെ ആഴം വർധിപ്പിക്കാനും നിരന്തരസാന്നിധ്യം അറിയിക്കാനും കഴിയുന്നു. ടെലിഫോൺ സംഭാഷണം ഒഴിവാക്കി തങ്ങളുടെ സാന്നിധ്യം ഉറപ്പാക്കാൻ ഇതിനു കഴിയുന്നു. മിസ്ഡ് കോൾ പലപ്പോഴും പുതിയ പരിചയങ്ങൾ തുടങ്ങിവയ്ക്കുന്നതിനും വ്യക്തികൾക്കിടയിൽ അലോസരം സൃഷ്ടിക്കുന്നതിനും കാരണമാകുന്നുണ്ട്. ഭാഷാപരമായ ഒരു സൂചകമായി അത് പ്രവർത്തിക്കുന്നു.

സൗഹൃദങ്ങൾ നിർമിക്കപ്പെടുന്നതിലും നിലനിർത്തുന്നതിലും വ്യക്തികളെക്കാൾ മൊബൈൽ കമ്പനികൾക്ക് കൂടുതൽ ഇടപെടൽ നടത്താനാകുന്നുണ്ട്. ചില പ്രത്യേക നമ്പരുകളിലേക്ക് അനിയന്ത്രിതമായി വിനിമയം നടത്താനുള്ള സൗകര്യം, രാത്രി മുഴുവൻ സൗജന്യസംഭാഷണം, ഒരേ മൊബൈൽ കമ്പനികളുടെ വരിക്കാർക്ക് സൗജന്യസംഭാഷണം, എസ്.എം.എസ്. സൗജന്യം തുടങ്ങിയവ ചില മൊബൈൽ കമ്പനികൾ ചെയ്തുകൊടുക്കുന്നുണ്ട്. ഇതനുസരിച്ച് നിലനിൽക്കുന്ന സൗഹൃദങ്ങളിലും ബന്ധങ്ങളിലും മാറ്റം വരുന്നു. പ്രണയികളെ ഉദ്ദേശിച്ചുള്ള പ്രത്യേക താരിഫുകൾ, സൗഹൃദങ്ങൾക്കുവേണ്ടിയുള്ളവ ഇങ്ങനെ പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാനും നിലവിലുള്ളവ മാറ്റിത്തീർക്കാനും മൊബൈൽ കമ്പനികൾക്ക് കഴിയുന്നു. ഓരോ മൊബൈൽ കമ്പനിയുടെയും ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സവിശേഷ സൗജന്യങ്ങൾക്കനുസൃതമായി വ്യക്തിബന്ധങ്ങൾ ഉടലെടുക്കുന്ന സവിശേഷസാഹചര്യം ഇന്നുണ്ട്. ഗ്രൂപ്പ് മെസ്സേജ്, ഇന്റർനെറ്റ് വഴിയുള്ള മൊബൈൽ ഗ്രൂപ്പ് എസ്.എം.എസുകൾ, സൗജന്യ എസ്.എം.എസ് സംവിധാനങ്ങൾ, നിശ്ചിത നമ്പരുകളിലേക്കുള്ള സൗജന്യ ഫോൺസംഭാഷണത്തിനുള്ള സൗകര്യം ഇവ

യ്ക്കൊക്കെ സാമൂഹികമായ പ്രാധാന്യമുണ്ട്. വിപണി, പരസ്യങ്ങൾ, മീറ്റിംഗുകൾ, ആശംസകൾ, ആഹ്വാനങ്ങൾ, പൊതുവിഷയങ്ങൾ, ഗൂഢാലോചനകൾ, സ്വകാര്യവിഷയങ്ങൾ, പുതിയ ഫോൺനമ്പർ മറ്റുള്ളവരെ അറിയിക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഗ്രൂപ്പ് എസ്.എം.എസുകൾ പ്രയോജനപ്പെടുന്നുണ്ട്. ഇതുവഴി ഒരു വ്യക്തിക്ക് സ്വതന്ത്രമായി ആശയപ്രചരണത്തിനുള്ള സൗകര്യം ലഭ്യമാകുന്നു. ഇത്തരം ഒരു സ്വാതന്ത്ര്യം ഇന്ന് മൊബൈൽഫോൺ യാഥാർഥ്യമാക്കിയിട്ടുണ്ട്. ഒരു വ്യക്തിക്ക് താനിടപഴകുന്ന വിവിധ മേഖലകളെ വ്യത്യസ്തഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് അവരിലേക്ക് വിവിധ ആശയങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് മൊബൈൽഫോണിലെ ഇത്തരം എസ്.എം.എസ്. സംവിധാനങ്ങൾക്ക് കഴിയുന്നു. വ്യക്തിയുടെ അഭിരുചികളെ തൃപ്തിപ്പെടുത്താനും ഒരു വ്യക്തിയുടെ വ്യവഹാരമേഖലകളെ ഉദ്ദേശിക്കുന്ന തരത്തിൽ മുന്നോട്ടുകൊണ്ടുപോകാനും ഇതുവഴി സാധിക്കുന്നുണ്ട്.

## നവസംസ്കാരനിർമിതിയുടെ കാലം

മൊബൈൽഫോൺ സമൂഹത്തിൽ ഉണ്ടാക്കിയ സ്വാധീനം, അതുവഴി വ്യക്തിജീവിതത്തിലുണ്ടായ പരിവർത്തനം, ഉപഭോഗാധിഷ്ഠിതസമൂഹത്തിലെ തിരഞ്ഞെടുപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു സാംസ്കാരിക വിശകലനം സാധ്യമാണ്. ഉത്തരാധുനിക പരിസരം മാധ്യമകേന്ദ്രീകൃതമായ സാങ്കേതികവിദ്യ സൃഷ്ടിച്ച സാംസ്കാരികാനുഭവങ്ങളുടേതാണ്. ഇവിടെ വ്യക്തിയുടെ സാമൂഹികവത്കരണം സാധ്യമാക്കുന്നത് മാധ്യമങ്ങളാണ്. നവവിപണികളും മാധ്യമങ്ങളും സൃഷ്ടിക്കുന്ന ഒരു സാമൂഹിക കർത്തൃത്വത്തിലേക്ക് വ്യക്തി രൂപപ്പെടുന്നു. പൈതൃകകലാരൂപങ്ങളും ചരിത്രസന്ദർഭങ്ങളും പാരമ്പര്യങ്ങളും സ്വാധീനംചെലുത്തിയ ആധുനികതയുടെ വ്യക്തിയല്ല ഇന്നുള്ളത്. മറിച്ച് എല്ലാ ചരിത്രസന്ദർഭങ്ങളെയും തകിടംമറിച്ചുകൊണ്ട് ഉത്തരാധുനിക കർത്തൃത്വം ഉണ്ടായിവരുന്നു. ദേശീയത, ആദർശം, ബുദ്ധിപരത എന്നിങ്ങനെയുള്ള മൂല്യാധിഷ്ഠിത നിർവചനങ്ങൾക്കു പകരം സൗകര്യങ്ങളിലധിഷ്ഠിതമായ നവമൂല്യവ്യവസ്ഥ സൃഷ്ടിക്കപ്പെടുന്നു. ഈ മൂല്യവ്യവസ്ഥ ഉപഭോഗസംസ്കാരം, ആൾക്കൂട്ടസംസ്കാരം എന്നിവയെ പിൻപറ്റി നിൽക്കുന്നതാണ്. മൊബൈൽഫോൺ സാങ്കേതികതയുടെ സംസ്കാരനിർമിതി ഇത്തരത്തിലുള്ളതാണ്. മനുഷ്യജീവിതത്തിന്റെ വേഗത വർധിപ്പിക്കുന്നതിൽ മൊബൈൽഫോൺ ഏറെ പങ്ക് വഹിച്ചിട്ടുണ്ട്. ഈ സാങ്കേതിക ഉപകരണം മുന്നോട്ടുവയ്ക്കുന്ന സൗകര്യങ്ങൾ നിരവധിയാണ്. വേഗം, സൗകര്യം, പുതുമ, തിരഞ്ഞെടുപ്പ് എന്നിങ്ങനെയുള്ള നവസംസ്കാരമൂല്യങ്ങളെയാണ് ഈ ഉപകരണം പിന്തുടരുന്നത്. സ്ഥലകാലങ്ങളെ അപ്രധാനീകരിച്ചുകൊണ്ട് ആശയവിനിമയത്തിന്റെ നിരവധി മാനങ്ങൾ ഇത് സൃഷ്ടിക്കുന്നു. നിലനിൽക്കുന്ന പരമ്പരാഗത മൂല്യവ്യവസ്ഥകൾ ഇത്തരം സൗകര്യങ്ങളുമായും പുതുമകളുമായും നിരന്തര സമരത്തിലേർപ്പെടുന്നു. അതുകൊണ്ടുതന്നെ മൊബൈൽഫോൺ നിർമിക്കുന്ന നവസംസ്കാരനിർമിതിയുടെ കാലം ഒട്ടേറെ നിർവചനങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

# 7. പുസ്തകം/എഴുത്ത്/വായന
# സൈബർകാലം നമ്മെ പുന:ക്രമീകരിക്കുമ്പോൾ

ജെയ്സൺ ജോസ്

ഭാഷ ഒരു സാമൂഹിക പ്രതിഭാസവും ഭാഷയിലൂടെയുള്ള സവിശേഷമായ ആഖ്യാനങ്ങളൊക്കെയും അത്തരമൊരു സാമൂഹികാവസ്ഥയുടെ സൗന്ദര്യാത്മകമായ പുനരാവിഷ്കാരങ്ങളുമാണ്. സമൂഹത്തിന്റെ മാറ്റം ഭാഷയെ നിർണയിക്കുന്നു. ഭാഷയിലൂടെയുള്ള ആവിഷ്കരണങ്ങളിലും അവയുടെ സ്വീകരണത്തിലും അത് സ്വാഭാവികമായും പ്രതിഫലിക്കുകയും ചെയ്യുന്നു. ഭാഷയിലൂടെയുള്ള ആത്മപ്രകാശനത്തിന് എഴുത്തുകാരൻ തിരഞ്ഞെടുക്കുന്നതും വായനക്കാരൻ സമീപിക്കുന്നതുമായ മാധ്യമത്തെ സംബന്ധിച്ചും കാലത്തിന്റെ മാറ്റം പ്രസക്തമാണ്. പരമ്പരാഗതമായ എഴുത്തും വായനാതാത്പര്യങ്ങളും നവീകരിക്കപ്പെടുന്നതിനൊപ്പം തന്നെ നവസാങ്കേതികതയുടെ സാധ്യതകൾ നമ്മുടെ ഭാഷയെയും എഴുത്തിനെയും വായനയെയും പുതിയമട്ടിൽ ക്രമീകരിക്കുന്നതും നാം കാണുന്നു. നവമാധ്യമങ്ങളുടെ ഇടപെടൽ അച്ചടിച്ച പുസ്തകരൂപത്തിലുള്ള എഴുത്തു പദ്ധതികളെ വിഷയമേഖലകളിൽ നവീനത കൊണ്ടുവന്ന് നിലനില്പിന്റെ സാധ്യതകൾ തിരയാൻ പ്രേരിപ്പിക്കുമ്പോൾത്തന്നെ എഴുത്തിനും വായനയ്ക്കും നവീനമായൊരു പ്രതലം തുറന്നു തരികകൂടി ചെയ്യുന്നുണ്ട്.

ആധുനികാനന്തരമായൊരു സാഹചര്യം സൃഷ്ടിച്ച ദൃശ്യമാധ്യമങ്ങളുടെയും മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളുടെയും വളർച്ച കേരളീയസമൂഹത്തെ എഴുത്തിന്റെയും വായനയുടെയും പുതിയ ദിശകളിലേക്ക് കൊണ്ടുപോയിക്കഴിഞ്ഞിരിക്കുന്നു. ടെലിവിഷൻ ചാനലുകൾ, മൊബൈൽഫോൺ, ഇന്റർനെറ്റ്, സി.ഡി റോം, ഇ-ബുക്കുറീഡറുകൾ തുടങ്ങിയവയെല്ലാം എഴുത്തിനെയും വായനയെയും പുതിയമട്ടിൽ നിർണയിച്ചുക്കഴിഞ്ഞിരിക്കുന്നു. അച്ചടിരൂപത്തിലുള്ള പത്രമാസികകളും ഗ്രന്ഥങ്ങളും ആധുനികമായൊരു പരിസരത്തിന്റെ സൃഷ്ടികളാണെങ്കിലും പുതിയകാലമാധ്യമങ്ങളുടെ സാന്നിധ്യം അവയെയും സ്വയം നവീകരണത്തിന് നിർബന്ധിതമാക്കിയിരിക്കുന്നു.

**ഒന്ന്**

കാഴ്ചകൾകൊണ്ട് സമ്പന്നമായൊരു കാലത്തോടാണ് ഇന്ന് അച്ചടി പ്രസിദ്ധീകരണങ്ങൾക്ക് സംവദിക്കേണ്ടിവരുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജീവിച്ചിരുന്നവർ ഒരായുസ്സുകൊണ്ട് കണ്ടുതീർത്ത കാഴ്ചകൾ കമ്പ്യൂട്ടറിന്റെയോ ടെലിവിഷന്റെയോ മുന്നിലിരിക്കുന്ന പുതിയ മനുഷ്യർ ഒരുമണിക്കൂർ കൊണ്ട് കണ്ടുതീർക്കുന്നു. വർത്തമാനകാല മനുഷ്യജീവിതത്തിലേക്കുള്ള ദൃശ്യങ്ങളുടെ വ്യാപനം, വിനിമയലോകത്തിന്റെ കേന്ദ്രത്തിൽ നിന്ന് ഭാഷ ബഹിഷ്കൃതമാവുന്നിടത്തോളം വരെ കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. വായന കാഴ്ചയ്ക്ക് വഴിമാറുന്നു. നവമാധ്യമങ്ങളുടെ അതിവ്യാപനം നിശ്ചിതസ്വഭാവമാർന്ന ഒരു ദൃശ്യപാഠത്തെ മാത്രം കൺമുന്നിൽ എത്തിക്കുന്നു.വായനക്കാരന്റെ ഭാവനാശേഷിക്കനുസൃതമായി വ്യത്യസ്ത പാഠങ്ങളിലേക്ക് നീങ്ങാനുള്ള സാധ്യത ഇല്ലാതാക്കി ആസ്വാദനപ്രക്രിയയെ ലഘുപ്രയത്ന സ്വഭാവിയാക്കുന്നു. ലളിതമായൊരു ആസ്വാദനപദ്ധതിയിലേക്ക് സമൂഹത്തെ പരിവർത്തിപ്പിക്കുകയെന്ന തന്ത്രമാണിവിടെ പ്രവർത്തിക്കുന്നത്.പുതിയകാലത്തിന്റെ താത്പര്യം ഇത്തരത്തിൽ ക്രമീകരിക്കപ്പെട്ടതോടെ ലളിതമായൊരു വായനാപദ്ധതി അവതരിപ്പിച്ചും പുസ്തകങ്ങളും പത്രമാസികകളും മനോഹരങ്ങളായ ഫോട്ടോകളാൽ സമ്പന്നമായ ചിത്രപുസ്തകങ്ങളാക്കിക്കൊണ്ടുമാണ് ഇത്തരമൊരവസ്ഥയെ അച്ചടികേന്ദ്രിതമായൊരു എഴുത്തുപദ്ധതി പ്രതിരോധിച്ചത്.

നവമാധ്യമങ്ങൾ പരമ്പരാഗതരീതിയിലുള്ള വായനയ്ക്ക് തീർത്ത പ്രതിബന്ധങ്ങളെ അച്ചടിമാസിക പ്രവർത്തകർ അതിജീവിക്കുന്നത് പുതിയമേഖലകൾ തുറക്കുകയോ നിർജീവാവസ്ഥയിലിരിക്കുന്ന പലതിനെയും പുനരുജ്ജീവിപ്പിക്കുകയോ ചെയ്തുകൊണ്ടാണ്. എൺപതുകളിലും തൊണ്ണൂറിലും ഗൗരവപൂർണമായൊരു വായനാസംസ്കാരത്തിന് ഭീഷണിയുയർത്തിയവയും പൈങ്കിളിയെന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്ത വാരികകൾപോലും ടെലിവിഷനും ഇന്റർനെറ്റും ഉൾപ്പെടെയുള്ള നവമാധ്യമങ്ങളുടെ വ്യാപനത്തോടെ പ്രതിസന്ധിയിലാവുകയായിരുന്നു. അതിസാങ്കേതികതയുടേതായ നവമാധ്യമ സംസ്കാരം തീർക്കുന്ന കെട്ടുപാടുകളെ അതിജീവിക്കാനെന്നോണം മലയാളസാഹിത്യമണ്ഡലവും പുസ്തകപ്രസാധകരും ആനുകാലികങ്ങളും ശ്രമകരമായൊരു ദൗത്യത്തിലാണ് ഇന്നേർപ്പെട്ടുകൊണ്ടിരിക്കുന്നത്. മുഖ്യധാരാപ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും അനുഭവക്കുറിപ്പുകളിലേക്ക് ശ്രദ്ധതിരിച്ചതിനെ ഇത്തരത്തിൽ കാണേണ്ടതുണ്ട്. വ്യക്തികളുടെ ഭൂതകാലനുഭവങ്ങളുടെ പച്ചയായ അവതരണം പ്രസാധകർക്കും വായനക്കാർക്കും പ്രിയപ്പെട്ട വിഭവമായിത്തീർന്നിരിക്കുന്നു. സംതൃപ്തദാമ്പത്യത്തിന് എട്ട് കാര്യങ്ങൾ, ജീവിതവിജയം സ്വന്തമാക്കാൻ, മത്സരപ്പരീക്ഷയിൽ വിജയിക്കാൻ, വ്യക്തിത്വവികാസത്തിന് പത്തു മാർഗങ്ങൾ എന്നിവയൊക്കെ പ്രതിപാദിക്കുന്ന പുസ്തകങ്ങളാണ് ഇന്ന് പുസ്തകപ്രസാധകരെ നിലനിർത്തിക്കൊണ്ടിരിക്കുന്നത്. വീടുനിർമാണം, വാസ്തു ദോഷങ്ങൾ,

ധനനിക്ഷേപം, വാഹനം വാങ്ങൽ, പാചകം, എന്നിവയൊക്കെ വിശദമായി ചർച്ചചെയ്യുന്ന പുസ്തകങ്ങളും ആരോഗ്യ/ വനിതാ മാസികകളും വായനച്ച ന്തയിൽ വ്യാപകമായതിന്റെ കാരണവും മറ്റൊന്നല്ല.

പുതിയകാലത്തിന്റെ സ്പന്ദങ്ങൾക്കൊത്ത്, പരമ്പരാഗത സങ്കല്പ ത്തിലുള്ള അച്ചടിരൂപമാർന്ന എഴുത്തും പുസ്തകപ്രസാധനവും അവയുടെ വായനയും മാറുന്നുവെന്നതാണ് ഇവിടെ വ്യക്തമാവുന്നത്. അച്ചടികേന്ദ്രിത മായൊരു എഴുത്തിനെയും വായനയെയും അത്തരമൊരു അനുഭവപരിസര ത്തെയും നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ സ്വാഭാ വികമായി വന്നു ഭവിക്കുന്ന പരിണാമങ്ങളായി ഈ വ്യതിചലനങ്ങളെ മന സ്സിലാക്കേണ്ടതുണ്ട്. അച്ചടിരൂപത്തിലുള്ള മലയാള ഭാഷയുടെ നിലനില്പ് വരുംകാലങ്ങളിൽ ഇത്തരമൊരു രചനാപദ്ധതിയെ പിൻപറ്റിക്കൊണ്ടായിരി ക്കുമെന്ന് അംഗീകരിക്കുന്നതിൽ വൈമനസ്യം തോന്നേണ്ടതില്ല.

### രണ്ട്

അച്ചടി രൂപത്തിലുള്ള പത്രമാസികകളും ഗ്രന്ഥങ്ങളും വായനയുടെ വിഷയമേഖലയെ നവീകരിച്ച് നിലനില്പിനായി ശ്രമിക്കുമ്പോൾ തന്നെയാണ് നവസാങ്കേതികതയുടെ തണലിൽ എഴുത്തും വായനയും പുതിയ അസ്തിത്വം തേടുന്നത്. വിവരസാങ്കേതികതയുടെ വികാസം എഴുത്തിനും വായനയ്ക്കും കൊണ്ടുവന്നിട്ടുള്ള നവീനസാധ്യതയാണ് സൈബർസ്പേസ്. സൈബർ സ്പേസിന്റെ വിശാലതകളിലേക്ക് എഴുത്തിനെ മാറ്റി പ്രതിഷ്ഠിച്ച പുതുതലമുറ, കേവലം സാങ്കേതികതയുടെ ഇടങ്ങളെപ്പോലും സർഗാത്മ കമാക്കിത്തീർത്തിരിക്കുന്നു.കമ്പ്യൂട്ടറിന്റെയും ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെയും വളർച്ചയും സാഹിത്യവുമായി അവയെ ബന്ധപ്പെടുത്തിയുള്ള ചർച്ചകളും 1990–കളിൽത്തന്നെ കേരളത്തിൽ ആരംഭിച്ചിരുന്നു. എന്നാൽ അത്തരം ചർച്ചകൾ കലാകാരന്റെ/എഴുത്തുകാരന്റെ ഭാവനയിലേക്ക് ഇല ക്ട്രോണിക് ലോകവും അതിന്റെ വിഭ്രാമകമായ അവസ്ഥകളും കടന്നുക യറുന്നതിനെപ്പറ്റിയുള്ള ആലോചനകളിൽ കുടുങ്ങിക്കിടന്നു. സൈബർസ്പേ സിൽ നടക്കുന്ന സാഹിത്യപരിശ്രമങ്ങളെ ഈ പര്യാലോചനകളൊക്കെയും അവഗണിക്കുകയായിരുന്നു. അച്ചടി കേന്ദ്രീകൃതമായ സാഹിത്യമായിരുന്നു നമ്മുടെ ബോധമണ്ഡലത്തെ പൂർണമായും നിയന്ത്രിച്ചിരുന്നത്.യന്ത്രസര സ്വതി നമ്മെ സംഭ്രമിപ്പിക്കുമോയെന്ന് സംശയിച്ച കെ.പി.അപ്പൻ “യന്ത്രയു ഗത്തിൽ നിന്നോ ഇലക്ട്രോണിക് യുഗത്തിൽ നിന്നോ കമ്പ്യൂട്ടറിന്റെ ലോക ത്തുനിന്നോ നമ്മുടെ സാഹിത്യഭാവനയ്ക്ക് മാറിനിൽക്കുക സാധ്യമല്ല ” (1992:47) എന്നെഴുതിയെങ്കിലും അദ്ദേഹവും ഉദ്ദേശിച്ചത് പുതിയലോകം കൊണ്ടുവന്ന സാധ്യതയെ ആയിരുന്നില്ല.

ഇന്റർനെറ്റ് സൃഷ്ടിക്കുന്ന ഒരു പ്രതീതിയാഥാർഥ്യമാണ് സൈബർസ്പേസ്. “ആധുനികതയുടെ ഏറ്റവും വലിയ അടയാളം പുസ്തകവും അച്ചടിച്ച കടലാസു കളും ആയിരുന്നെങ്കിൽ വർത്തമാനകാലസമൂഹത്തിന്റെ അടയാളം ഡിജി

റ്റൽ ഉപകരണങ്ങളുടെ സ്ക്രീൻ ആണ്. പുസ്തകങ്ങളിൽനിന്ന് സ്ക്രീൻ പകർന്നു തരുന്ന വായനാനുഭവമാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്" (ആദർശ് വി. കെ.2010 :72). ഇന്റർനെറ്റ്, മൊബൈൽഫോൺ, ലാപ്ടോപ്, സിഡി റോം, ഇ–ബുക്കുറീഡർ ഇവയെല്ലാം വായനയ്ക്ക് പുതിയ ദിശകൾ തീർക്കുന്നു. അച്ചടിച്ച മാഗസിനുകൾക്ക് കൈവന്ന ഇന്റർനെറ്റ് പ്രതിരൂപങ്ങളാണ് വെബ് മാഗസിനുകൾ. സാധാരണമട്ടിൽ നമുക്കു ലഭ്യമാകുന്ന അച്ചടിമാഗസിന്റെ പ്രത്യേകതകളൊക്കെയും സംരക്ഷിച്ചുകൊണ്ടുതന്നെ കവിത, ലേഖനം, അഭിമുഖം എന്നിങ്ങനെയുള്ള വിഭവങ്ങൾ വെബ് മാഗസിനുകളും നൽകുന്നു. അച്ചടിയും വിതരണവും സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ സാധാരണമാഗസിനുകൾക്ക് ബാധ്യതയാകുമ്പോൾ ചെലവുകുറഞ്ഞ പ്രസിദ്ധീകരണ സാധ്യതയാണ് വെബ് മാഗസിനുകൾ നൽകുന്നത്. മിക്ക വെബ് മാഗസിനുകളും സൗജന്യമാണ്. ശ്രദ്ധേയമായ രീതിയിൽ മുന്നേറുന്ന നിരവധി വെബ്മാഗസിനുകൾ മലയാളത്തിലുണ്ട്. *പുഴ.കോം, ഹരിതകം.കോം, തണൽ ഓൺലൈൻ.കോം, അയനം, നാട്ടുപച്ച, തുഷാരം, മലയാളനാട്* തുടങ്ങിയവയൊക്കെ വെബ് മാഗസിനുകളെന്ന നിലയിൽ കുറഞ്ഞ കാലം കൊണ്ട് അസ്തിത്വം സ്ഥാപിച്ചവയാണ്. അച്ചടിപ്രസിദ്ധീകരണങ്ങളിൽ നിന്ന് ശുദ്ധസാഹിത്യരൂപങ്ങൾ ഒഴിഞ്ഞുപോകുമ്പോഴും സൈബർസ്പേസിൽ അവയുടെ സാന്നിധ്യം ഏറുകയാണ്. കഥയ്ക്കും കവിതയ്ക്കും വേണ്ടിത്തന്നെയുള്ള വെബ് ജേണലുകൾക്ക് ലഭിക്കുന്ന പ്രചാരം ഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ചിടത്തോളം ശുഭകരമാണ്.

എഴുത്തിന്റെയും പ്രസാധനത്തിന്റെയും മേഖലയിലെ മറ്റൊരു ശ്രദ്ധേയ ചുവടുവയ്പാണ് ബ്ലോഗുകൾ. ആദ്യഘട്ടത്തിൽ ഇംഗ്ലീഷ്ഭാഷയിലുള്ള ബ്ലോഗുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് പ്രദേശിക ഭാഷകളിലൊക്കെയും ബ്ലോഗുകൾ സജീവമാണ്. ആശയ പ്രകാശനത്തിനുള്ള പൂർണസ്വാതന്ത്ര്യമാണ് ബ്ലോഗുകളിലേക്ക് എഴുത്തുകാരെയും വായനക്കാരെയും ആകർഷിക്കുന്നത്. കഥയും കവിതയും ലേഖനവുമൊക്കെ മറ്റാരുടെയും മുൻകൂർ അനുമതി കൂടാതെ നമുക്ക് സ്വയം പ്രസിദ്ധീകരിക്കാൻ സാധിക്കുന്നു. എഡിറ്ററുടെ കത്രിക നമുക്കായി കാത്തിരിക്കുന്നില്ല. എഴുത്തുകാരനും പ്രസാധകനും എഡിറ്ററുമെല്ലാം ഒരാൾ തന്നെ. സാഹിത്യം, രാഷ്ട്രീയം, സാമൂഹികവിമർശം, പാചകവിധികൾ, യാത്രാവിവരണങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയമേഖലകളിൽ മലയാളം ബ്ലോഗുകൾ സജീവമാണ്. വിശാലമനസ്കൻ, കൊടകരപുരാണം, ദിൽബാസുരൻ, കൈതമുള്ള്, കൈപ്പള്ളി, വല്യമ്മായി, കുടുംബംകലക്കി, സങ്കുചിതമനസ്കൻ, ലാപുട തുടങ്ങി നൂറുകണക്കിന് ബ്ലോഗർമാർ മലയാളം ബ്ലോഗുകളുമായി ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെടുന്നു. ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ സൗകര്യം ഉപയോഗിച്ചുള്ള ബ്ലോഗിങ്ങും (മൊബ്ലോഗ്)ഇന്ന് സജീവമാണ്. പുസ്തകമെഴുതുവാൻപോലും മൊബൈൽഫോൺ ഉപയോഗിക്കാ

മെന്നായതോടെ പേനയും പേപ്പറുമുപയോഗിച്ചുള്ള എഴുത്ത് പഴങ്കഥയായി മാറുകയാണ്.

പുസ്തകങ്ങളുടെ ഉള്ളടക്കത്തെ ഇലക്ട്രോണിക് കോപ്പിയായി സൂക്ഷിച്ചുവെച്ച് കമ്പ്യൂട്ടർ, മൊബൈൽഫോൺ പോലുള്ള ഉപകരണങ്ങളിലൂടെ വായിക്കുന്ന ഇ-വായനയുടെ ഹാർഡ്‌വെയർ ഭാഗമാണ് ഇ-ബുക്ക് റീഡറുകൾ. ആയിരക്കണക്കിന് പുസ്തകങ്ങളെ ഒരു ഇ-ബുക്ക് റീഡറിൽ ഉൾക്കൊള്ളിക്കാനാവും. നവസാങ്കേതികതയുടെ കാലം പരമ്പരാഗത ലൈബ്രറി സങ്കല്പത്തെയും തകിടം മറിച്ചിരിക്കുകയാണ്. പുസ്തകങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ലൈബ്രറികളിലേക്ക് നാം ചുവടുമാറിക്കൊണ്ടിരിക്കുന്നു. വായനയും അതിനൊപ്പം പുതുവഴിയിലേക്ക് നീങ്ങുന്നു. ഭൂമിശാസ്ത്ര പരിധികൾ അപ്രസക്തമാക്കിക്കൊണ്ട്, ഇന്റർനെറ്റ് ബന്ധമുള്ള ഡിജിറ്റൽ ലൈബ്രറി മെമ്പർമാർക്ക് ലോകത്തെവിടെയിരുന്നും വിവരശേഖരണം ഇത്തരമൊരു ലൈബ്രറി സംവിധാനത്തിലൂടെ കരഗതമാവുകയാണ്. പരമ്പരാഗതമായ പുസ്തകവായനശീലത്തെയാണ് സൈബർസ്പേസ് തകർത്തത്. ആദ്യത്തിൽ തുടങ്ങി ക്രമികമായി വികസിച്ച് അന്ത്യത്തിലെത്തുന്ന ലീനിയർ വായനയായിരുന്നു ഇത്രയും നാൾ നാം പിന്തുടർന്നത്. എന്നാൽ ഹൈപ്പർ ലിങ്ക് ചെയ്ത ടെക്സ്റ്റിൽ ക്ലിക്ക് ചെയ്ത് വായനക്കിടയിൽത്തന്നെ അതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളിലേക്കെത്താൻ സൈബർ വായനയിൽ സാധിക്കുന്നു. സാധാരണവായന പുസ്തകത്തിനുള്ളിൽ ഒതുങ്ങിനിൽക്കുമ്പോൾ ഇ-വായന വായനക്കാരന്റെ താല്പര്യാനുസരണം തെന്നി നീങ്ങിക്കൊണ്ടിരിക്കുന്നു. വായനയുടെ തുടക്കത്തിലെ പ്രമേയത്തിൽ നിന്നു തികച്ചും വ്യത്യസ്തമായ ഒരു വിഷയത്തിലേക്ക് ഇ-വായന എത്തിപ്പെട്ടേക്കാം. ശ്രവ്യാനുഭവത്തിലേക്കു വായനക്കാരനെ എത്തിക്കാനും ഇ-വായനയ്ക്ക് സാധിക്കുന്നു.

**മൂന്ന്**

ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലും ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ മുന്നേറ്റങ്ങളും ആഗോളവത്കരണകാലം മലയാളിയുടെ ജീവിതവീക്ഷണത്തിൽ കൊണ്ടുവന്ന മാറ്റങ്ങളും, അച്ചടിച്ച-പുസ്തക കേന്ദ്രീകൃതമായ വിനിമയലോകത്തെ വികേന്ദ്രീകരിക്കുന്നതിലേക്കും പരമ്പരാഗത രീതിയിലുള്ള പുസ്തകവായനയുടെ വിഷയമേഖലയെ വിപുലീകരിക്കുന്നതിലേക്കും എത്തുകയായിരുന്നു. സാഹിത്യസംബന്ധിയായും വൈജ്ഞാനികമായും ഉള്ള എഴുത്തും വായനയും പരമ്പരാഗതരീതികളെ കൈയൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. സാഹിത്യം എന്നതുകൊണ്ട് നാളിതുവരെ അർഥമാക്കിയതെന്തോ അതേ അർഥത്തിൽ അവയ്ക്ക് നിലനില്പ് നഷ്ടമായിക്കൊണ്ടിരിക്കുന്നു. പുസ്തകങ്ങളെ അറിവുകളുടെ അതുല്യമായ ഇരിപ്പിടങ്ങളായി കാണുന്നവർ കുറഞ്ഞു വരികയാണ്.

കാവ്യഗ്രന്ഥപാരായണം കാസറ്റ് കവിതകൾക്ക് വഴിമാറിക്കൊടുത്തപ്പോൾ പോലും ഉത്കണ്ഠാകുലരായ മലയാളിസമൂഹം ഇന്ന് അത്രപോലും ആശങ്കകളില്ലാതെ എഴുത്തിന്റെയും വായനയുടെയും സൈബർ പരിസരത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.സിനിമ, ടെലിവിഷൻ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ വായനയുടെയും എഴുത്തിന്റെയും ലോകത്തെ ദൃശ്യങ്ങളിലേക്ക് പരിണമിപ്പിക്കുകയായിരുന്നെങ്കിൽ ഇന്റർനെറ്റ് പോലുള്ള നവമാധ്യമങ്ങൾ കേരളീയസമൂഹത്തെ എഴുത്തിന്റെയും വായനയുടെയും പുതുവഴികളിലേക്ക് കൊണ്ടുപോവുകയാണ്. “സാങ്കേതികമായി അത് ലോകത്തെ ഒരൊറ്റ വലയ്ക്കുള്ളിലാക്കുന്നു. മാധ്യമപരമായി അത് വിവര, വിനോദ, വിനിമയ, വിപണന സാധ്യതകൾ ഒന്നിനൊന്നു ഫലപ്രദമായി നിറവേറ്റുന്നു സാംസ്കാരികമായി അത് നാളിതുവരെയുള്ള മുഴുവൻ അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളും സൃഷ്ടിച്ചതിനേക്കാൾ വലിയ പ്രഭാവവും സ്വാധീനവും മനുഷ്യജീവിതത്തിൽ സൃഷ്ടിക്കുകയും സ്ഥലകാലബദ്ധമായ  മനുഷ്യന്റെ ഭാവുകത്വയുക്തിയെത്തന്നെ തകിടം മറിക്കുകയും ചെയ്യുന്നു”(ഷാജി ജേക്കബ്: 2007:378).

രാഷ്ട്രത്തെക്കുറിച്ചുള്ള ബോധത്തിന് വസ്തുനിഷ്ഠമായ അറിവുകൾ നൽകിയ അച്ചടിമാധ്യമങ്ങൾ ഇന്ന് ഇലക്ട്രോണിക് മീഡിയയുടെ വരവോടെ ആഗോളമായ ഒരു രാഷ്ട്രീയ പ്രക്രിയയിലേക്ക് വഴിമാറുകയും വായന വഴി രൂപപ്പെട്ട പൊതുമണ്ഡലം സമൂഹത്തിൽ അല്പാല്പമായി ഇല്ലാതാവുകയോ ആഗോളീകരണയുക്തികൾക്കനുസൃതമായി മാറുകയോ ചെയ്തിരിക്കുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിരിക്കുന്നു (രാജേഷ് എം.ആർ. 2009: 6). സാമ്പ്രദായികരീതിയിലുള്ള ലൈബ്രറികളും പുസ്തകവായനയും സാഹിത്യചർച്ചയും ആശയവിനിമയത്തിന്റേയും സംവാദങ്ങളുടേതുമായ ഒരു പൊതുമണ്ഡലത്തെ സൃഷ്ടിക്കുകയും അത്തരമൊരു സാമൂഹികമായ ഇടം മറയേതുമില്ലാതെ വ്യക്തികളുടെ ഇടപെടലുകൾക്ക് സാധ്യതയൊരുക്കുകയും ചെയ്തിരുന്നു. എന്നാൽ സൈബർസ്പേസ് പകരംവയ്ക്കുന്ന  വിനിമയ മണ്ഡലം പലപ്പോഴും വ്യക്തിത്വങ്ങളെ അദൃശ്യമാക്കുകയോ പ്രച്ഛന്നവേഷമണിയിക്കുകയോ ചെയ്യുന്നു. കൂടുതൽ വിശാലമായ വിനിമയ മണ്ഡലം തീർക്കുമ്പോഴും അപരിചിത വ്യക്തിത്വങ്ങളുടെ വിനിമയലോകമെന്നു സൈബർസ്പേസിനെ വിശേഷിപ്പിക്കേണ്ടിവരുന്നത് ഇതിനാലാണ്. അച്ചടിമാധ്യമങ്ങളുടെയും പുസ്തകവായനയുടെയും സംസ്കാരം സൃഷ്ടിച്ച പൊതുമണ്ഡലത്തിന്റെ സുതാര്യതയാണ് സൈബർസ്പേസിൽ കുറഞ്ഞുപോവുകയോ ചിലപ്പോഴെല്ലാം അപ്രസക്തമാവുകയോ ചെയ്യുന്നത്. എഴുതുന്നവന്റെ മേൽവിലാസവും വർഗനിലപാടും ആർക്കുമൊരു പ്രശ്നമല്ല. ഉമ്പാച്ചി, ലാപുട തുടങ്ങിയ പേരുകളിലെഴുതുന്ന ബ്ലോഗ് കവികൾ ലിംഗപരവും ദേശപരവുമായ അസ്തിത്വങ്ങളെപ്പോലും തകർക്കുകയാണ്. എല്ലാത്തരത്തിലുള്ള ഉപഭോഗ താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ ഉപഭോഗപരതയുടെ വിപ

ത്തുകൾ പ്രതിപാദിക്കുന്ന കഥയും കവിതയും എഴുതാൻ ഇത്തരം സ്വകാര്യയിടങ്ങളിൽ നമുക്ക് സാധ്യമാവുന്നത്, മറച്ചുവയ്ക്കാൻ കഴിയുന്ന മേൽവിലാസത്തിന്റെ പിൻബലമാണ്. ആധുനികതയുടെ സന്തതിയായ അച്ചടി, ദേശീയതയിലധിഷ്ഠിതമായ രാഷ്ട്രസങ്കല്പത്തെ സൃഷ്ടിച്ചുവെങ്കിൽ ആധുനികാനന്തരതയുടെ വലക്കണ്ണികളിൽ അത്തരം സങ്കല്പങ്ങൾ ശിഥിലീകരിക്കപ്പെടുകയോ അപ്രസക്തമാവുകയോ ചെയ്യുകയാണ്. മലയാളത്തിലെഴുതുന്നതെല്ലാം കേരളീയമോ ഭാരതീയമോ പോലും അല്ലാതാവുന്ന സവിശേഷാവസ്ഥയാണ് സൈബർ സ്പേസ് സൃഷ്ടിക്കുന്നത്. ആഗോളവത്കരണകാലം തീർക്കുന്ന ഇത്തരം അവസ്ഥകളിലൂടെ രൂപംകൊണ്ട മലയാളരചനകളാണ് സൈബർസ്പേസിൽ പുതിയ കാല വായനയ്ക്കായി പലപ്പോഴും നമ്മെ കാത്തിരിക്കുന്നത്.

വർത്തമാനകാല പരിത:സ്ഥിതിയിൽ വ്യക്തിയുടെ ബോധതലം സൈബർശൃംഖലയുമായി കണ്ണിചേർക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വാർത്താവിനോദമാധ്യമങ്ങളുടെ പരമ്പരാഗത സാധ്യതകളെ മറികടക്കുന്ന കമ്പ്യൂട്ടർ അനുബന്ധ സാങ്കേതികതയുടെയും സംസ്കാരത്തിന്റെയും ലോകമാണ് നവമാധ്യമങ്ങൾ സൃഷ്ടിക്കുന്നത്. ഭൗതികലോകത്തിലെ അയൽക്കാരെ അറിയില്ലെങ്കിലും ലോകത്തിന്റെ പലയിടങ്ങളിലുമുള്ളവർ പുതിയ അയൽക്കാരായിത്തീരുന്നു. ഇത്തരത്തിൽ നിർണയിക്കപ്പെടുന്ന സൗഹൃദവും ലോകബോധവും യാഥാർഥ്യമോ മിഥ്യയോ എന്നുപോലും നിർണയിക്കാനാവാത്ത അവസ്ഥ സംജാതമാകുന്നു."ജീവിതത്തെ നിർണയിക്കുന്ന മാധ്യമവും സാഹിത്യരചനകൾ പ്രത്യക്ഷപ്പെടുന്ന മാധ്യമവും ഒന്നായിത്തീരുന്ന സവിശേഷാവസ്ഥയിൽ രചനാസങ്കേതങ്ങളും പ്രസിദ്ധീകരണരീതിയും വായനയും പുന:ക്രമീകരിക്കപ്പെടുകയാണ്.നമ്മുടെ ജീവിതവ്യവസ്ഥയുടെ ആത്യന്തികഭാവത്തെ മാറ്റിമറിക്കുന്ന തരത്തിലാണ് ദൃശ്യമാധ്യമങ്ങളും ഇന്റർനെറ്റും വിവരസാങ്കേതികവിദ്യയും വളർന്നുപന്തലിച്ചത്. കാഴ്ചയുടെ സാധ്യതകളാണ് ഈ ഉപകരണങ്ങളെല്ലാം ഏറ്റവുംകൂടുതൽ ഉപയോഗിക്കുന്നത്. എഴുത്തിലൂടെയും വായനയിലൂടെയും മനുഷ്യർക്കിടയിൽ ആയിരക്കണക്കിന് വർഷങ്ങളായി നിലനിന്നിരുന്ന സാഹിത്യം എന്ന ഉപകരണത്തിന്റെ അടിസ്ഥാനഭാവങ്ങളെ വേഗത്തിന്റെയും ലാളിത്യത്തിന്റെയും കരുത്തുകൊണ്ട് പിന്തള്ളാൻ കാഴ്ചയുടെ അടിസ്ഥാനത്തിൽ വളർന്ന പുതിയ ഉപകരണത്തിന് കഴിയുന്ന സാഹചര്യങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്" (ജീവൻ ജോബ് തോമസ് 2009:17).

## നാല്

പുതിയകാലം എഴുത്തിന്റെയും വായനയുടെയും മേഖലയിൽ വരുത്തിയിട്ടുള്ള പരിണാമങ്ങളെ ആശങ്കയോടെ വീക്ഷിക്കുന്നവർ ഏറെയാണ്. പുസ്തകകേന്ദ്രിത വായന കഥയെയും കവിതയെയും മറ്റ് സാഹിത്യാവിഷ്കാരങ്ങളെയും കൈയൊഴിയു

കയും, അനുഭവക്കുറിപ്പുകളും പാചകക്കുറിപ്പുകളും ആരോഗ്യവിചാരങ്ങളും അച്ചടി രൂപത്തിലുള്ള എഴുത്തിന്റെയും വായനയുടെയും സ്വഭാവം നിർണയിക്കുകയും ചെയ്യു ന്നതിനോട് വിയോജിക്കുന്നവരാണ് ഇവർക്കിടയിലെ പ്രബലവിഭാഗം. എഴുത്തും വായനയും ഇലക്ട്രോണിക് പ്രതലത്തിലേക്ക് മാറുന്നതിൽ ആശങ്കപ്പെടുന്നവരാണ് മറ്റൊരുവിഭാഗമാളുകൾ. ആഗോളവത്കരണത്തിന്റെ കാലത്ത് എഴുത്തിനും വായനക്കും വന്ന പരിണാമത്തിലൂടെ ഭാഷയ്ക്കും ലിപിവ്യവസ്ഥയ്ക്കുമൊക്കെ വന്നു ചേർന്നിട്ടുള്ള അപചയത്തെപ്പറ്റി ആകുലപ്പെടുന്നവരാണ് വേറൊരുകൂട്ടർ. എന്നാൽ എതിർപ്പുകളെയും ആശങ്കകളെയും പൂർണമായും അവഗണിച്ചുകൊണ്ട് പുതിയ എഴുത്തും വായനയും മുന്നേറിക്കൊണ്ടിരിക്കുന്നു.

എഴുത്തിനും വായനക്കും വന്നുചേർന്ന നവീനതകൾ കാലത്തിന്റെയും സമൂ ഹത്തിന്റെ വിചാരശീലങ്ങൾക്കുണ്ടായ മാറ്റത്തിന്റെയും പരിണതിയായി കാണുമ്പോ ഴും, സാങ്കേതികതയോട് ബന്ധപ്പെടുമ്പോൾ ഭാഷയ്ക്കും ലിപിവ്യവസ്ഥയ്ക്കും വന്നു ചേർന്നുകൊണ്ടിരിക്കുന്ന പരിണാമത്തെ ലാഘവത്തോടെ കാണുന്നത് ശരിയായ സമീ പനമായിരിക്കില്ല. ഇംഗ്ലീഷ് പദങ്ങൾ മലയാളത്തോട് കൂട്ടിക്കലർത്തുന്ന സമീപനവും ഗുണകരമായ ഇടപെടലുകളുമാണ് പുതിയ എഴുത്തിന്റെയും വായനയുടെയും കാലം ആവശ്യപ്പെടുന്നത്.

## ഗ്രന്ഥസൂചി

1. അപ്പൻ, കെ.പി. 1992: *മലയാളഭാവന മൂല്യങ്ങളും സംഘർഷങ്ങളും.* കോട്ടയം, ഡി.സി.ബുക്സ്.
2. ആദർശ്, വി.കെ. 2010: *ഇനിവായന ഇ-വായന.* കോട്ടയം, ഡി.സി.ബുക്സ്.
3. ജീവൻ ജോബ് തോമസ് 2009:ദൃശ്യങ്ങൾ വാക്കിനെ പകരംവെക്കുമ്പോൾ *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* പുസ്തകം 86, ലക്കം-48
5 രാജേഷ്, എം.ആർ. 2009: വാക്ക്, ദൃശ്യം, വായന. *വിജ്ഞാന കൈരളി,* ഒക്ടോബർ 2009, വാല്യം - 40 ലക്കം-10
6. ഷാജി, ജേക്കബ്. 2007:മാധ്യമങ്ങളുടെ സാംസ്കാരികരാഷ്ട്രീയം. *സംസ്കാരപഠനം-ചരിത്രം സിദ്ധാന്തം പ്രയോഗം.* കാലടി, മലയാളപഠനസംഘം.

# 8. ഹിംസോത്പാദനത്തിന്റെ നവമാധ്യമ വ്യാഖ്യാനങ്ങൾ

ഡോ. എം.ബി. മനോജ്

നവമാധ്യമങ്ങൾ അറിവിനും വിവരസാങ്കേതിക പഠനങ്ങൾക്കും ഒരു വലിയ അളവ് സ്ഥലം നൽകുകയും അതിനായി ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. വിനോദത്തിനും അതു സ്ഥാനം നൽകുന്നുണ്ട്. മനുഷ്യരെ സംബന്ധിച്ച് വിനോദം (Entertainment) പ്രധാനപ്പെട്ട സംഗതിയാണ്, വിനോദപ്രവർത്തനങ്ങൾക്ക് ഗവൺമെന്റുകൾ നികുതിയിളവുകളും നൽകിവരുന്നുണ്ട്. നവമാധ്യമങ്ങളുടെ പ്രവേശനത്തോടുകൂടി വിവിധ പ്രായവിഭാഗത്തിലും ലിംഗവിഭാഗങ്ങളിലുംപെട്ടവർക്കായി പ്രത്യേകം പരിപാടികൾ നടപ്പിലാക്കുന്നതിനും കഴിയുന്നുണ്ട്. കുടുംബത്തെ ആകമാനം ഒറ്റ യൂണിറ്റായി കണ്ടിരുന്ന പരിപാടി (programme) കൾക്കു പകരം, അഭിരുചികളെ തരംതിരിക്കുകയും മാതാപിതാക്കൾ, കുട്ടികൾ, യുവാക്കൾ, യുവതികൾ, സ്ത്രീ, പുരുഷൻ, പലതരം ജനതതികൾ എന്നിവർക്കൊക്കെയും ഇണങ്ങുംവണ്ണം പരിപാടികൾ തയ്യാറാക്കാനും അതു കമ്പോളത്തിലെത്തിക്കുന്നതിനും കമ്പനികൾക്കു കഴിഞ്ഞു.

വിനോദവും വിജ്ഞാനവും മനുഷ്യജീവിതത്തിന്റെ ഭാഗമായിരുന്നു. പാട്ടുകൾ, കഥകൾ, ആഘോഷനൃത്തങ്ങൾ, കലാരൂപങ്ങൾ ഒക്കെയും ലോകസമൂഹം ഓരോ കാലത്തും നടത്തിവരികയും തുടർന്നുവരികയും ചെയ്തിരുന്നു. ഓരോ സമൂഹത്തിലും ചെറുതും വലുതുമായ കൂട്ടായ്മകളിൽ അത് അതാതിന്റെ പ്രാധാന്യം കണ്ടെത്തിയിരുന്നു. ഓരോന്നും ഓരോ ചെറുസമൂഹത്തിന്റേതോ, വിപുലസമൂഹത്തിന്റേതോ ആകുമ്പോൾ തന്നെ അത് അതാതിന്റേതായ ചെറു/വിപുല അധികാരബന്ധത്തിന്റെകൂടി ഭാഗമായിരുന്നു. കാർഷിക വിനോദങ്ങൾ, വ്യക്തിനിർമിത വിനോദങ്ങൾ, സമൂഹനിർമിത വിനോദങ്ങൾ തുടങ്ങിയവ പല ഘട്ടത്തിലും സ്വതന്ത്രവും സ്വാഭാവികവുമായിരുന്നു. എന്നാൽ, ഇത് ചെറുതും ചിതറിയതുമായിരുന്നു. അതേസമയം, വിനോദങ്ങളെ വിപുലപ്പെടുത്തുന്നതും അത് ആഘോഷമാക്കി മാറ്റുന്നതും പല ഘട്ടങ്ങളിലും ചെറു/വിപുല അധികാരബന്ധത്തിന്റെകൂടി ആവശ്യങ്ങളോ സന്ദർഭങ്ങളോ പാകപ്പെടുത്തലോകൂടി ഉൾപ്പെട്ടതായിരുന്നു.

വെട്ടിപ്പിടിത്തവും വെട്ടിയെടുക്കലും ഒരു വശത്തു തുടരുമ്പോൾ തന്നെ സമാധാനത്തിന്റെയും പിൻതിരിക്കലിന്റെയും അവബോധവും നടന്നിരുന്നു. മെച്ചപ്പെട്ടതും നീതിയുക്തവുമായ സാമൂഹ്യാന്തരീക്ഷത്തിനായുള്ള ശ്രമങ്ങളെ പലപ്പോഴും വായിച്ചെടുക്കാൻ കഴിയുക കല, ആഘോഷം, വിനോദപരിപാടികൾ തുടങ്ങിയവയിലൂടെയാണ്. സാരോപദേശകഥകൾ, (precept stories) എന്ന ഒരു വിഭാഗം തന്നെ ലോകത്തുടനീളം രൂപംകൊള്ളുകയുണ്ടായി. മേപ്പിൾ കഥകൾ (Maple Stories), ആഫ്രിക്കൻ അമേരിക്കൻ ക്രിസ്റ്റ്യൻ കഥകൾ, ദ ബ്ലോബ് (The blob), ദ ഫ്രോഗ്, ദ ഡോഗ് ആന്റ് ദ ഗേൾ തുടങ്ങിയ പേരിലൊക്കെ പരന്നിട്ടുള്ള ആഫ്രിക്കൻ നാടോടിക്കഥകൾ, സെൻ ബുദ്ധിസം കഥകൾ, ഇന്ത്യയിലെത്തന്നെ സാരോപദേശകഥകൾ, സദുപദേശ കഥകൾ എന്നിവ ഇവയിൽപ്പെടുന്നു. മനുഷ്യരെ പരസ്പരം ഇണക്കുന്നതിനും പുതു കാര്യങ്ങൾക്ക് ഊർജം പകരുന്നതിനും സഹായകമാംവിധം ഉത്സവങ്ങളും ആഘോഷങ്ങളും അവയുടെ വിവിധ രൂപങ്ങളായ വിനോദങ്ങളും ശ്രമിച്ചിട്ടുണ്ട്.

കലാ-കായിക വിനോദങ്ങൾ ഈയർഥത്തിലാണ് സമൂഹത്തിന്റെ ഭാഗമായിത്തീർന്നത്. പരസ്പരം യുദ്ധത്തിനും പിടിച്ചടക്കലുകൾക്കും കായികശേഷിയെ ഉപയോഗിച്ചുവന്നിരുന്നു. മനുഷ്യൻ സാംസ്കാരിക ബോധത്തിലേക്കു വളർന്നപ്പോൾ ഈ കായികശക്തിയെ കായികക്ഷമത എന്നതിലേക്ക് പരിവർത്തിപ്പിക്കുന്നതിനു ശ്രമങ്ങളുണ്ടായി. പരസ്പരാക്രമണങ്ങൾക്കു പകരം വ്യക്തിയുടെ കായികക്ഷമതയ്ക്കുവേണ്ടിയും കായികമത്സരങ്ങൾ നടത്തിവന്നിരുന്നു. അതിന്റെ ആന്തരികസത്തയെ ഹിംസാവാസന എന്നതിനു പകരം കായികക്ഷമത എന്നതിലേക്ക് പരിവർത്തിപ്പിക്കാൻ ഈ ഘട്ടത്തിൽ മനുഷ്യനു കഴിഞ്ഞിരുന്നു. കായികക്ഷമതയും ഹിംസാവാസനയും തമ്മിലുള്ള അകലം വളരെ നേരിയതായിരുന്നു. അതുപോലെതന്നെ വളരെ അകലം പാലിക്കുന്നതുമായിരുന്നു.

ലോകസമൂഹത്തിന്റെ സാംസ്കാരികാന്തരീക്ഷങ്ങളെ അടിസ്ഥാനപ്പെടുത്തി അവയെ വ്യക്തമാക്കാവുന്നതാണ്. ലോകത്തിലെ പല സമൂഹങ്ങളും ആയോധന മത്സരങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. ഫ്യൂഡലിസ്റ്റ്-മധ്യകാല സമൂഹങ്ങളിൽ കായികക്ഷമത ഹിംസാത്മകം കൂടിയായിരുന്നു. വർണ-വംശ-ബോധം പേറുന്ന സമൂഹങ്ങളും ആയുധമത്സരങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് സമൂഹരൂപീകരണത്തിനൊരുങ്ങിയിരുന്നത്. റോം, ഇന്ത്യൻ കളരിസായുധ സംഘങ്ങൾ, ഈജിപ്ത്, ചൈന തുടങ്ങിയിടങ്ങളിലെല്ലാം ആയുധ-കായിക-ആയോധന കേന്ദ്രങ്ങളുണ്ടായിരുന്നു. യുദ്ധസന്നദ്ധതയിലാണ് മനുഷ്യന്റെ പൂർണത എന്ന് സ്പാർട്ട കരുതിയിരുന്നു.

അതേ ഘട്ടങ്ങളിലും അതിനു മുമ്പും തന്നെ ഹിംസാനുഭവങ്ങളെ ഒഴിവാക്കുവാനുള്ള അംശങ്ങളും രൂപംകൊള്ളുകയുണ്ടായി. മനുഷ്യന്റെ ശ്രേഷ്ഠതയെ പ്രാധാന്യപ്പെടുത്തുക, മനുഷ്യ-ജീവി ബന്ധങ്ങൾക്ക്

പ്രാധാന്യം കൊടുക്കുക തുടങ്ങിയ നിരവധി ജീവാംശങ്ങൾ ഇക്കാലത്തു തന്നെ രൂപംകൊള്ളുന്നതായി കാണാം. മുമ്പു ചൂണ്ടികാണിച്ചതുപോലെ സാരോപദേശം, അന്യാപദേശം, പഴഞ്ചൊല്ല്, നാടോടി വിനോദോപാധികൾ ഇവയിലെല്ലാം മനുഷ്യകേന്ദ്രിതമായതും ഉപദേശരൂപത്തിലുള്ളതുമായ നിരവധി ആശയങ്ങൾ വിതരണം ചെയ്യപ്പെട്ടിരുന്നു. കായികമായി മേന്മയിലെത്തിയവർ പുലർത്തുന്ന മനുഷ്യത്വം, സഹാനുഭൂതി, കായികവീര്യത്വത്തിനപ്പുറത്ത് വിവേകത്തിനുള്ള സ്ഥാനം തുടങ്ങിയവ ഇവിടെ ചർച്ചചെയ്യപ്പെട്ടു. മല്ലനും മാതേവനും, സിംഹവും കുറുക്കനും, ആമയും മുയലും തുടങ്ങിയ എത്രയോ നാട്ടുകഥാരൂപങ്ങൾ ശക്തിക്കു രണ്ടാംസ്ഥാനം നൽകുന്നതിൽ വിജയിക്കുകയും ചെയ്തിരുന്നു. ലോകത്തിലെ ബുദ്ധമത പാരമ്പര്യമാകട്ടെ, കായിക ഹിംസയെയും സായുധഹിംസയെയും കയ്യടക്കത്തോടെ ആയോധന കലാരൂപം എന്ന നിലയിൽ വികസിപ്പിച്ചെടുക്കുകയും ചെയ്തു. ആയുധത്തെ വെടിഞ്ഞ് ആയുധമില്ലാത്ത യുദ്ധത്തിലാണ് മനുഷ്യന്റെ യഥാർഥ പൂർണത എന്ന് അവർ വ്യക്തമാക്കിക്കൊടുക്കുകയും കായികക്ഷമത, ശരീരാരോഗ്യം, ചികിത്സ എന്നിങ്ങനെ നിരവധി നിരീക്ഷണങ്ങൾക്കു തുടക്കമിടുകയും ചെയ്തു. അപക്വമായ മനുഷ്യസമൂഹങ്ങളെ നവീകരിക്കുക, അധികാരാധീശത്വത്തിന്റെ അപക്വസമീപനങ്ങളെ വിമർശിക്കുക, പ്രോത്സാഹനപരമായിരുന്ന ഹിംസാത്മകതയെ നിഷേധിക്കുക എന്നീ ശ്രമങ്ങളുടെ തുടർച്ചയും ലോകത്തുടനീളം വളർച്ച നേടുന്നത് കാണാൻ കഴിഞ്ഞിരുന്നു.

## റെസിലിംഗ് (Wrestling) എന്ന കായികഹിംസ

അമേരിക്ക ഒരു കോളനിസമൂഹമായി വികസിക്കുന്നതോടുകൂടിയാണ് ഇംഗ്ലീഷ് കുടിയേറ്റ അമേരിക്കൻ പ്രദേശങ്ങളിൽ റെസിലിംഗിനു തുടക്കമിടുന്നത്; പ്രത്യേകിച്ചും കോളനിപ്രദേശങ്ങളിൽ. അതികഠിന തൊഴിലുകൾക്കു വിധിക്കപ്പെട്ടവർക്കു നൽകിവന്നിരുന്ന വിശ്രമവേളകളിലാണ് റെസിലിംഗ് (Wrestling) യൂറോപ്യൻ കോളനിപ്രദേശത്ത് വേരുറപ്പിക്കുന്നത്. സർക്കസിനും കാർണിവലിനും ഒപ്പം റെസിലിംഗ് സ്ഥാനം നേടി. കോളനിസമൂഹങ്ങളായി മാറിയ ഇതര ദേശങ്ങളിലും റെസിലിംഗുകൾ നടത്തിവന്നിരുന്നു. ഇന്ത്യയിൽ ഗുസ്തി, കാട്ടാഗുസ്തി എന്ന പേരിൽ അരങ്ങേറിയ ഈ കായികരൂപം, സ്വാതന്ത്ര്യാനന്തരം പ്രത്യേകിച്ച് ജനാധിപത്യത്തിന്റെ അവബോധത്തോടെ അവസാനിക്കുകയും പകരം, കായിക സ്കൂളുകൾ കരാട്ടെ, ബോക്സിംഗ്, ജൂഡോ, കളരി തുടങ്ങിയ ആയോധന കലാരൂപങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കോളനിപ്രദേശങ്ങൾ റെസിലിംഗ് അവസാനിപ്പിച്ചപ്പോഴും കോളനിനടത്തിപ്പ് രാജ്യങ്ങൾ എന്തുകൊണ്ട് ഇത് അവസാനിപ്പിച്ചില്ല എന്നത് അന്വേഷണം ആവശ്യപ്പെടുന്നുണ്ട്.

ഹിസ്റ്ററി ഓഫ് റെസിലിംഗ് (History of Wrestling), ഹിസ്റ്ററി ഓഫ് റെസിലിംഗ് മാനിയ (History of Wrestling mania), റെസിലിംഗ് ഇൻ ദ ഒളിംപിക്സ് (Wrestling in the Olympics), ഹിസ്റ്ററി ഓഫ് റെസിലിംഗ് ഗെയിംസ്

(History of wrestling games), ഹിസ്റ്ററി ഓഫ് റെസിലിംഗ് ഇൻ ഇൻഡ്യ (History of wrestling in India),എന്നിങ്ങനെ നിരവധി പേരുകളിലും ടി.എൻ.എ റെസിലിംഗ്, ഡബ്ലിയു ഡബ്ലിയു ഡബ്ലിയു ഇ, റോ, സ്മാഷ്ഡൗൺ, വിന്റേജ് തുടങ്ങി നിരവധി പേരുകളിലായും ഈ ഹിംസാ പരിപാടി വെബ്സൈറ്റുകളിലും യു ട്യൂബുകളിലും മറ്റു വെർചൽ മാധ്യമ ങ്ങളിലും നിരവധി ഷോകൾ നടത്തിവരുന്നു. ടി.വി മാധ്യമങ്ങളിൽ ദിനം പ്രതി പ്രത്യേകം സമയങ്ങളിൽ അരങ്ങേറുന്ന പരിപാടികളുടെ തുടർച്ച വെബ്സൈറ്റുകളിലേക്ക് നീളുന്നു. സി.ഡികൾ, ടീഷർട്ടുകൾ, ബെൽറ്റുകൾ തുടങ്ങിയ അനുബന്ധ കച്ചവടച്ചന്തകൾ മുതൽ ടിക്കറ്റുവിതരണംവരെ ഇതി ലുണ്ട്. തൊണ്ണൂറ് മില്യൻ ആളുകൾ ഇന്നിതുകാണുന്നുവെന്നും നാല്പതോളം ഭാഷകളിൽ ലഭ്യമാണെന്നും ഇവർ അവകാശപ്പെടുന്നു.

റെസിലിംഗിനെ സംബന്ധിച്ച വിക്കിപീഡിയ (wikipedia)യുടെ അഭി പ്രായം ഈ ഹിംസാപരിപാടിയെ ന്യായീകരിക്കുന്ന വിധത്തിലുള്ളതാണ്. പ്രാചീനചരിത്രങ്ങളിലും മിത്തുകളിലും ക്ലാസിക്കൽ സാഹിത്യകൃതികളിലും റെസിലിംഗ് കാണാൻ കഴിയും എന്നിവർ അഭിപ്രായപ്പെടുന്നു. മംഗോളിയ, ഈജിപ്ത് പ്രദേശങ്ങളിലെ യുദ്ധങ്ങൾ (Friezes), മഹാഭാരതത്തിലെ ഭീമ ന്റെയും ജരാസന്ധന്റെയും യുദ്ധം, ചൈനയിലെ യെല്ലോ എമ്പറർ ഫൈറ്റിംഗ് (yellow emperor fighting), പ്രാചീന ഗ്രീസിലെ മാർഷ്യൽ ആർട്സുകൾ, ഒഡീസിയിലെ യുദ്ധവർണനകൾ, പ്ലേറ്റോ വിവരിച്ചിട്ടുള്ള മത്സരയുദ്ധങ്ങൾ (Isthmian Games), റോമിലെ യുദ്ധങ്ങളും കൊലപാതകങ്ങളും (Roman Wrestling, BC 510 - AD 500), ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമന്റെ കാലത്തെ യുദ്ധമത്സരങ്ങൾ (Henry VIII England) തുടങ്ങിയവയിലെല്ലാം റെസിലിംഗിനെ പ്രോത്സാഹിപ്പിച്ച ഘടകങ്ങൾ ഇവർ കണ്ടെത്തുന്നു.

മംഗോളിയയെ നോക്കുക. ചെങ്കിസ്ഖാന്റെ യുദ്ധത്തിന്റെയും പിടി ച്ചെടുക്കലുകളുടെയും ചരിത്രമാണ് അതിനുള്ളത്. മഹാഭാരതയുദ്ധവർണ നകളാകട്ടെ ചാതുർവർണ്യ വ്യവസ്ഥയുടെ കാലഘട്ടത്തിലേതാണ്. ചൈന യുടെ ചരിത്രം മറ്റൊന്നാണ്. ജൗ, ചിൻ, ഹാൻ, സൂയി, താങ്, സോങ്, മംഗോ ളിയൻ, കറുപ്പുയുദ്ധങ്ങൾ, തായ്പിങ് കലാപം, ബോക്സർ യുദ്ധം എന്നി ങ്ങനെ നീളുന്ന യുദ്ധങ്ങളുടെയും പരസ്പര കീഴടക്കലുകളുടെയും ചരിത്ര മാണ് പ്രാചീന ചൈനയുടേത്. യൂറോപ്പിലെ ഗോത്രമത്സരങ്ങൾ, റോമിലെ ഫ്യൂഡൽ അധികാരരൂപങ്ങൾ, ഇൻക്വിസിഷൻ പോലുള്ള പീഡനമുറകൾ, അടിമത്തം, ജന്മിത്തം, വംശവെറി, വർണവ്യവസ്ഥ ഇവയെല്ലാം നടമാടിയ കാലഘട്ടത്തിലെ മനുഷ്യശരീരങ്ങൾക്കുമേലുള്ള കടന്നാക്രമണങ്ങളെയാണ് പ്രാചീനകാല റെസിലിംഗുകളായി വിവരിക്കുന്നത്. കീഴടക്കുന്നവരെയും പിടി ച്ചെടുക്കുന്നവരെയും നിഗൂഢമായി വാഴ്ത്തുന്ന ഒരു ആന്തരിക താല്പര്യം റെസിലിംഗിന്റെ ചരിത്രം പറയുന്നവർക്ക് ഉണ്ടെന്നത് ഇവിടെ വ്യക്തമാവുന്നു. ഇതിലൂടെ സമകാലികമായ ഇത്തരം ഹിംസാകച്ചവടക്കമ്പനികളെയും അവ രുടെ പദ്ധതികളെയും ന്യായീകരിച്ചെടുക്കുകയാണ് ഇവർ ചെയ്യുന്നത്.

ജപ്പാനിലെ ജൂഡോ, കുംഗ്ഫു, കുമിച്ചുയി (Kumichui), തയിജുസ്തു (taijustu), യവര (yawara), വജുത്സ് (wajutsu) തുടങ്ങിയ ആയോധനകലകൾ, ചൈനയിലെ സെൻട്രൽ ഗിംഗ്ഷു അക്കാഡമി (Central Ginoshu Academy) തുടങ്ങിയവയിലേക്കും റെസിലിംഗ്, ബോക്സിംഗ്, വെസ്റ്റേൺ മാർഷ്യൽ ആർട്സ്, ഈസ്റ്റേൺ മെറ്റീരിയൽ ആർട്സ് തുടങ്ങിയവയിലും റെസിലിംഗിന്റെ ചരിത്രബന്ധം ഇവർ കണ്ടെത്തുന്നു. BC 704-ൽ ഈജിപ്തിലെ ഒളിംപിക്സിൽ റെസിലിംഗ് ഉൾപ്പെടുത്തിയിരുന്നു എന്ന് ഇവർ സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്.

കാലാവസ്ഥാപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ കൊണ്ടു മാത്രമായിരുന്നില്ല, യൂറോപ്യൻ സാമൂഹ്യജീവിതത്തിലേക്ക് ഇത്തരത്തിലുള്ള ഹിംസാത്മകമായ മത്സരങ്ങൾ കത്തിക്കയറിയിരുന്നത്. അധിനിവേശ മനോഗതിയും സ്വഭാവവും ആഴത്തിലുള്ള സമൂഹങ്ങൾ എന്ന നിലയിൽ അതിനാവശ്യമായ പ്രാപ്തിയിലേക്ക് ജനതയെ സജ്ജരാക്കുക എന്ന അധിനിവേശ(imperialism)ബോധവും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഉത്സവങ്ങൾ, ആഘോഷങ്ങൾ, ചന്തമേളകൾ തുടങ്ങിയ ആൾക്കൂട്ടക്കവലകളിൽ, കാർണിവലിലെ പ്രധാന ഇനമായി റെസിലിംഗ് സ്ഥാനംപിടിക്കുന്നത് അമേരിക്കയിലെ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽത്തന്നെയാണ്. ലങ്കാഷെയറിലെ (Lancashire) പല പ്രധാന കുടിയേറ്റപ്രദേശങ്ങളിലും റെസിലിംഗ് സർവസാധാരണമായി. ഫോക്ക് റെസിലിംഗ് (Folk wrestling), ക്യാച്ച് റെസിലിംഗ് (catch wrestling), സ്കോട്ട്, ഐറിഷ് റെസിലിംഗുകൾ, കോളർ ആന്റ് എൽബോ സ്റ്റൈൽ (collar and elbo style) തുടങ്ങി പലതരത്തിലുള്ള റെസിലിംഗുകളും ചന്തക്കവലമേളകളിൽ അക്കാലത്ത് നടന്നുവന്നിരുന്നു.

ജിംനേഷ്യത്തിന്റെയും അത്‌ലറ്റിക് ക്ലബുകളുടെയും വികാസം കായികക്ഷമതയുമായി ബന്ധിച്ച് പുരോഗതിനേടിയപ്പോൾ അതിനുള്ളിലേക്ക് നുഴഞ്ഞുകയറാൻ ഈ ഹിംസാത്മകപദ്ധതിക്കു കഴിഞ്ഞു. അമേരിക്കൻ സിവിൽ വാറിന്റെ (civil war) കാലത്താണ് അവിടെ റെസിലിംഗ് കത്തിപ്പടരുന്നത്. ഇത് എന്തുകൊണ്ട് എന്നത് പ്രത്യേക പരിഗണനയർഹിക്കുന്നു. 1860 കളിലെ സിവിൽവാറിലേക്ക് ഇത് എത്തിക്കുന്നു. അടിമകളാക്കപ്പെട്ട നീഗ്രോകളുടെ ഉയിർത്തെഴുന്നേൽപ്പിന്റെ കാലഘട്ടമായിരുന്നു ഇത്. അടിമകളായ കറുത്തവരെ മുന്നിൽ വച്ചു നടത്തിയ കായികവിനോദത്തിന്, വളരെപ്പെട്ടെന്ന് ഒളിപ്പിച്ചുവച്ച വംശീയതയുടെ പൊട്ടിത്തെറിയിലേക്കും കീഴാളശരീരങ്ങളെ ഇടിച്ചൊതുക്കാനുമുള്ള ലൈസൻസുകളായും തൊഴിലാളികളുടെ പണം പിടുങ്ങാനും ജന്മി-സമ്പന്നർക്ക് ഹിംസാസ്വാദനത്തിനുമായുള്ള ബഹുരൂപ സ്വഭാവത്തിലാണ് ഇക്കാലത്ത് റെസിലിംഗ് പടർന്നുപന്തലിച്ചത്.

കറുത്തവരെ ഇടിച്ചൊതുക്കാനുള്ള ത്വരയ്ക്കു മനോബലം നൽകലായിരുന്നു അമേരിക്കൻ ആഭ്യന്തരയുദ്ധകാല റെസിലിംഗുകളുടെ പ്രധാന താല്പര്യം. ആയുധങ്ങൾ കയ്യിലെടുക്കുന്നതിനും ആക്രമണോത്സുകത വളർത്തുന്നതിനും യുദ്ധപ്രേരണ ഉറപ്പാക്കുന്നതിനും മനോബലമൊരുക്കു

കയായിരുന്നു വംശവെറിയുടെ ഈ കാലഘട്ടത്തിലെ ജന്മി-ഭരണകൂടത്തിന്റെ ലക്ഷ്യം. രണ്ടുലക്ഷംപേർ കൊലചെയ്യപ്പെടുകയും, അപൂർണമായ ജനാധിപത്യാവകാശങ്ങൾ കറുത്തവർക്ക് ലഭ്യമാവുകയും ചെയ്തുവെങ്കിലും മാർട്ടിൻ ലൂതർ കിംഗ്, ഏബ്രഹാംലിങ്കൺ, ജോൺ എഫ്. കെന്നഡി, മാൽക്കം എക്സ് തുടങ്ങി ഒരുപിടി വ്യക്തിത്വങ്ങളുടെ കൊലപാതകമരണം വംശീയതയുടെ കടന്നാക്രമണത്തുടർച്ചയെ കാണിക്കുകയും ചെയ്തുവന്നു.

ഇതേ ഘട്ടത്തിൽത്തന്നെ യൂറോപ്യൻ കോളനിപ്രദേശങ്ങൾ വിട്ട്, കോളനി അധിപന്മാരായിത്തീരുകയും ഭരണരാഷ്ട്രങ്ങളുടെ ഉടമകളാവുകയും ചെയ്തു ഈ രാഷ്ട്രങ്ങൾ. കോളനിഭരണ സംരക്ഷണം, ആഭ്യന്തര യുദ്ധം തുടർന്നുവന്ന ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തുടങ്ങിയവ മൂലം അതിതീവ്രമായ ഒരു സായുധസേനയിലേക്കുള്ള ആവശ്യത്തിലേക്കാണ് ഒന്നാംലോകരാജ്യങ്ങൾ മാറിത്തീർന്നത്. അമേരിക്കയെ സംബന്ധിച്ചിടത്തോളം ഈ ഘട്ടത്തിൽ പട്ടാളബാരക്കുകളിലേക്ക് റെസിലിംഗിനെ മാറ്റി പ്രതിഷ്ഠിച്ചുകൊണ്ടാണ് പട്ടാളസമൂഹത്തിന്റെ ഹിംസാത്മകബോധത്തെ ത്രസിപ്പിച്ചുനിർത്തിയത്. പട്ടാളക്യാമ്പുകളിലെ റെസിലിംഗിനെത്തുടർന്ന് ആയുധങ്ങളുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കടന്നാക്രമണപദ്ധതിയാക്കി ഇതിനെ വികസിപ്പിച്ചെടുത്തു.

ആധുനികതയുടെ ജനാധിപത്യകാലത്തിലെ ചെറുചലനങ്ങൾ ലോകത്തിലെ പല പ്രദേശങ്ങളിൽനിന്നും ഇത്തരം ഹിംസാത്മക വിനോദങ്ങൾ പിൻമടക്കുകയുണ്ടായി. യുദ്ധവിരുദ്ധ പ്രസ്ഥാനങ്ങൾ, സമാധാനപ്രസ്ഥാനങ്ങൾ, തൊഴിലാളികളുടെയും കറുത്തവരുടെയും സ്ത്രീകളുടെയും പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെ ഇടപെടലുകൾ ഒരു പരിധിവരെ ഇത്തരം ഹിംസക്കൂട്ടായ്മയിൽനിന്നും അകന്നുനിൽക്കുന്നതിന് ചെറുശ്രമങ്ങൾ നടത്തുകയുണ്ടായി. അതേസമയം, മുതലാളിത്തത്തിന്റെ ഉപസന്തതികളായ ഇത്തരം വാതുവയ്പുകേന്ദ്രങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചുവന്നു. 1888-ൽ ന്യൂയോർക്ക് സിറ്റിയിൽ ഒന്നാമത്തെ റെസിലിംഗ് ടൂർണമെന്റ് നടന്നു. 1904-ൽ മോഡേൺ ഒളിംപിക്സിലേക്ക് ഇത് ഉൾപ്പെടുത്തി. 1987-ൽ സ്ത്രീകളുടെ സംഘവും റെസിലിംഗ് (women wrestling championship) ആരംഭിച്ചു.

## ആഗോളവത്കരണവും അബിഗുറൈബിലെ തടവുകാരും

ആഗോളവത്കരണത്തിന്റെ തുറന്നതും സങ്കീർണവുമായ കാലഘട്ടത്തിലാണ് ഹിംസാത്മകപദ്ധതികൾക്ക് പുതിയ മാർക്കറ്റുകളും ഇടങ്ങളും യഥേഷ്ടം തുറന്നുകിട്ടിയത്. അധികാരരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ യുദ്ധവാസനയെ നിലനിർത്തിക്കൊണ്ടും അതിലേക്കായി പ്രതിയോഗികളെ സൃഷ്ടിച്ചുകൊണ്ടും മാത്രമേ പ്രവർത്തിക്കാൻ കഴിയുമായിരുന്നുള്ളൂ. സിവിൽ വാറിന്റെ ഘട്ടത്തിൽ കറുത്തവരും ഒന്നും രണ്ടും ലോകയുദ്ധകാലത്തെ കോളനിഭരണപ്രദേശങ്ങളും തുടർന്ന് സോവിയറ്റ് യൂണി

യനും അഭ്യന്തരമായി ഛിന്നഭിന്നമാക്കിക്കൊണ്ട് ആഫ്രിക്കയെയും ജർമ്മനിയെയും തുടർന്ന് ഇറാക്കിനെയും അഫ്ഗാനിസ്ഥാനെയും പ്രതിയോഗികളാക്കിക്കൊണ്ട് നീളുന്ന ഇത്തരം യുദ്ധഭ്രാന്ത് പ്രത്യേകമായി പ്രതിപാദനം അർഹിക്കുന്നു.

ആഗോളവത്കരണത്തോടെ ഹിംസാത്മകതയിലേക്ക് ഇതര ദേശങ്ങളെക്കൂടി പ്രാപ്തരാക്കിയെടുക്കുക എന്നതാണ് മറ്റൊരു ലക്ഷ്യമായി മാറിയിട്ടുള്ളത്. ഒരു പ്രദേശത്തെ ആക്രമിക്കുമ്പോൾ മറ്റൊരു പ്രദേശം അതിനെ എതിർക്കാതിരിക്കുക, മാനുഷികത, മാനുഷികബോധം, മാനുഷികപരിഗണന തുടങ്ങിയവയെ ആധുനികമായ ഒന്നായും അതിനെ തള്ളിക്കളയാനും ഇവിടെ പ്രേരിപ്പിക്കുന്നു. ഹോളിവുഡ് സിനിമകളിലൂടെയും നഗ്നതാപ്രദർശനങ്ങളിലൂടെയും ആരംഭിച്ച ഈ അധിനിവേശം അതിന്റെ തുറന്നതും സമ്പൂർണവുമായ കടന്നുകയറ്റത്തിലേക്കാണ് എത്തിക്കൊണ്ടിരിക്കുന്നത്. ആധുനികതയുടെ മാനുഷിക അംശങ്ങളെയെല്ലാം ഇവിടെ നിഷേധിക്കുന്നത് കാണുവാൻ കഴിയും. ഒരു മനുഷ്യശരീരത്തെ ആക്രമിക്കുവാൻ മറ്റൊരു മനുഷ്യശരീരത്തിന് അവകാശമില്ല എന്ന ബോധംതന്നെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. മനുഷ്യബന്ധങ്ങൾ, മനുഷ്യപ്രകൃതിബന്ധങ്ങൾ ഇവയുടെ സ്ഥാനത്ത് കടന്നാക്രമിക്കുക, ആയുധങ്ങൾ കയ്യിലെടുക്കുക, അടിച്ചമർത്തി ആഹ്ലാദിക്കുക, രക്തവും മുറിവുകളും നിരന്തരം കാണിച്ച് അവയിലേക്കുള്ള അറപ്പ് മാറ്റിയെടുക്കുക എന്നിങ്ങനെ നിരവധി താത്പര്യങ്ങൾ പുലർത്തുന്നുണ്ട് ആഗോളകാല നവമാധ്യമ പരിപാടികൾ.

റെസിലിംഗ് പ്രോഗ്രാമുകളിലെ ഹിംസസ്വഭാവങ്ങൾ യഥാർഥ ഹിംസയെ ന്യായീകരിക്കുന്നതിലേക്കും അവയ്ക്കു നേരേ കണ്ണടയ്ക്കേണ്ടതിനുതകുന്ന മനോപരിവർത്തനത്തിലേക്കും ലക്ഷ്യംവയ്ക്കുന്നുവെന്നു വ്യക്തമാക്കുന്നതാണ് അബിഗുറൈബിലെ തടവുകാർക്കുമേൽ നടത്തിയ പീഡനങ്ങളുടെ ചിത്രങ്ങൾ. വളരെക്കുറച്ചു പീഡനചിത്രങ്ങൾ മാത്രമാണ് ലോകത്തിനു മുന്നിലെത്തിയത്. (ഇതേ നവമാധ്യമങ്ങളിലൂടെ തന്നെ). കവറുകൾകൊണ്ടു തലമൂടിയശേഷം മർദിക്കുക, കസേരകൾക്കിടയിൽ വച്ച് ഞെക്കി അതിനുമുകളിൽ കയറിയിരിക്കുക, നഗ്നമാക്കി ഓരോരുത്തർക്കുമുകളിൽ പിരമിഡാക്കി ഇരുത്തുക, കൈകൾ ബന്ധിച്ചശേഷം മർദിക്കുക, കക്കൂസ് ക്ലോസറ്റുകളിൽ തല മുക്കുക, നായ്ക്കളെപ്പോലെ ബന്ധിച്ച് വലിച്ചുകൊണ്ടു നടക്കുക ഇങ്ങനെ നീളുന്ന ക്രൂരതകൾ എത്രയോ ഉണ്ടാവാം.

പല റെസിലിംഗ് പ്രോഗ്രാമുകളും ഇത്തരം മർദനമുറകളാണ് വിനോദമായി (Entertainment) അവതരിപ്പിക്കുന്നത്. ആണിയിട്ട് അതിൽ തള്ളിയിടുക, കുപ്പിച്ചില്ലുകൊണ്ടും ആണിയും മുള്ളും തറച്ച കമ്പുകൾ ഉപയോഗിച്ചും അടിക്കുക, ഫോർക്കുകൊണ്ട് കണ്ണിനു തൊട്ടുമുകളിൽ മുറിപ്പെടുത്തുക തുടങ്ങി മുകളിൽ സൂചിപ്പിച്ച മർദനമുറകളും അതിലധികവും ഇത്തരം പ്രോഗ്രാമിലും നടത്തിവരുന്നത് എന്തിനുവേണ്ടിയാണ്. സർക്കസുപോലെ

ചിട്ടപ്പെടുത്തി, റിഹേഴ്സൽ നടത്തി അവതരിപ്പിക്കുന്ന ഒരു പ്രോഗ്രാമാണെന്ന് ചിലയിടങ്ങളിൽ ഇത്തരം പരിപാടികളെ ന്യായീകരിച്ചുകാണുന്നുണ്ട്. എന്തിനുവേണ്ടിയാണ് ഇത്തരം ഹിംസാത്മക പരിപാടികൾ നടത്തിവരുന്നത് എന്നതിനു ന്യായീകരണമേതുമില്ല. തമ്മിൽ തെറിവിളിച്ചും പരസ്പരം ശക്തമായി ശത്രുത പുലർത്തിയും മാരകമായി മുറിപ്പെടുത്തിയും വംശീയവിദ്വേഷം പുലർത്തിയും ലിംഗവിവേചനത്തോടെ കടന്നാക്രമിച്ചും നഗ്നത പ്രദർശിപ്പിച്ചും ലൈംഗികതയുടെയും രതിയുടെയും ചിഹ്നങ്ങൾ പ്രദർശിപ്പിച്ചും നടത്തുന്ന ഇത്തരം പ്രോഗ്രാമുകൾ എന്തിനുവേണ്ടിയുള്ളതാണ്.

ഒന്നാം ലോകരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ശമിപ്പിക്കാൻ കഴിയാത്ത യുദ്ധവാസനയുടെ സംസാരിക്കുന്ന ഉദാഹരണമാണ് ഇത്തരം ഹിംസാപരിപാടികൾ. പുറത്ത് മർദിക്കാനും കയ്യേറ്റം നടത്താനും ശരീരങ്ങളെ കിട്ടായ്കയാൽ സ്വന്തമായി പരസ്പരം മർദിച്ച് യുദ്ധതൃഷ്ണയ്ക്ക് താത്കാലിക ശമനം നടത്തുന്ന ഇടങ്ങളാണ് ഇത്തരം റെസിലിംഗ് കേന്ദ്രങ്ങൾ.

ഒരു പ്രോഗ്രാമിന്റെ പേര് 'റോ' (RAW) എന്നാണ്. ഈ വാക്ക് തിരിച്ചിട്ടാൽ കിട്ടുക 'യുദ്ധം' (WAR) എന്ന പദമാണ്. ഇന്ത്യയടക്കമുള്ള പ്രദേശങ്ങളിൽ ഇന്ന് സജീവമായ റെസിലിംഗ് കേന്ദ്രങ്ങളുണ്ട്. ഇതിന്റെ പ്രതിഫലം സമൂഹമനുഷ്യൻ നിത്യജീവിതത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നു എന്നതാണ് ഇതിന്റെ സാമൂഹ്യമായ ദുരന്തം. അക്രമവാസനയെ പ്രോത്സാഹിപ്പിക്കുകയും അതിനു മനോബലവും പ്രേരണയും നൽകുന്നതിലേക്ക് ഇത് എത്തിച്ചേരുന്നു. വിനോദം വിനോദമല്ലാതാവുകയും ഏതു നേരത്തും പതിയിരുന്ന് ചാടിവീണേക്കാവുന്ന ഹിംസാരൂപങ്ങളായി അവ പരിണാമപ്പെടുന്നു. വിനോദമേത്, യാഥാർഥ്യമേത് എന്നു വിവേചിക്കാനാവാത്തവിധം ബോധത്തെ കുരുക്കുന്നു, ഈ രാഷ്ട്രീയ കടന്നാക്രമണ മാധ്യമപദ്ധതികൾ.

**കാർട്ടൂണുകളും വീഡിയോഗെയിമുകളും ബാലഹിംസാത്മകതകളും**

മുതിർന്നവർ കുട്ടികളിലേക്ക് ആഴത്തിലിറങ്ങിയിട്ടുള്ള ഹിംസാപരിപാടികളാണ് റെസിലിംഗ് എങ്കിൽ, അതിന്റെ തുടർച്ചയും അതിന്റെ തുടക്കവുമായി പ്രവർത്തിക്കുന്ന പ്രോഗ്രാമുകളാണ് കാർട്ടൂണുകളും വീഡിയോഗെയിമുകളും. യുദ്ധവും കടന്നാക്രമണങ്ങളും വളർത്തുക മാത്രമല്ല, ചുറ്റുവട്ടത്തിലാകമാനം ശത്രുവിനെ മാത്രം കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട് പല വീഡിയോ ഗെയിമുകളും. ഒന്നാംലോകരാജ്യങ്ങൾ സ്വയം പേറുന്ന ഭയവും, സ്വന്തം രാഷ്ട്രത്തോട് അവർ പ്രഖ്യാപിക്കുന്ന അലർട്ടുകളും അനാവശ്യഭീതിയും അതുയർത്തുന്ന മനോരോഗങ്ങളും ഒക്കെ നിറയുന്നതാണ് ഇത്തരം കുട്ടിക്കളി രൂപങ്ങൾ. *ഡെഡ് ഐലന്റ്, റിപ്പർ വെപ്പൺ, ബ്ലഡ് ബാത്ത് അരീന, ദ വാക്കിംഗ് ഡെഡ്, റോക്ക്സ്റ്റാർ എക്സ്പ്പാൻഡഡ്, ദ ജോക്കർ എയിംസ് ഫോർ ഡെത്ത്, വി ഹാവ് അനാർക്കി റീജൻസ്* ഇത്തരത്തിൽ നൂറുകണക്കിന് വീഡിയോഗെയിമുകളുണ്ട്. കുട്ടികൾക്ക് ഇവ പരിചയപ്പെടുത്തുന്ന ലോകം ഭീതിതമായതാണ്. യുദ്ധങ്ങളെയും യുദ്ധോപകരണങ്ങളെയും യുദ്ധത്തിന്റെ സാധ്യതയെയും കൊലചെയ്യപ്പെട്ട/മരിച്ച മനു

ഷ്യരുടെ ലോകത്തെയും പരിചയപ്പെടുത്തുന്നു ഇത്തരം കളികൾ. യുദ്ധസന്നദ്ധതയിലേക്കുള്ള പ്രേരണയുടെ വാതിലുകളാണ് ഇവിടെ തുറന്നിടുന്നത്. ആയുധങ്ങളും തന്ത്രങ്ങളും ഭൂപ്രകൃതിയും വാഹനങ്ങളുടെ ട്രാഫിക് നിയമങ്ങളും യൂറോപ്പിന്റേതായിരുന്നാലും മൂന്നാം ലോകരാജ്യങ്ങളിലെ കുട്ടികൾ സ്വന്തം എന്നവണ്ണം അതിനു വഴിപ്പെടുന്നു എന്നതാണ് മറ്റൊരു ദുര്യോഗം.

ഫ്ളിന്റ് സ്റ്റോണിലൂടെയും ജംഗിൾ ബുക്കിലൂടെയും മറ്റും തുറന്നുകിട്ടിയ വഴികൾ എത്രമാത്രം അക്രമാസക്തമാക്കിയിരിക്കുന്നുവെന്ന് ഈ പ്രോഗ്രാമുകൾ നിരീക്ഷിച്ചാൽ വ്യക്തമാകും. 258-ന് മുകളിൽ ഓൺലൈൻ ഗെയിമുകൾ ഇന്ന് നവമാധ്യമങ്ങൾ കുട്ടികൾക്കായി വിതരണം ചെയ്യുന്നുണ്ട്. ബാഡ്ജ് ഗെയിം, ആക്ഷൻ ഗെയിം, അഡ്വഞ്ചർ ഗെയിം, ആർക്കേഡ് ഗെയിം, റെയ്സിംഗ് ഗെയിം എന്നിങ്ങനെ പലരൂപത്തിൽ ഇവ തരംതിരിച്ചിട്ടുണ്ട്.

ഹാസ്യത്തിന്റെ ഉണർച്ചയെ സംബന്ധിച്ച ചർച്ചകളിൽ പതനത്തിൽനിന്നുള്ള ഹാസ്യത്തിന് പ്രാധാന്യം കൂടുതൽ കണ്ടിരുന്നു. ഉയർച്ചയും ഗുപ്താവസ്ഥയും ഇരട്ടിപ്പിക്കലും ശൂന്യപ്പെടലും ഹാസ്യത്തിനു കാരണമാകുന്നു. പതനം ഹാസ്യമുണർത്തുമ്പോൾ തന്നെ അത് കരുണയെക്കൂടിയുണർത്താറുണ്ട്. സർക്കസുകളിലും മറ്റും പ്രവേശിച്ച ജോക്കർ കഥാപാത്രങ്ങളാണ് സ്വയംപീഡനത്തിലൂടെയും പതനത്തിലൂടെയും ഹാസ്യമുണർത്തുന്നതിനായി രംഗപ്രവേശം ചെയ്തത്. കായികക്ഷമത കുറഞ്ഞവർ, അപൂർണമനുഷ്യർ, ശരീരവലുപ്പം കുറഞ്ഞവർ, കറുത്തവർ, കാര്യപ്രാപ്തി കുറഞ്ഞവർ എന്നിങ്ങനെയുള്ള അളവുകോലുകളായിരുന്നു അധഃപതനത്തിനായി ഇവർ സ്വീകരിച്ച മാനദണ്ഡങ്ങൾ. സ്വയം താഴ്ചയിലൂടെ കാണികളെ വാരിക്കൂട്ടിയിട്ടുണ്ട് 'മിസ്റ്റർ ബീൻ' എന്ന കഥാപാത്രം സമകാലിക കാർട്ടൂൺ രംഗത്ത്.

എന്നാൽ 'ടോം ആൻഡ് ജെറി' യിലാകട്ടെ സ്വയംപതനമല്ല; ഗുപ്തതയോ, ശൂന്യതയോ, ഇരട്ടിക്കലോ, പെരുപ്പിക്കലോ, അവിശ്വസനീയതതയോ അല്ല ഹാസ്യമുണർത്തുന്നത്. ഒരാൾക്കുമേലുള്ള കടന്നാക്രമണമാണ് ഹാസ്യത്തിന്റെ കാരണമായി വർത്തിക്കുന്നത്. മർദനത്തിനായുള്ള നിരവധി ഉപാധികളും, നിരവധി മർദനോപകരണങ്ങളും ഇവിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. തീവയ്ക്കുക, ബോംബിടുക, നിലത്തടിക്കുക, ശ്വാസം മുട്ടിക്കുക, രോമം പിഴുതുമാറ്റുക, ഉരുപ്പടികൾകൊണ്ടു തല്ലുക, ചുഴറ്റിയെറിയുക, ചുട്ടുപഴുത്ത ഉപകരണങ്ങൾക്കൊണ്ടു പൊള്ളിക്കുക, എലികത്രിക, ചൂടുവെള്ളം, ഹോക്കിസ്റ്റിക്, പടക്കം, പഴത്തൊലി തുടങ്ങി പലതുകൊണ്ടും മർദിക്കുകയോ അപകടപ്പെടുത്തുകയോ ചെയ്യുക, വാഹനം കയറ്റിയിറക്കുക, ഭിത്തിയിൽ പരത്തുക/ഒട്ടിക്കുക, കുഴിച്ചിടുക, കെട്ടിടം തകർക്കുക, ശരീരാവയവങ്ങളിൽ തല്ലി ചതവു വരുത്തുകയോ, നീരു വരുത്തുകയോ, മുഴപ്പിക്കുകയോ ചെയ്യുക, വധിക്കുക, ഗൃഹോപകരണങ്ങൾ കേടുവരുത്തുക എന്നിങ്ങനെ തുടരുന്ന മർദന പദ്ധതികളിലൂടെ ഹാസ്യം പെരുപ്പിച്ചെടുക്കുകയാണു ചെയ്യുന്നത്.

ഇത്തരം മർദന പദ്ധതികൾ ഹാസ്യം മാത്രമല്ല, നിഗൂഢമായ ഹിംസോത്പാദനവും നടത്തുന്നുണ്ട്. മർദനോപകരണങ്ങൾ, മർദനരീതികൾ, വേദനകൊണ്ടുള്ള പുളയൽ, കരച്ചിൽ, പിടിച്ചടക്കൽ, മരിച്ച അവസ്ഥ, ശവപ്പെട്ടി, ശവക്കോട്ട തുടങ്ങി ഓരോന്നും ഹാസ്യമായി മാറുകയും ഹിംസയിലേക്കുള്ള പ്രവേശനചീട്ട് ഉറപ്പുവരുത്തിക്കൊടുക്കുകയും ചെയ്യുന്നു ഇവിടെ.

1995-ൽ കാർട്ടൂൺ നെറ്റ്വർക്ക് ആരംഭിച്ചെങ്കിലും അവയ്ക്കൊപ്പം രണ്ടായിരത്തോടെ ഇന്ത്യയിലും കാർട്ടൂൺ പരമ്പര ശക്തിപ്പെട്ടു. ഇന്ത്യൻ കാർട്ടൂണുകൾക്കു പിന്നിലെ പാത്രസൃഷ്ടികളും അടിസ്ഥാനകഥകളും അധികവും വർണവ്യവസ്ഥാകാലത്തെ ഇതിഹാസപുരാണങ്ങളെ ആശ്രയിച്ചുള്ളതായിരുന്നു. പ്രതിയോഗികൾ പലപ്പോഴും ഇന്ത്യൻ ഹിന്ദുമിത്തുകളിലെ അസുരസമൂഹങ്ങൾ തന്നെയാണ്. ജനാധിപത്യത്തിന്റെ ചെറുചലനങ്ങൾ ഇത്തരം വരേണ്യഹിംസയെ ചോദ്യംചെയ്തിരുന്നുവെങ്കിലും തൊണ്ണൂറുകളോടെ ഇന്ത്യയിലേക്ക് അവ തിരിച്ചുവരുകയായിരുന്നു. അപൂർവമായെങ്കിലും മാധ്യമങ്ങളിൽ നടന്ന മനുഷ്യാവകാശ ചർച്ചകളും നവമാധ്യമ ഘട്ടത്തിൽ പിന്തള്ളപ്പെടുന്നതു കാണാം. ജയ് ഹനുമാൻ, ജയ് ശ്രീറാം തുടങ്ങിയ ടിവി പരമ്പരകളിൽനിന്നും ആവേശമുൾക്കൊണ്ട് കാർട്ടൂൺ നെറ്റ് വർക്കുകൾ ഇംഗ്ലീഷ് കാർട്ടൂണുകളുടെ സാംസ്കാരിക സത്തകളെ ഭാരതവത്കരിക്കുക മാത്രമായിരുന്നു. ഇംഗ്ലീഷ് കാർട്ടൂണുകൾ കറുത്തവരെ പ്രതിസ്ഥാനത്തും വില്ലന്മാരായും ഡെമണുകളായും നിരന്തരം ചിത്രീകരിച്ചപ്പോൾ, ഇന്ത്യൻ കാർട്ടൂണുകളും ഇന്ത്യയിലെ കീഴാളമനുഷ്യരെ തന്നെയാണ് പ്രതിയോഗികളാക്കി മാറ്റിയത്. 'കൃഷ്ണ ആൻഡ് ബൽറാം', 'ഛോട്ടാ ഭീം', 'ബാൽ ഹനുമാൻ' തുടങ്ങിയ കാർട്ടൂൺ പരമ്പരകളോരോന്നും ഇന്ത്യൻ ഡെമണുകളെ നിർമിക്കുന്നുണ്ട്. കംസൻ, കറുത്ത മനുഷ്യർ, രാവണൻ എന്നിങ്ങനെ നീളുന്ന ഡെമണുകൾ, പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം മനുഷ്യസ്നേഹത്തിന്റെ യാതൊരു ലക്ഷണവും സംഭാവന ചെയ്യുന്നില്ലാത്ത പ്രതിസ്ഥാനങ്ങളിലേക്കുള്ള നിർണയനം ഒരുക്കിക്കൊടുക്കുന്നു. സാഹിത്യം തന്നെ പിന്തള്ളപ്പെടുന്ന ഇക്കാലത്ത് വെർചൽ ഇമേജുകൾ വരേണ്യതയുടെ അധികാര വ്യാഖ്യാനങ്ങളെ സമകാലീകരിക്കുന്നു.

ചാതുർവർണ്യത്തെ ചോദ്യംചെയ്ത നവോത്ഥാന ശ്രമങ്ങളുടെ വായമടങ്ങിയ വർത്തമാനകാല സാഹചര്യത്തിൽ കീഴാളജനതയെ ഒന്നടങ്കം അപമാനിക്കാനും വിമർശനങ്ങൾ ഒന്നും ഉയർത്താതെ അവർക്കുമേൽ ഡെമൺ (Demon) എന്ന വ്യാഖ്യാനം സ്ഥാപിച്ചുകൊണ്ട് പിശാച്, ദുർദേവതകൾ, അധിനിഷ്ഠുരൻ, രാക്ഷസീയർ എന്നിങ്ങനെ ശത്രുപക്ഷത്ത് നിരന്തരം സ്ഥാപിക്കുന്നതിനും കയ്യേറ്റം ചെയ്യുന്നതിനും അവസരമൊരുക്കികൊടുക്കുകയാണ് നവമാധ്യമങ്ങൾ ചെയ്യുന്നത്. മണ്ഡൽ കമ്മീഷൻ-ബാബറി മസ്ജിദ് കാലഘട്ടത്തിൽ രംഗപ്രവേശംചെയ്ത വരേണ്യത, സാമൂഹ്യമായും സാംസ്കാരികമായും പിടിമുറുക്കുകയും കച്ചവടകമ്പനികൾക്ക് യഥേഷ്ടം സ്പോൺസർഷിപ്പ് ലഭിക്കുകയും, മധ്യവർഗ ഉപരിവർഗ സമൂഹത്തിനായി അവർ നിലകൊള്ളുകയും ചെയ്തപ്പോൾ തകർന്നടിഞ്ഞത് സ്വാതന്ത്ര്യാനന്തരം കീഴാള ജനസമൂഹങ്ങളും, ദളിതരും-ദരിദ്രരും,

ജനാധിപത്യ വാദികളും സോഷ്യലിസ്റ്റുകളും ഉയർത്തിക്കൊണ്ടുവന്ന മാനവിക കാഴ്ചപ്പാടുകളായിരുന്നു. ഇന്ത്യൻ കാർട്ടൂണുകളിലെ വരേണ്യബിംബങ്ങളുടെ കടന്നുവരവു മൂലം സംഭവിച്ചത് യൂറോപ്യൻ മുതലാളിത്തത്തിന്റെ വെളുത്ത വംശാധികാരത്തിന്റെ പ്രകടിതരൂപങ്ങളും ഇന്ത്യൻ ചാതുർവർണ്യ വ്യവസ്ഥയിലെ വരേണ്യവാദത്തിന്റെ മുതലാളിത്തരൂപങ്ങളും തമ്മിലുള്ള കൈകോർക്കലുകളായിരുന്നു.

യൂറോപ്യൻ അധിനിവേശത്തിന്റെ യുദ്ധാഘോഷങ്ങൾ ഹിംസോത്സുകതയുടെ തുടർച്ചയാകുമ്പോൾ, അതു മൂന്നാം ലോകങ്ങളെ പിടിമുറുക്കുമ്പോൾ, ഇന്ത്യൻ വരേണ്യതയാകട്ടെ അവർണ വിഭാഗങ്ങൾക്കുമേൽ രണ്ടാംഘട്ട യുദ്ധാഘോഷങ്ങളുടെ പ്രഖ്യാപനങ്ങൾ നടത്തുകയാണ് നവമാധ്യമങ്ങളിലൂടെ ചെയ്തുവരുന്നത്. ഹിംസയ്ക്ക് സ്ഥാനം നൽകാതിരിക്കുന്നതിനും അഹിംസയെ പ്രധാനസ്ഥാനത്ത് കൊണ്ടുവരുന്നതിനും, വെട്ടിപ്പിടിത്തങ്ങളുടെയും കടന്നാക്രമണങ്ങളുടെയും ഘോഷങ്ങളെ സാംസ്കാരിക കേന്ദ്രങ്ങളാക്കുന്ന അധിനിവേശശ്രമങ്ങളെ വെടിയുകയുംചെയ്യുന്ന വിമർശസ്വഭാവത്തിലൂന്നുന്ന ഒരു സാംസ്കാരിക അന്വേഷണം സമകാലികസമൂഹവും നവമാധ്യമങ്ങളും അത്യാവശ്യമായും ആവശ്യപ്പെടുന്നുണ്ട്.

## ഗ്രന്ഥസൂചി/സൈറ്റുകൾ/കുറിപ്പുകൾ


1 History of the United states, from wikipedia, the free ency clopedia, en.wikipedia. org/wiki/ History-of-the-united-states.
2. American civil war, from wikipedia, the free encyclopedia, en.wikipedia, org/wiki/American-civil-war.
3. Former innates of us-occupation run Abu Ghuraib Prison near, www.countercurrents.org/iraq-jazee-ra 050-504.htm
4. Abu Gharaib torture and prisoner abuse-wikipedia, the free encyclopedia, en.wikipedia.org/wiki/Abu-Ghraib-torture-and-prisoner-abuse.
5. IGN presents the History of Wrestling Games retro.ign.com/ articles/929/929438 p1. html.
6. Cartoon in India, www,cartoonin India.org
7. Tom and Jerry, Cartoon net work. www.tomandjerry.org
8. The Torture Archive(htt://gwu.edu/nnsarchiv/NSAEBB/ NSAEBB340/index.htm) at The National security Archive
9. ലോകരാഷ്ട്രങ്ങൾ, 2007, ഡി.സി. ബുക്സ്
10. World precept stories, from wikipedia, en.wikipedia, ord / wiki/percept stories-of-the-world, parables, sermonizing stories, Zen budhist stories.

# 9. ദൃശ്യമാധ്യമ പാഠാപഗ്രഥനത്തിന്റെ രീതിശാസ്ത്രം

ഡോ. തോമസ് സ്കറിയ

ശാസ്ത്രസാങ്കേതിക രംഗത്തെ അത്യദ്ഭുതകരമായ മുന്നേറ്റങ്ങൾ ഏറെ സ്വാധീനിച്ച ഒരു മണ്ഡലമാണ് മാധ്യമപ്രവർത്തനം. അതിലുൾച്ചേർന്നിരിക്കേണ്ട ധാർമികതാബോധത്തെക്കുറിച്ചും നീതിബോധത്തെക്കുറിച്ചുമൊക്കെ ധാരാളം ചർച്ചകളുണ്ടായിട്ടുണ്ട്. മാധ്യമപ്രവണതകൾ, മാധ്യമറിപ്പോർട്ടിങ്ങ്, വ്യത്യസ്ത മാധ്യമപ്രയോഗങ്ങൾ എന്നിവയെക്കുറിച്ചൊക്കെ ഗൗരവമായ ചർച്ചകൾ നടക്കുന്നുമുണ്ട്. എന്നാൽ, മാധ്യമപാഠാപഗ്രഥനവുമായി ബന്ധപ്പെട്ട് സർഗാത്മക വിമർശനപദ്ധതികളൊന്നും ഇന്നും കാര്യമായി ഉണ്ടായിട്ടില്ല. ഉള്ളവയാകട്ടെ ഭാഷയെക്കുറിച്ചും ഉള്ളടക്കത്തെക്കുറിച്ചുമുള്ള ഉപരിതലസ്പർശിയായ പഠനങ്ങളിലും പരാമർശങ്ങളിലും ഒതുങ്ങിപ്പോകുന്നു. വാക്കുകളാൽ നിർമിതമായ ഒരു പാഠത്തിന്റെ അപഗ്രഥനത്തിൽ ഭാഷ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിനെ സംബന്ധിച്ച ചിന്തകൾക്ക് പ്രസക്തിയുണ്ട്. തിരശ്ശീലാധിഷ്ഠിത മാധ്യമങ്ങളുമായി ബന്ധപ്പെട്ട് നമ്മൾ ദൃശ്യഭാഷയെന്നോ ചലച്ചിത്രഭാഷയെന്നോ പരാമർശിക്കുന്നവയാണോ മാധ്യമപാഠാപഗ്രഥനത്തിൽ വിലയിരുത്തപ്പെടേണ്ടതെന്ന് അന്വേഷിക്കേണ്ടതുമുണ്ട്. മാധ്യമപാഠങ്ങൾ എങ്ങനെ അർഥം സൃഷ്ടിക്കുന്നുവെന്ന അന്വേഷണമാണ് മാധ്യമപാഠാപഗ്രഥനം ലക്ഷ്യമിടേണ്ടതെന്നാണ് മറ്റൊരഭിപ്രായം. ബഹുജനമാധ്യമങ്ങൾ അധികാരത്തിന്റെ ഒരു സ്രോതസ്സായി പരിണമിച്ചിരിക്കുന്ന വർത്തമാനകാലത്തിൽ അതിന്റെ പാഠാപഗ്രഥനം കൂടുതൽ സൂക്ഷ്മമായും വിമർശനാത്മകമായും നിർവഹിക്കപ്പെടേണ്ടതുണ്ട്.

ദൃശ്യമാധ്യമപാഠം എന്ന പരാമർശം സിനിമയെയും ടെലിവിഷനെയുമാണ് ഓർമയിലേക്ക് കൊണ്ടുവരുന്നത്. എന്നാൽ, ഈ ഡിജിറ്റൽ യുഗത്തിൽ വെബ്സൈറ്റുകളും കമ്പ്യൂട്ടർ ഗെയിമുകളും ദൃശ്യമാധ്യമപാഠങ്ങളായി പരിഗണിക്കേണ്ടതുണ്ട്. അവയ്ക്ക് അവയുടെ പൂർവഗാമികളുമായിട്ടുള്ള വ്യത്യാസത്തെ അംഗീകരിച്ചുകൊണ്ട് എങ്ങനെ അവ ഒരു പ്രത്യേക നൈരന്തര്യത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ആരാഞ്ഞ *ആൻഡ്രബേണും ഡേവിഡ് പാർക്കറും* അതുറപ്പിച്ചു പറയുന്നു

മുണ്ട്. ദൃശ്യമാധ്യമപാഠമെന്ന പരികല്പനയ്ക്കുള്ളിൽ അവയൊക്കെയുമുൾക്കൊള്ളുന്ന വിശാലമായ സമീപനമാണ് അഭികാമ്യമായിട്ടുള്ളത്. പാഠം എന്ന പഴയ സങ്കല്പത്തിന് കൃതിയുടെ ലിഖിതരൂപം എന്ന അർഥമാണുണ്ടായിരുന്നത്. ഇന്ന് ആ അർഥത്തിൽ സാഹിത്യസിദ്ധാന്തങ്ങളിൽ പാഠം പരാമർശവിധേയമാകുന്നില്ല. റൊളാങ് ബാർത്ത് അവ തമ്മിൽ കലരാതിരിക്കാനായി ലിഖിതരൂപത്തെ കൃതിയെന്നും (work) പുതിയ പരികല്പനയെ പാഠം (text) എന്നും വിളിച്ചു.

റൊളാങ് ബാർത്ത് ഫ്രഞ്ചു സാഹിത്യ സൈദ്ധാന്തികനും തത്വചിന്തകനും നിരൂപകനും ചിഹ്നവിജ്ഞാനീയ വിദഗ്ധനുമായിരുന്നു. നേവൽ ഓഫീസറായിരുന്ന ലൂയി ബാർത്തിന്റെ പുത്രനായി നോർമണ്ടിയിലെ ചെർബൂർഗ് പട്ടണത്തിൽ 1915 നവംബർ 12-നായിരുന്നു റൊളാങ് ബാർത്തിന്റെ ജനനം. ബാല്യകാലം രോഗപീഡകൾ നിറഞ്ഞതായിരുന്നു. ആയിരത്തിതൊള്ളായിരത്തി അറുപതുകളിലാണ് ഘടനാവാദത്തിന്റെയും ചിഹ്നവിജ്ഞാനീയത്തിന്റെയും മേഖലകളിൽ അദ്ദേഹം വ്യാപരിക്കുന്നത്. അതിനുമുമ്പേ തന്നെ അദ്ദേഹത്തിന്റെ റൈറ്റിംഗ് ഡിഗ്രി സീറോ (writing degree zero, 1953) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ പല നിരീക്ഷണങ്ങളും സാഹിത്യവിമർശനത്തെ സംബന്ധിച്ച പരമ്പരാഗതമായ അക്കാദമിക കാഴ്ചപ്പാടുകളെ വെല്ലുവിളിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ യാഥാസ്ഥിതികേതര ചിന്തകൾ മറ്റൊരു ഫ്രഞ്ചുചിന്തകനായിരുന്ന റെയിമണ്ട് പിക്കാർദുമായി അഭിപ്രായ വ്യത്യാസത്തിനു കാരണമാകുകയും ചെയ്തു. പിക്കാർദുമായുള്ള സംവാദങ്ങളുടെ കാലഘട്ടത്തിലാണ് ഘടനാവാദവുമായുള്ള ബാർത്തിന്റെ ബന്ധം പുഷ്കലമാകുന്നത്. അറുപതുകളുടെ ഒടുവിൽ ബാർത്തിന് സമൂഹത്തിൽ വലിയ അംഗീകാരവും ബഹുമാനവും കൈവന്നു. 1967-ലാണ് അദ്ദേഹത്തെ ഏറെ പ്രശസ്തനാക്കിയ *ഗ്രന്ഥകർത്താവിന്റെ മരണം* (Death of the Author) എന്ന പ്രബന്ധം എഴുതുന്നത്. ബൽസാക്കിന്റെ സരാസിനെന്ന കഥയെ വിമർശനാത്മകമായി പഠിക്കുന്ന S/Z എന്ന ഗ്രന്ഥം 1970-ൽ രചിച്ചു. എഴുപതുകളിൽ സാഹിത്യവിമർശനത്തിലായിരുന്നു ബാർത്ത് തന്റെ ശ്രദ്ധ ഊന്നി

യത്. ആ കാലഘട്ടത്തിലാണ് *കൃതിയിൽ നിന്ന് പാഠത്തിലേക്ക്*( From work to text, 1974) രചിക്കുന്നത്. പാഠസംബന്ധമായ പുതിയ ആശയങ്ങൾ അതിൽ അദ്ദേഹം അവതരിപ്പിച്ചു.

ഗണനാർഹമായ ഒരു വസ്തുവാണ് പാഠം എന്ന ചിന്ത ശരിയല്ലെന്ന് ബാർത്ത് പറയുന്നു. പാഠങ്ങളെ വസ്തുതാപരമായി കൃതികളിൽ നിന്ന് വേർതിരിക്കാനുള്ള ശ്രമം നിഷ്ഫലമാകുകയേ ഉള്ളൂ. കൃതി ക്ലാസ്സിക്കും പാഠം അവാങ് ഗാർഡുമാണെന്ന് പറയുന്ന പ്രവണത ഒഴിവാക്കണം. കാല ക്രമത്തെ മാത്രം അവലംബിച്ച് ചിലകൃതികളെ സ്വീകാര്യമെന്നും മറ്റു ചില വയെ അസ്വീകാര്യമെന്നും പ്രഖ്യാപിക്കുന്നത് ശരിയല്ലെന്നായിരുന്നു ബാർത്തിന്റെ നിലപാട്. സമകാലിക സാഹിത്യത്തിൽ ഒരു വിധത്തിലും പാഠങ്ങളില്ലാതിരിക്കെത്തന്നെ വളരെ പഴയ കൃതിയിൽ ഒരു പാഠം ഉണ്ടാ കാം. കൃതിയെന്നു പറയുന്നത് സാരവത്തായ ഒരു വസ്തുവിന്റെ അംശമാണ്. പാഠമെന്നു പറയുന്നത് രീതിശാസ്ത്രപരമായ ഒരു ക്ഷേത്രമാണ്. കൃതി പ്രകടിപ്പിക്കപ്പെടുന്നതും പാഠം വിസ്തരിക്കപ്പെടുന്നതുമാണ്. അതുപോലെ തന്നെ കൃതിയെ പുസ്തകച്ചന്തകളിലും ഗ്രന്ഥസൂചികളിലും പാഠ്യപദ്ധ തികളിലും കാണാം. പാഠം വിവരണത്തിന്റെ ഒരു പ്രക്രിയയാണ്. (ചില നിയമങ്ങളെ അനുസരിക്കുന്ന സംഭാഷണങ്ങൾ). കൃതി കൈയിലെടുക്കാം. എന്നാൽ പാഠം ഉൾക്കൊള്ളുവാൻ ഭാഷയ്ക്കേ കഴിയൂ. ഒരു വ്യാവഹാരിക മുഹൂർത്തത്തിലേ അതിനു നിലനില്പ്പുള്ളൂ. കൂടുതൽ കൃത്യമായി പറ ഞ്ഞാൽ, പാഠം തന്നെത്തന്നെ പാഠമായി അറിയുന്നതുകൊണ്ടാണ് അത് പാഠമാകുന്നത്. പാഠം കൃതിയുടെ വെറുമൊരപഗ്രഥനമല്ല. സൃഷ്ടിയുടെ തന്നെ ഒരു പ്രക്രിയയിലാണ് പാഠം അനുഭവിക്കപ്പെടുന്നത്. പാഠത്തിന്റെ സാങ്കല്പികമായ ഒരു അംശമാണ് കൃതി. പാഠത്തെ രൂപപ്പെടുത്തുന്നത് അതിന്റെ തകിടംമറിക്കൽ സ്വഭാവമാണ്. പാഠം എല്ലായ്പ്പോഴും വൈരുധ്യാ ത്മകമാണ്, വിരോധാഭാസപരമാണ്. സ്വരൂപലക്ഷണത്തിന്റെ നിയമങ്ങളുടെ പരിമിതികളിലേക്ക് എത്തുന്നതാണ് പാഠം.

ചിഹ്നങ്ങളുമായുള്ള പ്രതിപ്രവർത്തനങ്ങളിലൂടെ പാഠത്തെ സമീ പിക്കുകയും അനുഭവിക്കുകയും ചെയ്യാം. കൃതി എന്നത് ഒരു സൂചിതത്തിൽ തീരുന്നതേയുള്ളൂ. ചിഹ്നിതമായിട്ടുള്ളതിൽ ആരോപിക്കാവുന്ന വിധത്തിൽ ചിഹ്നത്തിന് രണ്ടു രീതികളുണ്ട്. ഒന്നുകിൽ ഇത് വ്യക്തമാണെന്ന് അവ കാശപ്പെട്ടത്. അങ്ങനെ വരുമ്പോൾ കൃതി ഒരു സാഹിത്യശാസ്ത്രത്തിന്റെ വിഷയമായിരിക്കും. അല്ലെങ്കിൽ ഭാഷാശാസ്ത്രത്തിന്റെ അഥവാ രഹസ്യ സ്വഭാവമുള്ളതോ ആത്യന്തികമായിട്ടുള്ളതോ കണ്ടെത്തേണ്ടതായിട്ടുള്ളതോ. അപ്പോൾ, അത് വ്യാഖ്യാനശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ചുരുക്ക ത്തിൽ കൃതി തന്നെ ഒരു പൊതുചിഹ്നം എന്നതുപോലെ പ്രവർത്തിക്കു ന്നതും അത് ഏതെങ്കിലും സ്ഥാപന വിഭാഗത്തെ പ്രതിനിധീകരിക്കുന്നതാ യിരിക്കണമെന്നതും സ്വാഭാവികം മാത്രമാണ്. പാഠം ഇതിനു നേരെ വിപ

രീതമായി സൂചിതത്തിന്റെ അനന്തമായ വ്യതിരിക്തതയെ അഭ്യസിക്കുന്നു. അത് വിളംബിതമാണ്. സൂചകത്തിന്റെ മേഖല തന്നെയാണ് അതിനുമുള്ളത്. സൂചകം അർഥത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ ഒരിക്കലും ധരിക്കപ്പെടാൻ പാടില്ല. കുറ്റിയിൽ കെട്ടിയ പശുവിനെ പോലെ പാഠത്തിന്റെ വിഹാരമേഖല പരിമിതപ്പെടുത്താൻ പാടില്ലായെന്നാണ് ബാർത്ത് അർഥമാക്കിയത്. സൂചകങ്ങളെ അർഥത്തിന്റെ മുന്നോടികളായി സ്വീകരിക്കുന്ന പക്ഷം വ്യതിരിക്തക്രിയകളെന്ന നിലയിൽ അർഥങ്ങളുടെ മുഖശാലകളിൽ നിന്ന് തീർത്തും വ്യത്യസ്തങ്ങളായി വർത്തിക്കുന്നവയായ പാഠങ്ങൾ കണ്ടെത്തുന്നതിന് അനുവാചകന് പരിമിതികൾ വന്നുചേരും. ചുരുക്കത്തിൽ കൃതിയെ മാനദണ്ഡമാക്കിക്കൊണ്ടുള്ള ഒരു വ്യാവഹാരിക പ്രയോഗത്തിന്റെ ഉത്പന്നമാണ് പാഠം എന്നു കണ്ടെത്താം. അത് ഉത്പന്നമാകുന്നതും നിലനില്ക്കുന്നതും വ്യാവഹാരിക മണ്ഡലങ്ങളിലാണ്. അതുകൊണ്ട് വ്യാവഹാരിക മണ്ഡലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഭിന്നമായിട്ടുള്ള പാഠഫലങ്ങൾ (text effects)സൃഷ്ടിക്കും.

ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട് പാഠം എന്ന പരികല്പന രണ്ടടിസ്ഥാനതത്ത്വങ്ങളിൽ പ്രധാനമായും ഉപയോഗിക്കപ്പെടുന്നു. ലിഖിത രേഖയിലെ കൃതികളെപ്പോലെ ഫിലിം, ടെലിവിഷൻ രേഖകൾ, സംഗീതപരിപാടികൾ എന്നിവയാണ് ആദ്യത്തേത്. രണ്ടാമത്തേത് വായനക്കാരനും ഉള്ളടക്കവും തമ്മിലുള്ള സമാഗമത്തിന്റെയും തദ്ജന്യമായ ഏറ്റുമുട്ടലിന്റെയും സാരഗർഭമായ പരിണതഫലമായ പാഠംതന്നെ. ആദ്യത്തേത് ഭൗതികസന്ദേശമാണ്. രണ്ടാമത്തേത് കാഴ്ചയുടെ വേളയിലാണ് പാഠമായി തീരുന്നത്. ഭൗതികസന്ദേശവും കാഴ്ചക്കാരനും തമ്മിലുള്ള ഇടപെടലിന്റെ മുഹൂർത്തത്തിൽ പ്രേക്ഷകന് ആനന്ദം കണ്ടെത്തുകയോ അർഥം നിർണയിക്കുകയോ ചെയ്യുവാൻ ഉതകുന്ന വിധത്തിലുള്ള ഉദ്ദീപനം ഉണ്ടാകുന്നു. അതിന്റെ പാഠഫലം ആണത് എന്നു പറയാം. ദൃശ്യമാധ്യമപാഠത്തിനും വിവിധ വ്യതിരിക്താർഥങ്ങൾ സൃഷ്ടിക്കാനുള്ള കഴിവ് ഉള്ളതിനാൽ അവ തത്ത്വത്തിൽ polysemic ആണെന്നു പറയാം. വ്യത്യസ്ത കാഴ്ചകളിൽ വ്യത്യസ്താർഥങ്ങൾ നൽകും അവ.

ചിഹ്നവിജ്ഞാനീയം ദൃശ്യ മാധ്യമപഠനത്തിൽ പല രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. അർഥനിർമിതിയുമായി ബന്ധപ്പെട്ടതാണ് അതിലൊന്ന്. സംസ്കാരപഠനത്തിന്റെ ഉണർവോടെ ചിഹ്നവിജ്ഞാനീയത്തിന്റെ ദിശയിൽ മാറ്റം കൈവരുകയുണ്ടായി. പാഠത്തിൽ നിന്ന് പ്രേക്ഷകരിലേക്ക് (from text to audience) എന്നതായി പഠനത്തിന്റെ പ്രവാഹഗതി. യഥാർഥ മനുഷ്യർ എങ്ങനെ സിനിമയിൽ ഉൾപ്പെടുന്നു, ടെലിവിഷൻ, നൃത്തം, ജനപ്രിയസംഗീത പരിപാടികൾ ഇവയുമായിട്ടൊക്കെയുള്ള ഇടപെടലുകൾ തുടങ്ങിയവയൊക്കെ പഠനവിഷയമാകുന്നത് സംസ്കാരപഠനത്തിന്റെ ആവിർഭാവത്തോടെയാണ്. സാധാരണ ജനങ്ങൾ എങ്ങനെ അവരുടെ സാംസ്കാരിക

ജീവിതം നയിക്കുന്നുവെന്ന ആശയത്തെ സംബന്ധിച്ച വിപ്ലവകരമായ നിഗമനങ്ങളിലേക്ക് അത്തരം പഠനങ്ങൾ കടന്നു ചെല്ലുകയുണ്ടായി. അത്തരം പഠനങ്ങളിൽ, പാഠത്തിന്റെ അപഗ്രഥനത്തിൽ അർഥനിർമിതിയേക്കാൾ പ്രേക്ഷകരുടെ വ്യാഖ്യാനാത്മകപരിശ്രമങ്ങളെ അഥവാ പാഠഫലങ്ങളെ, പാഠത്തിന്റെ ഘടനാപരമായ ഫലങ്ങളിലൂന്നിയോ ഭാഗമായോ കണ്ടെത്തുന്ന രീതിയാണ് കണ്ടുവരുന്നത്.

മാധ്യമപാഠത്തെ മാധ്യമ ഉള്ളടക്കമായി വിലയിരുത്തുന്നതു ശരിയാണോ എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയുണ്ട്. മാധ്യമ ഉള്ളടക്കത്തെ അതിന്റെ അർഥത്തെ അടിസ്ഥാനമാക്കി open or closed എന്ന് രണ്ട് വിഭാഗമായി തിരിക്കാം. ഒരു പ്രത്യേക അർഥത്തിലേക്കോ വ്യാഖ്യാനത്തിലേക്കോ കാഴ്ചക്കാരനെ നയിക്കുന്ന വ്യവഹാരമാണെങ്കിൽ ക്ലോസ്ഡ് എന്നും അതിനെ അപ്രതിരോധമാം വണ്ണം പ്രതിരോധിക്കുന്നതിനെ ഓപ്പൺ എന്നും വിളിക്കാം. ദൃശ്യമാധ്യമവാർത്തകൾ ക്ലോസ്ഡ് ആണെങ്കിൽ തിരുവാ എതിർവാ, പൊളിട്രിക്സ് തുടങ്ങിയ വാർത്താധിഷ്ഠിത ഹാസ്യപരിപാടികൾ ഓപ്പൺ ആണെന്നും പറയാം. മാധ്യമ ഉള്ളടക്കത്തെ സംബന്ധിച്ച പഠനത്തെ നിയന്ത്രിക്കുന്ന പ്രധാനഹേതുക്കൾ *ഡെന്നീസ് മക്ക് ക്വയിൽ* ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ മാധ്യമ ഉള്ളടക്കത്തെ മാധ്യമപാഠത്തിൽ നിന്നു വേർതിരിക്കുന്നതിനു സഹായകരമാകയാൽ ഇവിടെ പ്രതിപാദിക്കാം.

1 മാധ്യമോല്പന്നത്തെ താരതമ്യം ചെയ്യുകയും വിശദീകരിക്കുകയും ചെയ്യുന്നത്.
2 മാധ്യമത്തെ സാമൂഹിക യാഥാർഥ്യവുമായി താരതമ്യം ചെയ്യുക. ഇവിടെ മാധ്യമ സന്ദേശങ്ങളും യാഥാർഥ്യവും തമ്മിലുള്ള ബന്ധമാണ് പരിശോധിക്കുന്നത്. ഏറ്റവും പ്രസക്തമായ ചോദ്യം മാധ്യമ ഉള്ളടക്കം സാമൂഹിക യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ എന്നതാണ്.
3. സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങളെയും വിശ്വാസങ്ങളെയും മാധ്യമ ഉള്ളടക്കം പ്രതിഫലിപ്പിക്കുന്നുണ്ടോ എന്ന അന്വേഷണം. ആന്ത്രോപ്പോളജിസ്റ്റുകളും സോഷ്യോളജിസ്റ്റുകളും മൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും ഏറ്റവും നല്ല തെളിവായി മാധ്യമ ഉള്ളടക്കത്തെ താല്പര്യപൂർവം പരിഗണിക്കുന്നു.
4. മാധ്യമപ്രകടനത്തെ വിലയിരുത്തുക
5. മാധ്യമപക്ഷപാതത്തെ പഠിക്കുകയും ബോധപൂർവമായ ചായ്‌വ് കണ്ടെത്തുകയും ചെയ്യുക
6. പ്രേക്ഷകാപഗ്രഥനം
7. മാധ്യമത്തിന്റെ പ്രവർത്തനങ്ങളും ഫലങ്ങളും കണ്ടെത്തുക
8. പാഠാപഗ്രഥനം

മാധ്യമപാഠപഠനത്തിൽ കടന്നുവരുന്ന മാധ്യമങ്ങളുടെ രാഷ്ട്രീയപരമായ മിതവ്യയത്വമെന്ന മേഖലയെ ഒഴിവാക്കുവാനാവില്ല. മാധ്യമപാഠങ്ങൾ സൃഷ്ടിക്കപ്പെടുന്നതും വിനിമയം ചെയ്യപ്പെടുന്നതും എങ്ങനെയെന്ന്

അന്വേഷിക്കണം. രാഷ്ട്രീയവും സാമ്പത്തികവുമായ പശ്ചാത്തലത്തിലും പ്രേരകങ്ങളിലുമുള്ള സവിശേഷതകളെ പരിഗണിച്ചുകൊണ്ടാണ് അത് പഠിക്കേണ്ടത്.

മാധ്യമപാഠാപഗ്രഥനത്തിൽ സാരത്തിനുനേർക്കുള്ള ഒരു വ്യവസ്ഥാനുസൃത സമീപനമാണ് അനിവാര്യമാകുന്നത്. പാഠം എങ്ങനെ അർഥത്തെ സൃഷ്ടിക്കുന്നുവെന്നുംഭാഷാ, ബിംബം, ശബ്ദം, ആംഗ്യം എന്നിങ്ങനെയുള്ള വിഭിന്ന വിനിമയരൂപങ്ങളിലൂടെ ആ അർഥങ്ങൾ എങ്ങനെ വിനിമയം ചെയ്യപ്പെടുന്നുവെന്നും അന്വേഷിക്കുന്നു. പ്രേക്ഷകരെക്കൂടി അപഗ്രഥിച്ചുകൊണ്ട് പാഠവുമായിട്ടുള്ള അവരുടെ സംഘട്ടനത്തെ സൂക്ഷ്മമായി പരിശോധിക്കണം. അങ്ങനെ പാഠാത്മകാപഗ്രഥനത്തെ ഉദ്ഗ്രഥിക്കുവാനുള്ള പ്രാപ്തി ഉണ്ടാവണം. പാഠത്തെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ സാഹചര്യങ്ങളിൽ പൂർണമാക്കാനുള്ള പ്രാപ്തിയും വേണം. ഇവ മാധ്യമപാഠാപഗ്രഥനത്തിൽ ആത്മവിശ്വാസത്തോടെ മുഴുകാൻ അവശ്യമാണ്. ഇവിടെയാണ് ദൃശ്യമാധ്യമപാഠാപഗ്രഥനത്തിൽ ബഹുമാതൃകാത്വ സിദ്ധാന്തത്തിന്റെ പ്രസക്തി കണ്ടെത്തുന്നത്.

ബഹുമാതൃകാത്വ സിദ്ധാന്തം ചിഹ്നവിജ്ഞാനീയത്തിന്റെ ഒരു രൂപമാണ്, ഗണത്തിൽപ്പെട്ടതാണ്. അത് ചിഹ്നവ്യവസ്ഥയെക്കുറിച്ചുള്ള അപഗ്രഥനത്തിനുള്ള ഒരു മാർഗമോ വിനിമയരീതിയെക്കുറിച്ചുള്ള അപഗ്രഥനത്തിനുള്ള ഒരു സിദ്ധാന്തമോ ആണെന്നു പറയാം. ഇതിന്റെ ലക്ഷ്യം ഭിന്നരീതിയിൽ എങ്ങനെ നമ്മൾ പരസ്പരം ആശയവിനിമയം ചെയ്യുന്നുവെന്ന് ഗ്രഹിക്കുകയാണ്. ശരീരംകൊണ്ട്, ഭാഷണം, അംഗവിക്ഷേപങ്ങൾ, നൃത്തം, വിവിധ സാങ്കേതികമാർഗങ്ങൾ, എഴുത്ത്, ചലച്ചിത്രം, ഇന്റർനെറ്റ്, ദൃശ്യരൂപങ്ങൾ എന്നിവ വഴി നൽകപ്പെട്ട ഏതൊരു ദൃഷ്ടാന്തത്തിനും സാധുവായിട്ടുള്ള വിനിമയത്തിന്റെ എല്ലാ രൂപത്തിനും പൊതുവായിട്ടുള്ള ചിഹ്നവിജ്ഞാനീയതത്വങ്ങളിലേക്കാണ് ബഹുമാതൃകത്വ സിദ്ധാന്തം നോക്കുന്നത്. ഉദാഹരണത്തിന് ഒരു ചലച്ചിത്രപാഠത്തെ നമ്മൾ അപഗ്രഥിക്കുന്നു. ചിത്രസംയോജനത്തിന്റെ രീതികൾ എങ്ങനെയെന്നു പരിശോധിക്കുന്നു. ഉപയോഗിക്കുന്ന ഭാഷ, സംഗീതം, ഇവയുടെ മൊത്തത്തിലുള്ള ഫലത്തെ-അതിനെ നമ്മൾ താളം എന്നു വിളിക്കുന്നു; എങ്ങനെ സംഭാവന ചെയ്യുന്നുവെന്നു കണ്ടെത്തുന്നു. ആ മാതൃകകളൊക്കെ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു നോക്കുന്നു. അത് വ്യവസ്ഥാനുസൃതമായി വിശദീകരിക്കുന്നു. അതത്രേ ബഹുമാതൃകാത്വ സിദ്ധാന്തത്തിന്റെ രീതി. സാമൂഹിക ചിഹ്നവിജ്ഞാനീയത്തിലാണ് അത് വേരുകളാഴ്ത്തിയിരിക്കുന്നത്. വിനിമയത്തിന്റെ എല്ലാ പ്രക്രിയകളും സാമൂഹികമാണെന്നു കാണുന്ന ഒരു ചിഹ്നനിർമിത സിദ്ധാന്തമാണത്. ചിഹ്നനിർമാതാവ് സദാ വിനിമയം ചെയ്യുന്നതിന് സാമൂഹ്യതാല്പര്യമുള്ള ആളുമായിരിക്കും. എന്തു താത്പര്യങ്ങളാണ് വിനിമയത്തെ പ്രചോദിപ്പിക്കുന്നതെന്നു കണ്ടെത്താനുള്ള ശ്രമവും ഈ സിദ്ധാന്തത്തിലുണ്ട്.

ബഹുമാതൃകാത്വസിദ്ധാന്തം എല്ലാ വിനിമയ പ്രക്രിയകളെയും അവയ്ക്ക് പൊതുവെയുളള മൂന്നു സാമൂഹിക പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് കാണുന്നത്. ദൃശ്യമാധ്യമപാഠം ലോകത്തിന്റെ ചില സ്വഭാവങ്ങളെ പ്രതിനിധീകരിക്കുന്നുവെന്നതിനാൽ പ്രാതിനിധ്യപരമാണ തിൽ ഒന്നാമത്തേത്. ഇടപെടുന്നവർ തമ്മിലുള്ള ബന്ധത്തെ സ്ഥാപിക്കു ന്നുണ്ടെന്നതിനാൽ അത് സംസ്ഥാപനപരവുമാണ്. പാഠത്തെ ഒരു വിനിമ യമെന്ന രീതിയിൽ സംഘടിപ്പിക്കുന്നതിനാൽ സംഘടനാപരവും കൂടിയാണ് വിനിമയപ്രക്രിയ.

ദൃശ്യമാധ്യമപാഠത്തിന് ചിഹ്നപാഠമെന്നും അർഥപാഠമെന്നും രണ്ടു തലങ്ങളുണ്ട്. അവ രണ്ടുമുൾക്കൊള്ളുന്ന അതിന്റെ ഘടനയെ കണ്ടെത്തി ക്കൊണ്ടുള്ള അപഗ്രഥനമാണ് സ്വീകാര്യമായിട്ടുള്ളത്. ഭാഷാ, ആശയം, ആലേഖ്യരൂപം, മനസ്സ് എന്നിവയുടെ ഘടനകളും അവ നിലനിൽക്കുന്ന വ്യവഹാരമണ്ഡലങ്ങളും പാഠത്തിൽ വായിക്കാൻ സാധിക്കണം, അതത്രേ അതിന്റെ പാഠഫലം.

**ഗ്രന്ഥസൂചി**

1. Andrew Burn and David Parker, Analyzing Media Texts, Continuum, London 2005.
2. Dennis McQuail, McQuails Mass Communication Theory, Vister Publisher, New Delhi, 2005.
3. Philip Rice and Patricia Waugh, Modern Literature Theory A Reader Arnold, London, 1996.

# 10. ബ്ലോഗ് കവിതയിൽ ശ്വസിക്കുന്ന തലമുറ: മലയാളത്തിലെ പുതുതരംഗ കവിത

ഡോ.സന്തോഷ് മാനിച്ചേരി

മലയാളഭാഷയുടെ ചരിത്രത്തിൽ കവിതയെന്ന ഗണത്തിന് ഭാഷയോളം തന്നെ പ്രാധാന്യമുണ്ട്. ഒരു പക്ഷേ ഭാഷയെ കവിതയിൽ നിന്നു വേർതിരിക്കാനാകാതെ, അത്രത്തോളം മാധ്യമത്തിന്റെ സൂക്ഷ്മാംശങ്ങളിലേക്ക് ഭാഷ അലിഞ്ഞു ചേർന്നിരിക്കുന്ന കാഴ്ച ഭാഷാചരിത്രത്തിലുടനീളം നാം കാണുന്നുണ്ട്. കൊളോണിയൽ ഗദ്യാഖ്യാനങ്ങൾക്കു മുമ്പേ കവിതയുടെ സൂക്ഷ്മതയും സാന്ദ്രതയുമുള്ള ഒരു വിനിമയരീതി ഇവിടെ നിലനിന്നിരുന്നു. നാടോടി വാങ്മയങ്ങൾ പോലും കാവ്യാത്മകമായിരുന്നു. അതിനർഥം കവിതയെന്ന മാധ്യമത്തിന്റെ വേരുകൾ ജനകീയമായിരുന്നുവെന്നു തന്നെയാണ്. മാധ്യമപരമായ വിശേഷത്വവും പണ്ഡിതജനത്തിന്റെ സ്വന്തം മാധ്യമമെന്ന നിലയുമൊക്കെ പദ്യത്തിനു കൈവരുന്നത്, പിന്നീടുള്ള ചരിത്രത്തിന്റെ വികാസനിയമങ്ങൾക്കനുസരിച്ചാണ്. എല്ലാ ഭാഷകളും വലിയൊരളവോളം കാവ്യാത്മകമാകുന്നുവെന്നത് മനുഷ്യരുടെ സാംസ്കാരികസവിശേഷതയും കൂടിയാണ്. പദ്യം ഒരു പ്രത്യയശാസ്ത്ര സ്ഥാപനമായി രൂപാന്തരം പ്രാപിച്ചപ്പോഴും കവിതയുടെ വഴികൾ വലിയ സാധ്യതകളായി നിലനിന്നിരുന്നു. നാരായണ ഗുരുവിനെപ്പോലൊരാൾ ചിന്തയെ ആവിഷ്കരിക്കാൻ ഗദ്യത്തെയല്ല തിരഞ്ഞെടുത്തത്; പദ്യത്തിന്റെ കാവ്യാത്മകസ്വരൂപത്തെയായിരുന്നു. നവോത്ഥാന സാഹിത്യസമരങ്ങൾ പദ്യമെന്ന സ്ഥാപനത്തോടു കലഹിച്ചു കൊണ്ട് ഗദ്യത്തിന്റെ അസ്തിത്വത്തെ ഉറപ്പിച്ചപ്പോഴും കവിതയുടെ വഴികൾ നീണ്ടു തന്നെ കിടന്നു. സമുദായത്തിന്റെ വിഷംതീനികളായി കേസരി വിശേഷിപ്പിച്ചിരുന്നവരിൽ കവിതാ-ഗദ്യ ഭേദമില്ലല്ലോ. സാഹിത്യസ്ഥാപനത്തിന്റെ ജനാധിപത്യവത്കരണപ്രക്രിയയിൽ ഗദ്യവികാസം മുന്നിൽ നടന്നപ്പോൾ കവിതയും ഒപ്പം സഞ്ചരിച്ചു. എങ്കിലും ഒരു വിനിമയരൂപമെന്ന നിലയിലല്ല, ഉദാത്തമാധ്യമമായാണ് കവിത സ്ഥാപിതമായത്. കവിതയുടെ ഈ ഉദാത്തഭാവത്തിന് പ്രത്യയശാസ്ത്ര സ്വഭാവമാണുണ്ടായിരുന്നത്. പ്രത്യയശാസ്ത്രനിർഭരമായ ഈ ഉദാത്ത പരിവേഷം

കവിത അഭിജാത ന്യൂനപക്ഷത്തിന്റേതെന്ന ധാരണയെ ഊട്ടിയുറപ്പിക്കാനേ ഉപകരിച്ചുള്ളൂ. ഈ പരിവേഷത്തെ മറികടക്കുന്ന വിധ്വംസകശേഷി പല സന്ദർഭങ്ങളിലും പ്രകടമാക്കിയിരുന്നുവെങ്കിലും അവയെല്ലാം മലയാളസാഹിത്യത്തിന്റെ സാമാന്യ പ്രത്യയശാസ്ത്രത്തിനകത്തേക്കു ദത്തെടുക്കപ്പെടുകയാണുണ്ടായത്. കവിതയുടെ ഈ ഉദാത്തഭാവത്തിനു പരിക്കേൽക്കാതെ തന്നെ അനവധി എടുപ്പുകൾ പണിതുയർത്തപ്പെട്ടു. അവ മലയാളിയെ സ്വയം നവീകരിക്കുകയും പരിവർത്തിപ്പിക്കുകയും സ്ഥാപിക്കുകയുമെല്ലാം ചെയ്തു. എന്നാൽ കവിതയുടെ ഉദാത്തഭാവങ്ങൾക്കു പരിക്കേൽക്കുന്നത് ആധുനികതാവാദക്കാരുടെ കല്ലേറുകളോടെയാണ്. പുരോഗമനപ്രസ്ഥാനത്തിന്റെ തുടക്കത്തിൽ സാഹിത്യസ്ഥാപനത്തിന്റെ പ്രത്യയശാസ്ത്ര ഉള്ളടക്കത്തോടുള്ള കലഹത്തിനു സമാനമായിരുന്നു, ആധുനികരുടെ ഈ കവിതാ പ്രവർത്തനം. കവിതയെന്ന മാധ്യമത്തെ ഘടനാപരമായി അഴിച്ചു പണിയുന്നതിൽ മലയാളത്തിലെ ആധുനികത നിർവഹിച്ച പങ്ക് ചെറുതല്ല. ആധുനികതയുടെ ആധികാരിക ഭാഷണങ്ങൾ കവിതയുടെ ഉദാത്തതാപരിവേഷങ്ങൾക്കു മീതെ സ്ഥാപിക്കപ്പെട്ടവയാണ്. പിന്നീട് മലയാളത്തിലെ ആധുനികാനന്തരകവിത അതിജീവിക്കാൻ ശ്രമിച്ചതും ഈ ആധികാരികഭാഷണരൂപങ്ങളെയാണ്. ഉദാത്തതയുടെയും ആധികാരികതയുടെയും ഭാഷണപാരമ്പര്യങ്ങളെ ബഹുദൂരം ആട്ടിപ്പായിച്ചു കൊണ്ടാണ് മലയാളത്തിലെ ആധുനികാനന്തരകവിത രൂപപ്പെട്ടത്. കഴിഞ്ഞ രണ്ടു ദശകങ്ങളിലെ മലയാളകവിത ഈ സമരത്തിന്റെ പ്രത്യക്ഷങ്ങളായി നമുക്കു മുന്നിലുണ്ട്. കവിതയെന്ന മാധ്യമം ജനകീയ വിനിമയരൂപവും ഭാഷയുമായിത്തീരുന്നതിന്റെ സൂചനകൾ ഇക്കാലത്തെ കവിത നമുക്കു നൽകുന്നുണ്ട്. ഭാഷയ്ക്കുള്ളിൽ ഒരു പുതുഭാഷ സൃഷ്ടിക്കുന്നതിന്റെ ദൃശ്യങ്ങളായാണ് അവ വാർന്നുവീണത്. ചെറുപക്ഷസ്വഭാവം (minority) അതിന്റെ ആവിഷ്കാരങ്ങളിലെല്ലാമുണ്ടായിരുന്നു. കവിതയെന്ന ഗണത്തിന്റെ സ്വഭാവവിശേഷങ്ങളിൽ സൂക്ഷ്മമായ മാറ്റങ്ങൾ ഇക്കാലത്തുണ്ടായി. ഉദാത്തതാപരിവേഷങ്ങളോ ആധികാരികതയോ ഇല്ലാതെ കവിത പുന:സംഘടിപ്പിക്കപ്പെട്ടു. ഈ പുന:സംഘാടനത്തെ ശക്തിപ്പെടുത്തുകയും അതേസമയം ലോകവീക്ഷണത്തിലും പ്രമേയപരിചരണത്തിലുമെല്ലാം ഭിന്നമായ വ്യക്തിത്വം പുലർത്തുകയും ചെയ്യുന്ന ഒരു പുതുതരംഗം കവിതയിൽ ശക്തമാകുന്നുണ്ട്. കവിതയെന്ന ഗണത്തെ മാധ്യമപരമായി സ്വതന്ത്രമാക്കിയ തൊട്ടുമുമ്പുള്ള തലമുറയിൽ നിന്ന് ഇവർ വേറിട്ടുനിൽക്കുന്നു. ഈ വേറിടലിന്റെ മാനങ്ങൾ പലതാണ്. ആധുനികാനന്തര കവിതയിൽ നാം കണ്ട ലോകമല്ല, ഈ പുതുതരംഗത്തിന്റെ ആവിഷ്കാരരൂപങ്ങളിൽ സമൃദ്ധമായി കാണുന്നത്. കവിതയെന്ന മാധ്യമം ഒരു സ്വതന്ത്രവിനിമയരൂപമായി ഇവിടെ പരിണമിക്കുന്നു. രേഖീയമായ കവിതാചരിത്രത്തിൽ നിന്നുള്ള ഒരു കുതറിമാറൽ ഈ കവിതകളിൽ കാണുന്നുണ്ട്.

## മഷി മാഞ്ഞുപോകുന്ന കാലത്തിന്റെ കവിത

പുതുതരംഗ കവിതയെ നവമാധ്യമീകൃത കവിത (സുധീഷ് കൊട്ടേമ്പ്രം)യെന്നും പുത്തൻ കവിത (എം.ആർ. വിഷ്ണു പ്രസാദ്) യെന്നുമൊക്കെയാണ് കവികൾ തന്നെ വിശേഷിപ്പിക്കുന്നത്. 2006 ൽ പുതുരൂപ മാറ്റങ്ങളോടെയെത്തിയ ബ്ലോഗുകൾ തുറന്നു വിട്ട ഭൂതമെന്ന നിലയിലാണ് ഇവ നവമാധ്യമീകൃത കവിതയായിത്തീരുന്നത്. കവിതയെഴുതപ്പെട്ട സ്ഥലം (നവസാങ്കേതിക വിദ്യയുടെ ആശയവിനിമയ കവിതകളെയൊക്കെ- ഫേയ്സ്ബുക്ക്, ടിറ്റർ, ബ്ലോഗ്, ഗൂഗിൾ പ്ലസ് തുടങ്ങി സാമൂഹികാശയ വിനിമയ രൂപങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന സൈബർ സ്പേസ്) ഈ പരിണാമത്തെ ശക്തിപ്പെടുത്താനും അവയുടെ വിശേഷങ്ങളെ രൂപപ്പെടുത്താനും നിർണയിക്കാനുമുള്ള ഒരു ഉപാധിയായിത്തീർന്നുവെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഈ ചലനങ്ങൾ ഇന്റർനെറ്റിൽ മാത്രമല്ല, അച്ചടിയിലും ദൃശ്യമാകുന്നുണ്ടെന്നതും പരിഗണിക്കേണ്ടതുണ്ട്. ഈ കാലത്ത് അച്ചടിയിലായ കവിതാപുസ്തകങ്ങളുടെ പെരുക്കം ശ്രദ്ധേയമാണ്. നവമാധ്യമീകരണം മലയാളത്തിന്റെ കവിതാവഴികളിൽ വലിയ ചലനങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. മഷി മാഞ്ഞു പോകുന്ന കാലത്തിന്റെ കവിതയെന്നു സൈബർ കവിതകൾ നേരത്തെ തന്നെ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. 2004–ലാണ് അമേരിക്കൻ പുതുതലമുറ കവിയും നിരൂപകനുമായ *ഡാന ജിയോ* (Dana Gioia- ,Disappearing Ink-Poetry at the end of print culture) എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നത്. മരിച്ചു പോകുന്ന കവിതയെന്ന മാധ്യമം പുതുകാലത്ത് വ്യത്യസ്ത ആവിഷ്കാരരൂപങ്ങളിലൂടെ അതിജീവിക്കുന്നതിനെക്കുറിച്ചുള്ള ലഘുവായ അക്കാദമിക് പ്രബന്ധം മാത്രമായിരുന്നു *ഡാന ജിയോ*യുടെ പുസ്തകം. എങ്കിലും മഷി മാഞ്ഞുപോകുന്ന കാലംഎന്ന പരികല്പനയ്ക്കു പ്രസക്തിയുണ്ട്. അച്ചടി അപ്രസക്തമായിയെന്നു ഇതുകൊണ്ടർഥമാകുന്നില്ല. അച്ചടിയല്ല അച്ചടിയെ കേന്ദ്രമാക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷം അപ്രസക്തമാകുന്നുവെന്നാണ് ഇതിനർഥം. ഒരു പക്ഷേ അച്ചടിയേക്കാൾ പ്രധാനമാണ് മറ്റു മാധ്യമരൂപങ്ങൾ എന്നു പറയാവുന്ന കാലം. മലയാളത്തിലും ഈ മാറ്റം പ്രകടമാണ്. അച്ചടിയെ കേന്ദ്രീകരിക്കുന്ന ഒരു വ്യവഹാരമണ്ഡലം ചരിത്രപരമായി ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. ഈ വ്യവഹാരമണ്ഡലം നവമാധ്യമീകരണത്തോടെ അപ്രസക്തമായിരിക്കുന്നു. മാധ്യമങ്ങളുടെ മണ്ഡലത്തിൽ ഒരു വികേന്ദ്രീകരണം സംഭവിച്ചിരിക്കുന്നുവെന്നു പറയാം. ഈ വികേന്ദ്രീകരണം ആശയാധികാരക്രമത്തിലും എഴുത്തധികാരത്തിന്റെ സ്വഭാവത്തിലും മാറ്റമുണ്ടാക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ നവമാധ്യമവികാസത്തിന്റെ ഫലമായി സാഹിത്യത്തിലുണ്ടായിരിക്കുന്ന മാറ്റം നവമാധ്യമീകരണത്തിന്റെ മാത്രം വിഷയമല്ല. അതു സാഹിത്യമണ്ഡലത്തെയാകെ ബാധിക്കുന്നതും സാഹിത്യമണ്ഡലത്തിന്റെ (literary field) വിചാരസ്വരൂപത്തെത്തന്നെ ബാധിക്കുന്നതുമാണ്.

സാഹിത്യ മണ്ഡലത്തിലുണ്ടായ ഈ ഘടനാപരമായ പരിണാമമാണ് മല യാളത്തിലെ നവതരംഗകവിതയുടെ വിശേഷങ്ങളെ നിർണയിക്കുന്നത്. ആധുനികാനന്തര കവിതയിൽ നിന്നു പല മട്ടിലും വേറിടൽ പ്രഖ്യാപിച്ച ഒരു പുതുതരംഗകവിത ഇവിടെ രൂപപ്പെട്ടിരിക്കുന്നുവെന്നതു തന്നെ പ്രധാ നം. ഈ പുതുതരംഗം കവിതയെന്ന വിനിമയരൂപത്തിലൂടെ ശ്വസിക്കുന്ന തലമുറയാണ് ഇന്നുള്ളത്. അവരാകട്ടെ പോയ നൂറ്റാണ്ടിൽ രൂപമാർന്ന മനുഷ്യസങ്കല്പത്തെയാകെ കുടിയൊഴിക്കുകയും കവിതയിൽ ശ്വസിച്ച് കവിതയിൽ ഭക്ഷിച്ച് മരിച്ച് വിസർജിച്ച് ഒരു കാവ്യോപജീവിയായി പുതിയ തരം പ്രതിരോധഭാവനകളെ ഉത്പാദിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മലയാളത്തിലെ ഈ നവതരംഗ കവിതയുടെ ഉദാഹരണമായി കുറേ പേരെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. വിഷ്ണുപ്രസാദ്, എം.ആർ.വിഷ്ണു പ്രസാദ്, സുധീഷ് കൊട്ടേമ്പ്രം, ലതീഷ് മോഹൻ, ടി.പി.വിനോദ്, ഹരിശ ങ്കർ കർത്താ, നാസർ കടിക്കാട്, എം.ആർ.വിബിൻ, കലേഷ് സോമൻ, പി. എ.അനീഷ്, ജ്യോനവൻ, കെ.എം.പ്രമോദ്, കുഴൂർ വിത്സൺ, പത്മബാ ബു, അനൂപ് ചുള്ളിയോട്, അരുൺ പ്രസാദ്, സെറീന, ദേവസേന, എം.ജി. രവികുമാർ, വി.ബി.ഷൈജു, ഡോണ മയൂര, യാസർ, സിന്ധു കെ.വി, ടി. പി.അനിൽകുമാർ, രാജേഷ് ചിത്തിര, നാസർ കൂട്ടാളി, വാസുദേവൻ കോറോം, അഭിരാമി, സ്മിത മീനാക്ഷി, എം.ബി.മനോജ്, സന്തോഷ് കോട നാട്, അനൂപ് ചന്ദ്രൻ, കെ.സി.മഹേഷ്, അജീഷ് ദാസൻ, പി.കെ.ശ്രീകു മാർ, ബിന്ദു കൃഷ്ണൻ, ഗിരിജ പാതേക്കര, ശ്രീജിത്ത് അരിയല്ലൂർ, നിരഞ്ജൻ, എം.ആർ.രേണുകുമാർ, ബിജു കാഞ്ഞങ്ങാട്, സോമൻ കടലൂർ, വൈശാഖ് സുഗുണൻ, വിജില എന്നിങ്ങനെ നിരവധിയനവധി പേരുകാർ ഈ കവിതാതരംഗത്തിലെ കണ്ണികളാണ്. എൻ.പ്രഭാകരനും കല്പറ്റ നാരാ യണനും ഈ കാവ്യതരംഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ട പഴയ എഴുത്തുകാരാണ്. കവിതയിൽ അവർ ഏറ്റവും പുതുമക്കാരുടെ സ്വഭാവ വിശേഷങ്ങളാണ് പ്രകടമാക്കുന്നത്. പഴയ കവികളെല്ലാം ഈ കാലത്തോടെ അപ്രസക്തരായി എന്നൊന്നും ഇവിടെ വിവക്ഷയില്ല. പുതുതരംഗത്തോടു വിനിമയം നിലനിർത്തുന്ന ഇവർ അതോടൊപ്പം നവീനത കവിതയിൽ പ്രക ടിപ്പിക്കുന്നുമുണ്ട്. ചിലർ ഒരു പടികൂടി കടന്ന് നവതരംഗത്തിന്റെ വിനിമയ രീതികളിലേക്കു ബോധപൂർവ്വം മാറുക തന്നെ ചെയ്തു. പുതുതരംഗ തല മുറയെ സംബന്ധിച്ചിടത്തോളം കവിത ഒരു ശരീരാവയവത്തെപ്പോലെ പെരു മാറുന്നു. ഇന്ദ്രിയങ്ങളിലൂടെ ലോകത്തെ സ്പർശിക്കുന്ന വിധം സ്വാഭാവിക മായാണ് അവർ കവിതയിൽ ഇടപെടുന്നത്. കാവ്യപ്രവർത്തനം ശരീരപ്രവർത്തനം തന്നെയായിത്തീരുന്നു.

കവിതയെന്ന ഗണം തന്നെയാണ് ഇവിടെ ശ്രദ്ധേയമായിരിക്കുന്നത്. കവിത ചിരപരിചിതമായ ഒരു വിനിമയരൂപമായി പരിണമിക്കുന്നു. കരയാനും ചിരിക്കാനും തോന്നാനുമുള്ള അതിസാധാരണമായ ഒരു വിനിമയരൂപം. ഇട പെടുന്ന ഏതൊരാൾക്കും കുറച്ചു നേരത്തേ അനുശീലനംകൊണ്ടു സ്വായ

ത്തമാക്കാവുന്ന ഭാഷയായി കവിത രൂപംമാറിയിരിക്കുന്നു. കാലങ്ങളിലൂടെ കവിതയ്ക്കുണ്ടായിരുന്ന ഉദാത്തതാപരിവേഷം നിലംപരിശായിരിക്കുന്നു. ആർക്കുമെഴുതാവുന്നത്, ഒരാൾക്ക് എത്ര വേണമെങ്കിലും പടയ്ക്കാവുന്നത് എന്നിങ്ങനെയുള്ള സാമാന്യവാദങ്ങൾ കൊണ്ട് ഈ കവിതാവികാസത്തെ മറച്ചു വെക്കാനാവില്ല. ആവിഷ്കാരത്തിന്റെ പെരുക്കം മാധ്യമപരമായ പരിവർത്തനത്തിന്റെ സൂചനയാണെന്നു ബോധ്യമുള്ളവർക്ക് പുതുതരംഗ കവിതയുടെ സ്പന്ദം അനുഭവവേദ്യമാവുക തന്നെ ചെയ്യും. ഇവിടെ നെല്ലും പതിരും വേർതിരിക്കേണ്ടതില്ലേയെന്നു സംശയം വരാം. നെല്ലും പതിരും അതിൽത്തന്നെ വേർതിരിയുന്ന ഒരു പരിണാമമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു പക്ഷേ കവിതയുടെ ഈ നവതരംഗം അവയുടെ ശില്പരൂപങ്ങളെയും ഭദ്രമായ ആവിഷ്കാരതന്ത്രങ്ങളെയുമെല്ലാം നിരന്തരം രൂപപ്പെടുത്തുകയും പുതുക്കിയെടുക്കുകയും ചെയ്യുന്നുണ്ട്. ഈ കവികളെ സൂക്ഷ്മമായി പിന്തുടരുന്നവർക്ക് ഈ വികാസം അനുഭവവേദ്യമാണ്. അത്തരം മാധ്യമജാഗ്രതയിലേക്കു കവിതയെ കൊണ്ടുപോകുന്ന ഇടപെടലുകൾ, അതിനുള്ള സാധ്യതകൾ നവമാധ്യമരംഗം നൽകുന്നുണ്ട്.

സമീപകാലത്തെഴുതപ്പെട്ട അഞ്ച് മികച്ച കവിതകളുടെ സൂക്ഷ്മവിശകലനം ഈ കാവ്യവഴികളെ വിശദമാക്കും. കാഴ്ചയുടെ *അതാര്യസ്തരം ഒന്നു പൊട്ടിക്കയേ വേണ്ടൂ* (വിഷ്ണു പ്രസാദ്) www.sevidadmore.com (അനൂപ്.കെ.ആർ) *അവൾ/ചില ബഹിരാകാശയാത്രകൾ* (സിന്ധു.കെ.വി.) *റിഹാന* (സുജീഷ്.എൻ.എം)*അയാൾ/ഇയാൾ*(എം.ആർ.വിഷ്ണുപ്രസാദ്) ഈ അഞ്ചു കവിതകളും പുതുതരംഗകവിതയുടെ വഴി വെട്ടുകയും നിശിതമാക്കുകയും ചെയ്യുന്നുണ്ട്. എം.ആർ.വിഷ്ണുപ്രസാദും അനൂപും വിധ്വംസകമായ ആഖ്യാനവും നവീനതയും ശബ്ദഘോഷത്തോടെ മുഴക്കുമ്പോൾ; സുജീഷും വിഷ്ണുവും സിന്ധുവും കാവ്യദർശനത്തെ ആത്മവിശ്വാസത്തോടെ തെളിയിച്ചെടുക്കുന്നു. ഈ അഞ്ചുപേരും പുതുതരംഗ കവിതയിലെ ശ്രദ്ധേയമായ സാന്നിധ്യങ്ങളാണ്.

നാലാമത്തെ ദിവസം പ്രഭാതത്തിൽ ഞാനാമുറി തുറന്നു.
ആ മുറി നിറയെ പരതി നടക്കുകയാണ് കണ്ണുകൾ.
അടച്ചിട്ട ജനലിന്റെ അഴികളിൽ
മുകളിലെ ഉത്തരത്തിൽ, കഴുക്കോലിൽ എല്ലാം
അവ ചുറ്റിപ്പിടിച്ച് ഇരിക്കുന്നു.
എല്ലാറ്റിനോടും
ഞാൻ കുട്ടയിൽ കയറിയിരിക്കാൻ പറഞ്ഞു.
അവ അനുസരിച്ചു.
കുട്ടയുമെടുത്തു ഞാൻ പുറത്തേക്കിറങ്ങി.
താഴ്വരയിലെ വള്ളിച്ചെടികളുടെ ഇലകൾക്കു പകരം
കണ്ണുകളായാലെന്തെന്ന് ഞാൻ ചിന്തിച്ചു.

വള്ളിച്ചെടികൾ ഇലകൾക്കുപകരം
കണ്ണുകൾ ഇളകി നിന്നു.
ഞാൻ പിന്നെയും നടന്നു.
നിർജീവമായ പാതയെ
ഞാൻ ദയാപുരസ്സരം നോക്കി.
അതു കണ്ണുകളുടെ ഒരു പാതയായിത്തീർന്നു
കണ്ണുകൾ കൊണ്ടു ഞാൻ ലോകത്തെ പുതുക്കി
കണ്ണുകൾ ചേർത്തു വെച്ചു മനുഷ്യരെ ഉണ്ടാക്കി
മഴയത്ത് ഉടമസ്ഥർ അഴിച്ചു പോകാതെ
കരഞ്ഞു കൊണ്ടിരിക്കുന്ന ആ പശുവരെ ഇപ്പോൾ
കണ്ണുകൾ കൊണ്ട് ഉണ്ടാക്കിയതാണ്.
കണ്ണുകളുടെ പാതയിലൂടെ
കണ്ണുകളുടെ കെട്ടിടങ്ങൾ കടന്ന്
കണ്ണുകളുടെ പാലത്തിലൂടെ
കണ്ണുകളുടെ ഒരു നദികൊണ്ട്
കണ്ണുകൾ നിറഞ്ഞ മരങ്ങളും താഴ്വരകളും കടന്ന്
കണ്ണുകളുടെ ഒരു ജലപാതത്തിലേക്ക് തെന്നിവീണു.
എന്റെ കുട്ടയും ഞാനും
കോടിക്കണക്കിനു കണ്ണുകളായി ചിതറി
കാടിന്റെ പച്ചയ്ക്കും ആകാശത്തിന്റെ നീലയ്ക്കുമിടയിൽ

അസംബന്ധവും യാഥാർഥ്യവുമെല്ലാം ചേർന്ന ശില്പകൗശലമാണ് ഈ കവിതയെ സവിശേഷമാക്കുന്നത്. കാഴ്ചയുടെ അതാര്യസ്തരം പൊട്ടിച്ചുകൊണ്ടു ദർശനദീപ്തിയിലേക്കു കുടിയേറുകയാണ് കവി. സ്വപ്നങ്ങളെ മനസ്സിന്റെ ആഖ്യാനമായി വായിക്കുന്ന ആധുനികരുടെ സമീപനമല്ല, കവിതയിൽ. കവിതയിലുടനീളം ശരീരിയായ കവിയുടെ അയുക്തി യാത്രകളാണ്. ചിതറുന്ന കാഴ്ചകളുടെ ലോകത്തിൽ ശരീരിയായ കവിയുടെ യാത്രയായി ഈ കവിതയെ വായിക്കാം. ഇന്ദ്രിയാത്മകത്വം (sensuality) പുതുകവിയെ സംബന്ധിച്ചിടത്തോളം അസ്തിത്വവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ദ്രിയപ്രവർത്തനങ്ങളെയും ശരീരിയായ നിലനിൽപിനെയും രണ്ടാം തരമാക്കുന്ന മനോനിലയിൽ അയാൾക്കു വിശ്വാസമൊട്ടുമില്ല. മനുഷ്യരാശി രൂപീകരിച്ചെടുത്ത ആശയവ്യവസ്ഥയിലെ ധാരണകൾ പലതും തനതായിരുന്നില്ല എന്നയാൾ മനസ്സിലാക്കുന്നു. കണ്ട കാഴ്ചകൾ കാഴ്ചയുടെ അതാര്യമായ ഒരു സ്തരം കൊണ്ട് നിയന്ത്രിതമായിരുന്നുവെന്ന് കവിക്കു തോന്നുന്നത് അതുകൊണ്ടാണ്.

കാഴ്ചയുടെ അതാര്യസ്തരം
ഒന്നു പൊട്ടിക്കയേ വേണ്ടൂ.
ഒരിക്കലും തുറക്കാത്ത ആ ജനൽ

ഒന്നു തുറക്കയേ വേണ്ടൂ..
കാലം ഒന്നല്ല, പലതാണെന്നും
ഓരോരോ കാലത്തിനും
അതാതിന്റെ ജീവിതം നയിക്കാനുള്ള
ഇടമുണ്ടെന്നും ബോധ്യമുണ്ടാവും.

കാഴ്ചയുടെ അതാര്യസ്തരം യാന്ത്രിക ആശയവാദചരിത്രം രൂപീകരിച്ചെടുത്ത ആശയവ്യവസ്ഥ തന്നെയാണ്. ഭൗതികേതരവും ശാരീരാതീവുമായആഖ്യാനവ്യവസ്ഥയിൽനിന്നും ആശയലോകത്തിൽ നിന്നും സ്വയം മോചിപ്പിച്ചുകൊണ്ട് തികച്ചും ജൈവമായ ഒരു ജീവിതത്തെ കണ്ടെടുക്കാൻ പുതുതരംഗകവി പരിശ്രമിക്കുന്നു. യന്ത്രയുഗത്തിലെ മനുഷ്യശരീരങ്ങൾ യന്ത്രക്കോയ്മയിൽ വീർപ്പുമുട്ടുന്നവരും കർതൃത്വനഷ്ടം സംഭവിച്ചവരുമാണെന്ന പരമ്പരാഗത ധാരണ ഇവിടെ അട്ടിമറിക്കപ്പെടുന്നു. സർഗാത്മക മനുഷ്യത്വത്തിന്റെ ഉയിർന്നെഴുന്നേൽപ്പ് ഇവിടെ ദൃശ്യമാണെന്നതാണ് ഈ കവിതകളിൽ പൊതുവിൽ കാണുന്ന ലക്ഷണം. ദൈനംദിന ജീവിതവും സാമൂഹികമായ ജീവിതവും വൈയക്തികമായ അനുഭവപ്രപഞ്ചവും വൈകാരി കാനുഭവങ്ങളുടെ ചിത്രങ്ങളുമെല്ലാം അസ്വാഭാവികമല്ലാത്ത കാവ്യഭാഷണങ്ങളായി പുതുതരംഗകവിതയിൽ പ്രകാശിക്കുന്നു.

സിന്ധു.കെ.വി. എഴുതുന്നത് വീട്ടുജീവിതത്തിലെ അനുഭൂതി ദൃശ്യങ്ങളാണ്. *അവൾ/ചില ബഹിരാകാശയാത്രകൾ* എന്ന കവിതയിൽ സിന്ധു ഒരു ബഹിരാകാശക്കാഴ്ചയാണ് അവതരിപ്പിക്കുന്നത്. വീടിന്റെ അർഥങ്ങൾ അഴിഞ്ഞുവീഴുന്ന ദൃശ്യം കവിതയിൽ സൗന്ദര്യത്തിന്റെ നടനമായി മാറുന്നു. വീടിനെ യുക്തിഭദ്രതയോടെ നിലനിർത്തുന്ന എല്ലാത്തരം അർഥങ്ങളും അഴിഞ്ഞുവീഴുകയും വീടുതന്നെ നൃത്തം ചെയ്യുന്ന ഉടലായി മാറുകയും ചെയ്യുന്ന അത്ഭുതമാണത്.

നൃത്തം ചെയ്യുകയാണ് വീട്
തെളിമയാർന്ന ഒരു അനിമേഷൻ ചിത്രംപോലെ

വീടും വീട്ടകവുമെന്ന അർഥരൂപീകരണത്തെ നൃത്തം ചെയ്യിക്കുവാനുള്ള പരിശ്രമം, അവയുടെ പ്രതിഷ്ഠയെ ഇളക്കി ബഹിരാകാശത്തെത്തിക്കാനുള്ള ആഗ്രഹം മൗലികമായ ഇത്തരം ശ്രമങ്ങളാണ് കവിതയെ ജീവിതമുള്ളതാക്കിമാറ്റുന്നത്.

വലിഞ്ഞു മുറുകുന്ന അയാളുടെ ഞരമ്പുകൾപോലെ അവർ
അയാൾ വലിച്ചുകെട്ടി
മുറ്റത്തു നിറയെ അയാൾ.
തനിക്കുമേലെ
പരസ്പരം പിണയാതെ പാകിയ അയകൾ
മുറ്റം വിടർന്ന കണ്ണാലെ നോക്കി,

പരന്ന മുറ്റം മൈതാനമല്ലെന്ന്.
അവൾ മുറ്റത്തെ ശാസിച്ചു.

അവളുടെ ബഹിരാകാശ യാത്രയെന്ന പേര് കവിതയ്ക്കു ചേരുന്നതങ്ങനെയാണ്. അവളുടെ ബഹിരാകാശം കവിത തന്നെയാണ്. കവിതയിലേക്കുള്ള യാത്രകളിലാണ് തന്റെ ഉണ്മ തീവ്രമായിത്തീരുന്നുവെന്നു തിരിച്ചറിയുന്ന ആത്മസാന്നിധ്യമാണത്. ഈ ആത്മാവ് ഇന്ദ്രിയാനുഭവങ്ങളിലൂടെ, ദൈനംദിനജീവിതാംശങ്ങളിലൂടെ അവളിൽ രൂപപ്പെട്ട സത്തതന്നെ. പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ സാമൂഹ്യാർഥങ്ങൾ രൂപപ്പെടുത്തിയ വീടിനെ വീട് എന്ന പ്രതീകവ്യവസ്ഥയെ അയുക്തികമാക്കി അവതരിപ്പിക്കുന്ന രാഷ്ട്രീയമാണ് ഈ കവിതയെ വേറിട്ടതാക്കുന്നത്. വീട് അസംബന്ധമായിത്തീരുമ്പോൾ വീട് എന്ന പ്രതീകവ്യവസ്ഥയെ രൂപപ്പെടുത്തിയ ആശയവ്യവസ്ഥയാകെ അസംബന്ധമായിത്തീരുന്നു. സിന്ധുവിന്റെ കവിതയുടെ തുടർച്ച *റിഹാന* എന്ന കവിതയിൽ സുജിഷ്. എൻ.എം. അവതരിപ്പിക്കുന്നുണ്ട്. പെൺകാഴ്ചയുടെ ഒരു ആൺപൂരണമായി റിഹാനഎന്ന കവിത മാറുന്നു.

ഒറ്റ മുറി മാത്രമുള്ള
ഓലമേഞ്ഞ വീട്ടിൽ
നഗരങ്ങളെ പാട്ടുപാടി വശീകരിച്ച
പെൺകുട്ടിയുമായ് തിരിച്ചെത്തുമ്പോൾ
ചാണകം മെഴുകിയ
ചവിട്ടുപടികളിലിരുന്ന്
കാച്ചെണ്ണ തേച്ച്
കറുപ്പിച്ചെടുക്കുമായിരിക്കും
ഞാനവളുടെ മുടി.
മധ്യാഹ്നങ്ങളിൽ
മുടിയിഴകളെ ഓരോന്നായ്
എണ്ണിയെടുക്കുന്നതിനിടയിൽ
കണ്ടെടുക്കുന്ന പേനുകളെ
കൊന്നൊടുക്കി
അവളുടെ ശരീരമെന്റെ മാത്രം
വീടാണെന്നവകാശപ്പെടും.

അവളുടെ ശരീരത്തെ സ്വന്തം വീടാക്കിമാറ്റുന്ന ആശയസ്വരൂപമാണയാൾ. വിരസതയെ മറിച്ചുകടക്കാനുള്ള അയാളുടെ പരിശ്രമം തന്നെത്തന്നെ സുതാര്യമാക്കി മാറ്റുന്നു. ആത്മപ്രതിഫലന (self reflexivity) ത്തിന്റെ സ്വഭാവമുണ്ടതിന്. തന്റെ സ്വത്വഘടനകളെ വ്യാജമാക്കിക്കൊണ്ട് ആദർശപൗരുഷത്വത്തെ ആവിഷ്കരിക്കാത്ത കാവ്യസ്വരൂപമാണ് പുതുതരംഗകവിത സ്വീകരിക്കുന്നത്. അയാളിലെ സംസ്കാരസ്വരൂപത്തെ കണ്ടെത്തുകയും ആവിഷ്കരിക്കുകയും ചെയ്യുകയാണ് പുതുതരംഗകവി. ഒരു

വിലാപത്തിന്റെ സ്വഭാവത്തിൽ അനുഭവങ്ങളിലേക്കു പ്രവേശിക്കുകയും അവയുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആധികാരികത സ്വയംകല്പിച്ച് ആത്മകേന്ദ്രിതമായ ആഖ്യാനത്തിലേക്ക് വഴുതിവീഴുന്ന പഴയ രീതിയിലേക്ക് ഈ കവിതകൾ വഴി മാറുന്നില്ല. കെ.ആർ. അനൂപ് എന്ന പുതുതരംഗ കവി *www.sevidosed more.com* എന്ന കവിതയിൽ ഈ ആഖ്യാനസങ്കീർണതയും പുതുമയും അനുഭവപ്പെടുത്തുന്നുണ്ട്.

രാത്രി
തലച്ചോറിൽ ഒരു മെസേജ് റിസീവ്
ചെയ്തതാണ്.
സെവിഡോസ്ഡ്മോർ എന്ന വെബ്സൈറ്റിലേക്കുള്ള ലിങ്ക്
ഓപ്പൺ ചെയ്തത് ഓർമയുണ്ട്.
ഹോം ഒരു നഗരമാണ്
നിങ്ങളുടെ മുഖമുള്ള എല്ലാവരുമുണ്ട്.
നിങ്ങളുടെ നിങ്ങൾ
വന്യജീവികളുടെ നഗരം
ഹോമിൽ നിന്ന് എല്ലാ ലിങ്കുകളും
ഓരോ തെരുവിലേക്ക്
ഓരോ തെരുവിൽ നിന്നും അദൃശ്യമായ വഴികൾ

സങ്കീർണതയുടെ ഒരു യാഥാർഥ ചിത്രം കവി വരയ്ക്കുന്നു. അവയവഘടനയും യന്ത്രസംവിധാനങ്ങളും ഒരു സോഫ്റ്റ്വെയർ പാക്കേജിൽ ഒരുമിച്ച് ബന്ധിക്കപ്പെട്ട അനുഭവമാണിത്. ഒരു സൈബോർഗിയൻ അനുഭവത്തിന്റെ മാതൃകയിൽ കമ്പ്യൂട്ടറിൽ നിന്നു തലച്ചോറിലേക്കും തലച്ചോറിൽനിന്നു മറ്റു തലച്ചോറുകളിലേക്കും ആശയപ്രവാഹം സാധ്യമാക്കുന്നു കവിത. സ്വപ്നത്തിന്റെ ഘടനയിൽ എഴുതിയ ഈ കവിത അസാധാരണമായ ഒരു വായനാനുഭവമായി മാറുന്നത് അതുകൊണ്ടാണ്. സൈൻഔട്ട് ഓപ്ഷനില്ലാത്ത വെബുകളിൽ അകപ്പെട്ട സ്വത്വാംശമാണ് ഈ സൈബോർഗിയൻ കവിത. ചരിത്രവും പ്രാചീനതയും സാങ്കേതികലോകവുമെല്ലാം ചേർന്നു വീർപ്പുമുട്ടിക്കുന്ന ഒരു സ്വരൂപം.

നിന്റൊപ്പമുള്ളവരോടു ചോദിക്കൂ
ഓക്യം എന്ന നഗരത്തിൽ നിന്ന്
സെവിഡോസെഡ്മോർ എന്ന രാജ്യത്തിൽ നിന്ന്
സൈൻ ഔട്ട് ഓപ്ഷൻ എവിടെയാണ്?

ഭീതമായ ഈ ചോദ്യത്തിലാണ് കവിത അവസാനിക്കുന്നത്. ഈ ഭീതാവസ്ഥയുടെ ശരീരരൂപകം എം.ആർ.വിഷ്ണുപ്രസാദ് മറ്റൊരു കവിതയിൽ അവതരിപ്പിക്കുന്നു. അയാൾ/ഇയാൾ എന്ന കവിതയിൽ അത് രൂപപ്പെടുന്നു.

എനിക്കു പേടിയാണ് അവളുടെ ശരീരം
എന്ന ബോർഡ് കിടയ്ക്ക

മുകളില് തൂക്കിയിട്ട്, തൊലിപ്പുറമാകെ
റീച്ചാർജ്ജു കൂപ്പണുകളുള്ള
ഇയാൾ ഉറങ്ങാൻ ശ്രമിക്കുന്നു.

ആസക്തിയുടെ പ്രളയജലത്തിൽ മുങ്ങിപ്പോയ ശരീരമാണയാൾ/ ഇയാൾ! തൊലിപ്പുറമാകെ റീച്ചാർജ്ജു കൂപ്പണുകളുള്ള ഇയാൾ എന്നാണ് കവി രേഖപ്പെടുത്തുന്നത്. ഫോണിലൂടെയുള്ള ആശയവിനിമയം സത്തയുടെ അതിവ്യാപനമായി മാറുന്ന കാലത്ത് സെൽഫോൺ ആശയവിനിമയത്തിന്റെ പ്രതീകം മാത്രമായിരിക്കില്ല. ലാന്റ് ലൈനും മൊബൈലും ആശയവിനിമയ ത്തിന്റെ രണ്ടു മൂല്യവ്യവസ്ഥകളെയും രീതിവ്യവസ്ഥകളെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. രണ്ടുപകരണങ്ങളും വ്യക്തിഗത ആശയവിനിമയത്തിൽ വലിയ വിപ്ലവ മാണുണ്ടാക്കിയത്. വ്യക്തിയേയും കൂട്ടത്തേയും ഇണക്കുന്ന ഒരു കണ്ണിയും (സ്വകാ ര്യതയെ പരിഗണിച്ചുകൊണ്ടുതന്നെ) ലാന്റ് ലൈനിലുണ്ടായിരുന്നു. മാർഷൽ മക്‌ലൂഹൻ ചെവിയുടെ അപരരൂപമായി ഫോണിനെ രേഖപ്പെടുത്തുന്നുണ്ട്. മൊബൈൽ ഫോണാകട്ടെ ഹൃദയത്തിന്റെ തന്നെ രൂപകമായിയെന്നതാണ് വലിയ പരി ണാമം. അയാൾ/ഇയാൾ എന്ന കവിതയിൽ ഈ രൂപകം എല്ലാ ജൈവോർജങ്ങളേയും ചോർത്തിക്കളയുന്നു. കാമുകിയുടെ ശരീരത്തെ ഭയക്കുന്ന അയാളുടെ ആന്തരമനസ്സ് ഒരു സാമൂഹിക ഉത്പന്നം തന്നെയാണെന്ന തീവ്രനിലപാടിലാണ് കവിതയിലെ ആത്മ പ്രതിഫലനം പൂർണമാകുന്നത്.

പുതുതരംഗകാലത്തെ കവിത മലയാളത്തിനുള്ളിലെ പുതുമലയാ ളമായി പ്രവർത്തിക്കുന്നു. കവിത ഭാഷയ്ക്കുള്ളിലെ ഭാഷയായിത്തീരുന്ന പുതുതരംഗ പരിണാമമാണത്. നിങ്ങൾക്ക് കവിതയിലൂടെ മിണ്ടാം, കാണാം, കേൾക്കാം, ഉരുമ്മാം, വഴക്കടിക്കാം. കവിതയിലും പാരസ്പര്യം നിലനിർത്താം എന്നാണതിനർഥം. ഫേയ്സ്ബുക്ക് സ്റ്റാറ്റസുകളായി പിറന്നുവീഴുന്ന കവി തകളുടെ ലൈക്കിൽ നിന്നു തുടങ്ങി പ്രതികരണങ്ങളിലൂടെ കാവ്യഭാഷ ചിതറിയും പരന്നും വീഴുന്നു. കവിതയ്ക്ക് കവിത കൊണ്ടുള്ള മറുപടികൾ ധാരാ ളം. കവിതയിൽ സംസാരിക്കുന്ന പലയാളുകൾ എന്ന നിലയിലല്ല, കവിതയെന്ന ഭാഷ യിൽ ഇടപെടുന്ന പലർ എന്ന നിലയിലാണിത്. കാവ്യചരിത്രത്തിലെ എല്ലാത്തരം ഉദാത്തതാഭാവങ്ങളേയും കടഞ്ഞെറിയുന്ന പുതുതരംഗ കവിത, കൊളോണിയൽ ആഖ്യാനരൂപങ്ങൾക്കും മുമ്പേയുള്ള കാവ്യോർജത്തെയാണ് ഉപജീവിക്കു ന്നതെന്നും തോന്നുംവിധം സ്വാഭാവികമാണ് ഈ കാവ്യപരിവർത്തനം. ഈ അർഥത്തിൽ ഈ കവിതാതരംഗത്തിന് മൂന്നുതലമുറയല്ല (സച്ചിദാനന്ദൻ) നൂറ്റാണ്ടു കളോളം പടർന്ന വേരുകളുണ്ട്. അതിവാദമെന്നു തോന്നിച്ചേക്കാമെങ്കിലും കാവ്യരൂ പങ്ങളിലെ ഈ സ്വാച്ഛന്ദ്യവും പരിവേഷങ്ങളഴിച്ചുവെച്ചുള്ള വിനിമയവും മാധ്യ മവികാസവും മറ്റെന്തിനെയാണ് ഓർമിപ്പിക്കുന്നത്. ഈയർഥത്തിൽ ഡിജി റ്റൽ സ്പേസിലെ അപകോളനീകരണത്തിന്റെ രംഗവേദികൂടിയാണ് പുതു തരംഗ കവിതാരംഗം.

സൈബർ സ്പേസും കവിതയും തമ്മിലുള്ള ബന്ധത്തിന്റെ സൂക്ഷ്മതകൾ പരിശോധിക്കാതെ ഈ പ്രകരണം പൂർത്തിയാകില്ല. 2006 ൽ ആണ് ബ്ലോഗുകൾ സജീവമാകുന്നത്. തുടർന്ന് രണ്ടോമൂന്നോ വർഷത്തിനകം തന്നെ ചേലുള്ള മലയാളത്തെ കുമ്പിളിലൊതുക്കത്തക്ക സൗകുമാര്യം സൈബർ സ്പേസിനു വന്നുകഴിഞ്ഞു. മലയാളകവിതയിലെ പുതുതരംഗത്തിന്റെ ഭൗതികാസ്പദം ഒരുങ്ങുന്നതങ്ങനെയാണ്. ഇലക്ട്രോണിക് മുതലാളിത്തവും സൈബർസ്പേസും തമ്മിലുള്ള ഗാഢബന്ധം നിലനിൽക്കുമ്പേൾത്തന്നെ കമ്പ്യൂട്ടറുകൾ കാവ്യോത്പാദന യന്ത്രങ്ങളായിത്തീരുന്നതിന്റെ യുക്തി വിശകലനംചെയ്യപ്പേടേണ്ടതുണ്ട്. സൈബർ സ്പേസിൽ ഇടപെടുന്ന മനുഷ്യൻ ഇരട്ടമനുഷ്യൻമാരാണ് (Doubled). കലയും സാഹിത്യവും ഈ ഇരട്ടത്വത്തിന്റെ അടിസ്ഥാനാവിഷ്കാരങ്ങളാണ്. ആവിഷ്കാരങ്ങൾ യാഥാർഥ്യത്തിന്റെ പ്രതിനിധാനങ്ങളാണെന്നതും ആലോചനകൾ കുടിയൊഴിപ്പിക്കപ്പെട്ടുകഴിഞ്ഞു. യന്ത്രയുഗം മാനവികതയുടെ അന്ത്യം കുറിക്കുമെന്ന ഭീതി കമ്പ്യൂട്ടർസാങ്കേതികവിദ്യയുടെ ആരംഭത്തിൽത്തന്നെ സജീവമാകുന്നുണ്ട്. എന്നാൽ സാങ്കേതികവിദ്യയും മനുഷ്യനും തമ്മിലുള്ള ബന്ധം അടിസ്ഥാനപരമായി മനുഷ്യശേഷിയെത്തന്നെയാണ് ആശ്രയിക്കുന്നതെന്ന തിരിച്ചറിവോടെ മനുഷ്യവികാസവും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം പുതിയ കാഴ്ചയിൽ മനസ്സിലാക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ചിന്താലോകത്തെയെത്തിച്ചു. ചിന്താചരിത്രത്തിലെ ദെലേസിയൻ യുഗം മനുഷ്യജീവിയുടേയും പ്രകൃതിയുടെയും സ്വതസിദ്ധത്വത്തെ അർഥവത്തായി പുനരുത്പാദിപ്പിച്ചുകൊണ്ട് സർഗാത്മകഭൗതികവാദത്തിനു തുടർച്ചയുണ്ടാക്കി. സാമ്പ്രദായികമായ ഛായാവാദത്തി (Representationalism) ന്റെ പരിമിതികളെ ഉല്ലംഘിച്ചുകൊണ്ട് ശാരീരികമായ മനുഷ്യന്റെ രൂപാന്തരങ്ങളെ ഉറപ്പിച്ചു. സൈബർസ്പേസിൽ മനുഷ്യപ്രവർത്തനം ഒരു പ്രതിനിധാനവൃത്തിയല്ല. മനുഷ്യശേഷിയുടെ, സർഗാത്മകതയുടെ ഉയർന്ന തരം ആവിഷ്കാരമാണ്. ആധിപത്യത്തിന്റെ അടരുകളോടു കലഹിക്കാനുള്ള ആദ്യപടിയാണത്. അതിനാൽ സൈബർ സ്പേസിൽ എഴുതപ്പെടുന്ന ഓരോവാക്കും ഒരു രാഷ്ട്രീയപ്രവർത്തനമാണ്. മുതലാളിത്ത ലോകത്തിൽ വസ്തുവത്കരണത്തിന് (Commoditication) വിധേയമാകാൻ വിസമ്മതിക്കുന്ന സർഗാത്മകതയുടെ രാഷ്ട്രീയം. ഒരു പുതുമനുഷ്യന്റെ പിറവി ഇവിടെ ഉറപ്പിക്കുന്നു. അതിനാൽ കവിതയിൽ ശ്വസിക്കുന്ന തലമുറ ജീവിതം തുടരട്ടെ.

# 11. ടെലിവിഷൻ സംസ്കാരത്തിന്റെ ജനപ്രിയമാനങ്ങൾ

## സുനിൽ ജോസ്

സംസ്കാരം എന്ന പദത്തിന് ശുദ്ധീകരണം, വിദ്യാഭ്യാസം കൊണ്ടും മറ്റും മനസ്സിനുണ്ടാകുന്ന പ്രഭാവം, ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി, പാകപ്പെടുത്തൽ, പൂർത്തിയാക്കൽ, (ശവം)അടക്കം ചെയ്യൽ, തയ്യാറാക്കൽ, വിശുദ്ധകർമം എന്നും മറ്റുമുള്ള അർഥങ്ങളാണ് ശബ്ദതാരാവലി നല്കുന്നത് (2008: പുറം 1695, 1696). 1923–ൽ പ്രസിദ്ധീകരിച്ച ശബ്ദതാരാവലിയുടെ ഒന്നാം പതിപ്പിൽ സംസ്കാരം എന്ന വാക്കിന് ഇന്ന് നാം ഉദ്ദേശിക്കുന്ന അർഥം കൽപ്പിച്ചിരുന്നില്ലെന്നും ആയിരത്തിതൊള്ളായിരത്തി മുപ്പതുകളിലോ നാല്പതുകളിലോ ആണ് ഇന്നത്തെ ഈ ഒരർഥം സംസ്കാരമെന്ന പദത്തിന് കൈവന്നത് എന്നും പി. ഗോവിന്ദപ്പിള്ള ചൂണ്ടികാണിച്ചിട്ടുണ്ട് (1997:5). ഇംഗ്ലീഷ് ഭാഷയിലെ 'കൾച്ചർ' (culture) എന്ന വാക്കിന്റെ പരിണാമ ചരിത്രം ലാറ്റിൻ ഭാഷയിലെ 'കോളേറെ'(colere) എന്ന കൃഷിയുമായി ബന്ധപ്പെട്ട നാമപദത്തിൽ നിന്നാണെന്ന് റെയ്മണ്ട് വില്യംസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് (1983:87). പിന്നീട് 'മാനസികമായി വികാസം പ്രാപിച്ച മനുഷ്യാവസ്ഥ'യായും ആചാരാനുഷ്ഠാനങ്ങളോടുകൂടിയ സവിശേഷമായ ജീവിതരീതിയായും സംസ്കാരമെന്ന പദത്തിന് അർഥഭേദങ്ങളുണ്ടായി.

സംസ്കാരം എന്നത് ആഭിജാത്യം, വരേണ്യം, സാമ്പത്തിക ഉന്നതിയിലൂന്നിയ ഉയർന്ന അവസ്ഥ എന്നിങ്ങനെ വിവിധരീതികളിൽ നിർവചിക്കപ്പെട്ടപ്പോഴെല്ലാം ജനപ്രിയസംസ്കാരം സംസ്കാരവിരുദ്ധവും സാംസ്കാരികാപചയവുമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. റെയ്മണ്ട് വില്യംസ് 'കീവേഡ്സ്' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇംഗ്ലീഷ് ഭാഷയിലെതന്നെ ഏറ്റവും സങ്കീർണമായ രണ്ടോ മൂന്നോ പദങ്ങളിൽ ഒന്നാണ് സംസ്കാരം എന്നാണ് (1983:87).

ഇംഗ്ലീഷ് നിരൂപകനായ മാത്യു ആർനോൾഡ് ആണ് സംസ്കാര

ത്തെക്കുറിച്ചുള്ള വിപുലമായ ചർച്ചകൾക്ക് '*സംസ്കാരവും അരാജകത്വവും*' (*Culture and Anarchy*) എന്ന ഗ്രന്ഥത്തിലൂടെ തുടക്കമിട്ടത്. സാഹിത്യത്തിലെയും സംഗീതത്തിലെയും ചിത്ര, ദൃശ്യകലകളിലെയും ഉദാത്ത മാതൃകകളെ സംസ്കാരത്തിന്റെ ഉത്തമ മാതൃകകളായി കണ്ട് അവയെ സവിസ്തരം പഠിക്കുകയായിരുന്നു ആർനോൾഡിന്റെ രീതിശാസ്ത്രം. മാനവരാശി നാളിതുവരെ ആർജിച്ച മാനസികവും ധൈഷണികവുമായ ഉന്നമനത്തിന്റെ പരകോടിയായി സംസ്കാരത്തെ കാണുന്ന ഈ വരേണ്യ സങ്കല്പത്തിന്റെ വക്താക്കളായി വന്നവർ മാത്യു ആർനോൾഡിനെ കൂടാതെ, എഫ്.ആർ. ലീവിസ്, ക്യുഡി. ലീവിസ്, ഡെന്നീസ് തോംപ്സൺ എന്നിവരായിരുന്നു. ലോകത്തിൽ ഇന്നുവരെ പറയപ്പെട്ടതിലും ചിന്തിക്കപ്പെട്ടതിലും ഏറ്റവും മികച്ചവയുടെ സാകല്യമായി സംസ്കാരത്തെ നിർവചിച്ച ആർനോൾഡ് അരാജകത്വമായാണ് ജനപ്രിയസംസ്കാരത്തെ നോക്കിക്കണ്ടത്. തൊഴിലാളി വർഗം രാഷ്ട്രീയത്തിൽ കയറിക്കൂടി സംസ്കാരത്തെ ദുഷിപ്പിക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ. എന്നാൽ ആർനോൾഡിനെ പിൻപറ്റി രംഗത്തെത്തിയ ലീവിസൈറ്റുകളാകട്ടെ സംസ്കാരത്തിന്റെ ജീർണതയായാണ് ജനപ്രിയസംസ്കാരത്തെ കണ്ടത്. സംസ്കാരത്തിന്റെ മാനകീകരണത്തിനും നിരപ്പാക്കലിനും (Standardisation and Levelling down of Culture) എതിരെ ജനങ്ങളെ സുസജ്ജരാക്കാനും ലീവിസൈറ്റുകൾ പരിശ്രമിച്ചു. ഹോളിവുഡ് സിനിമകളെയും, പരസ്യങ്ങളെയും, റേഡിയോ, പത്രം തുടങ്ങിയ മാധ്യമങ്ങളെയും വിമർശനത്തിന് വിധേയമാക്കി നന്നാക്കാനാവാത്ത കുഴമറിച്ചിലിൽപ്പെട്ടുപോയ ജനപ്രിയ സംസ്കാരത്തിനെതിരെ 1930–കളിൽ ലീവിസിന്റെ *മാസ് സിവിലൈസേഷൻ ആൻഡ് മൈനോരിറ്റി കൾച്ചർ* (*Mass Civilization and Minority Culture*-1930), ക്യൂ.ഡി. ലീവിസിന്റെ-*ഫിക്ഷൻ ആൻഡ് റീഡിംഗ് പബ്ലിക്* (*Fiction and Reading Public* - 1992), ഡെനീസ് തോംപ്സൺന്റെ *കൾച്ചർ ആന്റ് എൻവയെൻമെന്റ്* (*Culture and Environment*-1933) എന്നീ കൃതികളിലൂടെ ജനപ്രിയസംസ്കാരത്തെ, സംസ്കാരത്തിന്റെ ജീർണതയായും ജനങ്ങളെ അടിമപ്പെടുത്തുന്ന ലഹരിയായും ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ പ്രേരണ നൽകുന്ന ശക്തിയായും ലീവിസൈറ്റുകൾ വ്യാഖ്യാനിച്ചു.

നാളിതു വരെ നിലവിലുണ്ടായിരുന്ന പഠന മേഖലകളിൽ വലിയ സ്വാധീനംചെലുത്താൻ സാംസ്കാരിക പഠനത്തിനായി. സാഹിത്യകൃതികളും അവ എഴുതപ്പെട്ട സാമൂഹിക ഭൗതിക ചരിത്ര പ്രത്യയശാസ്ത്ര പരിസരങ്ങളും തമ്മിലുള്ള സങ്കീർണമായ ബന്ധങ്ങൾക്കുള്ളിൽ സാഹിത്യത്തെ പഠിക്കാൻ സാംസ്കാരിക പഠനം ശ്രമിച്ചു. കൂടാതെ മഹത്തായ കൃതികൾ മാത്രം ചർച്ചചെയ്തു പോരുന്ന പരമ്പരാഗത പഠനത്തിനു വെളിയിൽ കടന്ന് അലിഖിതവും സാഹിത്യേതരം തന്നെയുമായ രചനകൾ ഉൾപ്പെടെയുള്ളവയെയും സാംസ്കാരിക പഠനം പഠനവിധേയമാക്കി. ഓരോ സർഗപ്രക്രിയയും അതു നിലനില്ക്കുന്ന ഭൗതികതയുടെ സൃഷ്ടിയാണെന്ന നിലപാട്

സാംസ്കാരിക പഠനം മുന്നോട്ട് വെയ്ക്കുന്നു (നിലാഞ്ജന ഗുപ്ത, 2004:1). അങ്ങനെ സാഹിത്യവും കലയും പഠിക്കാനും നിരൂപണം ചെയ്യാനുമുള്ള ഒരു സമീപന സമ്പ്രദായമെന്നതിനേക്കാൾ പ്രത്യേക വ്യക്തിത്വമുള്ള ഒരു വിഷയമായി സാംസ്കാരിക പഠനം മാറി. 1964–ൽ ബ്രിട്ടനിലെ ബർമിങ്ഹാം സർവകലാശാലയിൽ സ്ഥാപിക്കപ്പെട്ട സെന്റർ ഫോർ കണ്ടമ്പററി കൾച്ചറൽ *സ്റ്റഡീസ്* (CCCS)ആണ് സംസ്കാരപഠനത്തിന് പ്രത്യേക പഠനവിഷയമായി അസ്തിത്വം നല്കിയത്. ഈ സ്ഥാപനത്തിന്റെ പ്രഥമ ഡയറക്ടറും ഈ പദ്ധതിയുടെ ആദ്യപഥികനുമായിരുന്നു റിച്ചാർഡ് ഹോഗാർട്ട് (ജനനം 1918). ഹോഗാർട്ടിന്റെ *'ദി യൂസസ് ഓഫ് ലിറ്ററസി'* ആത്മകഥാപരമായ ഒരു പുസ്തകമാണ്. യുദ്ധാനന്തരം ബ്രിട്ടനിലെ തൊഴിലാളിവർഗത്തിന്റെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങളെ വ്യക്തിപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന കൃതിയാണിത്. ഹോഗാർട്ട് സാധാരണ തൊഴിലാളി കുടുംബത്തിൽ പിറന്ന ആളായിരുന്നു. ബ്രിട്ടീഷ് ലേബർ പാർട്ടി അംഗവും സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനും ദീർഘകാല വയോജന വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടുകൾ വ്യക്തമായ ദിശാബോധമുള്ളവയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കൃതിക്ക് പണ്ഡിതോചിതമായ അക്കാദമിക്ക് നിലവാരത്തോടൊപ്പം അനുഭവജ്ഞാനം നല്കുന്ന അനിതരസാധാരണമായ ആധികാരികതയും കൈവന്നത്. ലീവിസൈറ്റുകൾ രൂപപ്പെടുത്തിയ അക്കാദമികമായ ഇടത്തിൽ നിലയുറപ്പിച്ചുകൊണ്ടും അവരുടെ നിലപാടുകളോട് വിയോജിച്ചുകൊണ്ടുമാണ് ഫ്രാങ്ക് ഫർട്ട് സ്കൂൾ ചിന്തകരും ബ്രിട്ടീഷ് സംസ്കാരപഠന രംഗവും വികസിക്കുന്നത്. റിച്ചാർഡ് ഹൊഗാർട്ട്, സ്റ്റ്യുവർട്ട് ഹാൾ, ഇ.പി. തോംപ്സൺ, റെയ്മണ്ട് വില്യംസ്, പാഡി വാനെർ തുടങ്ങിയവരായിരുന്നു പ്രമുഖർ. ഈ ചിന്തകരുടെ വാദഗതികൾ സംസ്കാര സങ്കല്പത്തിന് പുതിയ മാനങ്ങൾ നല്കി.

സംസ്കാരം, നാടകം, സാഹിത്യ നിരൂപണം, മാധ്യമം, വയോജന വിദ്യാഭ്യാസം തുടങ്ങിയ പല വിഷയങ്ങളെക്കുറിച്ചും അനേകം കൃതികൾ രചിച്ചിട്ടുള്ള റെയ്മണ്ട് വില്യംസിന്റെ ആദ്യത്തെ പ്രമുഖ കൃതി *കൾച്ചർ ആന്റ് സൊസൈറ്റി* (1958) ആണ്. അതുവരെ ഇംഗ്ലീഷിലോ മറ്റ് ഭാഷകളിലോ ആരും ഗൗരവപൂർവം സ്വീകരിച്ചിട്ടില്ലാത്ത ഒരു സമീപനമാണ് വില്യംസ് ഈ കൃതിയിൽ പിന്തുടരുന്നത്. വ്യാവസായിക വിപ്ലവത്തെയും ജനാധിപത്യ പ്രവർത്തനങ്ങളെയും തുടർന്ന് വർഗസമരങ്ങളും സാക്ഷരതയും പടർന്നു കയറിയ ബ്രിട്ടനിലെ വരേണ്യ സംസ്കാരത്തെയും അത് പ്രതിഫലിപ്പിക്കുന്ന മഹത്സാഹിത്യ കൃതികളെയും മാത്രമല്ല, അധഃസ്ഥിതരുടെ സാഹിത്യം, ലഘുലേഖകൾ, നാടോടികഥകൾ, മലയാളത്തിൽ പൈങ്കിളി എന്നു വിശേഷിക്കപ്പെട്ടുപോരുന്ന ബഹുജനപ്രീതികരമായ കൃതികൾ തുടങ്ങിയവയും ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, അവയുടെ രാഷ്ട്രീയമായ അർഥമാനങ്ങൾ എന്നിവയെല്ലാം വില്യംസിന്റെ അതിസൂക്ഷ്മമായ വിശകലനത്തിന് വിധേയമാകുന്നുണ്ട്.

ബ്രിട്ടീഷ് സാംസ്കാരിക പഠനത്തിന് വളരെയേറെ ഉത്തേജനം

നൽകിയ മറ്റൊരു വ്യക്തിയാണ് ഇ.പി.തോംസൺ. തോംസന്റെ '*ദി മെയ്ക്കിങ് ഓഫ് ദി ഇംഗ്ലീഷ് വർക്കിങ് ക്ലാസ്*' എന്ന പുസ്തകത്തിന് സമാനമായി ഇംഗ്ലീഷിൽ എന്നല്ല മറ്റേതെങ്കിലും ഭാഷയിൽ മറ്റൊരു കൃതി ഉണ്ടോ എന്ന് സംശയമാണ് (പി.ഗോവിന്ദപ്പിള്ള 2007:36). തൊഴിൽ, മതം, ആചാരാനുഷ്ഠാനങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ പത്തൊൻപതാം നൂറ്റാണ്ടിലെ ബ്രിട്ടനിൽ എങ്ങനെ തൊഴിലാളി വർഗവും വർഗബോധവും നിലവിൽ വന്നു എന്നന്വേഷിക്കുകയാണ് തോംസൺ ഈ കൃതിയിൽ.

അക്കാദമികമേഖലയിൽ ജനപ്രിയസംസ്കാരപഠനത്തിന് മാന്യത ലഭിക്കാൻ തുടങ്ങിയത് അടുത്ത കാലത്താണ്. ജനപ്രിയം എന്നത് സമൂഹത്തിന്റെ അഭിരുചിയെ സ്പർശിക്കുന്ന കാര്യമാണെന്നും അഭിരുചി സ്വാഭാവികമോ സഹജമോ അല്ലെന്നും മറിച്ച് അനുശീലനത്തിലൂടെ സൃഷ്ടിച്ചെടുക്കുന്നതാണെന്നും ഈ പഠനങ്ങൾ തെളിയിക്കുന്നു. ജനസാമാന്യത്തിന്റെ സംസ്കാരം എന്ന അർഥത്തിലാണ് ജനപ്രിയ സംസ്കാരം എന്ന പദം സാധാരണയായി ഉപയോഗിക്കപ്പെടാറുള്ളത്. ഒരു സമൂഹത്തിലെ ജനങ്ങൾ പൊതുവേ പങ്കുവെയ്ക്കുന്ന മൂല്യങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഇതര പ്രതീകാത്മക വൃത്തികളുടെയും സാകല്യമാണ് ജനപ്രിയസംസ്കാരം (പി.പി. രവീന്ദ്രൻ 2002: 57). ജനപ്രിയ വ്യവഹാരത്തിലെ സാമാന്യജനത്തിന് തൊഴിലാളി വർഗം എന്ന അർഥം കല്പിച്ചുകൊണ്ട് ജനപ്രിയ സംസ്കാരത്തെ തൊഴിലാളി വർഗസംസ്കാരമായി നിർവചിക്കുന്ന സമീപനമാണ് തോംസൺ, വില്യംസ് എന്നിവരും ബ്രിട്ടീഷ് സാംസ്കാരിക പണ്ഡിതർ പൊതുവേയും സ്വീകരിക്കുന്നത്. ഇവരുടെ പഠനങ്ങളുടെ തുടർച്ചയാണ് ജനപ്രിയസംസ്കാരത്തെ സംബന്ധിച്ച ബർമിങ്ഹാം സെന്റർ ഗവേഷകരുടെ പഠനങ്ങൾ വരുന്നത്.

ജനപ്രിയ സംസ്കാരത്തോടുള്ള മറ്റൊരു സമീപനം ദൃശ്യമാകുന്നത് ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ സൈദ്ധാന്തിക വിചാരങ്ങളിലാണ്. ജനപ്രിയ സംസ്കാരത്തെ ജനകീയ സംസ്കാരമായല്ല അവർ കാണുന്നത്, ജനവിരുദ്ധസംസ്കാരമായാണ്. അത് ജനങ്ങളെ പ്രീണിപ്പിക്കുന്ന സംസ്കാരമാണ്; ഉണർത്തുന്ന സംസ്കാരമല്ല. മറിച്ച്, മയക്കി ഉറക്കുന്ന അലസരാക്കുന്ന സംസ്കാരമാണ്. 'ജനം' ഇവിടെ ഉപഭോക്തൃ സമൂഹത്തിലെ ഒരു വിഭാഗമാണ്. സംസ്കാരം ഒരു വ്യവസായവും ആസ്വാദനം ഒരു വിപണന പ്രക്രിയയുമാണിവിടെ. 'സംസ്കാര വ്യവസായം' (cultural industry) എന്ന ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ സങ്കല്പനം ജനപ്രിയ സംസ്കാരത്തിന്റെ ഈ തലത്തെയാണ് വിശദമാക്കുന്നത്. ഹോർഖ് ഹൈമറും അഡോർണോയും ചേർന്നെഴുതിയ *ദി ഡയലക്ടിക്സ് ഓഫ് എൻലൈറ്റൻമെന്റ്* (പ്രബുദ്ധതയുടെ വൈരുദ്ധ്യാത്മാകത, 1947) എന്ന കൃതിയിലാണ് സാംസ്കാരിക വ്യവസായത്തെക്കുറിച്ചുള്ള ആദ്യചിന്തകൾ പുറത്തുവന്നത്. പിന്നീട് ലിയോ ലോവൻതാളിന്റെ '*ലിറ്ററേച്ചർ, പോപ്പുലർ കൾച്ചർ ആന്റ് സൊസൈറ്റി*' (സാഹിത്യം, ജനപ്രിയ സംസ്കാരം, സമൂഹം, 1961) എന്ന കൃതിയിലും അഡോ

ണോവിന്റെ തന്നെ സംഗീതത്തെയും സിനിമയെയും ടെലിവിഷൻ പരമ്പര കളെയും കുറിച്ചുള്ള ലേഖനങ്ങളിലും ഈ സങ്കല്പനങ്ങളുടെ വിപുലനം കാണാൻ കഴിയും.

ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും യന്ത്രവത്കരണത്തി ന്റെയും ഫലമായി വികസിച്ചുവന്ന അതിസാങ്കേതികത്വം കലാസൃഷ്ടി യേയും സൗന്ദര്യബോധത്തെയും എങ്ങനെയാണ് ബാധിക്കുന്നത് എന്നാണ് വാൾട്ടർ ബെഞ്ചമിൻ അന്വേഷിക്കുന്നത്. 1936 ൽ ജർമൻ ഭാഷയിൽ എഴു തിയ *'ദി വർക്ക് ഓഫ് ആർട്ട് ഇൻ ദി ഏജ് ഓഫ് മെക്കാനിക്കൽ റിപ്രൊഡ ക്ഷൻ'* (യാന്ത്രിക പുനരുത്പാദനയുഗത്തിലെ കലാസൃഷ്ടി) എന്ന പ്രബ ന്ധത്തിൽ ഇത് സംബന്ധിച്ച ആശയങ്ങൾ അദ്ദേഹം ആവിഷ്കരിക്കുന്നു. സാമൂഹികവും മതപരവുമായ ആചാരങ്ങളുടെ ഭാഗമായി രൂപംകൊണ്ട കലാ സൃഷ്ടികളിൽ ആദ്യം മുതൽതന്നെ നിഗൂഢതയുടെ ഒരു പരിവേഷം വലയം ചെയ്തിരുന്നു. പിന്നീട് മത നിർമുക്തമായപ്പോഴും കലയിലെ പരിവേഷം നിലനിന്നു. കല പിന്നീട് മതത്തിന്റെ സ്ഥാനം നേടുകയും കലാകാരൻ സർഗ പ്രക്രിയകളിലൂടെ ദൈവനിയോഗം ഏറ്റെടുക്കുന്ന അതീന്ദ്രിയ ജ്ഞാന ത്തിന്റെ സ്രോതസ്സായി കണക്കാക്കപ്പെടുകയും ചെയ്തു. സാങ്കേതികവിദ്യ യുടെയും യന്ത്രവത്കരണത്തിന്റെയും സമകാലികയുഗത്തിൽ ഈ പരിവേ ഷം നഷ്ടമായി. യന്ത്രവത്കൃത പുനരുത്പാദനം കലാവസ്തുവിനെ പാര മ്പര്യത്തിൽ നിന്നകറ്റുകയും കലയെ ജനസാമാന്യവുമായി അടുപ്പിക്കുകയും ചെയ്യുന്നു. ജനപ്രിയസംസ്കാരത്തിന്റെ ജനാധിപത്യപരവും അനുവാചകോ ന്മുഖവുമായ വശങ്ങളാണ് ബെഞ്ചമിനെ ആകർഷിച്ചത്. രാഷ്ട്രീയ അർഥ ങ്ങളുള്ള ഈ ഒരു വലിയ വിമോചന സ്വപ്നത്തെ ഏറെ പൊലിപ്പിച്ചയാ ളാണ് ബെർമിങ്ഹാം സംസ്കാരപഠനകേന്ദ്രത്തിനു വളരെക്കാലം നേതൃത്വം നല്കിയ സ്റ്റുവർട്ട്ഹാൾ. വരേണ്യ ജനപ്രിയകലകൾക്കിടയിൽ പരാമ്പരാ ഗത കലാചിന്ത ഉയർത്തിയ മതിൽക്കെട്ടിനെ ഗ്രാംഷിയുടെയും (Antonio Gramsci) അൽത്യൂസറിന്റെയും (Lui Althusser) ഫ്രഞ്ച് ഫെമിനിസത്തി ന്റെയും സംവർഗങ്ങളുപയോഗിച്ച് തകർത്തുകളയുന്ന ബെർമിങ്ഹാം രീതി പിൽക്കാല സംസ്കാര പഠനത്തിന്റെ പൊതു സമീപനമായി മാറുകയും ചെയ്തു. സമകാലിക സാംസ്കാരിക പഠനത്തിന്റെ ഈ രീതിശാസ്ത്രം വർത്തമാനകാല കേരളീയസംസ്കാരത്തിലെ സവിശേഷതകളെ പരിശോധി ക്കാനും ഉപയോഗിക്കാവുന്നതാണ്.

ജീവിതരീതി തന്നെയാണ് സംസ്കാരം എന്ന റെയ്മണ്ട് വില്യം സിന്റെ പ്രസിദ്ധമായ നിർവചനം, ഒരു സമൂഹത്തിന്റെ സവിശേഷമായ മൂല്യ ങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ജീവിതരീതികളും പെരുമാറ്റ ശൈലി കളും വ്യക്തമാക്കുന്ന പ്രയോഗങ്ങളെയും ക്രമങ്ങളെയും സംസ്കാര പഠന ത്തിന്റെ വിശകലന മേഖലയ്ക്കുള്ളിലാക്കിതീർത്തു. ആധുനികവും ആധു നികാനന്തരവുമായ സംസ്കാരവ്യവസ്ഥകളിൽ അധികാരത്തിന്റെ പ്രയോഗം നടപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലകളിലൊന്നാണ് ബഹുജനമാധ്യ മങ്ങൾ. ഗുട്ടൺ ബർഗ് മുതൽ ഗൂഗിൾ (from Gutenburg to Google) വരെ

വ്യാപിച്ചുകിടക്കുന്ന 500 വർഷങ്ങൾ മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ സാംസ്കാരിക സൂചനകളാക്കി മാധ്യമങ്ങളെ മാറ്റി.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ കേരളത്തിൽ വിദ്യാഭ്യാസം, സാക്ഷരത, ദേശീയ പ്രസ്ഥാനം, ജാതിവിരുദ്ധപ്രസ്ഥാനം, സ്ത്രീ സമത്വവാദം, ജനാധിപത്യരാഷ്ട്രീയാവബോധം, തൊഴിലാളി പ്രസ്ഥാനം എന്നിങ്ങനെ നിരവധിയായ നവോത്ഥാനാശയങ്ങൾ പ്രചരിക്കാനും വളരാനും ഓരോ സമുദായത്തിനും ഉണ്ടായിരുന്ന പത്രങ്ങളും ഇതര അച്ചടി മാധ്യമങ്ങളും വഹിച്ച പങ്ക് പ്രസിദ്ധമാണ്. 1980-മുതൽ 1990 വരെയുള്ള കാലയളവിൽ ഉണ്ടായ പത്രവിപ്ലവവും 87 മുതൽ 90 വരെ ദൂരദർശൻ സംപ്രേഷണം ചെയ്ത രാമായണ മഹാഭാരത പരമ്പരകളും ചേർന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഹിന്ദു മൗലികവാദത്തിനു നൽകിയ വൻ കുതിപ്പും ഹിന്ദുത്വദേശീയതയുടെ നവോത്ഥാനവും മാധ്യമ പഠനങ്ങൾ ചൂണ്ടികാണിക്കുന്നുണ്ട്. (Mitra-1993, Mankekas, 1999, Rajagopal, 2001). ഇന്ത്യയുടെ പശ്ചാത്തലത്തിൽ ബഹുജന മാധ്യമങ്ങളുടെയും സംസ്കാരവ്യവസായത്തിന്റെയും സുവർണകാലം ആരംഭിക്കുന്നതും വിപണിയും മാധ്യമങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന ഉപഭോഗം, സാമൂഹികാനുഭവവും സംസ്കാരവുമായി മാറുന്നതും ഈ സന്ദർഭത്തിലാണ്.

സാമാന്യാർഥത്തിൽ വലിയ ഒരു ജനവിഭാഗത്തിന് പ്രാപ്യമാകുമ്പോഴാണ് ഒരു മാധ്യമം ബഹുജനമാധ്യമമായിത്തീരുന്നത്. 1990 കളിൽ കേരളത്തിൽ ആകെ 3 ടെലിവിഷൻ ചാനലുകളേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ 200 പത്രങ്ങളും, 664 മാസികളും, 164 ആഴ്ചപ്പതിപ്പുകളും അന്നുണ്ടായിരുന്നു. 1997 ആയപ്പോഴേക്കും 66 പത്രങ്ങൾ കൂടി പുതുതായി ഉണ്ടായി. പ്രചരണം 25 ലക്ഷത്തിലധികമായി (2005-ൽ 32 ലക്ഷം കവിഞ്ഞു.) ഇതുതന്നെയായിരുന്നു കേരളത്തിലെ ടെലിവിഷന്റെയും വളർച്ചയുടെ കാലം.

വ്യത്യസ്തമായ ആനന്ദങ്ങളെയും അർഥങ്ങളെയും സമൂഹത്തിനുള്ളിൽ വിതരണം ചെയ്യുകയും പുനരുത്പാദിപ്പിക്കുകയും ചെയ്യുന്ന മാധ്യമം എന്നാണ് ജോൺ ഫിസ്കെ ടെലിവിഷനെ നിർവചിക്കുന്നത് (1987:4). വീടിന്റെ സ്വകാര്യഇടത്തിൽ നിലയുറപ്പിച്ചുകൊണ്ടുതന്നെ സാമൂഹികതയുടെ വലിയ മാധ്യമമായി ടെലിവിഷൻ മാറിയിട്ട് പതിറ്റാണ്ടുകളായി. 1991-ൽ ഇന്ത്യൻ ഗവൺമെന്റ് നടപ്പാക്കിയ ഉദാരവത്ക്കരണ നയത്തോടെ സ്വകാര്യ മൂലധനം ടെലിവിഷനെ ഒരേ സമയം ആഗോളമുതലാളിത്തത്തിന്റെ ശക്തമായ മാധ്യമമായും പ്രാദേശിക അധികാര ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യയായും മാറ്റിയെടുത്തു. പരസ്യത്തിന് പ്രത്യക്ഷപ്പെടാവുന്ന ഏറ്റവും നല്ല മാധ്യമമെന്ന നിലയിലാണ് ആഗോള മുതലാളിത്തത്തിന്റെ പരസ്യലോകത്തിന് ടെലിവിഷൻ പ്രിയങ്കരമായത്.

സാംസ്കാരിക വിമർശകനായ റെയ്മണ്ട് വില്ല്യംസ് സാങ്കേതിക വിദ്യ എന്ന നിലയിലും സാംസ്കാരികരൂപം എന്ന നിലയിലും ടെലിവിഷനുള്ള ദ്വന്ദ്വവ്യക്തിത്വത്തെ വിശകലനം ചെയ്യുമ്പോൾ 'പ്രവാഹം' (flow) എന്ന സങ്കല്പം അവതരിപ്പിക്കുന്നുണ്ട്(1990). പരിപാടികളുടെയും പരസ്യ

ങ്ങളുടെയും പ്രവാഹം. പരസ്പരം നിയന്ത്രിക്കുന്ന ഈ പ്രവാഹമാണ് ടെലിവിഷനെ നിലനിർത്തുന്നത്. ആധുനികതയുടെ പൊതുബോധത്തിനു വിരുദ്ധമായ ഭാഷാരാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്ന മാധ്യമമാണ് ടെലിവിഷൻ. അച്ചടി സൃഷ്ടിക്കുന്ന ഭാഷാ ഏകീകരണ സംസ്കാരത്തിനു പകരം പ്രാദേശികതയുടെ വൈകാരികതയ്ക്കാണ് ടെലിവിഷൻ മുൻതൂക്കം നൽകുന്നത്. ലിഖിതഭാഷയ്ക്ക് പകരം സംസാരഭാഷയെയും വിചാരങ്ങൾക്ക് പകരം വികാരങ്ങളെയും ഇന്ദ്രിയാനുഭവങ്ങളെയും ടെലിവിഷൻ കേന്ദ്രസ്ഥാനത്ത് കൊണ്ടുവന്നു. അനുദിന ജീവിതത്തിനാവശ്യമായ നിർദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിലും ഒരുവന്റെ ജീവിതദർശനവും വീക്ഷണസവിശേഷതകളുമൊക്കെ രൂപപ്പെടുത്തുന്നതിലും ജീവിതത്തിന്റെ അജണ്ട തീരുമാനിക്കുന്നതിലും ടെലിവിഷൻ എന്ന മാധ്യമത്തിന്റെ പങ്ക് ഏറെയാണ്. മാനവരാശിയുടെ കുതിച്ചുചാട്ടങ്ങൾ, മഹാരഥന്മാരുടെ ഉയർച്ചതാഴ്ചകൾ, മഹായുദ്ധങ്ങൾ വരുത്തിവയ്ക്കുന്ന വിനാശങ്ങൾ, രക്തരഹിതമായ ജനാധിപത്യ വിപ്ലവങ്ങൾ, അപഥസഞ്ചാരം നടത്തിയവരുടെ കുറ്റസമ്മതങ്ങൾ, ജനാധിപത്യവിപ്ലവങ്ങൾ, സുനാമികൾപോലുള്ള മഹാദുരന്തങ്ങൾ, വിശ്വസംസ്കാരത്തിന്റെ തേങ്ങലുകൾ, മതസാഹോദര്യത്തിന്റെ തച്ചുടയ്ക്കലുകൾ എല്ലാം ടെലിവിഷൻ പ്രേക്ഷകന് മുന്നിലെത്തിക്കുന്നു. അറിവിന്റെയും വിനോദത്തിന്റെയും അലകൾ വീടുകൾക്കുള്ളിൽ എത്തിക്കുന്ന ടെലിവിഷൻ ഒരു കുടുംബാംഗം തന്നെയായി പരഗണിക്കപ്പെടുന്നു (Silverman, 1975:146). ടി.വി.കാണുക എന്ന പ്രവൃത്തിയാണ് കാണുന്ന പരിപാടിയുടെ ഉള്ളടക്കത്തേക്കാൾ പ്രധാനമെന്ന് മേരിവിൻ അവരുടെ *ദി പ്ലഗ് ഇൻ ഡ്രഗ്*-ൽ പറയുന്നു (Marie win, 2002:18).

1982-ൽ സാങ്കേതികമായി തുടങ്ങുകയും 1985-ൽ വിപുലമായി പരിപാടികൾ ആരംഭിക്കുകയും ചെയ്ത ദൂരദർശന്റെ മലയാള സംപ്രേഷണമാണ് കേരളത്തിലെ ടെലിവിഷൻ ചരിത്രത്തിന്റെ ഒന്നാം ഘട്ടം. 1993-ൽ ഏഷ്യാനെറ്റിന്റെ വരവോടെ സ്വകാര്യചാനലുകൾ രംഗത്തെത്തുന്ന രണ്ടാംഘട്ടം ആരംഭിക്കുന്നു. 2003-ൽ സമ്പൂർണ വാർത്താചാനലായി ഇന്ത്യാവിഷൻ രംഗത്തെത്തുന്നതോടെ മൂന്നാംഘട്ടം ആരംഭിക്കുന്നു. കൊട്ടകി (Kottak) ന്റെ പഠനം അനുസരിച്ച് ഒന്നാം ഘട്ടത്തിൽ, ടെലിവിഷൻ കാണികളെ വിസ്മയിപ്പിക്കുന്ന പുതുമയാണ്. രണ്ടാം ഘട്ടത്തിൽ കാഴ്ചകാർ കൂടുതൽ സെലക്ടീവ് ആകുന്നു. ടെലിവിഷന്റെ സന്ദേശത്തെ തിരസ്കരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യാൻ അവർ പ്രാപ്തരാകുന്നു. ഈ ഘട്ടം ഏകദേശം പത്തു മുതൽ പതിനഞ്ചുവരെ വർഷങ്ങൾ നീണ്ടുനിൽക്കും. മൂന്നാം ഘട്ടത്തിൽ, ടെലിവിഷൻ ഒരു പ്രദേശത്തെ എല്ലാ വീടുകളിലും എത്തിച്ചേരുന്നു. നാലാംഘട്ടത്തിലാണ് ജീവിതകാലം മുഴുവൻ തുടരുന്നതും നിലനിൽക്കുന്നതുമായ ഒരു സ്വാധീനമായി ടെലിവിഷൻ മാറുന്നത്. ഈ നാലാം ഘട്ടത്തിലാണ് കൂടുതൽ ശക്തവും ദൈർഘ്യമേറിയതുമായ സാമൂഹിക സാംസ്കാരിക ചലനങ്ങൾ ടെലിവിഷൻ സമൂഹത്തിൽ വരുത്തുന്നത് (Kottak 1990:143).

ടെലിവിഷനെ ജനപ്രിയമാക്കുന്നതിൽ ഏറെ പങ്കുവഹിച്ചവയാണ് പരമ്പരകൾ, പരസ്യം, സംഗീതം, സിനിമ, കോമഡി, ക്വിസ്, ഫോൺ ഇൻ പരിപാടികൾ, റിയാലിറ്റി ഷോകൾ തുടങ്ങിയവ. 1980-കളിലെ ജനപ്രിയ നോവൽ ഫോർമുലയിൽ നിന്ന് രൂപംകൊണ്ടതാണ് മലയാളത്തിലെ പരമ്പരകൾ അധികവും. കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള ഇതിവൃത്തങ്ങളും സ്ത്രീപുരുഷബന്ധങ്ങൾക്കിടയിലെ വൈകാരിക സംഘർഷങ്ങളെ മുൻനിർത്തിയുള്ളതുമായിരുന്നു പരമ്പരകളിൽ ഏറിയപങ്കും. അതിഭാവുകത്വവും കച്ചവടവിപണി കേന്ദ്രിതവുമായ ചിത്രീകരണങ്ങൾ, മധ്യവർഗത്തിന്റെ കഥാന്തരീക്ഷം, പരത്തിപറയൽ എന്നിവയെല്ലാം ഇവയുടെ പൊതുസ്വഭാവമായി കാണാനാകും. പുരാണപരമ്പരകളും ഹൈന്ദവമിത്തുകളും തദ്ദേശീയ പുരാണകഥാപാത്രങ്ങളും ഐതിഹ്യമാലയിലെ വ്യക്തികളും ചില മിത്തുകളും മലയാള ടെലിവിഷൻ സീരിയലുകളായി രംഗത്തെത്തി. ഹാസ്യപരമ്പരകളും ഭീകരത ജനിപ്പിക്കുന്ന പ്രേതകഥകളും പിന്നീട് ജനപ്രിയപരമ്പരകളായി ചാനലുകളിൽ മാറി മാറി വന്നുകൊണ്ടിരുന്നു. സീരിയലുകളും സിനിമകളും മാത്രം വിനോദത്തിനായി കണ്ടു പോന്നിരുന്ന ജനങ്ങൾക്ക് അപ്രതീക്ഷിതമായ ഒരു പരീക്ഷണമെന്ന നിലയ്ക്കാണ് മറ്റിടങ്ങളിൽ പരീക്ഷിച്ചു വിജയിച്ച റിയാലിറ്റി ഷോകളെ ചാനലുകൾ പരിചയപ്പെടുത്തിയത്. പിന്നീട് റിയാലിറ്റി ഷോകളുടെ വ്യത്യസ്തതയും എണ്ണവും വർധിച്ചു കൊണ്ടേയിരുന്നു. സംഗീതം, നൃത്തം, അഭിനയം, പാചകം, പത്രപ്രവർത്തനം, കഥാപ്രസംഗം, കവിതാപാരായണം, മാപ്പിളപ്പാട്ട്, തെരുവ്ഗായകർ, വീട്ടിലുള്ള എല്ലാവരും പാടുന്നു, സംഗീതമഹായുദ്ധം, മികച്ച വനിത, കുഞ്ഞുങ്ങൾ, കോമഡി, താരോത്സവം, നല്ല നടൻ/നടി എന്നിങ്ങനെ റിയാലിറ്റി ഷോകൾ പല ഘട്ടങ്ങളിലായി മലയാള ടെലിവിഷനിൽ നിറഞ്ഞു നിൽക്കുന്നു.

പത്രവായനയുടെ പതിവുശീലങ്ങളിൽ ദൃശ്യബോധത്തിന്റെ പുതുവഴികൾ തുറന്നുകൊണ്ടാണ് ടെലിവിഷൻ വാർത്തകൾ മലയാളിയുടെ മാധ്യമബോധത്തിൽ കടന്നുവന്നത്. ദൂരദർശന്റെ പതിനഞ്ചുമിനിറ്റു മാത്രം നീണ്ടു നിൽക്കുന്ന വാർത്തയിൽ നിന്ന് മുഴുവൻ സമയ വാർത്താചാനലുകളിലേക്ക് ഇന്ന് അത് മാറിയിരിക്കുന്നു. വാർത്തകളുടെ വിശകലനം, വ്യക്തികളുടെ പ്രതികരണങ്ങൾ, അഭിപ്രായപ്രകടനങ്ങൾ, ജനപക്ഷ വിചാരണകൾ എന്നിവയെല്ലാം അടങ്ങുന്ന വാർത്താധിഷ്ഠിത പരിപാടികൾ മലയാള ടെലിവിഷനിൽ സജീവമാണ്. വാർത്താവായനക്കാരുടെ ഭാഷ, വേഷം, അംഗചലനങ്ങൾ എന്നിവ വാർത്താവായനയെ അഭിനയം കൂടിയാക്കുന്നുണ്ട്. കേവലമായ അറിവും ചാനൽ നിലപാടുകളെ ഉറപ്പിക്കുന്ന വിധത്തിൽ മെനഞ്ഞെടുത്ത ചോദ്യങ്ങളും ചിലപ്പോഴെങ്കിലും വാർത്താവതരണത്തെ കൃത്രിമമാക്കുന്നു. മരണമോ, ദുരന്തമോ, കുറ്റകൃത്യമോ എന്തായാലും പാപ്പരസികളെപ്പോലെ ഇരയ്ക്കുമേൽ ചാടിവീഴുന്ന പ്രവണത ടെലിവിഷൻ വാർത്തയുടെ വരവോടെ മലയാളത്തിൽ ഏറെ കൂടിയിട്ടുണ്ട്.

ഫോൺ ഇൻ പരിപാടികളെ ജനാധിപത്യത്തിന്റെ തുടർച്ചയായാണ് ചാനലുകൾ കാണുന്നത്. വാർത്താധിഷ്ഠിത ഫോൺ പരിപാടികളെ കൂടാതെ

കുറ്റകൃത്യങ്ങൾ, ചർച്ചകൾ, അഭിമുഖങ്ങൾ, അന്വേഷണപരിപാടികൾ, ആക്ഷേപ ഹാസ്യപരിപാടികൾ എന്നിവയെല്ലാം ടെലിവിഷനിൽ നിലനിൽക്കുന്നുണ്ട്. എങ്കിലും മലയാള ടെലിവിഷന്റെ വർത്തമാനമുഖം റിയാലിറ്റി ഷോകളുടെ വ്യത്യസ്ത വിനിമയങ്ങൾ തന്നെയാണ്. ചാനലുകൾ ഇക്കാര്യത്തിൽ പരസ്പരം അനുകരിച്ചും മത്സരിച്ചും അരങ്ങുവാഴുകയാണ്. വിപണിയേയും ടെലിവിഷൻ പ്രേക്ഷകരേയും സംപ്രേഷകരേയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയായിരിക്കുന്നു ഇന്ന് റിയാലിറ്റി ഷോകൾ. റിയാലിറ്റിഷോകളുടെ വിജയഗാഥ അതിന്റെ മാസ്മരികമായ ജനപ്രിയത തന്നെയായിരുന്നു. മൂന്നു കോടിയോളം പേർ ആഴ്ചയിൽ അഞ്ചു ദിവസം വൈകിട്ട് ഏഴു മണി മുതൽ ടെലിവിഷനു മുമ്പിലുണ്ട് എന്നത് അത് നിർവഹിക്കുന്ന ചാനൽ പരസ്യകൂട്ടായ്മയെ കൊതിപ്പിക്കുകയാണ്. ഈ അടുത്തകാലത്തെ റിയാലിറ്റി ഷോകളുടെ റേറ്റിങ് പരിശോധിച്ചാൽ കുത്തനെയുള്ള ഇടിവ് ആരംഭിച്ചിരിക്കുന്നതായി കാണാം. കൂടുതൽ നാടകീയതയും, എരിവും പുളിയും മിശ്രണം ചെയ്തും ആയിരിക്കും പുതിയ റിയാലിറ്റി ഷോകളുടെ വരവ്.

ടെലിവിഷന്റെ ദൈനംദിന ജീവിതത്തിലുള്ള ഇടപെടലുകളും അതിന്റെ വൈകാരിക പ്രാധാന്യവും വൈജ്ഞാനിക സാഹിത്യവും കാലികവും കലാപരവുമായ നിലനിൽപ്പും കൊണ്ട് മലയാളിജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായിത്തീർന്നിരിക്കുന്നു. ബോദിലാദ് വിശദീകരിക്കുന്നതുപോലെ, ടെലിവിഷൻ ജീവിതത്തിലും ജീവിതം ടെലിവിഷനിലും അലിഞ്ഞുചേരുന്ന അവസ്ഥ-കേരളത്തിലും സംജാതമായിരിക്കുന്നു. ഇത് മലയാള ടെലിവിഷനെ ജനപ്രിയസംസ്കാരത്തിന്റെ ഏറ്റവും വലിയ വിപണിയും മാധ്യമവും വിതരണക്കാരനുമാക്കി തീർത്തിരിക്കുന്നു.

**ഗ്രന്ഥസൂചി**

1. രവീന്ദ്രൻ പി.പി 2002 *സാസ്കാരപഠനം ഒരു ആമുഖം, കോട്ടയം, ഡി.സി. ബുക്സ്.*
2. Fiske, John 1987 *Television Culture*, Routledge,London,
3. Govinda Pillai, P., 1997 *Cultural Studies*. Tripunithura: Govt.Sanskrit College.
4. Kottak, conrad 1990 *Prime time society: An Antropological Analysis of Television and Culture* wadsworth:Belmont.
5. Mankekar, Purnima 1993 *Screening, culture, viewing politics* Duke University press, Durhan Nc, USA
6. Marie, Win 2002 *The Plug-in drug*
7. Mitra, Ananda 1993 *Television and popular culture in India: a study of Mahabarat* Sage publications
8. Rajagopal, Aravind 2001 *Politics after Television, Hindu Nationalism and the reshaping of the public in India*, Cambridge University, UK.
9. Williams, Raymond 1983*Key words*, Fontanna.
10. Williams, Raymond 1990 *Television technology and cultural form*,Routledge, London.

# 12. മൊബൈൽ ഫോണും എസ്.എം.എസും: ഒരു സ്ത്രീപക്ഷ നോട്ടം

ഡോ. സുജ റാണി മാത്യു

ഏറ്റവും പ്രചാരമുള്ള ബഹുജനമാധ്യമമാണ് മൊബൈൽ ഫോൺ. സ്ത്രീകൾ ഇന്ന് ഏറ്റവുമധികം ഉപയോഗിക്കുന്ന മാധ്യമവും മൊബൈൽ ഫോൺ തന്നെയാണ്. ഇലക്ട്രോണിക് ഉപകരണമെന്ന നിലയിൽ നിന്ന് സാംസ്കാരിക ചിഹ്നം എന്ന വിശേഷണത്തിലേക്കും തുടർന്ന് മനോഗത ങ്ങളുടെ മിന്നൽപ്പിണർ വേഗതയിലുള്ള ആശയവിനിമയ മാധ്യമമെന്ന നില യിലേക്കുമുള്ള മൊബൈൽഫോണിന്റെ വളർച്ചാചരിത്രം അതിശയിപ്പിക്കുന്ന വേഗത്തിലായിരുന്നു. അച്ചടി, റിക്കാർഡിങ് സിനിമ, റേഡിയോ, ടെലിവി ഷൻ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങൾക്കുശേഷമാണ് മൊബൈൽഫോണിന്റെ ജനനം. മുമ്പുണ്ടായിരുന്ന മാധ്യമങ്ങളെയെല്ലാം ഉൾക്കൊള്ളുവാനുള്ള മൊബൈൽഫോ ണിന്റെ കഴിവ് ഇതിന്റെ സാധ്യതകളുടെ ഒരു ഭാഗം മാത്രമാണ്.

വർത്തമാനകാല ഭാഷ, സാഹിത്യം, സംസ്കാരം, അധികാരം, ഫെമി നിസം, സാങ്കേതികജ്ഞാനം തുടങ്ങിയവയെപ്പറ്റി വിലയിരുത്തുകയോ ആധി കാരികമായി പഠിക്കുകയോ ചെയ്യുമ്പോൾ മൊബൈൽഫോൺ ഒരു സാന്നി ധ്യമായോ സ്വാധീനമായോ പ്രഥമസ്ഥാനത്തേക്കു വരുന്നു. സ്ത്രീസമൂഹ വുമായി ബന്ധപ്പെടുത്തി മൊബൈൽഫോണിനെ വിശകലനവിധേയമാക്കു ന്നത് വർത്തമാനകാല ഫെമിനിസ്റ്റ് പഠനത്തിന്റെ ഭാഗമാണ്. കൈവെള്ള യിൽ സൗന്ദര്യമുള്ള മൊബൈൽഫോൺ ഒതുക്കിപിടിച്ചിരിക്കുന്ന സ്ത്രീകൾ സവിശേഷമായ ആത്മബലംതന്നെയാണ് പ്രകടിപ്പിക്കുന്നത്. അതു കാതിൽചേർത്തുവച്ച് സംസാരിക്കുമ്പോൾ പുരുഷകോയ്മയുള്ള സമൂഹ ത്തിനുമുന്നിൽ ഒരു സ്വാതന്ത്ര്യപ്രഖ്യാപനം നടത്തുന്നുണ്ട്. നിയമത്തിലൂടെ പുരുഷനും സ്ത്രീയ്ക്കും തുല്യ പരിഗണനയാണ് വിഭാവനം ചെയ്തിരി ക്കുന്നത്. എന്നാൽ പുരുഷന്റെ കായികമായ ശക്തിയും അധികാരം സൃഷ്ടി ക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും സ്ത്രീയെ പാർശ്വവത്കരിക്കുന്നു.

ആശയങ്ങൾ അനർഗളമായി വിനിമയംചെയ്യുന്നതിലൂടെ സ്ത്രീകൾക്ക് സാമൂഹ്യജീവിതത്തിൽ പ്രസക്തിയും സ്വാധീനവുമുണ്ടാകുന്നു. ഇതിന്റെ ഫലമായി സ്ത്രീകൾക്ക് സമൂഹത്തിൽനിന്നും മാന്യത ലഭിക്കേണ്ട അവസ്ഥയുണ്ടാകും. ഈ അവസ്ഥ സ്ത്രീ സ്വാതന്ത്ര്യത്തിന് കാരണമാകുക തന്നെ ചെയ്യും.

മൊബൈൽ ഫോൺ ഉപയോഗിക്കുന്ന ഓരോ വ്യക്തിയും അനിവാര്യതപോലെ നിയതമായ പരിധിക്കുള്ളിലേക്കു വരികയാണ്. ആ പരിധി വിപുലമായ ആഗോളഗ്രാമപരിധിയാണ്. വിപുലവിസ്തൃതമായ ആഗോളഗ്രാമത്തിന്റെ ഏതു ഭാഗത്തുനിന്നും മൊബൈൽനമ്പറിലേക്ക് ബന്ധം സ്ഥാപിക്കാവുന്ന അവസ്ഥ, ഓരോ മൊബൈൽഫോൺ വാഹകരായ വ്യക്തിയേയും മൊബൈൽ സാധ്യതകളിലൂടെ ആഗോളപൗരനാക്കുകയാണ്. ഇന്ന് മൊബൈൽ സാക്ഷരതയെന്നു പറഞ്ഞാൽ അതിൽ ലഭ്യമാകുന്ന ഇന്റർനെറ്റിനെപ്പറ്റിയുള്ള സാക്ഷരതകൂടി കൈവരിക്കുന്നതാണ്. സ്ത്രീകൾ ക്രമത്തിൽ ആർജിച്ചെടുക്കുന്ന മൊബൈൽ സാക്ഷരത അവരുടെ ആശയവിനിമയ മേഖലയ്ക്കൊപ്പം ലോകജ്ഞാനത്തിന്റെയും ഇതരജ്ഞാനങ്ങളുടെയും മണ്ഡലം വിപുലീകരിക്കുന്നു. യഥാർഥത്തിൽ മാനസികവും ഒരു പരിധിവരെ ശാരീരികവുമായ സ്ത്രീകളുടെ അടിമത്തത്തിന് കാരണം അവരുടെ ലോകജ്ഞാനമില്ലായ്മയും ആശയവിനിമയപരിമിതികളുമാണ്. ഈ അവസ്ഥയെയാണ് മൊബൈൽഫോൺ സാക്ഷരത മറികടക്കുന്നത്.

ഓരോ വ്യക്തിയുടെയും മൊബൈൽഫോൺ ജീവിതം ആവശ്യപ്പെടുന്ന സമയത്തിന്റെ തോത് ഏറെയാണ്. ഫോൺ വിളിക്കുന്നതും ഫോണിലെ റിങ്ട്യൂൺ കേൾക്കുന്നതും എസ്.എം.എസുകൾ രൂപീകരിച്ച് അയയ്ക്കുന്നതും വരുന്ന സന്ദേശങ്ങൾ വായിക്കുന്നതും മൊബൈലിലൂടെ സംഗീതം ആസ്വദിക്കുന്നതും ചിത്രങ്ങളും വീഡിയോ എടുക്കുന്നതും ഇവയെല്ലാം കാണുന്നതുമായ സമയം എത്രയധികമാണ്. മൊബൈൽ ഫോൺ സേവനങ്ങളായ കാൽക്കുലേറ്റർ, കലണ്ടർ, അലാറം, ബ്ലൂടൂത്ത്, പലതരം ഗെയിമുകൾ, നാവിഗേഷൻ, സ്ഥലനിർണയം, മാപ്പുകൾ, പലതരം ഫയലുകൾ തുടങ്ങിയവയുടെ സേവനവും ഉപയോഗിക്കുന്ന സമയവും ഇവിടെ നിർണയവിധേയമാക്കേണ്ടതുണ്ട്. വിരൽത്തുമ്പിലേക്ക് ഒരുപാട് സേവനങ്ങൾ എത്തുമ്പോൾ ഒരു വലിയ പരിധിവരെ സ്ത്രീജീവിതം ലളിതവും സംഘർഷരഹിതവുമാകുന്നുണ്ട്. ഈ കാലഘട്ടത്തിലെ യുവതികൾക്ക് സർവകലാശാല ബിരുദങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ വിവാഹത്തോടുകൂടി പലരും കുടുംബത്തിന്റെ/ വീടിന്റെ നാലതിരുകൾക്കുള്ളിൽ തളച്ചിടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇവരുടെ തുടർസാക്ഷരതയും സാമൂഹ്യബന്ധവും നിലനിർത്തുന്നത് മൊബൈൽഫോണിലൂടെ തന്നെയാണ്.

പുത്തൻ സാങ്കേതികവിദ്യയുള്ള മൊബൈൽഫോണുകൾ സാധ്യതകളുടെ അനന്തവിസ്തൃതമായ മേഖലകളെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. അല്ലെങ്കിൽ അത് ഉപയോഗിക്കുന്നവരെക്കൊണ്ട് സാഹചര്യത്തിനനുസരിച്ച് ചിന്തിപ്പിക്കുന്നു.

*ഹാവാർഡ് റെയ്ൻഗോൾഡി*ന്റെ നിരീക്ഷണത്തിൽ നവമായ ജനപ്രിയ സംസ്കാരത്തിന്റെയും സാമൂഹ്യപ്രവർത്തനങ്ങളുടെയും ഊർജ്ജസ്വലവും ലളിതസുന്ദരവുമായ ഏകീകരണമാണ് മൊബൈൽ ഫോൺ നിർവഹിക്കുന്ന ആശയവിനിമയങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ഈ അവസ്ഥ കാലാകാലങ്ങളായി സമൂഹത്തിൽ തിരസ്കരിക്കപ്പെടുകയും പാർശ്വവത്ക്കരിക്കപ്പെടുകയുംചെയ്യുന്ന സ്ത്രീകൾക്ക് ഉണർത്തെഴുന്നേൽപിന്റെ പുത്തൻ പ്രതീക്ഷകൾ നൽകുന്നവതന്നെയാണ്. പുരുഷകോയ്മാ സമൂഹം പരമ്പരാഗതമായി നിർമിച്ചെടുത്ത സംസ്കാരത്തിലും സാമൂഹ്യപ്രവർത്തനങ്ങളിലും സ്ത്രീകൾക്ക് തുല്യപരിഗണന ലഭിക്കുന്നില്ല. പഴമയെ പൂർണമായും തിരസ്കരിച്ച് രൂപീകൃതമാകുന്ന മൊബൈൽ കേന്ദ്രീകൃത മാധ്യമസംസ്കാരം ആശയവിനിമയ വ്യാപന സ്വാതന്ത്ര്യത്തിലൂടെയും മാധ്യമ സാക്ഷരതയിലൂടെയും പുത്തൻ ജനപ്രിയമാനങ്ങൾ മുന്നോട്ടുവയ്ക്കുന്നു. ഇവിടെ സ്ത്രീയും അർഹാധിപത്യത്തിന് വിധേയമാകുകയും ബുദ്ധി, തൊഴിൽ, പ്രവർത്തനമേഖല എന്നിവയുടെ അടിസ്ഥാനത്തിൽ വിലമതിക്കപ്പെടുകയും ചെയ്യും. ലാഭം ഒരിക്കലും വിലയിരുത്തലുകൾക്ക് വിധേയമാക്കേണ്ട ഒന്നല്ല. കഴിവും പ്രവർത്തനരീതികളുമാണ് വിലയിരുത്തപ്പെടേണ്ടത്. സ്ത്രൈണത ആവശ്യപ്പെടുന്ന ശീലസ്വഭാവങ്ങളെ ദുർബലതയായിട്ടല്ല കാണേണ്ടത്, സവിശേഷമായ ശൈലീവിശേഷമായിട്ടാണ് അംഗീകരിക്കേണ്ടത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട പുത്തൻതൊഴിൽമേഖല പുരുഷൻമാർക്കൊപ്പമോ അതിലധികമോ സ്ത്രീകളെയും ആവശ്യപ്പെടുന്നുണ്ട്. സ്ത്രീശരീരം കാമപൂരണമാധ്യമമായി ആഘോഷിക്കുന്ന വർത്തമാനകാല മാധ്യമശീലം ഭൂതകാലത്തിന്റെ ചിന്താധാരകളിൽ നിന്നും ഉടലെടുത്തതാണ്. സൗന്ദര്യം, കാമം, രതി ഇവയെ ജീവിതത്തിൽ നിന്നും മാറ്റി നിർത്താൻ കഴിയുന്നവയല്ല. ജീവിതാനുഭവങ്ങളെയും ആഘോഷങ്ങളെയും പൂരിപ്പിക്കുന്നതിൽ ഇവയ്ക്കുള്ള സ്ഥാനം പ്രധാനമാണ്. ഈ പശ്ചാത്തലത്തിൽ സ്ത്രീശരീര സൗന്ദര്യം, ചലനലാളിത്യം, ഭാവരീതികൾ തുടങ്ങിയവയെ പുരുഷവിഭാഗം ആസ്വദിക്കുന്നുണ്ട്. സ്ത്രീശരീരത്തെയും ലൈംഗികതയെയും ആഭാസകരമായി നിർമിച്ച് വിനിമയം ചെയ്യുന്ന രീതി സമൂഹ മനഃസാക്ഷിയിലെ ക്രിമിനൽ വാസനകളെയാണ് വെളിവാക്കുന്നത്. എല്ലാ കാലത്തും എല്ലാ സമൂഹത്തിലും നിയമരഹിതവും ആഭാസകരവുമായ പ്രവർത്തനങ്ങൾ നടത്തുന്നവരുണ്ടെന്ന വസ്തുതയും വിലമതിക്കേണ്ടതാണ്. ഇതിന്റെ തുടർച്ചയായി തന്നെയാണ് മാധ്യമങ്ങളുമായി ബന്ധപ്പെട്ട സ്ത്രീവിരുദ്ധ ആഭാസങ്ങൾ അരങ്ങേറുന്നത്. പൊതുസമൂഹം സ്ത്രീയെ എങ്ങനെ കാണുന്നെന്നുള്ള അറിവ് സ്ത്രീസമൂഹത്തിന് ലഭിക്കുന്നത് അവരുടെ കരുതലിനും പ്രവർത്തനങ്ങൾക്കും പുത്തൻമാനങ്ങൾതന്നെ നൽകും.

ഫെമിനിസവുമായി ബന്ധപ്പെട്ട് സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പൊരുതലിന്റെയും കരുതലിന്റെയും ദീർഘമായൊരു ചരിത്രമുണ്ട്. അതുപോലെതന്നെ സാഹിത്യവും കലയും സിദ്ധാന്തങ്ങളുമുണ്ട്. അവയെല്ലാം ശബ്ദമുഖരിതമായി നിൽക്കുന്ന

സാമൂഹ്യാന്തരീക്ഷത്തിലേക്കാണ് മൊബൈൽ ഫോണിന്റെ വരവും ഉപയോഗവും പ്രസക്തമാകുന്നത്. ലിംഗപരമായി നല്ലത്/ ചീത്ത, ശരീരം/ മനസ് , ശക്തം/ ദുർബലം, സ്വാതന്ത്ര്യം/ ബന്ധനം തുടങ്ങിയ ദ്വന്ദ്വങ്ങളിൽ സ്ത്രീ എന്നും താഴ്ചയുടെ പക്ഷത്താണ് നിലനിന്നിരുന്നത്. ഓരോ സ്ത്രീയും ആർജിച്ചെടുത്ത അറിവ്, അവളുടെ സമൂഹത്തിലെ ഇടം, കുടുംബത്തിലെ സ്ഥാനം തുടങ്ങിയവയെപ്പറ്റി അവൾതന്നെ സ്വയം സാക്ഷരയാകുന്നു. ഈ സാക്ഷരതയുടെ പിൻബലത്തിൽ നിന്നാണ് മൊബൈൽ ഫോൺ സാക്ഷരതയിലേക്ക് പ്രവേശിക്കുന്നതും തനിക്ക് അനുകൂലമായ രീതിയിൽ അതിന്റെ പ്രവർത്തനത്തെയും ഭാഷകളെയും നിർണയിക്കുന്നതും. പ്രണയം അത് സ്ത്രീക്ക് പുരുഷനോടും പുരുഷന് സ്ത്രീയോടുമുണ്ട്. ആസക്തിയും അങ്ങനെതന്നെയാണ്. എന്നാൽ ഈ പ്രവർത്തനങ്ങളുടെയെല്ലാം ഏതോ ഒരു ഘട്ടത്തിൽ പുരുഷൻ അവന്റെ അധികാരത്തിന് പ്രാമുഖ്യം നൽകുന്നു. ഇതിന്റെ തന്നെ തുടർച്ചയാണ് ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഏറെ സ്ത്രീകളും ഓരോ വിധത്തിൽ പാർശ്വവത്കരണം അനുഭവിക്കുന്നത്. സാക്ഷരതയ്ക്കൊപ്പം അതിനെ നിയമവത്കരിക്കുന്ന പ്രവർത്തനങ്ങൾ ആവശ്യമാണ്. പ്രവർത്തനത്തിന് പൊതുമണ്ഡലങ്ങൾ ആവശ്യമാണ്. അതുപോലെ സമാനമനസ്കരുടെ സഹായവും പ്രോത്സാഹനവും ആവശ്യമാണ്. ഈ പൊതുമണ്ഡലരൂപീകരണത്തിനും സമാനമനസ്കരുടെ കൂട്ടായ്മയ്ക്കും മൊബൈൽ ഫോൺ കാരണമാകുന്നു. സ്വാതന്ത്ര്യം, സമത്വം, തുടർസാക്ഷരത, ജ്ഞാനരൂപീകരണം, ജ്ഞാനവിപണനം തുടങ്ങിയ പദങ്ങൾ കേവലാർഥത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ സാമൂഹ്യാന്തരീക്ഷത്തിൽ യാഥാർഥ്യവത്കരിക്കുന്നതിൽ മൊബൈൽ ഫോണിനുള്ള സ്ഥാനം അനിഷേധ്യമാണ്.

മൊബൈൽ ഫോണുകളിലൂടെ സംഭവിക്കുന്ന എസ്.എം.എസുകൾക്ക് വർത്തമാനകാലത്ത് പ്രസക്തി ഏറെയാണ്. ആശംസകൾ, അറിയിപ്പുകൾ, ഓർമപ്പെടുത്തലുകൾ, പ്രതികരണങ്ങൾ, തമാശകൾ, പ്രതിഷേധങ്ങൾ തുടങ്ങിയവയെല്ലാം എസ്.എം.എസുകളായി വ്യക്തികളിൽ നിന്നും വ്യക്തികളിലേക്ക് കൈമാറുന്നു. എസ്. എം. എസിന്റെ വർത്തമാനകാല പ്രസക്തി അതിനെ അക്കാദമികതലത്തിൽ പഠനത്തിനും ഗവേഷണത്തിനും വിധേയമാക്കി. എസ്.എം.എസിന്റെ ഭാഷയ്ക്കുമുണ്ട് പ്രത്യേകതകൾ. ചുരുക്കെഴുത്തുകളും പരമ്പരാഗതവ്യാകരണനിരാസവുമെല്ലാം ഇതിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ സാമൂഹിക ഭാഷാശാസ്ത്ര മേഖലയിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എസ്. എം. എസ്. ഈ മേഖലയിൽ പുറത്തിറങ്ങിയ ആധികാരികവും ശ്രദ്ധേയവുമായ ഒരു ഗ്രന്ഥമാണ് *ഡേവിഡ് ക്രിസ്റ്റലിന്റെ* Txtng:The Gr8 Db8 എന്ന എസ്. എം. എസിനെകുറിച്ചുള്ള ഗ്രന്ഥം. എസ്. എം. എസ്. എഴുതുന്നതിനെ കുറിക്കാൻ പൊതുവായി ഉപയോഗിക്കുന്ന സാങ്കേതിക പദമാണ് ടെക്സ്റ്റിംഗ്. മൊബൈൽഫോണും എസ്. എം. എസും ഭാഷയിൽ കൊണ്ടുവന്ന പുതിയ മാറ്റത്തെ സൂചിപ്പിക്കാൻ ചാറ്റ്സ്പീക്ക്, ടെക്സ്റ്റസെ തുടങ്ങിയ പേരുകൾ ഉപയോഗിക്കാറുണ്ട്. വാക്കുകളെ സൂചിപ്പിക്കാൻ അക്കങ്ങളും വികാരങ്ങളെ സൂചി

പ്പിക്കാൻ ചിഹ്നങ്ങളും ചുരുക്കെഴുത്തുമെല്ലാമാണ് ഈ ഭാഷയുടെ സവിശേഷത.

ആഗോളഭാഷയായ ഇംഗ്ലീഷിനെ പ്രാദേശിക ഭാഷയിലേക്ക് പരിവർത്തിപ്പിച്ചെടുക്കുന്ന സംസ്കാരം വ്യാപകമാക്കിയത് മൊബൈൽ ഫോൺ ഉപഭോക്താക്കളാണ്. ഇംഗ്ലീഷ് ഭാഷയുടെ അക്ഷരങ്ങൾ ഉപയോഗിച്ച് പ്രാദേശിക ഭാഷയുടെ ഉച്ചാരണത്തിനും വ്യാകരണരീതിക്കുമനുസരിച്ചാണ് ഓരോ പ്രദേശത്തുമുള്ള ഭാഷാവിനിയോഗം നടത്തുന്നത്. മലയാളവും ഇംഗ്ലീഷും ചേർന്ന് രൂപപ്പെട്ട മംഗ്ലീഷ് ഇന്ന് ഏറെ മലയാളികൾക്കിടയിലും അംഗീകരിക്കപ്പെട്ട ഭാഷ തന്നെയായിട്ടുണ്ട്. മംഗ്ലീഷിൽ പ്രചരിക്കുന്ന എസ്.എം.എസുകൾ അനവധിയാണ്.

സ്ത്രീകളും എസ്.എം.എസും തമ്മിലുള്ള ബന്ധമെന്താണ്. എസ്. എം. എസുകൾ സ്വീകരിക്കുന്നു, രൂപീകരിച്ച് അയയ്ക്കുന്നു എന്നതിൽ സ്വാതന്ത്ര്യത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും ഒരുപാട് ആഘോഷങ്ങൾ അടങ്ങിയിട്ടുണ്ട്. പാർപ്പിടം, വസ്ത്രം, ഭക്ഷണം, വിദ്യാഭ്യാസം തുടങ്ങിയവയുടെ ഉപയോഗത്തിൽ പുരുഷ കോയ്മാ സമൂഹം ഏറെ സ്ത്രീകൾക്കും അലിഖിതമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ഫോണുകൾ പൂർണമായും സ്ത്രീകൾക്ക് നിഷേധിക്കാനാവാത്ത അവസ്ഥയാണുള്ളത്. ഈ അവസ്ഥയാണ് മൊബൈലുമായി ബന്ധപ്പെട്ട ബൗദ്ധിക ആശയവിനിമയസ്വാതന്ത്ര്യം അവർക്ക് പ്രദാനം ചെയ്യുന്നത്. ഒരു യുവാവിന് പ്രണയിക്കണമെങ്കിൽ പ്രണയസല്ലാപം നടത്തണമെങ്കിൽ യുവതി കൂടിയേതീരൂ. ഇവിടെ സ്ത്രീക്ക് സ്വാഭാവികമായും പ്രാമുഖ്യം കൈവരുന്നുണ്ട്. ഈ പ്രാമുഖ്യം ശരീരബന്ധത്തിലൂടെയോ വിവാഹജീവിതത്തിലൂടെയോ അവസാനിക്കുന്ന അവസ്ഥയ്ക്കാണ് ഇനി അന്ത്യം സംഭവിക്കേണ്ടത്. തുല്യമായ തൊഴിൽ, സാമ്പത്തികം, ബുദ്ധി തുടങ്ങിയവയുടെ വിനിയോഗത്തിലൂടെ ഇതു സംഭവിക്കുകതന്നെ ചെയ്യും. ഇവിടെ ആശയവിനിമയ ബോധവത്കരണ ഉപകരണമെന്ന സ്ഥാനമാണ് മൊബൈൽ ഫോണിനുള്ളത്. നിയതമായ എസ്.എം.എസുകൾ ഇതിനെ പല രീതിയിൽ സഹായിക്കുക തന്നെ ചെയ്യും.

പുരുഷന്മാർ സമൂഹത്തിൽ കാലാകാലങ്ങളിലൂടെ സൃഷ്ടിച്ച് നിലനിർത്തിപോരുന്ന കോയ്മയുടെ ഒരിടമുണ്ട്. പൊതുസ്ഥലം മുതൽ സ്വകാര്യസ്ഥലംവരെ ഈ ഇടത്തിന്റെ വിസ്തൃതി വ്യാപിച്ചു നില്ക്കുന്നുണ്ട്. പുരുഷന്മാർ രൂപീകരിച്ചെടുത്ത സ്വകാര്യയിടങ്ങളെ മൊബൈൽ ഫോണുകളും എസ്.എം.എസുകളും തകർത്തുകളഞ്ഞു. ഇന്ന് പൊതുയിടങ്ങൾ രൂപപ്പെടുന്നത് ഇലക്ട്രോണിക്സ് മാധ്യമകൂട്ടായ്മയിൽ നിന്നുമാണ്. വ്യക്തികളുടെ സ്വകാര്യയിടങ്ങളിൽ മൊബൈലിന് നിർണായകമായ സ്ഥാനമുണ്ട്. അവിടേക്കാണ് എസ്.എം.എസുകൾ കടന്നുചെല്ലുന്നത്. പുരുഷന്മാരുടേതുമാത്രമായ തമാശകൾ, പ്രതികരണങ്ങൾ, നർമങ്ങൾ തുടങ്ങിയവ എസ്.എം.എസ്. വിനിമയത്തിന്റെ ഒരു ഘട്ടത്തിൽ ചേർന്ന് സ്ത്രീകളിലേക്കുമെത്തുന്നു. സ്ത്രീകൾ സവിശേഷമായ ഈ അവസ്ഥയെ നേരിടുന്നത് അവരുടെ നർമ

ങ്ങൾ കൊണ്ടും കുറിക്കുകൊളളുന്ന പ്രതികരണങ്ങൾ കൊണ്ടുമാണ്. യഥാർഥത്തിലിവിടെ സ്ത്രീക്കും പുരുഷനും ഇടപെടാൻ കഴിയുന്ന ഒരു പൊതുമണ്ഡലം രൂപപ്പെടുകയാണ്. ഈ പൊതുമണ്ഡലത്തിന്റെ ക്രമമായ വളർച്ച, സ്ത്രീ പുരുഷൻ എന്ന വേർതിരിവിന്റെ ഫലമായി രൂപപ്പെട്ടിരുന്ന കോയ്മ തകർക്കുക തന്നെ ചെയ്യും. എസ്.എം.എസുകൾ വിനിമയംചെയ്യുന്ന ആശയത്തിനുള്ളിൽ തന്നെ പലപ്പോഴും ലിംഗപരമായ വിവേചനത്തിന്റെ രാഷ്ട്രീയം ഉൾച്ചേർന്നിട്ടുണ്ട്. ഒരു വിശകലനത്തിലൂടെ ഇതിന്റെ സ്വഭാവം മനസ്സിലാക്കാവുന്നതാണ്.

> A Judge charged Rs:540 fine on a man in a rape case. He asked Y Rs.540, Judge replied, Rs.500 for rape and 8% entertainment pay.

ഒറ്റ നോട്ടത്തിൽ ഇത് നിർദോഷമായ നർമമാണ് . സൂക്ഷിച്ച് നോക്കിയാൽ ഇതിനുള്ളിൽ നീചമായ സ്ത്രീ നിന്ദയാണുള്ളത്. റേപ്പിനെ പോലും ന്യായവത്കരിക്കുകയും വിനോദമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന പുരുഷബുദ്ധിയുടെ പ്രവർത്തനമാണ് ഇതിലുള്ളത്. ഇവിടെ സ്ത്രീ കേവലം വിനോദഉപകരണവും ശരീരവും മാത്രമാണ്. അനർഹമായ നികുതിയെ പരിഹസിക്കുന്നെന്ന തോന്നൽ ജനിപ്പിച്ചു കൊണ്ടാണ് ഈ എസ്.എം.എസിന്റെ രൂപീകരണം.

> Tintumon to Kavitha : I want to marry you
> Kavitha : But I'm one year older than you
> Tintumon : No Problem, then I will marry you next year

പ്രണയ പരവശരായ പുരുഷന്മാരെ പരിഹസിക്കുന്ന നിർദോഷമായ നർമമാണിത്. പ്രായത്തിന്റെ കാര്യത്തിൽ പുരുഷന് സ്ത്രീക്ക് മേൽ പ്രായം നിശ്ചയിച്ച ആണധികാരസമൂഹത്തോടുള്ള പരിഹാസമുണ്ട്. പ്രണയപരവശനായ പുരുഷന് ടിന്റുമോൻ എന്ന പൊതുപേരാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ടിന്റുമോൻ സാമൂഹിക ബോധമില്ലാത്ത ഓരോ യുവാവിന്റെയും പ്രതിനിധിയാണ്. ഇത്തരം സ്ത്രീപക്ഷ എസ്.എം.എസുകൾക്ക് സ്ത്രീകൾക്കിടയിൽ കിട്ടുന്ന പ്രചാരം ഏറെയാണ്.

> One man wanted to get marry. So he gave an advertisement in news paper. WIFE WANTED. Next day, he received many letters- 'TAKE MY WIFE'.
> Never laugh at your wife's choice......
> Remember, U r one of them, and
> Never be proud of your choice...
> Ur wife is one of them!!!

വിവാഹം കഴിക്കാൻ പോകുന്ന യുവാവിന്റെ മണ്ടത്തരമാണ്. ഈ എസ്.എം.എസിന് ആസ്പദം. ഭാര്യയെ മറ്റൊരാൾക്ക് കൊടുത്ത് ഇനിയൊരു വിവാഹത്തിന് ശ്രമിക്കുന്ന പുരുഷന്റെ മനോഭാവത്തിനു നേരെയും നർമ്മത്തിന്റെ രൂക്ഷത നീളുന്നുണ്ട്. വായിക്കുമ്പോൾ തന്നെ ചിരിയുണർത്തുന്ന നർമമാണിത്. എന്നാൽ ഇതിന്റെ അർഥതലത്തിലേക്ക് സൂക്ഷ്മത്തിൽ പ്രവേശിക്കുമ്പോൾ ഉത്പാദിപ്പിച്ചെടുക്കുന്ന ചിന്താതലങ്ങൾ പലതാണ്. കുടുംബജീവിതത്തിൽ അസ്വസ്ഥരാകുന്ന അല്ലെങ്കിൽ നിറം നഷ്ടപ്പെട്ടെന്നു വിലപിക്കുന്ന പുരുഷന്മാർക്കുനേരെയുള്ള പരിഹാസത്തിന്റെ അലകളുണ്ട് ഇതിൽ.

Husband & Wife toured Jerusalem. Wife died there.
Priest: Sending her body home would cost 50,000. But burial here at this holy city would cost 25.
Man: I'll take the body home.
Priest: Want the costly option?
Man: Jesus was buried here & came alive on the 3rd day. I'll never take that risk:-)

പുരുഷന്മാരുടെ കാപട്യം നിറഞ്ഞ മനസ്സ് അവതരിപ്പിക്കുന്ന ഈ എസ്. എം. എസിന് സ്ത്രീകൾക്കിടയിൽ നല്ല പ്രചാരം കിട്ടിയിരുന്നു. അതുപോലെ സ്ത്രീയെ സംശയിക്കുന്ന പുരുഷന്മാർക്കു നേരെയുള്ള പരിഹാസവും ഇതിലുണ്ട്.

What is the Difference between
'Like' n Love?
Let's Just Say,
If U Like a flower, You'll pluck it!
But if U love a flower, you'll Water it...!

ഒരു കരുതലും ഓർമപ്പെടുത്തലുമെല്ലാം ഉൾക്കൊള്ളുന്ന സന്ദേശമാണിത്. സ്ത്രീയോടുള്ള പുരുഷ മനോഭാവത്തിന്റെ സ്വഭാവവും ധ്വന്യാത്മകമായി ഈ സന്ദേശത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. സ്ത്രീ പുരുഷ ബന്ധത്തെ വർത്തമാനകാല പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ ഇത്തരത്തിലുള്ള സന്ദേശങ്ങൾക്ക് കേവല നർമത്തിനുമപ്പുറം പ്രസക്തി ഏറെയാണ്.

ഒരു വാലന്റൈൻസ് ദിനത്തിൽ യുവാവ് മനസ്സിൽ ഇഷ്ടം തോന്നിയ യുവതിക്ക് സന്ദേശമയച്ചു. 143 (I Love You) യുവതി അതിനോട് പ്രതികരിച്ചത് ഇപ്രകാരമാണ്. 143, really bcoz Menaka Gandhi says Love animals- ഇതിൽ പ്രണയ നിഷേധത്തോടൊപ്പം ശക്തമായ വിയോജിപ്പും പരിഹാസവുമാണുള്ളത്. ഇവിടെ സന്ദേശം സ്ത്രീകൾക്ക് ശബ്ദ കോലാഹലങ്ങളില്ലാതെ പ്രതി

ഷേധിക്കാനുള്ള സ്ഥലം രൂപീകരിക്കുകയാണ്. രസകരമായ പല സന്ദേശങ്ങളും വായനക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവയാണ്.

Everyone says:Teaching is so easy just like walking in a park.
But only teachers know that..... The park is JURASSIC
PARK with a Variety of dinosaurs!

ഓരോ ചിരിയും ജീവിതത്തെ നിറമുള്ളതാക്കുന്നുണ്ട്. ഇന്ന് എസ്.എം.എസുകൾക്ക് ചിരി സൃഷ്ടിക്കുവാനുള്ള അവസ്ഥ ഏറെയാണ്.

Good Day is not created by God.
Not Prepared by ur Parents
Not Prepared by U
Good day is made only by Britania company!
Ting tin tiding...."

സൂക്ഷിച്ച് വീക്ഷിച്ചാൽ ആഗോളകുത്തകകൾക്കും പരസ്യപ്രചരണങ്ങൾക്കുമെതിരെയുള്ള വിമർശവും ഇതിലടങ്ങിയിട്ടുണ്ട്. പൊതുസമൂഹത്തിൽ ആരെങ്കിലുമൊക്കെ തമാശകൾ സൃഷ്ടിക്കുമ്പോൾ അതിന്റെ അവകാശികളായി അല്ലെങ്കിൽ അതിലെ കഥാപാത്രങ്ങളായി സർദാർജിയെയും ടിന്റുമോനേയും അവതരിപ്പിക്കുകയാണ്.

Sardarji his friend: People consider me as God.
Friend: How do you know?
Sardarji: When I went to a park today everybody said,
"Oh God U have come again."

യഥാർഥത്തിൽ സർദാർജി സമൂഹത്തിലെ പല മണ്ടത്തരക്കാരുടെയും പ്രതിനിധി കൂടിയാണ്.

Father : Tipu Sultan aara?
Tintumon: Ariyilla
Father Padithathil Sradhikanam
Tintumon: Babu Uncle aara?
Father : Ariyilla
Tintumon: Bharye Sradhikanam

പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാൻ പ്രയാസമുള്ളതും ശ്ലീലാശ്ലീലങ്ങളെ തച്ചുടച്ച് സൃഷ്ടിക്കുന്നതുമായ ടിന്റുമോൻ ഫലിതങ്ങളിലൊന്നു മാത്രമാണിത്. ടിന്റുമോനും സർദാർജിയുമെല്ലാം മണ്ടത്തരങ്ങളിലൂടെയും പ്രതികരണങ്ങളി

ലൂടെയും പ്രതിനിധീകരിക്കുന്നത് പുരുഷന്മാരെയാണ്. സ്വാർഥതയും മണ്ടത്തര ങ്ങളും അധികാരബോധവും പുലർത്തുന്ന പുരുഷന്മാർ തന്നെയാണ് സമൂഹത്തിലെ പല പ്രശ്നങ്ങൾക്കും കാരണമെന്ന് ഈ പശ്ചാത്തലത്തിൽ വിലയിരുത്തിയാൽ ആർക്കാണ് നിഷേധിക്കാൻ കഴിയുക. മലയാളത്തെ ഇംഗ്ലീഷ് ലിപി കൊണ്ടെഴു തുന്ന മംഗ്ലീഷ് ഇന്ന് ഏറെ മലയാളികൾക്കിടയിലും അംഗീകരിക്കപ്പെട്ട ഭാഷ തന്നെ യായിട്ടുണ്ട്. ഈ ഭാഷയുടെ പ്രചാരണത്തിൽ എസ്.എം.എസുകൾക്കുള്ള സ്ഥാനം നിർണായകമാണ്.

Orikal Koodi
Malayalikalude Desheeya Utsavam Samagathamayi
Thyagathinteyum
Snehathinteyum Sahanathinteyum
Harthal
Hridyamaya Orayiram
Harthal Ashamsakal

ഈ ഹർത്താൽ ദിന സന്ദേശത്തിൽ പരിഹാസമാണോ പ്രതിഷേ ധമാണോ സ്വയം നിന്ദയാണോ എന്ന് തിരിച്ചറിയാനാവാത്ത കറുത്ത ഫലി തമാണ് ഉപയോഗിച്ചിരിക്കുന്നത്. ചിന്തിക്കുന്നവരുടെ മനോമുകുരത്തിലേക്ക് ഹർത്താലുമായി ബന്ധപ്പെട്ട കുറേ അസ്വസ്ഥകരമായ ഓർമകളും വാർത്ത കളും കടന്നുവരും. കേരളീയസംസ്കാരത്തിന്റെ സ്പന്ദങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ഈ സന്ദേശം രൂപീകരിച്ചിരിക്കുന്നെന്നതും ശ്രദ്ധേയമാണ്.

“Snehathinteyum
Aiswaryathinteyum
Ponnonasamsakal”

തിരുവോണാശംസയ്ക്ക് ഇതിലും പറ്റിയ ഭാഷ ഏതാണ്. മാധ്യമ കേന്ദ്രീകൃത സാമൂഹ്യാവസ്ഥയുടെ സ്വഭാവം കൂടി ഈ മംഗ്ലീഷ് സന്ദേശം ഉൾക്കൊള്ളുന്നുണ്ട്. ഈ സന്ദേശത്തിനുള്ള മറുപടിയും വളരെ ലളിതമാണ്. Thirichum Angane Thanne! തിരുവോണം കേരളീയരുടേതായതുകൊണ്ട് തന്നെ കേരളത്തിന്റെ ഭാഷയായ മലയാളത്തിനും പ്രസക്തി ഏറെയാണ്. ഇംഗ്ലീഷ് ഭാഷാജ്ഞാനമില്ലാത്തവർ കൂടി മംഗ്ലീഷ് ഭാഷാജ്ഞാനത്തിലേക്ക് പ്രവേശിക്കുന്ന അവസ്ഥയാണുള്ളത്.

ജന്മദിനം, വിവാഹദിനം, വാലന്റൈൻസ് ദിനം, ഓണം, ക്രിസ്തുമസ്, ഫ്രൻഡ്ഷിപ്പ് ദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ളിക് ദിനം, കേരളപിറവി ദിനം, മദേഴ്സ് ദിനം, ടീച്ചേഴ്സ് ദിനം തുടങ്ങിയവയ്ക്കെല്ലാം എസ്. എം.എസ്. അയക്കുന്നതിലേക്ക് വർത്തമാനകാലസമൂഹം വളർന്നു. സാമൂഹ്യപ്രശ്ന ങ്ങളോടുള്ള പ്രതികരണം, പ്രതിഷേധം, അഭിനന്ദനങ്ങൾ തുടങ്ങിയവയും

സന്ദേശമായി അയക്കുന്നു. യഥാർഥത്തിൽ വൈവിധ്യമുള്ള ഈ ആശയവിനിമയങ്ങൾ വ്യക്തിയെ ഊർജമുള്ളവനും അനുനിമിഷം പശ്ചാത്തലത്തെ, സമൂഹത്തെ വീക്ഷിക്കുന്നവനുമാക്കുന്നു. ഈ സവിശേഷമായ വീക്ഷണം പുത്തൻ അറിവുകൾ നൽകി വ്യക്തിയെ വർത്തമാനകാലപ്രസക്തമായ രീതിയിൽ സംസ്കരിച്ചെടുക്കുന്നു. ഈ സംസ്കരണത്തിന്റെ ഫലം, പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തിന്റെയും നവമായ അറിവിന്റെയും പുത്തൻമേഖല തുറന്നു കിട്ടുന്നു എന്നുള്ളതാണ്.

## അധികാരവും സംസ്കാരവും

ശരീരത്തിന്റെ ഒരു ഭാഗം പോലെ പ്രവർത്തിക്കുന്ന മൊബൈൽ ഫോൺ ഇന്ന് അധികാരത്തിന്റെ ചിഹ്നവും മാധ്യമവുമാണ്. സ്ഥിരമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്ന വ്യക്തി അതെടുക്കുവാൻ മറന്നുപോയാൽ അസ്വസ്ഥനാകുന്നു/അസ്വസ്ഥയാകുന്നു. പുറംലോകവുമായുള്ള ബന്ധം അറ്റ് ഏകനാകുന്ന/ഏകയാകുന്ന അവസ്ഥ. പൊതുസ്ഥലത്തുനിന്ന്, ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഉറച്ച ശബ്ദത്തോടെ സംസാരിക്കുന്നവർ അധികാരം മറ്റുള്ളവർക്കുമേൽ വിനിമയം ചെയ്യുകയാണ്. മൊബൈൽ ഫോൺ റിങ് ചെയ്യുമ്പോൾ അല്ലെങ്കിൽ എസ്.എം.എസ്. എത്തിയെന്ന് അറിയിക്കുമ്പോൾ മറ്റെല്ലാം മാറ്റി വെച്ച് അതിൽ ശ്രദ്ധിക്കുന്നു. ഇവിടെ ആശയങ്ങൾക്ക്/സന്ദേശങ്ങൾക്കുള്ള പ്രസക്തിയിലൂടെ അത് വിനിമയം ചെയ്യുന്ന മാധ്യമവും/മൊബൈൽ ഫോണും ശ്രദ്ധേയമാകുന്നു.

സ്ത്രീകളുടെ വൈവിധ്യമുള്ള സംസ്കാരങ്ങളോട് മൊബൈൽ ഫോണിന്റെ സംസ്കാരം കൂടി സമ്മേളിക്കുമ്പോൾ സവിശേഷമായ മറ്റൊരു സംസ്കാരമാണ് രൂപപ്പെടുന്നത്. ഈ പശ്ചാത്തലത്തിലാണ് ഫെമിനിസ്റ്റ് പഠനങ്ങൾ മൊബൈൽ ഫോണിന്റെ സാധ്യതാമണ്ഡലങ്ങളുമായി ബന്ധപ്പെട്ട് പുത്തൻ പാഠങ്ങൾ നിർമിക്കുന്നത്. നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട നവമാധ്യമസാക്ഷരത നേടിയ പുതിയ തലമുറയിലെ സ്ത്രീകൾ ജീവിതത്തോടും തൊഴിലിനോടും കുടുംബത്തോടും പുലർത്തുന്ന മനോഭാവം, സമൂഹം നിർണയിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെയും നിയമത്തിന്റെയും സാധ്യതകൾ ഉൾക്കൊണ്ടതാണ്. ലിംഗത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചെടുക്കുന്ന എല്ലാ അടിമത്തങ്ങളെയും അവൾ തിരസ്കരിക്കുന്നു. സ്ത്രീകൾക്കുനേരെ ഉയരുന്ന ലൈംഗികാഭാസങ്ങളെ പൊതുസമൂഹത്തിനു മുന്നിൽ തുറന്ന് കാണിക്കുകയും അതിനെ തീവ്രമായി എതിർക്കുകയും ചെയ്യുന്നു. പ്രായഭേദമെന്യേ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ അവരുടെ ആവശ്യത്തിനും മനോഭാവത്തിനുമനുസരിച്ചുള്ള സന്ദേശങ്ങൾ സൃഷ്ടിച്ച് മൊബൈൽ ഫോണിലൂടെ വിനിമയം ചെയ്യുന്നു. ഈ പ്രക്രിയയിൽ ഭാവനയുടെയും സർഗാത്മകതയുടെയും സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും ശക്തമായ സാന്നിധ്യമുണ്ട്. ഇവിടെ നവഭാഷയുടെയും നവജ്ഞാ

നത്തിന്റെയും നവസ്വാതന്ത്ര്യബോധത്തിന്റെയും പ്രത്യുത്പന്നമെന്ന നിലയിലാണ് എസ്.എം.എസുകൾ നിലകൊള്ളുന്നത്. ആത്യന്തിക വിശകലനത്തിൽ സ്ത്രീസ്വാതന്ത്ര്യത്തിന്റെ വർത്തമാനകാല പ്രസക്തമായ മാധ്യമമായി മൊബൈൽഫോൺ പ്രവർത്തിക്കുന്നു.

**ഗ്രന്ഥസൂചി**

1. അബേഷ് രഘുവരൻ. എസ്.എം.എസ്. ഷാരോൺ ബുക്സ്: ചേർത്തല, 2010.
2. ഫ്രാൻസിസ് കാരയ്ക്കാട്ട്. മാധ്യമ തലമുറയുടെ മാർഗദർശി. കെ.സി.എസ്.എൽ. പബ്ലിക്കേഷൻസ്: 2009
3. രാജഗോപാൽ ഇ.പി. 'എസ്.എംഎസ്. അഥവാ സ്വന്തം മേഘസന്ദേശങ്ങൾ'.'ഭാഷാപോഷിണി': കോട്ടയം, സെപ്റ്റംബർ 2006.
4. സജീഷ്, എൻ.പി. 'എസ്.എം.എസ്. പ്രതിഭാഷയുടെ പാഠഭേദങ്ങൾ'. 'മാതൃഭൂമി' ആഴ്ചപ്പതിപ്പ്: കോഴിക്കോട്, ഒക്ടോബർ 8, 2006.
5. Geoffrey Craig. *The Media, Politics and Public Life.* Allen & Unwin: Australia, 2007.
6. Baker, Edwin. *Media Concentration and Democracy: Why Ownership Matters.* Cambridge University Press: New York, 2007.
7. Ben-Ze'Ev, Aaron. *Love Online: Emotions on the Internet.* Cambridge University Press: New York, 2004.
8. Chomsky, Noam. *Media Control: The Spectacular Achievements of Propaganda.* Seven Stories Press: New York, 1997.
9. Gills, David. *Media Psychology.* Lawrence Eralbaum Associates: London, 2003.
10. Ling, Rich. *The Mobile Connection: The Cell Phone's Impact on Society.* Morgan Kautman Publishers: London, 2004.

# 13. സൈബർ നർമം

ശ്രീനാഥ് എസ്.

വർത്തമാനകാല സമൂഹം ആശയവിനിമയത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സൈബർ മേഖലയാണ്. വേഗം, കൃത്യത, സൂക്ഷ്മത തുടങ്ങിയവ ഈ മേഖലയുടെ സവിശേഷതയാണ്. പ്രിന്റ് സാഹിത്യത്തിന് ബദലായി വന്ന സൈബർ സാഹിത്യം വിവിധ രൂപത്തിൽ ഈ കാലഘട്ടത്തെ രൂപപ്പെടുത്തുന്നു. സൈബർ ആഖ്യാനത്തിലെ ശക്തമായ ഒരു വിഭാഗമാണ് സൈബർഹാസ്യം. ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമത്തിന്റെ സാധ്യതകളും സവിശേഷതകളുമാണ് ഈ ഹാസ്യനിർമിതിയെ സ്വാധീനിക്കുന്നത്. ഈ മാധ്യമങ്ങൾ ശീലമാക്കിയവരുടെ മനോധർമവും ആവിഷ്കാരരീതിയും സാമൂഹ്യാവസ്ഥയും ഹാസ്യനിർമിതയെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ്.

വർത്തമാന കാലാവസ്ഥയോടുള്ള ശക്തമായ പ്രതികരണമെന്ന നിലയിൽ രൂപപ്പെടുന്ന നർമം; പദ്യം, ഗദ്യം തുടങ്ങിയവയിലൂടെയും ചിഹ്നം, ചിത്രം, ഫോട്ടോ എന്നിവകളിലൂടെയും സൈബർ രൂപത്തിൽ ഒരു മാധ്യമത്തിൽ നിന്നും സമാനമായ മറ്റു മാധ്യമങ്ങളിലേക്ക് പ്രവഹിക്കുന്നു. ഒരേ സമയം ഒന്നിലധികം വ്യക്തികളിലേക്ക് ആശയത്തെ വിനിമയംചെയ്യുന്നത് ഈ മേഖലയുടെ സാധ്യതയും സവിശേഷതയുമാണ്. വർത്തമാനകാലത്ത് ഏറ്റവുമധികം ഹാസ്യങ്ങൾ രൂപപ്പെടുന്നത് സൈബർ മേഖലയിലാണ്.

### ഫേയ്സ്ബുക്ക്

ഫേയ്സ്ബുക്ക് എന്ന സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റ് ആരംഭിച്ചത് 2004 ൽ *മാർക്ക് സുക്കർബർഗ്* ആണ്. *സുക്കർബർഗ്* സുഹൃത്തുക്കളോടൊത്ത് രൂപം നൽകിയ വെബ്സൈറ്റ് പിന്നീട് ലോകം മുഴുവനും പ്രസിദ്ധിയാർജിച്ചു. ഈ വെബ്സൈറ്റിന്റെ മെമ്പർഷിപ്പ് ആദ്യമായ് ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾക്ക് വേണ്ടി മാത്ര

മായി ചുരുക്കിയിരുന്നു. പിന്നീടത് മറ്റു കോളെജുകൾക്കായി നൽകി. 2009 ജനുവരിയിൽ കംപ്ലീറ്റ്. കോം നടത്തിയ സർവേ അനുസരിച്ച്, ഏറ്റവും കൂടുതൽ ജനങ്ങൾ ഉപയോഗിക്കുന്ന സോഷ്യൽ നെറ്റ്‌വർക്കിങ്സൈറ്റ് ഫേയ്സ്ബുക്ക് ആണെന്ന് കണ്ടെത്തി.

ഫേയ്സ്ബുക്ക് ഇന്ന് ജനങ്ങൾക്കിടയിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒരു മാധ്യമമാണ്. ഓർക്കുട്ട് പോലെ സുഹൃത്തുക്കളെ കണ്ടെത്താനുള്ള ഒരു അവസരമാണ് ഫേയ്സ്ബുക്കും നൽകിയത്. ആരംഭകാലത്ത് ഓർക്കുട്ടിന് ലഭിച്ച ജനപ്രീതി ഫേയ്സ്ബുക്കിന് ഉണ്ടായിരുന്നില്ല. സുഹൃദ്ബന്ധങ്ങളിലെ സുതാര്യതയാണ് ഫേയ്സ്ബുക്കിന് പ്രചാരം നേടിക്കൊടുത്തത്. ചാറ്റിംഗ് മാത്രമല്ല ഫേയ്സ്ബുക്ക് അനുവദിക്കുന്നത്. ഓരോ നിമിഷവും അതിലെ ഓരോ അംഗത്തിനും തന്റെ ഉള്ളിലെ വികാര വിചാരങ്ങളെ പകർത്തി വയ്ക്കാൻ ഒരു ഡയറി നൽകുകയാണ് ഫേയ്സ്ബുക്ക്. ബ്ലോഗിലെ പോലെ ആ പോസ്റ്റിനു പ്രതികരണം ഉടൻ തന്നെ ഉണ്ടാകുകയും ചെയ്യുന്നു.

പോസ്റ്റുകളാണ് ഫേയ്സ്ബുക്കിന്റെ ജീവൻ എന്നു തന്നെ പറയാം. ആൾക്കൂട്ടത്തിനിടയിൽ അംഗീകരിക്കപ്പെടുന്നത് ഇഷ്ടപ്പെടുന്ന മനുഷ്യന്റെ സ്വഭാവത്തെ ചൂഷണംചെയ്യുകയാണ് യഥാർഥത്തിൽ ഫേയ്സ്ബുക്ക് ചെയ്യുന്നത്. ഓരോ പോസ്റ്റും ഇട്ട് അതിന്റെ പ്രതികരണം ഒരു ലൈക്ക് അല്ലെങ്കിൽ കമന്റ് ആയി വരുമ്പോൾ ഉണ്ടാകുന്ന തൃപ്തി വളരെ വലുതാണ്. ആൺ, പെൺ സുഹൃത്തുക്കൾക്കിടയിൽ കണ്ടെത്താവുന്ന വ്യത്യാസങ്ങളും ഫേയ്സ്ബുക്കിൽ കാണാം.




ഫേയ്സ്ബുക്കിന്റെ സ്വഭാവം പറഞ്ഞ ഈ പോസ്റ്റ് ആരുടെ സൃഷ്ടിയാണെങ്കിലും അതിന് ഏറെ ആരാധകരുണ്ടായി. ധാരാളം ലൈക്ക്, കമന്റ് എന്നിവ നേടിയ പോസ്റ്റ് ലക്ഷങ്ങൾ ഷെയർ ചെയ്തു. മാധ്യമം ഏതായാലും ഇന്നും നിലനിൽക്കുന്ന ആൺ പെൺ ശീതസമരം പുതിയ തലങ്ങളിലേക്ക് കടന്നിരിക്കുന്നു എന്ന

തിന്റെ തെളിവാണ് ഈ പോസ്റ്റിലൂടെ കാണാൻ കഴിയുന്നത്. ഒരു ചിത്രത്തിലൂടെ ഈ പ്രതിഭാസത്തെ വിവരിക്കാൻ ശ്രമിച്ചവരുണ്ട്.




ഒരു ദിവസത്തെ ഫേയ്സ്ബുക്ക് ഓപ്പൺ ചെയ്യുന്ന ആണിനും പെണ്ണിനും തമ്മിലുള്ള വ്യത്യാസമാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ ചിത്രം തീർക്കുന്ന ചിരി മറ്റൊരു തലത്തിലേക്ക് പടരുന്നു. പെണ്ണായിരിക്കുമ്പോൾ ലഭിക്കുന്ന അംഗീകാരം ഫേക്ക് ഐഡികളുടെ നിർമിതിക്ക് കാരണമാകുന്നു. അവൻ, അവളായി ഒരു അക്കൗണ്ട് ഉണ്ടാക്കുവാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. ആ അക്കൗണ്ടിലൂടെ ആൺകുട്ടികളെ കറക്കി കമന്റും ലൈക്കും നേടുമ്പോൾ അവർ തൃപ്തരാകുന്നു. സമൂഹത്തിന്റെ ഞരമ്പുരോഗത്തിന് ആവുന്നത്ര വളം നൽകി പുതിയ അക്കൗണ്ടിലിരുന്ന് അവൻ ചിരിക്കുകയും ചെയ്യുന്നു.

സുഹൃത്ത് ബന്ധങ്ങൾക്ക് മാത്രമല്ല, പലതരം വിനോദങ്ങൾ നിറഞ്ഞ ഒരു പാക്കേജ് ആണ് ഫേയ്സ്ബുക്ക് എന്നു പറയാം. ചാറ്റിങ്ങിലോ സുഹൃദ്ബന്ധം വിപുലമാക്കാൻ ആഗ്രഹിക്കാത്ത ഒരു വ്യക്തിക്കോ ഇതിൽ മറ്റു പല സാധ്യതകളുമുണ്ട്. പലതരം ഗെയിംസ് ഫേയ്സ്ബുക്ക് നൽകുന്നുണ്ട്. 'ഫാംവില്ലേ' എന്ന കളിയിലൂടെ പ്രകൃതിയിലേക്ക് തിരിച്ചു പോകാനുള്ള ഒരു ആഹ്വാനമാണ് നൽകുന്നത്. നെറ്റിൽ ഉഴുതുമറിച്ചു വിതച്ചു കൊയ്യുന്ന ഒരു വലിയ ഫാമിന്റെ ഉടമയാക്കി നമ്മെ മാറ്റുകയാണ് ഫാംവില്ലേ. നഗരത്തിലെ മാനംമുട്ടുന്ന കെട്ടിടത്തിന്റെ റൂമുകളിലിരുന്നാണ് ഫാംവില്ലേ ആരാധകർ കൃഷി ചെയ്യുന്നതെന്നത് ഒരു വലിയ വിരോധാഭാസമാണ്.

ആപ്ലിക്കേഷനുകൾ ഫേയ്സ്ബുക്കിൽ ഒരു നല്ല ആസ്വാദനത്തിനുള്ള വക നൽകുന്നു. സ്വന്തം വിവാഹം, മരണം, ഹണിമൂൺ എന്നിങ്ങനെ ജീവിതത്തിലെ കാര്യങ്ങൾ പ്രവചിക്കുന്ന ആപ്ലിക്കേഷനുകൾ ധാരാളമാണ്. വെറുമൊരു രസമെന്ന് അറിഞ്ഞുകൊണ്ട് തന്നെയാണ് അതിൽ കമന്റുകൾ കൊടുത്തും ഞെട്ടലുകൾ അറിയിച്ചും കടന്നു പോകുന്നത് അതുപോലെ സൂപ്പർഹിറ്റായ ചലച്ചിത്രങ്ങളെ റീമേക്ക് ചെയ്ത് അതിലെ നായകനായി തന്നെയും ഇതര കഥാപാത്രങ്ങളായി സുഹൃത്തുക്കളെയും കണ്ടെത്തുന്ന പോസ്റ്റുകൾക്ക് ഏറെ ആരാധകരാണ് ഉള്ളത്. താരയുദ്ധങ്ങൾക്കും ഫേയ്സ്ബുക്കിൽ നല്ല ഡിമാന്റാണ്.




ചിലപ്പോഴൊക്കെ ഒന്നുമില്ലാത്ത അവസ്ഥ ഫേയ്സ്ബുക്കിൽ ഉണ്ടാവാറുണ്ട്. സ്ഥിരമായി ആവർത്തന വിരസമായി തോന്നുന്ന പോസ്റ്റുകളിലൂടെ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന മുഷിച്ചിലും ഫേയ്സ്ബുക്കിലൂടെ ഉണ്ടാകുന്നു. എങ്കിലും ഒരു ദിവസം പലതവണ ഫേയ്സ്ബുക്ക് അക്കൗണ്ട് തുറന്നുനോക്കാതിരിക്കാൻ അതിലെ അംഗങ്ങൾക്ക് കഴിയുന്നില്ല. അതിനു കാരണം പുതുമയ്ക്കു വേണ്ടിയുള്ള ആഗ്രഹമാണ്; സുഹൃത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ത്വരയാണ്. ഫേയ്സ്ബുക്കും ഫ്രിഡ്ജും തമ്മിലുള്ള സാമ്യമെന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരം ടിന്റുമോൻ നൽകുന്നതിങ്ങനെ. 'രണ്ടിലും ഒന്നുമില്ലെങ്കിലും ദിവസവും പലതവണ അതു തുറന്നു നോക്കും'. ഈ എസ്.എം.എസ്. തമാശ അടുത്തകാലത്ത് ഏറെ പ്രചരിച്ച ഒന്നാണ്.

സമൂഹവുമായി ജനങ്ങളെ അടുപ്പിക്കാൻ ഇന്ന് ഫേയ്സ്ബുക്ക് പോലെ ഒരു നല്ല മാധ്യമമില്ലെന്നു തന്നെ പറയാം. അതിനുള്ള തെളിവാണ് ഓരോ ദിവസവും സംഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഉള്ള പ്രതികരണങ്ങൾ. ഒരു സാമൂഹ്യജീവിയായ മനുഷ്യന്റെ നിർമിതിയാണ് ഈ പ്രതികരണങ്ങളിലൂടെ സംഭവിക്കുന്നത്. ഫേയ്സ്ബുക്കിൽ സൃഷ്ടിക്കപ്പെടുന്ന പോസ്റ്റുകൾ വെറും നേരമ്പോക്കുകൾ മാത്രമാവുന്നില്ല. അത് പുതിയ തലമുറയുടെ പ്രതികരിക്കാനുള്ള കഴിവിനെയും പരിഹസിക്കാനുള്ള കഴിവിനെയുമാണ് കാണിച്ചു തരുന്നത്.






ഒരു വ്യക്തിയുടെ ഉള്ളിലുള്ള ഹാസ്യബോധത്തെയാണ് ഫേയ്സ്ബുക്കിലെ പല പോസ്റ്റുകളും കാണിക്കുന്നത്. ഫോട്ടോഷോപ്പും, ഇതര ഗ്രാഫിക്സ് സോഫ്റ്റ്വെയറുകളും നെറ്റിന്റെ പ്രാഥമികപാഠങ്ങൾ പഠിച്ചവർക്കുപോലും ഉപയോഗിക്കാൻ കഴിയുമ്പോൾ ആർക്കും രസിപ്പിക്കുന്ന ചിത്രങ്ങൾ പോസ്റ്റുകളാക്കാൻ കഴിയുന്നു. അതിനൊരു ഉദാഹരണമാണ് ഈ ചിത്രം.




നെറ്റിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഈ പദത്തിന് ആടുമായി ബന്ധം വരുത്തുമ്പോൾ ഉണ്ടാകുന്ന ചിരിക്ക് അതിരില്ല. ‘പിക്ചർ’ എന്ന സോഫ്റ്റ്വെയറിന്റെ ചെറിയ ഉപയോഗം കൊണ്ടാണ് ഇത് സൃഷ്ടിക്കുന്നത്.




ഓർക്കുട്ടിൽ നിന്നും ഫേയ്സ്ബുക്കിലേക്കുള്ള മാറ്റം ആരംഭിച്ചിട്ട് അധികമായിട്ടില്ല. ഫേയ്സ്ബുക്കിൽ ലഭിക്കുന്ന അനേകം സാധ്യതകളും, ഓർക്കുട്ട് നൽകുന്ന സ്വകാര്യതയും ഫേയ്സ്ബുക്കിന് ആരാധകരെ വർധിപ്പിച്ചു. ഫേയ്സ്ബുക്കിലേക്ക് ചേക്കേറിയവരെ ഓർക്കുട്ട് പരിഹസിച്ചത് ഇങ്ങനെയായിരുന്നു.

കേരളത്തിലെ സമകാലിക സംഭവങ്ങളെ, അതിന്റെ ചൂടാറും മുൻപ് വിമർശിക്കാൻ ഫേയ്സ്ബുക്കുകൾക്കാകുന്നു. ഓരോ വിവാദങ്ങളും ഉണ്ടാകുമ്പോൾ അതിലെ നായകന്മാർ ഒരു ഹാസ്യകഥാപാത്രത്തെപ്പോലെ ജനപ്രിയനായിത്തീരുകയാണ് ചെയ്യുന്നത്. ഇവിടെ സംഭവങ്ങൾക്ക് എല്ലാം ഒരു ലളിതവത്കരണമാണ് നടക്കുന്നത്. അതിനു കാരണം ഫേയ്സ്ബുക്ക് എന്നത് ഒരു ആഹ്വാനത്തിനുള്ള കേന്ദ്രമാണ് എന്നതാണ്. അവിടെ ഗൗരവമായി മാത്രം പറയുന്ന കാര്യങ്ങൾക്ക് സ്വീകാര്യത ഉണ്ടായി എന്നുവരില്ല.


22
ജൂൺ 2050
ബുധൻ

മലയാള മനോരമ

കോഴിക്കോട്
217 പേജ്
Rs:250

തിരുവനന്തപുരം * കോഴിക്കോട് * കോട്ടയം * പാലക്കാട് * കഞ്ഞിക്കുഴി * പോക്കിരിമുക്ക്
അന്റാർട്ടിക്ക * ഐസ്‌ലാന്റ് * ചൊവ്വ * ചന്ദ്രൻ * സൂര്യൻ * നരകം * സ്വർഗ്ഗം * പാതാളം

- ഓസ്കാർ അവാർഡ് ജേതാവ് സന്തോഷ് പണ്ടിറ്റ് അന്തരിച്ചു
- പെട്രോൾ വില അഞ്ച് രൂപാ കുറഞ്ഞ് ലിറ്ററിന് 8560 രൂപയായി
- സ്വർണ്ണവില പവന് 8 ലക്ഷം കവിഞ്ഞു
- ബിരിയാണിയുടെ അമിതോപയോഗം മൂലം പാക് തീവ്രവാദി അജ്മൽ കസബ് (75) ജയിലിൽ നിര്യാതനായി
- രാജയുടെ മകൻ 32 ജി തട്ടിപ്പു കേസിൽ അറസ്റ്റിൽ
- സച്ചിൻ തെണ്ടുൽക്കർ ടെസ്റ്റിൽ അൻപതിനായിരം റൺസ് തികച്ചു
- കളിക്കടവിൽ പൂവാല ശല്യം, കേരളത്തിൽ നാളെ സി.പി.എം ആഹ്വാനം ചെയ്ത 24 മണിക്കൂർ ഹർത്താൽ



ഫേയ്സ്ബുക്കിനെതിരെ പ്രധാനമായും ഉണ്ടായിരിക്കുന്ന വിമർശനം യുവത്വത്തെ വഴിതെറ്റിക്കുന്നു, കമ്പ്യൂട്ടർ സ്ക്രീനിനു മുൻപിൽ തളച്ചിടുന്നു എന്നൊക്കെയാണ്. ഒരു തരത്തിൽ നോക്കിയാൽ അതും ഒരു സത്യമാണെന്നു പറയാം. വിമർശിക്കേണ്ടവയെ റ്റാഗ് ചെയ്തും ഷെയർ ചെയ്തും തന്റെ പോസ്റ്റ് ആക്കുന്നതല്ലാതെ പ്രശ്നങ്ങളെ എത്രത്തോളം മനസ്സിലാക്കാൻ കഴിയുന്നുണ്ട് എന്നൊരു ചോദ്യം ഇവിടെ സൃഷ്ടിക്കപ്പെടുന്നു. അടുത്ത കാലത്ത് പുതിയ രാഷ്ട്രപതിക്കായി നടത്തുന്ന തിരഞ്ഞെടുപ്പിലാണ് ഫേയ്സ്ബുക്ക് പ്രതികരണങ്ങൾ കൂടുതൽ ലഭിച്ചത്. അബ്ദുൾകലാമിന് യുവജനങ്ങൾക്കിടയിലുള്ള താത്പര്യത്തെ കാണിച്ചുകൊണ്ടും ഇപ്പോഴത്തെ രാഷ്ട്രപതിയെ പരിഹസിച്ചുകൊണ്ടുമുള്ള പോസ്റ്റുകളാണ് ഫേയ്സ് ബുക്കിൽ നിറഞ്ഞുനിൽക്കുന്നത്.

ഫേയ്സ്ബുക്ക് സംസ്കാരം രൂപപ്പെട്ടതോടെ ലഹരിമരുന്നുകൾ പോലെ അതിന് അടിമയാകുന്ന ഒരു അവസ്ഥയും വന്നു ചേർന്നിരിക്കുന്നു. ജോലിക്കുപോലും പോകാതെ ഫേയ്സ്ബുക്കിൽ തന്നെ കഴിയുന്ന ഒരവസ്ഥ ഉണ്ടായി. മാത്രമല്ല എന്തുകിട്ടിയാലും അത് ഫേയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യുന്ന ഒരു അവസ്ഥ ഉണ്ടായിരിക്കുന്നു. മുങ്ങിമരിക്കാൻ തുടങ്ങുന്നയാളിനെ രക്ഷിക്കാൻ ശ്രമിക്കാതെ അതിന്റെ ചിത്രമെടുത്ത് ഫേയ്സ്ബുക്കിൽ കൊടുക്കാം എന്നു പറയുന്ന ചിത്രം ഈ അവസ്ഥയെയാണ് പ്രതിപാദിക്കുന്നത്.




വാർത്തകളാണ് ഫേയ്സ്ബുക്കിന്റെയും നിലനിൽപ്പിന് അടിസ്ഥാനം. പെട്രോളിന് അടിക്കടി വില കൂടിയപ്പോൾ അതിനെതിരെ പ്രതികരിച്ചത് ഈ ചിത്രം കൊണ്ടായിരുന്നു.



പ്രണയത്തിന്റെയും വിരഹത്തിന്റെയും ചിന്തകളും ചിത്രങ്ങളുമായി ഫേയ്സ്ബുക്കിന്റെ ഭൂരിഭാഗം നിറഞ്ഞിരിക്കുന്നു. അതിൽ നിന്നും ഉള്ള മാറ്റ മാണ് വാർത്തകളും അവയ്ക്കുള്ള കുറിക്കുകൊള്ളുന്ന പ്രതികരണങ്ങളും. ഓരോ മനുഷ്യന്റെയും ഉള്ളിൽ ഉള്ള ഹാസ്യബോധത്തെയാണ് ഫേയ്സ്ബുക്ക് പോസ്റ്റിലൂടെയും കമന്റുകളിലൂടെയും അവതരിപ്പിക്കുന്ന ത്. പ്രതികരണം അവതരിപ്പിക്കാൻ ഒരു വേദി ലഭിക്കുക എന്നത് ഏതൊരു പൗരന്റെയും അവകാശമാണ്. മുൻപ് പ്രതികരണം അറിയിക്കുവാനുള്ള മാധ്യമങ്ങൾ കുറവായിരുന്നു. ഇന്ന് അതിനുള്ള ശക്തമായ മാധ്യമമായി ഫേയ്സ്ബുക്ക് മാറിക്കഴിഞ്ഞു ഓരോ നിമിഷവും വാർത്തകൾ സൃഷ്ടിക്ക പ്പെടുന്നു. അതനുസരിച്ച് അവയ്ക്കെതിരെയുള്ള വിമർശവും സൃഷ്ടിക്കപ്പെടുന്നു.

## ട്വിറ്റർ

2011-ലെ ജൂലൈ മാസത്തോടെ ട്വിറ്റർ എന്ന സോഷ്യൽ നെറ്റ് വർക്കിംങ് സൈറ്റിലെ അംഗസംഖ്യ 20 കോടി കവിഞ്ഞു. 2006 ജൂലായ് 15-ന് ട്വിറ്റർ പൂർണരൂപത്തിൽ ആരംഭിച്ച് അഞ്ചുവർഷത്തിനുള്ളിലാണ് ഈ നേട്ടം. സോഷ്യൽ നെറ്റ്വർക്ക്സൈറ്റുകളുടെ വിഭാഗത്തിൽ ആണെങ്കിലും മൈക്രോബ്ലോഗ് എന്നാണ് ട്വിറ്ററിന്റെ ചെല്ലപ്പേര്. മൈക്രോബ്ലോഗ് എന്നാൽ കുഞ്ഞൻ ബ്ലോഗ് എന്നാണർത്ഥം. എസ്.എം.എസിനെ പോലെ തന്നെയാണ് ട്വിറ്ററും. ഒരു ട്വിറ്ററിൽ ഉപയോഗിക്കാവുന്ന പരമാവധി അക്ഷരങ്ങൾ 140. ഇഷ്ടമുള്ള വിഷയത്തിൽ അഭിപ്രായം പറയാം. ട്വിറ്ററിൽ നടത്തുന്ന അഭിപ്രായമാണ് ട്വീറ്റ്.

പ്രതിദിനം 350 മില്യൻ ട്വിറ്ററുകൾ പ്രത്യക്ഷമാകുന്ന സൈറ്റിൽ 160 കോടി സേർച്ചും ഉണ്ടാകുന്നുവെന്നാണ് കണക്ക്. പ്രമുഖ അമേരിക്കൻ ന്യൂസ്ചാനലായ ഫോക്സ് ന്യൂസിന്റെ ട്വിറ്റർ അക്കൗണ്ടിൽ അതിക്രമിച്ചു കയറിയ ഹാക്കർമാർ അമേരിക്കൻ പ്രസിഡന്റ് ഒബാമ കൊല്ലപ്പെട്ടുവെന്ന വ്യാജസന്ദേശം പ്രചരിപ്പിച്ചത് 2011 ൽ ആണ്. 2011 ൽ ട്വിറ്റർ സന്ദേശങ്ങളിൽ നിറഞ്ഞു നിന്നത് ജനാധിപത്യ പ്രക്ഷോഭം ആളിപ്പടർന്ന ഈജിപ്തും അവിടുത്തെ സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് ഹസ്നി മുബാറക്കുമാണ്. 2011 ൽ ഏറ്റവും കൂടുതൽ ഉപയോഗിച്ച ഹാഷ് ടാഗുകളുടെ പട്ടിക പുറത്തുവിട്ടപ്പോൾ വാർത്താവിഭാഗത്തിൽ ഈജിപ്ത് ഒന്നാം സ്ഥാനത്തെത്തി. ഒബാമ വധം രണ്ടാംസ്ഥാനത്തായി. മൂന്നാമത് ജപ്പാനിൽ കനത്ത നാശംവിതച്ച സുനാമിയാണ്. ഒരേ വിഷയത്തെപ്പറ്റി നൽകുന്ന ട്വിറ്റർ സന്ദേശങ്ങൾ ഒരുമിച്ച് ചേർക്കാനാണ് ഹാഷ് ടാഗ് ഉപയോഗിക്കുന്നത്.

ട്വിറ്ററിന്റെ പ്രത്യേകത സെലിബ്രിറ്റികളുടെ സുഹൃത്താകാൻ കഴിയുന്നു എന്നതാണ്. അവരോട് പറയാനുള്ളത് നേരിട്ടുപറയാൻ കഴിയുന്നു. നടൻ മമ്മൂട്ടിയുടെ ആരാധകനാണെന്ന് ആർക്കും പറയാം. പക്ഷേ മമ്മൂട്ടി എന്റെ സുഹൃത്താണ് എന്ന് പറയുമ്പോൾ അർഥം മാറും. മമ്മൂട്ടിയുടെ കഴിഞ്ഞ ചിത്രത്തിലെ അഭിനയം ഇഷ്ടമായി എന്ന് നൂറുവട്ടം പറയുന്നതിലും എത്രയോ നല്ലതാണ് അത് മമ്മൂട്ടിയോട് നേരിട്ടു പറയുന്നത്. അതാണ് ട്വിറ്ററിന്റെ ഗുണം. അതിന് മമ്മൂട്ടിയുടെ ട്വിറ്റർ അക്കൗണ്ടിന്റെ ഫോളോവർ ആയാൽ മതി. താരത്തിന്റെ പേരിൽ അനേകം അക്കൗണ്ടുകൾ കാണും. പ്രൊഫൈലിന്റെ സൈഡിൽ വെരിഫൈഡ് എന്ന് കണ്ടാൽ ഇത് ഒറിജിനൽ തന്നെ എന്ന് ഉറപ്പിക്കാം.

ട്വിറ്ററിൽ സച്ചിൻ അക്കൗണ്ട് തുടങ്ങിയതിനു പിന്നിൽ ഒരു കഥയുണ്ട്. സച്ചിന്റെ വ്യാജ പ്രൊഫൈൽ ആരോ സൃഷ്ടിച്ചു. അയാൾ സച്ചിന്റെ ഫോട്ടൊയൊക്കെ ഇട്ട് ക്രിക്കറ്റിനെക്കുറിച്ചും ലോകകാര്യങ്ങളെക്കുറിച്ചും പറയുന്നത് പതിവായി തന്റെ പേരിൽ മറ്റൊരാൾ ആരാധകരെ വഞ്ചിക്കുന്നത് ശരിയല്ലെന്ന് തോന്നിയതിനാലാണ് സച്ചിൻ അക്കൗണ്ട് തുടങ്ങിയത്. മിക്ക

വാറും ചലച്ചിത്രതാരങ്ങളും കായികതാരകങ്ങളും ട്വിറ്ററിൽ അക്കൗണ്ട് തുടങ്ങുവാൻ കാരണം ഇതുതന്നെയാണ്. ഏറ്റവും സജീവമായി ട്വീറ്റ് നടത്തുന്ന ഒരു താരമാണ് അമിതാഭ് ബച്ചൻ.

ശശി തരൂരിന്റെ വിവാദ പരാമർശങ്ങളിലൂടെയാണ് കേരളത്തിൽ ട്വിറ്റർവാർത്തകളിൽ നിറയുന്നത്. ഇന്ത്യയിലെ ഭൂരിപക്ഷം സെലിബ്രിറ്റികളും ട്വിറ്ററിലുണ്ട്. പ്രശസ്തർക്കു മാത്രമുള്ളതല്ല ഈ സൈറ്റ്. ഒരു ഇ–മെയിൽ ഐ.ഡി. ഉണ്ടെങ്കിൽ ആർക്കും ട്വിറ്ററിൽ അക്കൗണ്ട് തുടങ്ങാം. എന്തിനെക്കുറിച്ചും അഭിപ്രായം പറയാം. കാശ്മീർപ്രശ്നമോ ലോകാവസാനമോ നവതരംഗ സിനിമയോ എന്തുമാവാം വിഷയം. ഉദാഹരണത്തിന് തങ്കപ്പൻ ചേട്ടന്റെ ചായക്കടയിൽ ചായയ്ക്ക് കടുപ്പം കുറവാണെന്ന് അഭിപ്രായപ്പെടും. ഇത് കടുത്ത അന്യായമാണെന്ന്ട്വീറ്റുമ്പോൾ, സുഹൃത്തുകൾക്ക് ഇതിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ അഭിപ്രായം പറയാം. ഈ ട്വിറ്റ് തങ്കപ്പൻ ചേട്ടന്റെ ചായക്കടയെ പിടിച്ചുകുലുക്കുമെന്നും മേലാൽ അങ്ങോട്ട് ആരും ചായകുടിക്കാൻ പോകില്ലെന്നും കരുതുന്നത് മണ്ടത്തരമാണ്. കാരണം, ഈ ട്വീറ്റിനെ പ്രതികരിച്ചുകൊണ്ട് വാർത്ത വസ്തുതാവിരുദ്ധമെന്ന് പറഞ്ഞ് തങ്കപ്പൻചേട്ടൻ സന്ദേശമയച്ചിട്ടുണ്ടാവാം. അതിന്റെ നിജസ്ഥിതിയറിയാൻ തങ്കപ്പൻ ചേട്ടന്റെ കടയിലെ ചായകുടിക്കാൻ പതിവിലും കൂടുതൽ ആളുകളും പോയിട്ടുണ്ടാവും.

140 അക്ഷരങ്ങളിൽ എത്രയും രസകരമായി ശ്രദ്ധ ആകർഷിക്കും വിധം തന്റെയുള്ളിലെ ആശയങ്ങൾ പങ്കുവയ്ക്കാനാണ് ട്വിറ്റർ ശ്രമിക്കുന്നത്. പ്രശസ്തരായ സിനിമാതാരങ്ങൾ, രാഷ്ട്രീയക്കാർ, കായികതാരങ്ങൾ എന്നിവരാണു പ്രധാനമായും ട്വിറ്റർ ഉപയോഗിക്കുന്നത്. ആരാധകർക്ക് താരങ്ങൾ തനിക്കടുത്ത് തന്നെയുണ്ടെന്ന തോന്നലാണ് ട്വിറ്റർ നൽകുന്നത്. താരങ്ങൾ തമ്മിലുള്ള ട്വിറ്റർ യുദ്ധങ്ങളും കാണാൻ കഴിയും. പ്രസ്താവനയും അതിനുള്ള തിരിച്ചടിയുമായി ചലച്ചിത്രതാരങ്ങൾ സജീവമായി ട്വിറ്ററിൽ നിറയുന്നു.

2011 ൽ ട്വിറ്റർ മൂലം ഏറ്റവും ഗുണമുണ്ടായത് പൂനം പാണ്ഡെ എന്ന മോഡലിനാണ്. ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ ജയിച്ചാൽ താൻ പൂർണനഗ്നയാകും എന്ന പ്രസ്താവനയിലൂടെ ഈ 20 കാരി വാർത്തകളിൽ നിറഞ്ഞു. ട്വിറ്ററിൽ പൂനത്തിന് ധാരാളം ആരാധകരും ഉണ്ടായി. എന്നാൽ ഈ പെൺകുട്ടി പ്രസ്താവന നിറവേറ്റിയില്ല. പിന്നീട് ഇന്ത്യൻ പ്രീമിയർ ലീഗിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ട്രോഫി നേടിയാൽ തന്റെ നഗ്നത ടീം ഉടമയായ ഷാരൂഖ്ഖാനും സംഘത്തിനും വേണ്ടി പ്രദർശിപ്പിക്കുമെന്ന വാർത്ത ഉണ്ടായി. ടീം ട്രോഫി നേടിയപ്പോൾ 'താൻ വാക്കു പറഞ്ഞതുപോലെ ഇതാ ചിത്രം' എന്ന ട്വീറ്റിൽ പൂനം പാണ്ഡെ തന്റെ നഗ്നചിത്രം ട്വിറ്ററിൽ നൽകി. 18 വയസ്സിൽ താഴയുള്ളവർ ഈ ചിത്രം കാണരുതെന്ന മുന്നറിയിപ്പും നൽകി. ഈ ചിത്രത്തിന് ധാരാളം റീട്വീറ്റുകൾ ഉണ്ടായി. വേൾഡ് കപ്പും ഐ.പി. എല്ലും നേടിയതിനുള്ള കാരണം പൂനം

പാണ്ഡെ ആണെന്ന് ടിറ്റർ അംഗങ്ങൾ പറഞ്ഞു. തന്റെ നഗ്നചിത്രം വെറുമൊരു ആരംഭം മാത്രമാണെന്നും തന്റെ ആദ്യത്തെ ചലച്ചിത്രത്തിൽ കൂടുതൽ കാണാനിരിക്കുന്നതേയുള്ളൂ എന്നും പൂനം പാണ്ഡെ ട്വീറ്റ് ചെയ്തു. പൂനംപാണ്ഡെ മൂലം ടിറ്റർ എത്രത്തോളം ജനസമ്മതി നേടി എന്നുള്ളത് ഒരു ചിന്താവിഷയമാണ്. പൂനത്തിന്റെ നഗ്നത ദർശിക്കാൻ വേണ്ടി മാത്രം ടിറ്ററിൽ അക്കൗണ്ട് തുടങ്ങിയവർ ലക്ഷങ്ങളാണ് എന്നതാണ് രസകരമായ കാര്യം സ്വയം മാർക്കറ്റ് ചെയ്യുക എന്നതാണ് ഈ ട്വീറ്റുകളിലൂടെ പൂനം ചെയ്തത്. അതുവരെ അധികം അറിയപ്പെടാതിരുന്ന പൂനം പെട്ടെന്നൊരു ദിവസം നഗ്നത എന്ന ആയുധം ടിറ്റിലൂടെ പ്രയോഗിച്ച് തന്റെ ലക്ഷ്യത്തിലെത്തി.

മലയാളികൾക്കിടയിൽ ടിറ്ററിന് ഫേയ്സ്ബുക്കിന്റെയും ഓർക്കുട്ടിന്റെയും അത്രത്തോളം ജനപ്രീതി കൈവരിക്കാൻ കഴിഞ്ഞില്ല. ഇംഗ്ലീഷിൽ പരിജ്ഞാനം കുറവാണ് എന്നത് ഒരു കാരണമാണ്. വളരെ ചെറിയ ഒരു വിഭാഗം സ്ഥിരമായി ട്വീറ്റു ചെയ്യാറുണ്ട്. മലയാളികളിൽ ഭൂരിഭാഗവും ചലച്ചിത്രതാരങ്ങളുടെ ടിറ്റുകൾ ഫോളോ ചെയ്യാനാണ് ടിറ്ററിൽ അക്കൗണ്ട് തുടങ്ങിയിരിക്കുന്നത്.

## ബ്ലോഗ്

അച്ചടി മാധ്യമത്തിന്റെ രേഖീയവായനയ്ക്കു പകരം ഒരു ചാക്രീയ വായനയാണ് സൈബർ വായനയിൽ സാധ്യമാകുന്നത്. ഹൈപ്പർ ലിങ്കുകൾ വഴി ഒരു പുസ്തകത്തിൽ നിന്നും അടുത്ത പുസ്തകത്തിലേക്കും അതുമായി ബന്ധപ്പെട്ട അനവധി വിവരങ്ങളിലേക്കും അത് കടന്നുചെല്ലുന്നു. സർഗാത്മക കൃതികളുടെ വായനയ്ക്കും റഫറൻസിനുമാണ് ഇ-വായന കൂടുതൽ സഹായകമാകുന്നത്. പുസ്തകത്തിന്റെ പരിമിതികളെ കടന്നുചെല്ലുന്ന വായനാനുഭവമാണിത്. ബ്ലോഗ് എന്നത് ഒരു ജനകീയ മാധ്യമായി മാറി കഴിഞ്ഞു.

ആരംഭകാലത്ത് മലയാളം ബ്ലോഗിങ് ഫോണ്ടുകളുടെ അലഭ്യത മൂലം വളരെ കഠിനമായ ജോലിയായിരുന്നു. ഓരോ കമ്പ്യൂട്ടറിനും ബ്ലോഗിനും പ്രത്യേകം ഫോണ്ടുകൾ ഇൻസ്റ്റാൾ ചെയ്യേണ്ടിവന്നു. പിന്നീട് ഫോണ്ട് പ്രശ്നങ്ങൾ പരിഹരിച്ചപ്പോൾ ബ്ലോഗിംങ് എന്നത് ഇന്റർനെറ്റ് കൈകാര്യം ചെയ്യുന്നവരുടെ ഇടയിൽ സാധാരണ സംഭവമായി. ഓരോരുത്തരുടെയും ഉള്ളിലെ ആശയങ്ങൾ എത്രയും പെട്ടെന്ന് പ്രകടിപ്പിക്കാൻ ഉള്ള മാധ്യമമായി ബ്ലോഗുകൾ മാറി. നർമരസം കലർത്തിയാണ് ബ്ലോഗുകൾ കഥ പറയുന്നത്. നർമത്തിന്റെ സ്വീകാര്യതയും ബ്ലോഗുവായനക്കാർ സാധാരണക്കാരായ ആളുകളുമായതിനാൽ ഗൗരവമേറിയ പ്രശ്നങ്ങൾപോലും ഹാസ്യത്തിന്റെ മേമ്പൊടിയോടെ പറയുന്നതാണ് സ്വീകരിക്കപ്പെടുന്നത്.

മലയാളത്തിൽ ആദ്യത്തെ ബ്ലോഗ്, മൈക്രോചിപ്പ് എൻജിനീയറായ എ.കെ.പോൾ തുടങ്ങിയ *ജാലകം*എന്ന ബ്ലോഗാണ്. അതിനു ശേഷം ധാരാളം ബ്ലോഗുകൾ പ്രത്യക്ഷപ്പെട്ടു. പ്രസാധകന്റെ ആവശ്യമില്ലാതെ പ്രസിദ്ധീകരിക്കപ്പെടുന്ന ബുക്കുകളായി ബ്ലോഗുകൾ. വായനക്കാരന്റെ പ്രതികരണമറിയാനുള്ള കാത്തിരിപ്പിനു ഇവിടെ നീളം കുറവാണ്. പ്രതികരണങ്ങൾ കമന്റുകളായി ഉടൻ തന്നെ ലഭിക്കുന്നു. പ്രവാസി മലയാളികളാണ് കൂടുതലായും ബ്ലോഗ് രചനയിൽ ഏർപ്പെടുന്നത്. നാടിനെക്കുറിച്ചുള്ള നല്ല ഓർമകളും പ്രവാസജീവിതത്തിന്റെ വേദനകളും ചെറു ചിരി കലർത്തി അവർ അവതരിപ്പിക്കുന്നു. Kubooks.blogspot.in എന്ന ബ്ലോഗ് പ്രവാസികൾക്ക് മാത്രമായി സൃഷ്ടിച്ചതാണ്.

കുറുപ്പിന്റെ വാക്കും പഴയ ചാക്കും, അതുപോലെ
എയർ ഇന്ത്യയുടെ എക്സ്പ്രസ് ടിക്കറ്റും.
ഉത്സവകാലത്ത് മീറ്റർ ഓണാക്കാതെ വായിൽ
തോന്നിയ ചാർജ് ചോദിക്കുന്ന ഓട്ടോക്കാരൻ.
ഓണത്തിനും വിഷുവിനും പെരുന്നാളിനും
വെക്കേഷനുമെല്ലാം തോന്നിയ വില
മരണച്ചടങ്ങിന് പോയവനെത്തിയത് അടിയന്തിരത്തിന്
വിവാഹത്തിന് പോയവനെത്തിയത് ശേഷമുള്ള വിരുന്നിന്.

വീട്ടുകാർക്കു വേണ്ടി അന്യനാട്ടിൽ കഷ്ടപ്പെടുന്ന പ്രവാസിയുടെ ധർമസങ്കടം ഇതിലും നന്നായി പറയാൻ കഴിയില്ല. സർക്കാർ വിമാനം എന്ന സൗകര്യത്തെക്കുറിച്ച് നേതാക്കൾ പറയുന്നുണ്ടെങ്കിലും അതിന്റെ ഉത്തരവാദിത്തം ഇല്ലാത്ത അവസ്ഥയെകുറിച്ച് ഉള്ള ശക്തമായ വിമർശനമാണ് ഈ പോസ്റ്റിലൂടെ കാണുന്നത്. ആക്ഷേപഹാസ്യത്തിന്റെ നല്ല ഉദാഹരണമാണ് ഇത്. ഒരു പ്രവാസിയുടെ ദുരിതം മറ്റൊരു പ്രവാസിക്കേ മനസ്സിലാക്കൂ. ഈ ബ്ലോഗ് പോസ്റ്റ് വിജയമാകുന്നത് പ്രസ്തുത സാഹചര്യം അനുഭവിക്കുന്ന അനേകരുടെ കമന്റുകളിലൂടെയാണ്.

ബ്ലോഗുകൾക്ക് പേരുനൽകുന്നത് വളരെ രസകരമായാണ്. പേരു കേൾക്കുമ്പോൾ തുടങ്ങുന്ന ചിരിയുടെ തുടർച്ചയാണ് ബ്ലോഗ് വായനയിലൂടെ ലഭിക്കുന്നത്. ചില ബ്ലോഗുകളുടെ പേരുകൾ-*അട്ടട്ടേ, രസികൻ, മീന്നൂസ് ഡയറി, വികടശിരോമണി, കൂഞ്ഞാക്കാന്റെ യാഹു, അതിക്രമങ്ങൾ, തോന്ന്യാക്ഷരങ്ങൾ, കായംകുളം സൂപ്പർഫാസ്റ്റ്, നിഷ്ക്കളങ്കൻ ഓൺലൈൻ, കർമഫലം, കായംകുളം കുഞ്ഞാട്, പാത്തൂനും പറയാനുണ്ട്, ഉറക്കം തൂങ്ങി, പാവം പാലാക്കാരൻ* ഇവയെല്ലാം രസകരമായ ജീവിതാനുഭവങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കുന്ന ബ്ലോഗുകളാണ്.

വരേണ്യ സാഹിത്യത്തിന്റെ, കൃത്രിമ ഗൗരവം ബ്ലോഗുകളിൽ കാണുന്നില്ല, കുഴൂർ വിൽസന്റെ കവിത ജീവിതം കലർത്തി ആവിഷ്കരിക്കുന്നതിങ്ങനെ.

പേടിയാണെനിക്ക്
പൈസയില്ലാത്ത എന്നെ.

പലിശക്കാരന്റെ
അടിവസ്ത്രമില്ലാത്ത തെറി
വണ്ടിക്കാശ് കൊടുക്കുന്ന
കൂട്ടുകാരന്റെ തമാശ
തേഞ്ഞ ചെരുപ്പിലേക്കുള്ള
ആ പെണ്ണിന്റെ നോട്ടം.

ദാരിദ്ര്യം എന്ന തീചൂടുള്ള സത്യത്തെ ആവിഷ്കരിക്കുകയാണ് ഇവിടെ. ഇതിന്റെ ഉള്ളിലെ ചിരി ഒരു ചെറിയ വീർപ്പുമുട്ടലോടെ മാത്രമേ ആസ്വദിക്കാൻ കഴിയൂ.

ആമുഖമില്ലാതെ പറയാനുള്ള വിഷയത്തിലേക്ക് നേരിട്ടു കടക്കുകയാണ് ബ്ലോഗ് സാഹിത്യത്തിന്റെ പ്രത്യേകത. ഈ ശൈലിയിലാണ് ഹാസ്യം രൂപപ്പെടുന്നത്. ബ്ലോഗ് എന്നത് സാധാരണക്കാർക്കു വേണ്ടിയുള്ളതായതിനാൽ അവന്റെ ഭാഷയാണ് ബ്ലോഗ് പോസ്റ്റുകളിലും കാണുന്നത്. വിമർശവും പരിഹാസവും ഒക്കെ ലളിതവത്കരിച്ച് ഹാസ്യത്തിന്റെ മേമ്പൊടിയോടെ പറയുന്ന ബ്ലോഗ് പോസ്റ്റുകൾ പെട്ടെന്ന് സ്വീകരിക്കപ്പെടുന്നു. ഇംഗ്ലീഷ് പദങ്ങൾ ധാരാളമായി ചേർക്കുന്ന ഒരു പദഘടനയാണ് ബ്ലോഗുകളിൽ കാണപ്പെടുന്നത്. ജി. മനുവിന്റെ ബ്ലോഗിൽ,

'നാലു ചതുരശ്രയടി വിസ്തീർണമുള്ള തെർമോകോൾ, സ്കെച്ച് പെൻസിൽ, ബ്ലേഡ് എന്നിവ മുന്നിൽ നിരന്നപ്പോൾ പ്രോജക്ടുകളുടെ ടെൻഷനില്ലാത്ത പാടവരമ്പിലൂടെ ഓടി നടന്നിരുന്ന ബാല്യകാലം ചുമ്മാ ഒന്നോർത്തു. സിലബസില്ലാത്ത തുമ്പിപിടുത്തം, കാറ്റാടി മേക്കിങ്, കുഴിയാനയ്ക്ക് ഉറുമ്പിനെ കൊടുക്കൽ, അയലത്തെ അപ്പൂപ്പൻമാർക്ക് സർപ്രൈസിംങ് ഗിഫ്റ്റ് കൊടുക്കാൻ ചാണകം കടലാസിൽ പൊതിഞ്ഞു വഴിയിലടൽ' എന്നിങ്ങനെ എഴുതിയിരിക്കുന്നത് കാണുമ്പോൾ ഭാഷാ പരിണാമത്തിന്റെ സമകാലിക ഘട്ടത്തെയാണ് ബ്ലോഗുകൾ പ്രതിനിധീകരിക്കുന്നത്.

## ചാറ്റിങ്

മലയാളികൾ ചാറ്റ് റൂമിനെ തന്റെ പ്രിയപ്പെട്ട റൂമാക്കിയിട്ട് കാലം കുറേ ഏറെയായി. വിദേശത്ത് താമസിക്കുന്നവരുമായി വിവരങ്ങൾ കൈമാറാൻ ഫോൺ അല്ലാത്തൊരു മാർഗമായാണ് ഇ–മെയിൽ കടന്നുവന്നത്. കത്തിടപാടിനു സമമായ ഇ–മെയിൽ അല്പം പുരോഗമിച്ചത് ചാറ്റിങ്ങിലൂടെയാണ്. ഒരേ സമയം സന്ദേശം അയക്കുന്നയാളും കൈപ്പറ്റുന്നയാളും ഇന്റർനെറ്റിൽ ഉണ്ടെങ്കിൽ അവിടെ ഓൺലൈൻ ചാറ്റിങ് സാധ്യമാണ്. ഗൂഗിൾ ചാറ്റും യാഹു മെസ്സഞ്ചറുമാണ് ആദ്യമായി ചാറ്റിങ് സാധ്യമാക്കിയത്.

തിരക്കു പിടിച്ച ജീവിതത്തിൽ സൗഹൃദത്തിനായി കൊതിക്കുന്ന മനുഷ്യമനസ്സിനെ ചൂഷണംചെയ്യുകയാണ് ചാറ്റിങ് സൈറ്റുകൾ ചെയ്തത്. വീഡിയോ ചാറ്റിങ് പരസ്പരം കണ്ടുകൊണ്ടു സംസാരിക്കാനുള്ള അവസരമൊരുക്കുന്നു. തമ്മിൽ പരിചയമില്ലാത്ത ധാരാളം ആളുകൾ സൗഹൃദത്തിനു വേണ്ടി തിരയുന്ന ഒരു പ്രദേശമാണ് ചാറ്റിങ് സൈറ്റുകൾ. പ്രായം,

ലിംഗം, സ്ഥലം എന്നിവയിലൂടെ തന്റെ സുഹൃത്ത് തനിക്ക് ചാറ്റുചെയ്യാൻ പറ്റുന്ന വ്യക്തിയാണോ എന്ന് തിരിച്ചറിയാൻ കഴിയും.

ചാറ്റിങ് സൈറ്റുകളിൽ കാണാൻ കഴിയുന്ന രസകരമായ കാഴ്ച പുരുഷൻമാർ സൈറ്റുകളിൽ സമപ്രായക്കാർക്കുവേണ്ടി തിരയുന്നതാണ്. അപ്പുറത്തും ഒരു പുരുഷനാണെങ്കിൽ അടുത്ത നിമിഷം ചാറ്റിങ്ങിൽ നിന്നും അവൻ പിൻമാറുന്നു. പൊതുവിൽ എല്ലാ ചാറ്റ് റൂമിലും ഇതുതന്നെയാണ് കാഴ്ച. പരസ്പരം കാണാതെ ചാറ്റ് ചെയ്യുമ്പോൾ മറുവശത്തുള്ള സുഹൃത്തിനെ കബളിപ്പിക്കാൻ എളുപ്പമാണ്. ചാറ്റ് ചെയ്യുന്ന ഒരു സ്ത്രീയോടാണെന്ന് അറിഞ്ഞാൽ ചാറ്റിങ്ങിന്റെ സ്വഭാവം മാറുകയായി. അശ്ലീലത കലർത്തി പിന്നീട് അത് സെക്സ് ചാറ്റ് എന്ന രീതിയിലേക്ക് മാറുന്നു. ഇവിടെ കാണുന്ന മറ്റൊരു തമാശ, സ്ത്രീ ആണെന്ന് അവകാശപ്പെടുന്ന സുഹൃത്തും യഥാർഥത്തിൽ ഒരു പുരുഷൻ ആയിരിക്കും എന്നതാണ്.

വിവാഹേതര ലൈംഗികബന്ധങ്ങൾക്ക് സമാനമായി സെക്സ് ചാറ്റിങ് എന്നൊരു മേഖലയും ചാറ്റിങ്ങിൽ ഉണ്ട്. വിവാഹിതരായ പുരുഷന്മാരെ ചാറ്റിങ്ങിനായി ക്ഷണിക്കുന്നത് മധുരപതിനേഴുകാരായ പെൺകുട്ടികളാവും. ആ വലയിൽ വീണുപോകുന്ന ഭർത്താക്കൻമാർ വൻതുക കൊടുത്ത് സൈറ്റിൽ അക്കൗണ്ട് ഉണ്ടാക്കുന്നു. രാത്രികൾ പകലുകളാക്കി വെബ് ക്യാമുകൾ ഘടിപ്പിച്ച് നടത്തുന്ന ചാറ്റിങ് പലപ്പോഴും വലിയ പ്രശ്നങ്ങളിൽ ചെന്നാണ് കലാശിക്കുന്നത്. ദാമ്പത്യബന്ധത്തിൽ അസംതൃപ്തരാകുന്ന ധാരാളംപേരാണ് ഇങ്ങനെ ചാറ്റിങ്ങിന്റെ മായാലോകത്ത് പെട്ടുപോകുന്നത്. ചാറ്റിങ്ങിന്റെ ദൂഷ്യവശങ്ങൾ കാണിക്കുന്ന ധാരാളം സിനിമകളും ഷോർട്ട് ഫിലിമുകളും ഉണ്ടായിട്ടുണ്ട്. ഇ-മുറികളിലിരുന്ന് പരസ്പരം അറിയാതെ ചാറ്റ്ചെയ്ത് പ്രണയത്തിലാകുന്ന സഹോദരീ സഹോദരന്മാരെക്കുറിച്ചുള്ള കഥ ശ്രദ്ധേയമാണ്. ആദ്യമായി തമ്മിൽ കാണുന്നത് ഒരു ഇന്റർനെറ്റ് കഫേയിൽ വച്ചാണ്. അവർ തമ്മിൽ കാണുന്ന നിമിഷം കഥ അവസാനിക്കുന്നു. യഥാർഥജീവിതത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ഒരു കഥയാണ് ഇത്.

അന്തർമുഖരായ ആളുകൾക്കും സൗഹൃദങ്ങൾ നേടാനുള്ള അവസരമാണ് ചാറ്റ് റൂമുകൾ ഒരുക്കുന്നത്. മുഖം കാണാതെ ഒരു നല്ല സുഹൃത്തിനായുള്ള തിരച്ചിൽ ഫലപ്രദമാകുമ്പോൾ തന്റെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കാൻ അയാൾക്കു ഒരു വേദി ലഭിക്കുകയാണ് ചെയ്യുന്നത്. പരസ്പരം അറിഞ്ഞുകൊണ്ടുള്ള വഞ്ചിക്കലുകൾ ചാറ്റിങ്ങിൽ നടക്കുന്നു. ആ വഞ്ചിക്കൽ തന്നെയാണ് ചാറ്റിങ് ഒരു ഹരമായി ആസ്വദിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത്.

കേരള.ചാറ്റ്ചങ്ങാതി.കോം, സല്ലാപം.കോം, മൈഇന്ത്യ.കോം, യീചാറ്റ്.കോം, ചാറ്റ് കേരളമാല.കോം, സൈബർകേരള.കോം, കേരള.കഫേ.കോം, മിംഗിർ.കോം, കേരൾസ്.കോം, ചാറ്റിംങ് മല്ലൂസ്, കേരള

ഫ്രണ്ട്സ് ഇവയെല്ലാം കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്ന ചാറ്റിങ് സൈറ്റുകളാണ്.

## യൂ ട്യൂബ്

യൂ ട്യൂബ് വീഡിയോകൾക്ക് ഏറെ ആരാധകർ ഉള്ളത് യുവാക്കൾക്കിടയിലാണ്. 2005-ൽ യു ട്യൂബ് ആരംഭിച്ച് അധികം താമസിയാതെ തന്നെ അതിന്റെ പ്രഭാവം കേരളത്തിലും എത്തി. യൂ ട്യൂബിന്റെ ആരംഭകാലത്ത് മലയാളം അല്ലെങ്കിൽ മല്ലൂ വീഡിയോകൾ എന്ന പേരിൽ ഏറെ പ്രചരിച്ചതും തിരച്ചിലുകൾ നടന്നതും കൂടുതൽ അപ്ലോഡ് ചെയ്യപ്പെട്ടതും 2000-2002 കാലഘട്ടത്തിൽ കേരളത്തിൽ സെക്സ് തരംഗം പടർത്തിയ ചിത്രങ്ങളിലെ രംഗങ്ങളാണ്.

ക്രമേണ യൂ ട്യൂബ് വീഡിയോകളിൽ വൈവിധ്യം നിറഞ്ഞു. ഇതര സംസ്ഥാനങ്ങളെ അനുകരിച്ച് സൗഹൃദത്തിന്റെയും കോളെജ് പ്രോഗ്രാമുകളുടെയും കുടുംബ യോഗങ്ങളുടെയും എന്നുവേണ്ട എല്ലാ തരത്തിലുമുള്ള വീഡിയോകളും യൂ ട്യൂബിൽ അപ്ലോഡ് ചെയ്യപ്പെട്ടു തുടങ്ങി. മൊബൈൽഫോൺ ക്യാമറകൾ സജീവമായതോടെ ഫോൺ ഉടമകൾക്ക് എന്തും വീഡിയോയിൽ പകർത്താമെന്നായി. കൺമുന്നിൽ കാണുന്ന ഏതും എന്തും വീഡിയോയിൽ പകർത്തി യൂ ട്യൂബിൽ നല്കുക എന്നത് ഒരു പതിവായി മാറി. മന:സാക്ഷിയെ മരവിപ്പിക്കുന്ന തരത്തിലുള്ള അക്രമരംഗങ്ങളും കൊലപാതകങ്ങളും ഇതര രംഗങ്ങളും ആളുകൾ യൂ ട്യൂബിൽ കയറ്റിത്തുടങ്ങി. സദ്ദാം ഹുസൈൻ തൂക്കിലേറ്റുന്ന രംഗം ഒരു പട്ടാളക്കാരൻ തന്റെ മൊബൈൽ ക്യാമറയിൽ ചിത്രീകരിച്ചതാണ് ലോകം മുഴുവൻ കണ്ടത്.

ഹാസ്യരംഗങ്ങൾക്ക് യൂ ട്യൂബിൽ വളരെയേറെ ആരാധകരുണ്ട്. ചലച്ചിത്രങ്ങളിലെ ഹാസ്യരംഗങ്ങൾ ആസ്വദിച്ചു ചിരിക്കുക എന്നതിൽ നിന്നു ചില പ്രത്യേക പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ പഴഞ്ചൊല്ലുകളെപ്പോലെ പ്രയോഗിക്കുക എന്ന പ്രവണതയ്ക്ക് കാരണം യൂ ട്യുബ് ആണ്. ചില ചിത്രങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ ഹാസ്യരംഗത്തോടൊപ്പം തന്നെ അതിലെ അധികം ശ്രദ്ധിക്കപ്പെടാത്ത രംഗവും ക്രമേണ ശ്രദ്ധേയമാക്കുവാൻ യൂ ട്യൂബ് കൊണ്ട് സാധിച്ചു.

വീഡിയോ എഡിറ്റിങ്ങിൽ കേവല ജ്ഞാനവും രംഗങ്ങൾക്കു ചേരുന്ന സംഭാഷണം നല്കാനുള്ള ഔചിത്യവും ഉണ്ടായാൽ ഒരു വീഡിയോ സൃഷ്ടിക്കാനും അതിനെ ജനപ്രിയമാക്കാനും കഴിയുന്നു. ഈ ജനുസ്സിൽ ആദ്യമായി ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത് ഇംഗ്ലീഷ് ചലച്ചിത്രങ്ങൾക്ക് മലയാളം സംഭാഷണം നല്കി യൂ ട്യൂബിൽ അപ്ലോഡ് ചെയ്യപ്പെട്ട വീഡിയോകളാണ്. ഇംഗ്ലീഷ് ചലച്ചിത്രങ്ങൾ മലയാളത്തിൽ മൊഴിമാറ്റം നടത്തി ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിന്റെ ചുവടുപറ്റിയാണ് ഈ പ്രവണത ആരംഭിച്ചത്. ടെർമിനേറ്റർ എന്ന ചിത്രത്തിലെ രംഗങ്ങൾക്ക് സെൽവൻ

പി.ഡബ്ല്യു.ഡി എന്ന പേരു നല്കിയ വീഡിയോ ഇതിൽ ഏറെ ശ്രദ്ധേയമാണ്. അതുപോലെ ടൈറ്റാനിക്ക്, മലയാളം മാട്രിക്സ്, സ്പൈഡർമാൻ, മലയാളം മമ്മി എന്നിങ്ങനെ ഏറെ സെർച്ചുചെയ്യപ്പെട്ട വീഡിയോകളാണ്.

രാഷ്ട്രീയപ്പാർട്ടികളുടെ തമാശകൾ യൂ ട്യുബിൽ വളരെ ശ്രദ്ധ നേടുന്നു. മിമിക്രിക്കാർ രാഷ്ട്രീയക്കാരെ അനുകരിച്ച് ചെയ്തിരുന്ന സ്കിറ്റുകൾക്ക് താത്പര്യം കുറഞ്ഞപ്പോൾ, പരസ്പരം പോരടിക്കുന്ന പാർട്ടിക്കാരുടെ യഥാർഥ രംഗങ്ങൾ കൂടുതൽ ചിരി സൃഷ്ടിക്കുന്നു എന്ന കണ്ടെത്തലാണ് ഇത്തരം രംഗങ്ങൾ കടന്നുവരാൻ കാരണം. രാഷ്ട്രീയക്കാരുടെ വാക്പയറ്റുകളും, തെരുവുയുദ്ധങ്ങളും നന്നായി ചിരിക്കാനുള്ള വക നല്കുന്നു. ചാനലുകളിലെ വാർത്തയ്ക്കിടയിൽ ആ രംഗങ്ങൾ കാണാൻ കഴിഞ്ഞില്ലെങ്കിൽ ദിവസങ്ങൾക്കകം അത് യൂ ട്യൂബിൽ വന്നിട്ടുണ്ടാകും. ഭരിക്കുന്ന പാർട്ടിയും പ്രതിപക്ഷവും തമ്മിലുള്ള വാക്പയറ്റിന് ആരാധകർ ഏറെയാണ്. രാഷ്ട്രീയത്തെക്കുറിച്ച് വലിയ അറിവുകൾ ഇല്ലെങ്കിലും ചില രംഗങ്ങൾ കണ്ടാൽ ആരും പ്രതികരിച്ചുപോകും. ജനപ്രതിനിധികളെ വിമർശിക്കാനുള്ള ഒരു വേദിയാണ് യൂ ട്യൂബ് ഒരുക്കുന്നത്. ഓരോ കമന്റുകളും മറ്റു പ്രേക്ഷകർക്ക് ശരിയാണെന്നു തോന്നിയാൽ അതിനെ അനുകൂലിച്ച് പ്രോത്സാഹിപ്പിക്കുന്ന കാഴ്ചയും ഇവിടെ കാണാം.

നല്ലതിലൂടെ പ്രശസ്തി നേടുക എന്നതിന് നേർവിപരീതമായ പ്രവൃത്തിയും ഇവിടെ കാണാം. മലയാളം ആൽബം എന്ന പേരിൽ പുറത്തിറങ്ങിയ ചല വീഡിയോകൾ കോടിക്കണക്കിന് ആളുകളുടെ ശ്രദ്ധ നേടിയത് ഇത്തരത്തിലാണ്. ഈ പ്രവണതയ്ക്ക് തുടക്കം കുറിച്ചത് ഹരിശങ്കർ സംവിധാനം ചെയ്ത 'സിൽസില'എന്ന മലയാളം ആൽബമാണ്. സംവിധായകന്റെ കാഴ്ചപ്പാടിൽ അത് വളരെ നല്ലതാണ്. പക്ഷേ അതു കണ്ട ഭൂരിപക്ഷത്തിനും അത് മോശമായി തോന്നി. എന്താണ് ഇത് എന്നറിയാനായി കൂടുതൽ ആളുകൾ വീഡിയോ കണ്ടു. വീഡിയോ കാണുന്നതിനേക്കാൾ അതിൽ ആളുകൾ നല്കിയ കമന്റുകൾ വായിച്ചു രസിക്കാനാണ് കൂടുതൽ പേരും ഈ വീഡിയോ കണ്ടത്.

സന്തോഷ് പണ്ഡിറ്റ് സംവിധാനം ചെയ്ത 'കൃഷ്ണനും രാധയും'എന്ന ചലച്ചിത്രം വൻവിജയമാകാനും സന്തോഷ് പണ്ഡിറ്റ് ഒരു വലിയ താരമാകാനും പ്രധാന കാരണം യൂ ട്യൂബാണ്. ചിത്രത്തിലെ ഗാനങ്ങൾ ആദ്യം യൂ ട്യൂബിൽ വന്നത് വളരെ പെട്ടന്ന് ജനശ്രദ്ധയാകർഷിച്ചു. ഈ വീഡിയോ കണ്ട് സന്തോഷ് പണ്ഡിറ്റിനെ ചീത്ത പറയാൻ വേണ്ടി മാത്രമാണ് കൂടുതലാളുകളും വീഡിയോ കണ്ടത്. വേറെ കുറച്ചു പേർ ഈ കമന്റുകൾ വായിച്ചു രസിക്കാനും. കൃഷ്ണനും രാധയും ഒരു സിനിമ ആയി പുറത്തുവന്നപ്പോൾ ഇത് എന്തായിരിക്കും എന്ന് അറിയാനുള്ള ആഗ്രഹമാണ് ജനങ്ങളെ തിയേറ്ററിൽ എത്തിച്ചത്. മലയാളചലച്ചിത്ര മേഖലയെ

തന്നെ ഒറ്റയ്ക്ക് വെല്ലുവിളിക്കാൻ ശേഷിയുള്ള വ്യക്തിയായി സന്തോഷ് പണ്ഡിറ്റ് മാറി എന്നു പറയാം.

2011 ൽ ഏറെ ശ്രദ്ധിക്കപ്പെട്ട മറ്റൊരു വീഡിയോ ആണ് പൃഥ്വിരാജപ്പൻ. നടൻ പൃഥ്വിരാജിന്റെ വിവാഹവും അതിനെ തുടർന്ന് ഏഷ്യാനെറ്റ് ചാനലിൽ നല്കിയ അഭിമുഖസംഭാഷണവുമാണ് ഈ വീഡിയോയുടെ സൃഷ്ടിക്ക് കാരണമായത്. പൃഥ്വിരാജ് അഭിമുഖത്തിൽ പറഞ്ഞ ഓരോ വാചകത്തെയും ഖണ്ഡിക്കുന്ന അർഥമുള്ള വീഡിയോകൾ കൂട്ടിച്ചേർത്താണ് പത്തുമിനിറ്റോളം ദൈർഘ്യമുള്ള ഈ വീഡിയോ സൃഷ്ടിച്ചിരിക്കുന്നത്. ഇതും മൊബൈൽഫോണുകൾ വഴി ധാരാളം കൈമാറപ്പെട്ടു. വെറും പരിഹാസം എന്നതിൽക്കവിഞ്ഞ് എഡിറ്റിങ്ങിലെ മികവു മൂലവും ഈ വീഡിയോ ശ്രദ്ധനേടി. ഇതിന്റെ പ്രചാരമാണ് 'പൃഥ്വിരാജപ്പൻ 2' എന്ന വീഡിയോ രൂപപ്പെടാൻ കാരണം. അതും വൻവിജയമായി മാറി.

റിയാലിറ്റി ഷോകളിൽ കാണാതെ പോകുന്ന രംഗങ്ങൾ, തെരുവിലെ നിയമലംഘനങ്ങൾ, ആൾക്കൂട്ടത്തിലെ ഞരമ്പുരോഗങ്ങൾ, രഹസ്യമായി പകർത്തുന്ന ടെലിഫോൺ സംഭാഷണങ്ങൾ, ഒളിക്യാമറ ദൃശ്യങ്ങൾ എന്നിങ്ങനെ പോകുന്നു യൂ ട്യൂബിൽ ചിരി പടർത്തുന്ന രംഗങ്ങൾ. അന്യന്റെ സ്വകാര്യതകളിൽ കടന്നു ചെല്ലാനുള്ള മലയാളിയുടെ ആഗ്രഹമാണ് ഒളിക്യാമറയിൽ പകർത്തുന്ന വീഡിയോകൾക്ക് ആരാധകരെ സൃഷ്ടിക്കുന്നത്. ഒരു സ്ത്രീയും പുരുഷനും പരസ്പരം ചീത്തപറയുന്ന ആറുമിനിറ്റോളം ദൈർഘ്യമുള്ള വീഡിയോ ഇതുവരെ കണ്ടിരിക്കുന്നത് 36,06,806 പേരാണ് എന്നത് അത്ഭുതാവഹമായ കാര്യമാണ്. ഇതിനു സമാനമായ രംഗങ്ങളും ഒട്ടും കുറവല്ല.

## എസ്. എം. എസ്.

ഇന്ന് മനുഷ്യനെ വളരെയേറെ സ്വാധീനിക്കുന്ന ഉപകരണമാണ് മൊബൈൽ ഫോൺ. ഭാഷയിലും സംസ്കാരത്തിലും സാഹിത്യത്തിലും ശക്തമായ ഇടപെടലുകൾ നടത്താൻ മൊബൈൽഫോണിന് കഴിയുന്നുണ്ട്.1973 ൽ മാർട്ടിൻ കൂപ്പറിൽ നിന്നും ആരംഭിച്ച മൊബൈൽ ഫോൺ വിപ്ലവം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കഴിഞ്ഞു.സാങ്കേതികവിദ്യയുടെ ജനപ്രിയ ഉത്പന്നംകൂടിയാണ് മൊബൈൽ ഫോൺ.

മൊബൈൽ ഫോണിനെ ഏഴാമത്തെ മാധ്യമം എന്നാണ് വിശേഷിപ്പിക്കുന്നത്. അച്ചടി, റിക്കോർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയാണ് യഥാക്രമം മറ്റ് മാധ്യമങ്ങൾ. നാലാം തിരശ്ശീല ($4^{th}$ screen) എന്ന പേരിലും മൊബൈൽഫോൺ അറിയപ്പെടുന്നു. മൊബൈൽ ഫോണിൽ നിന്ന് നിമിഷങ്ങൾകൊണ്ട് പ്രവഹിക്കുന്ന എസ്.എം.എസ്. ആശയാവിഷ്കാരത്തിലെ നവസാധ്യതയും പുതുസർഗാത്മകതയുമാണ് കാണിക്കുന്നത്. മൊബൈൽ ഫോൺ കമ്പനികളുടെ വളർച്ച,

ഹാന്റ്സെറ്റുകളുടെ കുറഞ്ഞ വില, കണക്ഷൻ എടുക്കാനുള്ള സൗകര്യം, ദിനം തോറും കൂടുന്ന മെസ്സേജ് ഓഫറുകൾ എന്നിവ എസ്.എം.എസുകളുടെ എണ്ണത്തിൽ വർധനവുണ്ടാക്കി. ദിവസം നൂറ് എസ്.എം.എസിൽ കുറയാതെ സന്ദേശങ്ങൾ അയയ്ക്കാത്ത യുവജനങ്ങളുടെ എണ്ണം ഇന്ന് കേരളത്തിൽ കുറവാണ്.

അവശ്യകാര്യങ്ങളെ അറിയുന്നതിനോടൊപ്പം സുഖാന്വേഷണങ്ങളും ഉപദേശങ്ങളും സമൂഹത്തിലെ പ്രശ്നങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങളും ഫലിതങ്ങളും മൊബൈൽ ഫോണിലൂടെ കൈമാറിവന്നു. മൊബൈൽ ഫോൺ സന്ദേശങ്ങളിൽ ചിരിപടർത്താൻ ഓരോ കഥാപാത്രങ്ങളെ അവതരിപ്പിച്ചു പോരുന്നു. ആദ്യകാലത്ത് ഇന്ത്യയിൽ ഒട്ടാകെ പ്രചാരംനേടിയത് സർദാർജി തമാശകളാണ്. ഇതിലൂടെ സർദാർജിമാരെ ബുദ്ധിശൂന്യരും കഴിവില്ലാത്തവരും വൃത്തിയില്ലാത്തവരും ഇംഗ്ലീഷ് ഭാഷ കൈകാര്യംചെയ്യാൻ കഴിവില്ലാത്തവരുമായിട്ടാണ് അവതരിപ്പിച്ചിരുന്നത്. മുൻപ് സൃഷ്ടിച്ചിട്ടുള്ള ഫലിതങ്ങൾ പലതും സർദാർജി ഫലിതങ്ങളായി സൃഷ്ടിക്കപ്പെട്ടു.

> ‘Sardar enters kitchen, opens sugar box, looks inside and closes it. This he does again and again. Why? Because the doctor told him to check sugar regularly.’
>
> Two Sardars were in a forest, when a lion came roaring towards them. One of them throws sand into its eyes, and runs. Second one stays unmoved. When asked why he is not running, another Sardar tells: “Why should I be running? It is you who has thrown the sand”.
>
> Bank manager asks Sardar in an interview: “What is cyclone” Sardar: “It is the loan given to purchase a cycle”

എന്നിങ്ങനെ പോകുന്നു സർദാർജി ഫലിതങ്ങൾ. സർദാർജി തമാശകൾ പറയാനായി കൂടുതലായി അവതരിപ്പിച്ചിരുന്ന കഥാപാത്രങ്ങളാണ് സാന്താസിങ്, ബാന്താസിങ് എന്നിവർ. ആദ്യകാലത്ത് 12 O’ clock jokes എന്ന ഒരിനം തമാശകൾ പ്രചരിച്ചു വന്നു. അതുപ്രകാരം സിക്കുകാർക്ക് 12 മണിക്ക് മാത്രമേ ബുദ്ധി ഉണരുകയുള്ളൂ എന്നൊരു ആശയം അവതരിപ്പിക്കപ്പെടുന്നു. ഹിന്ദുക്കളാണ് ഈ തമാശകൾ പ്രചരിപ്പിച്ചത്. ക്രമേണ അത് തങ്ങളുടെ ജീവിത രീതികളെ പ്രതികൂലമായി ബാധിക്കുന്ന തമാശകളായി മാറും എന്നവർ കരുതിയിരുന്നില്ല. സിക്കുകാർ അവരുടെ ഇടയിൽ തന്നെ തമാശകൾ സൃഷ്ടിച്ചിരുന്നു.

പ്രതീഷ് നന്ദി കമ്മ്യൂണിക്കേഷന്റെ ശബ്ദ് (2005) എന്ന ചിത്രത്തിലെ ഒരു രംഗത്തിനെതിരെ സിക്കുകാരുടെ വിമർശനം ഉയർന്നു വന്നത് ശ്രദ്ധേയമാണ്. ചിത്രത്തിലെ ഒരു രംഗത്തിൽ സയീദ് ഖാന്റെ കഥാപാത്രം നായികയായ ഐശ്വര്യറായിയെ ചിരിപ്പിക്കാൻ ശ്രമിക്കുന്നു. ഒരിടത്ത് ഒരു സർദാർജിഎന്നു പറഞ്ഞു തുടങ്ങുമ്പോൾ തന്നെ ഐശ്വര്യ ചിരിച്ചു. ഇതിൽ പ്രതിഷേധിച്ച് ഒരു കൂട്ടം സിക്കുകാർ PNC ഓഫീസ് ഖെരാവോ ചെയ്തു. ആ രംഗം ചിത്രത്തിൽ നിന്നും മുറിച്ചുമാറ്റാൻ ആവശ്യപ്പെട്ടു. Central Board of film certificate, National commission for minorities എന്നിവിടങ്ങളിൽ സിക്ക് മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതിനെതിരെ പരാതി നൽകി. ഇതിന്റെ ഫലമായി പ്രതീഷ് നന്ദി ക്ഷമാപണം നടത്തുകയും പ്രസ്തുത രംഗം ചിത്രത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

2007 മാർച്ച് 25ന് സിക്ക് മീഡിയ ആന്റ് കൾച്ചർ വാച്ചി (SMCW) ലെ ഏതാനും ചെറുപ്പക്കാർ ചേർന്ന് രഞ്ജിത് പാണ്ഡേ എന്ന ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്യിച്ചു. പുസ്തക വിൽപ്പനക്കാരനായ ഇയാൾ സാന്താ ബാന്താജോക്ക് ബുക്ക്എന്ന സർദാർജി തമാശകളുടെ ശേഖരം കൈയിൽ സൂക്ഷിച്ചതായിരുന്നു കേസ്. മുംബൈ പോലീസ് ഇയാളെ മതവികാരംവ്രണപ്പെടുത്തിയതിന്റെ പേരിൽ അറസ്റ്റു ചെയ്തു. പിന്നീട് ഇന്റർനെറ്റിൽ സർദാർജി തമാശകൾ നിരോധിക്കുവാൻ സൈബർ സെല്ലിൽ പരാതി നൽകി. 2007 ഡിസംബറിൽ, ഇന്ത്യയിലെ രണ്ടാമത്തെ മൊബൈൽ നെറ്റ് വർക്കായ റിലയൻസ് ഇന്ത്യയുടെയും അതിന്റെ തലവനായ അനിൽ അംബാനിയുടെ പേരിലും ലക്നൗ പോലീസ് മതവിശ്വാസം വ്രണപ്പെടുത്തിയതിനും വിശ്വാസികളെ അപമാനിക്കുന്നതിനും കേസെടുത്തു. റിലയൻസ് ഒരു സർദാർജി തമാശ Joke of the day ആയി തിരഞ്ഞെടുത്തു. ഈ തമാശ സാന്താബാന്താ.കോം എന്ന വെബ്സൈറ്റിൽ നിന്നാണ് തിരഞ്ഞെടുത്തത്.

കേരളത്തിലും സർദാർജി തമാശകൾ തരംഗം സൃഷ്ടിച്ചു. ക്രമേണ സർദാർജി തമാശകൾക്ക് പ്രസക്തി കുറഞ്ഞപ്പോൾ പുതിയ ഒരു എസ്.എം.എസ്. കഥാപാത്രം രൂപംകൊണ്ടു-'ടിന്റുമോൻ'. ഒരു തമാശക്കാരനായ നഴ്സറിക്കുട്ടിയുടെ രൂപമാണ് ടിന്റുമോന് എസ്.എം.എസുകൾ നൽകിയത്. ചിലപ്പോഴൊക്കെ ഒരു കോളെജ് വിദ്യാർഥിയായും കുടുംബനാഥനായും ഒക്കെ ടിന്റുമോനെ കാണാം. കഥകൾക്കനുസരിച്ച് ടിന്റുമോന്റെ ജോലിയും പ്രായവുമൊക്കെ മാറുന്നു. പൊതുസമൂഹത്തിന് മുൻപിൽ അവതരിപ്പിക്കാൻ പ്രയാസമുള്ളതും ശ്ലീലാശ്ലീലങ്ങളെ തച്ചുടച്ച് സൃഷ്ടിക്കുന്നതുമാണ് ടിന്റുമോൻ തമാശകൾ. സമൂഹത്തിന്റെ മണ്ടത്തരങ്ങളും അതിബുദ്ധികളും തമാശകളായി മാറുമ്പോൾ അതിന്റെ അവകാശിയായി ടിന്റുമോനെ കണ്ടെത്തുകയാണ്. മിമിക്രി താരങ്ങൾ ടിന്റുമോന് ഒരു രൂപം സൃഷ്ടിച്ചു. ഇത് ജനങ്ങൾക്കിടയിൽ ടിന്റുമോന്റെ പ്രശസ്തി വർധിപ്പിച്ചു. ടിന്റുമോനെ പ്രധാന കഥാപാത്രമാക്കി ധാരാളം അശ്ലീല തമാശകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മൊബൈൽ ഫോണും മെസ്സേജ് ഓഫറും ഉണ്ടെങ്കിൽ ഓരോ വ്യക്തിയുടേയും ഭാവനയ്ക്ക് അനുസരിച്ച് ടിന്റുമോൻ വളരുകയായി. സ്കൂൾ തമാശകൾ മുതൽ ദാമ്പത്യജീവിതവും രഹസ്യബന്ധങ്ങളും വരെ

ടിന്റുമോന് അഭിപ്രായം നടത്താവുന്ന വിഷയങ്ങളായി. വി.കെ.എന്നിന്റെ മാനസപുത്രനായ പയ്യന്റെ വിദൂര സാദൃശ്യം ടിന്റുമോനിൽ കാണാൻ കഴിയും. പയ്യൻ കഥകൾക്ക് ലഭിച്ചിരുന്ന സ്വാതന്ത്ര്യവും സ്വീകാര്യതയുമാണ് ടിന്റുമോന്റെ തമാശകൾക്കും ലഭിക്കുന്നത്. ടിന്റുമോൻ എന്ന കഥാപാത്രവും സ്ഥിരമായി നിലനിൽക്കുകയില്ല. പുതിയൊരു കഥാപാത്രം എസ്.എം.എസ്. തമാശകളിൽ നിറഞ്ഞേക്കാം. ഓരോ നിമിഷവും പുതുമകളാണ് ജനം ആഗ്രഹിക്കുന്നത്.

ടിന്റുമോനും സർദാർജിയും ഒരുമിച്ച് വരുന്ന തമാശകളും പിന്നീട് ഉണ്ടായി. ടിന്റുമോന്റെ തമാശകളും സർദാർജിയുടെ മണ്ടത്തരങ്ങളും ഒരുമിച്ച് ഒരു എസ്.എം.എസിൽ കാണുമ്പോൾ രണ്ടു സൂപ്പർ താരങ്ങളെ ഒരു സിനിമയിൽ കാണുന്നതുപോലെ ഒരു അനുഭവമാണ് മൊബൈൽ ഫോൺ ഉടമകൾക്ക് ഉണ്ടായത്.

Tintumonte 5 Star Hotelil Ethiya Pongachakkaranaya
Sardarji Ellavarum Kelkke Urakke Vilichu Paranju:
"500 Roopayude Oru Biriyani".
Tintumon: "Shamikkanam Sardarji, Ivide half biriyani Illa"**.**

വാർത്തകളിൽ നിറയുന്ന ഓരോ വ്യക്തികളെക്കുറിച്ചും അവരുടെ സ്വഭാവസവിശേഷതകളുടെ പരിഹാസരൂപത്തിൽ എസ്.എം.എസുകൾ പ്രചരിച്ചു തുടങ്ങി. പൃഥ്വിരാജ് തമാശകൾ, ശ്രീശാന്ത് തമാശകൾ, രജനീകാന്ത്, രഞ്ജിനി ഹരിദാസ് തുടങ്ങിയവ സമീപകാലത്ത് ഏറെ പ്രചരിക്കപ്പെട്ട തമാശകളാണ്. പൃഥ്വിരാജ് കാരണം മാർക്കറ്റ് നഷ്ടപ്പെട്ട ടിന്റുമോനും, സർദാർജിയും വിഷമിക്കുന്ന എസ്.എം.എസ്. ഏറെ ശ്രദ്ധ നേടിയതാണ്.

ഇന്റർനെറ്റിലെ അശ്ലീല പോസ്റ്റിങ്ങിൽ കേരളം മുന്നിലാണ്. 2011 ൽ ഇന്റർനെറ്റിൽ അശ്ലീല പോസ്റ്റിങ് നടത്തിയതുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിനാണ് ഒന്നാംസ്ഥാനം. ഇത്തരത്തിലുള്ള 496 കേസുകൾ രാജ്യത്ത് രജിസ്റ്റർ ചെയ്തപ്പോൾ അതിൽ 136 എണ്ണം കേരളത്തിൽ നിന്നാണ്. നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ പുറത്തുവിട്ട റിപ്പോർട്ടിലാണ് പുതിയ കണക്കുകൾ ഉള്ളത്. അശ്ലീല പോസ്റ്റിങ് നടത്തുന്ന നഗരങ്ങളിൽ ബാംഗ്ലൂരാണ് ഒന്നാമത് (19 എണ്ണം). ജയ്പൂർ (15), ലുധിയാന (13) എന്നീ നഗരങ്ങൾക്കു പിന്നാലെ 12 കേസുകളുമായി കൊച്ചി തൊട്ടു പിന്നിൽ തന്നെയുണ്ട്. കേരളത്തിൽ നിന്നും രജിസ്റ്റർ ചെയ്ത 85 സൈബർ കേസുകളും സ്ത്രീകളെ ശല്യം ചെയ്തതുമായി ബന്ധപ്പെട്ടതാണ്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ വർഷം (2012) 245 സൈബർ കുറ്റകൃത്യങ്ങളോടെ കേരളം മൂന്നാം സ്ഥാനത്താണ്.

ലാപ്ടോപ്പുകളും, ടാബ്‌ലറ്റുകളും, മൊബൈൽഫോണുകളും നെറ്റ് ഉപയോഗത്തിനുള്ള ഉപകരണങ്ങളായപ്പോൾ ഇന്ന് ഇന്റർനെറ്റ് കഫേകൾ

പ്രണയസല്ലാപങ്ങൾക്കുള്ള കേന്ദ്രങ്ങളായി കഴിഞ്ഞു. അടഞ്ഞ വാതിലുകളുള്ള നെറ്റ് കഫേകൾ നിരോധിക്കപ്പെട്ടുവെങ്കിലും കോളെജുകളെ ലക്ഷ്യം വെച്ച് നഗരത്തിൽ അധികം ശ്രദ്ധിക്കപ്പെടാത്ത ഇടങ്ങളിൽ നെറ്റ്കഫേകൾ പ്രവർത്തിക്കുന്നു. കോളെജ് വിദ്യാർഥികളായ കമിതാക്കളെയാണ് ഇവ ലക്ഷ്യമിടുന്നത്. പാർക്കിലോ ബീച്ചിലോ ലഭിക്കാത്ത സ്വകാര്യത ഇന്റർനെറ്റ് കഫേയിലെ റൂമുകളിൽ ലഭിക്കുമ്പോൾ അവർ കൂടുതൽ ആശ്രയിക്കുന്നത് നെറ്റ്കഫേകളെത്തന്നെയാണ്. ഈ ആവശ്യവുമായി എത്തുന്നവർക്ക് വേണ്ടിയുള്ള ക്യാബിനുകൾക്ക് ഡബിൾ ക്യാബിൻഎന്നാണ് ഓമനപ്പേര്. ഇങ്ങനെയെത്തുന്നവർ പലപ്പോഴും കബളിക്കപ്പെടാറുണ്ട്. മിക്കവാറും പെൺകുട്ടികളാണ് ഇതിൽ ഇരയാകുന്നത്. ബട്ടൻസിന്റെ വലുപ്പത്തിൽ പോലും ഒളിക്യാമറകൾ വയ്ക്കാവുന്ന ഇന്നത്തെക്കാലത്ത് നെറ്റ് കഫേകളെ പൂർണമായും വിശ്വസിച്ചു പോകുന്നവർ വലിയ അപകടത്തിലേക്കാണ് കടന്നു ചെല്ലുന്നത്. കമിതാക്കളുടെ പ്രണയരംഗങ്ങൾ ഒളിക്യാമറയിൽ ചിത്രീകരിച്ച് അത് ഇന്റർനെറ്റിലെ സൈറ്റുകളിൽ നൽകുന്നത് ഒരു സാധാരണ കാര്യമായി മാറിയിരിക്കുന്നു. ഇത്തരം രംഗങ്ങൾക്ക് നെറ്റിൽ ധാരാളം ആവശ്യക്കാരുണ്ട്. അതുപോലെ തന്നെ എ.ടി.എം.സെന്ററിൽ പോലും കമിതാക്കളുടെ ശല്യമാണ്. എ.ടി.എം. വീഡിയോകൾ പലതും നെറ്റിൽ ലഭ്യമാണ്. ഇതിലൂടെ മനസ്സിലാക്കാൻ കഴിയുന്നത് മലയാളിയുടെ സദാചാര മൂല്യച്യുതിയാണ്. അശ്ലീലതകൾ കണ്ടു രസിക്കാനുള്ള മലയാളിയുടെ മനോഭാവം ഇവിടെ പ്രകടമാണ്.

വിശ്വസിച്ചു കല്യാണം കഴിക്കാൻ പറ്റാത്ത കാലമാണിത് എന്നു പറയാറുണ്ട്. ഈ അവസ്ഥ കാണിക്കുന്ന ധാരാളം സൈബർ തമാശകളും ഉണ്ട്. മുൻപ് ആരെയും പ്രേമിക്കാത്ത പെൺകുട്ടിയായിരുന്നു ചെറുപ്പക്കാരന്റെ സ്വപ്നം. കാലം മാറിയതോടെ ഇന്ന് ഫേയ്സ് ബുക്ക് ഐഡി ഇല്ലാത്ത പെൺകുട്ടിയായി ചെറുപ്പക്കാരന്റെ സ്വപ്നം. ഇത് വളരെ ശ്രദ്ധേയമായ ഒരു എസ്.എം.എസ്. തമാശയാണ്. ബ്ലോഗുകളിൽ പല രൂപത്തിൽ പ്രചരിക്കുന്ന ശ്രദ്ധേയമായ ഒരു കഥ പെണ്ണുകാണലിനെക്കുറിച്ചുള്ളതാണ്. സുന്ദരിയായ പെൺകുട്ടിയെയും വീട്ടുകാരെയും ചുറ്റുപാടുമൊക്കെ ബോധിച്ചിട്ടും യുവാവ് തൃപ്തനാകുന്നില്ല. സ്വന്തം വീട്ടുകാരോടുപോലും തീരുമാനം വൈകിട്ടു പറയാം എന്നു പറയുന്നു. രാത്രിയിൽ തന്റെ മുറിയിൽ ഒറ്റയ്ക്ക് കയറിയിരുന്ന് നെറ്റിലെ മുഴുവൻ സൈറ്റുകളും സേർച്ച് ചെയ്യുന്നു. അതിലെ വീഡിയോകളിലൊന്നും താൻ കണ്ട പെൺകുട്ടിയില്ലെന്ന് ഉറപ്പുവരുത്തുന്നു. ഫേയ്സ്ബുക്കിലും ആ കുട്ടിക്ക് അക്കൗണ്ടില്ലെന്ന് മനസ്സിലാക്കുന്നു. തുടർന്ന് യുവാവ് മുറിവിട്ട് പുറത്തിറങ്ങി വീട്ടുകാരോട് കല്യാണത്തിന് സമ്മതം പറയുന്നു.

ശക്തമായ വിമർശങ്ങളാണ് ഇന്ന് ഹാസ്യത്തിന് വഴിയൊരുക്കുന്നത്. അതിനു സൈബർലോകം വലിയ പിന്തുണ നല്കുന്നുമുണ്ട്. സമൂഹത്തിന്റെ ജീവിതരീതിയും അഭിരുചികളും മാറിയിരിക്കുന്നു. സമയം എന്നത് എല്ലാവർക്കും ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു. അതുകൊണ്ടു

തന്നെ ഒന്നിനു വേണ്ടിയും കൂടുതൽ സമയം ചെലവഴിക്കാൻ ഇന്നത്തെ സമൂഹത്തിനു കഴിയുന്നില്ല. എന്തും ചുരുങ്ങിയ സമയത്തിൽ അറിയാൻ അവർ ആഗ്രഹിക്കുന്നു. ഒരു മുഴുനീള ഹാസ്യചിത്രം പോലും ആസ്വദിക്കാൻ സമയമില്ലാത്തവരാണ് ചിരിക്കാൻ ഏറെ ഇഷ്ടപ്പെടുന്ന ഇന്നത്തെ സമൂഹം. ഹാസ്യം ചെറിയ കണികകളായി ലഭിക്കുമ്പോൾ അവർ സ്വീകരിക്കുന്നു. അത് ചെറിയ വാചകമാകാം ഒരു ചിത്രമാകാം.

എന്തിനും കാലത്തിന് അനുസരിച്ചുള്ള മാറ്റം അനിവാര്യമാണ്. ഹാസ്യരംഗത്തിനും മാറ്റം സംഭവിച്ചിരിക്കുന്നു. ബ്ലോഗുകളും എസ്. എം. എസ്. തമാശകളും, യൂ ട്യൂബ് വീഡിയോകളും കാണിച്ചു തരുന്നത് ഈ മാറ്റത്തെയാണ്. പറഞ്ഞു വിശദീകരിക്കുന്നതിനേക്കാൾ ചിത്രത്തിലൂടെ ആശയത്തെ പ്രകടിപ്പിക്കുക എന്ന രീതിക്കാണ് ഇന്ന് സ്വീകാര്യം. ഫേയ്സ്ബുക്ക്/ ഓർക്കുട്ട് തമാശകളിൽ ഭൂരിഭാഗവും ഇത്തരം ചിത്രങ്ങൾ സൃഷ്ടിക്കുന്നവയാണ്. ഒരു പക്ഷേ, ആ ചിത്രങ്ങൾ സൃഷ്ടിക്കുന്ന ആശയം രേഖപ്പെടുത്തി വെച്ചാൽ അതിന് ആരാധകർ കുറവായിരിക്കും. വായനയേക്കാൾ ദൃശ്യങ്ങൾക്കും വീഡിയോകൾക്കും ഇന്ന് പ്രസക്തിയേറുന്നു. അതിന് തെളിവാണ് ചലച്ചിത്രവാരികകളുടെ പ്രചാരത്തിൽ വന്ന ഇടിവ്. വാരികകളിലെ 'സാധനങ്ങൾ' വീഡിയോകളിലേക്ക് ചേക്കേറിയപ്പോൾ ആ മാറ്റത്തെ കൂടുതൽ ആളുകളും ഉൾക്കൊണ്ടു. വിവാദരംഗങ്ങൾ വാർത്തകൾ എന്നിവയ്ക്കാണ് ഇന്റർനെറ്റിൽ ഏറെ പ്രിയം. ചിലപ്പോഴൊക്കെ ശക്തമായ ചർച്ചകൾക്കും സൈബർ ലോകം വഴിതെളിക്കാറുണ്ട്.

ടി.പി.ചന്ദ്രശേഖരൻ വധം ഫേയ്സ്ബുക്കിൽ ധാരാളം ചർച്ചകൾക്ക് വഴി തെളിച്ചു. പഴി പറഞ്ഞും തിരിച്ചുപറഞ്ഞും ധാരാളം പുതിയ അംഗങ്ങൾ ഫേയ്സ് ബുക്കിൽ അംഗങ്ങളായി. പതിവു തമാശകളിൽ നിന്നും മാറി നിൽക്കാൻ ഫേയ്സ് ബുക്ക് നിർബന്ധിതമായി. ഇതിനെ തുടർന്ന് ഉണ്ടായതാണ് 'ഇവിടെ രാഷ്ട്രീയം പറയാനാണ് സുഹൃത്തേ നീ വരുന്നതെങ്കിൽ എനിക്ക് നിന്റെ സൗഹൃദം ആവശ്യമില്ല' എന്ന വാചകം. ഷവർമ കഴിച്ച് ഒരു മരണം ഉണ്ടായപ്പോൾ കേരളത്തിന്റെ ഫാസ്റ്റ്ഫുഡ് സംസ്കാരത്തെ പരിഹസിക്കാനും യുവജനത ഫേയ്സ്ബുക്കിൽ ഇടംകണ്ടെത്തി.



*തട്ടത്തിൻ മറയത്ത്* എന്ന ചിത്രത്തെ ശ്രദ്ധേയമാക്കിയ ഘടകങ്ങളിൽ ഒന്നാണ് സംഭാഷണം രേഖപ്പെടുത്തിയ പോസ്റ്ററുകൾ. അതിൽ ഹിന്ദുവായ നായകൻ മുസ്ലീമായ നായികയെക്കുറിച്ച് പ്രണയാർദ്രനായി പറയുന്നു 'ഓള് ആ തട്ടമിട്ടു കഴിഞ്ഞാൽ ചുറ്റുമുളളതൊന്നും കാണാൻ കഴിയില്ല' എന്ന്. ആ പോസ്റ്ററിൽ നായകനെ പരിഹസിക്കും വിധം ഓള് തട്ടമിട്ടത് നിന്റെ മുഖത്താണോ?എന്നൊരു ചോദ്യം കുറിക്കുന്നതോടെ കഥ മാറുകയായി.




പരസ്യവാചകങ്ങൾ സംഭാഷണത്തിനിടയിൽ പ്രയോഗിക്കുക എന്നത് ഒരു സാധാരണസംഭവമായി മാറിയിരിക്കുന്നു. ആ പ്രയോഗങ്ങൾ വിരുദ്ധ സാഹചര്യങ്ങളിൽ പ്രയോഗിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ഹാസ്യത്തിലുടെ പരസ്യവും ശ്രദ്ധനേടുന്നു. വിശ്വാസം അതല്ലേ എല്ലാം, മനസ്സിൽ ലഡുപൊട്ടി, മിഠായി കഴിക്കൂ ആഘോഷിക്കൂ, നല്ല ഗോതമ്പിന്റെ നിറം, ജനകോടികളുടെ വിശ്വസ്ത സ്ഥാപനം തുടങ്ങിയ വാചകങ്ങളെല്ലാം ഇന്ന് മലയാളിയുടെ സംസാരത്തിലേക്ക് സാധാരണയായി കടന്നുവരുന്നു.

## ഉപസംഹാരം

വായ്മൊഴി രൂപത്തിൽ നിന്നും ഹാസ്യം സാഹിത്യത്തിലേക്ക് കടന്നുവന്നു. പരിഹാസത്തിലൂടെ കടുത്ത വിമർശനങ്ങൾ നടത്തുകയായിരുന്നു പ്രധാനപ്പെട്ട ഹാസ്യസാഹിത്യകാരന്മാർ. കുഞ്ചൻനമ്പ്യാർ ചിരിയിൽ പൊതിഞ്ഞു നല്ലതിലേക്ക് വഴികാട്ടി. അദ്ദേഹത്തിന്റെ ഓരോ പരിഹാസശരങ്ങളും കൊള്ളേണ്ടവരെ ശരിക്കും വേദനിപ്പിച്ചു. നമ്പ്യാരെപ്പോലെ തന്നെ മറ്റു സാഹിത്യകാരന്മാരും ഹാസ്യത്തിലൂടെ സാമൂഹിക വിമർശനമാണ് ലക്ഷ്യമാക്കിയത്. കാലംമാറിയപ്പോൾ ബ്ലോഗുകളും ഇതര സോഷ്യൽ നെറ്റ്വർക്കുകളും ഈ ധർമം ഏറ്റെടുത്തു.

പുതിയ തലമുറയ്ക്ക് യാതൊരുവിധത്തിലുള്ള സാമൂഹ്യ പ്രതിപത്തിയും ഇല്ലെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടെങ്കിലും അത് പൂർണമായും ശരിയല്ലെന്നു തെളിയിക്കുകയാണ് സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റു

കളും ബ്ലോഗുകളും. ഓരോ ദിവസവും അതിൽ കണ്ടുവരുന്ന ഓരോ വായനക്കവും ചിത്രവും സമൂഹത്തിലെ പുതിയ പ്രവണതകൾക്ക് അനുകൂലമോ പ്രതികൂലമോ ആയ മറുപടികളാണ്. തെറ്റിനെ തെറ്റാണെന്ന് വിളിച്ചു പറയാൻ ഇന്നത്തെ തലമുറ മടിക്കുന്നില്ല. നേരിട്ടു പ്രതിഷേധം അറിയിക്കാതെ ഹാസ്യത്തിലൂടെ ആ തെറ്റ് മനസ്സിലാക്കി കൊടുക്കുകയാണ് ഇന്നത്തെ തലമുറ ചെയ്യുന്നത്.

പാശ്ചാത്യരുടെ കണ്ടെത്തലുകളാണ് ഇന്നും ഹാസ്യത്തിന് അംഗീകരിക്കപ്പെട്ട സിദ്ധാന്തങ്ങളായി കരുതപ്പെടുന്നത്. വിറ്റും, സറ്റയറും, പാരഡിയും ഇന്നും പുതിയ രൂപത്തിൽ കാണപ്പെടുന്നു. യൂ ട്യൂബിൽ കാണപ്പെടുന്ന കൂടുതൽ വിഭാഗം വീഡിയോകളും സൈബർ ലോകത്തിലെ പാരഡിക്ക് ഉദാഹരണങ്ങളാണ്.

എസ്.എം.എസ്. തമാശകളിലൂടെ ഓരോ പുതിയ കഥാപാത്രങ്ങൾ ചിരിപ്പിക്കാനെത്തുന്നു. സൈബർ ലോകത്ത് 'വിറ്റ്' ഇന്നു പ്രധാനമായും നിലനിൽക്കുന്നത് എസ്.എം.എസ്. തമാശകളിലൂടെയാണ്. കാലാനുസൃതമായി പുതിയ എസ്.എം.എസ്. കഥാപാത്രങ്ങളും രീതികളും കടന്നുവരുമെന്നു മാത്രം.

ചിരിക്കാൻ ആഗ്രഹിക്കുന്നവനാണ് മനുഷ്യൻ. ചിരിയും കരച്ചിലും മനുഷ്യന്റെ ഉള്ളിൽ തന്നെ നിലനിൽക്കുന്നു. എങ്കിലും ചിരിക്കാൻ മനുഷ്യൻ കൂടുതലായും ആഗ്രഹിക്കുന്നു. നൂറുകൂട്ടം പ്രശ്നങ്ങൾക്കിടയിൽ ഒരു ചെറുചിരിക്ക് അവസരമുണ്ടായാൽ അത് നഷ്ടപ്പെടുത്താൻ ആരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് ദുഃഖങ്ങൾ ഉണ്ടാകുമ്പോൾ തത്ത്വചിന്തകളിൽ അഭയം തേടി ഇനി സന്തോഷിക്കാനും ചിരിക്കാനും ഒരു കാലം ഉണ്ടാകും എന്ന് മനുഷ്യൻ ആശ്വസിക്കുന്നത്. ഹാസ്യവും മാറ്റങ്ങൾക്ക് വിധേയമാണ്. പഴത്തൊലിയിൽ തെന്നി വീഴുന്നതുപോലുള്ള തമാശകൾ ഇന്ന് കാണാൻ കഴിയില്ല. യഥാർഥ്യത്തിന്റെ മുഖംമൂടിയെ വലിച്ചു കീറാൻ ശക്തമായ പരിഹാസങ്ങൾക്ക് വേദിയൊരുക്കുന്നത് സൈബർലോകമാണ്. എല്ലാം മാറ്റത്തിനു വിധേയമാണ് എന്ന അരിസ്റ്റോട്ടലിന്റെ പ്രസ്താവനയെ ശരി വയ്ക്കുന്നതാണ് ഹാസ്യരംഗത്തിന്റെ മാറ്റം. ഹാസ്യം, സാഹിത്യത്തിലൂടെയും സിനിമയിലൂടെയും നാടകത്തിലൂടെയും കടന്നു വന്ന് ഇന്ന് സജീവമായി നിലനിൽക്കുന്നത് സൈബർ ലോകത്തിലെ തിരക്കു പിടിച്ച ജീവിതത്തിലാണ്. അനുനിമിഷം മാറ്റങ്ങൾക്ക് വിധേയമാകുന്ന ഈ ലോകത്തിൽ ഹാസ്യത്തിന് ഇനിയുണ്ടാകുന്ന മാറ്റം കാത്തിരുന്നു കണ്ടേ തീരൂ.

## ഗ്രന്ഥസൂചി

1. ആദർശ്, വി.കെ. 2010: ഇനി വായന ഈ വായന, കോട്ടയം, ഡി.സി.ബുക്സ്.
2. മേക്കൊല്ല, പരമേശ്വരൻ പിള്ള 1969: ഹാസ്യദർശനം, തിരുവനന്തപുരം, എൻ.ബി.എസ്.

3. രാമചന്ദ്രൻ നായർ, പന്മന 2003: മലയാള സാഹിത്യചരിത്രം നൂറ്റാണ്ടുകളിലൂടെ, തിരുവനന്തപുരം, കറന്റ് ബുക്സ്.
4. രാമകൃഷ്ണൻ, ഇ.വി. 2011: അക്ഷരവും ആധുനികതയും, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം
5. ഷാജി ജേക്കബ്. 2007: മാധ്യമങ്ങളുടെ സാംസ്കാരിക രാഷ്ട്രീയം, സംസ്കാരം പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, കാലടി, മലയാള പഠനസംഘം.

## വെബ് ജാലകങ്ങൾ

www.wikipedia.com
www.Facebook.com
www.youtube.com
www.orkut.com
www.manoramaonline.com
www.yahoomessage.com
www.ibnlive.in
www.humourversity.com
www.kuboos.blogspot.in
www.aboothi.blogspot.in
www.karmafalam.blogspot.com
www.kodakarapuranam.blogspot.com
www.pongummodan.blogspot.com

## ആനുകാലികങ്ങൾ

1. കലേഷ്കുമാർ. 'മലയാളം ബ്ലോഗ്', ഭാഷാപോഷിണി. മെയ് 2008.
2. വെങ്കിടേശ്വരൻ, സി.എസ്. 'മലയാളിയുടെ ബ്ലൂജീവിതം' ഭാഷാപോഷിണി
3. സുധീർ, സി.വി. 'മലയാളം ബ്ലോഗുകളും മലയാളിയും', ഭൂമി മലയാളം ബുക്ക് 2, ഇഷ്യൂ 1, ജനുവരി 2010.
4. രാജഗോപാൽ, ഇ.പി. 'എസ്.എം.എസ്. അഥവാ സ്വന്തം മേഘസന്ദേശങ്ങൾ'. ഭാഷാപോഷിണി സെപ്റ്റംബർ 2006.
5. സജീഷ് എൻ.പി. : 'എസ്.എം.എസ്. പ്രതിഭാഷയുടെ പാഠഭേദങ്ങൾ' മാതൃഭൂമി ആഴ്ചപ്പതിപ്പ് . ഒക്ടോബർ 8. 2006.

# 14. സൈബർ ലോകവും ആധുനികതയുടെ പുരുഷലിംഗവും

യാക്കോബ് തോമസ്

കൊളോണിയൽ ആധുനികതയിലൂടെയാണ് കേരളത്തിന്റെ നവോത്ഥാനവും ആധുനികീകരണവും സംഭവിക്കുന്നത്.ജാതി–ജന്മിത്വ–മരുമക്കത്തായ ക്രമത്തിൽ നിന്ന് കേരളത്തെ മതേതര സമുദായികാന്തരീക്ഷത്തിലേക്കും അണുകുടുംബത്തിലേക്കും നയിച്ചത് ആ ആധുനികതയാണ്. ജാതിയെ അപ്രത്യക്ഷമാക്കിയെങ്കിലും അതിശക്തമായ ലിംഗപദവിയിലൂന്നിയാണ് നവോത്ഥാനപ്രക്രിയകൾ പ്രവർത്തിച്ചിരുന്നത്. ശരീരത്തെ മനസ്സിനു കീഴെ പ്രതിഷ്ഠിച്ചുകൊണ്ട് സ്ത്രീയെ ശരീരവുമായി ബന്ധിപ്പിച്ച് ശാരീരികമായി പുരുഷനെ പ്രലോഭിപ്പിക്കുന്നവളെന്നു വ്യവഹരിച്ച് രണ്ടാംകിടയാക്കി വീട്ടിനകത്തിരുത്തി പുരുഷന്റെ സഹധർമിണി മാത്രമാക്കിയതാണ് അക്കാലത്ത് നടന്നത്. പൊതുവിടമെന്നും സ്വകാര്യയിടമെന്നും (Public-Private-Sphere)സമൂഹത്തെ വിഭജിച്ചതിൽ സ്ത്രീക്ക് നല്കപ്പെട്ടത് സ്വകാര്യ ഇടമായ വീടിന്റെ അകമായ അടുക്കളയാണ്. ലൈംഗികതയെന്ന ഭീകരതയിൽ നിന്ന് സ്ത്രീ ഒഴിഞ്ഞു നിൽക്കണമെന്നും പുരുഷനാണതിന്റെ അധികാരമെന്നും സ്ത്രീയതിന്റെ ആനന്ദം നിസംഗമായി ഏറ്റുവാങ്ങുന്നവൾ മാത്രമാണെന്നും പഠിപ്പിക്കപ്പെട്ടു. ഇതിന്റെയെല്ലാം ആകെത്തുകയെന്നത് സ്ത്രീ വീടിനകത്തെ പാചകവും കുട്ടികളുടെ പരിപാലനവുമായി കഴിയേണ്ടുന്ന ദുർബലയാണെന്നായിരുന്നു. ആധുനിക പുരുഷാധിപത്യത്തിന്റെ ഈ ലിംഗബോധം സവിശേഷമായൊരു സാമ്പത്തിക ശാസ്ത്രത്തെയും സദാചാരത്തെയും അധികാരത്തയും നിർവചിച്ചിരുന്നു. സ്ത്രീയെ സമൂഹത്തിന്റെയും വീടിന്റെയും എല്ലാത്തരം അധികാരത്തിൽ നിന്നും പുറന്തള്ളുന്നതായിരുന്നു ആ വ്യവസ്ഥ. ലൈംഗികത ഇതിൽ വളരെ നിർണായകമായിരുന്നുവെന്നും കാണാം.

എഴുപതുകളോടെയാണ് ഇതിൽ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നത്. ഇന്ത്യയിലെ പിന്നാക്കമായ മറ്റു സംസ്ഥാനങ്ങളെപ്പോലെയായിരുന്ന കേരളത്തിൽ, ഗൾഫ് കുടിയേറ്റത്തിന്റെ സാമ്പത്തിക വരവോടെ ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം സംജാതമാവുകയും അതിലൂടെ പുതിയതലത്തിൽ ജീവിതം ആഘോഷിക്കുന്ന പ്രവണതകൾ വളരുകയും ചെയ്തു. ഗൾഫ് പണം ഇവിടെ വിനിയോഗിക്കപ്പെട്ടത് ഉത്പാദനപരമായിരുന്നില്ലെന്നും മറിച്ച് വീടുപണി, വിവാഹം, സ്ഥലംവാങ്ങൽ പോലുള്ള ഉപഭോഗങ്ങൾക്കുവേണ്ടിയാണെന്നും കുടിയേറ്റ പഠനങ്ങൾ വ്യക്തമാക്കുന്നു. ഗൾഫുകാരനെന്ന പേരിൽ പുരുഷൻ അധ്വാനിച്ചുണ്ടാക്കുന്ന പണമായിരുന്നു ഇതിന്റെ ആധാരമെങ്കിലും അത് ചെലവു ചെയ്യുന്നതും മറ്റും സ്ത്രീയായിരുന്നു. ഗൾഫ് ഭാര്യയെന്ന സംവർഗത്തെ സൃഷ്ടിച്ചുകൊണ്ട് പാരമ്പര്യമായിത്തുടർന്ന ലിംഗപദവിയെ കുറേ മാറ്റിമറിക്കുന്ന ചില കാഴ്ചപ്പാടുകൾ സൃഷ്ടിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസരംഗത്തേക്കുള്ള വൻതോതിലുള്ള കടന്നുവരവും മറ്റും ഇതിന്റെ ഏറ്റവും പ്രധാന ഫലമായിരുന്നുവെന്നുകാണാം (ഉദാ. മലപ്പുറം ജില്ല). ഇതിന്റെ തുടർച്ചയായിരുന്നു ആഗോളീകരണമാരംഭിക്കുന്ന പ്രതിസന്ധികളും മറ്റും വീടിനെ സംരക്ഷിക്കുന്ന പുരുഷൻ എന്ന സങ്കല്പത്തെ വല്ലാതെ പ്രതിസന്ധിയിലാക്കുകയും സ്ത്രീയും ജോലി ചെയ്താലേ വീട് നിലനിർത്താനാവൂ എന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. കേരളത്തിൽ ഇക്കാലത്ത് ഭർത്താവും ഭാര്യയും ജോലിക്കാരാവുന്ന കുടുംബത്തിന് വലിയ സമൂഹത്തിൽ വലിയ അംഗീകാരം കിട്ടുന്നു. വിവാഹക്കമ്പോളവും ഇത്തരത്തിൽ മാറി ചിന്തിക്കുന്നതു കാണാം. ഇതിന്റെ തുടർച്ചയാണ് ഇന്റർനെറ്റ് അടക്കമുള്ള സൈബർലോകത്തിന്റെ സാധ്യതകൾ കേരളത്തിൽ പ്രവേശിക്കുന്നത്.

ലൈംഗികതയുടെ അധികാരമെല്ലാം ആണിൽ നിക്ഷിപ്തമാവുന്ന പുരുഷാധിപത്യത്തിന്റെ സാമൂഹ്യപരിസരത്തിന്റെ ആഘോഷമാണ് കേരളീയമായ സാമൂഹ്യസ്ഥാപനങ്ങളെല്ലാം തന്നെ. പുതിയ വിനോദോപാധികളെല്ലാം ഈ പുരുഷയുക്തിയുടെ ആഘോഷത്തെയാണ് വിളംബരം ചെയ്യുന്നത്. ആദ്യകാലത്ത് നഗ്നനേത്രങ്ങൾകൊണ്ട് സ്ത്രീശരീരത്തെ നോക്കി ഭോഗിക്കുകയായിരുന്നു പുരുഷാനന്ദമെങ്കിൽ പിന്നീട് നാടകവും ചലച്ചിത്രവും ഈ കാഴ്ചയുടെ മാനങ്ങളെ വളരെ വലുതാക്കി. ചലച്ചിത്രമെന്ന കാഴ്ചയുടെ വിനോദം എത്തിയപ്പോൾ അത് ആണുങ്ങളുടെ ലൈംഗികതയുടെ ആഹ്ലാദത്തെയാണ് പൊലിപ്പിച്ചത്. സ്ത്രീയെന്നത് കാഴ്ചയിലെ വസ്തുമാത്രവും. ആലുവായിലെ പങ്കജം, കാസിനോ, സീനത്ത് തുടങ്ങിയ സിനിമാകൊട്ടകകളിൽ കളിച്ച ഉച്ചപ്പടങ്ങളിൽ, ജീവനുള്ളതിൽ നാലിരട്ടി വലുപ്പത്തിൽ തുണിയഴിച്ച പെണ്ണുങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. പെണ്ണുകാണലിൽ തുടങ്ങിയിരുന്ന പഴയകാലത്തെ ചടങ്ങൊപ്പിച്ച ആൺപെൺ ബന്ധം പെണ്ണിനെ എല്ലാ അർഥത്തിലും കണ്ടു തഴമ്പിക്കാൻ തുടങ്ങിയ ആൺ കണ്ണുകൾക്കു മുമ്പിൽ അതിന്റെ ആകാംക്ഷകൾ അവസാനിപ്പിച്ചു കഴിഞ്ഞിരുന്നു. തിരശ്ശീലയിൽ കാണുന്നിടത്തോളം വലുപ്പമില്ലാത്തതിനാൽ ജീവനു

ളള പെണ്ണിനെ ഒളിച്ചുനിന്നു നോക്കുന്നതിനെപ്പറ്റി അവരോരുത്തരും ഖേദിച്ചുകൊണ്ടിരുന്നു. (മനുഷ്യന് ഒരാമുഖം, സുഭാഷ് ചന്ദ്രൻ, പു.290). സിനിമയിൽ നിന്ന് കമ്പ്യൂട്ടറിലേക്കും കാഴ്ചയുടെ ഡിജിറ്റൽ ലോകങ്ങളിലേക്കും മലയാളിയുടെ സംവേദന സംസ്കാരം വളർന്നപ്പോൾ അവിടെയും സംഭവിച്ചത് ആണിന്റെ കാമനകളുടെ പൂർത്തീകരണമാണ്. മുകുന്ദന്റെ നൃത്തം ഡിജിറ്റൽ കാലത്തേക്കു കടന്ന മലയാളിയെ തന്റെ കാമനകൾ ആസ്വദിച്ചതെങ്ങനെയെന്ന് വിവരിക്കുന്നു. ഇപ്പോൾ അയാൾക്ക് സ്വന്തമായി ഒരു വലിയ വീടും ടൊയോട്ടക്കാറുമുണ്ട്. മാർക്കറ്റിലെ സൈബർകഫേയിൽ നിന്നല്ല അയാൾ ഇത്രയും പണം സമ്പാദിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. തന്റെ വാടകവീടിന്റെ പിൻമുറിയിൽ വളരെ രഹസ്യമായി ഒരു കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്തു. എട്ടാം ക്ലാസിലും പത്താം ക്ലാസിലും മറ്റും പഠിക്കുന്ന ആൺകുട്ടികളാണ് അവിടുത്തെ പതിവുകാരിൽ ഏറെയും. സ്കൂളിൽ നിന്ന് മടങ്ങിവരുമ്പോഴോ വൈകുന്നേരങ്ങളിൽ ക്രിക്കറ്റ് കളിക്കാൻ പോകുമ്പോഴോ അച്ഛനമ്മമാരുടെ കണ്ണുവെട്ടിച്ച് അവർ അവിടെച്ചെന്ന് നീല വെബ്സൈറ്റുകൾ സെർച്ച് ചെയ്യും(പു.47). ചലച്ചിത്രമെന്ന കാഴ്ചയുടെ ലോകത്തെ തങ്ങളുടെ ആണത്തത്തിന്റെ കാമനകളുടെ പൂർത്തീകരണത്തിനായി മാത്രം മാറ്റിത്തീർത്ത പുരുഷാധിപത്യം ആഗോളവൽകരണകാലത്ത് സൈബർലോകത്തിന്റെ സാങ്കേതികവിദ്യയേയും മാറ്റിത്തീർക്കുന്നത് തങ്ങളുടെ ലിംഗത്തിന്റെ പ്രകടനങ്ങൾക്കാണ്. അപരലിംഗത്തെ കീഴടക്കുന്നതിനും കളിപ്പാട്ടം പോലെ അതിന്റെ ഓരോ അണുവും നുണയുന്നതുമാണ് ഈ പ്രകടനം. സ്ത്രീ ശരീരമെന്നത് പുരുഷകാഴ്ചയുടെ വിഷയം മാത്രമാണ്.

ആഗോളീകരണത്തിന്റെ സാമൂഹ്യാവസ്ഥ ലോകത്തിലാകമാനം പരമ്പരാഗത സാമൂഹ്യസങ്കല്പങ്ങളെ തകിടം മറിക്കുകയും തംതിരിവുകളെ പരിക്കേല്പിക്കുകയും ചെയ്തതായി കാണാം. ശ്രീലങ്കയിൽ തൊണ്ണൂറുകളിലെ ഗൾഫ് കുടിയേറ്റം സ്ത്രീകളുടെ ആധിപത്യത്തെ സമൂഹത്തിൽ സംജാതമാക്കുകയും അവിടുത്തെ സ്ത്രീധന വ്യവസ്ഥയെ മാറ്റിമറിക്കുകയും ചെയ്തതായി നിരീക്ഷിക്കപ്പെടുന്നു. (ഗൾഫ് കുടിയേറ്റം ശക്തമായിരുന്ന കേരളത്തിൽ ഇത്തരത്തിലൊന്ന് നടന്നില്ലെന്നു മാത്രമല്ല സ്ത്രീകളുടെ കുടിയേറ്റം കുറയുകയും ചെയ്തു). ലോകത്തിന്റെ പലഭാഗങ്ങളിലും സ്ത്രീപക്ഷ പ്രസ്ഥാനങ്ങളും മറ്റും ഇക്കാലത്ത് ശക്തിപ്പെടുകയും ഇത്തരത്തിലുള്ള ലിംഗപരമായ പ്രശ്നവത്കരണങ്ങൾ സാധ്യമാക്കുകയും ചെയ്തു. സൈബർലോകം ഇതിന്റെ അനന്തസാധ്യതകളാണ് തുറന്നിട്ടത്.

1. പരമ്പരാഗതമായ പുറം-അകം വിഭജനത്തെ സൈബർലോകം തകർത്തത് പുരുഷൻ നിശ്ചയിച്ച അകത്തെ റദ്ദാക്കിക്കൊണ്ട് ലോകത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെടുന്നതിന് സ്ത്രീയെ പര്യാപ്തയാക്കി. സൈബർലോകത്തിന്റെ സോഫ്റ്റ്നെസ് പരമ്പരാഗതമായ

ഹാർഡ് (പുരുഷൻ) സോഫ്റ്റ് (സ്ത്രീ) എന്ന ലിംഗപരമായ ദ്വന്ദ്വത്തെത്തന്നെ ചോദ്യം ചെയ്യുകയും ചെയ്തു.

2. ലിംഗപരമായ അസ്തിത്വം പറയേണ്ടതില്ലാത്ത ഇ-ലോകത്തിന്റെ സാധ്യതകൾ സ്ത്രീക്കും പുരുഷനും അപ്പുറമുള്ളതുമായ എല്ലാത്തരം ലിംഗാസ്തിത്വങ്ങൾക്കും ഇടം നല്കി. മനുഷ്യ-പുരുഷ-സ്ത്രീ സങ്കല്പങ്ങളെ പാടേ പ്രശ്നവത്കരിക്കുകയും പുരുഷാധിപത്യയുക്തികളെ ചോദ്യം ചെയ്യുകയും ചെയ്തു.
3. സൈബർ സംസ്കാരത്തെ താങ്ങിനിർത്തുന്ന ഐടി വ്യവസായം തൊഴിൽ സംസ്കാരത്തിലെ ദ്വന്ദ്വത്തെയും ആധിപത്യത്തെയും ചലിപ്പിക്കുകയും കുടുംബംപോലുള്ള സ്ഥാപനങ്ങൾക്കും പാരമ്പര്യങ്ങൾക്കും കടുത്ത വെല്ലുവിളി ഉയർത്തുകയും ചെയ്തു.

എന്നാൽ കേരളത്തിലെ സാമൂഹ്യാവസ്ഥയിൽ പരിക്കുകളേൽപ്പിച്ച ആഗോളവത്കരണത്തിനൊപ്പം കടന്നുവന്ന സൈബർ സംസ്കാരം, ലിംഗപരമായ വശത്തിൽ ചില സാധ്യതകൾ തുറന്നിടുമ്പോഴും കേരളത്തിലെ പരമ്പരാഗത കുടുംബം, വിവാഹം എന്നിവയെ പോറലേൽപിക്കുമ്പോഴും (വൻതോതിലുള്ള വിവാഹമോചനങ്ങൾ ഐടി രംഗത്തുനിന്നുണ്ടാകുന്നു) അതിനകത്തെ ഉള്ളടക്കം പുരുഷൻ താലോലിക്കുന്ന സ്ത്രീചിത്രത്തെ ഉറപ്പിക്കുന്നതാണ് എന്നുള്ളത് കൂടുതൽ വിശകലനം അർഹിക്കുന്ന പ്രശ്നമാകുന്നു. ഇന്റർനെറ്റിൽ രഞ്ജിനി ഹരിദാസിനെക്കുറിച്ചുള്ള ചർച്ചകൾ ഇത് വ്യക്തമാക്കുന്നു

മലയാളിയുടെ ഇന്റർനെറ്റ്-മൊബൈൽ ഉപയോഗത്തിൽ സ്ത്രീ വ്യവഹരിക്കപ്പെടുന്നത് ഈ രീതികളിലാണ്.

1. ലൈംഗികതയിലും അനുബന്ധമേഖലകളിലുമാണ് ഇവിടെ കൂടുതൽ അന്വേഷണവും നടക്കുന്നത്. അതീതയാഥാർഥ്യത്തിന്റെ അനുഭൂതിയിലൂടെ ലൈംഗികതയാസ്വദിക്കുകയെന്നതാണ് ഇതിന്റെ യുക്തി. പുരുഷനാണ് ഇവിടെ കർത്താവാകുന്നത്. ഇവിടുത്തെ ലൈംഗികതയെന്നത് ഭിന്നലൈംഗികതയാണുതാനും. ലൈംഗികചിത്രങ്ങൾക്കുപരി സ്ത്രീയുടെ നഗ്നതയാണ് ഏറ്റവും കൂടുതലിവിടെ തിരയപ്പെടുന്നതെന്ന് ശ്രദ്ധിച്ചാൽ കാണാം, പ്രത്യേകിച്ച് കേരളത്തിൽ. യൂ ട്യൂബ് എന്നത് കേരളത്തിൽ പൊതുവേ സ്ത്രീകൾ കാണുന്നത്, നഗ്നത കാണിക്കുന്ന തങ്ങൾക്കു കാണാൻ പാടില്ലാത്ത എന്തോ ഒന്നായിട്ടാണ്. കേരളത്തിലെ കൗമാരക്കാരിലെ ലൈംഗികവിജ്ഞാനത്തെക്കുറിച്ചുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത് ആൺകുട്ടികൾ ഭൂരിപക്ഷവും പല രീതിയിൽ ലൈംഗികചിത്രങ്ങൾ പരിചയിച്ചിട്ടുണ്ടെങ്കിലും പെൺകുട്ടികൾ ഈ രീതിയിൽ അപൂർവമായി മാത്രമേ ഉള്ളൂവെന്നതാണ്. പൊതുസമൂഹത്തിൽ നിലനില്ക്കുന്ന പുരുഷാധിപത്യത്തിന്റെ പ്രകടനമാണ് ഇതെന്നു കാണാം. ഫേസ്ബുക്കിൽ പല പെൺകുട്ടികളും തങ്ങളുടെ ചിത്രം കൊടുക്കാത്തതിനു കാരണവും ഇതിലെ ശക്തമായ പുരുഷ സ്വഭാവത്തെ കുറിക്കുന്നു. ഇതെല്ലാം ലൈംഗി

കമായി ഉപയോഗിക്കപ്പെടാമെന്ന ധാരണ ഇന്ന് പ്രബലമായിരിക്കുന്നു. സൈബർപോലീസിൽ എത്തുന്ന കേസുകളധികവും ഈ ലൈംഗികത യുമായി ബന്ധപ്പെട്ടതാണ്.

2. ഇന്റർനെറ്റിന്റെ പലപ്രയോഗങ്ങളിലും കടന്നുവരുന്ന ആശയാവലിയെന്നത് കടുത്ത സ്ത്രീവിരുദ്ധതയുടേതാണ്. (നിരവധിയിടത്ത് ഗൗരവമുള്ള സ്ത്രീപക്ഷചർച്ചകളും പ്രതികരണങ്ങളും കാണുന്നുണ്ട് എന്നത് മറക്കുന്നില്ല). മലയാള ബൂലോഗങ്ങൾ, ഫേസ്ബുക്ക് ചർച്ചകൾ, എസ്.എം.എസുകൾ എന്നിവയിലെല്ലാം ഭൂരിപക്ഷവും ഇത് വ്യക്തമാക്കുന്നു. ടിന്റുമോൻ തമാശകൾ എല്ലാംതന്നെ പുരുഷന്റെ ലൈംഗിക ആഹ്ളാദമാണ്. വിഖ്യാതമായ മലയാളം ബ്ലോഗ് *ബേർളിത്തരങ്ങൾ* ഇതിന്റെ മറ്റൊരു ഉദാഹരണമാണ്. ആധുനികമായ ലൈംഗികത ഇതിലെ എഴുത്തിന്റെ, തമാശയുടെ അടിത്തട്ടിൽ പ്രവർത്തിക്കുന്നതു കാണാം. മണിപ്രവാളകാലത്തേതെന്ന പോലെ സ്ത്രീയുടെ മുലയും തുടയും അവളുടെ അഹന്തയും അനുസരണക്കേടുമാണ് ഇതിലെല്ലാത്തിലെയും ചിരിവിഷയം. ചിരിക്കുമാത്രമല്ല ശകാരവും ഇവിടെ പ്രധാനമായിരിക്കുന്നു. എല്ലാത്തരം തമാശകളും പെണ്ണിനോടുള്ള താക്കീതാണെന്നതാണ് വസ്തുത. രഞ്ജിനി ഹരിദാസിനെപ്പോലെ കാവ്യാമാധവനും ശക്തമായി നെറ്റിലും യൂ ട്യൂബിലും ശകാരിക്കപ്പെടുന്നുണ്ട്. സ്ത്രീയുടെ ശരിയായ മോഡലുണ്ടെന്നും ഇവരൊന്നും അതിന്റെ ഏഴയലത്തുവരുന്നതല്ലെന്നുമാണ് താക്കീതിന്റെ സാരം.

3. രഞ്ജിനി ഹരിദാസ് എന്ന നാമം ഇന്റർനെറ്റിൽ വ്യവഹരിക്കപ്പെടുന്നത് വികൃതമായ, സാധാരണമായ സ്ത്രീത്വത്തെ വികലമാക്കുന്ന സ്വത്വം എന്ന നിലയിലാണ്. കടുത്ത പരിഹാസത്തിലാണ് അവരെ കുറിച്ച് പലരും എഴുതുന്നത്. രഞ്ജിനിയുടെ വേഷം, ഭാഷ, പെരുമാറ്റം എന്നിവയെ രൂക്ഷമായി അപഹസിക്കുന്നു. ഇതെല്ലാം പെണ്ണത്തരത്തിനുമപ്പുറത്താണെന്നു തെളിയിക്കുകയാണ് എല്ലാ പുരുഷ എഴുത്തുകളുടെയും ലക്ഷ്യം. രഞ്ജിനി ആണാണോ അഥവാ പെണ്ണാണോ എന്ന സംശയം ഇവ നിരന്തരം ഉന്നയിക്കുന്നു. ഒരു അപരമായിട്ടാണ് ഈ ലോകത്ത് അവൾ വരുന്നത്. അവളുടെ ശരീരത്തെ ഭോഗിക്കുകയെന്നത് ഇതിന്റെ അടിസ്ഥാന പദ്ധതിയാണ്. ഇത്തരത്തിലുള്ള ഇന്റർനെറ്റ് വ്യവഹാരങ്ങൾ പ്രതിനിധാനം ചെയ്യുന്നത് സ്ത്രീകൾ പരമ്പരാഗത കേരളീയ സ്ത്രൈണതയുമായി കഴിയുന്നതാണ് ശരിയാവുകയെന്നതാണ്. പുരുഷനുവിധേയമായിരിക്കുന്ന സ്ത്രീയെന്ന സങ്കല്പം ലൈംഗികതയുടെ പുരുഷ സങ്കല്പത്തിന്റെ വിജയത്തെയാണ് കുറിക്കുന്നത്. രഞ്ജിനി ഇതിന് വഴങ്ങാൻ വിസമ്മതിക്കുന്നുവെന്നതാണ് അവരെ പുരുഷന്മാർ ഇത്രയും ആക്രമിക്കുന്നതിനു കാരണം. എന്നാൽ ഈ ആക്രമത്തിലും കുലുങ്ങാത്ത അവരുടെ പ്രകടനം പുതിയ സ്ത്രീത്വത്തിന്റെ രൂപീകരണത്തിൽ പ്രതീക്ഷ നല്കുന്നു. രഞ്ജ്നിയെക്കുറിച്ച് പ്രധാനമായും ആറിലേറെ വീഡിയോകൾ യൂ ട്യൂബിൽ

പ്രചരിക്കുന്നുണ്ട്. ഇതിനെല്ലാം മൊത്തം പത്തു ലക്ഷത്തിലേറെ കാഴ്ചക്കാരുമുണ്ട്. കാഴ്ചക്കാരുടെ എണ്ണം ദിനംപ്രതി കൂടുകയുമാണ്. പ്രഥമദൃഷ്ടിയിൽത്തന്നെ കാര്യം വ്യക്തമാണ്. വെറും ലൈംഗികബിംബം മാത്രമാണ് അവൾ ഇതിൽ. സ്ത്രീക്ക് അവളുടെ ലൈംഗികത സ്വന്തയിഷ്ടപ്രകാരം നിർണയിക്കാൻ അവകാശമില്ലെന്ന സന്ദേശമാണ് മലയാളി പുരുഷൻ ഇതിലൂടെ നല്കുന്നത്. ഇത്തരം സ്ത്രീകൾ സ്ത്രീയെന്ന വിളിപ്പേരിന് അർഹയല്ലെന്ന ധ്വനിയും ഇവളുമാരെയൊക്കെ ഇല്ലാതാക്കണമെന്ന ആഹ്വാനവും ഇതിൽ നിഴലിക്കുന്നു. ഈ വീഡിയോകൾക്കു കീഴേ അവരുടെ പ്രതികരണവും കാണാം.  അറപ്പിക്കുന്ന അശ്ലീലതയിലാണ് ഇത്തരം പ്രതികരണങ്ങൾ വരുന്നത്. കേരളീയപുരുഷന്റെ തന്റേടികളായ സ്ത്രീകളോടുള്ള പെരുമാറ്റം ഈ തെറിവിളിയിൽ വ്യക്തമായിക്കാണാം. എന്താണ് രഞ്ജിനി ചെയ്ത തെറ്റ്? പ്രധാനമായും അവളുടെ ഒന്നിനെയും കൂസാത്ത പ്രകടനവും മലയാള ഉച്ചാരണവുമാണ് തെറിവിളിയുടെ കാതൽ. എന്നാൽ അതെല്ലാം ലൈംഗികതയിൽ മുക്കിയാണ് പുരുഷൻ കാണുന്നത്. ഇതേപോലെ തന്നെയാണ് കാവ്യാമാധവനെക്കുറിച്ചുള്ള യൂ ട്യൂബ് പ്രതികരണവും. സ്ത്രീപക്ഷമായ ചോദ്യങ്ങളൊന്നും ഇവിടെ ഉന്നയിക്കപ്പെടുന്നില്ല. മറിച്ച്, ആണിന് പെണ്ണ് തെറിവിളിക്കാനും കാമം തീർക്കാനുമുള്ള ഉപകരണമാണ് എന്ന ഫ്യൂഡൽകോയ്മയുടെ ആവിഷ്കാരമായി സൈബർ ലോകത്തിൽ വിരാജിക്കുകയാണ് കേരളീയ പുരുഷൻ. യൂ ട്യൂബ് എന്നത് പെണ്ണിനെ ഭീഷണിപ്പെടുത്താനും പുരുഷന്റെ ആണത്തം കാണിക്കാനും ഉള്ള ഉപാധിമാത്രമാണ് മലയാളി ആണിന്. അവന്റെയുള്ളിലെ കാമം കരഞ്ഞുതീർക്കാനുള്ള ഇടമാണിത്. ഇതെന്നാണ്, എങ്ങനെയാണ് ചോദ്യം ചെയ്യപ്പെടുകയെന്ന പ്രശ്നമാണ് ബാക്കിയാകുന്ന ചോദ്യം.

# 15. യൂ ട്യൂബ് : ലോകം കീഴടക്കിയ കാഴ്ചശീലം

കെ.എസ്. പ്രമോദ്

'ബഹുജനമാധ്യമങ്ങൾ മേൽക്കൈ നേടിയ ലോകം കാഴ്ചയിൽ മാത്രമേ പൊതുമണ്ഡലമാകുന്നുള്ളു' – ഹേബർമാസ്

പൊതുജനാഭിപ്രായങ്ങൾ രൂപീകരിക്കുന്നതിൽ ആഗോളവത്കരണത്തിന്റെ ഈ കാലത്ത് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നത് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളാണ്. സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് സൈറ്റുകൾ അനർഗളമായ ആശയവിനിമയത്തിന്റെ സാധ്യതകൾ തുറന്ന് ഉപയോക്താക്കളെ (യൂസർ) ഇന്റർനെറ്റിന്റെ വലക്കണ്ണികളിലേക്ക് വലിച്ചടുപ്പിക്കുകയാണ്. ആശയവിനിമയ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ നടപ്പിൽ വരുത്തിയത്. ഈ വിവരകൈമാറ്റ വിപ്ലവത്തിന്റെ വിശാലമായ വലയിൽ കുടുങ്ങാത്തവർ പുതിയ തലമുറയിലില്ല. ആശയവിനിമയത്തിന്റെ അപാരസാധ്യതയുമായെത്തിയ സോഷ്യൽമീഡിയ നെറ്റ്വർക്കിംഗ് സൈറ്റുകളിലൂടെ ഇന്ന് സന്ദേശം മാത്രമല്ല കൈമാറുന്നത്. ഫോട്ടോയും വീഡിയോയും ഉൾപ്പെടെ എന്തും പങ്കുവയ്ക്കാമെന്ന നിലയിലേക്ക് അവ വളർന്നിരിക്കുന്നു. പ്രണയവും വിരഹവും വിപ്ലവവും പരിഹാസവും എല്ലാം സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിൽ നിറഞ്ഞൊഴുകുന്നു.

ഇന്റർനെറ്റും അതിന്റെ ഉപോത്പന്നമായ സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് സൈറ്റുകളും സമൂഹത്തിൽ സാംസ്കാരികവും രാഷ്ട്രീയവുമായ ഇടപെടലുകൾ നടത്തിത്തുടങ്ങിയതോടെ പഠനമേഖല എന്ന നിലയിലും സോഷ്യൽമീഡിയ സൈറ്റുകളുടെ പ്രസക്തി വർധിച്ചു. രാജ്യങ്ങളുടേയും

ലോകത്തിന്റേയും ഭാവിനിർണയിക്കാൻ മാത്രം ശക്തമായി മാറിക്കഴിഞ്ഞു ഇന്ന് സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് സൈറ്റുകൾ. ടുണീഷ്യ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലുണ്ടായ ഭരണവിരുദ്ധ വിപ്ലവങ്ങൾക്ക് നടുനായകത്വം വഹിച്ചത് സോഷ്യൽ മീഡിയ സൈറ്റുകളാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടതാണ്. അവയുടെ സ്വാധീനത്തിന് അടിവരയിടുന്നതാണ് ഇത്തരം അറിവുകൾ. വ്യക്തിപരമായ നേരമ്പോക്ക് എന്നനിലയിൽനിന്നും വിപുലമായ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഒരു ഉപാധിയായി സോഷ്യൽ മീഡിയാ സൈറ്റുകൾ മാറുന്നു. അത് ജീവിതത്തിന്റെ ഭാഗധേയം നിർണയിക്കാൻ മാത്രം കരുത്തുറ്റതായി മാറിയിരിക്കുന്നു.

എഡിറ്റിംഗ് ഉൾപ്പെടെയുള്ള പ്രക്രിയ കൊണ്ട് മൂല്യനഷ്ടം ഒട്ടും സംഭവിക്കാത്ത അറിവുകൾ ഉപയോക്താക്കൾക്കു മുമ്പിലെത്തിക്കാൻ ഇത്തരം സൈറ്റുകൾക്കു കഴിയുന്നു. ബഹുസ്വരങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിലെ സൗകര്യം ഏകപക്ഷീയത എന്ന ദോഷത്തിൽ നിന്നും അവയെ ഒഴിവാക്കുന്നു. ഭരണകൂടങ്ങളുടെ ഇടപെടലുകളിൽ നിന്നും ഒരുപരിധി വരെ ഒഴിവായി നിൽക്കുന്നതിനാൽ തുറന്നവിമർശനങ്ങൾക്കുള്ള ഇടങ്ങളായി സൈബർ സ്പെയ്സുകളെ സോഷ്യൽ സൈറ്റുകൾ മാറ്റി മറിച്ചു. ഒരർഥത്തിൽ വിപരീതങ്ങളായ ധർമങ്ങളാണ് സോഷ്യൽ മീഡിയ സൈറ്റുകൾ നിർവഹിക്കുന്നത്. സ്വയം ഒരു ഉത്പന്നം, ആഗോളവത്കരണകാലത്തെ കച്ചവടതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ള ഒരു മാധ്യമം, സ്വതന്ത്രമായ ഒരു മാധ്യമം എന്നിങ്ങനെ ഈ ധർമങ്ങളെ വിഭജിക്കാം.

അമേരിക്കയാണ് ഈ സോഷ്യൽ സൈറ്റുകളുടെ ജൻമദേശം. ലോകത്തിന്റെ മുഴുവൻ മാധ്യമമായി പിന്നീട് ഈ സൈറ്റുകൾ മാറുകയായിരുന്നു. സോഷ്യൽ സൈറ്റുകളിൽ അംഗങ്ങളായവരിൽ 75 ശതമാനം അമേരിക്കയ്ക്കു പുറത്തുനിന്നുള്ളവരാണ്. സ്വാഭാവികമായും ബഹുസ്വരമായ താത്പര്യങ്ങൾ സംരക്ഷിക്കാൻ അമേരിക്കൻ അസ്തിത്വമുള്ള ഈ സോഷ്യൽമീഡിയ സൈറ്റുകൾക്കു കഴിയുമോ എന്ന സംശയം ഉണരുന്നു. ചൈന ഫെയ്സ്ബുക്കും യൂ ട്യൂബും ടിറ്ററും ഉൾപ്പെടെയുള്ളവ നിരോധിച്ചത് ഈ സംശയത്തിന്റെ പേരിലാണ്. മൂന്നാംലോക രാജ്യങ്ങളിൽ സോഷ്യൽ മീഡിയകൾ സജീവമാകുമ്പോൾ അവ അമേരിക്കയുൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിത്ത ഉത്പന്നങ്ങളുടെ പതാകവാഹകരായി മാറുന്നുണ്ട്. ചില കമ്പനികൾ സോഷ്യൽ മീഡിയ നെറ്റ്വർക്കിംഗ് സൈറ്റുകളെ എങ്ങനെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാധ്യമമായി ഉപയോഗിക്കാമെന്നു വിശദമാക്കുന്ന ബുക്ക്ലെറ്റുകൾ ഇറക്കിയിരിക്കുന്നത് ഇതിന് ഉദാഹരണമാണ്.

ആഗോളവത്കരണത്തിന്റെ ഉത്പന്നങ്ങളായ സോഷ്യൽ മീഡിയ കമ്പനികൾ ഓഹരിവിപണികളിൽ ലിസ്റ്റ് ചെയ്തുകഴിഞ്ഞു. ഫെയ്സ്ബു

ക്ക് സ്ഥാപകൻ മാർക്ക് *സുക്കർബർഗ്* ലോകത്തിലെ അതിസമ്പന്നരുടെ പട്ടികയിലാണ്. യൂ ട്യൂബ്, ടിറ്റർ, ഓർക്കുട്ട് മുതലായ മറ്റ് സെറ്റുകളുടേയും അവസ്ഥ ഇതുതന്നെയാണ്. 2008-ലെ ഫോബ്സ് മാസികയുടെ കണക്കനുസരിച്ച് 200 മില്യൺ ഡോളറാണ് യൂ ട്യൂബിന്റെ പ്രതിവർഷ വരുമാനം. സോഷ്യൽ സെറ്റുകളുടെ പഠനത്തിൽ അതുകൊണ്ടുതന്നെവിപണിക്ക് ഒരു സ്ഥാനം ഉണ്ട്.

## യൂ ട്യൂബ് എന്ന മാധ്യമം

വീഡിയോ ഷെയറിംഗ് സൈറ്റ് എന്ന പ്രത്യേകത യൂ ട്യൂബിന് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾക്കിടയിൽ സവിശേഷമായ സ്ഥാനമാണ് നൽകുന്നത്. 2005 ഫെബ്രുവരിയിൽ അമേരിക്കയിലാണ് യൂ ട്യൂബ് രൂപംകൊണ്ടത്. *സ്റ്റീവ് ചെൻ, ചാഡ് ഹർലി, ജാവേദ് കരിം* എന്നിവരായിരുന്നു സ്രഷ്ടാക്കൾ. യൂ ട്യൂബിൽ ആർക്കും വീഡിയോ രംഗങ്ങൾ പോസ്റ്റ് ചെയ്യുന്നതിനും വീഡിയോ ആസ്വദിക്കുന്നതിനും ക്രമീകരിക്കുന്നതിനും കഴിയും.

മൊബൈൽഫോൺ, ഡിജിറ്റൽ ക്യാമറ എന്നിവയുപയോഗിച്ചെടുത്ത പത്തുമിനിറ്റിൽ താഴെയുള്ള വീഡിയോകൾ ആർക്കുവേണമെങ്കിലും യൂ ട്യൂബിൽ ചേർക്കാം. ഇത് നെറ്റിസൺമാർക്കിടയിൽ യൂ ട്യൂബിന് വൻപ്രചാരം നൽകി. 2010-ലെ ഇന്ത്യൻ പ്രീമിയർ ലീഗിലെ 60 മത്സരങ്ങൾ പ്രദർശിപ്പിച്ച് യൂ ട്യൂബ് മറ്റൊരു നാഴികക്കല്ല് പിന്നിട്ടു. 6,000 സിനിമകൾ ഇപ്പോൾ യൂ ട്യൂബിലൂടെ ലഭ്യമാണ്. 2008-ലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികൾ തമ്മിലുള്ള ഡിബേറ്റിന് സി.എൻ.എൻ. യൂ ട്യൂബിന്റെ സഹായം ഉപയോഗപ്പെടുത്തിയിരുന്നു. 2007-ലെ ക്രിസ്തുമസ് പ്രക്ഷേപണത്തിനു ബ്രിട്ടീഷ് രാജ്ഞി തിരഞ്ഞെടുത്തത് യൂ ട്യൂബായിരുന്നു എന്നത് യൂ ട്യൂബിന്റെ ജനപ്രിയതയുടെ മറ്റൊരു തെളിവായി.

2007-ൽ യൂ ട്യൂബിന് 18 രാജ്യങ്ങളിലായി പങ്കാളിത്ത സൈറ്റുകളും മൊബൈൽഫോൺ ഉപയോക്താക്കൾക്കു മാത്രമായി പ്രത്യേക സൈറ്റും ഇന്നു നിലവിലുണ്ട്. ഇത് യൂ ട്യൂബിനെ ഏറ്റവും വലിയ ബഹുജനമാധ്യമമായി മാറ്റിയിരിക്കുന്നു. വിവിധ ദേശീയ, അന്തർദേശീയ പ്രമുഖരായ അൽജസീറ, സി.എൻ.എൻ., കെനിയൻ എം.ടി.വി, ഫ്രാൻസ് 24, തുടങ്ങിയ അസംഖ്യം മാധ്യമസ്ഥാപനങ്ങളും അവരുടേതായ യൂ ട്യൂബ് ചാനലുകളിലൂടെ തങ്ങളുടേതായ പ്രദേശങ്ങളിൽ പ്രേക്ഷകരെ സൃഷ്ടിക്കുന്നുണ്ട്. യൂ ട്യൂബിനെ അനുകരിച്ച് നിരവധി വീഡിയോ ഷെയറിംഗ് കമ്പനികളും നിലവിൽ വന്നിട്ടുണ്ട്. ഐഫിലിം ഡോട്ട് കോം, റെവർഡോട്ട് കോം, ഗ്രൂപ്പർ ഡോട്ട് കോം, ട്യൂഡോ ഡോട്ട് കോം തുടങ്ങിയ സൈറ്റുകൾ ഇതിന് ഉദാഹരണമാണ്. ഇന്ന് 54 ഭാഷകളിൽ യൂ ട്യൂബ് ലഭ്യമാണ്. ഓരോ രാജ്യത്തിനും പ്രത്യേകം പതിപ്പുകളുണ്ടാക്കാനും യൂ ട്യൂബ് ശ്രദ്ധിക്കുന്നുണ്ട്.

നേരത്തെ നിരവധി രാജ്യങ്ങൾ പലഘട്ടങ്ങളിൽ, അമേരിക്ക ഉൾ

പ്പെടെയുള്ള രാജ്യങ്ങൾ യൂ ട്യൂബിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. തായ്‌ലൻഡ്, ചൈന, മൊറോക്കൊ, തുർക്കി, ഇറാൻ, പാക്കിസ്ഥാൻ, ലിബിയ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങൾ യൂ ട്യൂബ് നിരോധിച്ചിരുന്നു. മതനിന്ദ, ഭരണാധികാരികളെ അപകീർത്തിപ്പെടുത്തൽ തുടങ്ങിയവയാണ് യൂ ട്യൂബിന്റെ നിരോധനത്തിനു കാരണമായത്.

സ്വതന്ത്രമാധ്യമം എന്ന നിലയിൽ യൂ ട്യൂബിന് നിരവധി ധർമങ്ങൾ നിർവഹിക്കാൻ കഴിയും എന്നപ്രതീക്ഷ തുടക്കത്തിൽ സജീവമായിരുന്നു. 2011 ൽ ടുണീഷ്യ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ ഭരണവിരുദ്ധ സമരങ്ങൾക്ക് യൂ ട്യൂബ് വ്യാപകമായി ഉപയോഗിക്കപ്പെട്ടു. എന്നാൽ പിന്നീട് ഈ രീതിയിലുള്ള മുന്നേറ്റങ്ങൾക്ക് യൂ ട്യൂബ് ഉൾപ്പെടെയുള്ളവ ഉപയോഗിക്കപ്പെട്ടില്ല. നീതിനിഷേധങ്ങൾ ലോകശ്രദ്ധയിൽ എത്തിക്കാൻ ഉപയോഗിക്കപ്പെടുത്താവുന്നഏറ്റവും കാര്യക്ഷമമായ മാധ്യമമാണ് യൂ ട്യൂബ്. എന്നാൽ അദൃശ്യമായ നിയന്ത്രണങ്ങൾ യൂ ട്യൂബിന്റെ ഈ സ്വതന്ത്ര പദവിക്ക് വിവാദങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എഡിറ്റിംഗ് ഇല്ലാതെ എന്നു പറയുമ്പോഴും കൃത്യമായി എഡിറ്റിംഗിന് വിധേയമാകുന്ന വീഡിയോകളാണു യൂ ട്യൂബിൽ എത്തുന്നതെന്നു കാണാം. മൂന്നാം ലോകരാജ്യങ്ങളിലെ വിവാദ വീഡിയോകൾ യൂ ട്യൂബിൽ എത്തുമ്പോൾ അമേരിക്കയുൾപ്പെടെയുള്ള വികസിത രാജ്യങ്ങളുടെ സാമ്രാജ്യത്വ അജൻഡകൂടിയാണു തെളിയുന്നത്. മുസ്ലിംവിരുദ്ധതയ്ക്ക് യൂട്യൂബിൽ കൂടുതൽ സ്ഥാനം ലഭിക്കുന്നത് ഉദാഹരണം.

യൂ ട്യൂബിലെ വീഡിയോകൾ സംബന്ധിച്ച നിരവധി സംശയങ്ങൾ ചിലപ്പോഴൊക്കെ ഉയരാറുണ്ട്. കൃത്രിമമായി നിർമിക്കപ്പെട്ടവയാണോ ഇവ എന്ന് ഉറപ്പാക്കാൻ കാര്യക്ഷമമായ സംവിധാനമില്ലാത്തതാണ് ഒരു പ്രധാന പോരായ്മ. അപകടകരമായ ചില സാധ്യതകളും യൂ ട്യൂബിന് ഉണ്ട്. സെക്സ്, വയലൻസ്, മതവൈരം വളർത്തുന്നവീഡിയോ ദൃശ്യങ്ങൾ എന്നിവ വിലക്കുകൾ ലംഘിച്ച് യൂ ട്യൂബിൽ പ്രത്യക്ഷപ്പെടുന്നതാണ് ഇതിൽ പ്രധാനം. *ഇന്നസെന്റ്സ് ഓഫ് മുസ്ലിംസ്*എന്നമുസ്ലിം വിരുദ്ധ അമേരിക്കൻ സിനിമ യൂട്യൂബിലൂടെ ലോകമെങ്ങും പ്രചരിച്ചത് ഇതിന് ഉദാഹരണമാണ്. യൂ ട്യൂബിലൂടെ ഈ സിനിമയുടെ ഭാഗങ്ങൾ കണ്ട് അമേരിക്കൻ വിരുദ്ധവികാരം ലോകമെങ്ങും ഉയരുകയും തുടർന്നുണ്ടായ അക്രമസംഭവങ്ങളിൽ നിരവധി ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. മാധ്യമസ്വാതന്ത്ര്യത്തിന്റെ പേരിൽ യൂ ട്യൂബിൽ എന്തും പ്രദർശിപ്പിക്കാമെന്നു വരുന്നത് ലോകസമാധാനത്തിനു ഭീഷണിയാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

കേരളത്തിൽ സിനിമയുടെ പ്രചാരത്തിനായാണ് യൂ ട്യൂബ് വ്യാപകമായി ഉപയോഗിക്കപ്പെട്ടത്. സന്തോഷ് പണ്ഡിറ്റ് എന്നചലച്ചിത്രതാരത്തിന്റെ ഉയർച്ചയും വളർച്ചയും യൂ ട്യൂബ് എന്ന സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റിലൂടെയാണ്. സന്തോഷ് പണ്ഡിറ്റിന്റെ സിനിമകൾ യൂ ട്യൂബിലൂടെ പ്രേ

ക്ഷകരുടെ അടുത്തെത്തുകയായിരുന്നു. യൂ ട്യൂബിലുടെ സിനിമയുടെ മാർക്കറ്റിംഗ് എന്നപുതിയ വിപണനതന്ത്രം സന്തോഷ് പണ്ഡിറ്റ് അങ്ങനെ മലയാളികൾക്കു പരിചയപ്പെടുത്തി. നിലവാരമില്ലാത്ത ചലച്ചിത്രത്തെ കളിയാക്കാനായി പോലും സൈറ്റ് സന്ദർശിച്ച പ്രേക്ഷകർ, സിനിമയുടെ വിജയത്തിന്റെ ഘടകങ്ങളായി. സന്തോഷ് പണ്ഡിറ്റിന്റെ സിനിമയുടെ വിജയത്തിനുശേഷമാണ് തമിഴിൽ ധനുഷിന്റെ 'കൊലവെറി' എന്നഗാനം ഹിറ്റായത്. ലോകമെങ്ങും കോടിക്കണക്കിനാളുകളാണ് കൊലവെറി ഗാനം യൂ ട്യൂബിലൂടെ ആസ്വദിച്ചത്. പുതിയ മലയാള ചലച്ചിത്രങ്ങൾ പ്രചരണത്തിനായി യൂ ട്യൂബ് ഉപയോഗിക്കുന്നത് ഇപ്പോൾ വ്യപകമായിരിക്കുന്നു. ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് എടുത്ത് യൂ ട്യൂബിലൂടെ പുറത്തിറക്കുന്ന ചിത്രങ്ങൾ പുതിയ ചെലവില്ലാ സിനിമാ സംസ്കാരത്തിന്റെ സാക്ഷ്യപത്രങ്ങളാണ്.

കേരളത്തിൽ യൂ ട്യൂബ് ഉപയോഗിക്കുന്ന മറ്റൊരുകൂട്ടർ സദാചാര പോലീസുകാരാണ് എന്നു തെളിയിക്കുന്നതാണ് പുതിയ വാർത്തകൾ. സദാചാരലംഘനം നടത്തുന്നവരെ മർദിക്കുകയും അത് മൊബൈലിൽ പിടിച്ച് യൂ ട്യൂബിൽ ചേർത്ത് പ്രചരിപ്പിക്കുന്നതും കേരളത്തിന്റെ ശീലങ്ങളിലൊന്നായിരിക്കുന്നു. കായംകുളത്ത് മുസ്ലിം യുവതിയെ നോക്കിയ യുവാവിനെ മർദിച്ചത് യൂ ട്യൂബിലൂടെ പ്രചരിപ്പിച്ചത് ഇതിന് ഉദാഹരണമാണ്.

## യൂ ട്യൂബ് എന്നപൊതുഇടം നേരിടുന്ന ഭീഷണികൾ

സംസ്കാരത്തിനു സംഭവിച്ച വാണിജ്യവത്കരണത്തിന്റെ ഭാഗമായി മാധ്യമങ്ങൾ കുത്തകവത്കരണം, അരാഷ്ട്രീയവത്കരണം എന്നിവയ്ക്കൊപ്പം ജനപ്രിയവത്കരണവും സെൻസേഷനലിസവും മുൻനിർത്തി ഉള്ളടക്കത്തിലും ശൈലിയിലും വരുത്തിയ മാറ്റങ്ങൾ, സ്ഥാപനഘടനയിലെ പൊളിച്ചെഴുത്തുകൾ, വാർത്തയുടെ ചരക്കുവത്കരണവും വിനോദവത്കരണവും എന്നിവ പൊതുമണ്ഡലത്തിന്റെ ശിഥിലീകരണത്തിനു വഴിവച്ചതായി ഹേബർമാസ് പറയുന്നു. യൂ ട്യൂബ് ഉൾപ്പെടെയുള്ള സോഷ്യൽ സൈറ്റുകൾ പങ്കുവയ്ക്കുന്ന പൊതുഇടങ്ങളും ഇത്തരം ഭീഷണി നേരിടുന്നുണ്ട്. ഇത്തരം സൈറ്റുകളുടെ വാണിജ്യവത്കരണം തന്നെയാണ് ഇവ നേരിടുന്നഒന്നാമത്തെ ഭീഷണി. പത്രമാധ്യങ്ങൾ, കുത്തകവത്കരണം സംഭവിച്ചു കഴിഞ്ഞപ്പോഴാണ് വാണിജ്യതാത്പര്യങ്ങളിലേക്കു തിരിഞ്ഞതെങ്കിൽ ആഗോള കുത്തക കമ്പനിയിൽനിന്നുള്ള ഉത്പന്നമായ യൂ ട്യൂബും ഇത്തരം താത്പര്യങ്ങളുടെ ഇരയായി മാറിയേക്കാം.

ആദർശാത്മകവും ജനാധിപത്യപരവും യുക്തിസഹവുമായി രൂപംകൊള്ളേണ്ട പൊതുജനാഭിപ്രായങ്ങളുടെ ആസൂത്രണം വിവിധങ്ങളായ സമ്മർദങ്ങളിലൂടെ നിർമിച്ചെടുക്കുന്ന തലത്തിലേക്കു മാധ്യമങ്ങൾ മാറുന്നു എന്ന് 'സമ്മതി നിർമാണം' എന്നഗ്രന്ഥത്തിൽ നോം ചോംസ്കിയും ഹെർമനും പറയുന്നു. ചോംസ്കിയും ഹെർമനും അഭിപ്രായപ്പെടുന്നതു

പോലെ പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ ഉള്ള സൃഷ്ടികൾ യൂ ട്യൂബിൽ സൃഷ്ടിക്കപ്പെടാനുള്ള സാധ്യതയും തള്ളാനാവില്ല. 'ബ്രോഡ്കാസ്റ്റ് യുവർ സെൽഫ്' എന്നാണ് യൂ ട്യൂബിന്റെ പരസ്യവാചകം. ഓരോരുത്തർക്കും സ്വന്തംനിലയിൽ കൂട്ടിച്ചേർക്കാനും എഡിറ്റ് ചെയ്യാനും ഉള്ള സൗകര്യം യൂ ട്യൂബ് ഒരുക്കുന്നു. എന്നാൽ ആഗോളവത്കരണകാലത്തെ മാധ്യമം എന്ന നിലയിലാണ് യൂ ട്യൂബിന്റെ പ്രവർത്തനം എന്നു തെളിയിക്കപ്പെണ്ടു കൊണ്ടിരിക്കുകയാണ് ഓരോ നമിഷവും യൂ ട്യൂബിൽ കൂട്ടിച്ചേർക്കപ്പെടുന്ന വീഡിയോകളിലൂടെ. സാമൂഹിക നവോത്ഥാനത്തിനായി യൂ ട്യൂബ് ഉപയോഗിക്കപ്പെടും എന്നചിന്തയെ തകർത്തുകളയുന്ന താണ്, വിപണിയുമായി ഇടപെട്ടുകൊണ്ടുള്ള യൂ ട്യൂബിന്റെ പ്രവർത്തനം. വിപണി അതിന്റെ വലയങ്ങളിൽ യൂ ട്യൂബിനെ തളച്ചിട്ടിരിക്കുകയാണ്. കൂടാതെ നവസാമ്രാജ്യത്വ താത്പര്യങ്ങളും.

## ഗ്രന്ഥസൂചി

1. ആദർശ്, വി.കെ. 2010, എന്താണു ബ്ലോഗ്? ബ്ലോഗിംഗ് എങ്ങനെ തുടങ്ങാം?. തൃശൂർ: കറന്റ്ബുക്സ്.
2. ആദർശ്, വി.കെ. 2011, വിവര സാങ്കേതികവിദ്യ ജീവിതത്തിൽ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. സുനീത, ടി.വി. (എഡി.) 2009, സൈബർ മലയാളം, തൃശൂർ: കറന്റ്ബുക്സ്.
4. പ്രകാശ്, കെ. എസ്, ഷാനവാസ്, എസ്.എ, (എഡി), മലയാള ഭാഷയും ആഗോളവത്ക്കരണവും, തിരുവനന്തപുരം: കേരള സർവകലാശാല.
5. ഷാജി ജേക്കബ്, 'പൊതുമണ്ഡലം: പ്രത്യയ ശാസ്ത്രവും പാഠഭേദങ്ങളും', ഭാഷാപോഷിണി. 2012, ഒക്ടോബർ.

# 16. ടെലിവിഷന്റെ സ്വാധീനം ഭാഷയിലും സംസ്കാരത്തിലും

ഡോ.വി.എ.ഫിലിപ്പ്

കേരളീയ ജീവിതത്തിൽ ടെലിവിഷൻ താരതമ്യേന പുതിയ പ്രതിഭാസമാണെങ്കിലും അത് സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുകയും വളരെ മുന്നേറുകയും ചെയ്തിരിക്കുന്നു. 1985 ജനുവരി ഒന്നിന് കേരളത്തിൽ ദൂരദർശൻ സംപ്രേഷണം ആരംഭിക്കുമ്പോൾ വലിയ കൗതുകത്തോടു കൂടിയാണ് കേരളീയജനത അതിനെ നോക്കിക്കണ്ടത്. ചുറ്റുവട്ടത്തുള്ളവരെല്ലാം കൂടി ടിവിയുള്ള വീടുകളിൽ ഒന്നിച്ചു കൂടിയിരുന്ന് ദൂരദർശൻ സംപ്രേഷണം ചെയ്തിരുന്ന പരിപാടികൾ കാണുന്നത് രസകരമായ ഒരു കാഴ്ചയായിരുന്നു. മലയാളത്തിൽ സംപ്രേഷണം ചെയ്തിരുന്നത് 15 മിനിറ്റുനേരത്തെ വാർത്ത മാത്രമായിരുന്നു. ബാക്കിയെല്ലാം ദൂരദർശന്റെ നാഷണൽ ചാനലിലെ പരിപാടികൾ തന്നെയായിരുന്നു. മിക്കവാറും ഹിന്ദി പരിപാടികൾ. ഇന്ന് കാര്യങ്ങൾ ഏറെ മാറിയിരിക്കുന്നു. ജനങ്ങൾക്കു ടി.വി.യിലുള്ള കൗതുകത്തിന് വലിയ കുറവു വന്നിട്ടില്ല. വൈദ്യുതി സാർവത്രികമായതോടെ ടെലിവിഷനും സാർവത്രികമായി. തൊണ്ണൂറുകളിൽ സ്വകാര്യ ടെലിവിഷൻ ചാനലുകൾ വന്നതോടെയാണ് ടെലിവിഷൻ പരിപാടികളിൽ വലിയ കുതിച്ചു ചാട്ടത്തിനു വഴിയൊരുങ്ങിയത്. പരിപാടികൾ കൂടുതൽ ആകർഷകമായി. കേബിൾ ടി.വി, ഡിഷ് ടി.വി. എന്നിവ പ്രചാരത്തിൽ വന്നതോടെ ലോകത്തെമ്പാടുമുള്ള എത്ര ചാനലുകളാണ് നമ്മുടെ വിരൽത്തുമ്പിലൂടെ ദൃശ്യപഥത്തിലെത്തുന്നത്. കേരളത്തിൽ തന്നെ പ്രാദേശികമായി പ്രവർത്തിക്കുന്ന ചാനലുകളുൾപ്പെടെ വളരെയധികം ചാനലുകളുണ്ട്.

ടെലിവിഷൻ സാന്ദ്രതയിലുണ്ടായ വർധനവും ചാനലുകളുടെ എണ്ണക്കൂടുതലും അവയുടെ അനായാസ ലഭ്യതയും നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും ഗുണമാണോ ദോഷമാണോ വരുത്തിവെച്ചത് എന്ന

ചോദ്യം വളരെ പ്രസക്തമാണ്. ഇത് നമ്മുടെ ജീവിതത്തെ കൂടുതൽ പരിഷ്കൃതവും ആധുനികവുമാക്കിത്തീർത്തിരിക്കുന്നു എന്നഭിപ്രായപ്പെടുന്നവരുണ്ട്. നേരേ മറിച്ച് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന നമ്മുടെ മൂല്യവ്യവസ്ഥയെ തകരാറിലാക്കി എന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്.

നവീനമായ ഏതു സാങ്കേതിക വിദ്യയോടുമുള്ള ജനങ്ങളുടെ കൗതുകം സ്വാഭാവികമാണ്. വിജ്ഞാനവും വിവരവും പകർന്നു നല്കുന്ന ഒരു ഉത്കൃഷ്ട മാധ്യമമായിട്ടാണ് എല്ലാവരും ടി.വി.യെ കണ്ടത്. മാത്രമല്ല ലോകഗ്രാമം, വിശ്വപൗരൻ തുടങ്ങിയ സങ്കല്പങ്ങൾ സാക്ഷാത്കരിക്കുന്ന മാധ്യമം കൂടിയാണത്. സാക്ഷരരായ ഒരു ന്യൂനപക്ഷത്തിൽ മാത്രം ഒതുങ്ങിനിന്ന വിജ്ഞാന-വിവര വിനിമയം ബഹുഭൂരിപക്ഷത്തിലെത്തിക്കാൻ ടിവിക്ക് സാധിച്ചു. ഇതോടൊപ്പം ആദ്യഘട്ടത്തിൽ പ്രതീക്ഷിക്കാതിരുന്ന ഒരു മാറ്റവും സംഭവിച്ചു. ടെലിവിഷൻ വളരെ വേഗം വിജ്ഞാനോപാധി എന്ന നില പരിമിതപ്പെടുത്തി. വിനോദോപാധികളിൽത്തന്നെ നിലവാരമുള്ളതോ സാംസ്കാരികമൂല്യമുള്ളതോ അല്ല, അലസവിനോദത്തിനു പറ്റിയ വിഭവങ്ങളാണ് ടി.വി. സ്വീകരിച്ചത്. ഇന്നു പ്രദർശിപ്പിക്കപ്പെടുന്നത് ജനങ്ങൾക്ക് ആവശ്യമുള്ളവയല്ല. ഇതിന് ടെലിവിഷനെ മാത്രം കുറ്റംപറഞ്ഞിട്ടു കാര്യമില്ല. ജനങ്ങൾ ഇഷ്ടപ്പെടുന്നത് സാംസ്കാരിക പരിപാടികളെക്കാൾ ഫാഷൻ, വിനോദം, സിനിമ, കോമഡി, കൊച്ചുവർത്തമാനം തുടങ്ങിയവയാണ്. പരമ്പരാഗത മൂല്യങ്ങളിൽ വിശ്വസിക്കുകയും യാഥാർഥ്യബോധത്തിൽ അധിഷ്ഠിതമായ ജീവിതചര്യകൾ പാലിക്കുകയും ചെയ്തുവന്ന മുതിർന്ന തലമുറ ഇവയൊക്കെ കാണുകയും ആസ്വദിക്കുകയും ചെയ്തെങ്കിലും അവരുടെ ജീവിതത്തെയൊ സ്വഭാവത്തെയൊ അത്രമേൽ സ്വാധീനിക്കാൻ ടെലിവിഷനു കഴിഞ്ഞില്ല. എന്നാൽ ടെലിവിഷനിലൂടെ ലോകം കണ്ടു വളർന്ന പുതിയ തലമുറയ്ക്ക് ജീവിതയാഥാർഥ്യങ്ങളെയും ടെലിവിഷൻ യാഥാർഥ്യങ്ങളെയും വേർതിരിച്ചു മനസ്സിലാക്കാൻ കഴിയുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം വാർത്തകളുടെയും സംഭവങ്ങളുടെയും ലൈവ് സംപ്രേഷണവും സീരിയലുകളിലെയും സിനിമകളിലെയും ഭാവനാസൃഷ്ടങ്ങളായ വിനോദപരിപാടികളുടെ സംപ്രേഷണവും തമ്മിൽ വ്യത്യാസമില്ല. ഇക്കൂട്ടർ രണ്ടിനെയും ഏതാണ്ട് ഒരേപോലെ സ്വീകരിക്കുന്നു.വേഷവിധാനം, പെരുമാറ്റം, സ്വഭാവം എന്നിവയെയെല്ലാം സ്വാധീനിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ശൈശവ കൗമാരഘട്ടങ്ങളിൽ അവരുടെ തലച്ചോറിൽ പതിഞ്ഞുപോയ അക്രമത്തിന്റെയും ലൈംഗികതയുടെയും പാഠങ്ങൾ മിക്കവാറും അവിടെ പതിഞ്ഞുകിടക്കുകയും ചെയ്യുന്നു.

## സിനിമയും ടെലിവിഷനും

ഒരാൾ തിയറ്ററിൽ പോയി സിനിമ കാണുന്നതിനു മുമ്പ് ഒരു തിരഞ്ഞെടുപ്പ് നടത്തുണ്ട്. സിനിമ കാണണമോ കാണണമെങ്കിൽ എപ്പോൾ കാണണം, ഏതു സിനിമ കാണണം, ഒറ്റയ്ക്കു പോകണമോ എന്നിങ്ങനെ മനസ്സിൽ കൂടി കടന്നു പോകുന്ന ഇത്തരം ഒട്ടേറെ ചോദ്യങ്ങളുടെയും അവയുടെ ഉത്തരങ്ങളുടെയും അവസാനമാണ് അയാളുടെ തിരഞ്ഞെടുപ്പു നട

ക്കുന്നത്. ടി.വി. കാണുന്നതിന് മുമ്പ് ഇത്തരം ആലോചനകളൊന്നുമില്ല. വീട്ടിലെ അംഗങ്ങളിലൊരാൾ ടി.വി. ഓൺ ചെയ്ത് കണ്ടു തുടങ്ങുന്നു. മറ്റുള്ള വർ പലഘട്ടങ്ങളിലായി ടിവിയുടെ ചുറ്റും കൂടുന്നു. എല്ലാവരും കാഴ്ചക്കാരായി മാറുന്നു. കാഴ്ചക്കാരിൽ കൈക്കുഞ്ഞുങ്ങൾ മുതൽ വയോധികർ വരെയു ണ്ടാകും. മിക്ക സിനിമകളും യുവജനങ്ങളെ അഭിസംബോധന ചെയ്യുന്നവ യാണ്. ഒന്നിച്ചിരുന്നുള്ള ടി.വി. കാഴ്ച എല്ലാവരെയും മാനസികമായി യുവാക്ക ളാക്കി മാറ്റുന്നു. ലൈംഗികസൂചനകൾ കലർന്ന സംഭാഷണങ്ങളും നൃത്ത രംഗങ്ങളും മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും മക്കളും സാകൂതം കാണുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യുന്നു. ഒരു വീട്ടിലെ വിവിധ തലമുറയിൽപെട്ട അംഗങ്ങൾ പരസ്പരം പാലിക്കേണ്ടതായ മര്യാദകളാണ് ഇവിടെ ഇല്ലാതാകുന്നത്. ഈ മര്യാദകൾ നൂറ്റാണ്ടുകളിലൂടെ നമ്മുടെ കുടും ബാന്തരീക്ഷത്തിൽ രൂപപ്പെടുന്നതാണു താനും. മുത്തശ്ശൻ മക്കളുടെ പ്രായ മുള്ള നടിയുടെ മേനി പ്രദർശനവും ആഭാസച്ചുവയുള്ള നൃത്തരംഗങ്ങളും കണ്ടാസ്വദിക്കുന്നു. ശൈശവം കടന്നിട്ടില്ലാത്ത കുട്ടികൾ അമ്മയുടെയോ ചേച്ചിയുടെയോ പ്രായമുള്ള നടിമാരുടെ മേനി പ്രദർശനം ആസ്വദിക്കുന്നു. ഓരോരുത്തരുടെയും മുഖത്ത് മിന്നിമറയുന്നഭാവങ്ങൾ മറ്റുള്ളവർക്കു കാണാം. കുടുംബാന്തരീക്ഷത്തിൽ പകൽ വെളിച്ചത്തിൽ നടക്കുന്ന ഈ ടിവി കാണൽ പ്രായ ഭേദവും പ്രായഭേദത്തിൽ ഉണ്ടെന്നു കരുതപ്പെടുന്ന മൂല്യഭേദവും ഇല്ലാതാക്കുന്നു. ഈ മൂല്യഭേദമാണ് ചെറുപ്പക്കാരെ ഉപദേശിക്കാനോ തിരുത്താനോ ഉള്ള അർഹത പ്രായ മായവർക്കുണ്ടാക്കുന്നത്. ഇവിടെ ആർക്കും ആരെയും തിരുത്താൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നു. അമ്മയും ചേച്ചിയുമൊക്കെ വേഷം മാറുന്നതു കാണാൻ അലമാരയുടെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന, കുളിമുറിയിൽ മൊബൈൽ ക്യാമറ ഉപയോഗിച്ച് ചിത്രം പകർത്തുന്ന കൗമാരക്കാരെക്കുറിച്ചുള്ള വാർത്തകൾ പലപ്പോഴും പുറത്തുവന്നിട്ടുണ്ട്. ഈ സാംസ്കാരിക ദുരന്തത്തിനു പിന്നിൽ ടിവിയിലെ സിനിമാക്കാഴ്ചയുടെ പ്രേരണയുണ്ടോയെന്നു പരിശോധിക്കേ ണ്ടതുണ്ട്. ഇതേ സിനിമ തിയറ്ററിലെ ഇരുട്ടിൽ ഇത്രയ്ക്കു കുഴപ്പമുണ്ടാക്കു ന്നില്ല. അവിടെ ഓരോരുത്തരും ഒറ്റയ്ക്കാണ്. ഒരാളുടെ മുഖത്ത് മിന്നിമറ യുന്ന ഭാവങ്ങൾ അടുത്തിരിക്കുന്ന ആൾ അറിയണമെന്നില്ല. സിനിമ ഓരോ രുത്തരിലും ഉണർത്തുന്ന ഭാവങ്ങൾ അവരിൽത്തന്നെ ഒതുങ്ങി നില്ക്കുന്നു.

## ടെലിവിഷനും വാർത്താചാനലുകളും

സാമൂഹികവും രാഷ്ട്രീയവുമായ കേരള സാംസ്കാരിക ജീവിതത്തെ വളരെയധികം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ഇവിടുത്തെ വാർത്താ ചാനലുകൾ. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആറ് പ്രധാനപ്പെട്ട വാർത്താ ചാനലുകൾ കേരളത്തിലുണ്ട്. ജനങ്ങൾക്കു താത്പര്യമുള്ള ഇത്രയധികം വാർത്തകൾ ഇവിടെയുണ്ടാകുന്നില്ല എന്നുള്ളത് ഏവർക്കും അറിയാം. അതു കൊണ്ട് ഓരോരുത്തരും പുതിയതും ആകർഷകവുമായ വാർത്തകൾക്കു

വേണ്ടി നിരന്തരം മത്സരിച്ചുകൊണ്ടിരിക്കുന്നു. ഒരു വാർത്തയുടെ പ്രാധാന്യം, അത് സമൂഹത്തിൽ ചെലുത്താനിടയുള്ള ആഘാതപ്രത്യാഘാതങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച് കൂടിയാലോചനയോ ചർച്ചയോ ഇല്ലാതെയാണ് പലപ്പോഴും വാർത്തകൾ സംപ്രേഷണം ചെയ്യപ്പെടുന്നത്. ബ്രേക്കിംഗ് ന്യൂസ് എന്ന പേരിൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന ചില വാർത്തകൾ തീരെ അപ്രധാനങ്ങളാകാം. അപ്രധാന വാർത്തകൾക്ക് അമിതപ്രാധാന്യം ലഭിക്കുന്നതിനാൽ ചാനൽ റിപ്പോർട്ടർമാരെ തെറ്റിദ്ധരിപ്പിച്ചോ സ്വാധീനിച്ചോ വാർത്തകൾ സൃഷ്ടിക്കാനും ചിലപ്പോൾ ശ്രമങ്ങൾ നടക്കാറുണ്ട്.

കേരളത്തിലെ രാഷ്ട്രീയപാർട്ടികളും അവയുടെ പോഷക സംഘടനകളും നടത്തുന്ന പല സമരങ്ങളും ഇപ്പോൾ ദൃശ്യപ്രധാനമായി മാറിയിട്ടുണ്ട്. പൊതുമുതൽ അടിച്ചു തകർക്കുക, ലാത്തിയും ഷീൽഡുമായി നില്ക്കുന്ന പോലീസുകാരെ ആക്രമിക്കുക, ബാരിക്കേഡുകൾക്കു മുകളിലേക്ക് ചാടിക്കയറുക, കോലം കത്തിക്കുക, റോഡ് ഉപരോധിക്കുക, സർക്കാർ വാഹനങ്ങൾ കത്തിക്കുക തുടങ്ങിയവയെല്ലാം ചാനലുകൾക്കു ഷൂട്ടുചെയ്യാൻ വിഭവങ്ങളൊരുക്കുന്നവയാണ്. സമരക്കാർക്ക് നിഷേധാത്മക നടപടികളിലൂടെ വാർത്താ പ്രാധാന്യവും ലഭിക്കുന്നു. അലസമായി വാർത്തകൾ കാണുന്ന പ്രേക്ഷകർ, രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഇവർ ഉയർത്തുന്നതാണെന്നു ധരിക്കുന്നു. ഇത്തരത്തിൽ ഇവിടെ ജനാധിപത്യസമരങ്ങളെയും അതിന്റെ സംസ്കാരത്തെയുമെല്ലാം വാർത്താചാനലുകൾ സ്വാധീനിക്കുന്നു.

## ചാനൽ വിചാരണകൾ

24 മണിക്കൂറും സംപ്രേഷണം ചെയ്യാൻ വാർത്തകൾ ലഭിക്കാത്തതുകൊണ്ട് ചാനലുകൾ കണ്ടെത്തിയ മാർഗമാണ് ചാനൽ വിചാരണ. രാത്രി 9 മണിയാണ് മിക്ക ചാനലുകളും ഇതിനായി കണ്ടെത്തിയിരിക്കുന്നത്. അതതു ദിവസത്തെ ഒരു വാർത്ത അടിസ്ഥാനമാക്കി ബന്ധപ്പെട്ടവരെ വിചാരണചെയ്യുന്ന പരിപാടിയാണിത്. മിക്ക വാർത്തകളെയും സംബന്ധിച്ച് ഓരോ ചാനലിന്റെയും വിധിയെന്താണെന്ന് പ്രേക്ഷകർക്ക് മുൻകൂട്ടി അറിയാം. അതതു ചാനലുകളുടെ നയങ്ങൾക്കനുസൃതമായിരിക്കും വിധി പ്രസ്താവം. ചർച്ചയിൽ പങ്കെടുക്കുന്നവരുടെ തിരഞ്ഞെടുപ്പ്, ചോദ്യങ്ങളുടെ തിരഞ്ഞെടുപ്പ്, ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് സമയം അനുവദിക്കുന്നത്, എല്ലാം ചാനലിന്റെ നയമനുസരിച്ചാണ്. തഴക്കം വന്ന രാഷ്ട്രീയക്കാർ ചാനൽ ജഡ്ജിമാരെ തന്ത്രപരമായി കൈകാര്യം ചെയ്യുമെങ്കിലും പുതുമക്കാരെയും അതന്ത്രികളെയും അവർ കുഴയ്ക്കുക തന്നെ ചെയ്യും. രാജ്യത്തെ പ്രമുഖ രാഷ്ട്രീയ നേതാക്കന്മാർ ചാനൽ ജഡ്ജിമാർക്കു മുന്നിലിരുന്ന് വീർപ്പുമുട്ടുന്നതു കണ്ടാൽ സഹതാപം തോന്നും. വാർത്തകളോ അഭിപ്രായങ്ങളോ അറിയാനല്ല; ചോദ്യംചെയ്യാനും ഉത്തരം പറയുന്നതിനിടയിൽ സംഭവിക്കുന്ന നാവുപിഴകൾ വാർത്തയാക്കാനുമാണ് അവർ ശ്രമിക്കുന്നത്.വാസ്തവത്തിൽ ഇതൊരു വാർത്താധിഷ്ഠിത വിനോദപരിപാടിയാണ്. സ്വന്തം നേതാക്കന്മാർ

വിജയികളാവുന്നതും എതിർകക്ഷിയുടെ നേതാക്കന്മാർ പരാജയപ്പെടുന്നതും കാണാൻ എല്ലാവർക്കും കൗതുകമാണ്. ഇക്കാര്യം ഉറപ്പുവരുത്തുന്ന ചാനലുകളാണ് ഓരോരുത്തരും സെലക്ടുചെയ്യുന്നത്.

## ടെലിവിഷനും കായികരംഗവും

കേരളത്തിനു മാത്രമായി ഒരു സ്പോർട്സ് ചാനലില്ലെങ്കിലും ധാരാളം അന്തർദേശീയ സ്പോർട്സ് ചാനലുകൾ ഇന്നു ലഭ്യമാണ്. സ്പോർട്സിനു ഭാഷ ഒരു പ്രശ്നമല്ലാത്തതുകൊണ്ടാവാം അതിനു മാത്രമായി മലയാളത്തിൽ ഒരു ചാനലില്ലാത്തത്. പ്രത്യക്ഷത്തിൽ ഇത് കായികവിനോദത്തിന്റെ പുരോഗതിക്ക് സഹായകമാകുമെന്ന് തോന്നുമെങ്കിലും പരോക്ഷമായി കായികവിനോദത്തിന്റെ കായികസ്വഭാവം നഷ്ടമാക്കുകയും അതിനെ ദൃശ്യവിനോദമാക്കുകയുമാണ് ചെയ്യുന്നത്. ലോകനിലവാരത്തിലുള്ള പ്രൊഫഷണൽ കായികമത്സരങ്ങളാണ് ചാനലുകൾ സംപ്രേഷണം ചെയ്യുന്നത്. ഇതു കണ്ടുപരിചയിച്ചവർക്ക് പ്രാദേശികതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന സാധാരണകളിയിലുള്ള താത്പര്യം നഷ്ടപ്പെടുന്നു. കളി നേരിട്ടുകാണാനോ, കളിക്കാനോ കളി പ്രോത്സാഹിപ്പിക്കാനോ ഒന്നുംതന്നെ താത്പര്യമില്ലാതെ ടിവിയിൽ കളികാണുന്ന ഒരു സംസ്കാരം രൂപപ്പെടുന്നു. മുമ്പ് സ്കൂളുകളിൽ എല്ലാത്തരം കുട്ടികളെയും ഏതെങ്കിലും കായിക വിനോദത്തിൽ ഉൾപ്പെടുത്തുന്ന ഒരു പതിവുണ്ടായിരുന്നു. കുട്ടികളുടെ ആരോഗ്യത്തിനും ഇത് പ്രയോജനപ്രദമായിരുന്നു. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് പ്രവർത്തിക്കുകയുള്ളുഎന്ന സന്ദേശം ബാല്യം മുതൽ കുട്ടികൾക്കു നല്കിവന്നിരുന്നു. ടെലിവിഷനിലെ കളി ഇപ്പോൾ മുതിർന്നവരെയും കുട്ടികളെയും കായിക വിനോദരംഗത്തുനിന്ന് അകറ്റുകയും കാഴ്ചക്കാരാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.

## ടെലിവിഷനും പ്രാദേശിക കലാരൂപങ്ങളും

വിനോദം എന്ന വാക്കിന്റെ ആദ്യത്തെയും അവസാനത്തെയും അർഥം ടെലിവിഷൻ എന്നായിരിക്കുന്നു. രാവിലെ ടി.വി.യുടെ മുന്നിൽ നിന്ന് ജോലിസ്ഥലത്തേക്കു പോകുന്ന ഗൃഹനാഥൻ വൈകുന്നേരം ടി.വി.യുടെ മുന്നിലേക്കു തിരിച്ചുവരുന്നു. ടി.വി. പരിപാടികളെ മുൻനിർത്തി വീടിന്റെ ടൈംടേബിൾ രൂപകല്പന ചെയ്യപ്പെടുന്നു. വീടിനകത്ത് അവശ്യം നടക്കേണ്ടുന്ന ആശയവിനിമയങ്ങൾ പരിമിതപ്പെടുന്നു. അയൽവീടുകളിലേക്കോ ബന്ധുവീടുകളിലേക്കോ ഉള്ള സൗഹൃദസന്ദർശനങ്ങൾ മിക്കവാറും ഇല്ലാതാകുന്നു. ലോകം വലിയ ഒരു ഗ്രാമമാകുമ്പോഴും അയൽപക്കത്തുള്ളവരുമായുള്ള ബന്ധം ഇല്ലാതാവുകയാണ്. ലോകത്തെമ്പാടും സംസ്കൃതവും അസംസ്കൃതവുമായ പ്രാദേശിക കലാരൂപങ്ങൾ നിലവിലുണ്ട്. ടിവിയുടെ അധിനിവേശത്തിനു മുന്നിൽ ഇവയെല്ലാം ഇല്ലാതാവുകയാണ്. പ്രാദേശിക കലാരൂപങ്ങൾ സംഘടിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ആസ്വാ

ദകപക്ഷത്തുനിന്ന് നല്ല ശ്രമങ്ങൾ ആവശ്യമുണ്ട്. പണച്ചെലവാണ് ആദ്യത്തേത്. ഇവയുടെ ആസ്വാദനത്തിനുവേണ്ട ബുദ്ധിപരവും വൈകാരികവുമായ അധ്വാനമാണ് രണ്ടാമത്തേത്. ടി.വി.യുടെ കാര്യത്തിൽ രണ്ടുതരത്തിലുള്ള വ്യയവും കുറവാണ്. ഒരു പ്രാദേശിക കലാരൂപം പരിശീലിച്ച് അവതരിപ്പിച്ച് സജീവമായി നിലനിർത്തുന്നതിനാവശ്യമായ പണച്ചെലവൊന്നും ടി.വി. പ്രോഗ്രാം കാണുന്നതിനില്ല. ആസ്വാദനത്തിനുള്ള അധ്വാനവും താരതമ്യേന കുറവാണ്. സെറ്റിയിലോ ചാരുകസേരയിലോ അലസമായി ഇരുന്നുകൊണ്ട് കാണാൻ കഴിയുന്നവയാണ് ടി.വി. പരിപാടികൾ.

## തകരുന്ന പ്രാദേശികതയും ഉയരുന്ന സാർവദേശീയതയും

ലോകത്തെ ഒരു ഗ്രാമമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ച സാങ്കേതികവിദ്യയാണ് ടെലിവിഷൻ. ജാതി മത വർണ വർഗ വിവേചനങ്ങളില്ലാത്ത വിശ്വപൗരൻ എന്ന സങ്കല്പം മനുഷ്യരാശിയുടെ വലിയ ഒരു സ്വപ്നമാണ്. ഈ സ്വപ്നമാണ് ടെലിവിഷനിലൂടെ സാക്ഷാത്കൃതമാകുന്നത്. പക്ഷേ അവിചാരിതമായ ഒരു തിരിച്ചടി ഇവിടെയും സംഭവിക്കുന്നുണ്ട്. അതതു പ്രദേശങ്ങളിലെ കാലാവസ്ഥക്കും ഭൂമിശാസ്ത്രത്തിനും സാഹചര്യങ്ങൾക്കുമനുസൃതമായി നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന സാംസ്കാരിക ചുറ്റുപാടുകളെ ഈ ഏകധ്രുവലോകം ഇല്ലാതാക്കുന്നു. ഈ മാറ്റം ഒരു അരാജകത്വം സൃഷ്ടിക്കുമോ എന്ന ഭയം അസ്ഥാനത്തല്ല. ഓരോ സമൂഹത്തിലും നിലനില്ക്കുന്ന സദാചാര ധാർമിക നിയമങ്ങളുണ്ട്. അവ ഒരു സംഹിതയായിട്ടാണ് വരുന്നത്. ഈ സംഹിതകളിലോരോന്നിലും പാലിക്കാൻ പ്രയാസമുള്ളവയും അല്ലാത്തവയുമായ വിധിനിഷേധങ്ങളുണ്ട്. വ്യത്യസ്തമായ ഒരു വീക്ഷണത്തിൽ ഇവയിൽ ചിലത് അപരിഷ്കൃതമാണ് എന്നു തോന്നിയേക്കാം. എന്നാൽ ഇവയുടെ പരിഷ്കാരം ആന്തരികമായിത്തന്നെ ഉണ്ടാകേണ്ടതാണ്. എല്ലാ സംസ്കാരത്തിലും ഇത്തരത്തിൽ ആന്തരികമായ ഒരു മെക്കാനിസം ഉണ്ടായിരിക്കുകയും ചെയ്യും. ഇവയെ അപ്രസക്തമാക്കിക്കൊണ്ട് നമുക്കപരിചിതമായ മറ്റു സാംസ്കാരങ്ങൾ ഇവിടെ അധിനിവേശം നടത്തുകയാണ്.

പ്രധാനമായും അമേരിക്കൻ സംസ്കാരം. ഇതിൽ സ്വീകാര്യവും അല്ലാത്തവയുമായ ഘടകങ്ങളുണ്ട്. ഇവ ടിവിയിലൂടെ നമ്മുടെ ഗൃഹാന്തരീക്ഷത്തിലെത്തുന്നു. സ്വാഭാവികമായും പാലിക്കാൻ രസകരമായതും ക്ലേശമില്ലാത്തതുമായവ ജനങ്ങൾ പെട്ടെന്ന് സ്വീകരിക്കുന്നു. അവിടെ അതു സ്വീകാര്യമാണെങ്കിൽ ഇവിടെ എന്തുകൊണ്ടു പാടില്ലഎന്ന യുക്തിസഹജമായ ചോദ്യവുമായി അവർ പരമ്പരാഗത സദാചാരവാദികളുടെ ഉത്തരം മുട്ടിക്കുന്നു. കാലങ്ങളായി നിഷേധിക്കപ്പെട്ടിരുന്ന ആഗ്രഹങ്ങളും അനുഭവങ്ങളും ന്യായീകരിക്കപ്പെടുകയും അനുവദിക്കപ്പെടുകയുമാണ്. മറ്റൊരു സമൂഹത്തിൽ വളരെ സ്വാഭാവികമായും കാലാനുസൃതമായും രൂപംകൊണ്ട വ്യവസ്ഥകളും വ്യവസ്ഥയില്ലായ്മകളും നമ്മുടെ സമൂഹത്തിലേക്കു കടന്നുവരുമ്പോൾ അത് അവിടെ നിലനിന്നിരുന്ന സകല വ്യവസ്ഥകളെയും തച്ചുത

കർക്കുന്നു.

സമകാലിക ലോകവ്യവസ്ഥയുടെ കേന്ദ്രബിന്ദു അമേരിക്കയാണ്. ടെലിവിഷനിലൂടെ കേരളീയ ജനമധ്യത്തിലേക്കു വന്നു പതിക്കുന്നതും അമേരിക്കൻ സംസ്കാരം തന്നെയാണ്. അതിൽ ഭാരതീയ യുവത്വത്തെ ഏറ്റവും അധികം ആകർഷിക്കുന്നത് സ്ത്രീപുരുഷബന്ധത്തിലെ നിയന്ത്രണമില്ലായ്മ തന്നെയാണ്. അവിടെ ലൈംഗികബന്ധത്തിലേർപ്പെടുന്നതിന് സ്ത്രീപുരുഷന്മാർ വിവാഹിതരായിരിക്കണം എന്നു നിർബന്ധമൊന്നുമില്ല. അവർ ഭാര്യാഭർത്താക്കന്മാർ ആയിരിക്കാം. കാമുകീകാമുകന്മാർ ആയിരിക്കാം, സഹജീവികളായിരിക്കാം. ഇനി ഇതൊന്നുമാകണമെന്നും നിർബന്ധമില്ല. പരസ്പരസമ്മതം മാത്രംമതി. കുഞ്ഞുങ്ങൾ ഉണ്ടാകാം ഉണ്ടാകാതിരിക്കാം. ഇതൊന്നും അവരുടെ ബന്ധം നിലനിർത്തുന്നതിനോ ഇല്ലാതാക്കുന്നതിനോ തടസ്സമല്ല.

എന്നാൽ ഭാരതീയർ ഒരു ആദർശം എന്ന നിലയിലെങ്കിലും വിവാഹത്തെ കുറച്ചുകൂടി പവിത്രമായി കാണുന്നവരാണ്. ലോകത്തിന്റെ നിലനില്പിന് മനുഷ്യന് ലഭിച്ചിട്ടുള്ള അപൂർവസിദ്ധികളിലൊന്നായിട്ടാണ് ലൈംഗികതയെ കാണുന്നത്. പൊതുവായ ഈ സിദ്ധാന്തത്തിന് അപവാദമായ വ്യക്തികളും സമൂഹങ്ങളുമുണ്ടാകാം. എങ്കിലും ഈ സംസ്കാരമാണ് അധിനിവേശ സംസ്കാരത്തിന്റെ ആക്രമണത്തിൽ തകർന്നുപോകുന്നത്. ഇത് കപടസദാചാരമാണെന്നും അവനവന്റെ വികാരങ്ങളെയും ഇന്ദ്രിയാഭിലാഷങ്ങളെയും നിയന്ത്രിക്കാതിരിക്കുകയും അവ പൂർത്തിയാക്കുകയുമാണ് സത്യസന്ധത എന്നു ചിലർ കരുതുന്നു. അന്യന്റെ മുതലിനോടുള്ള ആഗ്രഹം മനുഷ്യസഹജമാണെന്നു വാദിച്ചുകൊണ്ട് മോഷണത്തെ നിയമവിധേയമാക്കണമെന്നു പറയുന്നത് എത്രമാത്രം ശരിയാകും.

ഏതു മാനദണ്ഡം വച്ചുനോക്കിയാലും ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദരിദ്രരാണ്. ലൈംഗികസ്വാതന്ത്ര്യം പലവിധത്തിലാണ് ഇന്ത്യയെ ബാധിക്കുന്നത്. സമ്പന്നരുടെ അഴിഞ്ഞാട്ടത്തിനും ലൈംഗിക ചൂഷണത്തിനും ഇതു കാരണമായിത്തീരും. പണത്തിന്റെ പ്രലോഭനത്തിൽപെട്ട് പാവപ്പെട്ടവർ ലൈംഗികത ഒരു ധനാഗമമാർഗമാക്കും. ഇന്ന് നമ്മുടെ ആദിവാസികളുടെ ഇടയിലും മറ്റും സംഭവിക്കുവന്നതുപോലെ. അവിവാഹിതരായ അമ്മമാരുടെ എണ്ണം വർധിക്കും. വേശ്യാവൃത്തിക്കും വ്യഭിചാരത്തിനും ലൈംഗിക സ്വാതന്ത്ര്യത്തിന്റെ മേലാട ലഭിക്കുകയും ചെയ്യും.

## ടെലിവിഷനും ഭാഷയും

അച്ചടിച്ചതെല്ലാം ശരിയെന്നൊരു ധാരണ നിലവിലുണ്ട്. പല തവണ പ്രൂഫ്നോക്കി പുറത്തിറക്കുന്ന ഒരു മാറ്റർ തെറ്റാനുള്ള സാധ്യതയില്ലെന്നുള്ള സങ്കല്പത്തിൽ നിന്നാണ് ഈ ധാരണയുണ്ടാകുന്നത്. വാമൊഴിയെക്കുറിച്ചും ഇത്തരമൊരു സങ്കല്പമുണ്ട്. ഔപചാരികപ്രഭാഷണങ്ങളിൽ പ്രഭാഷകൻ

തെറ്റുവരുത്തുകയില്ല എന്ന ചിന്തയിൽ നിന്നാണതുണ്ടാകുന്നത്. സ്വാഭാവികമായും ഇത്തരം സന്ദർഭങ്ങളിലെ ഭാഷ അനുകരിക്കപ്പെടാനുള്ള സാധ്യതയും കൂടുതലാണ്. ടി.വി. പരിപാടികൾ മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിക്കുന്നവയാണല്ലോ. മാത്രമല്ല ഒരേ സമയം ആയിരക്കണക്കിനു പ്രേക്ഷകർ കാണുന്നുമുണ്ട്. എന്നാൽ ഭാഷാശുദ്ധിയിൽ ഇത്തരം നിഷ്കർഷയൊന്നും പരിപാടികൾ തയ്യാറാക്കുന്നവർ കാണിക്കാറില്ല. മാത്രമല്ല വിവിധ രംഗങ്ങളിൽ പ്രശസ്തരായവർ ഭാഷയിൽ മികവു കാണിക്കണമെന്നുമില്ല. മന്ത്രിമാർ, രാഷ്ട്രീയ നേതാക്കന്മാർ, സിനിമാതാരങ്ങൾ, കായികവിനോദരംഗത്തെ പ്രശസ്തർ തുടങ്ങിയവരുടെ സംഭാഷണങ്ങളിലും അവരുമായുള്ള അഭിമുഖ സംഭാഷണങ്ങളിലുമുണ്ടാകുന്ന തെറ്റുകൾ അറിഞ്ഞും അറിയാതെയും അനുകരിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്.

വർത്തമാനകാലത്തെ ഇത്രയധികം സ്വാധീനിച്ച, സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു മാധ്യമം ടെലിവിഷൻപോലെ വേറെയില്ല. അതുകൊണ്ട് ടെലിവിഷനെ ഒഴിവാക്കണമെന്നു പറയുന്നത് വിഡ്ഢിത്തമാണ്. ഒരു വ്യവസ്ഥാപിത സമൂഹമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ടിവിക്ക് നിയന്ത്രണങ്ങളുണ്ടായേ മതിയാകു. അമിതമായ നിയന്ത്രണം അടിമത്തത്തിലേക്കും പ്രാകൃതത്വത്തിലേക്കും നയിക്കും എന്നതുപോലെതന്നെ അതിരുകളില്ലാത്ത സ്വാതന്ത്ര്യം അരാജകത്വത്തിലേക്കു നയിക്കുമെന്നും നാം ധരിക്കേണ്ടതുണ്ട്. കടുത്ത മത്സരങ്ങളുടെ ഇക്കാലത്ത് ഒന്നല്ലെങ്കിൽ മറ്റൊരു കാരണംകൊണ്ട് സ്വയം നിയന്ത്രണം പ്രായോഗികമല്ലെന്നിരിക്കേ നിയന്ത്രണങ്ങൾ ആവശ്യമാണ്. എവിടെ, എങ്ങനെ, ആര്, എത്രത്തോളം തുടങ്ങിയ വിശദാംശങ്ങൾ വിവിധതലങ്ങളിൽ നടക്കുന്ന ചർച്ചകളിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു.

# 17. ടെലിവിഷൻ: ഒരു വിചാരണ

ഡോ. ജോജി മാടപ്പാട്ട്

ടെലിവിഷൻ ഇന്ന് നീക്കിനിർത്താനാവാത്ത ഒരു മാധ്യമമാണ്. വിഡ്ഢിപ്പെട്ടിയെന്നും ടെലിവിഷമെന്നും പറയുന്നവർക്കും ഇത് നിരാകരിക്കാനാവില്ല. അത്രമാത്രം വ്യക്തിയോടും കുടുബത്തോടും സമൂഹത്തോടും അതു ചേർന്നു കഴിഞ്ഞു. മനുഷ്യന്റെ ആറാമിന്ദ്രിയമായി മനസ്സിനെ ചിത്രീകരിക്കാറുണ്ട്. ഏഴാമിന്ദ്രിയത്തിന്റെ സ്ഥാനം ഇന്ന് ഈ മാധ്യമത്തിനു കല്പിക്കുന്നു. ഇന്നു മനുഷ്യൻ പരിസരത്തെ അറിയുന്ന മുഖ്യ ഉപാധിയാണ് ടെലിവിഷൻ.

ടി.വി. ഇന്നത്തെ ഏറ്റവും എരിവുള്ള മീഡിയയാണ്. ടെലിവിഷനെ ഹോട്ട് എന്നാണ് മാസ്സ് മീഡിയ ആചാര്യൻ *മാർഷൽ മക്‌ലൂഹൻ* വിശേഷിപ്പിച്ചത്. അനേക കലകളുടെ മേളനരംഗമാകയാൽ കൊഴുപ്പുള്ള മാധ്യമവുമാണ്. നിറത്തിന്റെയും സംഗീതത്തിന്റെയും സംഭവങ്ങളുടെയും സ്ഥലങ്ങളുടെയുമെല്ലാം ഒരു അരങ്ങാണിത്. റേഡിയോയും നാടകവും സിനിമയുമെല്ലാം ഇതിൽ ഉൾച്ചേരുന്നു. ഈ ചെറിയ പെട്ടിയിൽ വർണവും ചിത്രവും ശബ്ദവും ചലനവുമെല്ലാം കോലാഹലത്തോടെ പ്രത്യക്ഷപ്പെടുമ്പോഴുള്ള ഉദ്ഗ്രഥിതശോഭ അതുല്യമാണ്.

### വിജ്ഞാനം

മാധ്യമമെന്ന നിലയിൽ ടെലിവിഷന്റെ ഒരു ധർമം വിജ്ഞാനവിനിമയമാണ്. അറിവ് ശക്തിയാണ്, അഗ്നിയാണ് എന്നൊക്കെ പറയാറുണ്ട്. വാർത്ത അറിവാണ് എന്നതു വാസ്തവം. ടെലിവിഷൻ ലോകത്തെവിടെയും നടക്കുന്ന കാര്യങ്ങൾ ഞൊടിയിടകൊണ്ട് നമ്മുടെ വിരൽത്തുമ്പിൽ എത്തിക്കുന്നു. പത്രം കാണുകയും റേഡിയോ കേൾക്കുകയുമാണ്. പത്രം, റേഡിയോ ഇവയിലേതിനെക്കാൾ ടെലിവിഷൻ വാർത്ത ശ്രദ്ധിക്കപ്പെടുന്നു.

റേഡിയോയിലും പത്രത്തിലും റിപ്പോർട്ടിങ്ങാണ്. എന്തിനെയാണോ റിപ്പോർട്ടുചെയ്യുന്നത് അതിനെ കാണിക്കുന്നു ടെലിവിഷൻ. വാർത്താചിത്രങ്ങൾ പ്രദർശിപ്പിക്കുകയാൽ കാഴ്ചയ്ക്ക് വിശ്വാസ്യതയേറുന്നു; അനായാസം ഉൾക്കൊള്ളാനുമാവുന്നു. അച്ചടിമാധ്യമങ്ങൾ അഭ്യസ്തവിദ്യർക്കേ ഇണങ്ങൂ. ടെലിവിഷൻ നിരക്ഷരർക്കും അഭികാമ്യമാണ്. ടി.വി.യിൽ വാർത്താവായനക്കാരെ പ്രേക്ഷകർ കാണുന്നു. മനുഷ്യനെ നേരിട്ടുകാണുക എന്നതിൽ ഹൃദ്യതയുണ്ട്. ഒരുതരം സാമീപ്യ, സമ്പർക്ക, സാലോക്യ അവസ്ഥ.

വിഡ്ഢിപ്പെട്ടിയെന്നു പലരും വിളിക്കുമെങ്കിലും വാർത്തയുടെയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ നിധിപ്പെട്ടിയാണ്. ലോകത്തിന്റെ ഒരു പരിച്ഛേദം മുമ്പിൽ എത്തിക്കാനുള്ള സാധ്യത പരിഗണിക്കുമ്പോൾ വിഡ്ഢിപ്പെട്ടിയെന്ന വിളിയാണ് വിഡ്ഢിത്തം. വിജ്ഞാനസാധ്യതകളുടെ വലിയ വാതിൽ ഈ മാധ്യമം തുറന്നിട്ടിരിക്കുന്നു. സവിശേഷ മേഖലകളെപ്പറ്റിയുള്ള ചാനലുകൾ സ്പെഷ്യലൈസേഷന്റെ ഈ യുഗത്തിൽ ഏറെ സഹായകമാണ്. ജന്തുജീവജാലങ്ങൾ, ബിസിനസ്സ്, സ്പോർട്സ്, സംഗീതം, മതം ഇങ്ങനെ താത്പര്യാനുസൃതം തിരഞ്ഞെടുക്കാനുള്ള സാധ്യത ധാരാളമുണ്ട്.

പത്രവായനയുടെ ശീലങ്ങളിൽനിന്നും ദൃശ്യബോധത്തിന്റെ വഴികളിലേക്ക് ടെലിവിഷൻ മലയാളിയെ നയിച്ചു. മുഴുവൻ സമയ വാർത്താചാനലുകൾ ഇന്ന് ഈ മാധ്യമത്തിനുണ്ട്. കൂടുതൽ വാർത്തകൾ കൂടുതൽ വേഗത്തിലെത്തിക്കാൻ ചാനലുകൾ മത്സരിക്കുന്നു. വാർത്താവിശകലനം, പ്രേക്ഷകന്റെ അഭിമതങ്ങൾ, ജനപക്ഷവിചാരണകൾ ഇവയെല്ലാം ഇന്നു വാർത്തകളുടെ ഭാഗമാണ്. വാർത്താവായനക്കാരന്റെ വേഷം, ഭാഷ, ഉച്ചാരണം, ആംഗ്യം ഇവയെല്ലാം അഭിനയം കൂടിയായി വാർത്തയെ മാറ്റുന്നു. പൗരാവകാശം, പരിസ്ഥിതി, സ്ത്രീസ്വാതന്ത്ര്യം തുടങ്ങിയവ സംരക്ഷിക്കുന്നതിൽ വലിയ സ്ഥാനം ടി.വി. വാർത്തകൾക്കുണ്ട്.

എങ്കിലും എല്ലാത്തരം വാർത്തകൾക്കുമുള്ള പരിമിതി ടെലിവിഷനുമുണ്ട്. വാർത്തകൾ യഥാതഥമല്ല എന്നത് ചാനലുകൾക്കും ബാധകമാണ്. മിക്ക ചാനലുകാർക്കും സ്വന്തമായ കണ്ണടകളുണ്ട്. വാർത്തകളുടെ ഭാഷ്യങ്ങളാണ് പലപ്പോഴും രൂപപ്പെടുത്തുന്നത്. വസ്തുതകളുടെ വ്യാഖ്യാനഭേദങ്ങളായി വാർത്ത മാറുന്നു. 'പ്രൊക്രൈസ്റ്റസിന്റെ കട്ടിലിൽ' എന്നപോലെ വാർത്തകളെ വലിച്ചുനീട്ടുന്നു, വിച്ഛേദിക്കുന്നു. സ്വന്തം നിലപാടുകളെ ശാക്തീകരിക്കാനുതകുന്നവ വാർത്തകളുടെ ഭാഗമായ അഭിമുഖങ്ങളിൽ ചോദിക്കുന്നു. വാക്കിന്റെ വാലിൽ പിടിച്ചുള്ള സൊറ പറച്ചിലും വിതണ്ഡാവാദവുമാണ് ചിലപ്പോൾ. പപ്പരാസികളെപ്പോലെ ഇരയെ വേട്ടയാടുന്ന പ്രവണതയുമുണ്ട്.

### ജനാധിപത്യം

ജനാധിപത്യത്തെ താങ്ങിനിർത്തുന്ന മൂന്നു നെടുംതൂണുകളായി

ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി ഇവയെ പറയാറുണ്ട്. ഇന്നു നാലാമത്തെ സ്തംഭമായി മാധ്യമം മാറുന്നു. അതിൽ പ്രമുഖസ്ഥാനം ടെലിവിഷനുതന്നെ. ജനങ്ങളോടൊപ്പമാണ് അതിന്റെ സ്ഥാനം. സമൂഹത്തിന്റെ കണ്ണുംകാതുമായി ടി.വി. മാറുന്നു. ചില ചാനലുകൾ അധികാരപക്ഷത്തു നില്ക്കുന്നു; ചിലതു മറുതലയ്ക്കലും. ചാനലുകൾ വ്യതിരിക്ത കാഴ്ചപ്പാടുകൾ പുലർത്തുന്നെങ്കിലും ജനത്തിന് സ്വാഭിപ്രായം പ്രകടിപ്പിക്കാനുള്ള വേദിയായി മാറുന്നു. അധികാരം ഏതാനുംപേർ കയ്യാളുമ്പോഴല്ല, അവരെ തിരുത്താൻ ജനം ശക്തി നേടുമ്പോഴാണ് ജനാധിപത്യം വിജയിക്കുകയെന്ന് ഗാന്ധിജി പറഞ്ഞു. ഒരു തിരുത്തൽ ശക്തിയായി മാറാൻ ഈ മാധ്യമത്തിനു കഴിയുന്നു.

ചാനലുകളിലെ ചർച്ചകളും വിമർശനങ്ങളും സർക്കാറിനെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിക്കാം. വിമർശനങ്ങൾ ശ്രദ്ധിക്കപ്പെടാൻ ശക്തവും അതിശയോക്തിപരവും ആവർത്തിക്കപ്പെടുന്നതുമൊക്കെ ആകേണ്ടതുണ്ട്. ഈ സ്വഭാവം ദീക്ഷിച്ചുള്ള വിമർശനങ്ങൾ ടി.വി.യിൽ കാണാം. സർക്കാർ ചാനലുകൾ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് മിഴിവു കിട്ടുമാറ് പ്രക്ഷേപണം നിർവഹിക്കാറുണ്ട്. പാർട്ടി ചാനലുകൾ അവരുടെ പ്രചരണത്തിനു ശ്രമിക്കുന്നു. അമേരിക്കൻ തിരഞ്ഞെടുപ്പിന് സ്ഥാനാർഥികൾ ചാനലുകൾ സമൃദ്ധമായും സമർഥമായും ഉപയോഗിക്കുന്നു. ജനചിന്തയെ മാറ്റിയെടുക്കാൻ അവർക്കു കഴിയുന്നതായും പഠനങ്ങൾ വെളിപ്പെടുത്തുന്നു. ടെലിവിഷനിലെ ഫോൺ-ഇൻ പരിപാടികൾ ജനാധിപത്യച്ഛായയുള്ളവയാണ്. ചർച്ചകൾ, അഭിമുഖങ്ങൾ ഇവയിലെല്ലാം ജനാധിപത്യ പ്രവണത ദർശിക്കാം. രാഷ്ട്രീയനേതാക്കളെ തൊലിയുരിച്ചു പരിഹസിക്കാൻ ആക്ഷേപഹാസ്യ പരിപാടികൾക്കു കഴിയുന്നു.

### കുടുംബമാധ്യമം

ടെലിവിഷൻ ഒരു കുടുംബമാധ്യമമായി ഗണിക്കപ്പെടുന്നു. വീടിന്റെ സ്വകാര്യതയിലിരുന്ന് വ്യക്തിക്കു കാണാൻ കഴിയുന്ന മാധ്യമം. കുടുംബസദസ്സ് മുമ്പിൽ കണ്ടാണ് പല പരിപാടികളുടെയും ആസൂത്രണം. കുടുംബത്തിലെ അഭ്യസ്തവിദ്യനും അല്ലാത്തവനും മാധ്യമം വഴങ്ങുന്നു. കുടുംബാംഗങ്ങളെ മാധ്യമവുമായി താദാത്മ്യപ്പെടുത്താനുള്ള പല തന്ത്രങ്ങളും ടെലിവിഷനിൽ കാണാം. കുടുംബജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് വലിയ ഊന്നലുണ്ട്. ചർച്ചകൾ, അഭിമുഖങ്ങൾ, ജീവിതരംഗങ്ങളുടെ ദൃശ്യങ്ങൾ എന്നിവയിലെല്ലാം ഫാമിലി ടച്ചു കാണാം.

ഇന്ന് ഈ മാധ്യമം കുടുംബത്തിലെ ഒരു അംഗമായിരിക്കുന്നു. ബാഹ്യലോകത്തു നടന്നു കൊണ്ടിരിക്കുന്നത് ടി.വി. വീട്ടിലെത്തിക്കുന്നു. ഇതിലുള്ളതിന്റെ അനുകരണവും അനുരണനവും കുടുംബത്തിലും വെളിയി

ലുമുണ്ട്. വ്യക്തിയുടെ ചിന്തയെയും അഭിപ്രായങ്ങളെയും രുചിഭേദങ്ങളെയും വേഷവിധാനങ്ങളെയുമെല്ലാം മാധ്യമം സ്വാധീനിക്കുന്നു. പല കുടുംബങ്ങ ളിലെയും പ്രാർഥനാസമയം നിശ്ചയിക്കുന്നത് ഈ മാധ്യമമാണ്. ഇഷ്ടപരി പാടിയുടെ സമയത്ത് പ്രാർഥന ഒഴിവാക്കപ്പെടുന്നു. പ്രാർഥന അഭാവപ്പെ ടുന്ന അവസ്ഥയുമുണ്ട്; ടി.വി.യാണ് പലർക്കും ദൈവം. ചിലർ പ്രാർഥനക്ക് ശീഘ്രഗതി വരുത്തുന്നു. ഭക്ഷണവുമെടുത്ത് ടി.വി.യുടെ മുമ്പിലിരുന്നു കഴിക്കുന്നവർ ധാരാളം. ടി.വി. കണ്ടേ ഭക്ഷണം കഴിക്കൂ എന്നു ശഠിക്കുന്ന കുട്ടികളുണ്ട്. കുടുംബത്തിലെ ദിനചര്യാക്രമത്തെ ഈ മാധ്യമം ശിഥിലമാ ക്കുന്നു.

ടെലിവിഷൻ ഏറ്റവുമധികം വിഷമപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് വിദ്യാർഥികളിലാണ്. വിദ്യാർഥി എന്ന വാക്കിനർഥം വിദ്യയ്ക്കുവേണ്ടി അർഥി ക്കുന്നവൻ, യാചിക്കുന്നവൻ എന്നാണല്ലോ. ഇന്ന് വിദ്യാർഥി ടി.വി.യാർത്ഥി യായി മാറുന്നു. ഒഴിവുസമയം എങ്ങനെ ചെലവഴിക്കുന്നോ അതു ജീവിത വിജയത്തെ ബാധിക്കുന്നു. വിദ്യാർഥിയുടെ വീട്ടിലെ സമയത്തിന്റെ വലി യൊരു പങ്ക് ഇന്ന് ടി.വി. അപഹരിക്കുന്നു. പാഠപുസ്തകം പോലും വായി ക്കാൻ സമയം കണ്ടെത്തുന്നില്ല. പിന്നെയല്ലേ അധികവായനയുടെ കാര്യം. ടി.വി.യിലൂടെയുള്ള അറിവിൽ നിന്നു വ്യത്യസ്തമാണ് വായനവഴിയിലുള്ളത്. അക്ഷരം, പദം, വാക്യം, അർഥം, ആശയം ഇവയിലൂടെ കടന്നുപോകുമ്പോൾ ആലോചനയും വായിക്കുന്ന ഭാഗത്തിന്റെ ചിത്രവും മനസ്സിൽ ഉത്ഭവിക്കുന്നു. ടെലിവിഷൻ ഈ ചിത്രങ്ങൾ അപ്പാടെ കാണിച്ചുതരുകയാണ്. ആലോച നയ്ക്കോ ചിന്തയ്ക്കോ അവിടെ വലിയ പ്രസക്തിയില്ല. ചിന്തയും ഓർമയും തമ്മിൽ ഗാഢബന്ധമുണ്ട്. കണ്ടവൻ മറക്കും വായിച്ചവൻ ഓർമിക്കും എന്നു പറയാറുണ്ട്.

ടെലിവിഷൻ കുടുംബാംഗങ്ങളെ മൂകരാക്കുന്നു എന്നത് ഒരു വസ്തു തയാണ്. സംസാരിക്കാനും സ്നേഹം പങ്കുവയ്ക്കാനുമുള്ള സമയം ടി.വി.ക്കു മുമ്പിലാണ്. പണ്ട് കുട്ടികൾക്ക് മുത്തശ്ശനും മുത്തശ്ശിയും പ്രിയങ്കരരായിരുന്നു. അവർ പറയുന്ന കഥകൾ ഇമ്പകരമായിരുന്നു. ഇന്ന് കുട്ടികൾക്ക് ടി.വി. മതിയെന്നതി നാൽ അവരുമായുള്ള ബന്ധത്തിൽ അകലമുണ്ടാകുന്നു. കുടുംബബന്ധ ത്തിൽ മാത്രമല്ല അയൽപക്ക ബന്ധത്തിലും വിള്ളലുണ്ടാകുന്നു. ടി.വി. കണ്ടിരിക്കുന്നവരുടെ അടുത്തേക്ക് സൗഹൃദവുമായി അയൽവാസി എത്തി യാൽ അയാൾ ശത്രുവാകുന്നു.

ടി.വി. പരിപാടികൾ കുട്ടികളിൽ വിപൽരക്ഷാകർത്തൃത്വം സൃഷ്ടിക്കു ന്നുവെന്ന് പഠനം നടത്തിയ ഒരു സർക്കാർ കമ്മിറ്റി അഭിപ്രായപ്പെട്ടു. മുതിർന്ന വരെ ലക്ഷ്യംവച്ചുള്ളവയാണ് ടി.വി.യിലെ സീരിയലും സിനിമയും നൃത്ത വുമെല്ലാം. ഒരു ദിവസം രണ്ടുമണിക്കൂർ ടി.വി. കാണുന്ന കുട്ടി പത്താംക്ലാസ് ആകുമ്പോഴേക്കും 15000 പ്രണയബലാത്സംഗ രംഗങ്ങളും 20000 അക്രമരംഗങ്ങളും കാണാനിടയാകുന്നുവെന്ന് കമ്മിറ്റി കണ്ടെത്തി. ഇന്നത്തെ കുട്ടികൾക്ക് ബാല്യവും

കൗമാരവുമില്ല, യൗവനം മാത്രമേയുള്ളുവെന്ന് ഡോ. സുകുമാർ അഴീക്കോട് പറയുകയുണ്ടായി. ഇന്ന് വിദ്യാർഥിക്ക് പാന്റും കോട്ടും ടൈയും സോക്സും ഷൂസുമുണ്ട്. പക്ഷേ ഉള്ളിൽ കുട്ടിയില്ല എന്ന് കുഞ്ഞുണ്ണിമാഷ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ശൈശവകൗമാരസ്വഭാവങ്ങളെയും അഭിരുചികളെയും ടെലിവിഷൻ അനാശാസ്യമാക്കുന്നു. കൗമാരകുറ്റവാളികളും അക്രമികളും ഇന്നു വർധിച്ചു വരുന്നതിനു പിന്നിൽ ടി.വി. സ്വാധീനമുണ്ടെന്നു വ്യക്തം.

ആത്മഹത്യയ്ക്കും കൊലപാതകത്തിനും വഴിമരുന്നായി പല ടി.വി. പരിപാടികളും മാറുന്നു. വീട്ടിൽ ടി.വി. കാണിക്കാൻ അനുവദിക്കാഞ്ഞതിന് ആത്മഹത്യചെയ്ത കുട്ടികളുണ്ട്. പരീക്ഷാഫലം സൃഷ്ടിച്ച അപമാനത്തിൽ നിന്നു രക്ഷപ്പെടാൻ ആത്മഹത്യ വരിച്ച ഒത്തിരി വിദ്യാർഥികളുടെ ചരിത്രം നമുക്കറിയാം. ജീവിതപ്രശ്നങ്ങൾക്ക് സിനിമയും സീരിയലും പകരുന്ന പ്രതിവിധി പലപ്പോഴും ആത്മഹത്യയാണല്ലോ. എസ്.എസ്.എൽ.സിക്ക് റാങ്കും ജയവും ഒഴിവാക്കാൻ പ്രേരണയായത് കുട്ടികളുടെ ആത്മഹത്യാ പ്രവണതക്ക് വിരാമമാകും എന്നതു കൂടിയായിരുന്നു. സമീപകാലത്ത് ഒരു സ്കൂളിലെ പതിനഞ്ചുകാരൻ സഹപാഠിയെ കൊലചെയ്ത സംഭവം അന്വേഷിച്ചപ്പോൾ പ്രതിക്ക് പ്രേരണയായത് സിനിമയാണെന്നു തെളിഞ്ഞു. മനുഷ്യമനസ്സിനെ ക്രൂരവത്കരിക്കുന്നതിന് ഇന്നീ മാധ്യമം വഴിതുറക്കുന്നു. മുംബൈയിൽ 195 പേർ കൊല്ലപ്പെട്ടതിന് കാരണമായ ഭീകരാക്രമണം നീണ്ട 60 മണിക്കൂർ ടി.വി.ചാനൽ തത്സമയം സംപ്രേഷണം ചെയ്തു. മനുഷ്യനെ നടുക്കുകയും പരുഷഭാവങ്ങൾ ഉണർത്തുകയും ചെയ്ത രംഗങ്ങളായിരുന്നു അവ. സദ്ദാംഹുസൈനു കൊലക്കയറിടുന്നതും ടി.പി.ചന്ദ്രശേഖരനെ കൊന്നിട്ടിരിക്കുന്നതും ആത്മഹത്യ ചെയ്തവരുടെ ദേഹങ്ങളുമൊക്കെ പ്രേക്ഷകന്റെ മനസ്സിനെ മുറിപ്പെടുത്തുകയും മരവിപ്പിക്കുകയുമല്ലേ ചെയ്യുക?

'ഇതാ യുവതിയുടെ അഴുകിയ ശവം കാണുക', 'ഇതാ ചോര ഇറ്റു വീഴുന്ന മൃതദേഹം കാണുക', 'ക്വട്ടേഷൻ ഗുണ്ടകളുടെ ജീവചരിത്രം കാണുക' ഇങ്ങനെയാണ് ടി.വി.യിലെ ചില പരിപാടികളുടെ പരസ്യം തന്നെ. മിക്ക ചാനലുകളും കുറ്റകൃത്യപ്രദർശനങ്ങൾ അനുദിന പരിപാടിയാക്കിയിരിക്കുന്നു. പലയിടങ്ങളിലെ ചീഞ്ഞളിഞ്ഞ മൃതദേഹങ്ങളുടെ ദൃശ്യങ്ങൾ കുന്നുകൂട്ടി കാഴ്ചക്കാരെ നടക്കുന്ന ഭീകരപരിപാടികളിൽ ചാനലുകാർ അഭിമാനം കൊള്ളുന്നു. ഒരോ കൊലപാതകത്തെയും ആഘോഷമാക്കുകയാണവർ. ക്വട്ടേഷൻ ഗുണ്ടകളുടേയും പെരുംകള്ളന്മാരുടേയും ജീവചരിത്രചിത്രീകരണം കലാഭാസവും സാമൂഹികദ്രോഹവുമാണെന്ന് ഇവർ തിരിച്ചറിയുന്നില്ല.

## സാമൂഹികം

ബാഹ്യലോകത്തെ വ്യക്തിയുടെ ഇടപെടലുകളെ ടി.വി. പരിമിതപ്പെടുത്തുന്നു. പൗരനെ വെളിയിൽ നിന്നും ഇരുപ്പുമുറിയിലേക്ക് ഒതുക്കുന്നു ഈ

മാധ്യമം. സമൂഹത്തിൽ ഒത്തുചേരാനുള്ള സന്നദ്ധതയാണ് സാമൂഹിക പ്രസ്ഥാനങ്ങൾക്ക് ആസ്പദം. ടി.വി.ക്കു മുമ്പിൽ അന്ധാളിച്ചിരിക്കുന്നവന് പൗരസമൂഹത്തോടുള്ള ബന്ധവും ഉത്തരവാദിത്തവും കുറയുന്നു. വ്യക്തിയെ സ്വകാര്യതയിലേക്ക് പിന്തിരിപ്പിക്കുക വഴി സാമൂഹികപ്രസ്ഥാനങ്ങൾക്ക് വിലങ്ങുതടിയായി മാധ്യമം മാറുന്നു. വ്യക്തിയുടെ ആന്തരികജീവിതത്തെയെന്നപോലെ സാമൂഹികജീവിതത്തെയും ടി.വി. നിർഗുണമാക്കുന്നു.

ചാനലുകളിലെ അവതാരകരുടെ വേഷവിധാനങ്ങൾ പുതുതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇറുകിപ്പിടിച്ച ജീൻസും ടീഷർട്ടും ആൺപെൺ ഭേദമെന്യേ ആവേശത്തോടെ എതിരേൽക്കുന്നു. അവതാരകരുടെ ആടയാഭരണങ്ങൾ അനുകരിക്കൽ പുതുതലമുറയ്ക്ക് ലഹരിയായി മാറുന്നു. അവതാരകരാകട്ടെ ഗ്ലാമർവേഷത്തിന് മത്സരിക്കുന്നു. വേഷവിധാനത്തിന്റെ പരമ്പരാഗത ഗ്രാമറൊക്കെ ഗ്ലാമറാകാനുള്ള ശ്രമത്തിൽ തെറ്റിക്കുന്നു. ഭാഷണ ഗ്രാമറും തെറ്റിക്കുന്നു. അങ്ങനെ തെറ്റിക്കുന്നതിലാണ് ഭാഷയുടെ ഗ്ലാമർ എന്ന് ജനവും വിശ്വസിച്ചുപോകുന്നു. കുഴഞ്ഞാടിയും കൊഞ്ചിയും കുറുക്കിയും നീട്ടിയും ഇവർ ഭാഷയെ വന്ധ്യമാക്കുന്നു. ഭാഷയുടെ രഞ്ജിപ്പുകൾ തകർക്കുന്നതിന്റെ പേരിൽ മലയാളത്തിന്റെ എഴുത്തമ്മയെന്നും മറ്റും ചിലർ പേരും നേടുന്നു. വളർന്നു വരുന്ന തലമുറ ഇത്തരം ഭാഷ കേട്ടു പഠിക്കേണ്ട ദുരവസ്ഥ. ഭാഷ ഒരു പഠിതവൃത്തിയെങ്കിൽ ഇത്തരം ഭാഷാശ്രവണം ഉളവാക്കുന്ന സ്വാധീനം ഗുണകരമാവില്ലെന്നു വ്യക്തം.

ഉപഭോഗസംസ്കാരവും ആർത്തിയും ജനസ്വഭാവമാക്കുന്നു ഇന്നീ മാധ്യമം. മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾ, ആഘോഷങ്ങൾ ഇവയെല്ലാം നിയന്ത്രിക്കുന്നത് ടി.വി.യായി മാറുന്നു. വിദേശചാനലുകളുടെ വരവ് പരമ്പരാഗതമൂല്യങ്ങളിൽ അധഃപതനവും വിള്ളലും സൃഷ്ടിക്കുന്നു. സിനിമ, ഫാഷൻ പരേഡ്, പോപ്പ് മ്യൂസിക്, റിയാലിറ്റി ഷോ, ക്രിക്കറ്റ് ഇവ അമിത പ്രാധാന്യം നേടുകയും ഇന്ത്യയിലെ പട്ടിണിപ്പാവങ്ങൾ പാടേ അവഗണിക്കപ്പെടുകയും ചെയ്യുന്നു.

സമൂഹത്തിലെ അപച്യുതികളും ചതിക്കുഴികളും അവതരിപ്പിക്കുന്ന മാധ്യമം അത്തരം വഴികൾ സ്വീകരിക്കാൻ ചിലർക്കെങ്കിലും മാർഗരേഖയാകുന്നു. മാധ്യമങ്ങളുടെ റോൾ ക്രൂസേഡാണെന്ന് പുലിറ്റ്സർ പറഞ്ഞത് അതിനാലാണ്. ആത്മഹത്യാ റിപ്പോർട്ടിങ്ങിൽ വലിയ അപകടം പതിയിരിക്കുന്നതായി പഠനങ്ങളുണ്ട്. ആത്മഹത്യയ്ക്കു നല്കുന്ന വാർത്താപ്രാധാന്യവും അംഗീകാരവും അനുകരണ ആത്മഹത്യയ്ക്ക് നിദാനമാകാമത്രേ. ടെലിവിഷനിൽ കാണിക്കുന്ന ആത്മഹത്യാ സംഭവങ്ങൾ ലോലമനസ്കർക്ക് പ്രേരണയായേക്കാം. ആത്മഹത്യയെ സാധാരണ സംഭവമായും ജീവിതപ്രശ്നങ്ങൾക്ക് പ്രതിവിധിയായും കാണാനിടയായേക്കാം. കൃഷിക്ക് എടുത്ത വായ്പ കുടിച്ചു നശിപ്പിച്ചിട്ട് ആത്മഹത്യ ചെയ്താലും കടക്കെണിയിലായവന്റെ ആത്മഹത്യയാകും മാധ്യമങ്ങൾക്ക്. ടെലിവിഷന് സെൻസിബിലിറ്റിയില്ല എന്ന് പലപ്പോഴും ചിന്തിക്കേണ്ടിവരുന്നു. ആത്മഹത്യ ചെയ്തവരുടെയും അപകടത്തിൽ ചതഞ്ഞവരുടെയും

ദൃശ്യങ്ങളും വർഗീയ കലാപരംഗങ്ങളും നമ്മെ ഡീ-സെൻസിറ്റൈസ് ചെയ്യുന്നു.

## പരസ്യവിപണി

ടെലിവിഷനുമായി വിപണി പുലർത്തുന്ന അവിഹിതബന്ധം ഏറെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഈ ബന്ധത്തെ ട്രോജൻകുതിരയുമായി തുലനം ചെയ്യാം. യവന നഗരത്തിന്റെ കോട്ടവാതിലുകൾ തകർത്ത് അകത്തുകയറുക അസാധ്യമായപ്പോൾ ശത്രുസൈന്യം ഒരു മരക്കുതിരയെ തന്ത്രപൂർവ്വം ഉപേക്ഷിച്ച് പിൻവാങ്ങി. ഭംഗിയുണ്ടായിരുന്ന മരക്കുതിരയെ നഗരവാസികൾ കോട്ടയ്ക്കകത്തു കൊണ്ടുവന്നു. രാത്രി മരക്കുതിരയിൽ ഒളിച്ചിരുന്ന ശത്രുസൈനികൻ പുറത്തിറങ്ങി കോട്ടവാതിൽ തുറന്നു. ഉറക്കത്തിലായിരുന്ന നഗരവാസികളെയെല്ലാം ശത്രുസൈന്യം കീഴടക്കി. ട്രോജൻ യുദ്ധത്തിൽ ഇപ്രകാരം ശത്രുസൈന്യം വിജയം നേടി. ആഗോളീകരണത്തിന്റെ പ്രണേതാക്കൾ ടെലിവിഷനെ ട്രോജൻകുതിരയാക്കുന്നു. വിപണിയുടെ പടയാളിയെയാണ് ഉള്ളിൽ നിറച്ചിരിക്കുന്നത് എന്നുമാത്രം. സാംസ്കാരിക കടന്നാക്രമണത്തിനു വഴിതെളിക്കുന്ന അഭിനിവേശം വളർത്തുന്നതിൽ മാധ്യമം ജയിക്കുന്നു. ആഗോളവത്കരണത്തിന്റെ ഉത്പന്നമായ വിപണി വ്യവസ്ഥയെ ശാക്തീകരിക്കുന്ന പരസ്യങ്ങളിലൂടെ ചാനലുകൾ സാമ്പത്തിക സുസ്ഥിതിയും നേടുന്നു.

അതിശയോക്തിയുടെയും നിറം പിടിപ്പിക്കലിന്റെയും ഭാവനാ വിലാസത്തിന്റെയും പര്യായമായ പരസ്യങ്ങൾ ഇന്നു ചാനലുകളുടെ പ്രാണവായുവാണ്. പരസ്യങ്ങളുടെ അതിപ്രസരം മൂലം വ്യക്തി, ആസ്വാദകൻ, പ്രേക്ഷകൻ എന്നീ നില വിട്ട് വെറും ഉപഭോക്താവായി മാറുന്നു. വ്യക്തിയുടെ സ്വേച്ഛകൾ നഷ്ടമാകുംവിധം വിപണി അവനെ വേട്ടയാടുന്നു. സോപ്പു ചീപ്പു കണ്ണാടി തുടങ്ങി എല്ലാം ലേലം വിളിക്കുന്ന പ്രദർശനരംഗമാകുന്നു മാധ്യമം.

ഇന്നു പ്രക്ഷേപണത്തെ രൂപപ്പെടുത്തുന്ന മുഖ്യഘടകം വിപണി താത്പര്യമാണ്. പ്രേക്ഷകർ കൂടുതലുള്ള പരിപാടികൾക്കാണ് പരസ്യദാതാക്കളുള്ളത്. തന്മൂലം കാഴ്ചക്കാർക്ക് ഇമ്പമേകുന്ന പരിപാടികൾ പടച്ചുണ്ടാക്കാൻ ചാനലുകൾ തത്രപ്പെടുന്നു. കലാമൂല്യമല്ല, കച്ചവട മൂല്യമാണ് പ്രഥമഗണനീയമെന്നു വരുന്നു. പരസ്യം വഴി പണം നേടാനുള്ള വെമ്പൽ ചാനലുകാർക്കും ചരക്കുല്പാദകർക്കും വർധിച്ചുവരുന്നു. സുപ്രീംകോടതി ജഡ്ജി മാർക്കണ്ഡേയ കട്ജു എഴുതി: "ഇന്ന് മാധ്യമങ്ങളുടെ യജമാനന്മാരായി വിപണി മാറുന്നു".

അനന്തമായി നീളുന്ന സീരിയലുകൾ ഇന്ന് ചാനലുകളുടെ ജീവനാണ്. സോപ്പു കമ്പനികൾ ഇത്തരം പരമ്പരകൾക്ക് ആദ്യം പരസ്യം കൊടുത്തിരുന്നതിനാൽ 'സോപ്പ് ഓപ്പറകൾ' എന്നറിയപ്പെട്ടു. അഭിനേതാക്കളുടെ പ്രായം മാറുന്നതനുസരിച്ചുമാത്രം കഥാപാത്രങ്ങളുടെ പ്രായവും മാറുന്ന കഥാഗതി ഇവയിൽ കാണുന്നു. ചിലതിന്റെ പോക്കുകണ്ടാൽ ലോകാവസാനത്തിലും തീരില്ല എന്നു തോന്നും. കഥയും ഉപകഥയും എല്ലാമായി തുടരുന്ന ഇവയിൽ വലിച്ചുനീട്ടാൻ പറ്റിയ ധാരാളം ഘടകങ്ങളുണ്ടാവും.

മലയാളിയുടെ സന്ധ്യകളെ ഇന്നു ഭരിക്കുന്നത് ഇത്തരം പരമ്പരയാണെന്നു വന്നിരിക്കുന്നു.

അതിരുവിട്ട സാമ്പത്തികമോഹങ്ങൾ ചാനലുകളിലെ മത്സര പരിപാടികൾ പ്രേക്ഷകരിൽ സൃഷ്ടിക്കുന്നു. പരിപാടിയുടെ പരസ്യവരുമാനം ലക്ഷങ്ങളും കോടികളും സമ്മാനമായി നല്കാൻ ചാനലുകാർക്ക് വഴിയാകുന്നു. വിപണിയെയും പ്രേക്ഷകരെയും കൂട്ടിയിണക്കുന്ന കണ്ണിയായി റിയാലിറ്റി ഷോകൾ മാറുന്നു. അവ ഉപഭോഗ പ്രവണതകളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. റിയാലിറ്റി ഷോയെ വ്യത്യസ്തതകളിലൂടെ വിനിമയം ചെയ്യുന്നതിൽ ചാനലുകൾ വിജയിച്ചിരിക്കുന്നു. നാടകീയതയും മസാലയും യോജിപ്പിച്ച് രംഗം കൊഴുപ്പിക്കുകയാണ്. പരസ്യങ്ങളുടെ വിപണിയായും വിപണിയുടെ പരസ്യമായും ടെലിവിഷൻ ഇന്നു മാറുന്നു.

ടി.വി.യുടെ ഇത്തരം മുഖങ്ങൾ തിരിച്ചറിഞ്ഞാവണം 1950കളിൽ ബി. ബി.സി.യിലെ ഒരു ടെലിവിഷൻ പ്രവർത്തകൻ നൂറ്റാണ്ടിന്റെ കറുപ്പെന്ന് ഇതിനെ വിശേഷിപ്പിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ മാത്രമല്ല, ഈ നൂറ്റാണ്ടിന്റെ കറുപ്പായും അതു നിലനില്ക്കുന്നു. മയക്കുമരുന്നുപോലെ മായികമായൊരു ലോകത്തേക്ക് പലപ്പോഴും ഈ മാധ്യമം പ്രേക്ഷകരെ കൊണ്ടുപോകുന്നു. മയക്കുമരുന്നടിക്കുന്നവർക്കുണ്ടാകുന്ന അത്ര മാനസികസംഘർഷങ്ങൾ അമിത ടി.വി. കാഴ്ചക്കാർക്കും ഉണ്ടാകുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ടി.വി. അഡിക്ഷൻ എന്ന സംജ്ഞയാണ് ഗവേഷകർ ഉപയോഗിക്കുന്നതുതന്നെ.

# 18. വിക്കിപീഡിയ : ചരിത്രവും പ്രസക്തിയും

## അഥീൻ ഉഴുവത്ത്

നവമാധ്യമങ്ങളിൽ പ്രഥമസ്ഥാനം ഇന്റർനെറ്റിനാണ്. ആഗോളവത്കരണത്തിന്റെ ഭാഗമായി ഭൂഗോളം ഒരു ആഗോളഗ്രാമ (Global Village) മായി മാറിയെങ്കിൽ ആ ഗ്രാമത്തിലെ ചന്തയും പോസ്റ്റാഫീസും പോലീസ് സ്റ്റേഷനുമെല്ലാം ഇന്റർനെറ്റാണ്. ഒരു മാധ്യമമെന്ന നിലയിൽ വിവര, വിനോദ, വിനിമയ, വിപണനസാധ്യതകൾ ഫലപ്രദമായി നിറവേറ്റുന്നതിനോടൊപ്പം അത് സാംസ്കാരികമായി, നാളിതുവരെയുള്ള യാതൊരു അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമത്തിനും അവകാശപ്പെടാനാവാത്ത സ്വാധീനവും പ്രഭാവവും മനുഷ്യജീവിതത്തിൽ സൃഷ്ടിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ ഭൂമിയും അതിന്റെ സ്ഥലകാലത്തിലധിഷ്ഠിതമായ ഭൗതികയാഥാർഥ്യങ്ങളും എന്നെന്നേക്കുമായി ഉപേക്ഷിച്ച് മനുഷ്യൻ തന്റെ സൈബർ സ്പേസിലേക്ക് കുടിയേറിക്കഴിഞ്ഞു. ചിലർ മരിച്ചു കഴിഞ്ഞാലും അവരുടെ പ്രൊഫൈലുകൾ സജീവമായി നിലനിൽക്കുന്നത് കാണാറില്ലേ? ഈ സൈബർ സ്പേസ് നിർമിക്കുന്ന പ്രതീതിയാഥാർഥ്യങ്ങളും സ്വത്വബോധങ്ങളും പുതിയ ഭാവുകത്വവും ഒക്കെകാരണം ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിനകത്ത് അകപ്പെട്ടു പോയതു പോലെയാണ് ആധുനികാനന്തര മനുഷ്യന്റെ അവസ്ഥ എന്നുപറഞ്ഞാൽ അതൊരു അതിശയോക്തിയാവില്ല.

ഇന്റർനെറ്റിലിന്ന് ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന വെബ്സൈറ്റുകളിലൊന്നാണ് വിക്കിപീഡിയ. പേര് സൂചിപ്പിക്കുന്നതുപോലെ അതൊരു എൻസൈക്ലോപീഡിയ-സർവവിജ്ഞാനകോശം- ആണ്. അനേകം എഴുത്തുകാരുടേയും വായനക്കാരുടെയും സഹകരണത്തോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സ്വതന്ത്രവും സൗജന്യവുമായ ഓൺലൈൻ വിജ്ഞാനകോശമാണ് വിക്കിപീഡിയ. വിക്കി സോഫ്ട്വെയർ ഉപയോഗിക്കുന്നു എന്നതാണ് വിക്കിപീഡിയയും വിക്കിയും തമ്മിലുള്ള ബന്ധം. 'വിക്കി' എന്നത് കൂട്ടായ്മയിലൂടെ രചന നിർവഹിക്കുവാൻ സഹായിക്കുന്ന ഒരു സോഫ്ട്വെയർ മാത്രമാണ്. സാധാരണഗതിയിൽ

ഇന്റർനെറ്റിലെ ഏതെങ്കിലുമൊരു താളിൽ എന്തെങ്കിലും എഴുതിച്ചേർക്കണമെങ്കിൽ മികച്ച സാങ്കേതികപരിജ്ഞാനവും മറ്റാരുടെയെങ്കിലും സമ്മതവും വേണം. അത്തരം നിയന്ത്രണങ്ങളൊന്നുമില്ലാതെ ആർക്കും വിവരങ്ങൾ കൂട്ടിച്ചേർക്കാനും നീക്കംചെയ്യാനും മാറ്റം വരുത്താനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും നൽകുന്ന ഒരു സോഫ്ട്വെയർ സംവിധാനമാണ് വിക്കി. വളരെ എളുപ്പത്തിൽ വിവരങ്ങൾ ചേർക്കാം എന്നതിനാൽ കൂട്ടായ്മയിലൂടെ രചനകൾ നടത്താനുള്ള മികച്ച ഉപാധിയാണ് വിക്കി സോഫ്ട് വെയർ. യഥാർഥത്തിൽ വിക്കി സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന അസംഖ്യം വെബ്സൈറ്റുകളിൽ ഒന്നു മാത്രമാണ് വിക്കിപീഡിയ. ഇന്ന് നിലവിലുള്ള വിക്കികളിൽ പ്രചാരത്തിലും ഉള്ളടക്കത്തിന്റെ മികവു കൊണ്ടും ഏറ്റവും മുന്നിട്ട് നിൽക്കുന്നത് വിക്കിപീഡിയ എന്ന സർവവിജ്ഞാനകോശം ആണ്. അനേകം എഴുത്തുകാരുടെ അറിവും പ്രയത്നവും വിക്കിപീഡിയയിലെ ഓരോ ലേഖനത്തിനു പിന്നിലുമുണ്ട്. നിരവധി ഉപയോക്താക്കൾ തുടർച്ചയായി വിക്കിപീഡിയ തിരുത്തുന്നുമുണ്ട്.

ആർക്കും എഴുതാവുന്ന സ്വതന്ത്ര വിജ്ഞാനകോശം എന്ന ആശയം പ്രാവർത്തികമാക്കാനുള്ള ആദ്യ ശ്രമം *റിക്ക് ഗേറ്റ്സിന്റെ* ഇന്റർപീഡിയആയിരുന്നു. എങ്കിലും അത് പ്ലാനിങ് ഘട്ടം കഴിഞ്ഞ് അധികം മുന്നോട്ടുപോയില്ല. അതാതുവിഷയങ്ങളിൽ നൈപുണ്യമുള്ളവരുടെ ലേഖനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നുപിഡീയ( Nupedia) ആയിരുന്നു വേറൊരു പ്രധാന സംരംഭം. *ജിമ്മി വെയിൽസും* സഹായി *ലാരി സാങ്ങറും* ആയിരുന്നു അതിന്റെ ശിൽപികൾ. ലേഖനങ്ങളുടെ ഗുണമേന്മയ്ക്ക് കൊടുത്തിരുന്ന അമിതപ്രാധാന്യം മൂലം അതിന്റെ വളർച്ച വളരെ പതുക്കെയായിരുന്നു. അതുകൊണ്ട് നുപീഡിയയെ സഹായിക്കാനായി ആർക്കും എഡിറ്റ് ചെയ്യാവുന്ന വിക്കിപീഡിയ എന്ന സംരംഭം ജിമ്മി വെയിൽസും ലാരി സാങ്ങറും ചേർന്ന് ആരംഭിച്ചു. അതിശയമെന്നു പറയട്ടെ, ജനകീയ പങ്കാളിത്തത്തിലൂടെ ഇതര വെബ്സൈറ്റുകളെ കടത്തിവെട്ടിയ വിക്കിപീഡിയ കാലാന്തരത്തിൽ തനതുവ്യക്തിത്വമുള്ള സ്വതന്ത്രവിജ്ഞാനകോശമായി മാറി. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷൻ (http://wikimediafoundation.org) എന്ന സ്ഥാപനമാണ് ഇപ്പോൾ വിക്കിപീഡിയയെ നിയന്ത്രിക്കുന്നത്.

ഏതാണ്ട് 285-ൽ പരം ലോകഭാഷകളിൽ വിക്കിപീഡിയ നിലവിലുണ്ട്. മലയാളത്തിലും വിക്കിപീഡിയ ഉണ്ട്. 2001 ജനുവരി 15 ന് ഇംഗ്ലീഷ് ഭാഷയിലാണ് ആദ്യ വിക്കിപീഡിയ തുടങ്ങുന്നത്. 2001 മാർച്ച് 16 ന് ആരംഭിച്ച ജർമൻ ഭാഷയിലുള്ള വിക്കിപീഡിയയാണ് രണ്ടാമത്തെ വിക്കിപീഡിയ. തുടർന്നുള്ള മാസങ്ങളിൽ ഫ്രഞ്ച്, ചൈനീസ്, ഡച്ച്, ഹീബ്രു, ഇറ്റാലിയൻ, റഷ്യൻ തുടങ്ങിയ വിവിധ ഭാഷകളിൽ വിക്കിപീഡിയ ആരംഭിച്ചു.

എങ്കിലും ആദ്യത്തെ ഒരു വർഷത്തിൽ ഒരു ഇന്ത്യൻ ഭാഷയിൽ പോലും വിക്കി ആരംഭിക്കാനുള്ള ശ്രമങ്ങളുണ്ടായില്ല. ഈ വഴിക്കുള്ള ആദ്യത്തെ ശ്രമം ഉണ്ടായത് 2002 ജൂൺ മാസത്തിൽ പഞ്ചാബി, അസ്സാമീസ്, ഒറിയ ഭാഷകളിലുള്ള വിക്കിപിഡിയ ആരംഭിച്ചപ്പോഴാണ്. ഈ മൂന്ന് ഇന്ത്യൻ ഭാഷകൾക്ക് ശേഷം 2002 ഡിസംബർ 21-നാണ് മലയാളം വിക്കിപീഡിയ പിറവിയെടുത്തത്. ക്രമേണ 2003 ഫെബ്രുവരിയിൽ ഭോജ്പൂരി, 2003 മേയിൽ മറാഠി, 2003 ജൂണിൽ കന്നട, 2003 ജൂലൈയിൽ ഹിന്ദി, 2003 സെപ്തംബറിൽ തമിഴ്, 2003 ഡിസംബറിൽ തെലുങ്ക്, ഗുജറാത്തി, 2004 ജനുവരിയിൽ ബംഗാളി എന്നിങ്ങനെ വിവിധ ഇന്ത്യൻ ഭാഷകളിൽ വിക്കിപീഡിയയ്ക്ക് പതിപ്പുകളുണ്ടായി. നിലവിൽ 285-ൽ പരം ലോകഭാഷകളി ൽ വിക്കിപീഡിയ പതിപ്പുകളുണ്ട്. മൃതമായിക്കൊണ്ടിരുന്ന പല ഭാഷകളും ലിപികളും വിക്കിപീഡിയയുടെ പ്രവർത്തനങ്ങളിലൂടെ ഇപ്പോൾ പുതുജീവൻ പ്രാപിക്കുന്നു. ഏറ്റവും വലിയ വിക്കീപീഡിയ ഇംഗ്ലീഷിലാണ് (http:// en.wikipedia. org). ഇംഗ്ലീഷ് വിക്കിപീഡിയയിൽ നിലവിൽ (2012 സെപ്റ്റം.) 40 ലക്ഷത്തിൽപരം ലേഖനങ്ങളുണ്ട്. മലയാളം വിക്കിപീഡിയ (http:// ml.wikipedia.org) വികസിച്ചുവരുന്നതേയുള്ളു.

മലയാളം പോലുള്ള ഭാഷകൾക്ക് കമ്പ്യൂട്ടറിൽ എഴുതാനും വായിക്കാനുമുപയോഗിക്കുന്ന ലിപിവ്യവസ്ഥകളിൽ ആദ്യമൊന്നും പൊതുവായ മാനദണ്ഡമുണ്ടായിരുന്നില്ല. അതിനാൽത്തന്നെ ഇത്തരം ഭാഷകളിൽ എഴുതുന്ന ലേഖനങ്ങൾ വായിക്കാൻ പ്രസ്തുത ലേഖനമെഴുതിയ ആൾ ഉപയോഗിച്ച ഫോണ്ടും കമ്പ്യൂട്ടർ വ്യവസ്ഥയും തന്നെ ഉപയോഗിക്കണം എന്ന സ്ഥിതി ആയിരുന്നു. യൂണിക്കോഡ് എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ ലിപിവ്യവസ്ഥ വന്നതോടുകൂടി മലയാളം, കമ്പ്യൂട്ടറിനു വഴങ്ങുന്ന ഒന്നായി. എല്ലാ ഭാഷയ്ക്കും തനതായ ലിപിസ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് അന്താരാഷ്ട്ര തലത്തിൽ നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് യൂണികോഡ്. മലയാളം യൂണിക്കോഡ് സാർവത്രികമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടെയാണ് മലയാളം വിക്കിപീഡിയ സജീവമായത്.

2002 ഡിസംബർ 21 ന് അമേരിക്കൻ സർവകലാശാലയിൽ ഗവേഷണ വിദ്യാർഥിയായിരുന്ന തിരുവനന്തപുരം സ്വദേശിയായ ശ്രീ.വിനോദ് മേനോൻ എം.പി.യാണ് മലയാളം വിക്കിപീഡിയയ്ക്ക് തുടക്കമിട്ടത്. മലയാളം വിക്കിപീഡിയയുടെ തുടക്കം വളരെ മന്ദഗതിയിലായിരുന്നു. 2002-ൽ തുടങ്ങിയിട്ടും 2004-വരെ മലയാളം വിക്കിയിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. 2004 മധ്യത്തോടെ മലയാളം യൂണിക്കോഡ് എഴുത്തുസാമഗ്രികൾ സജീവമായിത്തുടങ്ങിയിരുന്നു.

മറ്റെല്ലാ വിക്കികളെയുംപോലെ മലയാളത്തിലും ഇക്കാലത്ത് ചെറിയ ലേഖനങ്ങളായിരുന്നു അധികവും. അവ മൊത്തത്തിൽ നൂറെണ്ണം പോലും തികഞ്ഞിരുന്നില്ല. 2004-ഡിസംബറിലാണ് മലയാളം വിക്കിപീഡിയയിൽ 100 ലേഖനങ്ങൾ തികയുന്നത്. 2005 മധ്യത്തോടെ പിന്നെയും പുതിയ അംഗങ്ങളെത്തി. മലയാളം വിക്കിപീഡിയയുടെ മുഖ്യതാൾ അണിയിച്ചൊ

രുക്കപ്പെട്ടു. ലേഖനങ്ങൾ വിഷയാനുസൃതമായി ക്രമീകരിച്ചു തുടങ്ങി. 2005 സെപ്തംബറിൽ മലയാളം വിക്കിപീഡിയയ്ക്ക് ആദ്യത്തെ സിസോപ്പിനെ ലഭിച്ചു. ഇതോടെ സാങ്കേതിക കാര്യങ്ങളിൽ മെറ്റാവിക്കിയിലെ പ്രവർത്ത കരെ ആശ്രയിക്കാതെ മലയാളം വിക്കിപീഡിയയ്ക്ക് നിലനിൽക്കാം എന്ന സ്ഥിതിയായി.

മലയാളികൾക്ക് മലയാളം ടൈപ്പിങ്ങിലുള്ള അജ്ഞത മൂലം മല യാളം വിക്കിപീഡിയയുടെ വളർച്ച ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയായിരുന്നു. 2006-ലാണ് ഇതിന് മാറ്റം കണ്ടുതുടങ്ങിയത്. യൂണിക്കോഡ് മലയാളം ഉപ യോഗിച്ച് ഗൾഫ് നാടുകളിലും അമേരിക്കൻ ഐക്യനാടുകളിലും മറ്റ് മറുനാ ടുകളിലും ഉള്ള അനേക മലയാളികൾ മലയാളത്തിൽ ബ്ലോഗ് ചെയ്യുവാൻ തുടങ്ങി. ബ്ലോഗിങ്ങിലൂടെ മലയാളം ടൈപ്പിംഗ് അനായാസം പഠിച്ചെടുത്ത ഇവരിൽ പലരുടേയും ശ്രദ്ധ ക്രമേണ വിജ്ഞാനസംഭരണ സംരംഭമായ വിക്കിപീഡിയയിലേക്ക് തിരിഞ്ഞു. അങ്ങനെ കുറച്ച് സജീവപ്രവർത്തകർ വിക്കിപീഡിയയിലെത്തിയതോടെ ലേഖനങ്ങളുടെ എണ്ണവും ഉള്ളടക്ക ത്തിന്റെ വൈവിധ്യവും മെച്ചപ്പെട്ടു. 2006 ഏപ്രിൽ 10-ന് മലയാളം വിക്കിപീ ഡിയയിൽ 500-ാമത്തെ ലേഖനം പിറന്നു. ലേഖനങ്ങളുടെ എണ്ണം അതേ വർഷം സെപ്റ്റംബറിൽ 1000 വും, 2007 ഡിസംബർ 12-ന് 5000 വും, 2009 ജൂൺ 1-ന് 10,000 വും കടന്നു. മലയാളം വിക്കിപീഡിയയിൽ നിലവിൽ (2012 സെപ്റ്റം.) 26434-ൽ പരം ലേഖനങ്ങളുണ്ട്.

ആർക്കും തിരുത്താമെന്ന വ്യവസ്ഥ നിലനിൽക്കുന്നതു കൊണ്ടുതന്നെ വിക്കിപീഡിയ ലേഖനങ്ങൾ എത്രത്തോളം ആധികാരികമാണ് എന്ന ചോദ്യം പലപ്പോഴും ഉയർന്നു കേൾക്കാറുണ്ട്. വിക്കിപീഡിയയ്ക്ക് അതിന്റേതായ നയ ങ്ങളും മാർഗരേഖകളുമുണ്ട്. ഒരു ലേഖനത്തിൽ വിവരങ്ങൾ ചേർക്കുന്നതിന് വിക്കിപീഡിയ നിർവചിക്കുന്ന ആധികാരികമായ സ്രോതസ്സുകളിൽ നിന്നുള്ള തെളിവുകൾ വേണമെന്നത് നിർബന്ധമാണ്. തിരുത്തലുകളുടെ ചരിത്രം എല്ലാംതന്നെ വിക്കിപീഡിയ സൂക്ഷിച്ചുവെക്കുന്നുണ്ട്. അനാവശ്യമാറ്റങ്ങൾ വളരെ പെട്ടെന്ന് തന്നെ സാധാരണയായി ഒഴിവാക്കാറുണ്ട്. അതേപോലെ തുടർച്ചയായി ശല്യ പ്പെടുത്തുന്ന നിയമവിരുദ്ധരെ തിരുത്തലുകൾ വരുത്തുന്നതിൽ നിന്ന് തടയാറുമു ണ്ട്. ഈ ലോകത്ത് ശരിയായി എഴുതുന്നവർ തെറ്റിച്ച് എഴുതുന്നവരേക്കാൾ കൂടു തൽ ആണെന്ന (തെറ്റായി എഴുതുന്നതിനെ ശരിയാക്കുന്നവർ എന്നു പറഞ്ഞാൽ കൂടുതൽ ശരിയാകും) ലളിതയുക്തിയുടെ മേലാണ് വിക്കിപീഡിയ പ്രവർത്തിക്കുന്ന തെന്നു പറയാം.

വിക്കിപീഡിയ തുടങ്ങിയ കാലത്ത് അതൊരു മഹാപ്രസ്ഥാനമായി മാറുമെന്ന് ആരും വിചാരിച്ചിരുന്നില്ല. എന്നാലിന്ന് ഉള്ളടക്കത്തിന്റെയും ഗുണ നിലവാരത്തിന്റേയും കാര്യത്തിൽ ബ്രിട്ടാണിക്ക എൻസൈക്ലോപീഡിയ യോടൊപ്പം നിൽക്കുന്ന വിജ്ഞാനകോശമായി വിക്കിപീഡിയ മാറിക്ക ഴിഞ്ഞു എന്ന് ശാസ്ത്രലോകത്തെ ഏറ്റവും പേരുകേട്ട മാസികയായ 'നേച്ചർ'

ശാസ്ത്രീയരീതികളുപയോഗിച്ച് സ്ഥിരീകരിച്ചു. ബ്രിട്ടാണിക്കയിലെയും വിക്കിപീഡിയയിലെയും ലേഖനങ്ങൾ എവിടെ നിന്നെടുത്തതാണെന്നറിയിക്കാതെ അതാത് വിഷയങ്ങളിലെ വിദഗ്ധരെ കാണിച്ചു. അവർ അവയിലെ തെറ്റുകളും കുറവുകളും രേഖപ്പെടുത്തി. അവസാനം ഒത്തുനോക്കിയപ്പോൾ രണ്ടിന്റേയും വിവിധ വിഷയങ്ങളിലെ ശരാശരി സ്കോർ ഒപ്പത്തിനൊപ്പം!

വിക്കിപീഡിയ എന്ന ഓൺലൈൻ വിജ്ഞാനകോശത്തിന്റെ അഭൂതപൂർവമായ വളർച്ചയെത്തുടർന്ന് വിക്കിമീഡിയ ഫൗണ്ടേഷൻ ഇതര വിവരശേഖരണമേഖലകളിലേക്കും ശ്രദ്ധതിരിച്ചു. സ്വതന്ത്ര ബഹുഭാഷ നിഘണ്ടുവായ *വിക്ഷ്ണറി*, പൊതുസഞ്ചയത്തിലുള്ള അല്ലെങ്കിൽ പകർപ്പവകാശ നിബന്ധനകൾ ഇല്ലാത്ത പുസ്തകങ്ങൾ ശേഖരിച്ചുവെക്കുന്ന *വിക്കിസ്റ്റോഴ്സ്*, പഠനസഹായികളും മറ്റും ചേർക്കുന്ന *വിക്കി ബുക്സ്,* സിറ്റിസൺ ജേണലിസത്തെ പ്രോത്സാഹിപ്പിക്കുന്ന *വിക്കിന്യൂസ്*, ഓൺലൈൻ പരിശീലനം നൽകുന്ന *വിക്കിവാഴ്സിറ്റി*, ചൊല്ലുകൾ ശേഖരിച്ചു വെയ്ക്കുന്ന *വിക്കി ക്വോട്ട്സ്* എന്നിങ്ങനെ ഒട്ടേറെ സംരംഭങ്ങൾ വിക്കിപീഡിയയ്ക്കുണ്ട്. ഇതിൽ വിക്കിസ്റ്റോഴ്സ് മലയാളത്തിൽ *വിക്കി ഗ്രന്ഥശാല* (http://ml.wikisource.org) എന്നപേരിലും, വിക്ഷണറി *വിക്കി നിഘണ്ടു* (http://ml.wiktionary.org) എന്നപേരിലും വിക്കിബുക്സ് *വിക്കി പാഠശാല* (http://ml.wikibooks.org) എന്നപേരിലും വിക്കിക്വോട്സ് *വിക്കിച്ചൊല്ലുകൾ* (http://ml.wikiquote.org) എന്നപേരിലും പ്രവർത്തിക്കുന്നുണ്ട്.

വിക്കിപീഡിയയെപ്പറ്റിയും ഇന്റർനെറ്റിനെപ്പറ്റിയും ലളിതമായി ഇത്രയും പറഞ്ഞുവെച്ചതുകൊണ്ട് കാര്യങ്ങൾ പൂർത്തിയാകുന്നില്ല. ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഇത്തരം സംരംഭങ്ങൾ ഭാഷയിലും സംസ്കാരത്തിലുമൊക്കെ വളരെ വലിയ സ്വാധീനമുണ്ടാക്കുന്നുണ്ട്. സൈബർ മലയാളം എന്നു വിളിക്കാവുന്ന പുതിയൊരു മലയാളം തന്നെയാണ് ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ ഉണ്ടായിരിക്കുന്നത്.

ഭാഷയിലെ ക്ലീഷേകളെ കവച്ചുവെച്ച് പുതിയ സാധ്യതകളിലേക്ക് ഇടനിലക്കാരില്ലാതെ ഇറങ്ങുകയാണ് സൈബർ മലയാളം. അച്ചടിയുടെ സ്ഥലപരിമിതിയും കച്ചവട താത്പര്യവും മൂലം, ആർക്കും ആശയങ്ങളും കൽപനകളും അവതരിപ്പിക്കാവുന്ന ഇടം എന്ന ആശയത്തെ സ്വീകരിക്കാൻ പത്രമാധ്യമങ്ങൾക്ക് കഴിയില്ല. ഇവയിൽ എഴുതുന്നത് ഒരു ചെറിയ ന്യൂനപക്ഷമാണ്, അവരുടെ ഭാഷ മാത്രമാണ് എഴുതപ്പെടുന്നത്. മാമൂലുകളെ കെട്ടിപ്പിടിച്ചിരിക്കുന്ന യാഥാസ്ഥിതിക പണ്ഡിതരുടെ കൈയിലാണ് ഭാഷ എന്നതുകൊണ്ടുതന്നെ പത്ര-പുസ്തക മുതലാളിമാരും കരടു വായനക്കാരും മലയാളത്തിലേക്ക് കടന്നു വന്ന പുതിയ രൂപങ്ങൾക്കും ശൈലികൾക്കും കത്തിവെയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ലോകമലയാളികൾ അവനവന്റെ നാട്ടുഭാഷയിൽ സംസാരിക്കുകയും ഭാഷാവൈവിധ്യങ്ങളുടെ സൗന്ദര്യം തിരിച്ചറിയുകയും ചെയ്യുന്ന ആഗോളപ്രാദേശികത (glocalism) യാണ് സൈബർ മലയാളത്തിൽ കാണാനാവുക.

വെബ്ബിൽ മലയാളത്തിന്റെ സാധ്യതകളെ വർധിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽ മലയാളി ഇന്ന് സജീവമാണ്. ചാറ്റുന്നതിലും ബ്ലോഗുന്നതിനും ഓർക്കുട്ട്, ഫേയ്സ്ബുക്ക്, ട്വിറ്റർ പോലുള്ള സമ്പർക്ക സ്ഥലികളിലെ ചർച്ചാവേദികളിൽ ക്രിയാത്മകമായി ഇടപെടുന്നതിലും മലയാളി സന്തോഷം കണ്ടെത്തുന്നു. നാട്ടുഭാഷയിൽ കൊച്ചുവർത്തമാനം പറയുന്നതിനും കടങ്കഥ പറഞ്ഞു കളിക്കുന്നതിനും അക്ഷരശ്ലോക സദസ്സു നടത്തുന്നതിനും എല്ലാം ഇവിടെ സൗകര്യമുണ്ട്.

ഭാഷയുടെ തുറവിയെ തിരിച്ചറിയുന്ന പുതിയ വാക്കുകളും വ്യാകരണ രൂപങ്ങളുമാണ് സൈബർ മലയാളത്തിന്റെ പ്രത്യേകത. അതിന്റെ ഭാഗമായി ഇന്റർനെറ്റുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങൾ മലയാളത്തിലുമുണ്ടായി. ബ്ലോഗർ എന്ന പദം ബ്ലോഗനും ബ്ലോഗിയുമായി. അനോണിമസ് അനോണിയും. വിക്കിപീഡിയന്മാർ ആണ് മറ്റൊരുദാഹരണം. മലയാളത്തിലെ പദസങ്കരണം (blending) മംഗ്ലീഷ് എന്ന വാക്കിലൊതുങ്ങിയിരുന്നിടത്ത് നിരവധി പുതിയ സങ്കരപദങ്ങൾ ഉടലെടുത്തു. ബ്ലോത്രം (ബ്ലോഗ് പത്രം), ബ്ലോഗന (ബ്ലോഗ്+വായന/രചന) തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. പുതിയ സമസ്തപദങ്ങളും സൈബർ മലയാളം രൂപീകരിച്ചിട്ടുണ്ട്. hyper text തിരമൊഴിയും hyperlink തിരക്കണ്ണിയുമായത് ഉദാഹരണം. തകർപ്പവകാശം പോലുള്ള പ്രതിനിർമാണങ്ങളും സാധാരണമാണ്.

വ്യാകരണ രൂപങ്ങളിൽ സൈബർ മലയാളത്തിൽ കാണാവുന്ന പുതുമകൾ ഭാഷയ്ക്ക് ഏറെ സ്വീകാര്യമാണ്. ഏതു നാമത്തെയും ക്രിയാധാതുവാക്കാനുള്ള ശേഷിയാണല്ലോ ഇംഗ്ലീഷിന്റെ പദനിർമാണ ശേഷിയുടെ ഒരു സവിശേഷത. ഇത്തരം നാമധാതുക്കളുടെ കുറവാണ് മലയാളത്തിന്റെ പദസമ്പത്ത് കുറയ്ക്കുന്നത്. ഇന്റർനെറ്റിലൂടെ പുതിയ നാമധാതുക്കളെ മലയാളം സ്വീകരിക്കുകയാണെങ്കിൽ ഒരു പരിധി വരെ ഇത് ഒഴിവാക്കാനാകും. മഴയുകയും തീയുകയും വെയിലുകയും ഒക്കെ ഇത്തരം സൈബർ പദങ്ങളാണ്.

ഇംഗ്ലീഷ് ധാതുക്കളിൽ ചെയ്യുകചേർത്തുരൂപപ്പെടുത്തുന്ന പദങ്ങൾക്ക് പകരം ഇംഗ്ലീഷ് ക്രിയയിൽ നേരിട്ട് ക്രിയാ പ്രത്യയം ചേർക്കുന്ന രീതിയും നെറ്റിൽ പ്രചാരം നേടിയിട്ടുണ്ട്. സംസ്കൃതപദങ്ങളിൽ മലയാള പ്രത്യയങ്ങൾ ചേർത്ത് പദനിർമാണം നടത്താമെങ്കിൽ എന്തുകൊണ്ട് ഇംഗ്ലീഷിൽ ആയിക്കൂടാ?. സേവ് ചെയ്യുന്നതിനു പകരം സേവുകയും റൈറ്റ് ചെയ്യുന്നതിനു പകരം റൈറ്റുകയും ബൂട്ടുചെയ്യുന്നതിന് പകരം ബൂട്ടുകയും ആകുന്നത് ഭാഷയ്ക്ക് ഗുണമല്ലേ ചെയ്യുക? ചാറ്റുക, ലിങ്കുക, പേസ്റ്റുക, ലൈക്കുക, കമന്റുക, ബ്രൗസുക തുടങ്ങി ഇന്റർനെറ്റിലെ എല്ലാ വ്യവഹാരങ്ങളിലും ഈ രീതി സാധാരണമായിക്കഴിഞ്ഞു.

മലയാളത്തിന്റെ നവീന ആവിർഭാവത്തിന് ഇത്തരമൊരു മണിപ്രവാളം മുന്നോടിയാകുമെങ്കിൽ എന്തിന് എതിർക്കണം? ഭാഷ അതിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പരിണമിച്ചുകൊണ്ടിരിക്കണം. പദവ്യാകരണ രൂപങ്ങ

ളിൽ മാത്രമല്ല വാക്യഘടനയിലും ശൈലികളിലും ഒക്കെ നവീനത നേടിക്കൊണ്ടിരിക്കുന്നു സൈബർ മലയാളം.

എന്നാൽ ഭാഷയുടെ കാര്യത്തിൽ മാത്രമല്ല ഇങ്ങനെയൊരു സ്വാധീനം പ്രകടമാകുന്നത്. കേരളം ഒരു വിവരസമൂഹമായി (information society) മാറുന്നത് സാംസ്കാരികമായി വളരെ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. അറിവിന്റെ ജനാധിപത്യമാണ് വിക്കിപീഡിയ ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമായിക്കഴിഞ്ഞല്ലോ. അറിവും അധികാരവും തമ്മിൽ ഒറ്റനോട്ടത്തിൽ കാണുന്നതിനേക്കാൾ ബന്ധമുണ്ടെന്നതാണ് യാഥാർഥ്യം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരറിവും വെറുതെ ഉണ്ടാകുന്നതോ വ്യവഹരിക്കപ്പെടുന്നതോ അല്ല, അതിന്റെ പിറകിൽ കൃത്യമായ അധികാരബന്ധങ്ങളും പ്രത്യയശാസ്ത്രവുമുണ്ട്. അതായത് അധികാരം അറിവിന്റെ പ്രത്യയശാസ്ത്രവുമായി വളരെ നിഗൂഢമായ ബന്ധം പുലർത്തുന്നു.

ഈ അറിവധികാരത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന കോളനിവത്കരണം. അനേകനൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള, പുരാണങ്ങളും വേദോപനിഷത്തുകളും ജൈനബുദ്ധപാരമ്പര്യവും നാടൻ-ക്ലാസിക് കലകളും മുസ്ലിം ഭരണാധിപന്മാരും ഒക്കെക്കൊണ്ട് സമ്പുഷ്ടമായ നമ്മുടെ സംസ്കാരത്തിന് ഒരു ചരിത്രമെഴുതേണ്ട ആവശ്യകത ആദ്യം വിദേശീയരാണ് ചൂണ്ടിക്കാട്ടിയത്. പക്ഷേ ആ ചരിത്രരചനയിലൂടെ അവർ നേടിയെടുത്തത് അനേക നൂറ്റാണ്ടുകൾ പഴക്കമുള്ള സംസ്കാരത്തിന്റെ ഉടമകളായ ഒരു ജനതയെ പ്രാകൃതരായി ചിത്രീകരിക്കുക എന്നതായിരുന്നു. നമ്മുടെ നാട്ടിൽ നിലനിന്ന വിശ്വാസപ്രമാണങ്ങളേയും നാട്ടറിവുകളേയും മുൻവിധിയോടെ മാത്രം നോക്കിക്കാണാനും അതിനെ പ്രാകൃതമെന്ന് മുദ്രകുത്താനും അതിന്റെ മേൽ തങ്ങൾ നടത്തുന്ന അധീശത്വത്തെ ന്യായീകരിക്കാനും ഇത്തരമൊരു ചരിത്രം അവർക്ക് ഉപയോഗപ്പെട്ടു. ഈ അധികാരപ്രത്യയശാസ്ത്രം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് തങ്ങളുടെ ചരിത്രം എഴുതുവാനുള്ള അവകാശം നമ്മുടെ ചരിത്രകാരൻമാർ അവരുടെ രചനകളിലൂടെ തിരിച്ചുപിടിക്കുന്നത്. ഈ രണ്ടുചരിത്രങ്ങൾക്കും ഇടയിലുള്ള അന്തരം മനസ്സിലാക്കിയാൽ തന്നെ അധികാരത്തിന്റെ പ്രത്യയശാസ്ത്രം എങ്ങനെയാണ് ഇത്തരം അറിവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കാം. ഉദാഹരണത്തിന് ബ്രിട്ടീഷ് ചരിത്ര രചനയിൽ 1857-ൽ നടന്നത് ശിപായി ലഹളആയിരുന്നെങ്കിൽ ഇന്ത്യൻ ചരിത്രത്തിൽ അത് ഒന്നാം സ്വാതന്ത്ര്യസമരമാണ്. വളരെ ലളിതമായി പറഞ്ഞാൽ നമ്മുടെ നാട്ടിൽ നടക്കുന്ന പ്രത്യക്ഷത്തിൽ വളരെ നിഷ്കളങ്കമെന്ന് തോന്നിപ്പിക്കുന്ന ഏതെങ്കിലുമൊരു സംഭവത്തെ എങ്ങനെയാണ് വിരുദ്ധചേരികളിലുള്ള രണ്ടു പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നതെന്നു നോക്കിയാൽപ്പോലും ഈ വ്യത്യാസം മനസ്സിലാക്കാം. സാമൂഹികശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഇത് പുതിയ കോളനിവത്കരണത്തിന്റെ (Neo Colonialism) കാലമാണ്. സൈനികശക്തി

യുപയോഗിച്ചുള്ള അധിനിവേശത്തിനു പകരം സാമ്പത്തികവും സാംസ്കാരികവുമായ അധീശത്വം സ്ഥാപിക്കുന്ന പുതിയ സാമ്രാജ്യത്വമാണ് ഇന്നത്തെ ലോകക്രമം നിർണയിക്കുന്നത്. നമ്മളൊക്കെ എന്താഹാരം കഴിക്കണം, എന്തു വസ്ത്രമണിയണം എന്നു തുടങ്ങി എന്തു ചിന്തിക്കണം എന്നുവരെ തീരുമാനിക്കുന്നത് ഈ പുതിയ സാമ്രാജ്യത്വമാണ്.

ഇത്തരം അറിവുകൾ ആരാണ് സൃഷ്ടിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്നത് എന്നത് പ്രാധാന്യമർഹിക്കുന്ന ചോദ്യമാണെന്നല്ലേ ഇത് തെളിയിക്കുന്നത്? വിക്കിപീഡിയ ഇതിനുള്ള അധികാരമാണ് സർവരിലേക്കും എത്തിക്കുന്നത്. കേരളത്തിൽ നമ്മൾ നൂറ്റാണ്ടുകളായി ഉപയോഗിക്കുന്ന വെളിച്ചെണ്ണ കൊളസ്ട്രോൾ ഉണ്ടാക്കുന്നതാണെന്ന് നമുക്ക് പറഞ്ഞു പഠിപ്പിച്ചുതന്നത് അമേരിക്കൻ ശാസ്ത്രജ്ഞന്മാരല്ലേ? അതിനുശേഷം അമേരിക്കയിൽ നിന്നിറക്കുമതി ചെയ്യുന്ന ഭക്ഷ്യ എണ്ണകൾ ഇവിടെ വിപണി കീഴടക്കിയത് ചേർത്തുവായിക്കേണ്ടതല്ലേ? പേറ്റന്റിംഗ് ആണ് മറ്റൊരു പ്രധാന പ്രശ്നം. തലമുറകളായി നമ്മൾ നാട്ടുമരുന്നുകളായും മറ്റും ഉപയോഗിക്കുന്ന പല ഔഷധച്ചെടികളുടെയും പേറ്റന്റ് ഇപ്പോൾ ബഹുരാഷ്ട്ര കുത്തകകളുടെ കൈയിലാണെന്നത് നമ്മളിൽ പലർക്കും അറിയാവുന്ന കാര്യം തന്നെയല്ലേ?

വിക്കിപീഡിയയുമായി നേരിട്ടു ബന്ധമില്ലെന്നു തോന്നുന്ന ഇത്രയും കാര്യങ്ങൾ പറഞ്ഞത് എങ്ങനെ അറിവ് ഒരു പ്രത്യയശാസ്ത്രമാകുന്നു എന്ന് വിശദീകരിക്കാനാണ്. അറിവിന്റെ ജനാധിപത്യത്തിലൂടെയേ ഇത്തരം പ്രവർത്തനങ്ങൾക്ക് തടയിടാനാവൂ. ലോകത്തിന്റ പല ഭാഗങ്ങളിലുണ്ടാകുന്ന അറിവുകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അത് എല്ലാവർക്കും ഉപയോഗപ്പെടുത്താനും അവരവരുടെ സംഭാവന നൽകാനുമാകുന്ന ഒരു പ്രസ്ഥാനം വളർത്തിയെടുക്കുന്നതിലൂടെ തികച്ചും സ്വതന്ത്രവും സൗജന്യവുമായ അറിവിന്റെ മേലുള്ള അവകാശം പൂർണമായി പൊതുസമൂഹത്തിന് വിട്ടുകൊടുക്കുകയാണ് വിക്കിപീഡിയ. ബൗദ്ധിക സ്വത്തവകാശം ഇല്ലാതാക്കുന്ന കോപ്പിലെഫ്റ്റ് മൂവ്മെന്റ്പോലെ ഇ ൗ രംഗത്ത് ആശാവഹമായ അനേകം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട് എന്നത് പ്രതീക്ഷ നൽകുന്ന കാര്യം തന്നെയാണ്.

ഏകധ്രുവ ലോകക്രമത്തിനെതിരെയുള്ള പ്രതിരോധത്തിനും സാംസ്കാരികപാരമ്പര്യങ്ങളുടെ വീണ്ടെടുപ്പിനും ഈ സൗകര്യം ശക്തമായ ആയുധമാണെന്ന് എല്ലാ മലയാളികളും തിരിച്ചറിയണം. ആഗോളീകരണത്തിന്റെ ഗുണങ്ങളെ ഉപയോഗിച്ചുതന്നെ വേണമല്ലോ മുതലാളിത്ത സാമ്രാജ്യത്വങ്ങൾക്കെതിരെ പോരാടാൻ. ഈ ലേഖനത്തിലെ വിവരങ്ങൾക്ക് വിക്കിപീഡിയയോട് കടപ്പാട് രേഖപ്പെടുത്തുന്നതിനൊപ്പം ഈ ലേഖനം മെച്ചപ്പെടുത്താനോ വിവരങ്ങൾ കൂട്ടിച്ചേർക്കാനോ മാറ്റം വരുത്താനോ ഉള്ള അധികാരം എല്ലാ മലയാളികൾക്കുമുണ്ട് എന്നു കൂടിച്ചേർത്താലേ ഈ ലേഖനം പൂർത്തിയാകുകയുള്ളു എന്നു തോന്നുന്നു.

# 19. നവമാധ്യമങ്ങൾ : ജനാധിപത്യവത്കരിക്കപ്പെട്ട മാധ്യമലോകവും നിലവാരമില്ലാത്ത നിലപാടുകളും

ഷിന്റോ മംഗളത്ത്

"Truth is only sought by individuals and they break with those who do not love it enough".

*Dr. Zhivago*-Boris Pasternak

പരമ്പരാഗത മാധ്യമങ്ങൾ പടുത്തുയർത്തിയ വിശുദ്ധിയുടെയും കർമധീരതയുടെയുമൊക്കെ നാളങ്ങൾ മാധ്യമവ്യവസായം (Media Industry) എന്ന പ്രയോഗത്തിനുള്ളിൽ കെട്ടു തീരാറായി. ഇംഗ്ലണ്ട് പാർലമെന്റിലെ പത്രപ്രവർത്തന നിരയുടെ മുഖത്തെ സത്യത്തിന്റെ വെളിച്ചം കണ്ടാവണം *എഡ്മണ്ട് ബർക്ക്* 1790-ൽ മാധ്യമങ്ങളെ (അന്നത് പത്രങ്ങൾ) ഫോർത്ത് എസ്റ്റേറ്റ് എന്നു വിളിച്ചത്. മൂന്ന് ജനാധിപത്യ സ്ഥാപനങ്ങൾ ഇടറിയാലും നേരിന്റെ തീരത്തേക്ക് വിരൽചൂണ്ടേണ്ട 'ഫോർത്ത് എസ്റ്റേറ്റ്'. അഴിമതികൾക്കും നീതി നിഷേധങ്ങൾക്കുമെതിരെ സുരക്ഷിതത്വവും നേട്ടങ്ങളുമൊക്കെ ബലികഴിച്ച ക്രിയാത്മക പത്രപ്രവർത്തനത്തിലെ സുവർണ്ണ നാമങ്ങൾ; ബഞ്ചമിൻ ഫ്രാങ്ക്ളിൻ മുതൽ ബംഗാൾ ഗസറ്റിന്റെജെയിംസ് അഗസ്റ്റസ് ഹിക്കിയിലൂടെ തുടരുന്ന പേരുകൾ. കാലത്തിന്റെ പാച്ചിലിൽ ആശയവിനിമയം കച്ചവടലോകത്തിന്റ അനുബന്ധപ്രവർത്തനമായപ്പോൾ മാധ്യമപ്രവർത്തനങ്ങളുടെ ലക്ഷ്യവും സ്വഭാവവും മാറിയതെങ്ങനെയെന്നറിയാൻ വാൾട്ട് ഡിസ്നി കോർപറേഷന്റെ തലവൻ മൈക്കൽ എയ്സനറുടെ വാക്കു

കൾ മതിയാവും: "ചരിത്രം സൃഷ്ടിക്കുക ഞങ്ങളുടെ ലക്ഷ്യമല്ല. ഉദാത്തമായ ഒരു കലാസൃഷ്ടിയുടേയോ ആശയത്തിന്റേയോ നിർമിതിയും ഞങ്ങളുടെ കടമയല്ല. പണമുണ്ടാക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം". - ഡിസ്നി കോർപറേഷന്റെ പരിപാടികൾ കുട്ടികളിൽ വരുത്തുന്ന സ്വാധീനത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഉത്തരമായി അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കി.

നിലപാടുകളിൽ ഉണ്ടായ മാറ്റമാണ് മാധ്യമങ്ങളുടെ വിശ്വാസത്തെ ക്ഷയിപ്പിച്ചത്. വ്യത്യസ്ത വഴികളിലൂടെ ലാഭത്തിന്റെ ചരടുകൾ എറിയുന്ന വ്യവസ്ഥാപിത കുത്തക മാധ്യമങ്ങളിൽനിന്ന് 'കോരന്റെ ചട്ടിയിൽ' കിട്ടുന്നതുംകൊണ്ട് ഒതുങ്ങികഴിഞ്ഞിരുന്ന സമൂഹത്തിനുമുൻപിൽ തുറന്നുകിട്ടിയ നവമാധ്യമങ്ങളുടെ ലോകം, നേരിന്റെ പക്ഷത്തുനിൽക്കുന്ന മാധ്യമ പാരമ്പര്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പായിരുന്നു.


ദശലക്ഷങ്ങളുടെ മുതൽമുടക്കിന്റെയും വിൽപ്പന-പരസ്യ ഫോർമുലകളുടെയും അടരുകളിൽ വാർത്തകളെ സ്ഥൂലീകരിച്ച സ്ഥാപനവത്കരിക്കപ്പെട്ട മാധ്യമങ്ങൾക്കപ്പുറത്ത് പൊതു സമൂഹത്തിനു ലഭിച്ച നാവായിരുന്നു നവമാധ്യമങ്ങൾ. ബ്ലോഗുകൾ, ഇന്റർനെറ്റ് ചർച്ചാവേദികൾ, സൗഹൃദക്കൂട്ടായ്മകൾ, ആശയങ്ങൾ അക്ഷരത്തിലും വരയിലും വീഡിയോയിലുമൊക്കെ പങ്കുവയ്ക്കാവുന്ന പൊതുവേദികൾ ആശയവിനിമയത്തിന്റെ സ്വതന്ത്ര നവലോകം തുറന്നത് അങ്ങനെയാണ്. മുതലാളിയുടെയും പത്രാധിപരുടെയും പത്രപ്രവർത്തകന്റെയും കുടുസുമുറി വ്യാഖ്യാനങ്ങൾക്ക് പുറത്തേക്കുള്ള വളർച്ച, വിശാലാർഥത്തിൽ മാധ്യമങ്ങളുടെ ജനാധിപത്യവത്കരണമായിരുന്നു. മുകളിൽ നിന്നു താഴേക്കു നൽകപ്പെടുന്ന ഏകപക്ഷീയമായ ആശയ വിനിമയ പ്രക്രിയ പങ്കാളിത്ത രീതിയിലേക്ക് മാറണമെന്ന റേയ്സ് മാട്ടാ, പൗലോ ഫ്രെയർ തുടങ്ങിയ ലാറ്റിൻ അമേരിക്കൻ ചിന്തകരുടെ സ്വപ്നങ്ങളുടെ പൂർത്തീകരണമാണ് അത്. സമൂഹത്തിന്റെ നിലപാടുകളിലുണ്ടാവുന്ന വ്യതിയാനങ്ങൾ ഏറ്റവും പ്രകടമായി കാണപ്പെടുന്നത് നവമാധ്യമങ്ങളിലാണ്. എഡിറ്റിംഗിന്റെ മേൽനോട്ടം ഇല്ലാതെ എത്തുന്ന അഭിപ്രായങ്ങളും മറുപടികളുമൊക്കെ വർത്തമാനകാല സാംസ്കാരിക ലോകത്തിന്റെ നേർചിത്രം നൽകുമെന്നതും ശ്രദ്ധേയമാണ്.

നവമാധ്യമങ്ങളും ചുവടുകൾ ആഴത്തിൽ ഉറപ്പിച്ചുകഴിഞ്ഞു. ( ഉദാ. ലോകത്തിലെ പ്രായപൂർത്തിയായവരിൽ 62 ശതനമാനവും നവമാധ്യമങ്ങളിൽ പങ്കുപറ്റുന്നവരാണ്. ഫെയ്സ്ബുക്കിന് 800 മില്യണിലേറെ ഉപയോക്താക്കളുണ്ട്). ഏതു നവമാധ്യമവേദിയും ഇന്ന് പരസ്യവരുമാനത്തിന് സാധ്യയുള്ള കച്ചവടസ്ഥലമായി മാറിയിട്ടുണ്ട്. ഈ ചിന്തകൾ എല്ലാം അടിസ്ഥാനമാക്കി നവമാധ്യമങ്ങളുടെ നിലപാടുകളിലെ നിലവാരവും നിഷ്പക്ഷതയും പരിശോധിക്കുമ്പോൾ നാം ചില നിരീക്ഷണങ്ങളിൽ എത്തുന്നു.

## പുതുവഴികൾ

നവമാധ്യമങ്ങളുടെ വളർച്ച പരമ്പരാഗതമായി നിലനിന്നിരുന്ന ആശയവിനിമയ പ്രക്രിയയെത്തന്നെ (Communication process) പുനർക്രമീക

രിച്ചു. ആശയവിനിമയ സിദ്ധാന്തങ്ങളെല്ലാം സ്വീകരിച്ചിരുന്ന ദാതാവ് (sender)/ ഗ്രഹീതാവ് (receiver) എന്ന വേർതിരിവ് അപ്രസക്തമായിരിക്കുന്നു.




കേട്ടു പരിചയിച്ച ഘടനകളിൽ, ശക്തനായ/അറിവുള്ള/മേലേക്കിട യിലുള്ള ദാതാവ് നൽകുന്നത് സ്വീകരിക്കുന്ന ജോലിയെ ഗ്രഹീതാവിനു ള്ളു. സ്വീകരിക്കുന്നവന് ആശയവിനിമയപ്രക്രിയയിലെ ഏക പങ്കാളിത്ത സാധ്യത പരിമിതമായ ഫീഡ്ബാക്കുകളാണ്. നവമാധ്യങ്ങളുടെ ഭൂമികയിൽ മിക്കവാറും ഈ ദാതാവ്-സ്വീകർത്താവ് വ്യത്യാസമില്ല. പത്രപ്രവർത്തന ബിരുദങ്ങളോ ഏതെങ്കിലും മാധ്യമസ്ഥാപനത്തിന്റെ അകമ്പടികളോ ഈ വേദികളിൽ ആശയവിനിമയ പങ്കാളിത്തത്തിന് അത്യാവശ്യമില്ല. ആശയ വിനിമയ സാധ്യതകൾ എല്ലാവരുടെയും മുമ്പിൽ തുറക്കപ്പെടുന്ന ഈ കാലം മുൻപിൽ കണ്ടാവണം തേർഡ് വേവ്, ഫ്യൂച്ചർഷോക്ക് എന്നീ പുസ്തകങ്ങ ളെഴുതിയ *ആൽവിൻ ടോഫ്ളർ* ആധുനിക കാലത്തെ 'ഇൻഫർമേഷൻ യുഗം' എന്നു വിളിച്ചത്. ഒരു പത്രാധിപരുടെയും വെട്ടിനിരത്തലുകൾക്ക് വിധേയമാകാത്ത സ്വതന്ത്ര ആശയവിനിമയത്തിന്റെ ഇടം എന്ന അവകാശ വാദമാണ് നവമാധ്യമങ്ങളുടെ ഏറ്റവും വലിയ ബലം.

## അവിദഗ്ധരുടെ ഒച്ചപ്പാടുള്ള കൂട്ടംചേരലുകൾ

പത്രാധിപരുടെ കസേരക്കാലുകൾ ദുർബലമായതാണ് ഇന്ത്യൻ പ ത്രപ്രവർത്തനത്തിന്റെ ജീർണ്ണതയുടെ ആരംഭം എന്നൊരു വാദമുണ്ട്. പത്ര ത്തിന്റെ പൊതുമുഖം പത്രാധിപരല്ല, മാനേജരാണെന്ന ആശയം ഇന്ത്യയിൽ അവതരിപ്പിച്ചത് ഇൻഷുറൻസ് കമ്പനി മാനേജരുടെ കസേരയിൽനിന്നും ടൈംസ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള ബന്നറ്റ് ആന്റ് കോൾമാൻ കമ്പനിയുടെ ജനറൽമാനേജർ പദവിയിലെത്തിയ *ജെ.സി.ജയിൻ* ആയിരു ന്നു. പിന്നീട് *സമീർ ജയിൻ* കമ്പനിയുടെ സാരഥ്യം ഏറ്റെടുത്തപ്പോൾ പത്രാ ധിപരും മാനേജരുമല്ല, ഉടമസ്ഥനാണ് പത്രത്തിന്റെ ആത്മാവ് എന്ന അവ സ്ഥയുണ്ടായി. മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവരുടെ കാലത്ത് പത്രാധി പരുടെ പേരുകളിൽ അറിയപ്പെട്ടിരുന്ന പ്രസിദ്ധീകരണങ്ങൾ അങ്ങനെ കമ്പ നിമുതലാളിമാരുടെ സ്വകാര്യ സ്വത്തായി മാറി. മൂല്യവത്തായ പത്രപ്രവർത്ത

നത്തിന്റെ അന്ത്യവും അങ്ങനെ സംഭവിച്ചു.

നവമാധ്യമങ്ങളിലെ (പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകൾ ഒഴിവാക്കി) ഏറ്റവും വലിയ അപകടം ശ്രദ്ധാലുവായ ഒരു പത്രാധിപരുടെ അഭാവമാണ്. ദി കൾട്ട് ഓഫ് ദി അമചർ (The Cult of the Amateur) എന്ന ആൺഡ്രൂ കീനിന്റെ പുസ്തകത്തലക്കെട്ട് ഈആശയത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവിദഗ്ധരുടെ മേച്ചിൽ സ്ഥലമാണ് പലപ്പോഴും നവമാധ്യമങ്ങളുടെ വിശാല ലോകം. വ്യവസ്ഥാപിത മാധ്യമമുറകളിൽ സബ്എഡിറ്റർ മുതൽ ചീഫ് എഡിറ്റർ വരെ നീളുന്ന തിരുത്തലുകളുടെ പല തട്ടുകളുണ്ട്. പ്രാധാന്യമുള്ള വിഷയങ്ങളിൽ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗുകളുടെ കൂടിയാലോചനയുണ്ട്. എന്നാൽ അലസനിമിഷങ്ങളിൽ ബ്ലോഗുകുറിക്കുന്ന ഒരാളുടെ വിശകലനവിധേയമല്ലാത്ത ചിന്തകളാണ് ഇന്റർനെറ്റിന്റെ അതിവിശാല ലോകത്തേക്ക് വിതറപ്പെടുന്നത്.

വിമർശനങ്ങൾ ശ്രദ്ധയിൽപ്പെടണമെങ്കിൽ “അവ നാടകീയവും ശക്തവും ഉച്ചത്തിലുള്ളതും ആവർത്തിക്കപ്പെടുന്നതും” ആകണമെന്ന പ്രശസ്ത എഴുത്തുകാരൻ *ജോൺ കെന്നത്ത് ഗാൽബ്രൈത്തി*ന്റെ നിരീക്ഷണത്തിന് ഇവിടെ പ്രാധാന്യമുണ്ട്. എല്ലാ മാധ്യമസ്ഥാപനങ്ങളും ഇതേ തത്ത്വം ഉള്ളിലൊളിപ്പിച്ചാണ് പ്രേക്ഷകരേയും വായനക്കാരേയും ആകർഷിക്കുന്ന ‘പാക്കേജുകൾ’ ഒരുക്കുന്നത്. വ്യവസ്ഥാപിത മാധ്യമങ്ങൾക്ക് അവരുടെ സ്ഥിരം പ്രേക്ഷകരെ-വായനക്കാരെ (Pocket Audience) നിലനിർത്താൻ സാധിക്കുമ്പോൾ നവമാധ്യമങ്ങൾക്ക് അത്തരം ബ്രാന്റ് നെയിമുകൾ ഇല്ലാത്തതിനാൽ ശ്രദ്ധ ആകർഷിക്കാൻ കൂടുതൽ നാടകീയവും ശക്തവുമായ അവതരണം വേണ്ടിവരും. വായിക്കുന്നവരേക്കാൾ പേജുകളിലൂടെ വേഗത്തിൽ സ്ക്രോൾ ചെയ്തു പോകുന്ന സ്കാനേഴ്സ് നിറഞ്ഞ അവിടെ ചില എഴുത്തുകാരോ കൂട്ടായ്മകളോ കൂടുതൽ ശ്രദ്ധ ആകർഷിക്കുമെങ്കിലും, നാടകീയമായ തലക്കെട്ടുകളും രസകരമായ അവതരണങ്ങളുമൊക്കെയാണ് ജനപ്രിയതയുടെ മാനദണ്ഡം. ഉള്ളടക്കത്തിലെ സത്യസന്ധതയും വിശ്വാസയോഗ്യതയുമൊക്കെ അപകടത്തിലാകുന്നത് ഇങ്ങനെയാണ് നാം മനസ്സിലാക്കേണ്ടത്.

## സമാനമനസ്കരുടെ തുണ്ടുഭൂമികൾ

എല്ലാവർക്കുമായി വാതിൽ തുറക്കപ്പെട്ട നവമാധ്യമങ്ങളുടെ ജനാധിപത്യവത്കരണത്തെപ്പറ്റി പ്രേക്ഷകരുടെ അല്ലെങ്കിൽ വായനക്കാരുടെ സമാനമനസ്കതകൾ പൊതുസമൂഹത്തെ പല തുണ്ടുകളായി വേർതിരിക്കുന്നതും ഒരു സാധ്യതയാണ്. പരമ്പരാഗത മാധ്യമങ്ങളിൽ വാർത്തകൾ, വിശകലനങ്ങൾ, വിനോദസംബന്ധിയായ വിഭവങ്ങൾ തുടങ്ങിയവയെല്ലാം ചേർന്നൊരു വിശാല മിശ്രിതഭാവമുണ്ട് (പാക്കേജിംഗ് എന്നുവിളിക്കാം). സ്പോർട്സ് വാർത്തകളും സിനിമാചർച്ചകളുമൊക്കെ മറ്റു വാർത്തകളോടൊപ്പമാണ്. ഒരു

പത്രം-ടി.വി. പ്രേക്ഷകർ കൂടുതൽ സമയം ഏതെങ്കിലും ഒരു വിഭാഗത്തിൻ കീഴിൽ കുരുങ്ങിയാലും മറ്റു വാർത്തകളിലേക്ക് ഒന്ന് കണ്ണോടിക്കും. എന്നാൽ നവമാധ്യമങ്ങൾ തങ്ങളുടേതായ കണ്ണികളിലേക്ക് ചുരുങ്ങുന്നു. സിനിമയെക്കുറിച്ചുള്ള ചർച്ചാവേദികളിൽ ദിവസവും സന്ദർശനം നടത്തി കമന്റിടുന്ന ഒരാൾ മറ്റെല്ലാത്തരം സൈറ്റുകളിൽനിന്നും അകന്നു നിൽക്കുമ്പോൾ, അങ്ങനെയുള്ളവരുടെ കൂട്ടായ്മയുണ്ടാകുമ്പോൾ നവമാധ്യമങ്ങളുടെ ലോകത്തെ ഇടുങ്ങിയ ഒരു തുണ്ടായി മാറുന്നു. അതേ രീതിയിൽ രാഷ്ട്രീയം ചർച്ചചെയ്യുന്ന കൂട്ടായ്മകളുടെ മാത്രം ഭാഗമാകുന്നവർ, സാഹിത്യം ചർച്ചചെയ്യുന്നവർ, അശ്ലീല സൈറ്റുകളുടെ മാത്രം ഉപയോക്താക്കൾ  ഇങ്ങനെ പല അംശങ്ങളായി തിരിക്കപ്പെടുന്നു. ഇന്റർനെറ്റ് ലോകത്തിൽ പൊതു സമൂഹമെന്ന ഉത്തരവാദിത്തപ്പെട്ട പൊതുഇടം അപ്രസക്തമാകാൻ ഇടയുണ്ട്. ഇഷ്ടവിഷയത്തിനു ചുറ്റും കമന്റുകളുമായി പൊതിയുകയും പൊതുസമൂഹത്തിന്റെ വ്യാപ്തികളിൽനിന്ന് ഒളിക്കുകയും ചെയ്യുന്ന ചെറിയ കൂട്ടങ്ങളെ മാധ്യമപ്രവർത്തനത്തിന്റെ ലോകത്ത് ചേർക്കുന്നത് വിശകലന വിഷയമാക്കേണ്ടതാണ്.

സംവേദനത്തിന്റെ ഒരു വിശാലലോകം ഇഷ്ടവിഷയങ്ങളുടെ തുണ്ടുകളായി മുറിക്കുന്നതിന്റെ തുടർച്ചയാണ് നവമാധ്യമസ്ഥലികളിലെ ചില ഉച്ചനീചത്വങ്ങൾ. എഴുത്തുകാരും പ്രശസ്തരുമൊക്കെ പങ്കിടുന്ന ബ്ലോഗുകളും ചർച്ചാവേദികളുമൊക്കെ ആഘോഷിക്കപ്പെടുമ്പോൾ വൻ ജനപങ്കാളിത്തമുള്ള പല നവമാധ്യമ ഇടങ്ങളും രണ്ടാംകിടയെന്നു മുദ്രകുത്തി മാറ്റിനിർത്തപ്പെടുന്നു.

## വിഷം വമിക്കുന്ന പൊതുഇടങ്ങൾ

തീവ്രവാദപ്രവർത്തനങ്ങൾക്കായി പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കാൻ ഫെയ്സ്ബുക്കുപോലുള്ള കൂട്ടായ്മകൾ ഉപയോഗിക്കുന്നു എന്നുള്ള വാർത്തകൾ കേട്ടുതുടങ്ങിയിട്ടുണ്ട്. സംഘടനകളും പ്രസ്ഥാനങ്ങളുമൊക്കെ അവരവരുടെ ആശയപ്രചരണങ്ങൾക്കായി വീതിച്ചെടുത്തിരിക്കുകയാണ് ഇന്റർനെറ്റിന്റെ വിശാലലോകം. സാമൂഹിക പ്രതിബദ്ധതയുള്ള മാധ്യമനിരീക്ഷകരുടെയും എഴുത്തുകാരുടെയുമൊക്കെ ദൃഷ്ടികൾക്കപ്പുറത്ത് തങ്ങളുടേതായ ലക്ഷ്യങ്ങളുമായി പ്രവർത്തിക്കുന്ന അനേകം കൂട്ടായ്മകളുണ്ട്. നവമാധ്യമങ്ങളുടെ ഭാഗമായ വൈവിധ്യവേദികളുടെ താളുകൾ ഓടിച്ചുപോകുമ്പോൾ കാണുന്ന മതവിദ്വേഷത്തിന്റെ വിത്തുകളും അരാജകത്വത്തിന്റെ മൂല്യതിരസ്കരണവും അപവാദപ്രചരണവുമൊക്കെ സമൂഹമനസ്സിൽ ചെലുത്താനിടയുള്ള സ്വാധീനം വലുതാണ്.

തുറന്ന ചർച്ചയും സ്വതന്ത്രമായ ആശയപ്രകടനവുമാണ് നവമാധ്യമങ്ങളുടെ ഏറ്റവും ആകർഷണീയമായ മുഖം. യഥാർഥത്തിൽ പലതരത്തിലുള്ള അരിച്ചെടുക്കലു(Filtering/ Gatekeeping)കൾ പ്രയോഗത്തിലുണ്ടുതാനും. രാഷ്ട്രീയചർച്ചകളിൽ നീതിരഹിതമായ പക്ഷപാതിത്വത്തിൽ ഭീഷണിനി

റച്ച് പാർട്ടികളുടെ അനുയായികൾ കളംനിറയുന്നു. ജനക്കൂട്ടത്തിന്റെ ബഹള ത്തിനെതിരെ തനിച്ചു നിൽക്കാനുള്ള മനുഷ്യന്റെ ഭയം ബ്ലോഗ് എഴുത്തുകളിലും ചർച്ചാവേദികളിലെ കമന്റുകളിലും വെളിപ്പെടുന്നുണ്ട്.

1940-കളിൽ സാമൂഹികശാസ്ത്രജ്ഞരായ *പോൾ ലാസർ ഫീൽഡും എലീഹു കാറ്റ്*സും അവതരിപ്പിച്ച ആശയവിനിമയ പ്രക്രിയയിലെ രണ്ടു അടരുകളെന്ന (Two-step flow of communication) സിദ്ധാന്തം അബോധത്തിലെങ്കിലും ഇന്റർനെറ്റ് ചർച്ചാവേദികളിൽ ഉപയോഗിക്കപ്പെ ടുന്നുണ്ട്. സിദ്ധാന്തപ്രകാരം ബഹുജനത്തിന്റെ അഭിപ്രായത്തെ സ്വാധീനി ക്കുന്ന ഒരു വിഭാഗത്തിലൂടെ (Opinion leaders) കടന്നുപോയാണ് സന്ദേശം പൊതുജനങ്ങളിലേക്ക് എത്തുന്നത്. പൊതുവിഷയങ്ങളെക്കുറിച്ച് നടത്തപ്പെ ടുന്ന ചർച്ചകളിലും, പുസ്തക-സിനിമാ നിരൂപണങ്ങളിലുമൊക്കെ സന്ദർശ കരെ സ്വാധീനിക്കാനാകുന്ന എഴുത്തുകാരെക്കൊണ്ട് അല്ലെങ്കിൽ താരങ്ങ ളെക്കൊണ്ട് എഴുതിക്കുന്ന പ്രവണത കാണാറുണ്ട്. പൊതുസമൂഹത്തിൽ ആദരിക്കപ്പെടുന്നവരുടെ കുറിപ്പുകൾ വന്നതിനുശേഷം ചർച്ചാവേദികളിലെ അഭിപ്രായപ്രകടനങ്ങളിൽ കാണുന്ന വ്യക്തമായ വ്യതിയാനങ്ങൾ ഒപ്പീനി യൻ ലീഡേഴ്സിന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു.

## ആശയവിനിമയം, സംഭാഷണം

ഓരോ മാധ്യമവും ജനങ്ങളുടെ ചിന്തയുടേയും വികാരത്തിന്റെയും പ്രതികരണ പരിസരം (Psychic Environment) മാറ്റുന്നുണ്ട്. ഒരു വ്യവസ്ഥാ പിത മാധ്യമപ്രവർത്തകൻ വാർത്ത അല്ലെങ്കിൽ പരിപാടി തയ്യാറാക്കുമ്പോൾ അത് ആസ്വദിക്കാൻ ഇടയുള്ള സമൂഹത്തെക്കുറിച്ച് അവരുടെ മത, സാമൂ ഹിക, സാംസ്കാരിക ലോകത്തെക്കുറിച്ചുള്ള ശ്രദ്ധാപൂർവമായ ധാരണയു ണ്ടാകും. നവമാധ്യമങ്ങളുടെ സ്വതന്ത്രലോകത്തിലേക്ക് ഇറങ്ങുന്ന ഒരാൾക്ക് താൻ ബഹുജന മാധ്യമങ്ങളുടെ (Mass media) ഭാഗമാവുകയാണെന്ന അവ ബോധം ഉണ്ടാകണമെന്നില്ല. നവമാധ്യമങ്ങളിലെ പങ്കാളിത്തം പലർക്കും സ്വകാര്യസംഭാഷണങ്ങൾപോലെയും ഗ്രാമീണചായക്കടയിലെ തുറന്ന രാഷ്ട്രീയചർച്ചയിൽ നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ പോലെയും മാത്രമാണ്.

ലിനക്സ് ജേർണലിന്റെ സീനിയർ എഡിറ്ററായ *ഡോക് സീയേഴ്സ്* പറയുന്നത്, പ്രേക്ഷക സമൂഹത്തെക്കുറിച്ച് ഓർക്കാതെ ഒരു സ്വകാര്യ സംഭാഷണത്തിന്റെ രീതിയിലാണ് നവമാധ്യമപ്രവർത്തനമെന്നാണ്. ഒരു സ്വകാര്യ സല്ലാപത്തിലേർപ്പെടുമ്പോൾ നേരിട്ടുകാണുകയോ പ്രതിക രിക്കുകയോ ചെയ്യാത്ത പൊതുജനത്തെ ഓർമിക്കാൻ ഇടയില്ലല്ലോ. ഇന്റർനെറ്റ് ഒരു ബഹുജന മാധ്യമമാണ് (one-one, one-many, many-many) എന്ന തിരിച്ചറിവിലും തങ്ങളുടെ കുറിപ്പുകൾ പൊതുസമൂഹത്തെ സ്വാധീ നിക്കാൻ ഇടയുണ്ട് എന്ന ശ്രദ്ധയിലുമാകണം ഓരോ കുറിപ്പും/കമന്റും/

ചിത്രവും/വീഡിയോയുമൊക്കെ അപ്‌ലോഡ് ചെയ്യേണ്ടത്.

## സാങ്കേതിക വിദ്യയുടെ വെള്ളം ചേർക്കലുകൾ

കമ്പ്യൂട്ടർ സാങ്കേതികവിദ്യ വലിയൊരളവിൽ മനുഷ്യ പ്രയത്നത്തെ ലഘൂകരിച്ചിട്ടുണ്ട്. സ്വയം അക്ഷരതെറ്റുകൾ തിരുത്തുക, രൂപകൽപ്പന ചെയ്തുവച്ചിരിക്കുന്ന പേജുകൾ (templates) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ചിലപ്പോഴെങ്കിലും ഇത്തരം സാങ്കേതികവിദ്യകളുടെ സ്വാധീനം സന്ദേശത്തെ തന്നെ ബാധിക്കാൻ ഇടയുണ്ട്. ആശയവിനിമയത്തിന്റെ വ്യക്തത ലഭിക്കാൻ അവതരണരീതിക്ക് വലിയ പ്രാധാന്യമുണ്ടെന്നറിയുന്ന ഒരാൾ കമ്പ്യൂട്ടർ തയ്യാറാക്കിവച്ച ഒരു രൂപകൽപ്പനയെ (layout) തൃപ്തിയോടെ ആശ്രയിക്കില്ല. നവമാധ്യമങ്ങളിൽ സജീവമായവർ മലയാളം നേരിട്ട് ടൈപ്പ് ചെയ്യാനറിയാത്തവരാണ്. യുണീക്കോടിന്റേയും പരിഭാഷാ സോഫ്റ്റുവെയറുകളുടെയും വ്യാപകപ്രചാരം അത്തരക്കാർക്കനുഗ്രഹമായി. തൽഫലമായി മലയാളത്തിൽ തന്നെ പോസ്റ്റുചെയ്യപ്പെടുന്ന കുറിപ്പുകൾ വ്യാപകമായി. ഭാഷാന്തരം നടത്തുന്ന സോഫ്റ്റുവെയറുകളിൽ ചില അക്ഷരക്കൂട്ടങ്ങൾ കണ്ടുപിടിക്കുക എളുപ്പമല്ലാതെ വരുമ്പോൾ ടൈപ്പുചെയ്യാൻ എളുപ്പമുള്ള വാക്കുകളിലേക്ക് മാറ്റുന്നതിനാണ് സാധ്യത. മനസ്സിലുള്ളതല്ല, ടൈപ്പുചെയ്യാൻ എളുപ്പമുള്ളതാണ് നാം പങ്കുവയ്ക്കുന്നതെന്നർഥം. സാങ്കേതികതയുടെ സ്വാധീനത്തിൽ എഴുത്തുകാരന്റെ സർഗാത്മക ഉദ്ദേശ്യം തന്നെ ഭാഗികമായെങ്കിലും മാറാൻ ഇടയുണ്ടെന്നാണ് 'ദ ലാംഗ്വേജ് ഓഫ് ന്യൂ മീഡിയ' എന്ന പുസ്തകത്തിൽ *ലെവ് മാനോവിച്ച്* അഭിപ്രായപ്പെടുന്നത്.

## ഉപസംഹാരം

നവമാധ്യമങ്ങൾ തുറന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെയും വൈവിധ്യത്തിന്റെയും വിശാല ആകാശമായിരുന്നു. ആശയവിനിമയത്തിന്റെ ലോകത്തിൽ സാങ്കേതികവിദ്യകൾ കൊരുത്ത വിവരവിപ്ലവമെന്ന ആവേശത്തോടെ അനേകർ, പ്രത്യേകിച്ച് യുവജനങ്ങൾ ഇവയിലേക്കിറങ്ങി. അഭിപ്രായപ്രകടനത്തിന്റെ സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ഉത്തരവാദിത്തം പലപ്പോഴും ഉണ്ടായിരുന്നില്ല. പുതുചിന്തയെ ക്രിയാത്മകമായി രൂപപ്പെടുത്തുന്നതും ബഹുജന മാധ്യമപ്രവർത്തനത്തിൽ പങ്കാളികളാണെന്ന ഗൗരവത്തോടെ നവമാധ്യമങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നതുമാണ് ഇന്നിന്റെ ആവശ്യം.

# 20. മനുഷ്യാവകാശ സംരക്ഷണം നവമാധ്യമങ്ങളിലൂടെ

സിജോ കെ. മാനുവൽ

നവമാധ്യമങ്ങളുടെ ആവിർഭാവവും വിവരസാങ്കേതികവിദ്യയുടെ വളർച്ചയും ഇന്ന് ലോകത്തെ ഒരു ആഗോളഗ്രാമമാക്കി മാറ്റിയിരിക്കുന്നു. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും പ്രധാനനയങ്ങൾ തീരുമാനിക്കുന്നതിലും നവമാധ്യമങ്ങൾക്ക് സുപ്രധാനമായ പങ്കാണുള്ളത്. മനുഷ്യാവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും മൂല്യങ്ങൾക്കും വളരെയധികം പ്രാധാന്യം നല്കുന്ന ഒരു സമൂഹത്തിലാണല്ലോ നാം ഇന്ന് ജീവിക്കുന്നത്. കാലം മാറിയതനുസരിച്ച് മനുഷ്യാവകാശ ലംഘനങ്ങളുടെ രീതിയിലും സ്വഭാവത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നവമാധ്യമങ്ങളുടെ സ്വാധീനവും ഇടപെടലും പലപ്പോഴും മനുഷ്യാവകാശ ലംഘനങ്ങളെപ്പറ്റി ആഗോളവ്യാപകമായി അറിയുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും ശക്തമായ പങ്ക് വഹിക്കുന്നുണ്ട്. നവമാധ്യമങ്ങളായ ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവ മനുഷ്യാവകാശപ്രശ്നങ്ങളിൽ സമീപകാലത്ത് നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. മനുഷ്യാവകാശ സംരക്ഷണം സാധ്യമാക്കുന്നതിനും നവമാധ്യമങ്ങൾക്ക് നിർണായക സ്ഥാനമാണുള്ളത്.

## നവമാധ്യമ സ്വാധീനം സമൂഹത്തിൽ

അറബ് രാജ്യങ്ങളായ ടുണീഷ്യ, ഈജിപ്ത്, ലിബിയ, സിറിയ, യമൻ എന്നിവിടങ്ങളിൽ സംഭവിച്ച മാറ്റത്തിന്റെ ശംഖൊലിയെ 'അറബ് വസന്തം' (Arab Spring) എന്നാണല്ലോ വിളിക്കുന്നത്. ഇവിടെ സംഭവിച്ച രാഷ്ട്രീയ

മാറ്റത്തിന് ജനങ്ങളെ പ്രബുദ്ധമാക്കുകയും സംഘടിപ്പിക്കുകയും ചെയ്തതിൽ സോഷ്യൽ നെറ്റ്‌വർക്കുകൾക്കുള്ള സ്ഥാനം വളരെ പ്രധാനമാണ്. സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളായ ഫേയ്സ്ബുക്ക്, ടിറ്റർ, ഓർക്കുട്ട്, സ്കൈപ്പ്, ബ്ലോഗ് തുടങ്ങിയവയിലൂടെ സംഭവിച്ച ആശയസംവേദനം നിലവിലുള്ള ഭരണസംവിധാനത്തെ മാറ്റി ജനാധിപത്യത്തിലധിഷ്ഠിതമായ പുതിയ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിന് കാരണമായി. മുതലാളിത്ത രാഷ്ട്രമായ അമേരിക്കയിലുണ്ടായ തെരുവുവിപ്ലവത്തിനും (Wall Street Revolution) യുവാക്കളെ സംഘടിപ്പിച്ചതും ബോധവത്കരിച്ചതും സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളായിരുന്നു. ന്യൂയോർക്കിലും കാലിഫോർണിയായിലുമുണ്ടായ തെരുവുവിപ്ലവങ്ങളുടെ മുഖ്യകാരണം, അമേരിക്കയുടെ വരുമാനത്തിന്റെ 90%വും മുതലാളിത്ത കുത്തകകളുടെ കൈയിലാകുകയും 10% വരുമാനം മാത്രം സാധാരണ ജനങ്ങളുടെ കൈയിലും വരുന്ന അവസ്ഥ സംജാതമായി. ഇതിന്റെ ഫലമായി യുവാക്കൾ തൊഴിൽരഹിതരായി. ഇതിനെതിരെ മുതലാളിത്ത രാഷ്ട്രമായ അമേരിക്കയിൽ യുവജനങ്ങൾ മുതലാളിത്തത്തിനെതിരെ നടത്തിയ വിപ്ലവമാണ് 'തെരുവുവിപ്ലവം' എന്നപേരിൽ അറിയപ്പെടുന്നത്. ലോകശ്രദ്ധ ആകർഷിച്ച ഈ വിപ്ലവത്തിൽ നവമാധ്യമങ്ങളുടെ പങ്ക് നിർണായകമായിരുന്നു.

2008 ആഗസ്റ്റ് 22-ാം തീയതി അമേരിക്കൻ പട്ടാളം അഫ്ഗാനിസ്ഥാനിൽ അതിക്രമിച്ച് കയറി മുപ്പതാളുകളെ കൊലചെയ്തു. അതിനുശേഷം അമേരിക്കൻ പട്ടാളം പറഞ്ഞത് അഞ്ചിനും ഏഴിനും ഇടയിൽ ആളുകളെ കൊലചെയ്തുവെന്നാണ്. എന്നാൽ ഉടൻതന്നെ അമേരിക്കൻ പട്ടാളം കൊലചെയ്ത ആളുകളുടെ മൃതദേഹത്തിന്റെ ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തി ഇന്റർനെറ്റിലൂടെ വ്യാപിക്കുകയും ലോകജനത ഈ അതിക്രമത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും ചെയ്തു. ഇറാക്കിൽ വലിയ നാശം വിതയ്ക്കുന്ന ആയുധങ്ങൾ (Mass destruction weapons) ഉണ്ടെന്ന വ്യാജേന അമേരിക്ക കടന്നുകയറുകയും വലിയ അതിക്രമങ്ങൾ നടത്തുകയും ചെയ്തു. ഐക്യരാഷ്ട്രസഭയുടെ എതിർപ്പിനെ അവഗണിച്ചാണ് അമേരിക്ക ഇറാക്കിനെ ആക്രമിച്ചത്. ഈ ആക്രമണത്തിൽ ആയിരക്കണക്കിന് ഇറാക്കിജനങ്ങളുടെ ജീവൻ പൊലിഞ്ഞു. അമേരിക്കയുടെ ഈ ക്രൂരത ലോകജനത അറിഞ്ഞതും വിയോജിപ്പുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയതും നവമാധ്യമങ്ങളിലൂടെയായിരുന്നു. വിക്കിലീക്സ് ഉയർത്തിയ ആഗോളചർച്ചകൾ സജീവമായി നിലനിന്നതും മാധ്യമങ്ങളിലൂടെയായിരുന്നു.

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സാധ്യത ഉപയോഗപ്പെടുത്തി ഇന്ന് കേരളത്തിലെ മിക്ക വകുപ്പുകളുടെയും ഓഫീസുകളുടെയും പ്രവർത്തനം ക്രമപ്പെടുത്തിയിരിക്കുന്നു. തന്മൂലം ജനങ്ങൾക്ക് ഭരണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ അപ്പപ്പോൾതന്നെ ലഭ്യമാകുന്നതിനും പരാ

തികൾ നല്കുന്നതിനും സാധിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം ഏതൊരു വ്യക്തിക്കും കണ്ട് മനസ്സിലാക്കാൻ കഴിയും വിധം സുതാര്യമാക്കിയിരിക്കുന്നു. ഇന്റർനെറ്റ് വ്യാപകമായതോടെ ഡിജിറ്റൽ മാധ്യമമണ്ഡലം മാധ്യമ സാക്ഷരതയുള്ള ആർക്കും പ്രവേശിക്കാവുന്ന ഒരു തുറന്ന ഇടമായിത്തീർന്നു. അറിയാനും ആവിഷ്കരിക്കുവാനും വെളിപ്പെടുത്തുവാനുമുള്ള വിസ്തൃതമായ സാധ്യതാമണ്ഡലമാണ് ഈ മാധ്യമം തുറന്നുതരുന്നത്.

രാഷ്ട്രീയം, അഴിമതി, പരിസ്ഥിതിമലിനീകരണം, പൗരാവകാശലംഘനങ്ങൾ, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ, പിന്നാക്ക വിഭാഗങ്ങളുടെ അവകാശലംഘനങ്ങൾ തുടങ്ങിയവയെല്ലാം നന്നായി ചർച്ചചെയ്യുവാൻ ടെലിവിഷനും സോഷ്യൽ നെറ്റുവർക്ക് സൈറ്റുകൾക്കും സാധിക്കുന്നു. കാഴ്ചയുടെ സാധ്യത ഈ ചർച്ചകളെ ശക്തവും സജീവവുമാക്കുന്ന ഒരു ഘടകമാണ്. സോഷ്യൽ നെറ്റുവർക്ക് സൈറ്റുകളിലൂടെ ജനങ്ങൾക്ക് അവരുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാൻ സാധിക്കുന്നു. ഇങ്ങനെ ചർച്ച ചെയ്യപ്പെടുന്ന മനുഷ്യാവകാശ സംബന്ധമായ പ്രശ്നങ്ങൾക്ക് പലപ്പോഴും ശക്തവും നിർണായകവുമായ പ്രതികരണങ്ങൾ ഉണ്ടാകാറുണ്ട്. ഈ പ്രതികരണങ്ങൾ, പൊതുസമൂഹത്തിലേക്ക് വ്യാപിക്കുന്നത് വളരെ വേഗത്തിലാണ്. മനുഷ്യാവകാശ മൂല്യങ്ങൾ വളർത്തുന്നതിലും അടിസ്ഥാന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിലും നവമാധ്യമങ്ങൾക്കുള്ള പങ്കാണ് ഇവയെല്ലാം കാണിച്ചുതരുന്നത്. മനുഷ്യാവകാശങ്ങൾക്കും മൂല്യങ്ങൾക്കും എത്രമാത്രം പ്രാധാന്യം നൽകുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു സമൂഹത്തിലെ മാധ്യമങ്ങളുടെ പ്രസക്തിയും വിശ്വാസ്യതയും നിലനില്ക്കുന്നത്.

## മനുഷ്യാവകാശങ്ങൾക്ക് ഒരു ആമുഖം

മനുഷ്യാവകാശങ്ങളെന്ന ആശയത്തിന് മനുഷ്യസംസ്കാരത്തോളം തന്നെ കാലപ്പഴക്കമുണ്ട്. കാലാകാലങ്ങളായി ലോകത്തിൽ നിലനിന്നിരുന്ന സംസ്കാരങ്ങൾ പലതരത്തിലുള്ള അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും പ്രാധാന്യം നല്കിയിരുന്നത് കാണാവുന്നതാണ്. ഈ സ്വാതന്ത്ര്യങ്ങളെയും അവകാശങ്ങളെയും 20-ാം നൂറ്റാണ്ടിൽ 'മനുഷ്യാവകാശങ്ങൾ' എന്നുവിളിച്ചു. പലതരത്തിലുള്ള നിയമങ്ങളിലൂടെയും പ്രഖ്യാപനങ്ങളിലൂടെയും രേഖകളിലൂടെയും വിവിധതരത്തിലുള്ള അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും മനുഷ്യസമൂഹത്തിന് ലഭ്യമായി. ഐക്യരാഷ്ട്രസഭ 1948 ഡിസംബർ 10-ാം തീയതി അംഗീകരിച്ച ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിനു (Universal Declaration of Human Rights) ശേഷമാണ് മനുഷ്യാവകാശ നിയമങ്ങൾക്കും തത്ത്വങ്ങൾക്കും ഏറെ പ്രചാരം ലഭിക്കുന്നത്.

രാഷ്ട്രത്തിൽ നിന്നോ മറ്റ് അധികാരികളിൽനിന്നോ മനുഷ്യസമൂഹ

ത്തിലെ വ്യക്തികൾക്ക് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങളെന്ന് *ഡി.ഡി. ബാസു* അഭിപ്രായപ്പെടുന്നു. ഇന്ത്യൻ പാർലമെന്റ് 1993–ൽ പാസാക്കിയ മനുഷ്യാവകാശ സംരക്ഷണ നിയമത്തിൽ മനുഷ്യാവകാശങ്ങളെ വ്യവഹരിക്കുന്നത് 'മനുഷ്യാവകാശങ്ങളെന്നത് വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം, സമത്വം, മഹത്ത്വം എന്നിവയുമായി ബന്ധപ്പെട്ടതും ഭരണഘടനയാൽ ഉറപ്പുനല്കുന്നതും അന്താരാഷ്ട്ര ഉടമ്പടികളിൽ രൂപപ്പെട്ടതും ഇന്ത്യയിലെ കോടതികളാൽ നടപ്പാക്കപ്പെടുന്ന നിയമങ്ങളാണ്' എന്നാണ്. ജാതി, മതം, വർഗം, വർണം, ലിംഗം എന്നീ വ്യത്യാസങ്ങൾക്ക് അതീതമായി മനുഷ്യർക്ക് പൊതുവായി നല്കിയിരിക്കുന്ന ചില അവസ്ഥകളും സാഹചര്യങ്ങളുമാണ് മനുഷ്യാവകാശങ്ങളെന്ന് ചുരുക്കത്തിൽ വിലയിരുത്താം. ലോകത്തിലുള്ള എല്ലാ ഭരണകൂടങ്ങളും മനുഷ്യാവകാശങ്ങളുടെ പോഷണത്തിനും സംരക്ഷണത്തിനും വളരെയധികം പ്രാധാന്യം നല്കുന്നു. ഒരു ഭരണകൂടത്തിന്റെ യശസ്സ് നിലനില്ക്കുന്നത് ആ ഭരണകൂടം മനുഷ്യാവകാശങ്ങളോടും മനുഷ്യാവകാശ തത്ത്വങ്ങളോടും എത്രമാത്രം ആദരവും ബഹുമാനവും കാണിക്കുന്നുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ്. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും ഭരണഘടനാ നിയമങ്ങളിലൂടെയും മറ്റ് അനുബന്ധ നിയമങ്ങളിലൂടെയും മനുഷ്യാവകാശങ്ങൾക്ക് പ്രാമുഖ്യം നല്കുന്നുണ്ട്.

## നവമാധ്യമങ്ങളുടെ പങ്ക്

മനുഷ്യാവകാശ അവബോധം സൃഷ്ടിക്കുന്നതിലും മനുഷ്യാവകാശ ലംഘനങ്ങളെ തടയുന്നതിലും നവമാധ്യമങ്ങൾക്കുള്ള പങ്ക് നിർണായകമാണ്. ആശയവിനിമയത്തിന് വേണ്ട ഇടനിലക്കാരൻ എന്നാണല്ലോ മാധ്യമം എന്ന പദത്തിന്റെ സാമാന്യ അർഥം. അച്ചടി, ദൃശ്യ-ശ്രവ്യ ഉപാധികളെല്ലാം മാധ്യമത്തിൽ ഉൾപ്പെടുന്നു. മാധ്യമമെന്ന പദത്തിന്റെ അർഥവ്യാപ്തി ഇന്ന് വിപുലമാണ്. സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിലെ സമസ്തമേഖലകളെയും സാധ്യതകളെയും മാധ്യമങ്ങൾ ഉൾക്കൊള്ളുന്നു. നവീന സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് ആശയവിനിമയത്തിന് ഉപയോഗിക്കുന്ന മാധ്യമങ്ങളെയാണ് നവമാധ്യമങ്ങളെന്ന് പൊതുവെ വിളിക്കുന്നത്.

1993–ൽ വിയന്നായിൽ മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനായി നടത്തിയ ലോകസമ്മേളനം മനുഷ്യാവകാശ സംരക്ഷണത്തിൽ മാധ്യമങ്ങളുടെ പങ്ക് എടുത്തുപറയുന്നു. മനുഷ്യാവകാശങ്ങളുടെയും മനുഷ്യാവകാശ പ്രശ്നങ്ങളുടെയും നിജസ്ഥിതി അറിയുന്നതിനും സ്വതന്ത്രമായ വിലയിരുത്തലുകൾ നടത്തുന്നതിലും നവമാധ്യമങ്ങൾക്ക് നിർണായകമായ ഒരു സ്ഥാനം ഉണ്ട്. രാഷ്ട്രത്തിനുള്ളിൽ നിന്നുകൊണ്ട് വ്യക്തികൾക്കും സമൂഹത്തിനും അർഹമായ സ്വാതന്ത്ര്യങ്ങൾ നേടിയെടുക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നവമാധ്യമങ്ങളുടെ ഇടപെടലുകളിലൂടെ സാധ്യമാകുന്നു.

വ്യക്തികളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമായി ബന്ധപ്പെട്ട്

മാധ്യമങ്ങൾക്ക് രണ്ടുതരത്തിലുള്ള പങ്കാണ് ഉള്ളത്. ഒന്ന്, മനുഷ്യാവകാശങ്ങളുടെ സംരക്ഷണം. അജ്ഞരായ ജനങ്ങളെ അവബോധപരിപാടികളിലൂടെ അടിസ്ഥാന അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും കുറിച്ച് ബോധമുള്ളവരാക്കുക. മനുഷ്യാവകാശ ലംഘനങ്ങളും സ്വാതന്ത്ര്യ നിഷേധങ്ങളും സമയാസമയങ്ങളിൽ ലോകജനതയെ അറിയിച്ച് പൊതുജനാഭിപ്രായം രൂപീകരിക്കുക. മനുഷ്യാവകാശ ലംഘകർക്ക് രാഷ്ട്രവും സമൂഹവും നല്കുന്ന ശിക്ഷകൾ ലോകത്തെ അറിയിക്കുക. ഈ ശിക്ഷകൾ ലോകജനത അറിയുന്നതിലൂടെ മനുഷ്യാവകാശ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് അവരിൽ അവബോധം വളരുകയും മനുഷ്യാവകാശ ലംഘനങ്ങളുടെ അളവ് കുറയുന്നതിന് കാരണമാവുകയും ചെയ്യും. ഇങ്ങനെ മനുഷ്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും മനുഷ്യാവകാശ മൂല്യങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് മാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്.

രണ്ട്, മനുഷ്യാവകാശങ്ങളുടെ ലംഘനം. മാധ്യമങ്ങൾ വ്യക്തികളുടെയും ജനങ്ങളുടെയും അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ലംഘിക്കുന്ന കാഴ്ചകൾ കാണാവുന്നതാണ്. മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ പലപ്പോഴും വ്യക്തികളുടെ സ്വകാര്യതയിലേക്ക് കടന്നുകയറാറുണ്ട്. മൊബൈലുകളിലൂടെയും ഇന്റർനെറ്റിലൂടെയും പല വ്യക്തികളുടെയും പ്രത്യേകിച്ച്, സ്ത്രീകളുടെ നഗ്നതയും സ്വകാര്യതകളും സമൂഹത്തിലേക്ക് കൊണ്ടുവരാറുണ്ട്. ഇത് പിന്നീട് പലരെയും ആത്മഹത്യയിലേക്കും മാനസിക സംഘർഷത്തിലേക്കും നയിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മാധ്യമങ്ങൾ അതിഭാവുകത്വം കലർത്തി റിപ്പോർട്ട് ചെയ്യാറുണ്ട്. പക്വതയില്ലാത്ത വ്യക്തികൾ ലൈംഗികതയും കുറ്റകൃത്യങ്ങളും മാധ്യമങ്ങളിലൂടെ അറിയുകയും കാണുകയും ചെയ്യുമ്പോൾ അവരിലും വികലമായ വാസനകൾ രൂപംകൊള്ളുന്നു. ഇവ പിന്നീട് മനുഷ്യാവകാശ ലംഘനങ്ങളിലേക്കും കുറ്റകൃത്യങ്ങളിലേക്കും വഴിതെളിക്കുന്നു. ഇത് സമൂഹത്തിന്റെ ധാർമികതയും സ്വൈര ജീവിതവും നശിപ്പിക്കും. ചിലപ്പോൾ അച്ചടിമാധ്യമങ്ങൾ ലേഖനങ്ങളിലൂടെ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും മോശമായി ചിത്രീകരിക്കാറുണ്ട്. സംഭവങ്ങളുടെയും ആരോപണങ്ങളുടെയും നിജസ്ഥിതി അറിയാതെ ഇത്തരത്തിലുള്ള സമീപനങ്ങൾ മാധ്യമങ്ങൾ സ്വീകരിച്ചാൽ ഇവയും കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ്. അതിഭാവുകത്വം നിറഞ്ഞ എല്ലാ വാർത്താവതരണങ്ങളും മനുഷ്യാവകാശ ലംഘനത്തിന്റെ ഭാഗമാണ്.

## നവമാധ്യമങ്ങളുടെ ചുമതലകൾ

പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും സമൂഹത്തിന്റെ ക്രമം നിലനിറുത്തുന്നതിലും നവമാധ്യമങ്ങൾക്ക് നിർണായകമായ ചുമതലകൾ ഉണ്ട്. മനുഷ്യാവകാശ ലംഘനങ്ങളും അതിക്രമങ്ങളും റിപ്പോർട്ടുചെയ്യുന്ന

തിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും നവമാധ്യമങ്ങൾ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഏറ്റവും നല്ല ഉദാഹരണമാണ് 'ദി ഹബ്' (The Hub) എന്ന മീഡിയാ സൈറ്റ്. മനുഷ്യാവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോകൾ, വീഡിയോകൾ, ഓഡിയോകൾ, പ്രതികരണങ്ങൾ ഇവ പങ്കുവയ്ക്കാനുള്ള ഒരു മാധ്യമമായി ഇന്ന് 'ദി ഹബ്' മാറിയിരിക്കുന്നു. മനുഷ്യാവകാശ ലംഘനങ്ങൾ ലോകത്തെ അറിയിക്കുന്നതിനും പ്രതികരണങ്ങൾ ക്രോഡീകരിക്കുന്നതിനുമുള്ള ഒരു ജാലകമായി ഈ വെബ്സൈറ്റ് മാറിയിരിക്കുന്നു.

നവമാധ്യമങ്ങൾക്ക് വിവിധ മാർഗങ്ങളിലൂടെ മനുഷ്യാവകാശങ്ങളിലും അടിസ്ഥാന സ്വാതന്ത്ര്യങ്ങളിലും അവബോധം സൃഷ്ടിക്കുവാൻ സാധിക്കും. അവയിൽ ചിലത്:

- മനുഷ്യാവകാശ സംരക്ഷണത്തിന്റെ ആവശ്യത്തെക്കുറിച്ചും അടിസ്ഥാന അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും കുറിച്ചും പൊതുവായി അവബോധം ഉണ്ടാകുന്ന രീതിയിൽ മാധ്യമങ്ങളിലൂടെ വസ്തുതകളും പരിപാടികളും അവതരിപ്പിക്കുക.
- മനുഷ്യാവകാശ സംരക്ഷണത്തിന്റെ ആവശ്യം ജനങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി പത്രം, മാസിക തുടങ്ങിയ മാധ്യമങ്ങളിൽ ഒരു കോളംതന്നെ മാറ്റിവയ്ക്കുക.
- അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റിയും മനുഷ്യാവകാശ ലംഘനങ്ങൾ സൃഷ്ടിക്കുന്ന പരിണതഫലങ്ങളെപ്പറ്റിയും ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുക.
- മനുഷ്യാവകാശങ്ങളെയും അടിസ്ഥാന സ്വാതന്ത്ര്യങ്ങളെയും കുറിച്ച് അവബോധം ഉണ്ടാക്കുന്ന സിനിമകൾ, ഹ്രസ്വചിത്രങ്ങൾ, ബ്ലോഗുകൾ, എസ്.എം.എസുകൾ തുടങ്ങിയവ സമൂഹത്തിൽ പ്രചരിപ്പിക്കുക.
- പ്രധാന മനുഷ്യാവകാശ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ഉരുത്തുരിഞ്ഞുവരുന്ന ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയും ചെയ്യുക.
- ഒരു പ്രത്യേക പ്രശ്നത്തെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും ലോകമെമ്പാടുമുള്ള മറ്റ് ജനങ്ങളെ അറിയിക്കുക.
- ഏതെങ്കിലും ഭരണകൂടമോ ഭരണാധികാരിയോ അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നിഷേധിക്കുകയോ ചവിട്ടിമെതിക്കുകയോ ചെയ്താൽ അവ ലോകജനതയുടെ മുന്നിൽ എത്തിക്കുകയും പൊതുജനാഭിപ്രായം രൂപീകരിക്കുകയും ചെയ്യുക.

കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ മുമ്പ് ഉണ്ടാകാത്ത രീതിയിൽ ചർച്ചചെയ്യുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും ഇവിടുത്തെ അച്ചടി-ദൃശ്യ മാധ്യമങ്ങൾക്ക്

സാധിച്ചു. ഫാസിസ്റ്റ് സ്വേച്ഛാധിപത്യ പ്രവണതയിലേക്ക് പോകുന്ന ഭരണ കൂടത്തെ തടയുന്നതിനും കൂടുതൽ മെച്ചമായ രീതിയിൽ പൗരാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിനും മനുഷ്യാവകാശ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിലും നവമാധ്യമങ്ങളുടെ ചുമതല വളരെ വലുതാണ്.

## നവമാധ്യമങ്ങളുടെ സ്വാധീനം

വ്യക്തിയുടെ ജീവൻ, സ്വകാര്യത, ആശയങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവകാശം, രാഷ്ട്രീയ അവകാശങ്ങൾ, മതപരമായ സ്വാതന്ത്ര്യങ്ങൾ, വിദ്യാ ഭ്യാസത്തിനുള്ള അവകാശം, പരിസ്ഥിതിയുമായി ബന്ധപ്പെട്ട അവകാശങ്ങൾ ഇവയെല്ലാം മനുഷ്യാവകാശങ്ങളുടെ പരിധിയിൽ വരുന്നവയാണ്. ഇവയു മായി ബന്ധപ്പെട്ട അവകാശലംഘനങ്ങൾ പുറത്തുകൊണ്ടുവരുവാൻ നവ മാധ്യമങ്ങൾ നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്. ഇന്ന് മനുഷ്യാവകാശ ലംഘനങ്ങളോടുള്ള മാധ്യമങ്ങളുടെ പ്രതികരണം, മനുഷ്യാവകാശ പ്രശ്ന ങ്ങളെക്കുറിച്ച് മാധ്യമങ്ങളുടെ നിലപാടുകൾ ഇവ വളരെ പ്രധാനപ്പെട്ടതാ ണ്. സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങൾ, രാഷ്ട്രം രൂപീകരി ക്കുന്ന നയങ്ങൾ, സാമ്പത്തിക ഭദ്രതയ്ക്കു വേണ്ടി കൈക്കൊള്ളുന്ന തീരു മാനങ്ങൾ, ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ വേണ്ടി സ്വീകരിക്കുന്ന മാർഗ ങ്ങൾ എന്നിവയിൽ മനുഷ്യാവകാശങ്ങളും മൂല്യങ്ങൾക്കുമുള്ള സ്ഥാനം എന്ത് എന്ന് വിശകലനം ചെയ്യുന്നതിനും അവ ജനസമൂഹത്തെ അറിയി ക്കുന്നതിനും നവമാധ്യമങ്ങൾക്ക് സുപ്രധാനമായ പങ്ക് ഉണ്ട്. ജനദ്രോഹ നയങ്ങളും തീരുമാനങ്ങളും തിരുത്തുന്നതിനും ജനങ്ങൾക്ക് ഗുണകരവും ഉപകാരപ്രദവുമായ നിയമങ്ങളും നയങ്ങളും രൂപീകരിക്കുന്നതിലും നവമാ ധ്യമങ്ങൾക്കുള്ള സ്വാധീനം വളരെ വലുതാണ്.

വിദ്യാഭ്യാസം, വികസനം, തൊഴിൽ, പരിസ്ഥിതി, ആരോഗ്യസംര ക്ഷണം ഇവയുമായി ബന്ധപ്പെട്ട മനുഷ്യാവകാശങ്ങളുടെയും സ്വാതന്ത്ര്യ ങ്ങളുടെയും ലംഘനം പൊതുജനമധ്യത്തിൽ എത്തിക്കാൻ നവമാധ്യമ ങ്ങൾക്ക് കഴിയുന്നുണ്ട്. ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിനായി രാഷ്ട്രം രൂപീകരിച്ചിരിക്കുന്ന സേനയാണല്ലോ പോലീസ്. പക്ഷേ, റിപ്പോർട്ടുകളും വസ്തുതകളും ചൂണ്ടിക്കാണിക്കുന്നത് ഏറ്റവും കൂടുതൽ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നത് പോലീസ് സേനയാണെന്നാണ്. ലോക്കപ്പ് മരണങ്ങൾ, മനുഷ്യത്വരഹിത പ്രവർത്തന ങ്ങൾ, പീഡനമുറകൾ, മറ്റ് ക്രൂരതകൾ ഇവ ജനസമൂഹത്തെ അറിയിക്കു ന്നതിൽ നവമാധ്യമങ്ങൾക്ക് നിർണായകമായ പങ്ക് ഉണ്ട്. അമേരിക്കൻ സൈന്യം ഗോണ്ടിനാമോ തടവറയിലെ യുദ്ധത്തടവുകാരോട് കാണിക്കുന്ന ക്രൂരമായ പീഡനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും പുറംലോകം അറി ഞ്ഞത് നവമാധ്യമങ്ങളിലൂടെയാണ്. ജനസംരക്ഷകരാകേണ്ട പോലീസ് കേര

ളത്തിൽ നടത്തിയിട്ടുള്ള പല ക്രൂരതകളുടെയും പീഡനങ്ങളുടെയും ഞെട്ടിക്കുന്ന യാഥാർഥ്യങ്ങൾ നവമാധ്യമങ്ങളിലൂടെ ഇന്ന് പൊതുജനം അറിഞ്ഞുകഴിഞ്ഞു. അവകാശലംഘനങ്ങൾ പുറത്തുകൊണ്ടുവരുന്നതിലും അടിസ്ഥാന അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും കുറിച്ച് അവബോധമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിലും നവമാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണ്.

## മനുഷ്യാവകാശ നിയമങ്ങളും നവമാധ്യമങ്ങളും

അന്തർദേശീയ തലത്തിലും ദേശീയതലത്തിലും മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനായി രൂപീകരിക്കുന്ന നിയമങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിനും അവയ്ക്ക് പ്രചാരം നേടിക്കൊടുക്കുന്നതിലും നവമാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. മനുഷ്യാവകാശങ്ങളുടെയും അടിസ്ഥാന സ്വാതന്ത്ര്യങ്ങളുടെയും സംരക്ഷണത്തിനും പോഷണത്തിനുമായി ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഒട്ടനവധി നിയമങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആഗോള മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights), അന്തർദേശീയ അവകാശ ഉടമ്പടികൾ (International Covenents of Human Rights), ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ രൂപംനല്കിയ പല നിയമങ്ങൾ-ഇവ അന്താരാഷ്ട്ര മനുഷ്യാവകാശനിയമങ്ങൾക്ക് ഉദാഹരണങ്ങളാണ്. മൗലിക അവകാശങ്ങൾ (Fundamental Rights), നിർദേശകതത്ത്വങ്ങൾ (Directive Principles of State Policy) ഇവ ഇന്ത്യൻ ഭരണഘടനയിൽ കാണുന്ന മനുഷ്യാവകാശനിയമങ്ങളാണ്. കൂടാതെ 1993-ൽ ഇന്ത്യാ ഗവൺമെന്റ് മനുഷ്യാവകാശ സംരക്ഷണ നിയമവും, 2005-ൽ വിവരാവകാശ നിയമവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുനിയമവും, 2006-ൽ വനാവകാശ നിയമവും, 2009-ൽ വിദ്യാഭ്യാസ അവകാശനിയമവും 2012-ൽ ഭക്ഷ്യസുരക്ഷാനിയമവും പാസ്സാക്കിയിട്ടുണ്ട്. മനുഷ്യാവകാശ സംരക്ഷണ നിയമത്തിലൂടെയാണ് ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും ഇന്ത്യയിൽ രൂപീകൃതമായിട്ടുള്ളത്. ഈ നിയമങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം മനുഷ്യാവകാശ സംരക്ഷണവും പോഷണവുമാണ്.

നവമാധ്യമങ്ങളിലൂടെ ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള മനുഷ്യാവകാശ നിയമങ്ങളെ പൊതുജനങ്ങളെ അറിയിക്കുന്നതിനും അവരിൽ അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. നവമാധ്യമങ്ങളിലൂടെ ഈ നിയമങ്ങളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും സ്വരൂപിക്കുന്നതിനും സാധിക്കുന്നുണ്ട്. മനുഷ്യാവകാശ നിയമങ്ങളുടെ നടത്തിപ്പിനെയും സംരക്ഷണത്തെയും നവമാധ്യമങ്ങൾ സഹായിക്കുന്നുണ്ട്. സർക്കാർ നൽകുന്ന കമ്പ്യൂട്ടർ സാക്ഷരത മനുഷ്യാവകാശസംരക്ഷണത്തിന്റെ ഭാഗമാണ്.

ഒരു ജനാധിപത്യരാഷ്ട്രത്തിൽ നവമാധ്യമങ്ങളുടെ പങ്ക് വളരെ വലു

താണ്. പൗര, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ഇവയുമായി ബന്ധപ്പെട്ട അവകാശലംഘനങ്ങൾ പുറത്തുകൊണ്ടുവരുന്നതിനും നവമാധ്യമങ്ങൾക്ക് മുഖ്യപങ്കുണ്ട്. എസ്.എം.എസുകൾ, ഫേസ്ബുക്ക്, ട്വിറ്റർ, ഓർക്കൂട്ട്, ബ്ലോഗുകൾ തുടങ്ങിയവയിലൂടെ ആശയങ്ങളും വിവരങ്ങളും കൈമാറുന്നതിനും പെട്ടെന്നുതന്നെ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും ഇന്ന് സാധിക്കുന്നു. സമൂഹത്തിന്റെ മാറ്റങ്ങളാണ് നവമാധ്യമങ്ങളിലൂടെ പ്രതിഫലിക്കുന്നത്. മനുഷ്യാവകാശ സങ്കല്പങ്ങൾക്ക് ദേശീയതലത്തിലും അന്തർദേശീയതലത്തിലും പുത്തൻ നിർവചനങ്ങളും, മേഖലകളും, സമവാക്യങ്ങളും നല്കുവാൻ നവമാധ്യമങ്ങൾക്ക് സാധിക്കുമെന്നതിൽ സംശയമില്ല. സാങ്കേതികവിദ്യയെ പൂർണമായി ഉപയോഗപ്പെടുത്തി കാലഘട്ടത്തിനനുസൃതമായി മനുഷ്യാവകാശങ്ങളുടെ സംരക്ഷണവും പോഷണവുമാണ് ഇന്ന് നവമാധ്യമങ്ങളിലൂടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

**ഗ്രന്ഥസൂചി**

1 Ischlin, Daniel and Martha Nandorfy. The Concise Guide to Global Human Rights, Oxford: University Press, 2007.
2 Forsythe, David. Human Rights in International Relations: Liberalism in a Realist World, Philadelphia: University Pennysylvania Press, 2001.
3. Freeman, Michael. Human Rights: An Interdisciplinary Approach, USA: Blackwell Publishers Inc., 2002.
4. Gautam, Aswani Kant. Human Rights and Justice System, New Delhi: A.P.H. Publishing Corporation, 2001.
5. Kumar, Vijay. Human Rights Dimensions and Issues, New Delhi: Anmol Publications Pvt. Ltd., 2003.
6. Reichert, Elisabeth. Social Work and Human Rights, New Delhi: Rawat Publications, 2003.
7. Robertson, A.H and J.G. Merrills. Human Rights in the World, New Delhi: Universal Law Publishing Co. Pvt. Ltd., 2005.
8. Syed, M.H. Human Rights: The Global Perspective, New Delhi: Reference Press, 2003.
9. Teeple, Gary. The Riddle of Human Rights, New York: Humanity Books, 2005.

# 21. സാംസ്കാരിക വിനിമയം: ടെലിവിഷൻ പരസ്യങ്ങളിലൂടെ

ഷീബ സി.ബി.

ദൃശ്യമാധ്യമങ്ങൾ സമൂഹത്തിലും സംസ്കാരത്തിലും എന്തിനേറെ ജീവിതത്തിന്റെ സമസ്തതലങ്ങളിലും കൊണ്ടുവരുന്ന വ്യത്യസ്തവും വ്യതിരിക്തവുമായ മാറ്റങ്ങൾക്കാണ് ലോകചരിത്രം ഇന്ന് സാക്ഷ്യം വഹിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെയും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെയും വളർച്ചയിൽ പ്രപഞ്ചം ഒരു ആഗോളഗ്രാമമായി ചുരുങ്ങിയിരിക്കുന്നു. വിനോദ-വിജ്ഞാന ആശയവിനിമയ ഉപാധികളിലൂടെ മനുഷ്യർ എത്തിപ്പിടിക്കുന്ന വിസ്മയാവഹമായ ഒരു ലോകം അത്യന്തം വിഭിന്നമാണ്. സമൂഹത്തിലുടനീളം അലയടിക്കുന്ന ഈ സാങ്കേതികവിപ്ലവം അതിന്റെ സന്ദേശങ്ങളിലൂടെ പ്രേക്ഷകനുമായി നേരിട്ട് സംവദിക്കുന്നു. ഇങ്ങനെ പ്രേക്ഷകമനസ്സുകളിൽ ആഴത്തിൽ സ്വാധീനംചെലുത്തുന്ന ജനസമ്മതിയാർജിച്ച ഒരു ബഹുജന സമ്പർക്ക മാധ്യമമാണ് ടെലിവിഷൻ. സ്രോതസ്സിൽ നിന്ന് പരിപാടി പുറപ്പെടുന്ന അതേ സമയത്ത് തന്നെ ആസ്വാദകന്റെ പക്കൽ എത്തുന്ന ഈ തത്സമയ ദൃശ്യമാധ്യമം ഇന്ന് എല്ലാ കുടുംബങ്ങളിലേയും മുഖ്യ അതിഥിയാണ്.

ലോകകാര്യങ്ങൾ നേരിട്ട് മനസ്സിലാക്കാനും വിവിധ ജനവിഭാഗങ്ങളുടെ സാംസ്കാരിക അനുഷ്ഠാനങ്ങളും ജീവിതവൈചിത്ര്യങ്ങളും സംഘർഷങ്ങളും മനസ്സിലാക്കാനും സഹായിക്കുന്ന കാഴ്ചയുടെ ഈ വിരുന്ന്, സാംസ്കാരികാനുപൂരണത്തിനും സംസ്കാരവിനിമയത്തിനും മുഖ്യകേന്ദ്രമായി നില നിൽക്കുന്നു. ജീവിത വ്യഗ്രതകളിൽ സ്വയംനഷ്ടപ്പെടുന്ന ആധുനിക മനുഷ്യൻ ടെലിവിഷന്റെ മാസ്മരിക പ്രഭാവലയത്തിൽ എത്തിപ്പെടുന്നു.

ടെലിവിഷൻ നല്കുന്ന കാഴ്ചയുടെ, കേൾവിയുടെ സുഖങ്ങളിലേക്ക് എല്ലാംമറന്ന് ഉൾചേരാനും അവന് സാധിക്കുന്നു.

## ടെലിവിഷന്റെ ഉത്പത്തി - വികാസചരിത്രം

ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ലോകചരിത്രത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് ടെലിവിഷൻ ഒരു സാമൂഹികസാംസ്കാരികവിപ്ലവത്തിന് നിദാനമായി. ലോകം കീഴടക്കാനും മനുഷ്യനെ അടിമയാക്കാനും ഈ ടെലിവിഷൻ വിപ്ലവത്തിന് കഴിഞ്ഞു. സമൂഹങ്ങളും രാഷ്ട്രങ്ങളും ഉയർത്തിക്കെട്ടിയ വൻമതിലുകളും, സംസ്കാരത്തിന്റെ വേർതിരിവുകളും, ഭാഷയുടെ ബന്ധനങ്ങളുമെല്ലാം തകർത്തെറിയാൻ ഈ ദൃശ്യശ്രാവ്യമാധ്യമം കാരണമായി. ഈ വിജയ ത്തേരോട്ടത്തിൽ ശ്രാവ്യമാധ്യമമായ റേഡിയോ കാലഹരണപ്പെടുകയും മനുഷ്യരുടെ പാരായണശീലം കുറയുകയും ചെയ്തു. എല്ലാ മാധ്യമങ്ങളെയും ഉൾക്കൊണ്ട ടെലിവിഷന്റെ അത്ഭുതാവഹമായ വളർച്ചയുടെ നിർണായകഘട്ടത്തിൽ ഉപഗ്രഹ ടി.വി.ചാനലുകൾ ആവിർഭവിക്കുകയും ദേശീയ ടെലിവിഷനുകളുടെ കുത്തക തകരുകയും ചെയ്തു. ഈ ഉപഗ്രഹചാനലുകൾ വഴി ആർക്കും എന്തും എപ്പോഴും എങ്ങനെയും എത്രവരെയും കാണാം എന്ന പരിതസ്ഥിതി സംജാതമായി. ഇതുവഴി സർക്കാരിനും മറ്റ് സാമൂഹിക ശക്തികൾക്കും ജനങ്ങളുടെ മേലുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടു. ജാതി, മതം, വാണിജ്യം, വ്യവസായം, രാഷ്ട്രീയം, ആത്മീയം തുടങ്ങി സ്ഥാപിത സങ്കുചിത താത്പര്യക്കാർ ടി. വി. ചാനലുകൾ തുടങ്ങി. ഇത്തരം ടി. വി. ചാനലുകളെ തന്നെ സാമ്പത്തികമായി പിടിച്ചുനിർത്തുന്നത് പരസ്യങ്ങളാണ്. ദൂരദർശനിലും സ്വകാര്യചാനലുകളിലും അവതരിപ്പിക്കപ്പെടുന്ന ബഹുഭൂരിപക്ഷം പരിപാടികളും പരസ്യസ്ഥാപനങ്ങൾ സ്പോൺസർ ചെയ്തവയാണ്. പരസ്യത്തിന് പഴുതില്ലാത്ത പരിപാടികൾ അവതരിപ്പിക്കാൻ ടെലിവിഷൻ സ്ഥാപനങ്ങൾക്ക് ഇപ്പോൾ പൊതുവെ താത്പര്യമില്ല. ലൈംഗികതയും അക്രമവും ആഭാസവും കുത്തിനിറച്ച പരിപാടികളിലൂടെ പരസ്യക്കാരെ ആകർഷിക്കുന്ന കാര്യത്തിൽ ചാനലുകൾ തമ്മിൽ ജീവന്മരണപോരാട്ടം നടത്തുകയാണ്.

## എന്താണ് പരസ്യം

"ഒരു ഉത്പന്നത്തിന്റെയൊ, ആശയത്തിന്റെയൊ, സേവനത്തി ന്റെയൊ പ്രചാരത്തിനായി ഒരു നിഷ്കൃഷ്ട കമ്പനിയൊ സംഘടനയൊ വ്യക്തിയൊ നടത്തുന്ന നിരപേക്ഷമായ ആശയവിനിമയമാണ് പരസ്യം."1 വ്യക്തവും നിഗൂഢവുമായ സന്ദേശങ്ങൾ പരസ്യത്തിലുണ്ടാവും. കർത്താവ്, സന്ദേശം, ചാല്, സ്വീകർത്താവ് എന്നിങ്ങനെ നാല് ഘടകങ്ങളിലൂടെയാണ് പരസ്യത്തിൽ

സാധാരണയായി ആശയവിനിമയം നടക്കുന്നത്.

സാഹിത്യവും സംസ്കാരവും ജീവിതവും മൂല്യങ്ങളും ഒരു പുതിയ സാങ്കേതികത്വത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ടെലിവിഷനിലൂടെ കടന്നുവരുന്ന പരസ്യങ്ങളുടെ സ്വാധീനം വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. കാലവും ചിന്താഗതികളും മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് നാം കണ്ണുതുറന്നാൽ കാണുന്നത് പരസ്യവാചകങ്ങളുടെ വിസ്മയകരമായ വാഗ്ധോരണികളും മനംമയക്കുന്ന ദൃശ്യങ്ങളുമാണ്. വഴിയോരങ്ങൾ, പൊതുസ്ഥലങ്ങൾ, ദൃശ്യമാധ്യമങ്ങൾ എന്നിങ്ങനെ എവിടെ നോക്കിയാലും പരസ്യങ്ങളുടെ ഒരു പ്രവാഹംതന്നെ. നിറം, മണം, രൂപം, സൗന്ദര്യം, വേഷവിധാനം മുതലായവയോട് ഒരു പ്രത്യേക മമത ഏവരിലും ജന്മസിദ്ധമായി നിലനിൽക്കുന്നിടത്തോളം കാലം ഇത്തരം സ്വാധീനങ്ങൾക്ക് മനുഷ്യനും അതുവഴി ജീവിതവും സംസ്കാരവും വശംവദമാകുന്നു.

ബോധ-അബോധ-ഉപബോധ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്ന കാഴ്ചപ്പാടുകളാണ് മന:ശാസ്ത്ര-പെരുമാറ്റ ശാസ്ത്രങ്ങൾ അറിയാവുന്ന നിർമാതാക്കൾ പരസ്യവിപണിയിലൂടെ മത്സരബുദ്ധ്യാ ചൂഷണം ചെയ്യുന്നത്. ഈ കാലഘട്ടത്തിൽ പരസ്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. കാരണം, പരസ്യങ്ങൾ ഒന്നിലേറെ തവണ മനുഷ്യമനസ്സിനെ ആകർഷിച്ചു കഴിഞ്ഞാൽ ആ ഉത്പന്നം വാങ്ങാനും ഉപയോഗിക്കാനുമുള്ള ഒരു ത്വര അറിയാതെ തന്നെ ഉള്ളിൽ അനുഭവപ്പെടുന്നു. ഒരു ഹൃദയ അടുപ്പം ആ ഉത്പന്നത്തോട് ഉടലെടുക്കുന്നു. ഇങ്ങനെ ഒരിക്കലെങ്കിലും വാങ്ങി ഉപയോഗിക്കാൻ ഒരു പരസ്യം കാരണമാകുന്നുവെങ്കിൽ പരസ്യം വിജയിച്ചതായി കണക്കാക്കാം.

അപകടകരമായ വിധത്തിൽ സൗന്ദര്യബോധമുള്ളവരാണ് ഇന്നത്തെ യുവതലമുറ. ടെലിവിഷനിലെ പരസ്യങ്ങളുടെ അതിപ്രസരമാണ് ഈ അവസ്ഥയ്ക്ക് കാരണമായി വിദഗ്ധർ ചൂണ്ടികാണിക്കുന്നത്. സൗന്ദര്യവർധക ഉത്പന്നങ്ങളാണ് ഇന്ന് പരസ്യങ്ങളിൽ നിറയുന്നത്. സൗന്ദര്യപരിപാലനം ഇന്ത്യയിൽ ഇന്ന് 11,000 കോടി രൂപയുടെ വൻകിട വ്യവസായ മേഖലയായി രൂപപ്പെട്ടിരിക്കുന്നു. പ്രതിവർഷം 30 ശതമാനം എന്ന നിരക്കിൽ വളർച്ചപ്രാപിക്കുന്നു. വെളുപ്പിനോട് അസാധാരണമാം വിധത്തിൽ പ്രതിപത്തിയുള്ള ഏഷ്യയിൽ ഏകദേശം 3,36,000 കോടി രൂപയുടെ ഫെയർനെസ്സ് ക്രീമുകൾ വിറ്റഴിയുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. “തൊലിക്ക് യുവത്വം പകരുമെന്ന വാഗ്ദാനവുമായി മാർക്കറ്റിലെത്തുന്ന ലേപനങ്ങളിൽ മിക്കതിലും ആൽഫ ഹൈഡ്രോസിക് ആസിഡ് (എ.എച്ച്.എ) എന്ന രാസപദാർഥം അടങ്ങിയിട്ടുണ്ട്. ചർമത്തിന്റെ പുറമെയുള്ള പാളിയെ അടർത്തി താഴെയുള്ള പുതിയപാളികളെ പുറത്തു കൊണ്ടു വരുന്നതിലൂടെയാണ് ഈ രാസവസ്തു തൊലിയുടെ പ്രായം കുറച്ചു കാട്ടുന്നത്. ഇത്

യഥാർഥത്തിൽ ത്വക്കിന് സ്ഥിരമായ പാടുകൾ ഉണ്ടാക്കും. സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ തടുക്കുവാനുള്ള ത്വക്കിന്റെ ശേഷി ഇതുമൂലം കുറയുന്നു. കാലക്രമേണ മുഖചർമം എളുപ്പത്തിൽ ചുവക്കുകയും പൊള്ളുകയും പൊളിയുകയും ചെയ്തേക്കാമെന്നാണ് ത്വക്ക് വിദഗ്ധരുടെ മുന്നറിയിപ്പ്.''2 ഇത്തരം പഠനങ്ങൾ സമൂഹത്തിലിറങ്ങുന്നതിന്റെ ഭാഗമായി രാസവസ്തുക്കളെ ജനങ്ങൾ ഭയപ്പെടാൻ തുടങ്ങി. അതുകൊണ്ട് എല്ലാം 'ഹെർബൽ' ആയി പ്രത്യക്ഷപ്പെടുന്ന പ്രവണതയാണ് ഇന്ന് വിപണിയിലുള്ളത്.

## പരസ്യവും യാഥാർഥ്യവും

പരസ്യങ്ങളെക്കുറിച്ച് അതിമനോഹരമായ ഒരു കഥയുണ്ട്. തീർത്തും അതിശയോക്തിപരമായ വിവരണമാണ് ഈ കഥയ്ക്കുള്ളതെങ്കിലും പരസ്യങ്ങളുടെ യഥാർഥസ്വഭാവം ഒരു പരിധിവരെ മനസ്സിലാക്കാൻ ഈ കഥയിലൂടെ നമുക്കു സാധിക്കുന്നു. ഒരിക്കൽ ഒരു മനുഷ്യൻ മരണശേഷം സ്വർഗത്തിന്റെയും നരകത്തിന്റെയും കവാടങ്ങൾക്ക് മുന്നിലെത്തി. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ എന്നും വിലമതിക്കുന്ന ദയാനിധിയായ ദൈവം അവന് ഇഷ്ടമുള്ളിടത്തേക്ക് പോകാൻ അനുവാദം നല്കി. ഏതൊരാൾക്കും ഒരു തിരഞ്ഞെടുപ്പ് മുമ്പിൽ വന്നാൽ ഉണ്ടാകുന്ന ചഞ്ചലത അവനുമുണ്ടായി. ഏത് തിരഞ്ഞെടുക്കും. ഏതാണ് നല്ലത് അവൻ സാഹചര്യങ്ങളെ വിലയിരുത്തുന്നതിന്റെ ഭാഗമായി സ്വർഗവാതിലിലേക്ക് ഒന്നുനോക്കി. അവിടെ സ്വർഗത്തിൽ ലഭിക്കുന്ന സൗകര്യങ്ങൾ എഴുതിവെച്ചിട്ടുണ്ട്. മുന്തിരി തോട്ടത്തിലെ വേലക്കാരനാകാം, പച്ച പിടിച്ചുനിൽക്കുന്ന പുൽതകിടികളിൽ വിശ്രമിക്കാം, ദേവസംഗീതം കേട്ട് ആസ്വദിക്കാം, കിളികളുടെ പാട്ട് കേട്ട് ഉറങ്ങാം അങ്ങനെയങ്ങനെ ഒരുപാട് സൗകര്യങ്ങൾ. അവൻ നരകവാതിലിൽ നോക്കി. അവിടെ അതാ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ. വലിയ വീട്, വേലക്കാർ, വിഭവ സമൃദ്ധമായ ഭക്ഷണം, വിനോദങ്ങൾ-അയാളുടെ മനസ്സ് സന്തോഷത്താൽ മതിമറന്നു. സ്വർഗീയ ഓഫറുകളിൽ താത്പര്യം തോന്നാത്ത ആ മനുഷ്യൻ നരകത്തിന്റെ ഓഫറുകൾ സ്വീകരിച്ചു. കാരണം, അയാളുടെ എക്കാലത്തേയും ഒരു വലിയമോഹമായിരുന്നു സ്വന്തമായൊരു വീട്. ഭൂമിയിലോ അത് യാഥാർഥ്യമായില്ല. മരണാനന്തര ജീവിതത്തിലെങ്കിലും തന്റെ സ്വപ്നം യാഥാർഥ്യമാകട്ടെ. അയാൾ നരകത്തിന്റെ വാതിൽ മെല്ലേ തള്ളി, മുന്നോട്ട് കാൽ എടുത്തുവെച്ചതെയുള്ളൂ നിന്ന നിൽപ്പിൽനിന്ന് താഴേക്ക് പതിക്കുന്നത് ഒരു ഉൾക്കിടിലത്തോടെ അയാൾ അറിഞ്ഞു. ഭയന്ന് ഇറുകിയടച്ച കണ്ണുകൾ തുറന്ന് അയാൾ അലറിവിളിച്ചു. അവിടത്തെ ഭയാനകമായ ബഹളത്തിനിടയിൽ ആരും ഒന്നും കേട്ടില്ല. തൊട്ടടുത്ത് അഗ്നിയിൽ കിടന്ന് പുളയുന്ന ഒരുവനോട് അയാൾ ചോദിച്ചു. ചങ്ങാതി, എന്തായിത്? ആ ബോർഡിൽ പറഞ്ഞ വീടൊക്കെ എവിടെയാണ്. മറ്റെയാൾ പറഞ്ഞു, ഓ നിങ്ങളും പെട്ടുവല്ലേ; അതുവെറും പരസ്യമായിരുന്നു സുഹൃത്തെ.

പരസ്യനിർമാതാക്കൾ അവരുടെ സ്ഥാപിത താത്പര്യങ്ങൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കാൻ ഏത് അബദ്ധമാർഗവും സത്യസന്ധ

മല്ലാത്ത ഏതുരീതിയും സ്വീകരിക്കും. അതിൽ ഒരുപരിധിവരെ അവർ വിജയംവരിക്കുന്നു. യാഥാർഥ്യവും പ്രതീതി യാഥാർഥ്യവും തമ്മിലുള്ള നിരന്തരസംഘട്ടനത്തിലൂടെ കടന്നുവരുന്ന പുതിയ ഈ സാംസ്കാരിക ഇടത്തിൽ പലപ്പോഴും മനുഷ്യനെന്ന സാമൂഹ്യജീവി തീർത്തും വഞ്ചിതരാകുന്നു. ഇലക്ട്രോണിക് സാങ്കേതികത്വത്തിൽ കുടുങ്ങി ജീവിതത്തിനും പ്രവർത്തനങ്ങൾക്കും കൂടുതൽ മാന്യത കൈവരുത്താൻ അവൻ നെട്ടോട്ടമോടുമ്പോൾ ഒരു കാലഘട്ടം തന്നെയും ഈ പ്രവാഹ ത്തിൽപ്പെട്ട് മാറിക്കൊണ്ടിരിക്കുകയാണ്. കാരണം ജീവിതത്തിനും സംസ്കാരത്തിനും അചിന്ത്യമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. നാം ജീവിക്കുന്നു എന്നതിന്റെ മാത്രമല്ല; സൃഷ്ടിപരമായി പ്രതികരിക്കുന്നു, സർഗാത്മകമായി ചിന്തിക്കുന്നു എന്നതിന്റെ അടയാളപ്പെടുത്തൽ കൂടിയാണ് മാറ്റങ്ങൾ. നമ്മിലും സമൂഹത്തിലും സംഭവിക്കുന്ന മാറ്റങ്ങളിലൂടെ നമ്മുടെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിയുന്ന പരസ്യനിർമാതാക്കൾ അവയെ മുതലെടുക്കുന്നുണ്ടെന്ന് സമ്മതിക്കാതെവയ്യ. ചിന്തയിലും പ്രവർത്തന ങ്ങളിലും ജീവിതത്തിലും മാറ്റങ്ങൾ അനിവാര്യമാണ്. ഭാവാത്മകമായ മാറ്റങ്ങളിൽ വ്യക്തി വളരുന്നതുപോലെതന്നെ നിഷേധാത്മകമായ മാറ്റങ്ങൾ അവനെ തകർക്കുന്നുണ്ടെന്നും നാം മറന്നുകൂടാ. “സമ്പദ് വ്യവസ്ഥയിലെ ചില കാര്യങ്ങൾക്ക് മാറ്റം വരാറില്ല. കുറെ പണം നഷ്ടപ്പെടുകയും കുറെ നേടുകയും ചെയ്യും. എന്നാൽ മനുഷ്യപ്രകൃതി മിക്കവാറും പഴയപോലെ നിലനിൽക്കുകയാകും ചെയ്യുക. ആകയാൽ നാം നമ്മുടെ പഴയ ധാർമികപ്രശ്നങ്ങളേയും കെട്ടിപ്പിടിച്ചുകൊണ്ടിരിക്കും; നാം നിശ്ചലമായി നിൽക്കുകയല്ല വന്നിടത്തേക്ക് തിരിഞ്ഞോടുകയുമല്ല നാം അതിവേഗം മുന്നോട്ട് കുതിക്കുകയാണ്.”3

## പരസ്യത്തിലെ തന്ത്രങ്ങൾ

സൗന്ദര്യം മിക്ക മനുഷ്യരുടെയും ദൗർബല്യമാണ്. ഈ മാനുഷിക യാഥാർഥ്യത്തെ മുൻനിർത്തിയാണ് പരസ്യനിർമാതാക്കൾ പരസ്യത്തിന് രൂപംനല്കുന്നത്. സൗന്ദര്യം, സമാധാനം, മാന്യത, ആരോഗ്യം, സമ്പത്ത്, വിശ്രമം, കുടുംബസുരക്ഷ, കുടുംബബന്ധങ്ങളുടെ നിലനിൽപ്പ്, അംഗീകാരം തുടങ്ങി ജീവിതത്തിനുവേണ്ട എല്ലാം വാഗ്ദാനംചെയ്ത് ഉത്പന്നങ്ങൾ വിപണിയിലെത്തുമ്പോൾ, സ്വീകർത്താവിന്റെ മാനസിക ശാരീരിക ഭാവങ്ങളും ദൗർബല്യങ്ങളും എങ്ങനെയെങ്കിലും സമൂഹത്തിൽ കേന്ദ്രകഥാപാത്രമായി തീരാനുള്ള ആഗ്രഹവുമാണ് ഉത്പാദകർ തന്ത്രപൂർവ്വം ചൂഷണംചെയ്യുന്നതെന്ന യാഥാർഥ്യം എടുത്തു പറയാതെ വയ്യ. പരസ്യതന്ത്രങ്ങളിൽ എറെയും കുടുങ്ങിപോകുന്നത് അഥവാ കബളിപ്പിക്കപ്പെടുന്നത് യുവതികളാണ് എന്നാണ് പൊതുധാരണയെങ്കിലും മാറിയ സാഹചര്യത്തിൽ ആബാലവൃദ്ധരും പരസ്യങ്ങളുടെ മായിക പ്രപഞ്ചത്തിൽ കാലിടറി വീണുപോകുന്നതായാണ് കാണുന്നത്. “മാർക്കറ്റ്

നിർദേശിക്കുന്ന ലേപനങ്ങൾ പുരട്ടിയും ഔഷധങ്ങൾ സേവിച്ചും സോപ്പുകൾ തേച്ചും ഓയിലുകളും ക്രീമുകളും കൊണ്ട് മസാജ്ചെയ്തും പൗഡർ കുടഞ്ഞും ചർമകാന്തി വർധിപ്പിക്കാനുള്ള ശ്രമം ഏഷ്യൻരാജ്യങ്ങളിലെ സ്ത്രീകൾ മുറയ്ക്ക് നടത്തുന്നത് ഈ വൻകച്ചവടത്തിന്റെ സൂചനയാണ്.''4

ഒരു ഔദ്യോഗികസർവേ ചൂണ്ടികാണിക്കുന്നത് ഇന്ത്യൻ യുവതികളിൽ 90 ശതമാനത്തിലധികവും 'ഫെയർനസ്സ്' ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒരു സുപ്രധാന ഘടകമായാണ് പരിഗണിക്കുന്നത് എന്നാണ്. ഈ മനോഭാവം ഉടലെടുത്താണ് സന്തൂർ സോപ്പ് ചർമംകണ്ടാൽ പ്രായംതോന്നുകയേ ഇല്ല എന്ന ഡയലോഗിലൂടെ മാർക്കറ്റ് കയ്യടക്കി സ്ത്രീകളുടെ ബലഹീനതയെ ചൂഷണം ചെയ്യുന്നത്. "ശരീരത്തിലെ അഴുക്കും മെഴുക്കും പോകുവാനാണ് നാം സോപ്പ് ഉപയോഗിക്കുന്നത്. സോപ്പിന്റെ രൂപവും വർണവും ഗന്ധവും വിലയും എന്തായാലും തേച്ചുകുളിക്കാനാണ് അത് നാം വാങ്ങാറുള്ളത്. എന്നാൽ പരസ്യ കർത്താക്കൾ ഒതുക്കമുള്ള ആകൃതി, ഹൃദ്യമായ വർണവൈവിധ്യം, കമനീയ രൂപകല്പന, മിതമായ വില തുടങ്ങിയവയ്ക്ക് പ്രാധാന്യം നല്കുന്നു. തേച്ചുകുളിക്കുന്നതിലൂടെ അഴുക്കുപോകുമെന്നതിലുപരി ചർമകാന്തി, ആരോഗ്യം, ഉന്മേഷം എന്നിവയുടെ നിർദേശത്താൽ ഉപഭോക്തൃമനസ്സുകളെ വശീകരിക്കുന്നു. കൂടാതെ സാമൂഹിക മാന്യത, പ്രണയസാഫല്യം കലഹനിവാരണം മുതലായ തൃതീയ ഗുണങ്ങൾചേർത്ത് ഉപഭോക്താവിനെ കൈക്കലാക്കുന്നു. പരസ്യകർത്താവ് ഇങ്ങനെ നടത്തുന്ന ഗുണോ പാഖ്യാനങ്ങൾ ഏറെയും അയഥാർഥമാണെന്ന വസ്തുത പരസ്യരഹസ്യ മറിയാത്ത സാധാരണക്കാർ ഓർക്കാറില്ല. ഒരേ ഉത്പന്നത്തിന് ഏതുവിപണന നാമത്തിലായാലും ഒരേ ഗുണമാണുള്ളതെന്ന വസ്തുത അവർ വിസ്മരിക്കുന്നു''.5

ചില ഫെയർനെസ് ക്രീമിന്റെ പരസ്യം കണ്ടാൽ കറുപ്പുനിറവും മുഖക്കുരുവും ഉള്ള സ്ത്രീകൾ രക്ഷപ്പെടില്ല, അവർക്ക് ആത്മവിശ്വാസ ത്തോടെ സമൂഹമധ്യത്തിൽ പ്രവർത്തിക്കാനോ നിലകൊള്ളാനോ സാധിക്കില്ല എന്നൊക്കെയാണ് അനുവാചകരുടെ മനസ്സിൽ തോന്നുന്നത്. ഇത് പരസ്യങ്ങൾ നല്കുന്ന ഒരു സന്ദേശമാണ്. അവർ കണ്ണാടിയിൽ നോക്കുമ്പോൾ അവരുടെ ഇരുണ്ടചർമവും മുഖക്കുരവും ആത്മ വിശ്വാസംകെടുത്തുന്നു. ഇത്തരം ചർമസവിശേഷതയുള്ള സ്ത്രീകൾ ജന്മനായുള്ള കറുപ്പുനിറവും വളർച്ചയുടെ ഭാഗമായുണ്ടാകുന്ന മുഖക്കുരുവും കാരണം ജീവിതംതന്നെ വെറുത്ത് ആത്മഹത്യാവക്കിൽ എത്തി നിൽക്കയാണ്. ഈ സ്ത്രീയുടെ മുമ്പിലേക്കാണ് ഒരു ട്യൂബ് ഫെയർനെസ്സ് ക്രീം ഈശ്വരന്റെ രൂപത്തിൽ അവതരിക്കുന്നത്. വെറും മൂന്ന് ആഴ്ചകൊണ്ട് കറുത്ത സ്ത്രീ വെളുത്ത് സുന്ദരിയായി ആത്മവിശ്വാസത്തോടെ സമൂഹമധ്യത്തിൽ ഏവർക്കും മാതൃകയായി മാറുന്ന കാഴ്ചയാണ് ഈ പരസ്യങ്ങൾ പറഞ്ഞുവയ്ക്കുന്നത്. പരസ്യനിർമാതാക്കൾ നവീന സാങ്കേതികത്വം ഉപയോഗിച്ചാണ് മോഡലിനെ കറുപ്പിൽ നിന്ന് വെളുപ്പിലേക്ക്

വെറും മൂന്ന് ആഴ്ചയുടെ സാവകാശത്തിൽ എത്തിക്കുന്നത് എന്നത് മനസ്സിലാക്കാതെ, കറുപ്പ് നിറം ഒരു അപകർഷതയായി മനസ്സിലുള്ള എല്ലാവരും ഉടനെ ഈ ഫെയർനെസ് ക്രീംതേച്ച് വെളുക്കാനുള്ള ശ്രമം ആരംഭിക്കുകയായി. മലയാളിയുടെ സൗന്ദര്യസങ്കല്പങ്ങളിൽ വെളുത്ത വർക്കു മാത്രമെ സൗന്ദര്യമുള്ളൂ എന്ന ധാരണ ഇവിടെ തെളിഞ്ഞുവരുന്നു. ഇത് ആധുനികകാലത്തെ ഒരു മിഥ്യാധാരണയാണ്. "അധികാരത്തിന്റെയും മേധാവിത്വത്തിന്റെയും ചൂഷണത്തിന്റെയും വർണമെന്ന നിലയിൽ മാത്രം നമ്മോട് ഇടപ്പെട്ട വെളുപ്പിനെ ഉത്തമ വർണമായിക്കണ്ട് ഭ്രമിച്ച് വശപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്ന നമ്മുടെ സൗന്ദര്യ ബോധത്തിന് സാരമായ എന്തോ തകരാറുണ്ട്."6. 'മുഖത്തിന്റെ മനോ ഹാരിതയല്ല സൗന്ദര്യം, ഹൃദയത്തിന്റെ പ്രകാശമാണ്' എന്ന ഖലീൽ ജിബ്രാന്റെ സൗന്ദര്യസങ്കല്പത്തിലേക്ക് എന്നാണ് മലയാളി എത്തിച്ചേരുക?

## പരസ്യങ്ങളും സമൂഹവും

ഇന്നു നാം കാണുന്ന പരസ്യങ്ങൾ യഥാർഥത്തിൽ എന്താണ്. ഒരു വസ്തുവിനെ പരിചയപ്പെടുത്തുകയൊ ആ വസ്തുവിനെകുറിച്ച് മറ്റുള്ളവർക്ക് അറിവ് കൊടുക്കുകയൊ ചെയ്യുന്നതാണ് പരസ്യം. കമ്പോള വത്കരണം അതിന്റെ ആധിപത്യം പുലർത്തിത്തുടങ്ങിയിരുന്ന കാലത്ത് തന്നെ പരസ്യങ്ങളുടെ സ്വാധീനം ആരംഭിച്ചിരുന്നുവെന്ന് കണ്ടെത്താനാകും. കമ്പോളത്തിൽ എത്തുന്നതിനുമുമ്പേ ആ ഉത്പന്നത്തെകുറിച്ച് അതി മനോഹരമായ വർണനകൾ പരസ്യത്തിലൂടെ വരുന്നു. നാം ജീവിക്കുന്ന സമൂഹവും സാഹചര്യങ്ങളും വിലയിരുത്തുമ്പോൾ സ്വകാര്യവത്കരണം രാജ്യത്തിന്റെ സമ്പത്വ്യവസ്ഥയ്ക്കെന്നപോലെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ നിലവാരത്തിനും ഉതകുമെന്ന് കരുതി യെങ്കിലും 1991 ൽ സ്വകാര്യചാനലുകൾ രംഗപ്രവേശം ചെയ്തതോടെ ദൂരദർശൻ ഉൾപ്പെടെ എല്ലാ ചാനലുകളുടെയും ഏകലക്ഷ്യം പരസ്യ ങ്ങളിലൂടെ പണമുണ്ടാക്കുക എന്നത് മാത്രമായി. "തരംതാണ പരിപാടികൾ അവതരിപ്പിച്ച് ജനശ്രദ്ധ ആകർഷിക്കുകയും ആ അവസരം ഉപയോഗിച്ച് തങ്ങളുടെ പരസ്യങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുക എന്ന സ്പോൺസർ മാരുടെ തന്ത്രത്തിന് ഒത്താശ ചെയ്യുക മാത്രമാണ് ദൂരദർശനും സ്വകാര്യചാനലുകളും ചെയ്യുന്നത്".7

ഉപ്പുമുതൽ കർപ്പൂരം വരെയെന്നല്ല ഇന്നത്തെ സാഹചര്യത്തിൽ പറയേണ്ടത്, നമുക്കുചുറ്റുമുള്ള സകലമാന സാധനങ്ങൾക്കും പരസ്യ ങ്ങളുടെ പ്രളയമാണ്. ബ്രഷ്, പേസ്റ്റ്, സോപ്പ് തുടങ്ങി നിത്യോപയോഗ സാധനങ്ങളും ടി.വി., ഫ്രിഡ്ജ് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും തുണി, പാത്രങ്ങൾ, ഭക്ഷണം, കിടക്ക, പെയിന്റ്, കാർ തുടങ്ങി പരസ്യം ഇല്ലാത്ത ഒരു വസ്തുപോലും ഇന്ന് നമുക്കില്ല. കേരളത്തിൽ പരസ്യത്തിന്റെ സ്വാധീനത്തിൽപ്പെട്ട് ഉപഭോക്താക്കൾ ഏറ്റവും കൂടുതലായി വാങ്ങുന്നവ

സോപ്പും സൗന്ദര്യവർധകവസ്തുക്കളുമാണെന്ന് പഠനങ്ങൾ ചൂണ്ടി കാണിക്കുന്നു. ഡോ.സുരേഷ് മണിമലയും ഡോ.വി.മുകുന്ദദാസും നടത്തിയ പഠനങ്ങളിൽ കാണുന്നത്, ഉപഭോക്താക്കൾ വാങ്ങുന്നവയിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്നത് ശീതളപാനീയങ്ങളാണ് എന്നാണ്. യുവ തലമുറയെ വല്ലാതെ ആകർഷിക്കുന്നത് ഇത്തരം വിവിധ നിറങ്ങളിൽ ലഭി ക്കുന്ന പാനീയങ്ങളാണ്. പരസ്യങ്ങളോടുള്ള ഇഷ്ടം ഒന്നുകൊണ്ടു മാത്രം ഉത്പന്നങ്ങൾ വാങ്ങുന്നവരും പരസ്യങ്ങൾ ഉണ്ടാക്കുന്ന ആകാംക്ഷയെ ശമിപ്പിക്കാൻ ഉത്പന്നങ്ങൾ വാങ്ങുന്നവരും സമൂഹത്തിലുണ്ട്. ഭൂരി പക്ഷത്തിനും പരസ്യത്തിന്റെ സത്യസന്ധത ഒരു പ്രശ്നമേയല്ല. ഉത്പന്നത്തിന്റെ ഗുണത്തെ മൂല്യവിചാരണചെയ്യാതെ പരസ്യത്തിന്റെ സ്വാധീനത്തിൽപ്പെട്ട് വാങ്ങുന്നവരാണ് അധികവും. അമിതമായപ്രചരണം, മോശപ്പെട്ട അവതരണം എന്നിവമൂലം ചില പരസ്യങ്ങളോട് താത്പര്യം തോന്നാത്തവരും അതുകൊണ്ടുതന്നെ ആ ഉത്പന്നങ്ങളോട് മമത പുലർത്താത്തവരും സമൂഹത്തിൽ സർവസാധാരണമാണ്. ചുരുങ്ങിയ വാക്കുകളിൽ അത്യന്തം ആകർഷകമായി അണിയിച്ചൊരുക്കുന്ന പരസ്യദൃശ്യങ്ങൾ കാണുമ്പോൾ അത്തരം ഉത്പന്നങ്ങൾ വാങ്ങിക്കാനുള്ള ആഗ്രഹം സ്വാഭാവികമാണ്. എന്നാൽ പരസ്യങ്ങൾ കണ്ടാലും ഇല്ലെങ്കിലും ഗുണനിലവാരം ഉള്ളവയെ കണ്ടെത്താൻ സമൂഹത്തിന് കഴിയണം.

## പരസ്യങ്ങളിലെ മന്ത്രവാക്യം

'അനന്വയ വിപണന നിദേശം' (USP-unique selling proposition) ആണ് പരസ്യത്തിന്റെ കേന്ദ്രമായി നിലനിൽക്കുന്നത്. സ്വന്തം ഉത്പന്നത്തിന്റെ മൂല്യവും മാഹാത്മ്യവും ഉയർത്തിക്കാണിച്ച് ഇടതടവില്ലാതെ പ്രഘോഷിച്ച് നടത്തുന്ന സൈദ്ധാന്തികവും നിർദേശാത്മകവുമായ പ്രചരണതന്ത്രമാണ് അനന്വയ വിപണന നിദേശം. ഇത്തരം വിപണന തന്ത്രങ്ങളിലൂടെ കടന്നുവരുന്ന സന്ദേശം; ഉത്പന്നം വാങ്ങിക്കാൻ അനുവാചകനെ നിർബന്ധിക്കുകയും ആ പരസ്യത്തിന്റെ മാസ്മരികതയിൽ സ്വയംനഷ്ടപ്പെട്ട് കൃത്യമായ മൂല്യനിർണയത്തിന് മുതിരാതെ ആ ഉത്പന്നത്തിന്റെ ഉപഭോക്താവായി മാറുകയും ചെയ്യുന്നു. പരസ്യത്തിൽ അലിഞ്ഞ ജീവിതമാണ് ഇന്ന് സമൂഹത്തിൽ നിലനിൽ ക്കുന്നത്. പരസ്യത്തിൽ കാണാത്ത കേൾക്കാത്ത ഒരു സാധനവും വാങ്ങിക്കുവാൻ സമൂഹം ഇന്ന് തയ്യാറാകുന്നില്ല. അത്രയ്ക്കധികം സ്വാധീനം ജീവിതത്തിൽ ചെലുത്താൻ പരസ്യങ്ങൾക്ക് സാധിക്കുന്നു. ഇതുതന്നെയാണ് പരസ്യത്തിന്റെ പരസ്യമായ മഹാരഹസ്യം.

പരസ്യങ്ങൾക്ക് മാധ്യമങ്ങളും മാധ്യമങ്ങൾക്ക് പരസ്യങ്ങളും ഒഴിച്ചുകൂടാനാവാത്ത വിധത്തിൽ അവ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. പരസ്യങ്ങളിൽ സാരി എപ്പോഴും വിവാഹവുമായി ബന്ധപ്പെട്ടതാണ് എന്ന് നിരവധി സൂചനകൾകൊണ്ട് വ്യക്തമാക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ

പ്രതിച്ഛായ ഇതിൽ കണ്ടെത്താൻ സാധിക്കുന്നു. കാരണം, മലയാളികളുടെ പഴയകാല വസ്ത്രധാരണരീതികൾ വിശേഷ അവസരങ്ങളിലേക്ക് മാത്രമായി ചുരുങ്ങിയ കാഴ്ചയാണ് ഇന്ന് കണ്ടുവരുന്നത്. സാധാരണ വ്യവഹാരജീവിതത്തിൽ നിന്ന് പാരമ്പര്യ വസ്ത്രരീതികൾ മാറിപ്പോയിരിക്കുന്നു. അനുവാചകരുടെ ഉള്ളിളക്കുന്ന ഉള്ളിനിണങ്ങുന്ന പരസ്യതന്ത്രങ്ങളിലൂടെ തയ്യാറാക്കുന്ന ദൃശ്യങ്ങളിൽ അനുവാചകന്റെ ബോധമനസ്സ് മയങ്ങിപ്പോകുകയും താൻ കണ്ടെത്തിയത് ഉൺമയാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. പരസ്യം ഒരു മായാ ജാലമാണ്. വസ്തുനിഷ്ഠമായി ചിന്തിക്കുകയും വസ്തുതാപരമായി വിലയിരുത്തുകയും ചെയ്യുമ്പോൾ യാഥാർഥ്യത്തേക്കാൾ ഉപരി മിഥ്യാബോധമാണ് പരസ്യങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് എന്ന് മനസ്സിലാക്കാം. പരസ്യങ്ങൾ പലതും അബദ്ധങ്ങളും നുണകളും പ്രചരിപ്പിക്കുന്ന വേദിയായി മാറിയിരിക്കുന്നു. ച്യവനപ്രാശം കഴിച്ച കുട്ടിക്ക് സംരക്ഷണവലയം ഉണ്ടാകുന്നതും ചില പ്രത്യേക സോപ്പു തേച്ച് ഒറ്റ കുളികൊണ്ട് സുന്ദരിയായി സമൂഹത്തിലെത്തുന്നതും ചിലയിനം എണ്ണകളുടെ ഉപയോഗത്താൽ മുടി തഴച്ചുവരുന്നതും വെറും മൂന്നാഴ്ചത്തെ ക്രീമിന്റെ ഉപയോഗം കൊണ്ട് വെളുക്കുന്നതും ഇത്തരം അബദ്ധപ്രചരണങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## പരസ്യവും ഭാഷാസംസ്കൃതിയും

പരസ്യങ്ങളില്ലാത്ത ലോകം നമുക്കിന്ന് സങ്കല്പിക്കാൻപോലും കഴിയുകയില്ല. കുറിക്കുകൊള്ളുന്ന വാക്കുകളും ഹൃദയത്തിലേക്കു കടക്കുന്ന ദൃശ്യങ്ങളുമായി പരസ്യലോകം അത്യന്തം ആകർഷകമാണ്. പഴഞ്ചൊല്ലുകൾക്ക് പകരം ഇന്ന് മിക്കവരുടെയും നാവിൻതുമ്പത്ത് നിറഞ്ഞുനിൽക്കുന്നതും കണ്ടുമുട്ടുമ്പോൾ പരസ്പരം കൈമാറുന്നതും പരസ്യങ്ങളുടെ മന്ത്രവാക്യങ്ങളാണ്. *what an idea, അതിമനോഹര മായിരിക്കുന്നു, വന്നല്ലോ വനമാല, ഒരു ചെയ്ഞ്ച് ആരാണ് ഇഷ്ട പെടാത്തത്, നിങ്ങളില്ലാതെ എനിക്കെന്താഘോഷം, വിശ്വാസം അതല്ലേ എല്ലാം* തുടങ്ങി നിരവധി പരസ്യവാചകങ്ങൾ നമ്മുടെ സംഭാഷണ രീതിയെത്തന്നെ മാറ്റിമറച്ചിരിക്കുന്നു. പരസ്യഭാഷ ദൈനംദിന ജീവിതത്തിൽ ഇടപെടുന്നു. നിമിഷങ്ങളുടെ ദൈർഘ്യമുള്ള പരസ്യങ്ങളാണ് നിത്യകാല ത്തോളം നമ്മെ നിയന്ത്രിക്കുന്ന ശക്തിവിശേഷം എന്നു പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിയാവുകയില്ല. ഭാഷ അറിയാത്ത വർക്കുപോലും കാഴ്ചകൾ പറഞ്ഞുവയ്ക്കുന്ന അറിവിന്റെ വിസ്തൃതി ഏറെ വിശാലമാണ്. കാഴ്ചകൾ അനുഭവമായി നമ്മിൽ രൂപപ്പെടുന്നു. ഇത് നാം ആശയ വിനിമയത്തിന് ഉപയോഗിക്കുന്നു. ഇങ്ങനെ പരസ്യകല കൂടുതൽ ജനകീയമാകുന്നു. ഭാഷയുടെ, സംസ്കാരത്തിന്റെ ഉള്ളറകളിലേക്ക് മാറ്റങ്ങളുടെ ശംഖൊലി മുഴക്കി പരസ്യങ്ങൾ കടന്നുവരുന്നു.

## പരസ്യങ്ങളിലെ സ്ത്രീ

പരസ്യങ്ങൾ കണ്ടാണ് ഉപഭോക്താക്കൾ ഉത്പന്നങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നത്. ശരാശരി മലയാളിയുടെ ജീവിതത്തിൽ പരസ്യങ്ങൾ ചെലുത്തുന്ന സ്വാധീനം വളരെയധികമാണ്. പരസ്യങ്ങൾ ഇല്ലെങ്കിൽ ദൃശ്യശ്രാവ്യമാധ്യമങ്ങൾ ഇല്ലാതെയാകും എന്ന അവസ്ഥയിലാണ് മാധ്യമങ്ങളും സമൂഹവും എത്തിനിൽക്കുന്നത്. വിപണി മാത്രം ലക്ഷ്യംവയ്ക്കുന്ന പരസ്യങ്ങളിലെ മുഖ്യ ഉപാധി സ്ത്രീകളാണ്. സ്ത്രീയുടെ ഉടലിനെ വില്പന-പ്രദർശന വസ്തുവാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് പരസ്യങ്ങളാണ്. സ്ത്രീ തന്നെ ഒരു ഉത്പന്നമാകുന്ന കാഴ്ചയാണ് എങ്ങും. സ്ത്രീയുമായി നേരിട്ട് ബന്ധമില്ലാത്ത പരസ്യ ങ്ങളിൽപോലും (ഉദാഹരണത്തിന് ലോട്ടറി) സ്ത്രീയുടെ ശരീരമാണ് കാഴ്ചവസ്തുവാകുന്നത്. "ആത്മഭാവത്തിന് യാതൊരു പ്രാധാന്യ വുമില്ലാത്ത ആഭാസകരങ്ങളായ ശരീരചലനങ്ങൾ എന്ന രീതിയിലാണ് വിഷ്വൽ മീഡിയ ശരീരചലനങ്ങളെ അവതരിപ്പിക്കുന്നത്."8 സ്ത്രീകളെ ശരീരം മാത്രമായി ചിത്രീകരിക്കുന്ന ഒരു സാംസ്കാരിക അധ:പതനത്തി ലേക്ക് ഇന്ന് കേരളം എത്തിച്ചേർന്നിരിക്കുന്നു. ആണുങ്ങളും പരസ്യങ്ങളും കർത്തൃസ്ഥാനീയരായും പെണ്ണുങ്ങളും വിപണിയും കർമസ്ഥാനീയരായും ആയിട്ടാണ് ഇന്ന് നമ്മുടെ സംസ്കാരം എത്തി നിൽക്കുന്നത്. പെണ്ണിന്റെ മേനിയഴകിനു മുമ്പിൽ ശിരസ്സുകുനിക്കാത്ത ഒരു ഉപഭോക്താവുമില്ല എന്ന് പരസ്യനിർമാതാക്കൾ നിഗൂഢമായി പറഞ്ഞുവയ്ക്കുന്നു. കാമുകി, ഭാര്യ, അമ്മ, സഹോദരി, സുഹൃത്ത് തുടങ്ങി സ്ത്രീ ജീവിതബന്ധിയായാണ് പരസ്യങ്ങൾ നമ്മുടെ ദർശനങ്ങളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും. സ്ത്രീസാന്നിധ്യം ഒഴിച്ചുകൂടാനാവാത്ത പരസ്യസംസ്കാരത്തിൽ സ്വന്തംശരീരത്തെക്കുറിച്ചുള്ള ഒരവബോധം സ്ത്രീകൾക്ക് നഷ്ടപ്പെട്ട അവസ്ഥയാണ് ഇന്നുള്ളത്.

## പരസ്യങ്ങളും കുട്ടികളും

കുട്ടികളെ ഏറെ ആകർഷിക്കുംവിധത്തിലാണ് അതിമാനുഷ കഥാപാത്രങ്ങളുമായി ചില പരസ്യങ്ങളുടെ വരവ്. കുട്ടികൾ ആരാധന യോടെ ഇവരെ വീക്ഷിക്കുകയും അത്തരം പരസ്യങ്ങളിൽ കാണുന്ന വയ്ക്കുവേണ്ടി വാശിപിടിക്കുകയും ചെയ്യുക സാധാരണമാണ്. ശീതളപാനീയങ്ങൾ, മധുരപലഹാരങ്ങൾ, മിഠായികൾ, ന്യൂഡിൽസ് തുടങ്ങി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന എല്ലാം പരസ്യങ്ങൾ വഴി കുട്ടികളിൽ സ്വാധീനം ചെലുത്തുന്നു. മാതാപിതാക്കൾക്ക് സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതിനു പുറമെ പരസ്യങ്ങൾ അന്ധമായ അനുകരണശീലവും കുട്ടികളിൽ രൂപപ്പെടുത്തുന്നു.

## പരസ്യങ്ങളും ധാർമികതയും

"ശാസ്ത്രവും സാങ്കേതികവിദ്യയും ജനങ്ങളുടെ അറിവും ശക്തിയും ക്ഷേമവും വർധിപ്പിക്കാനുള്ള വഴികളായി തീർന്നിരിക്കുന്നു. അതുകൊണ്ട് അവയുടെ ഉത്തരവാദിത്തപൂർണമായ ഉപയോഗത്തിന് ധാർമിക മാനദണ്ഡങ്ങൾ ആവശ്യമാണ്" 9

വാസ്തവമായതിനെ മറച്ചുവെച്ചുകൊണ്ട് അയാഥാർഥ്യമായ സംഗതികളെ മഹത്ത്വവത്കരിച്ചു കൊണ്ട് പരസ്യങ്ങളിൽ നടത്തുന്ന പ്രഖ്യാപനങ്ങൾ സമൂഹത്തിലും സംസ്കാരത്തിലും വ്യതിചലനങ്ങൾ സൃഷ്ടിക്കുന്നു. സത്യസന്ധമായ അവതരണത്തിലൂടെ ഉത്പന്നത്തിന്റെ ഗുണമേന്മയാണ് പരസ്യത്തിൽ കൃത്യമായി അവതരിപ്പിക്കേണ്ടത്. അതിശയോക്തിപരമായ നിലപാടുകൾ ഉപഭോക്താക്കളെ വഴിതെറ്റിക്കും എന്നതിനാൽ യാഥാർഥ്യങ്ങളെ മറച്ചുവയ്ക്കരുത്. മനുഷ്യാന്തസ്സിനെ മാനിക്കുന്നതും മനുഷ്യമഹത്ത്വത്തിന് പ്രാധാന്യം നല്കുന്നതും സാമൂഹ്യ പ്രതിബദ്ധത വെളിപ്പെടുത്തുന്നതും ആയിരിക്കണം പരസ്യങ്ങൾ. ആർഭാട ജീവിതത്തിനെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ വ്യക്തി ജീവിതത്തെ താളംതെറ്റിക്കും. പരസ്യത്തിൽ പറയുന്നതെല്ലാം വാങ്ങി കൂട്ടിയാൽ സ്വസ്ഥതയും സൗന്ദര്യവും ഉണ്ടാകുമെന്നും അംഗീകാരവും സുരക്ഷിതത്വവും ലഭിക്കുമെന്നുമുള്ള ധാരണയിൽ അവ വാങ്ങി കൂട്ടുകയാണ് ആധുനിക സമൂഹത്തിന്റെ പൊതുരീതി. എന്നാൽ പരസ്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട തൊന്നും ലഭിക്കാതെ സാമ്പത്തിക നഷ്ടത്തിന്റെ വേദനകൂടി അനുഭവി ക്കേണ്ടി വരുന്ന ഗതികേടിലേക്കാണ് യഥാർഥ ജീവിതം പലപ്പോഴും പ്രവേശിക്കുന്നത്.

'*വിശ്വാസം അതല്ലേ എല്ലാം*' എന്ന പേരിൽ പ്രസിദ്ധമായ ഒരു ടി.വി. പരസ്യമുണ്ട്. സ്നേഹപൂർവം വളർത്തി വലുതാക്കിയ മാതാപിതാക്കളെ ഉപേക്ഷിച്ച് ഒരുനാൾ വീടിന്റെ പടിയിറങ്ങുന്ന മകൾ ആ യാത്രയിൽത്തന്നെ കുടുംബബന്ധങ്ങളുടെ തീവ്രത മനസ്സിലാക്കി തിരിച്ചുവരുന്നു. സ്നേഹ പൂർവം സ്വീകരിക്കുന്ന പിതാവിൽ എല്ലാ ആശ്രയവും അവൾ കണ്ടെത്തു മ്പോൾ *വിശ്വാസം അതല്ലേ എല്ലാം* എന്ന പരസ്യവാചകം ഇതൾ വിടരുന്നു. ഇതിൽ അച്ഛൻ-മകൾ ബന്ധത്തിലെ വിശ്വാസത്തെ ഉപഭോക്താവും സ്വർണവും തമ്മിലുള്ള വിശ്വാസത്തോട് താരതമ്യ പ്പെടുത്തിയിരിക്കുന്നു. കുടുംബബന്ധങ്ങളിലെ മൂല്യങ്ങളെ ഉയർത്തിപ്പിടി ക്കുന്ന ഈ പരസ്യം ഏറെ ശ്രദ്ധിക്കപ്പെട്ടു എന്നത് വാസ്തവമാണ്. എന്നാൽ കുടുംബബന്ധങ്ങളെ മഹത്ത്വവത്കരിക്കുന്ന ഈ പരസ്യചിത്രത്തിൽ വിശ്വാസവഞ്ചനയുടെ ഒരു നിഗൂഢപ്രമേയം കൂടിയുണ്ടെന്ന് പറയാതെ വയ്യ.

## പരസ്യങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ച മാറ്റങ്ങൾ

കേരളത്തിൽ വർധിച്ചുവരുന്ന ആത്മഹത്യകൾക്കും കടക്കെണി കൾക്കും ഒരു പരിധിവരെ കാരണം പരസ്യങ്ങളാണ്. "മലയാളികൾ

ലളിതമായി വസ്ത്രം ധരിക്കുന്നതിൽ ശ്രദ്ധയുള്ളവരായിരുന്നു. എന്നാൽ ഇന്ന് ടെക്സ്റ്റൈൽ വിപ്ലവം ഉണ്ടാക്കിയ കിടമത്സരത്തിന്റെ ദയനീയരായ ഇരകളാണ് നമ്മൾ.''10 മനസ്സിനും ബുദ്ധിക്കും വലിയ പ്രാധാന്യം ഇല്ലാത്ത ഒരു ശരീരകേന്ദ്രീകൃത സംസ്കാരം ഇവിടെ ഉടലെടുത്തിരിക്കുന്നതിൽ പരസ്യങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. മാതൃകാപരമായും ലളിതമായും വസ്ത്രം ധരിക്കാൻ മലയാളി മറന്നുപോയിരിക്കുന്നു. പ്രകൃതിദത്തമായ ഭക്ഷണം സമൂഹത്തിൽ നിന്ന് ഇന്ന് അന്യമായിരിക്കുന്നു. ഫാസ്റ്റ് ഫുഡ്, പായ്ക്കറ്റ്ഫുഡ് എന്നീ മാർക്കറ്റിൽനിന്ന് നേരിട്ട് കിട്ടുന്ന ഭക്ഷണങ്ങളോടാണ് എല്ലാവർക്കും താത്പര്യം. ഒരു ഇൻസ്റ്റന്റ് തരംഗമാണ് എല്ലായിടത്തും. വിപണിയിൽനിന്ന് കിട്ടാത്തതായി ഒന്നുംഇല്ലാത്ത അവസ്ഥ. അധ്വാനത്തിന്റെ മഹത്ത്വം സമൂഹത്തിൽനിന്ന് പൊയ്പോയിരിക്കുന്നു. യാതൊരു ബുദ്ധിമുട്ടുമില്ലാതെ എല്ലാം സമ്പത്തിന്റെ ബലത്തിൽ നേടിയെടുക്കുന്നു. സദാചാരബോധമില്ലാത്ത ഒരു തലമുറ വളർന്നുവരുന്നു. നമ്മുടെ സ്വീകരണമുറികളിലേക്ക് പരിഷ്കാരങ്ങളെന്നപേരിൽ ഒഴുകിയെത്തുന്ന ഇത്തരം പ്രവണതകൾ, സമൂഹത്തിലും സംസ്കാരത്തിലും വരുത്തുന്ന മാറ്റങ്ങളുടെ അപകടങ്ങൾ നാം പലപ്പോഴും അറിയാതെ പോകുന്നു.

## ഉപസംഹാരം

സർക്കാർ ലൈസൻസ് നല്കിയ ഉത്പന്നങ്ങളല്ല വിപണിയിൽ ഇറക്കിയത് എന്നപേരിൽ ഈ അടുത്തകാലത്ത് മൂന്ന് പ്രമുഖ കമ്പനികളെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് റെയ്ഡ് ചെയ്തു. കൂടാതെ ഡ്രഗ്സ് മാജിക്കൽ റെമഡീസ് ആക്ട് പ്രകാരം വ്യാജപരസ്യം നല്കിയതിനും ജനങ്ങളെ കബളിപ്പിച്ചതിനും നിർമാതാക്കൾക്കെതിരെ കേസുമെടുത്തു. എന്നാൽ ചാനലുകളൊന്നും ഇതു സംബന്ധിച്ച് വാർത്ത നല്കിയില്ല. ലക്ഷകണക്കിനു രൂപയുടെ പരസ്യങ്ങളാണ് ഈ കമ്പനിക്കാർ നൽകിയിരിക്കുന്നത്. സമൂഹത്തിന്റെയും വ്യക്തികളുടെയും സത്യസന്ധമായ നിലപാടുകൾ കൈമോശം വന്നതിന്റെയും മാധ്യമങ്ങളുടെ സാമൂഹ്യപ്രതിബദ്ധത മറന്നുകൊണ്ടുള്ള പ്രവർത്തനങ്ങളുടെയും അത്യന്തം ദോഷകരമായ ഒരു അവസ്ഥാവിശേഷമാണ് ഈ സംഭവത്തിലൂടെ തെളിയുന്നത്. സമൂഹത്തിന്റെ നേർക്കുപിടിച്ച കണ്ണാടികളാകേണ്ട മാധ്യമങ്ങൾ പരസ്യക്കമ്പനിക്കാരുടെ പിണിയാളുകളാകുന്നത് ലജ്ജാകരം തന്നെ. പരസ്യങ്ങളെ വിമർശിക്കാനോ അവ മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങളെ ഗൗരവബുദ്ധ്യാ വിലയിരുത്താനോ ശ്രമിക്കാത്തത് ഏറെ ദു:ഖകരമാണ്. സമൂഹത്തെ നിയന്ത്രിക്കുന്ന, നയിക്കുന്ന പരസ്യങ്ങളെ ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടതും വിമർശനാത്മകമായി പ്രതികരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

## അടികുറിപ്പുകൾ

1. എം.വി.തോമസ്. മാധ്യമങ്ങളും മലയാള സാഹിത്യവും, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്. 2000. പുറം. 247.
2. ഫ്രാൻസിസ് കാരക്കാട്ട്. എസ്.ഡി.ബി. മാധ്യമതലമുറയുടെ മാർഗദർശി, കെ.സി.എസ്.എൽ.പബ്ലിക്കേഷൻസ്. 2009. പുറം. 87.
3. അതേപുസ്തകം, പുറം. 87
4. ഡോ. ജേക്കബ്ബ് സാമ്പ്രിക്കൽ. എഡിറ്റർ: മാധ്യമങ്ങളുടെ മന:ശാസ്ത്രം, മീഡിയ ഹൗസ് ഡൽഹി. 2000. പുറം.22.
5. സാറാ ജോസഫ്. സൗന്ദര്യമത്സരത്തിന്റെ വാണിജ്യരാഷ്ട്രീയം, സംസ്കാരസാഹിതി. പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവ കലാശാല. 2009. പുറം.55.
6. ഫ്രാൻസിസ് കാരക്കാട്ട്. എസ്.ഡി.ബി. മാധ്യമതലമുറയുടെ മാർഗദർശി, കെ.സി.എസ്.എൽ. പബ്ലിക്കേഷൻസ്. 2009. പുറം. 86.
7. സാറാ ജോസഫ്. സൗന്ദര്യമത്സരത്തിന്റെ വാണിജ്യരാഷ്ട്രീയം, സംസ്കാര സാഹിതി. പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവകലാശാല. 2009. പുറം.55.
8. എം.വി.തോമസ്. മാധ്യമങ്ങളും മലയാളസാഹിത്യവും, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്. 2000. പുറം.255.
9. സാറാ ജോസഫ്. സൗന്ദര്യമത്സരത്തിന്റെ വാണിജ്യരാഷ്ട്രീയം, സംസ്കാരസാഹിതി. പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല. 2009. പുറം. 56.
10. Towards a pastoral approach to culture, വിവർത്തനം:ഡോ. ജോർജ്ജ് കുരുക്കൂർ. സംസ്കാരവും അജപാലന സമീപനവും. പി.ഒ.സി. പബ്ലിക്കേഷൻ. 2002. പുറം.25.

## ഗ്രന്ഥസൂചി

1. സാറാ, ജോസഫ്, സൗന്ദര്യമത്സരത്തിന്റെ വാണിജ്യരാഷ്ട്രീയം, സംസ്കാര സാഹിതി. പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവ കലാശാല. 2009.
2. കാരക്കാട്ട്, ഫ്രാൻസിസ് എസ്.ഡി.ബി. മാധ്യമ തലമുറയുടെ മാർഗദർശി, കെ.സി.എസ്.എൽ. പബ്ലിക്കേഷൻസ്. 2009.
3 കുരുക്കൂർ, ഡോ.ജോർജ്ജ്. (വിവ.) Towards a pastoral approach to culture, സംസ്കാരവും അജപാലന സമീപനവും. പി.ഒ.സി. പബ്ലിക്കേഷൻ. 2002.
4. സാമ്പ്രിക്കൽ, ഡോ.ജേക്കബ്ബ്. (എഡി.) മാധ്യമങ്ങളുടെ മനശ്ശാസ്ത്രം, മീഡിയ ഹൗസ്. ഡൽഹി. 2000.
5. തോമസ്, എം.വി. മാധ്യമങ്ങളും മലയാളസാഹിത്യവും, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്. 2000.

# 22. ഫെയ്സ്ബുക്ക്: ഇടപെടലുകളും പ്രസക്തിയും

വിഷ്ണുരാജ് ബി.

മാധ്യമങ്ങളുടെ കടന്നുവരവ് നമ്മുടെ സാമൂഹിക ജീവിതത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണുണ്ടാക്കിയിട്ടുള്ളത്. ആദ്യകാലങ്ങളിൽ വർത്തമാനപ്പത്രങ്ങളും തുടർന്ന് റേഡിയോയും അനന്തരം ടെലിവിഷനും നമ്മുടെ സാമൂഹികസാഹചര്യങ്ങളിൽ നടത്തിയ ഇടപെടലുകൾ സവിശേഷ പ്രാധാന്യമുള്ളവയാണ്. ഇന്റർനെറ്റ് അധിഷ്ഠിത മാധ്യമലോകം മലയാളിയുടെ നിലനിന്നിരുന്ന മാധ്യമസങ്കല്പങ്ങളെ റദ്ദുചെയ്തുകൊണ്ടാണ് കടന്നുവന്നത്. നവീനമായ സാങ്കേതികവിദ്യയിലധിഷ്ഠിതമായ വായനാസംസ്കാരമാണ് ഇവ മുന്നോട്ടുവച്ചത്. ഇന്റർനെറ്റ് അധിഷ്ഠിതമായ ഇത്തരത്തിലുള്ള പുതിയ ആശയവിനിമയസാധ്യതകളെ പൊതുവേ നവമാധ്യമങ്ങൾ (New Media) എന്നാണ് പറയാറ്. പരമ്പരാഗത മാധ്യമ മനസ്സിലാക്കൽ ശീലങ്ങളിൽ നിന്നും തികച്ചും ഭിന്നമായ സാങ്കേതികജ്ഞാനം കൂടി ഇവ ആവശ്യപ്പെടുന്നുണ്ട്. 'ദൃശ്യ-ശബ്ദ-ലിഖിത സൂചനകളിലൂടെ പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്ന നിരവധിയായ മാധ്യമങ്ങളുടെ അഭൂതപൂർവവും അത്യത്ഭുതകരവുമായ സംയോജനമാണ് പുതിയ കാലഘട്ടത്തിന്റെ ഏറ്റവും പ്രകടമായ സവിശേഷത' എന്ന് ജി.പി.രാമചന്ദ്രൻ നിരീക്ഷിക്കുന്നു. ഇന്റർനെറ്റ് അനുവദിച്ചു നൽകുന്ന നൂതനമായ സാധ്യതകളിലൂടെ ലോകത്തിന്റെ ഏതുകോണിൽ ഇരുന്നുകൊണ്ടും ഏതുവിഷയത്തെക്കുറിച്ചും വിലക്കുകളില്ലാതെ സംവദിക്കാൻ സാധിക്കും. ബ്ലോഗിംഗ്, ഫെയ്സ്ബുക്ക്, ടിറ്റർ, യൂ ട്യൂബ്, ഓർക്കുട്ട് തുടങ്ങിയവയെല്ലാം കൂടി ആഗോളീയമായ ഒരു പൊതു മണ്ഡലത്തെ രൂപപ്പെടുത്തുന്നുണ്ടെന്ന് പറയാം. മലയാളത്തിൽ വർത്തമാനപ്പത്രങ്ങളുടെ ഓൺലൈൻ പതിപ്പുകളും, ഓൺലൈൻ വായനാസംസ്കാരം പരിചയപ്പെടുത്തിയ പുഴ.കോം, ഹരിതകം.കോം തുടങ്ങിയ വെബ്ബ് അധിഷ്ഠിതമാധ്യമങ്ങളും നമ്മുടെ നവമാധ്യമസംസ്കാരത്തിന്റെ ആദ്യകാലത്തെ പ്രമുഖരാണ്. എന്നാൽ ഓർക്കുട്ട്, ഫെയ്സ്ബുക്ക്, ടിറ്റർ, യൂ ട്യൂബ് തുടങ്ങിയവയുടെ

കടന്നുവരവോടുകൂടിയാണ് മലയാളിയുടെ നവമാധ്യമ സംസ്കാരം കൂടുതൽ ജനകീയവും സജീവവുമായി മാറിയതെന്നു പറയാം. സൗഹൃദം, രാഷ്ട്രീയം, വിനോദം തുടങ്ങിയവയ്ക്ക് മുൻതൂക്കം നല്കി കേരളീയാന്തരീക്ഷത്തിൽ നിലനില്ക്കുന്ന ഇവ ഒട്ടനവധിയായ മേഖലകളിലൂടെ കടന്നുപോകുന്നുണ്ട്, പ്രസക്തമായ വിഷയങ്ങളിൽ ഇടപെടുന്നുമുണ്ട്. ഇന്ത്യയിൽ ഗവൺമെന്റും സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളും തമ്മിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഉള്ളടക്കങ്ങളെ സംബന്ധിച്ച തർക്കങ്ങൾ അടുത്തകാലത്തായി വർധിച്ചിട്ടുണ്ട്. (കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെടേണ്ട ബിൽ ഫേയ്സ്ബുക്കിൽ പ്രസിദ്ധീകരിച്ചു എന്നപേരിൽ, വി.ടി.ബൽറാം എം.എൽ.എ. നിയമസഭയുടെ വിമർശനം ഏറ്റുവാങ്ങിയത് അടുത്തകാലത്താണ്). പരമ്പരാഗതമാധ്യമങ്ങൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യം നടപ്പാക്കുന്നു നവമാധ്യമങ്ങൾ എന്ന് *ഹൊവാർഡ് റീൻഗോൾഡ്* പറയുന്നു (ഷാജി ജേക്കബ്,2012:171). സമകാലിക കേരളീയസമൂഹത്തിൽ സോഷ്യൽനെറ്റ്‌വർക്കിംഗ് സൈറ്റുകൾക്കുള്ള പ്രാധാന്യമാണ് ഈ പ്രബന്ധം ചർച്ചചെയ്യുന്നത്. ഫെയ്സ്ബുക്കിനെ മുൻനിർത്തി സോഷ്യൽ നെറ്റ്‌വർക്കിംഗിന്റെ സാമാന്യചരിത്രത്തേയും സാമൂഹിക മാധ്യമമേഖലയിൽ ഫെയ്സ്ബുക്ക് നടത്തുന്ന ഇടപെടലുകളെക്കുറിച്ചും ഇവിടെ ചർച്ച ചെയ്യുന്നു.

## സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളുടെ ചരിത്രം

ഓൺലൈൻ വായനാസംസ്കാരത്തെ പരിചയപ്പെടുത്തിയ വെബ്സൈറ്റുകളാണ് സോഷ്യൽ നെറ്റ്‌വർക്കിംഗ് രംഗത്തെ തുടക്കക്കാർ എന്നുപറയാം. 1984–ൽ പ്രസിദ്ധീകരിക്കപ്പെട്ട *കൾട്ട് ഓഫ് ദ ഡെസ്കൗ* ആണ് ആദ്യ ഓൺലൈൻ മാസിക. സി.ഡി.ഡി. കമ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിന് തങ്ങളുടെ ആശയങ്ങളും ചിന്താധാരകളും പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ടിയാണ് ഇത് ആരംഭിച്ചത്. മലയാളത്തിൽ 2000–ൽ ആരംഭിച്ച *പുഴ.കോം* ആണ് ആദ്യ ഓൺലൈൻ മാസിക. തുടർന്ന് അനവധിയായ പ്രസിദ്ധീകരണങ്ങൾ സമാനമായി രൂപപ്പെട്ടു. മലയാളപത്രങ്ങൾ എല്ലാം തന്നെ ഓൺലൈൻ പതിപ്പുകൾ പ്രസിദ്ധീകരിച്ചുതുടങ്ങി. ഇതിന്റെ തുടർച്ചയിലാണ് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ പ്രസക്തമാകുന്നത്. 1997–ൽ രൂപപ്പെട്ട *സിക്സ് ഡിഗ്രീസ്.കോം* എന്ന സൈറ്റാണ് ലോകത്തിലെ ആദ്യത്തെ സോഷ്യൽ നെറ്റ്‌വർക്ക്. ഉപഭോക്താക്കളുടെ പൊതുവിവരങ്ങളും സുഹൃത്തുക്കളെക്കുറിച്ചുള്ള വിവരങ്ങളും പരസ്പരം സന്ദേശങ്ങൾ കൈമാറുന്നതിനുള്ള സാങ്കേതികതയുമായിരുന്നു പൊതുവിൽ ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് *ക്ലാസ്മേറ്റ്സ്.കോം* എന്ന സൈറ്റ് രൂപംകൊണ്ടു. ഉപയോക്താക്കളുടെ ഹൈസ്കൂൾ, കോളേജ്തല സുഹൃത്തുക്കളെ ഉൾപ്പെടുത്താൻ പറ്റിയ തരത്തിലായിരുന്നു ഇതും സംവിധാനം ചെയ്യപ്പെട്ടത്. പിന്നീടുള്ള വർഷങ്ങളിൽ ഇത്തരം സൈറ്റുകൾ നിരന്തരമായി പുതുക്കലുകൾക്ക്

വിധേയമായിക്കൊണ്ടിരുന്നു. സമകാലിക സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ വ്യക്തിപരമായി ഇടപെടാവുന്ന സാങ്കേതികതയിലൂന്നിയ 'പൊതു' സംവാദസ്ഥലമാണ് ഉപയോക്താക്കൾക്ക് നല്കുന്നത്. ഇവ ഉപഭോക്താക്കളെ സംബന്ധിച്ച പൂർണമായോ ഭാഗികമായോ ഉള്ള ഒരു രൂപത്തെ (വിവരണങ്ങളുടെ അടിസ്ഥാനത്തിൽ) സൃഷ്ടിക്കുന്നു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറ്റുള്ളവരുമായി സൗഹൃദബന്ധം സ്ഥാപിക്കുന്നു. ഇത്തരത്തിൽ ഉപയോഗിക്കുന്ന വ്യക്തിയും അവരുടെ സുഹൃത്തുക്കളും ചേർന്നുള്ള നിരന്തരമായ ഇടപെടലിലൂടെ സാങ്കല്പികമായ ഒരു സംവാദസ്ഥലത്തെയും സമൂഹത്തെയും സാധ്യമാക്കുന്നു. എല്ലാം സൈബർ സാമൂഹിക മാധ്യമങ്ങളും ഇത്തരത്തിലാണ് നിലനില്ക്കുന്നത്. ഇന്ന് ഒട്ടനവധി സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ നിലവിലുണ്ട്. സംഗീതത്തിനും വിനോദത്തിനും പ്രാമുഖ്യം നല്കുന്ന മൈ സ്പേസ് (My Space), പ്രൊഫഷണൽ ജനങ്ങളെ കൂട്ടിയിണക്കുന്ന ലിങ്ക്ഡ് ഇൻ (Linked In), മൈക്രോ ബ്ലോഗിങ് സൈറ്റായ ടിറ്റർ (Twitter), ഇന്ത്യയിലും ബ്രസീലിലും ഏറെ ജനപ്രിയമായ ഓർക്കുട്ട് (Orkut) ചൈനയിൽ ഏറെ പ്രശസ്തമായ ക്യുക്യു (QQ) തുടങ്ങിയവ ലോകത്ത് ഏറെ ഉപയോഗിക്കപ്പെടുന്ന സാമൂഹിക മാധ്യമങ്ങളാണ്. എന്നാൽ ഫെയ്സ്ബുക്ക് ആണ് ലോകവ്യാപകമായി സമകാലിക അന്തരീക്ഷത്തിൽ ഏറെ ജനകീയമായ നവസാമൂഹികമാധ്യമം. രാഷ്ട്രീയം,സാമ്പത്തികം,സാമൂഹികം തുടങ്ങി എല്ലാവിധമായ ജീവിതാവസ്ഥകളെയും ഈ മാധ്യമം അഭിസംബോധന ചെയ്യുന്നുണ്ട്.

## ഫെയ്സ്ബുക്ക് - ചരിത്രവഴികൾ

2004 ഫെബ്രുവരി നാലിനാണ് ഫെയ്സ്ബുക്കിന്റെ പിറവി. ഹാർവാർഡ് സർവകലാശാലയിലെ വിദ്യാർഥിയായിരുന്ന *മാർക് സുക്കർബർഗാണ്* ഇതിന്റെ രൂപപ്പെടലിന് പിന്നിൽ പ്രവർത്തിച്ചത്. ഒപ്പം അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ എഡ്വാർഡോസാമെരിൻ, ഡസ്റ്റിൻ മോസ്കോവിറ്റ്സ്, ക്രിസ് ഹ്യൂഗെസ് എന്നിവരുമുണ്ടായിരുന്നു. ആധുനികാനന്തരസൈബർ മാധ്യമങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ടതിന്റെ രൂപപ്പെടലായിരുന്നു ഇവരുടെ കൂട്ടായ്മയിലൂടെയുണ്ടായത്. തുടക്കത്തിൽ ഹാർവാർഡ് സർവകലാശാലയിലും തുടർന്ന് സ്റ്റാൻഫോർഡ്, കൊളംബിയ എന്നീ പ്രദേശങ്ങളിലേക്കും പിന്നീട് ലോകവ്യാപകമായും ഫെയ്സ്ബുക്ക് എന്ന നവമാധ്യമം കടന്നുവരികയുണ്ടായി. ഇന്ന് ഇന്ത്യയിൽ ഏറെ ഉപയോഗിക്കപ്പെടുന്ന ഒരു സൈബർ മാധ്യമമായി ഫെയ്സ്ബുക്ക് മാറിയിട്ടുണ്ട്. പ്രാദേശികഭാഷയിൽ കൂടി ഈ മാധ്യമം ഉപയോഗിക്കാം എന്ന സൗകര്യം ഇതിന്റെ ജനപ്രിയതയ്ക്ക് കാരണമാകുന്നുണ്ടെന്ന് പറയാം. ഇതിന് മുമ്പ് മലയാള സമൂഹം ഏറെ താത്പര്യത്തോടെ സ്വീകരിച്ച ഇന്റർനെറ്റ് മാധ്യമമാണ് ഓർക്കുട്ട്. വിദ്യാഭ്യാസ കാലത്തെ സുഹൃത്തുക്കൾ, ഒരേ ചിന്താഗതിയുള്ളവർ,

വ്യത്യസ്തരാജ്യങ്ങളിലെ സുഹൃത്തുക്കൾ എന്നിങ്ങനെ നവീനമായൊരു സൈബർ ബന്ധമാണ് ഓർക്കുട്ട് മലയാളിക്ക് സമ്മാനിച്ചത്. എന്നാൽ അവിടെ ഗൗരവമേറിയ സാമൂഹിക രാഷ്ട്രീയ ഇടങ്ങളെക്കുറിച്ചുള്ള ചർച്ചകൾ വിരളമായിരുന്നു. തങ്ങളുടെ വ്യക്തിപരമായ കുറിപ്പുകൾ, ചിത്രങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയ്ക്കായിരുന്നു അവിടെ പ്രാധാന്യം. എന്നാൽ ഫെയ്സ്ബുക്കിന്റെ കടന്നുവരവോടെ ഓർക്കുട്ടിന്റെ ജനപ്രിയതയിൽ കാര്യമായ കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഫെയ്സ്ബുക്കിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ നിങ്ങൾക്ക് സുഹൃത്തുക്കളുമായി നിരന്തരം ആശയവിനിമയം നടത്താൻ സാധിക്കും. ഒപ്പം സജീവമായ സംവാദമേഖലയായി നിങ്ങളുടെ കൂട്ടായ്മയെ വളർത്തിയെടുക്കാനും കഴിയും. ഇതാകാം ഫെയ്സ് ബുക്കിന്റെ ജനപ്രിയതയ്ക്ക് കാരണമെന്ന് കരുതാവുന്നതാണ്. ഫെയ്സ് ബുക്കിൽ അംഗത്വം (ഇപ്പോൾ പൗരത്വമെന്ന നിലയിലേക്ക് എത്തി) എടുത്ത ശേഷം നിങ്ങൾക്ക് സുഹൃത്തുക്കളെ കണ്ടെത്താൻ കഴിയും. സൗഹൃദ അഭ്യർഥന അയക്കുവാൻ മാത്രമേ ഉപയോഗിക്കുന്നവർക്ക് കഴിയൂ. അത് സ്വീകരിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾക്ക് സുഹൃത്തിനെ ലഭിക്കും. പ്രൊഫൈൽ, വാൾ, ഫോട്ടോ, മറ്റ് വിവരങ്ങൾ തുടങ്ങിയ നിരന്തരമായ പുതുക്കലിന് വിധേയമായിക്കൊണ്ടാണിരിക്കുന്നത്. നിങ്ങൾക്ക് ലഭിക്കുന്ന സൗഹൃദ അഭ്യർഥന സ്വീകരിക്കുന്നതിനു മുമ്പ് അയച്ച വ്യക്തിയെക്കുറിച്ചും അയാളുടെ പൊതുവീക്ഷണങ്ങളെക്കുറിച്ചും അവരുടെ മറ്റ് സുഹൃത്തുക്കളെക്കുറിച്ചും മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഫെയ്സ് ബുക്ക് സാങ്കേതികമായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഉപഭോക്താവിനെ സംബന്ധിച്ച നിശ്ചിതമായ ചില അടിസ്ഥാന വിവരങ്ങളാണ് അംഗത്വമെടുക്കുന്ന സമയം ഫെയ്സ്ബുക്ക് ആവശ്യപ്പെടുന്നത്. പേര്, ഇ-മെയിൽ വിലാസം, പാസ്‌വേഡ്, ലിംഗം തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. എന്നാൽ പേര് ഒഴികെ മറ്റൊന്നും തന്നെ സുഹൃത്തുക്കൾക്കോ, മറ്റുള്ളവർക്കോ കൈമാറാതിരിക്കുന്നതിനുള്ള സംവിധാനവും ഫെയ്സ്ബുക്കിൽ ലഭ്യമാണ്. 1990 കൾ വരെയുള്ള ഇന്റർനെറ്റ് ഉപയോക്താക്കളിൽ പലരും തങ്ങളുടെ വിവരങ്ങൾ പൊതുവായി വെളിപ്പെടുത്താൻ താത്പര്യമില്ലാത്തവരായിരുന്നു. എന്നാൽ ഇന്ന് തങ്ങളുടെ സ്വകാര്യവിവരങ്ങളും ഉള്ളടക്കങ്ങളും നിയന്ത്രിക്കുന്നതിന് ഉപഭോക്താവിന് തന്നെ അവസരം നല്കുന്ന സാങ്കേതികസംവിധാനങ്ങൾ ഫെയ്സ്ബുക്ക് നല്കുന്നുണ്ട്(ഫെയ്സ് ബുക്കിന് ആറുവയസ്സ്, മാതൃഭൂമി ഓൺലൈൻ, ഫെബ്രുവരി 9, 2010). സുരക്ഷിതമായ പൊതു ഇടമായി നിലനില്ക്കുന്ന ഫെയ്സ്ബുക്കിൽ ഉപഭോക്താവിന് താൻ പ്രസിദ്ധീകരിക്കുന്ന എഴുത്തുകൾ, ചിത്രങ്ങൾ, വീഡിയോകൾ തുടങ്ങിയവയൊക്കെ ആരൊക്കെ കാണണമെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശമുണ്ട്. പ്രസിദ്ധീകരണം എന്ന് സൂചിപ്പിക്കുമ്പോൾ തന്നെ ആർക്കൊക്കെയാണെന്ന ചോദ്യം ഉണ്ടാകും. സുഹൃത്ത്, നിങ്ങളുടെ പൊതുസുഹൃത്തുക്കൾ, നിശ്ചിത ഗ്രൂപ്പുകൾ, എല്ലാവർക്കുമായോ

എന്നിങ്ങനെ ഏത് വേണമെന്ന് നിങ്ങൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്. നിങ്ങൾ ഉപയോഗിക്കുമ്പോൾ ഓൺലൈനിലുള്ളവർക്ക് തൽസമയം സന്ദേശങ്ങളും മറുപടികളും അയക്കുന്നതിനും സുഹൃത്തുക്കളുടെ ഭിത്തി (Wall) യിൽ നിങ്ങളുടെ സന്ദേശങ്ങൾ പൊതുവായോ വ്യക്തിപരമായോ കുറിക്കുന്നതിനും ഫെയ്സ്ബുക്ക് സൗകര്യം ഒരുക്കുന്നുണ്ട്. ഫെയ്സ് ബുക്കിലെ കൂട്ടായ്മകളാണ് ഗ്രൂപ്പുകൾ. ഉപയോക്താവിന് ആവശ്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത തലക്കെട്ടുകളിൽ ഗ്രൂപ്പുകൾ സൃഷ്ടിക്കാവുന്നതാണ്.

മലയാളനാട്, ദ ഡെമോക്രാറ്റ്, മലയാളഐക്യവേദി, ഡോ. തോമസ് ഐസക്, വിർചൽ വോയ്സ് എഗൈനിസ്റ്റ് റേപ്പ് ആൻഡ് ചൈൽഡ് അബ്യൂസ്, ഫ്രണ്ട്സ് ഓഫ് കാലിക്കറ്റ്, നേർപക്ഷം, കേരളനിയമസഭ, മഴ, ഒടുവിൽ ഉണ്ണികൃഷ്ണൻ, പ്രൊട്ടസ്റ്റ് റെപ്രസെന്റേഷൻ ഓഫ് ദി പ്രസ്സ്, സപ്പോർട്ട് കെ.കെ.ഷാഹിന, ഇൻഡ്യൻ യൂത്ത് കോൺഗ്രസ്, ബിനായക് സെൻ സോളിഡാരിറ്റി ഫോറം, അബ്ദുൾ നാസർ മഅദനി, കേരള പി.എസ്.സി, ട്രിവാൻഡ്രം റിയൽ എസ്റ്റേറ്റ് തുടങ്ങിയവ മലയാളത്തിൽ ലഭ്യമായ അനവധി ഗ്രൂപ്പുകളിൽ ചിലതു മാത്രമാണ്. പേരുകൾ സൂചിപ്പിക്കുന്നതുപോലെ രാഷ്ട്രീയം, സാമൂഹികം, വ്യക്തിബന്ധങ്ങൾ, സാഹിത്യം, കച്ചവടം, വ്യത്യസ്ത രാഷ്ട്രീയനേതൃത്വങ്ങൾ, ചിന്തകൾ തുടങ്ങി അനവധിയായ വിഷയങ്ങളാണിവ കൈകാര്യം ചെയ്യുന്നത്. അതുവഴിയാണ് മുമ്പുണ്ടായിരുന്ന സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾക്ക് സാധ്യമല്ലാത്ത തരത്തിലുള്ള സാമൂഹിക സംവാദസ്ഥലങ്ങൾ ഫെയ്സ്ബുക്ക് രൂപപ്പെടുത്തിയെടുത്തത്. ഫെയ്സ്ബുക്ക് ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർധനവുകൂടി ഇതുമായി ബന്ധപ്പെടുത്തി വായിച്ചെടുക്കേണ്ടതാണ്. ഫെയ്സ്ബുക്കിനെ സംബന്ധിച്ച ചില കണക്കുകൾ

- മുപ്പത്തിയഞ്ച് കോടി ജനങ്ങൾ പ്രതിദിനം ഫെയ്സ് ബുക്ക് സന്ദർശിക്കുന്നു. ഗൂഗിൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം ആളുകൾ സന്ദർശിക്കുന്ന ഇന്റർനെറ്റ് സൈറ്റാണിത്.
- അമേരിക്കയിൽ രൂപപ്പെട്ടുവെങ്കിലും ഇന്ന് ഫെയ്സ് ബുക്ക് സന്ദർശിക്കുന്ന എഴുപത് ശതമാനത്തിലധികം അംഗങ്ങളും അമേരിക്കയ്ക്ക് പുറത്തുള്ളവരാണ്.
- മലയാളം ഉൾപ്പെടെ എഴുപതോളം പ്രാദേശിക ഭാഷകളിൽ ഇന്ന് ഫെയ്സ് ബുക്ക് ഉപയോഗിക്കപ്പെടുന്നു.
- 2010 ജനുവരിയിൽ 35 കോടി അംഗങ്ങൾ ഫെയ്സ്ബുക്കിന് ഉണ്ടായിരുന്നു. എന്നാൽ 2010 ഡിസംബറിൽ ഇത് 60 കോടിയായും 2011 ജൂണിൽ 87 കോടിയായും വർധിച്ചു.
- ലിങ്കുകൾ, കുറിപ്പുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിങ്ങനെ മൂവായിരം കോടി ഉള്ളടക്കങ്ങൾ ഓരോ മാസവും ഫെയ്സ് ബുക്കിൽ പങ്കു

വയ്ക്കപ്പെടുന്നുണ്ട്. ഓരോ മാസവും മുന്നൂറ് കോടി ചിത്രങ്ങൾ ഈ മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കപ്പെടുന്നു. (മാതൃഭൂമി ഓൺലൈൻ, 16, ജനുവരി 2011).

- സോഷ്യൽ നെറ്റ്വർക്കിംഗ് ഉപയോഗം 2010-ൽ 73 ശതമാനമായിരുന്നുവെങ്കിൽ 2011-ൽ 85 ശതമാനമായി ഉയർന്നു ( ഇന്ത്യാടുഡെ, ഓഗസ്റ്റ് 2011).
- 2011 ഡിസംബർ വരെയുള്ള കണക്കുകളിൽ ലോകത്ത് ഏറ്റവുമധികം ഫേയ്സ്ബുക്ക് അംഗങ്ങളുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മൂന്നാംസ്ഥാനത്താണ്. ഒന്നാം സ്ഥാനത്തുള്ള അമേരിക്കയിൽ 15,74,18,920 ഫേയ്സ്ബുക്ക് അംഗങ്ങളുണ്ട്. 18-24 വയസ്സിനിടയിലുള്ള 24% ആളുകളും 25-34 പ്രായമുള്ള 23% വും 35-44 വയസ്സിനിടയിലുള്ള 16% ജനങ്ങളും ഫേയ്സ് ബുക്ക് ഉപഭോക്താക്കളാണ്. രണ്ടാം സ്ഥാനത്തുള്ള ഇന്തോനേഷ്യയിൽ 4,17,77,240 ആളുകൾ ഫേയ്സ്ബുക്ക് ഉപയോഗിക്കുന്നു. മൂന്നാം സ്ഥാനത്തുള്ള ഇന്ത്യയിൽ 4,13,99,720 ഫേയ്സ് ബുക്ക് അംഗങ്ങളുണ്ട്. ഇതിൽ 18-24 വയസ്സിനിടയിലുള്ള 48% വും 25-34 നും ഇടയിലുള്ള 24% ആളുകളും ഫേയ്സ്ബുക്ക് അംഗത്വം ഉള്ളവരാണ്. ബ്രസീൽ, മെക്സിക്കോ, തുർക്കി, യു.കെ, ഫിലിപ്പീൻസ്, ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങളാണ് തുടർന്നുള്ള സ്ഥാനങ്ങളിൽ.

## ഫെയ്സ്ബുക്ക് - സാമൂഹികസംവാദസ്ഥലം എന്ന നിലയിൽ

ലോകമെങ്ങും ഇന്ന് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ സജീവമായ സാമൂഹികസംവാദസ്ഥലങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ *ബറാക് ഒബാമ* പൊതുജനങ്ങളുമായുള്ള സംവാദത്തിന് തിരഞ്ഞെടുത്ത മാധ്യമം സോഷ്യൽ നെറ്റ്വർക്കിങ്ങിന്റേതായിരുന്നുവല്ലോ. ഇതോടുകൂടിയാണ് ഏറെ ശ്രദ്ധേയമായി മറ്റിടങ്ങളിലേക്ക് കൂടി ഇത് വ്യാപിച്ചത്. ഇന്ന് ഫെയ്സ്ബുക്ക് കേരളത്തിൽ പോലും രാഷ്ട്രീയപ്രചരണത്തിനുള്ള ഉപാധി എന്ന നിലയിൽ സജീവമായി തുടങ്ങിയിട്ടുണ്ട്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ വിപ്ലവം, അറബ് നാടുകളിലെ മുല്ലപ്പൂവിപ്ലവം, വാൾസ്ട്രീറ്റ് പ്രക്ഷോഭം തുടങ്ങിയവയുടെയെല്ലാം ഉദ്ഘാടനം നടന്നത് ഫെയ്സ് ബുക്കിന്റെ/സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളുടെ ഭിത്തികളിലായിരുന്നുവെന്നത് യാഥാർഥ്യമാണ്. അവിടെ രൂപപ്പെട്ട കൂട്ടായ്മയിൽ നിന്നാണ് പൊതു ഇടങ്ങളിലേക്ക് ഇത് വ്യാപിച്ചത്. ലോകമെമ്പാടും യുവത്വം അരാഷ്ട്രീയവത്കരിക്കപ്പെടുന്നു എന്ന വിമർശനങ്ങൾ നിലനില്ക്കുമ്പോഴാണ് ഇത്തരം പ്രതിഷേധങ്ങൾ സൈബർലോകത്തു നിന്നും രൂപപ്പെടുന്നുവെന്നത് ശ്രദ്ധേയമാണ്. കാലിഫോർണിയ സർവകലാശാലയിലെ ഹ്യുമാനിറ്റീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും പുതിയപഠനത്തിൽ പറയുന്നത്, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ യുവാക്കളെ രാഷ്ട്രീയവത്ക്കരിക്കുന്നു എന്നാണ്. ടിറ്റർ, ഫെയ്സ്ബുക്ക് എന്നി

വയാണ് ഇത്തരം സൈറ്റുകളിലെ പ്രധാനികൾ. 2500 ൽ പരം ഉപഭോക്താക്കളുടെ സാമൂഹിക മാധ്യമങ്ങളിലെ എഴുത്തുകൾ വർഷങ്ങളോളം തുടർച്ചയായി അപഗ്രഥിച്ച ശേഷമാണ് അവർ ഈ നിഗമനത്തിൽ എത്തിയത്. ഈ പഠനശേഷം അവർ എത്തിച്ചേരുന്ന പ്രധാന നിഗമനങ്ങൾ ഇവയാണ്.

1. ചെറുപ്പക്കാർ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിലൂടെ തങ്ങളുടെ സർക്കാരുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഒപ്പം കൂടുതൽ ഉത്തരവാദിത്തമുള്ള പൗരന്മാരായി മാറുകയും ചെയ്യുന്നു.
2. ഭരണകൂടത്തെക്കുറിച്ചുള്ള തുറന്ന ചിന്തകൾക്കും, ചർച്ചകൾക്കും ഇത്തരം മാധ്യമങ്ങളെ ഏറെ ഉപയോഗപ്പെടുത്തുന്നു.
3. തങ്ങളുടെ ധാരണകളെ എതിർക്കപ്പെടുകയും, അനുകൂലിക്കപ്പെടുകയും തിരുത്തപ്പെടുകയും ചെയ്യുന്ന പൊതുഇടങ്ങളിൽ താത്പര്യപൂർവം തുടരുന്നു. മേൽസൂചിപ്പിച്ച പഠനത്തിൽ സൂചിപ്പിച്ചതുപോലെ ഇത്തരം നവസാമൂഹികമാധ്യമങ്ങളിൽ നടക്കുന്ന രാഷ്ട്രീയ സാമൂഹിക ചർച്ചകളും സംവാദങ്ങളും തീരുമാനങ്ങളും സമൂഹത്തിലേക്ക് കൂടി വ്യാപിക്കുന്നതിന്റെ ഫലമായിട്ട് വേണം ഇപ്പോൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന പ്രക്ഷോഭങ്ങളിലെ സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനത്തെ കാണാൻ.

## ഫെയ്സ്ബുക്ക്-മലയാളിജീവിതത്തിൽ

മലയാളത്തിൽ രണ്ട്-മൂന്ന് വർഷങ്ങളുടെ ജീവിതകാലമേ ഫെയ്സ്ബുക്കിന് ആയിട്ടുള്ളു, എങ്കിലും നിരവധിയായ സംവാദങ്ങൾക്ക് ഇടമാകാൻ അതിന് കഴിഞ്ഞിട്ടുണ്ട്. സമീപകാലത്ത് സൈബർ ലോകത്ത് സജീവമായി ചർച്ച ചെയ്യുകയും ഒപ്പം പൊതുഇടങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്ത ചില ഉദാഹരണങ്ങളെ ചൂണ്ടിക്കാട്ടാം. മലയാള ഫെയ്സ് ബുക്ക് ചർച്ചകളിൽ അടുത്ത കാലത്ത് ഏറെ കടന്നുവന്ന ശ്രദ്ധേയമേഖലകളാണ് എൻഡോസൾഫാൻ ദുരന്തം, അണ്ണാഹസാരെയുടെ അഴിമതിവിരുദ്ധസമരം, പിറവം ഉപതിരഞ്ഞെടുപ്പ്, സന്തോഷ് പണ്ഡിറ്റിന്റെ ചലച്ചിത്രം, മുല്ലപ്പെരിയാർ ഡാം,നഴ്സിംഗ് മേഖലയിലെ സമരം, കമ്യൂണിസ്റ്റ് പാർട്ടിസമ്മേളനങ്ങൾ, സച്ചിന്റെ നൂറാം സെഞ്ചറി, വിരമിക്കൽ പ്രായം തുടങ്ങിയവ. ഇവയുടെ ചർച്ചയ്ക്ക് വേണ്ടിതന്നെ അനവധി കൂട്ടങ്ങൾ (Group) രൂപപ്പെടുകയുണ്ടായി. നിശിതമായ വിമർശനങ്ങളും, ചർച്ചകളും, മറുപടികളും എന്ന നിലയിൽ ആയിരക്കണക്കിനാളുകൾക്ക് ഇതിൽ ഇടപെടുവാൻ കഴിഞ്ഞിട്ടുണ്ട്. ഫെയ്സ്ബുക്ക് കൂട്ടായ്മയിലെ ഏറെ ശ്രദ്ധേയമായ ഒന്നാണ് *മലയാളനാട്* എന്ന കൂട്ടായ്മ. 'ആഗോളമലയാളിയുടെ മുഖപുസ്തകം' എന്ന പേരിൽ അറിയപ്പെടുന്ന ഈ കൂട്ടത്തിൽ ലോകമെമ്പാടുമുള്ള, സോഷ്യൽനെറ്റ്വർക്കിംഗിൽ സജീവമായ മലയാളികൾ അംഗങ്ങളാണ്. സൈബർ ലോകത്ത് (ഫെയ്സ്ബുക്കിൽ) പല നിലകളിൽ നടന്ന എൻഡോസൾഫാൻ ചർച്ചകളെ ക്രോഡീകരിക്കുന്നതിന് മലയാളനാടിന് കഴിഞ്ഞിരുന്നു. ഇതിനെക്കുറിച്ച് *മലയാളനാട്*

എന്ന ഓൺലൈൻ മാസികയുടെ എഡിറ്റർ സന്തോഷ് ഋഷികേശ് 2011 സെപ്തംബർ 16 ന് ഫെയ്സ് ബുക്കിൽ എഴുതിയ കുറിപ്പിൽ ഇതിനെ സൂചിപ്പിക്കുന്നു. 'മൂന്ന് ആവശ്യങ്ങൾ ഉന്നയിച്ച് ഒരു ഓൺലൈൻ മാസ് പെറ്റീഷൻ തയ്യാറാക്കിയത് മലയാളനാടാണ്. എൻഡോസൾഫാൻ വിരുദ്ധസമരസമിതിയുമായി സഹകരിച്ച് പ്രത്യേകപതിപ്പ് തന്നെ മലയാളനാട് തയ്യാറാക്കിയിരുന്നു. എം. എ. റഹ്മാന്റെ എൻഡോസൾഫാൻ സിനിമ ആദ്യമായി നെറ്റിൽ എത്തിക്കുന്നതും മലയാളനാടാണ്. ഇപ്പോൾ കേന്ദ്രസംസ്ഥാനസർക്കാരുകളുടെ പുതിയ നീക്കങ്ങൾക്കെതിരെ അവിടെ വീണ്ടും സന്ദർശിച്ച് ആദ്യമായി റിപ്പോർട്ട് തയ്യാറാക്കിയതും മലയാളനാടാണ്'. ഇതിനോടകം തന്നെ സജീവമായ ഒട്ടനവധി ചർച്ചകൾക്കും, സംരംഭങ്ങൾക്കും ഈ കൂട്ടായ്മ വഴി തുറന്നിട്ടുണ്ട്. മലയാളനാട് കൂട്ടായ്മയുടെ പ്രതിമാസ ഓൺലൈൻ പ്രസിദ്ധീകരണത്തിൽ സാഹിത്യ സാമൂഹിക രാഷ്ട്രീയ സാമ്പത്തികമേഖലകളെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും ഉൾപ്പെടുത്താറുണ്ട്.

കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒട്ടുമിക്ക സ്ഥാനാർഥികളും നേരിട്ടോ അവരുടെ പേരിലോ ഫെയ്സ്ബുക്കിൽ അംഗത്വമെടുത്തിട്ടുണ്ട്. തങ്ങളുടെ മണ്ഡലങ്ങളിലെ പ്രചരണവുമായി ബന്ധപ്പെട്ട വിവരങ്ങളും സ്വീകരണങ്ങളിലെ ചിത്രങ്ങളും പോളിങ് ദിവസംവരെ തുടർച്ചയായി അവർ പ്രസിദ്ധീകരിക്കുകയുണ്ടായി (ഇതിന് തുടർച്ചയുണ്ടായില്ല എന്നത് ശ്രദ്ധേയമാണ്). ഹൈബി ഈഡൻ, വി.ടി. ബൽറാം, ഷാഫി പറമ്പിൽ തുടങ്ങിയ യുവ എം.എൽ.എ.മാർ ഇപ്പോഴും ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയവ വഴി തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളുമായി സംവദിക്കാറുണ്ട്. സൈബർ ചർച്ചയിൽ നിന്ന് ജൈവസാമൂഹിക ചർച്ചയിലേക്ക് കടന്ന ഏറ്റവും പുതിയ വിഷയമാണ് നഴ്സിംഗ് മേഖലയിലെ സമരം സംബന്ധിച്ചത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുകയും തുടർന്ന് കേരളത്തിൽ സജീവമായി തീരുകയും ചെയ്ത ആതുരസേവന രംഗത്തെ സമരത്തെ സംബന്ധിച്ച ദീർഘമായ ചർച്ചകളാണ് ഫേയ്സ്ബുക്കിൽ നടന്നത്. കുത്തകമുതലാളിമാരുടെ ആതുരസേവനരംഗത്തെ കബളിപ്പിക്കലിനെക്കുറിച്ച് രൂക്ഷമായ ഭാഷയിലുള്ള പ്രതികരണങ്ങൾ പലപ്പോഴും ഉയർന്നുവന്നിട്ടുണ്ട്. ഇത്തരത്തിൽ സമകാലികജീവിതം സാമൂഹികമായും രാഷ്ട്രീയമായും മറ്റ് അനവധിയായ ജീവിതാനുഭവങ്ങളായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മേഖലകളോടെല്ലാം ഫെയ്സ്ബുക്ക് സംവദിക്കുന്നുണ്ട്. ആരോഗ്യകരമായ ഈ സംവാദങ്ങൾ പലപ്പോഴും ഏറെ പ്രയോജനകരമായാണ് അനുഭവപ്പെടുന്നതും. ചുരുക്കത്തിൽ സൈബർ സാമൂഹിക അന്തരീക്ഷത്തിൽ നടക്കുന്ന ഇത്തരം സംവാദങ്ങളും ചർച്ചകളും ആശയങ്ങളും അവയ്ക്ക് പുറത്ത് ജൈവികമായ സാമൂഹിക ഇടങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് മറ്റെങ്ങുമെന്നപോലെ കേരളത്തിലും കഴിയുന്നുവെന്നു പറയാം. പൊതുവിൽ ഫെയ്സ്ബുക്ക് എന്ന നവസാങ്കേതികതയെ/സാമൂഹികമാധ്യമത്തെ,

അതിന്റെ പരിമിതിയെ ഇങ്ങനെ ക്രോഡീകരിക്കാം.

1. സമകാലിക കേരളീയ സമൂഹത്തിലെ ഒരു വിഭാഗമെങ്കിലും ഇത്തരം മാധ്യമങ്ങളുടെ ഉപഭോക്താക്കളാണ്.
2. തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും കഴിയുന്നു. ഇതുവഴി അറിവിന്റെ വ്യത്യസ്ത സാധ്യതകളിലേക്ക് എത്താനും കഴിയുന്നു.
3. രാഷ്ട്രീയ സാമൂഹിക സാമ്പത്തിക വിനോദ മേഖലകളിൽ ഇടപെടുന്നതിലൂടെ, മാധ്യമങ്ങൾ നിർവഹിക്കുന്ന ജനാധിപത്യപ്രക്രിയയിലെ നാലാമിടമായി കൂടി ഇവ മാറുന്നു.
4. അന്തർദേശീയ വിഷയങ്ങളിലും അതേ ഗൗരവത്തോടെ തന്നെ പ്രാദേശികവിഷയങ്ങളിലും ഇത്തരം മാധ്യമങ്ങൾക്ക് ഇടപെടാൻ കഴിയുന്നുണ്ട്.
5. ഭൂരിഭാഗം ജനവിഭാഗങ്ങൾക്കും ഇതിന്റെ ഉപയോഗലോകത്തേക്ക് എത്താൻ കഴിയുന്നില്ല എന്ന വസ്തുത നിലനില്ക്കുന്നു. ഒപ്പം ഉപയോഗിക്കുന്നവർ എല്ലാവരും തന്നെ ഇതിനെ ആരോഗ്യകരമായിട്ടാണോ ഉപയോഗിക്കുന്നത് എന്ന ചോദ്യം ബാക്കി നില്ക്കുകയും ചെയ്യുന്നു.
6 സാങ്കേതിക സാക്ഷരത മുൻനിർത്തി സാധ്യമാകുന്ന ജനാധിപത്യമേ നവമാധ്യമങ്ങൾ ഉറപ്പുനൽകുന്നുള്ളൂ. അതുവഴി വ്യക്തിവാദപരമായ ഒരു രാഷ്ട്രീയ സംസ്കാരം രൂപംകൊള്ളുന്നു. പ്രതിനിധാനപരമായ ജനാധിപത്യസ്ഥാപനങ്ങൾക്ക് സൈബർ ജനാധിപത്യത്തിൽ തിരിച്ചടി നേരിടുന്നു. അങ്ങനെ വരുമ്പോൾ പ്രാതിനിധ്യ ജനാധിപത്യ സ്ഥാപനങ്ങൾ തിരോഭവിക്കുകയും ഒരുതരം ആൾക്കൂട്ട ജനാധിപത്യം മേൽകൈ നേടുകയും ചെയ്യുമെന്ന് പീറ്റർ ഗോൾഡിങ് നിരീക്ഷിക്കുന്നു (ഷാജി ജേക്കബ്, 2012:172). നവസാമൂഹിക മാധ്യമങ്ങൾ നേരിടുന്ന ഏറ്റവും വലിയ വിമർശവും ഇതാണ്.

സൈബർ ലോകത്തെ സാമൂഹിക മാധ്യമമായ ഫെയ്സ്ബുക്കിനെ കുറിച്ച് മലയാളത്തിൽ പഠനങ്ങൾ കുറവാണ്. പ്രാദേശികവും ദേശീയവുമായ അതിർത്തികളുടെ വിഭജനങ്ങൾക്കപ്പുറം നിലനിൽക്കുന്ന ഈ മാധ്യമലോകത്തെക്കുറിച്ച് ലോകത്തെ വിവിധ സർവകലാശാലകളിൽ ഗവേഷണ പഠനങ്ങൾ ധാരാളം നടക്കുന്നുണ്ട്. മലയാളത്തിൽ നവമാധ്യമങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ ബ്ലോഗിങ്ങിനെക്കുറിച്ച് സവിശേഷമായും നവമാധ്യമങ്ങളെക്കുറിച്ച് പൊതുവിലുമാണ് പഠനങ്ങൾ നടന്നിട്ടുള്ളത്. എന്നാൽ ഫെയ്സ്ബുക്കും മലയാളിയുമായി ബന്ധപ്പെടുത്തി ജീവിതത്തെക്കുറിച്ച് പഠിക്കാവുന്ന ചില സാധ്യതകൾ ചൂണ്ടിക്കാണിക്കുന്നു.

1. നവമാധ്യമസംസ്കാരത്തിലെ പ്രധാനിയായ സോഷ്യൽ നെറ്റ്വർക്കുകൾ പ്രാദേശികഭാഷയിലും സാഹിത്യത്തിലും സംസ്കാരത്തിലും നടത്തുന്ന ഇടപെടലുകൾ.
2. പ്രാദേശികം/നാഗരികം എന്നീ സ്ഥാനങ്ങളിൽ സാമൂഹിക മാധ്യമങ്ങൾ

എങ്ങനെ നിലനില്ക്കുന്നു. ഈ സ്ഥലങ്ങളിലെ ഉപയോക്താക്കൾ എഴുതുന്ന/കരുതുന്ന പ്രധാന സംഗതികളുടെ പിന്നിലെ രാഷ്ട്രീയം.

3. ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കുന്ന സ്ത്രീ, പുരുഷ ഉപഭോക്താക്കളുടെ എണ്ണം, അവരുടെ എഴുത്തിന്റെ പൊതുസ്വഭാവങ്ങൾ.

തുടങ്ങിയ അനവധിയായ മേഖലകളെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയെങ്കിൽ മാത്രമേ നവസാമൂഹിക മാധ്യമങ്ങൾ മലയാളത്തിൽ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയുകയുള്ളു.

## ഗ്രന്ഥസൂചി/ലേഖനസൂചി

1 ഷാജിജേക്കബ്, 2012, വിപരീതങ്ങൾ, പരിധി പബ്ളിക്കേഷൻസ്, തിരുവനന്തപുരം
2 John Cotterell, 2007, Social Networks in Youth and Adolesence, Routledge, London.
3 A Face (Book) in the Crowd : Social Searching Vs Social Browsing - Cliff. Lampe, Nicole Ellison, Charles Stenfield- Michigan State University.
4 htttp://www. A brief history of Face book.com
5 Google Scholar - Facebook Studies.
6 ഇന്ത്യാടുഡെ, ഓഗസ്റ്റ് 2011. 7.
7 മാതൃഭൂമി ഓൺലൈൻ, ഫെബ്രുവരി 9, 2010, ജനുവരി 16. 2011, മാർച്ച് 1. 2011.

# 23. വിവരസാങ്കേതിക വിജ്ഞാനയുഗം : ഒരു പഠനം

ബിനു സചിവോത്തമപുരം

വിവരസാങ്കേതികവിജ്ഞാനയുഗം (Information age) എന്നത് പൊതുവിൽ കമ്പ്യൂട്ടർയുഗം (computer age) അല്ലെങ്കിൽ ഡിജിറ്റൽ യുഗം (digital age) എന്ന് വിശേഷിപ്പിക്കാം. ഈ ആശയത്തിന്റെ ആധുനിക വ്യവഹാരാർഥം അറിവുകളുടെ സ്വതന്ത്രമായ ഉല്പാദന വിതരണശേഷിയെ അടിസ്ഥാനമാക്കിയാണ് നിർണയിക്കുന്നത്. ഇതിനുള്ള പ്രാപ്തിയാണ് വിവരസാങ്കേതിക വിജ്ഞാനയുഗത്തിൽ ഒരാളുടെ കർത്തൃത്വത്തെ നിർണയിക്കുന്നത്. ഈ ആശയം വികസിച്ചുവന്നത് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വിപ്ലവത്തോടുകൂടിയാണ്.

1960–കൾക്കുശേഷം ടെലികമ്യൂണിക്കേഷൻ രംഗത്ത് വൻ കുതിച്ചു ചാട്ടമുണ്ടായി. സാറ്റലൈററുകൾ, ഒപ്റ്റിക്കൽ ഫൈബർ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ നിയന്ത്രിത മിഷ്യനറികൾ തുടങ്ങി നിരവധി കണ്ടുപിടിത്തങ്ങൾ ഉണ്ടായി. 1970 –കൾക്ക് ശേഷമാണ് പേഴ്സണൽ കമ്പ്യൂട്ടറുകളുടെ കടന്നുവരവ്. പിന്നീടാണ് ഇന്റർനെറ്റ് വിപ്ലവം. ഇവരണ്ടും മാനവശേഷിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ജനപ്രിയ കണ്ടുപിടുത്തങ്ങളിൽപെടുന്നതാണ്. ഇന്റർനെറ്റിന്റെ വ്യാപകമായ പ്രചാരവും അതിന്റെ വൈവിധ്യമാർന്ന പ്രയോഗരീതിയോടും അനുബന്ധിച്ചാണ് ഡിജിറ്റൽ യുഗം പുതിയ അർഥതലങ്ങൾ വികസിപ്പിച്ചത്. ഇന്റർനെറ്റിന്റെ ചാലകമായി മൊബൈൽഫോൺ മാറിയത് ഡിജിറ്റൽ സംസ്കാരത്തിന് നവഭാവുകത്വം നൽകുകയും സമൂഹത്തിന്റെ അടിത്തട്ടുവരെ വ്യാപിപ്പിക്കുകയും ചെയ്തു.

മൊബൈൽഫോൺ, ഡിജിറ്റൽ മ്യൂസിക്, ഹൈ–ഡെഫനിഷൻ ടെലിവിഷൻ, ഡിജിറ്റൽ ക്യാമറ, ചാറ്റ്റൂം, കേബിൾ ടി.വി, ഇന്റർനെറ്റ് തുടങ്ങി വിവരസാങ്കേതിക വിജ്ഞാനയുഗവുമായി ബന്ധപ്പെട്ട നവസാങ്കേതികവിദ്യകളും ഇലക്ട്രോണിക് ഉപകരണങ്ങളും കഴിഞ്ഞ 30 വർഷത്തിനുള്ളിലാണ് വികസിച്ചതും പ്രചാരത്തിലായതും. ഇന്ന് ഇവയൊക്കെ അവികസിത രാജ്യങ്ങളിലെ ഏതൊരു സാധാരണ പൗരനുപോലും ലഭ്യമാണ് എന്നു മാത്ര

മല്ല, അവ വൈവിധ്യമാർന്ന രൂപഭാവങ്ങളോടെ നിരന്തരം നവീകരിക്കുകയും പുതിയ കണ്ടുപിടുത്തങ്ങൾ അനുദിനം ഉണ്ടാവുകയും ചെയ്യുന്നു.

## വിവരസാങ്കേതിക വിജ്ഞാനയുഗവും ഇന്റർനെറ്റും

ഇന്റർനെറ്റ് എന്ന ആശയം 1969 മുതൽ സജീവമായിരുന്നെങ്കിലും ഇതിന്റെ മൂർത്തരൂപം സാധ്യമായത് 1989-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ *ടിം ബെർണർ ലീ* (Tim Berners Lee) വേൾഡ് വൈഡ് വെബ് (World wide web) കണ്ടുപിടിച്ചതോടുകൂടിയാണ്. ഇന്റർനെറ്റ് ആധുനികസമൂഹത്തെ ശൃംഖലാവത്കൃത സമൂഹമാക്കി (Network society) മാറ്റിയിരിക്കുന്നു. ആശയവിനിമയോപാധി എന്നതിനപ്പുറം മനുഷ്യരുടെ ചിന്തകളും ആശയങ്ങളും (idea) വൈകാരികവൈചാരിക ഭാവങ്ങളും അനുഭവങ്ങളും പ്രകടിപ്പിക്കാനും പങ്ക്വയ്ക്കാനുമുള്ള പൊതുഇടമായി ഇന്റർനെററ് മാറി. അറിവുകളുടെ സ്വതന്ത്രമായ ഉത്പാദനവിതരണോപാധി കൂടിയാണിവിടം.

ബഹുജനമാധ്യമം എന്ന നിലയിൽ പ്രസക്തമായ ഇന്റർനെറ്റിലേക്ക് പത്ര-ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ പല രൂപഭാവങ്ങളിൽ പ്രവേശിച്ചിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന മാധ്യമമാണ് ഇന്റർനെറ്റ്. മൊബൈൽഫോണിലേക്ക് ഇന്റർനെറ്റും മറ്റ് അനുബന്ധ സൗകര്യങ്ങളും ചേക്കേറിയത് ഡിജിറ്റൽ അസമത്വത്തെ (digital divide) ലഘൂകരിക്കുകയും ഇന്റർനെറ്റ് നിത്യജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്തു.

## വിവരസാങ്കേതിക വിജ്ഞാനയുഗവും മാർഷൽ മക്ലൂഹനും

വിവരവാർത്താവിനിമയ സാങ്കേതികവിദ്യയുടെ (Information and communication technology) ആരംഭകാലമായ 1960 കൾക്ക് ശേഷം മാർഷൽ മക്ലൂഹൻ (Marshal MacLuhan) മാധ്യമ കേന്ദ്രീകൃത സമൂഹത്തെയും അതിന്റെ വൈവിധ്യമാർന്ന ജ്ഞാനമാതൃകകളെയും വിഭാവനംചെയ്തു സ്വന്തം പരികല്പനകൾ അവതരിപ്പിച്ചിട്ടുണ്ട്. 'ആഗോളഗ്രാമം' (global village), 'മാധ്യമം തന്നെയാണ് സന്ദേശം' (media is the message) 'മനുഷ്യശരീരത്തിന്റെ വികാസം' (technology is extension of the human body) ഇവയാണ് പ്രധാനപ്പെട്ട മൂന്നു സങ്കല്പങ്ങൾ.

ശൃംഖലാവത്കൃത സമൂഹത്തിലെ ആശയവിനിമയവും വിവരകൈമാറ്റങ്ങളും സ്ഥലകാല നിബന്ധനകളെ ഛേദിക്കുന്നു. വേഗമേറിയ ബാൻഡ് വിഡ്ത്തിന്റെ ഉപയോഗം മൂലം ഒരേസമയം ശബ്ദ കൈമാറ്റവും ദൃശ്യകൈമാറ്റവും സാധിക്കുന്നു. സ്മാർട്ട്ഫോണിന്റെ കാലമാണിന്ന്. മൂന്നാം തലമുറ (3G) നാലാംതലമുറ (4G) ഫോണുകളുടെ കാലത്ത് നമ്മുടെ വിനിമയബന്ധങ്ങളും സാമൂഹ്യക്രമീകരണങ്ങളുമെല്ലാം പുനഃക്രമീകരിക്കപ്പെടുന്നു. ലോകത്തുള്ള ഏതൊരു വ്യക്തിയുമായും നിരന്തരം ബന്ധപ്പെടാനും വിവിധ ആവശ്യങ്ങൾ അനായാസം സാധിച്ചെടുക്കാനും കഴിയുന്നു.

വിശ്വമാനവികത, വിശ്വസംസ്കാരം തുടങ്ങിയ ആശയങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഈ ആശയത്തെ ആധാരമാക്കി മക്ലൂഹൻ ശൃംഖലാവൽകൃത സമൂഹത്തെ ആഗോളഗ്രാമം എന്ന് വിശേഷിപ്പിക്കുന്നു. വിശ്വപൗരൻ (global citizen), ലോകവിനോദയാത്ര (global travel and citizen), പ്രൊഫഷണൽ മത്സരങ്ങളും കളികളും (professional sports & games) ലോകമ്യൂസിക് (world music), ലോകസിനിമ (world film) അയഥാർഥലോകം (virtual world), സൈബർസ്പേസ് (cyber space) തുടങ്ങിയ നിരവധി സങ്കല്പങ്ങൾ ആഗോളഗ്രാമം എന്ന ആശയത്തെ മുൻനിർത്തി ഇന്ന് വികസിച്ചുവന്നിട്ടുണ്ട്.

വിവരവാർത്താവിനിമയ സാങ്കേതികവിദ്യയുടെ ഫലമായി വികസിച്ചുവന്ന മാധ്യമങ്ങൾ അവയുടെ സവിശേഷമായ രൂപഘടനയിലൂടെയും സ്വഭാവത്തിലൂടെയുമാണ് മനുഷ്യരെ സ്വാധീനിക്കുന്നത് എന്നതാണ് മക്ലൂഹന്റെ രണ്ടാമത്തെ നിരീക്ഷണം. മാധ്യമം തന്നെയാണ് സന്ദേശം എന്ന നിരീക്ഷണം ശ്രദ്ധേയമാകുന്നതിവിടെയാണ്. ടെലിവിഷനും കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽഫോണുമൊക്കെ വ്യത്യസ്തങ്ങളായ സംവേദനങ്ങളും പ്രയോഗങ്ങളും അനുഭവങ്ങളുമാണ് പ്രദാനം ചെയ്യുന്നത്. സാംസ്കാരിക ഇടപെടലുകളും സ്വാധീനങ്ങളും വൈവിധ്യം നിറഞ്ഞതാണ്. സാങ്കേതികവിദ്യ മനുഷ്യശരീരത്തിന്റെ വിപുലനമാണെന്നതാണ് മക്ലൂഹന്റെ മൂന്നാമത്തെ നിരീക്ഷണം. കമ്യൂണിക്കേഷൻ ടെക്നോളജിയിലൂടെ നമ്മുടെ ശരീരവും ഇന്ദ്രിയങ്ങളും ദൂരേക്കു വളരുന്നു. (Bignell, 2002: 201). ഉദാഹരണമായി, ബൈനോക്കുലർ കാഴ്ചയുടെ ദൂരം വർധിപ്പിക്കുന്നു. വാഹനം കാലുകളുടെ വിപുലീകരണമാണ്. സാങ്കേതികവിദ്യയും സംസ്കാരവും ഇവിടെ സംവദിക്കുന്നു. നടക്കുക എന്ന ശീലത്തെയാണ് വാഹനം അതിലംഘിക്കുന്നത്. സമൂഹത്തിന്റെ അടിസ്ഥാന ഘടനയിൽ പോലും മാറ്റങ്ങൾ ഉണ്ടാകുന്നു.

## വിവരസാങ്കേതികവിജ്ഞാനയുഗവും സംസ്കാരവും

മനുഷ്യന്റെ ജീവിതശൈലിയിലും സ്വഭാവരൂപീകരണത്തിലും നവസാങ്കേതികവിദ്യകൾ വലിയ സ്വാധീനം ചെലുത്തുന്നു. 19-ാം നൂറ്റാണ്ടിൽ സാങ്കേതികവിദ്യ മനുഷ്യന്റെ ആവശ്യങ്ങളെ മുൻനിർത്തിയായിരുന്നെങ്കിൽ ഇരുപതാം നൂറ്റാണ്ടിൽ സാങ്കേതികവിദ്യ ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായാണ് വികസിക്കുന്നത്. സാങ്കേതികവിദ്യകളുടെ വ്യാപനത്തിനും കണ്ടുപിടുത്തത്തിനും അനുയോജ്യമായ ജീവിതശൈലി രൂപപ്പെടുത്താൻ നാം തയ്യാറാകുന്നു. അനുദിന ജീവിതത്തിൽ സാങ്കേതികവിദ്യയുടെ അനാവശ്യ കുത്തിത്തിരുകൽ നടക്കുന്നു എന്ന് ഡോലിക്കും സിക്കും നിരീക്ഷിക്കുന്നു. (Mc Guign, 2006 May:255) കമ്പ്യൂട്ടറും മൊബൈൽഫോണും ഇന്റർനെറ്റുമൊക്കെ ഇന്ന് പേഴ്സണൽ അസിസ്റ്റന്റിനെപ്പോലെയാണ്. ദൈനംദിനജീവിതത്തിൽ പ്രാഥമിക ആശയവിനിമയങ്ങൾ ഉൾപ്പെടെ പലതും ഇതിന്റെ സഹായത്താൽ അനായാസം നിർവഹിക്കുന്നു. ശരീരത്തിലെ അവ

യവം പോലെയാണ് ഇന്ന് മൊബൈൽഫോൺ. ഉപഭോഗവസ്തുക്കളുടെ അനിയന്ത്രിതമായ ഉത്പാദനവും വിതരണവും അതിനനുയോജ്യമായ പരസ്യപ്രചാരണവും മൂലം ഇന്ന് സമൂഹം ഉപഭോഗസംസ്കാരത്തിന്റെ (consumer culture) ഭാഗമായി മാറി. വ്യവസായാനന്തര സമൂഹത്തിൽ (post industrial culture) ഇന്ന് വിനോദവ്യവസായത്തിനാണ് പ്രാമുഖ്യം. അധ്വാനത്തെയും വിനോദത്തെയും വേർതിരിക്കാനാവാത്ത അവസ്ഥ. സംസ്കാരനിർമിതിയുടെ (cultural industry) അടിസ്ഥാനഘടകങ്ങളിലൊന്ന് ബഹുജനമാധ്യമങ്ങളാണ്. അച്ചടി, റിക്കോർഡിംഗ്, ടെലിവിഷൻ, റേഡിയോ തുടങ്ങിയ മാധ്യമങ്ങൾക്ക് സാമൂഹ്യകർത്തൃത്വങ്ങളെ നിർണയിക്കുന്നതിന് മുഖ്യപങ്കാണുള്ളത്. വൻമൂലധനനിക്ഷേപങ്ങളുടെ അടിത്തറയുള്ള ഇത്തരം മാധ്യമങ്ങൾക്ക് സ്ഥാപിത താത്പര്യവും ആശയങ്ങളുമാണുള്ളത്. ഒരു തരത്തിൽ പറഞ്ഞാൽ ഏകാധിപത്യ സ്വഭാവം read only culture എന്നാണ് ലെസിംഗ് (Lessig, 2008: 2930) ഇതിനെ വിശേഷിപ്പിക്കുന്നത്. സജീവരായ നിർമാതാക്കൾ (active author), നിർജീവരായ ഉപഭോക്താക്കൾ (passive consumer) എന്നതായിരുന്നു അവസ്ഥ.

ഡിജിറ്റൽ യുഗത്തിന്റെ ആധുനിക ഘട്ടത്തിൽ വളരെ സജീവരായ നിർമാതാക്കളും ഉപഭോക്താക്കളുമുള്ള സമൂഹമാണുള്ളത്. നിർമാതാവ്- ഉപഭോക്താവ് എന്ന അതിർവരമ്പില്ലാതെ ആർക്കും വിവരങ്ങൾ (information) സൃഷ്ടിക്കാനും പ്രചരിപ്പിക്കാനും അവയിൽ ഇടപെടാനും സാധിക്കും. മാധ്യമമേൽക്കോയ്മ (media hegemony) യുടെ തകർച്ചയാണ് അതിന്റെ ഫലം.

വിവരസാങ്കേതികവിജ്ഞാന യുഗത്തിന്റെ ആധുനികഘട്ടം റീമിക്സ് സംസ്കാരം (remix culture) ആയി വിശേഷിപ്പിക്കാം. ഉദാഹരണമായി ഒരു പാട്ട് നാം കേൾക്കുന്നു. കേൾവിക്കാരന് പാട്ട് എഡിറ്റ് ചെയ്യാനും അതിലേക്ക് പലതും കൂട്ടിച്ചേർക്കാനും സാധിക്കും. ആധുനിക ലോകം പകർപ്പുകളുടെ ലോകമാണ്. കലാസൃഷ്ടികളുടെയോ ഉത്പന്നങ്ങളുടെയോ അറിവുകളുടെയോ അനന്തമായ പകർപ്പുണ്ടാക്കാൻ നമുക്ക് അനായാസം കഴിയും. ലോകത്തെവിടെയുമിത് കൈമാറാനും വിതരണം ചെയ്യാനും സാധിക്കും. 'തനി' എന്ന ആശയം തന്നെ നഷ്ടമായിരിക്കുന്നു.

ഇന്റർനെറ്റിന്റെയും മൊബൈൽഫോണിന്റേയും പ്രാപ്യത അനുസരിച്ച് ഒരു ഉപസംസ്കാരം (sub culture) സമൂഹത്തിൽ രൂപപ്പെടുന്നു. പൊതുസംസ്കാരത്തിന്റെ ഭാഗമായി നിലനിൽക്കുമ്പോഴും ജനങ്ങൾ അവരുടേതായ സൂക്ഷ്മ സംസ്കാരങ്ങൾ (micro culture) സൃഷ്ടിക്കുന്നു. സമൂഹത്തിന്റെ പുതു പൊതുമണ്ഡല (New public space) നിർമിതിയുടെ കർതൃത്വം ഇന്ന് കമ്പ്യൂട്ടറിനും മൊബൈൽഫോണിനും ഇന്റർനെറ്റിനുമാണ്. സോഷ്യൽ നെറ്റ്വർക്കുകൾ ശക്തമായ സംവേദന മാർഗമാണ്. സൗഹൃദകൂട്ടായ്മകൾ വിനോദ വ്യവസായത്തിന്റെ ഭാഗമായാണ് നിലകൊള്ളുന്നതെങ്കിലും പലപ്പോഴും ഗൗരവമേറിയ ചർച്ചകൾക്കും സംവാദങ്ങൾക്കും സോഷ്യൽനെറ്റ്വർക്കുകൾ വേദിയാകാറുണ്ട്. ശക്തമായ രാഷ്ട്രീയമുന്നേറ്റങ്ങൾക്കും പ്രക്ഷോഭ

ങ്ങൾക്കും സോഷ്യൽ നെറ്റ്‌വർക്കുകൾ കാരണമായി ഭവിക്കുന്നു എന്നതിനുദാഹരണമാണ് ഇറാനിയൻ ഗ്രീൻ മൂവ്മെന്റ്, അറബ് വസന്തം, അണ്ണാ ഹസാരേ സമരം തുടങ്ങിയവയൊക്കെ.

പ്രാദേശികമായ നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ശീലങ്ങളുമൊക്കെ ലോകസ്വത്വത്തിന്റെ ഭാഗമായി മാറുന്നു. നമ്മുടെ ഭക്ഷണരീതി, സംഭാഷണം, വസ്ത്രരീതി, ഇടപെടലുകൾ തുടങ്ങി സംസ്കാരത്തിന്റെ പല മേഖലകളിലും ഡിജിറ്റൽ സംസ്കാര നിർമിതികളെ നമുക്ക് കണ്ടെത്താം.

## വിവരസാങ്കേതികവിജ്ഞാനയുഗവും ഉത്പാദനവിതരണക്രമങ്ങളും

മാനവചരിത്രം പരിശോധിച്ചാൽ ഓരോ നാഗരികതയുടെയും മുഖ്യസവിശേഷതകളിലൊന്നായി കരുതുന്നത് അവിടെ നിലനിന്നിരുന്ന ഉത്പാദനവിതരണക്രമങ്ങളാണ്. സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമാണിത്. സാമ്പത്തികബന്ധങ്ങളാണ് സാമൂഹ്യക്രമങ്ങളെ സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതും. വ്യാവസായിക സംസ്കാരത്തിൽ (industrial culture) മൂന്ന് തരം തൊഴിൽ വിഭാഗങ്ങളാണ് നിലനിന്നിരുന്നത്. അവിദഗ്ദരായ തൊഴിൽസമൂഹമാണ് ആദ്യത്തേത്. വ്യവസായശാലകളിലെയും കാർഷികമേഖലകളിലെയും താഴേത്തട്ടിലെ പണിക്കാരാണവർ, കുറഞ്ഞ ശമ്പളവും ദുരിതംനിറഞ്ഞ ജീവിതാവസ്ഥകളുമുള്ളവർ. അടുത്തത് സമൂഹത്തിന്റെ ഉപരിമണ്ഡലങ്ങളിലുള്ള ബൗദ്ധിക തൊഴിലാളികളാണ്. എൻജീനിയർ, ശാസ്ത്രജ്ഞർ, പ്രൊഫസർ, പത്രപ്രവർത്തകർ തുടങ്ങിയ വിഭാഗത്തിൽപെടുന്നവരാണിവർ. ഉയർന്നവേതനവും സാമൂഹിക അന്തസ്സും ജീവിതസൗകര്യങ്ങളും ഈ വിഭാഗക്കാർക്ക് കൂടുതലായിരിക്കും. മേല്പറഞ്ഞ രണ്ടു കൂട്ടർക്കുമിടയിൽ വരുന്നതാണ് മൂന്നാമത്തെ തൊഴിൽസേന. മധ്യവർത്തികളുടെ കർത്തവ്യമാണ് ഇവർ നിർവഹിക്കുന്നത്. ഫോർമാൻ, സൂപ്പർ വൈസർ, ഗുമസ്തൻ, ശിപായി, കാവൽക്കാർ തുടങ്ങിയ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഈ വിഭാഗത്തിൽ വരുന്നത്.

സാങ്കേതികവിദ്യയുടെ വികാസവും കമ്പ്യൂട്ടർനിയന്ത്രിത മിഷ്യനുകളുടെ വ്യാപകമായ ഉപയോഗവും തൊഴിൽഘടനയിൽ മാറ്റം വരുത്തി. ഇവ ഏറ്റവുമധികം ബാധിച്ചത് മധ്യവർത്തി സമൂഹത്തെയാണ്. നിരവധിയാളുകൾ ചെയ്തുതീർക്കുന്ന ജോലി ഇന്ന് ഒന്നോരണ്ടോ പേർക്ക് ചെയ്യാൻ സാധിക്കും. വികസിതരാജ്യങ്ങളിൽ ഇതുമൂലം നിരവധിയാളുകൾക്ക് തൊഴിൽനഷ്ടമുണ്ടായി. മധ്യവർത്തി തൊഴിൽസേനയിലെ ഒരു വിഭാഗം ബൗദ്ധിക തൊഴിൽസേനയുടെ ഭാഗമായിത്തീരുകയും ബൗദ്ധിക തൊഴിൽ സേനയുടെ നിലവാരം ഇടിയുകയും ചെയ്തു. അവിദഗ്ധരായ തൊഴിൽ സേനയിലേക്ക് ഒരു വിഭാഗം മധ്യവർത്തി തൊഴിലാളികൾ ചെന്നെത്തുകയും രൂക്ഷമായ തൊഴിൽരാഹിത്യം അനുഭവപ്പെടുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ തൊഴിൽഘടനയിൽ അടിസ്ഥാനമാറ്റം ഉണ്ടാകുന്നു.

## വിവരസാങ്കേതിക വിജ്ഞാനയുഗവും ഭാഷയും

ലോകത്തെല്ലായിടത്തും ഭാഷയിൽ ചലനാത്മകമായ വ്യതിയാനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്റർനെറ്റും മൊബൈൽഫോണും കമ്പ്യൂട്ടറുമൊക്കെ നൽകുന്ന നവഭാഷാ സാധ്യതയുടെ പ്രധാനപ്പെട്ട ഉദാഹരണങ്ങളിലൊന്നാണ് ടെക്സ്റ്റെസെ, (textese) ചാറ്റ് പീക്ക് (chatpeak), ടെക്റ്റീസ്, (Textes) തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ലിഖിതഭാഷ. അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ചുരുക്കപ്പേരുകളുമൊക്കെ ചേർത്ത് നിർമിക്കപ്പെട്ട വരമൊഴി ഭാഷ. പദശുദ്ധി, വാക്യഘടന, വ്യാകരണ നിയമം തുടങ്ങി എല്ലാ ഭാഷാ നിയമങ്ങളെയും ഈ പുതുഭാഷ അതിലംഘിക്കുന്നു. ആഗോള ഭാഷ എന്ന ആശയത്തിന്റെ സാധൂകരണം കൂടിയാണിത്. ആഗോളവത്കരണത്തിന്റെ ഭാഷയായ ഇംഗ്ലീഷ് ഭാഷയ്ക്കാണ് പുതുഭാഷയുടെ കർത്തൃത്വം.

ഓരോ പ്രാദേശിക ഭാഷയിലും ഇംഗ്ലീഷ് ഭാഷയുമായി ചേർന്ന് മറ്റൊരു ഭാഷ രൂപപ്പെടുന്നു. നിലവിൽ ഇവയിൽ പലതും ഔദ്യോഗിക ഭാഷയാണ്. മലയാളത്തിൽ ഇത്തരത്തിൽ രൂപപ്പെട്ട ഭാഷയാണ് മംഗ്ലീഷ് ഭാഷ. അനൗദ്യോഗിക സംഭാഷണ ഭാഷയിലേക്ക് പുതിയ പദങ്ങൾ കടന്നുവരുന്നു. പ്രാദേശികഭാഷാ വഴക്കങ്ങൾ നഷ്ടപ്പെടുകയും പുതിയ ശൈലിയും ഉച്ചാരണവും രൂപപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ നിരവധിയായ ഭാഷാപരിണാമങ്ങൾ ഡിജിറ്റൽ സംസ്കാരത്തിന്റെ ഭാഗമായി രൂപപ്പെടുന്നു.

സമൂഹത്തിന്റെ സമസ്ത മേഖലകളിലും ഡിജിറ്റൽ സംസ്കാരം ആഴത്തിൽ വേരുകൾ ആഴ്ത്തിയിരിക്കുന്നു. വികസ്വര/അവികസിത രാജ്യങ്ങളിൽ ഡിജിറ്റൽ അസമത്വവും/നിരക്ഷതയും ഇപ്പോഴും നിലനിൽക്കുന്നു എന്നതൊരു യാഥാർഥ്യമാണ്. എങ്കിലും വളരെ കുറഞ്ഞകാലത്തിനുള്ളിൽ തന്നെ ഈ ന്യൂനത മറികടക്കാനാണ് സാധ്യത.

### ഗ്രന്ഥസൂചി

1. Bignel, Jonathan. 2002: Media Semiotics-An introduction, New York: Machester University Press.
2. May, Harvey., Greg Hearn. 2005: April 'The Mobile phone as media', International Journal or Cultural Studies, vol.18(1)pp. 89-105, htt://www.ics.sabpub.com/content/8/2/195
3. Mc Guigon, Jim. 2006: May 'Towards a Sociology of the Mobile phone', An interdisciplinary Journal on Human in ICT Environments. vol. 1(1) pp. 249-268, htt.//www.human Technology.jyu.fi-2005-125
4. McLuhan, Marshal. 1964: Understanding Media, London: Routledge.
5. Lessig, L. 2008: Remix: Making art and commerce thrive in the Hybrid economy. New York: Plenum Press.
6. Hassan, R. 2008: The Information Society, Cambridge: Polity Press.

# 24. മൊബൈൽ ഫോൺ: ഒരു സമ്പൂർണ മാധ്യമം

## ഡോ. വി.കെ.എൻ. കൈമൾ വൈക്കത്തില്ലം

ഏതാനും വർഷംകൊണ്ട് മാധ്യമലോകത്തുണ്ടായ വളർച്ച അത്ഭുതാവഹമാണ്. വിവരസാങ്കേതികരംഗത്തുണ്ടായ പരീക്ഷണങ്ങളും കണ്ടെത്തലുകളുമാണ് അതിനു വഴിതുറന്നത്. പത്രമാസികകളും റേഡിയോയും ടെലിവിഷനും ടെലിഫോണും കമ്പ്യൂട്ടറും ഇന്റർനെറ്റും ഇ-മെയിൽ സംവിധാനവുമൊക്കെ കൂടി സമൂഹജീവതത്തിൽ സൃഷ്ടിക്കുന്ന തുടർചലനങ്ങളിലൂടെ ഐ.ടി.മേഖല ലോകത്തെ മൊത്തമായും കൈപ്പിടിയിലൊതുക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെ, സർവാതിശായി എന്നു പറയാവുന്ന മട്ടിലേക്കു വളരുന്ന വിവരസാങ്കേതികവിദ്യയുടെ നിസ്തുല സംഭാവനയാണ് മൊബൈൽ ഫോൺ.

അതിനെക്കുറിച്ചുള്ള വിചാരംപോലും നമ്മെ രസിപ്പിക്കും. നമ്മുടെ കയ്യിലും പോക്കറ്റിലുമൊക്കെ അടങ്ങി ഒതുങ്ങി ഇരിക്കുമെങ്കിലും അത് ഉണർന്ന് കർമനിരതമാകുമ്പോൾ നമ്മുടെ മനസ്സിനുണ്ടാകുന്ന ജാഗ്രത-അതൊന്നു പ്രത്യേകമാണ്. "ഞാൻ നിന്നോടൊപ്പമുണ്ട്, ധൈര്യമായിരിക്കൂ" എന്ന് ഉള്ളിലിരുന്ന് ആരോ മന്ത്രിക്കുംപോലെ ഒരനുഭവം. 'അചിന്ത്യവൈഭവം'[1], 'ചെറുതെങ്കിലും ഏറ്റവും മഹിമയുള്ളത്'[2] എന്നൊക്കെ മൊബൈൽ ഫോണിനെക്കുറിച്ചും പറയാം. അന്ന് ഇതുണ്ടായിരുന്നെങ്കിൽ 'മേഘസന്ദേശം' രചിക്കപ്പെടുമായിരുന്നോ? നളന് തന്റെ ഹൃദയരഹസ്യം ഹംസത്തിനോട് പറയേണ്ടിവരുമായിരുന്നോ? വേർപെട്ടുപോയ നളനെക്കുറിച്ച് ദയമന്തിക്കു പെട്ടെന്നു വിവരം ലഭിക്കുമായിരുന്നില്ലേ. കാളിദാസന്റെ ശകുന്തളയ്ക്ക് മുനിശാപം അനുഭവിക്കേണ്ടിവരുമായിരുന്നോ. ഇങ്ങനെയൊക്കെ ഭാവന ചെയ്ത് രസിക്കുകയും ചെയ്യാം. അത്രമാത്രം സജീവസന്തതസഹചാരിയായി മൊബൈൽ ഫോൺ നമ്മുടെ നിത്യജീവിത നിമിഷങ്ങളുമായി

ഇണങ്ങിക്കഴിഞ്ഞു. ഒരു സമ്പൂർണമാധ്യമം എന്ന പദവിയിലേക്ക് ഉയരുന്ന മൊബൈൽ ഫോണിന്റെ പ്രാധാന്യവും പ്രസക്തിയും ചരിത്രവും ഇനി നിരീക്ഷിക്കാം.

'മൊബൈൽ' എന്ന വാക്ക് മൊബൈൽ ഫോണിന്റെ പര്യായശബ്ദമായിമാറിക്കഴിഞ്ഞിരിക്കുന്നു. അത്രമാത്രം അത് പ്രചാരം നേടിക്കഴിഞ്ഞു. പ്രായഭേദമൊ സ്ത്രീപുരുഷഭേദമൊ ബാലവൃദ്ധഭേദമൊ ഇല്ലാതെ സമൂഹം ഇന്ന് മൊബൈൽ ഉപയോഗിക്കുന്നു. 'ഹലോ' 'ഹലോ' വിളി ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്തിരിക്കുന്നു. ഈ 'ഹലോ' ടെലിഫോൺ കണ്ടുപിടിച്ച ഗ്രഹാംബല്ലിന്റെ കാമുകിയുടെ പേരായിരുന്നു എന്നാണ് കരുതപ്പെടുന്നത്. ദൈവനാമം ഉച്ചരിക്കുന്നതിലും കൂടുതലായി 'ഹലോ' വിളി ഉയരുന്നു. മനുഷ്യസമൂഹം ഉള്ളിടത്തോളംകാലം അതങ്ങനെയായിരിക്കുകയും ചെയ്യും. മൊബൈലും 'ഹലോ'യും തമ്മിലുള്ള 'ഹൃദയബന്ധം' അത്രമാത്രം ദൃഢമായിരിക്കുന്നു.

സെല്ലുലാർ ഫോൺ, സെൽഫോൺ, ഹാൻഡ്ഫോൺ എന്നെല്ലാം മൊബൈൽഫോൺ അറിയപ്പെടുന്നു. കോളുകൾ അയയ്ക്കാനും സ്വീകരിക്കാനും കഴിവുള്ള റേഡിയോ ലിങ്ക് സംവിധാനമുള്ള പ്രയോഗതന്ത്രമാണ് അതിന് ജീവൻ നല്കുന്നത്. ആ പ്രയോഗതന്ത്രം സെല്ലുലാർ 'നെറ്റുവർക്കു'മായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ടെക്സ്റ്റ് മെസ്സേജിംഗ്, എസ്.എം.എസ്, ഇ-മെയിൽ, ഇന്റർനെറ്റ്, ഗയിം, ഫോട്ടോഗ്രാഫി എന്നിങ്ങനെ വിസ്തൃതമായ പല മേഖലകളെയും സങ്കലനം ചെയ്തു പ്രവർത്തിക്കുന്ന മൊബൈൽ, 'സ്മാർട്ട് ഫോൺ' എന്ന ഓമനപ്പേര് നേടിയിരിക്കുന്നു. മൊബൈലുകൾ പൊതുവായ 'ടെലിഫോൺ നെറ്റ്വർക്കി'ൽ കടന്ന് പ്രവർത്തിക്കാൻ അനുവദിക്കപ്പെട്ടിട്ടുണ്ട്. നമ്മൾ സഞ്ചരിക്കുന്ന സ്ഥലത്തിന്റെ മാപ്പ്, ലൊക്കേഷൻ, വഴികൾ തുടങ്ങി യാത്രയ്ക്കിടയിൽ അറിയേണ്ടുന്ന കാര്യങ്ങൾ അറിയിച്ചുതരുന്ന 'റോബോട്ടു'സംവിധാനമുള്ള മൊബൈലും വിരൽതൊട്ടാൽ കോളുകളും മറ്റും തെളിയുന്ന മൊബൈലും വരെ ഇന്നു പ്രചാരത്തിലുണ്ട്. മൊബൈൽകൊണ്ടു പ്രവർത്തിപ്പിക്കാവുന്ന സവിശേഷമായ ഒരിനം ബൾബ് ആസ്ട്രേലിയയിലെ ഒരു യുവഗവേഷകൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൊബൈൽകൊണ്ട് ആ ബൾബ് തെളിയിക്കുകയും അണയ്ക്കുകയും പ്രകാശത്തെ തീവ്രമോ സൗമ്യമോ ആക്കുകയും ചെയ്യാം. ഇങ്ങനെ മൊബൈലിന്റെ ഉപയോഗതലം വേഗം വളരുകയാണ്.

കേരളത്തിൽത്തന്നെ, നൂറാളിന് നൂറ്റിമൂന്ന് എന്ന കണക്കിൽ മൊബൈൽ ഉപയോഗിക്കപ്പെടുന്നു. രണ്ടു മൊബൈലും രണ്ടും അതിലേറെയും സിംകാർഡും പലർക്കുമുണ്ട്. ഇവിടുത്തെ ജനസംഖ്യയെക്കാൾ പതിനൊന്നു ലക്ഷം കവിഞ്ഞു ഉപയോഗിക്കപ്പെടുന്ന മൊബൈലിന്റെ എണ്ണം. 2012 മെയ് വരെ മൊബൈൽ കണക്ഷൻ മൂന്നുകോടി നാല്പത്തഞ്ചു ലക്ഷം കടന്നു. മൊബൈൽ സാന്ദ്രതയിൽ കേരളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്തു നില്ക്കുന്നു. തമിഴ്നാടും ഹിമാചലുമാണ് മുന്നിൽ. ലോകത്തെ

ഏറ്റവും വലിയ മൊബൈൽ പ്രവർത്തകരായ 'ചൈന മൊബൈലി'ന്റെ വരിക്കാരുടെ എണ്ണം 5.6 ബില്യൻ കവിഞ്ഞും തുടരുകയാണ്. സ്മാർട്ട്ഫോൺ 'ആപ്പിൾ ഐ. 5' എന്ന പുതിയതാരം അടുത്ത സമയത്ത് വിപണിയിൽ എത്തിയപ്പോൾ, വിവരവിനിമയരംഗത്തെ ഈ ആറാം തലമുറക്കാരനെ ആവശ്യപ്പെട്ടു വന്നത് ഇരുപതുലക്ഷം പേരാണ്. സമൂഹത്തിന് മൊബൈലിനോടുള്ള അടങ്ങാത്ത ആവേശമാണ് ഈ വാർത്തകളിൽ തെളിയുന്നത്. മൊബൈലിനു പിന്നിലുള്ള ചരിത്രപരമായ ചില വസ്തുതകളാണ് ഇനി നിരീക്ഷിക്കപ്പെടുന്നത്.

## വന്നവഴി-വളർന്നവഴി

രണ്ടാം ലോകമഹായുദ്ധകാലത്ത് *റജിനാൾഡ് ഫെസ്സൻഡർ* റേഡിയോ ടെലിഫോണി ആവിഷ്കരിച്ചു. അത് സൈനിക ആവശ്യത്തിനായിരുന്നു; പിന്നീടാണ് പൗരന്മാരുടെ ഉപയോഗത്തിലേക്കുവന്നത്. 1946-ൽ അമേരിക്കയിലെ മിസ്സൗറിയിൽ ഒരു കാറിൽ നിന്നാണ് ആദ്യമായി മൊബൈൽഫോൺ വിളി ഉണ്ടായത്. 1962-ൽ ഇംഗ്ലണ്ടിൽ കമ്പ്യൂട്ടറിൽ നിന്ന് മൊബൈൽഫോണിലേക്ക് ആദ്യമായി എസ്.എം.എസ്. അയയ്ക്കപ്പെട്ടു. മൊബൈൽ വാർത്താസേവനം ആദ്യമായി 2000-ാമാണ്ടിൽ ഫിൻലൻഡിൽ എസ്.എം.എസ്സിലൂടെ നിർവഹിച്ചു.[3]

ഇന്ന് സർവസാധാരണമായിരിക്കുന്ന; കയ്യിൽ കൊണ്ടുനടക്കാവുന്നതും അനായാസം പ്രവർത്തിപ്പിക്കാവുന്നതുമായ മൊബൈൽ ആവിഷ്കരിച്ചത് മോട്ടോറോള കമ്പനിയിലെ മാർട്ടിൻ കൂപ്പറാണ്.[4] സമകാലികജീവിതത്തിൽ മൊബൈൽ ചെയ്യുന്ന സേവനങ്ങളും മറ്റുമാണ് ഇനി പരാമർശിക്കപ്പെടുന്നത്.

## നാലാമത്തെ തിരശ്ശീല

'ഫോർത്ത് സ്ക്രീൻ', 'ഫസ്റ്റ് പേഴ്സണൽ സ്ക്രീൻ' എന്നൊക്കെ മൊബൈൽ വിശേഷിപ്പിക്കപ്പെടുന്നു. സിനിമ, ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവയാണ് ആദ്യത്തെ മൂന്നുതിരശ്ശീലകൾ. 'ഏറ്റവും സ്നേഹം ആരോടാണ്" എന്ന ചോദ്യത്തിന്, "എന്നോടുതന്നെ" എന്ന ഉത്തരം പഴകിപ്പോയി. ഇന്ന്, "എന്റെ മൊബൈലിനോട്" എന്ന മട്ടിലേക്കെത്തിയിരിക്കുന്നു മൊബൈലും മനുഷ്യനും തമ്മിലുള്ള ബന്ധം. ജനപ്രിയസംസ്കാരത്തെ രൂപപ്പെടുത്തുന്ന കച്ചവടതന്ത്രമാണ് ഇമ്മട്ടിലുള്ള ബന്ധങ്ങളുടെ അണിയറയിൽ വർത്തിക്കുന്നത്.

മോട്ടോറോള നടത്തിയ പഠനങ്ങളിൽ വെളിപ്പെടുന്ന ചില കാര്യങ്ങളിൽ, പത്തുമൊബൈലുകളിൽ ഒന്ന് എന്ന ക്രമത്തിൽ കുടുംബത്തിലെ മറ്റംഗങ്ങളിൽ നിന്ന് രഹസ്യമാക്കിവെക്കേണ്ടതായ കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നു. കുടുംബത്തിനു പുറത്തുള്ള കാര്യങ്ങൾക്കും ഗൂഢമായ വ്യാപാരാവശ്യങ്ങൾക്കും മറ്റുമാണ് അത് പ്രയോജനപ്പെടുത്തുന്നത്. ചിലയാളുകൾക്ക് കലഹം മൂലം തകർന്ന ബന്ധങ്ങൾ ഇണക്കുന്നതിനും ഈ സന്തതസഹചാരി സഹായമാകുന്നുണ്ട്.

സുരക്ഷിതമായ എസ്.എം.എസ്സിലൂടെ പണം കൈമാറ്റം ചെയ്യുക, അക്കൗണ്ടിലെ തുകയുടെ വിശദാംശങ്ങൾ അറിയുക തുടങ്ങിയുള്ള ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. അതാണ് മൊബൈൽ ബാങ്കിംഗ്. നിയമപരമായ നടപടികൾക്കായി കോളുകൾ; സിംകാർഡും ഹാൻഡ്സെറ്റും പിന്തുടർന്ന് ഉപഭോക്താവ് എവിടെയാണ് എന്ന സ്ഥലപരിധി മനസ്സിലാക്കാറുണ്ട്. ഇങ്ങനെ രഹസ്യാന്വേഷണത്തിന് മൊബൈൽ സഹായകമാകുന്നു. വാർത്തകൾ, പത്രം വീട്ടു മുറ്റത്തുവരുന്നതിനു മുമ്പേ വായിക്കുന്നതിനും റേഡിയോ കേൾക്കുന്നതിനും മൊബൈലിൽ വിരൽ തൊട്ടാൽ മതി.

ഒരു സഹയാത്രികനെപ്പോലെ പെരുമാറുന്ന മൊബൈൽ നമ്മുടെ ജീവിതശൈലികളെയും സ്വാധീനിക്കുന്നു. ഉറക്കത്തിൽ നിന്നും വിളിച്ചുണർത്തുന്ന അലാറമായി, തീയതി ചൂണ്ടിക്കാണിക്കുന്ന കലണ്ടറായി, ആവശ്യമുള്ള സന്ദർഭങ്ങളിൽ, ട്രെയിൻ, പ്ലെയിൻ സമയവും മറ്റും ഓർമപ്പെടുത്തുന്ന 'റിമൈൻഡറാ'യി, അകലങ്ങളിലുള്ളവരുമായി സൗഹൃദം തുടരുന്നതിനും പുതിയ സൗഹൃദം സൃഷ്ടിക്കുന്നതിനും മറ്റുമുള്ള ഇടനിലക്കാരനായി, തിരക്കേറിയ ജീവിതത്തിൽ സ്ഥലകാലനിഷ്ഠമായ കൃത്യതയിലേക്ക് നമ്മെ വരുത്തുന്ന സെക്രട്ടറിയോ കാര്യസ്ഥനോ ഒക്കെയായി മൊബൈൽ പകർന്നാട്ടം നടത്തുന്നു. അഡ്രസ് ബുക്ക്, ഡയറി, നോട്ട്പാഡ്, കാൽക്കുലേറ്റർ എന്നീ സംവിധാനങ്ങളാധാരമാക്കി നമുക്കാവശ്യമായ സേവനം നിർവഹിക്കുന്നു. അലച്ചിൽ കൂടാതെ വേഗം പ്രവർത്തിക്കാനും കാര്യം സാധിക്കാനും മൊബൈലിലെ ടിക്കറ്റ് ബുക്കിംഗ്, ഇമെയിൽ, ചാറ്റിംഗ്, ഷോപ്പിംഗ് സൗകര്യങ്ങൾ എന്നിവ നമ്മെ സഹായിക്കുന്നു.

സ്ഥലകാലപരിധികൾ ലംഘിച്ചുകൊണ്ട് സംസാരിക്കുന്ന ആളിന്റെ ചിത്രം സ്ക്രീനിൽ തെളിയിച്ച് നേരിൽ കണ്ട് ആ ആളുമായി സംസാരിക്കുന്ന അനുഭവം മൊബൈൽ നമുക്കു തരുന്നു. "മാധ്യമം തന്നെയാണ് സന്ദേശം" എന്നൊരു ചൊല്ലുണ്ട്. മാധ്യമങ്ങളിലൂടെ ആവിഷ്കൃതമാകുന്ന സന്ദേശവും അത് സ്വീകർത്താവിലുണ്ടാക്കുന്ന പ്രതികരണവും തമ്മിൽ ബന്ധമുണ്ട്. ഓരോ മാധ്യമവും വിഭിന്നങ്ങളായ അനുഭവങ്ങൾ നല്കുന്നു എന്നു പറയാൻ അതാണ് കാരണം. മനോധർമം അനുസരിച്ച് മൊബൈലിൽ കാർട്ടൂണുകളും ചിത്രങ്ങളും ഫലിതങ്ങളും മറ്റും സൃഷ്ടിച്ച് അയയ്ക്കാനും സ്വയം രസിക്കുന്നതോടൊപ്പം മറ്റുള്ളവരെ രസിപ്പിക്കാനും സാധിക്കും. അങ്ങനെ മൊബൈൽ സർഗാത്മകതയുടെ സാന്നിധ്യമായും മാറുന്നു. അന്വേഷണാത്മക മാധ്യമപ്രവർത്തനത്തിനും മൊബൈൽ സഹായിക്കുന്നു. അങ്ങനെ മാധ്യമപ്രവർത്തനം കൂടുതൽ ജനകീയമാകുന്നു. ക്യാമറയുള്ള മൊബൈൽ രഹസ്യമായി കയ്യിലൊതുക്കി ചിത്രമെടുക്കാനും സംഭാഷണം രേഖപ്പെടുത്താനും സാധിക്കും. മൊബൈൽ ചിത്രീകരണങ്ങളിലൂടെയാണ് സദ്ദാമിനെ തൂക്കിലേറ്റുന്നതും ബംഗാളിൽ ആദിവാസി പെൺകുട്ടിയെ തെരുവിൽ പീഡിപ്പിക്കുന്നതും തിരുവനന്തപുരത്ത് സദാചാര പോലീസ് യുവാവിനെ തെരു

വിൽ മർദിക്കുന്നതുമൊക്കെ സമൂഹത്തിന്റെ ശ്രദ്ധയിലേക്കുവന്നത്.

## കയ്പും മധുരവും

'ദൈവത്തെപ്പോലെ ശക്തിയുള്ളതും ചെകുത്താനെപ്പോലെ അപകടകാരിയും'[5] എന്ന് മൊബൈലിനെക്കുറിച്ച് ഒരഭിപ്രായമുണ്ട്. അതിന്റെ ഗുണവശവും സൂചിസൂക്ഷ്മമായ കരുതലെടുത്തില്ലെങ്കിൽ വരാവുന്ന അപകടങ്ങളും ഈ അഭിപ്രായം ഉൾക്കൊള്ളുന്നു. അടിസ്ഥാന ആവശ്യങ്ങൾ മാറ്റിവെച്ചാണ് പലരും മൊബൈൽ വാങ്ങുന്നത്. അതിൽ ഗെയിം കളിച്ചും സന്ദേശം അയച്ചും സമയം കളയുന്നതിനാൽ പുസ്തകവായന കുറയുന്നു, വായനയിൽ നിന്നു കിട്ടേണ്ട അറിവനുഭവങ്ങൾ നഷ്ടമാവുന്നു, സ്ത്രീരക്ഷയ്ക്ക് മൊബൈൽ സഹായകമാണെങ്കിലും അവളെ ചതിക്കുഴികളിൽ ചാടിക്കാൻ അത് കൂട്ടുനില്ക്കുകയും ചെയ്യുന്നു എന്നീ അഭിപ്രായങ്ങളും ശ്രദ്ധിക്കേണ്ടതാണ്. വാഹനം ഓടിക്കുമ്പോഴും വഴിയെ നടക്കുമ്പോഴും മൊബൈൽ ഉപയോഗിക്കുന്നതിൽ വളരെ കരുതലെടുത്തില്ലെങ്കിൽ അശ്രദ്ധ ഗുരുതരമായ അപകടം ക്ഷണിച്ചുവരുത്തും എന്നതും ഓർമിക്കേണ്ടതാണ്. മറ്റുള്ളവരുടെ ജീവിതത്തിന്റെ അകത്തളങ്ങളിൽ നുഴഞ്ഞുകയറി പ്രശ്നങ്ങളുണ്ടാക്കണമെന്ന് വിചാരിക്കുന്നവരുടെ കൈയിൽ മൊബൈൽ പാരയായി മാറുന്നു. അതിന്റെ കയ്പുനീർ കുടിച്ച സ്ത്രീകളും സ്ഥാനം നഷ്ടമായ ജനപ്രതിനിധികളും ധാരാളം. ലെന്നാർട്ട് ഹാർഡലും സംഘവും നടത്തിയ പഠനം[6], മൊബൈലിന്റെ റേഡിയേഷൻ ചെവിയുമായി ബന്ധമുള്ള നാഡീവ്യൂഹത്തിന് ദോഷം ചെയ്യുമെന്നു പറയുന്നു. മദ്യത്തെക്കാൾ അപകടകാരിയാണോ മൊബൈൽ എന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. പരിസരബോധം തീരെയില്ലാതെ അത് പെരുമാറും എന്നതിനാൽ പ്രത്യേകം കരുതലും വേണം.

'സിം കാർഡുകൾ വലിയ കാടുകളായി മാറിയതോടെ നമ്മൾ കാടൻ സംസ്കാരത്തിലേക്ക് പോയോ' എന്നും 'പെറ്റുവീഴുന്ന കുട്ടികൾ വരെ അമ്മേ! എന്റെ മൊബൈൽ എവിടെ എന്നു ചോദിച്ചുകൊണ്ടായിരിക്കും എഴുന്നേറ്റു വരിക' എന്നും ചിന്തിക്കുന്നവരുണ്ട്.[7] അശ്ലീലസാഹിത്യവും ചിത്രവും മറ്റും കാണിച്ച് കുട്ടികളെപ്പോലും വഴിതെറ്റിക്കാൻ മൊബൈൽ ഉപയോഗിക്കുന്ന സാമദ്രോഹികളുണ്ട്. അത്തരം കേസുകളുണ്ടായ ചൈനയിൽ 97000 ബ്ലോഗ്, മൈക്രോ ബ്ലോഗ് അക്കൗണ്ടുകൾ അടച്ചുപൂട്ടിയെന്നും 287 ഇന്റർനെറ്റ് കമ്പനികൾ ശിക്ഷിക്കപ്പെട്ടു എന്നുമുള്ള വാർത്ത പുറത്തു വന്നിട്ടുണ്ട്.

ആയാസരഹിതമായി ഉപയോഗിക്കാവുന്നത്, വളരെ കുറഞ്ഞ ചെലവിൽ വേഗത്തിൽ ആശയവിനിമയ സൗകര്യമുള്ളത്, ഒട്ടേറെ സാധ്യതകളുള്ള മാധ്യമം, ലോകജനതയെ ആകമാനം സ്വാധീനിച്ച ഒരേയൊരു സമ്പൂർണ മാധ്യമം, സ്വകാര്യതയിൽ അടിയുറച്ച സേവനം നല്കുന്ന ആത്മമിത്രം, ഒഴിവാക്കാനാവാത്ത സന്തതസഹചാരി-ചുരുക്കത്തിൽ ഇതെല്ലാമാണ് മൊബൈൽ. നിതാന്ത ജാഗ്രതയോടെ വിവേകപൂർവം കൈകാര്യം ചെയ്യണം

എന്നു മാത്രം.

## കുറിപ്പുകൾ

1. ഉള്ളൂർ – 'പ്രേമസംഗീതം.'
2. "അണോരണീയാൻ മഹതോമഹീയാൻ"–പരമാത്മാവിനെക്കുറിച്ച് ഉപനിഷത്തുക്കൾ.
3.. 'Mobile Phone-History'-Wikipedia Encyclopedia.
4.. Do-
5. ഗിന്നസ് പക്രു–മലയാളമനോരമ–'വർത്തമാനം'-P.4 K-22-7-12
6. Health Effects - Mobile Phone - Wikipedia Encyclopedia.
7. ജയരാജ് വാര്യർ–മലയാളമനോരമ–'വർത്തമാനം'-P.4 K-22-7-12

# 25. മലയാളത്തിലെ ഇ-പത്രങ്ങൾ

## ബിച്ചു എക്സ്. മലയിൽ

സമകാലീന വിജ്ഞാന മേഖലയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ ഇ-പത്രങ്ങളെ വിശകലനം ചെയ്യാൻ 'അറിവ് അധികാരമാണ്' എന്ന ഫ്രാൻസിസ് ബേക്കന്റെ (1561-1626) നിഗമനം ഉപയോഗിക്കാവുന്നതാണ്. അറിവും അധികാരഘടനയും തമ്മിലുള്ള ബന്ധം ചരിത്രത്തിൽ നിർണായകമാണ്. സമ്പത്തിന്റെ പ്രബലമായ അടിത്തറയിലാണ് ഭരണപരമായ അധികാരഘടന നിലനിൽക്കുന്നതെങ്കിലും സാംസ്കാരികമായ അധികാരഘടനയെ നിയന്ത്രിച്ച പ്രധാനഘടകം 'അറിവ്' തന്നെയാണ്. അറിവിന്റെ അധികാരികൾ ക്രമേണ ഭരണകൂടത്തെ നിയന്ത്രിക്കുന്ന കാഴ്ച ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

സംസ്കാരത്തിന്റെ പ്രാരംഭം മുതൽ അറിവിന്റെ വിനിമയകേന്ദ്രം ഭാഷയാണ്. ഓരോ ജനവിഭാഗവും തങ്ങളുടേതായ ഭാഷാവിനിമയ സാധ്യതകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വ്യത്യസ്ത സാംസ്കാരികഘട്ടങ്ങൾ പിന്നിട്ടപ്പോഴേക്കും ചില ഭാഷകൾ ലോകവ്യവഹാരത്തിന്റെ ഉന്നതശ്രേണികളിൽ സ്ഥാപിക്കപ്പെട്ടത്, ഭാഷ അധികാരവുമായി നിരന്തരം ബന്ധപ്പെടുന്നതുകൊണ്ടു തന്നെയാണ്. ഇത്തരമൊരു ഭാഷാപരമായ അധികാരഘടനയുടെ രൂപീകരണം കേരളസമൂഹവുമായും മലയാളഭാഷയുമായി ചേർത്ത് വായിച്ചെടുക്കാവുന്നതാണ്. നിരവധി നാട്ടുഭാഷാവഴക്കങ്ങളാലും ഭാഷാഭേദങ്ങളാലും സമ്പന്നമായിരുന്ന കേരളീയ ജനതയുടെ പിൽക്കാല വ്യവഹാരഭാഷയുടെ പരിണാമം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ആദ്യകാലത്ത് സമ്പന്നർക്കുമാത്രമാണ് ഇംഗ്ലീഷ് പഠിക്കാൻ സാധിച്ചിരുന്നുള്ളുവെന്നത് സമ്പത്ത്, അധികാരം എന്നിവയ്ക്ക് ഭാഷാവ്യവഹാരത്തിലുണ്ടായിരുന്ന സ്വാധീനം ശക്തമാക്കുകയാണ് ചെയ്തത്. സമ്പത്തിനേയും അധികാരത്തിനേയും നിലനിർത്തുന്നതിനുള്ള ഭരണവർഗത്തിന്റെയും അവരുടെ ആശ്രിതരായിത്തീർന്ന ഉദ്യോഗസ്ഥരുടെയും പ്രധാന ഉപകരണം ഇത്തരം ഭാഷാവ്യവഹാരങ്ങളിലൂടെ നേടിയെടുത്ത വിജ്ഞാനമായിരുന്നു.

സാമാന്യമായ അർഥത്തിൽ അറിവെന്നത് അനുഭവജ്ഞാനമാണ്. അത് വിവരണരൂപത്തിലേക്ക് എത്തുകയും വിനിമയം ചെയ്യുകയും ചെയ്യുമ്പോൾ വിജ്ഞാനമാകുന്നു. വാമൊഴി പ്രയോക്താവായ സാമാന്യമനുഷ്യനും അനുഭവജ്ഞാനത്തെ അപരനിലേക്ക് പകരാറുണ്ട്. അവന്റെ അറിവുകളും വിജ്ഞാനമേഖലയിൽ പരിവർത്തനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുന്നു. ആ നിലയിലാണ് സാധാരണക്കാരനും അറിവിന്റെ അധികാരമേഖലയിൽ എത്തുന്നത്. വിജ്ഞാനത്തിന്റെ ഉന്നതപഠനമേഖലകളെ സാധ്യമാക്കുന്ന ഘടകം ഇപ്പോഴും സമ്പത്തുതന്നെയാണെന്നത് വൈരുധ്യമായിരിക്കുമ്പോഴും സാധാരണക്കാരനും വിജ്ഞാനവിനിമയ സാധ്യതകൾക്ക് ഒരുങ്ങുന്നുവെന്നത് ആശ്വാസകരമാണ്.

അധികാരം, സമ്പത്ത് മുതലായ ഘടകങ്ങളിൽ നിന്നും വിജ്ഞാനത്തെ മോചിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമെന്ന നിലയിലാണ് വിജ്ഞാനസ്വതന്ത്രചിന്ത ഉയിരെടുക്കുന്നത്. അത് വിജ്ഞാനത്തിന്റെ എല്ലാവിധ അടക്കിവെക്കലുകളേയും എതിർക്കുന്നു. വിവരസാങ്കേതികവിദ്യയുടെ കടന്നുവരവ് ഈ രംഗത്ത് ക്രിയാത്മകമായ പരിണാമത്തിന് സാധ്യതയൊരുക്കി. എങ്കിലും വിവരശേഖരണവും വിപണനവും വിവരസാങ്കേതികവിദ്യയെ നിയന്ത്രിക്കുന്നുണ്ട്. വിജ്ഞാനസമൂഹത്തെ തുറന്നുകാട്ടാനും വിജ്ഞാനം പങ്കുവെയ്ക്കാനുമുള്ള സൈബർപങ്കു (Cyber Pungs) കളുടെ ആവശ്യം തീവ്രമായിരുന്നു. ഇത്തരമൊരു സാംസ്കാരിക സാഹചര്യത്തിലാണ് ഇ–മാധ്യമങ്ങളുടെ സാധ്യതകളും പരിമിതികളും നിർധാരണം ചെയ്യപ്പെടുന്നത്. ജനകീയ പങ്കാളിത്തമുൾപ്പെടെയുള്ള സ്വാതന്ത്ര്യം ഇതിൽ പരമപ്രധാനമാണ്. സമസ്തവിജ്ഞാനമേഖലയേയും സ്വതന്ത്രമായൊരു ഏകീകൃതയൂണിറ്റിന്റെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമത്തിലെ ജനകീയപങ്കാളിത്തം അറിവിനെ സ്വാതന്ത്ര്യത്തിലേക്ക് ഉയർത്തുന്നു.

എഴുത്തും വായനയും രാഷ്ട്രീയമായും സാഹിതീയമായും വ്യക്തതയോടും മുൻവിധികളോടും കലഹിച്ചും സംവദിച്ചുമാണ് അതിന്റെ ഇടം നിർണയിക്കുന്നത്. എഴുത്തുകാരന്റെയും വായനക്കാരന്റെയും രാഷ്ട്രീയസത്തയും സാമൂഹികസത്തയും തത്ഫലമായി വിചാരണചെയ്യപ്പെടുന്നു. വിവരസാങ്കേതികവിദ്യയുടെ വ്യാപനകാലത്ത് അറിവിനെ അധികാരത്തിന്റെ പരമ്പരാഗതവൃത്തത്തിനകത്തുനിന്ന് പുറത്തേക്കുകൊണ്ടുവന്ന് വായനയുടെ ക്രിയാത്മകമായ പ്രതികരണത്തിനുള്ള ഇടമായി മാറ്റിയെന്നതാണ് വസ്തുത.

പത്രം, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങി ഇ–വിജ്ഞാനവിതരണത്തിന്റെ ചുമതലക്കാർ ആരെന്ന് തീരുമാനിക്കാൻ കഴിയാത്തവിധം ഏറ്റുമുട്ടൽ നടക്കുകയാണ്. സോഫ്റ്റ്‌വെയർ രാജാവായ ബിൽഗേറ്റ്സ് പറഞ്ഞത് "രണ്ടായിരാമാണ്ടിൽ പത്രങ്ങൾ മരിക്കുമെന്നാണ്." പക്ഷേ അദ്ദേഹത്തിന്റെ പ്രസ്താവന വന്ന് കാൽനൂറ്റാണ്ടുകഴിഞ്ഞിട്ടും പത്രങ്ങൾ പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുകയും എഡിഷനുകൾ തുടങ്ങുകയും ജനകീയ മാധ്യമമായി

ത്തന്നെ നിലകൊള്ളുകയും ചെയ്യുന്നു. അതായത് വിസ്ഫോടനകരമായ ഇ-ലോക വ്യവഹാരരംഗത്ത് പത്രവും ഇന്റർനെറ്റും പരസ്പരപൂരകമായി നിലകൊള്ളുന്നു. ഇങ്ങനെയൊരു നിഗമനത്തിൽ എത്തുമ്പോൾത്തന്നെ ഇന്റർനെറ്റിന്റെ വളർച്ചയും വേഗവും വ്യാപ്തിയും താരതമ്യേന ഉയർന്ന താണെന്ന തിരിച്ചറിവും ഉണ്ടാകണം. റേഡിയോയുടേയും ടെലിവിഷന്റേയും ജനകീയത അനേകവർഷങ്ങൾകൊണ്ടാണ് ഉണ്ടായത്. പക്ഷേ ഇന്റർനെറ്റിന്റെ വ്യാപനം തികച്ചും പെട്ടെന്നായിരുന്നു. ഒപ്പം ഇ-പത്രങ്ങളുടേയും.

## ഇ-പത്രങ്ങൾ

ഇലക്ട്രോണിക്പത്രങ്ങൾ അഥവാ ഇ-പത്രങ്ങൾ വർത്തമാനകാല സൈബർസ്പേസിനെ അടയാളപ്പെടുത്തുന്നു. നിയമപരമായുള്ള അതിർവരമ്പുകൾ എല്ലാ മാധ്യമങ്ങൾക്കും ഒന്നുതന്നെയായതിനാൽ വർത്തമാനപത്രങ്ങളേയും ഇ-പത്രങ്ങളേയും ഒരേ പകർപ്പവകാശത്തിലാണ് കാണേണ്ടത്. നവമാധ്യമങ്ങളുടെ സാധ്യതകൾ മലയാളപത്രങ്ങൾ തിരിച്ചറിഞ്ഞതിന്റെ ഉദാഹരണമാണ് ഇന്റർനെറ്റിലെ മലയാളപത്രങ്ങളുടെ സാന്നിധ്യം. പത്രമുത്തശ്ശിയായ *ദീപിക*യാണ് ഈ സംരംഭത്തിന് തുടക്കമിട്ടത്. 1997 സെപ്തംബറിലാണ് 'ദീപിക ഡോട്ട് കോം' (deepika.com) ആരംഭിക്കുന്നത്. നവമാധ്യമത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളാനോ അതനുസരിച്ച് വാർത്തകൾ വിതരണംചെയ്യാനോ ഉള്ള ശ്രമങ്ങൾ ഒന്നും നടന്നിരുന്നില്ലെങ്കിലും വിദേശമലയാളികൾക്കിടയിൽ അതിവേഗം *ദീപിക ഡോട്ട് കോം* പ്രശസ്തമായിത്തീർന്നു. തുടർന്ന് മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി തുടങ്ങിയവയെല്ലാം തങ്ങളുടെ ഇന്റർനെറ്റ് എഡിഷനുകളുമായി സജീവമായി. പക്ഷേ ഇവയെല്ലാം തങ്ങളുടെ പത്രത്തിലെ വാർത്തകൾ അതുപോലെ തന്നെ പ്രസിദ്ധീകരിക്കുന്നവയായിരുന്നു. എന്നാൽ പിന്നീട് വാർത്തയ്ക്കൊപ്പം സംഗീതം, സിനിമ, സാഹിത്യം എന്നിങ്ങനെ വ്യത്യസ്തത നൽകാനായി പത്രങ്ങൾ ശ്രമിച്ചു. ഇതിനു തുടക്കം കുറിച്ചത് മലയാളമനോരമയായിരുന്നു.

## ഇ-വാർത്തകൾ

മലയാളത്തിൽ ഇന്നിറങ്ങുന്ന മുഖ്യധാരാപത്രങ്ങൾക്കെല്ലാം ഓൺലൈൻ എഡിഷനുകളുണ്ട്. മലയാള മനോരമ, മംഗളം, മാതൃഭൂമി, ദേശാഭിമാനി, ജന്മഭൂമി, തേജസ്, ദീപിക ഇങ്ങനെ എല്ലാ പത്രങ്ങളുടേയും ഓൺലൈൻ പ്രതികൾ ലഭ്യമാണ്. ശരാശരി മലയാളി ഇന്നും പുലർച്ചെ എത്തുന്ന അച്ചടിപത്രവുമായി വിനിമയം നടത്തുമ്പോൾ, വിദേശമലയാളികളും സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവരുമായ ഒരു ചെറുന്യൂനപക്ഷമാണ് ഓൺലൈൻ പത്രങ്ങളുടെ വായനക്കാർ.

വിശാലമായ വായന സാധ്യമാകുമെങ്കിലും വാർത്താപാഠത്തിന്റെ തലക്കെട്ടും പരമാവധി വാക്കുകൾ കുറച്ചുള്ള ലീഡുമാണ് ഇ-പത്രത്തിന്റെ സവിശേഷത. അതായത് തലക്കെട്ടും ലീഡും ഹൈപ്പർലിങ്കും ചേരുന്നതാണ്

ഇ-വാർത്തയുടെ ഘടന. മുഖപുറങ്ങളുടെ സാധാരണഘടനയാണിത്. വാർത്താപ്രാധാന്യമനുസരിച്ച് ഒരുദിവസം പലപ്രാവശ്യം ഇ-പത്രങ്ങൾക്ക് അതിന്റെ മുഖപുറം മാറ്റാൻ സാധിക്കും. അതായത് ഏതുവാർത്തയും വായനക്കാരന് തത്സമയം പ്രാപ്യമാകുന്നു. ഇവിടെ ഒരുകാര്യം വ്യക്തമാണ്, മുഖ്യധാരാപത്രങ്ങൾ അവയുടെ നിലപാടുകളിൽ നിന്ന് വ്യതിചലിക്കാതെയാണ് തങ്ങളുടെ ഓൺലൈൻ എഡിഷനുകൾ പുറത്തിറക്കുന്നത്. എന്നാൽ തികച്ചും പ്രാദേശികവും വ്യക്തികളാൽ സൃഷ്ടിക്കപ്പെട്ടതുമായ ചില ഇ-പത്രങ്ങളെ പ്രബന്ധനിർമിതിക്കായി വിശകലനം ചെയ്തിട്ടുണ്ട്. *ജനറൽ ന്യൂസ് അറ്റ് 2 പി.എം, കാഞ്ഞങ്ങാട് ന്യൂസ്* തുടങ്ങിയവ ഇ-പത്രങ്ങളുടെ വ്യത്യസ്തമായ മുഖങ്ങളാണ്.

അടിസ്ഥാനപരമായി വിവരങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യുകയുമാണ് പത്രങ്ങൾ ചെയ്യുന്നത്. ഈ വസ്തുത തിരിച്ചറിഞ്ഞ് അറിവിന്റെ മേൽ കുത്തകാവകാശം സ്ഥാപിക്കാൻ അധികാരകേന്ദ്രങ്ങൾ ശ്രമിക്കാറുണ്ട്. ചരിത്രാതീതകാലം മുതൽക്കേ അത്തരത്തിൽ ശ്രമങ്ങൾ നടന്നിട്ടുള്ള രാജ്യമാണ് ഭാരതം. വിവരങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രക്രിയയ്ക്കിടയിൽ പത്രങ്ങൾ വിവേചനബുദ്ധി പ്രകടിപ്പിക്കാറുണ്ട്. എവിടെ നിന്ന് വിവരം ശേഖരിക്കണം, എന്ത് വിവരം ശേഖരിക്കണം, എന്ത് വിതരണം ചെയ്യണം എന്നൊക്കെ തീരുമാനിക്കുന്നത് അതിന്റെ അധികാരത്തിൽ ഇരിക്കുന്നവരാണ്. അതായത് ജനങ്ങൾ എന്ത് വായിക്കണം എന്ത് വായിക്കരുത് എന്നും മാധ്യമാധികാരകേന്ദ്രങ്ങൾ തീരുമാനിക്കുന്നതുമാത്രം ജനങ്ങൾ അറിഞ്ഞാൽ മതി എന്നതിനാലും സമൂഹത്തിന്റെ അജണ്ട തീരുമാനിക്കുന്നത് അവർ തന്നെയാണ്. പത്രങ്ങൾ പ്രത്യേകിച്ച്, ഇലക്ട്രോണിക് മാധ്യമങ്ങൾ ഈ ജോലി നന്നായി നിർവഹിക്കുന്നുണ്ട്.

അജണ്ട നിർണയനം നിഷ്പക്ഷ മനോഭാവത്തോടെ ചെയ്യുന്ന കർത്തവ്യമല്ല; ജനങ്ങളെ സ്വാധീനിക്കുകയെന്ന പ്രത്യക്ഷമായ ലക്ഷ്യത്തോടെ ചെയ്യുന്നതുതന്നെയാണ്.ഇവ സമൂഹത്തിന് ഗുണകരമാകാം, മറിച്ചും സംഭവിക്കാം. സ്വാതന്ത്ര്യസമര കാലയളവുകളിൽ പല പത്രങ്ങളും പ്രതിബദ്ധതയോടെ പ്രവർത്തിച്ചവയാണ്. കൊളോണിയൽ ഭരണത്തെ പ്രകീർത്തിച്ചവരുമുണ്ട്. എന്നാൽ ഇന്ന് ഇന്റർനെറ്റിൽ കാണുന്ന പല മലയാളം പത്രങ്ങളും അത്തരമൊരു വീക്ഷണകോണിൽ നിന്നും ഉയിരെടുക്കുന്നവയല്ല.

വിദേശമലയാളികളാണ് ഇ-പത്രങ്ങളുടെ സംരംഭകരിൽ പലരും. മുൻപ് മലയാളത്തിൽ സജീവമായിരുന്ന ലിറ്റിൽ മാഗസിനുകളുടെ സ്വഭാവം എന്നുപറയുവാൻ കഴിയുന്നവിധം ധാരാളം പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റിൽമാത്രം ലഭ്യമാണ്. ചിന്ത (www.chintha.com), അയനം (www.ayanam.com), ഹരിതകം (www.harithakam.com), മഴക്കീറ് (www. mazhakeeru. com), താര (www.thara.com) തുടങ്ങിയവ ഇന്റർനെറ്റിൽ മാത്രം ലഭ്യമാകുന്ന പ്രസിദ്ധീകരണങ്ങളാണ്. ഇവയിൽ സാമൂഹികസംവാദങ്ങൾക്ക് ലഭിക്കുന്ന ഇടം പ്രശംസനീയമാണ്. വാർത്തകൾ ഏറ്റവും അധികം സൃഷ്ടിച്ച *ഇന്ദുലേഖ*

*ഡോട്ട് കോം*, ഇന്റർനെറ്റിലെ മലയാളം മാസികയായ *പുഴ ഡോട്ട് കോം* തുടങ്ങിയവയും ശ്രദ്ധേയമായ സംരംഭങ്ങളായിരുന്നു.

മലയാളഭാഷ ഇലക്ട്രോണിക് സാങ്കേതിക സംവിധാനങ്ങൾ ഉൾക്കൊള്ളാനുണ്ടായ കാലതാമസമാണ് വാസ്തവത്തിൽ ഇ-പത്രങ്ങൾക്കുണ്ടായ പ്രധാന പ്രതിസന്ധി. സാങ്കേതികവിദ്യയ്ക്കനുസൃതമായി ഭാഷയെ സജ്ജമാക്കുന്ന പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ച ഇന്റർനെറ്റിലെ മലയാളപത്രങ്ങളെ വിശകലനം ചെയ്താൽ മനസ്സിലാകും. അവ ഇങ്ങനെയാണ്,

1. ഇ-പത്രങ്ങളുടെ സവിശേഷത അതിന്റെ ഭാഷാപരമായ ശൈലിയാണ്. ഭാഷയുടെ പ്രയോഗത്തിൽ ചില വിട്ടുവീഴ്ചകൾ തികച്ചും അനുവദനീയമാണ്. വ്യാകരണത്തിലെ കാലം-ഭൂതം,വർത്തമാനം,ഭാവി ഇവ പലപ്പോഴും ഇ-പത്രങ്ങൾ മറക്കുന്നു.
2. ഏതാണ്ട് സംസാരഭാഷയോട് അടുത്തുനിൽക്കുന്ന, കഴിവതും അനൗപചാരിക ഭാഷയാണ് ഇ-പത്രങ്ങൾക്കുള്ളത്.
3. ഭാഷാപ്രയോഗത്തിൽ മാത്രമല്ല ലിപ്യന്തരണത്തിലും ഇ-പത്രങ്ങൾ നിഷ്കർഷ പ്രകടിപ്പിക്കാറില്ല.
4. ആശയവിനിമയശൈലിക്ക് കൂടുതൽ അനൗപചാരികതയും യുവത്വവും കാണാം.
5. പത്രങ്ങൾ ഇന്ന് വാർത്ത നൽകുന്നത് ചാനലുകളുമായി മത്സരിച്ചാണ്.തലവാചകത്തിൽ അത്തരം നിഷ്കർഷ ഇ-പത്രങ്ങൾക്കില്ല.
6. വായനക്കാരന്റെ ശ്രദ്ധയെന്ന മാനസികവ്യാപാരത്തെയാണ് ഇലക്ട്രോണിക് പത്രങ്ങൾ കവർന്നെടുക്കുന്നത്. അതിനാൽ വാർത്തയുടെ സത്യസന്ധത ചോദ്യം ചെയ്യേണ്ടതുണ്ട്.

മലയാളത്തിലെ ഇ-പത്രങ്ങൾ എല്ലാം തികച്ചും തുറന്ന സമീപനത്തോടുകൂടിയാണ് ജനങ്ങൾക്കാവശ്യമായ വാർത്തകളെ സമീപിക്കുന്നത്. പ്രത്യയശാസ്ത്രസംബന്ധിയായ വേവലാതികളോ ആശയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളോ ഒന്നുംതന്നെ ഇ-പത്രങ്ങൾ തങ്ങളുടെ അജണ്ടയായി നിശ്ചയിച്ചിട്ടില്ല. എന്നാൽ ആഗോളവത്കരണത്തോടുള്ള ശക്തമായ ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയം ഈ സൈബർ ഇടത്തിൽ കാണാനും സാധിക്കുന്നു.

## ഗ്രന്ഥസൂചി

1. OnlineNewspapers: http://www.dmoz.org//News/Newspapers/Directories//
2. Online Newspapers in all countries in the world: http: www.newspaperindex.com.
3. “Between online and print Newspapers”. Journal of Media Economics: http://dx.doi.org/10.1207/S15327736ME1502_2

# 26. നവമാധ്യമങ്ങളും നവസംസ്കാരവും

ഡോ.സിൽവി സേവ്യർ

ഒരു സാമൂഹികജീവി എന്ന നിലയിൽ ആശയവിനിമയത്തിന്റെ അനന്തസാധ്യതകളാണ് മാനവസംസ്കാരത്തെ രൂപപ്പെടുത്തുന്നത്. വിവേചനശക്തി ഉപയോഗിച്ച്, പ്രാകൃതഭാവത്തിൽ നിന്ന് അവൻ വരുത്തുന്ന വ്യതിയാനങ്ങൾ സംസ്കാരസൃഷ്ടിയിൽ നിർണായകമാകുന്നു. ഈ മാറ്റങ്ങൾ വിനിമയത്തിലൂടെ ഒരു സമൂഹത്തിന്റേതായി മാറുമ്പോൾ സംസ്കാരം സൃഷ്ടിക്കപ്പെടുന്നു. പിന്നീടത് സമൂഹത്തിൽ അലിഞ്ഞു ചേർന്ന് അതിനെ രൂപാന്തരപ്പെടുത്തുന്ന, അതിന് ഭാവം പകരുന്ന, ദിശാബോധം നല്കുന്ന ഒരു സുപ്രധാന സ്വാധീനശക്തിയായി പരിണമിക്കുന്നു.

ശിലകളിലും ഗുഹകളിലും കൊത്തിവച്ചും പെരുമ്പറ കൊട്ടിയും താളിയോലകളിലെഴുതിയും വിവരങ്ങൾ അറിയിച്ചിരുന്ന അതിപ്രാചീനയുഗത്തിൽ നിന്നും ഏറെ പുരോഗമിച്ചതോടെ മനുഷ്യന്റെ കൂട്ടായ്മ വർധിക്കുകയും ബഹുജനവിനിമയം ആവശ്യമായി വരികയും ചെയ്തു. ആശയവിനിമയത്തിന് ഒരു സംഘടിതരൂപം കൈവന്നതും മാധ്യമങ്ങൾ ശക്തിപ്പെടുന്നതും ഇക്കാലത്താണ്. അടുത്തകാലത്ത് ഈ രംഗത്തുണ്ടായ അത്ഭുതാവഹമായ പുരോഗതി ഒരു മാധ്യമവിപ്ലവത്തിന് തന്നെ കാരണമായിട്ടുണ്ട്. അച്ചടി, ഇലക്ട്രോണിക്സ്, മറ്റ് മാധ്യമങ്ങൾ എന്നിവയ്ക്ക് വാർത്താവിനിമയ രംഗത്ത് നിയതമായ ലക്ഷ്യങ്ങളുണ്ട്. സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഘടകങ്ങളുടെ വിതരണത്തിൽ ഇതിന് സവിശേഷസ്ഥാനമുണ്ട്. ഏതാനും വർഷംമുമ്പ് ഭാവനയിൽപോലും കാണാൻ കഴിയാതിരുന്ന വിസ്മയങ്ങളാണ് നവസാങ്കേതികവിദ്യകൾ ലോകത്തിന് സമ്മാനിച്ചത്. ആൽവിൻ ടോഫ്ളറെപ്പോലുള്ള സാമൂഹികചിന്തകർ 'ഇൻഫോർമേഷൻ യുഗ'മെന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. ലോകത്തിലെ സർവപുരോഗതിയുടെയും ചുക്കാൻ പിടിക്കുന്നതും ലോകത്തെ നമുക്ക് ദൃശ്യമാക്കുന്നതും മാധ്യമങ്ങൾ തന്നെയാണ്. അച്ചടിമാധ്യമങ്ങളും

ഇലക്ട്രോണിക് മാധ്യമങ്ങളും ദൃശ്യ ശ്രാവ്യമാധ്യമങ്ങളും വഴി വേഗത്തിലും നിരന്തരവും ലഭിച്ചുകൊണ്ടിരിക്കുന്ന അറിവുകൾ നമ്മുടെ ചിന്തയേയും വികാരത്തെയും പ്രതികരണ ശൈലിയേയുമൊക്കെ ആഴത്തിൽ സ്വാധീനിക്കുമെന്നത് വസ്തുതയാണ്. സാമൂഹിക മനസ്സിനെ ചലിപ്പിക്കുന്ന ഒരു ചാലകശക്തിയായി മാധ്യമങ്ങൾ മാറുന്നുണ്ട്. അതിശക്തമായ ഈ മാധ്യമ സംവിധാനങ്ങളെ ശരിയായി ഉപയോഗിച്ചില്ലെങ്കിൽ സദ്ചിന്തകൾക്കും സനാതന മൂല്യങ്ങൾക്കും മാധ്യമങ്ങൾ തടയിടുമെന്ന് മാത്രമല്ല, നമ്മുടെ സ്വത്വവും സ്വാതന്ത്ര്യവും സത്യവും ധാർമികതയുമൊക്കെ നശിപ്പിക്കുകയും ചെയ്യും. ബലാത്സംഗങ്ങളും കൊലപാതകങ്ങളും യുദ്ധങ്ങളും സമരങ്ങളുമെല്ലാം നിരന്തരം കൺമുമ്പിലൂടെ ഒന്നൊന്നായി കടന്നുപോകുന്നത് വ്യക്തിത്വത്തെ കാർന്നുതിന്നും. എന്നാലിത് വ്യക്തിവികസനത്തിനും സാമൂഹികവികസനത്തിനും ഉപയോഗിക്കാൻ കഴിഞ്ഞാൽ അത്ഭുതകരമായ മാറ്റങ്ങളാവും സംഭവിക്കുക.

മാധ്യമോപയോഗത്തിന്റെ കാര്യത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ മുമ്പിലാണ് കേരളം. ഒരു കാലത്ത് വ്യക്തിജീവിതങ്ങളെ ഏറ്റവും അധികം സ്വാധീനിച്ചിരുന്നത് മാതാപിതാക്കൾ, അധ്യാപകർ, മതസ്ഥാപനങ്ങൾ തുടങ്ങിയ പരമ്പരാഗത മൂല്യവാഹകർ ആയിരുന്നെങ്കിൽ ഇന്നതിന്റെ സ്ഥാനം വിവിധ മാധ്യമങ്ങൾക്ക് തന്നെയാണ്. ഒരു വ്യക്തിയുടെ ജീവിത ശൈലിയും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ സ്ഥാനം നിർണായകമാണ്. മനുഷ്യമനസ്സുകളിൽ പിടിമുറുക്കാനും സമൂഹങ്ങളെ ചലിപ്പിക്കാനും ബോധ്യങ്ങളെ ഉറപ്പിക്കാനും ഇളക്കാനും അവയ്ക്ക് കഴിയും. ദിശാബോധമില്ലാതെയും വിമർശനബുദ്ധികൂടാതെയുമുള്ള മാധ്യമോപയോഗം വികലമായ മൂല്യബോധവും അനഭിലഷണീയമായ ജീവിതശൈലിയും ചിന്താഗതികളുമാകും വളർത്തുക. അതുകൊണ്ടു തന്നെ മാധ്യമങ്ങളെ ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ കാണാനും വായിക്കാനും വിലയിരുത്താനും സഹായിക്കുന്ന തരത്തിലുള്ള ഒരു പരിശീലനം ആവശ്യമാകുന്നു.

മനുഷ്യർ ഉണ്ണുന്നതും ഉറങ്ങുന്നതും ശ്വസിക്കുന്നതുപോലും വാർത്താകോലാഹലങ്ങളുടെ ലോകത്താണ്. ചിന്തയേയും മൂല്യബോധത്തെയും അത്രയേറെ സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ദിശയിലാണ് പോകുന്നതെങ്കിൽ അത് സമൂഹത്തെ നേരായ ദിശയിൽ നയിക്കും. എന്നാൽ ശക്തരായ മൂല്യവാഹകരായ മാധ്യമങ്ങളുടെ സ്ഥാപിത താത്പര്യങ്ങൾ ശരിയായ മൂല്യവിനിമയം നടത്തുന്നതിൽ നിന്ന് സമൂഹത്തെ തടയുന്നു. അധികാരമോഹവും ലാഭേച്ഛയും വിദ്വേഷവുമാണ് സത്യസന്ധവും നീതിപൂർവകമായിരിക്കേണ്ട മാധ്യമലോകത്തെ വിഷലിപ്തമാക്കുന്നത്. അത് ശരിയായ മൂല്യമേത് പ്രതിമൂല്യമേത് എന്ന തിരിച്ചറിവിൽ സമൂഹമെത്തുന്നതിന് തടസ്സമാകുന്നു. ക്രിയേറ്റീവായും പോസിറ്റീവായുംജീവിതത്തെ സമീപിക്കുന്നതിൽ നിന്ന് വിലക്കുന്നു.

ആധുനികമനുഷ്യൻ ഏറ്റവും ആകാംക്ഷയോടെ കാത്തിരിക്കുന്നത് വാർത്തയ്ക്കുവേണ്ടിയാണ്. വാർത്തകൾ സ്വതന്ത്രമായും നിർഭയമായും ജനങ്ങളിൽ എത്തിക്കുക എന്നത് മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യമാണ്. പ്രധാനപ്പെട്ട മാധ്യമധർമവും മറ്റൊന്നല്ല. പത്രമാധ്യമങ്ങളും റേഡിയോയും ടി.വി.യുമൊക്കെ കടന്ന് അത്യന്താധുനിക മാധ്യമോപാധികളിലെത്തിയപ്പോൾ ലോകത്ത് എവിടെയും നടക്കുന്ന സംഭവങ്ങൾ വാർത്തയായി സെക്കന്റുകൾക്കുള്ളിൽ എത്തുകയാണ്. ആഗോളഗ്രാമമെന്ന സങ്കല്പത്തിന്റെ പൂർത്തീകരണമാണത്. വാർത്തകൾ അത് കേൾക്കുകയും അറിയുകയും ചെയ്യുന്നവരെ പലവിധത്തിൽ സ്വാധീനിക്കുമെന്നത് നിസ്തർക്കമാണ്. അച്ചടിച്ച വാക്കുകളോടുള്ള നമ്മുടെ ആദരവിന് ഇന്നും കുറവ് വന്നിട്ടില്ല. മതങ്ങൾ സ്ഥാപിച്ചതിനും വിപ്ലവങ്ങൾ സൃഷ്ടിച്ചതിനും ജനങ്ങളെ ആവേശം കൊള്ളിച്ചതിനുമെല്ലാം വാക്കുകൾക്കുള്ള കരുത്ത് സുവിദിതമാണ്. അതുകൊണ്ടു തന്നെ വാർത്തകൾ വസ്തുനിഷ്ഠമായിരിക്കാൻ മാധ്യമങ്ങൾ ശ്രമിക്കേണ്ടതുണ്ട്. വാർത്തകൾ സൃഷ്ടിക്കാനുള്ള വ്യഗ്രതയിൽ വസ്തുതകൾ വളച്ചൊടിക്കപ്പെടരുത്. അത് മാധ്യമധർമം തന്നെയാണ്. വാർത്തകൾ അറിയിക്കുകയും വിലയിരുത്തുകയും വായനക്കാരെ നയിക്കുകയും പ്രബുദ്ധരാക്കുകയും ചെയ്യുകയാണ് പത്രധർമമെന്ന വിശ്വാസം രൂഢമൂലമാണ്. സമൂഹത്തിൽ ഉത്തമജീവിതം നയിക്കാൻ അത് വ്യക്തികളെ സഹായിക്കണം. കേട്ടുകേൾവികളെ വിശ്വസിക്കാതെ വാർത്തകളുടെ നിജസ്ഥിതി അന്വേഷിച്ചറിഞ്ഞ് ജനങ്ങളെ അറിയിക്കാൻ മാധ്യമങ്ങൾക്ക് കടമയുണ്ട്. സത്യവും വസ്തുനിഷ്ഠതയും ഒരിക്കലും ആപേക്ഷികമാകാൻ പാടില്ല. വ്യക്തികളായാലും പ്രസ്ഥാനങ്ങളായാലും താറടിക്കുകയും തളർത്തുകയും ചെയ്യുന്ന ശക്തിയായി മാധ്യമങ്ങൾ അധ:പതിക്കരുത്. മനുഷ്യനെന്നുള്ള നിലയിൽ ഓരോ വ്യക്തിക്കുമുള്ള മഹത്ത്വത്തെ മാധ്യമങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. മനുഷ്യന്റെ സ്വകാര്യതയെ സംരക്ഷിക്കേണ്ടതുണ്ട്. മറിച്ച് മാധ്യമങ്ങൾ മാനവികമൂല്യങ്ങളെ വിസ്മരിക്കുന്നിടത്ത് സംസ്കാരം വികലമാകുന്നു. മൂല്യസങ്കല്പങ്ങൾ തകിടം മറിയുന്നു. നമ്മുടെ ജീവിതത്തിന്റെ എല്ലാമേഖലയേയും ബാധിക്കുന്ന മാധ്യമങ്ങൾ ജീവിതത്തിന്റെ അനന്യതയെ നിർവചിക്കുകയും ചെയ്യുന്നു.

എല്ലാറ്റിനെയും ലാഭത്തിന്റെ കണ്ണിലൂടെ കാണുന്ന ജനതയും അഴിമതിയുടെയും അക്രമത്തിന്റെയും ദുർഭൂതം പിടികൂടിയ ഭരണകൂടവും ഒപ്പം ജാതിയുടെയും സമുദായത്തിന്റെയും പേരിലുള്ള സ്പർദ്ധയും ഇന്നിന്റെ മുഖമുദ്രകളായിരിക്കുന്നു. ഇതിന്റെ പ്രതിഫലനം സമൂഹത്തിന്റെ കണ്ണാടിയായ മാധ്യമങ്ങളിലും പ്രകടമാണ്. അക്രമവും കൊള്ളയും പിടിച്ചുപറിയും പ്രധാനവാർത്തകളായി. സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്ന നേതാക്കളെക്കാൾ ലാഭം ഉണ്ടാക്കുന്ന കമ്പനികൾക്കും കോടിശ്വരന്മാരാകുന്ന വ്യക്തികൾക്കും അമിതപ്രാധാന്യം ലഭിച്ചു. മാധ്യമധർമം മറന്ന് അവർ അധീശശക്തികളോടും അധോലോകതാത്പര്യങ്ങളോടും പണം മുടക്കിയവരുടെ ഇച്ഛകളോടും കൂറും വിധേയത്വവും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

അടുത്തകാലത്ത് സീ ന്യൂസിന്റെയും സീ ബിസിനസിന്റെയും എഡിറ്റർമാരായ സുധീർ ചൗധരിക്കും സാമിർ അലുവാലിക്കുമെതിരെ പ്രമുഖ വ്യവസായിയായ നവീൻ ജിൻഡൽ ഉയർത്തിയിരിക്കുന്ന ആരോപണം ഇതിന്റെ മറ്റൊരു മുഖമാണ്. കോർപറേറ്റുകളെ പലരും ബ്ലാക്മെയിൽ ചെയ്യാറുണ്ടെങ്കിലും ഇന്ത്യയിൽ ഒരുപക്ഷേ ഇതാദ്യമായാണ് ഒരു കോർപറേറ്റ് സ്ഥാപനം മാധ്യമങ്ങളുടെ അപചയം തെളിവുകളോടെ പുറത്തുകൊണ്ടുവരുന്നത്. സ്വയം വിമർശനത്തിനും വിശകലനത്തിനും ഈ സംഭവം മാധ്യമങ്ങളെ പ്രേരിപ്പിക്കണം. മാധ്യമങ്ങൾക്ക് നിയന്ത്രണങ്ങൾ പാടില്ലെന്ന് പറയുമ്പോഴും നിരുത്തരവാദിത്തപരമായ ചില പ്രവണതകൾ നിയന്ത്രിക്കപ്പെടേണ്ടതുണ്ട്.

വാർത്താമാധ്യമങ്ങളുടെ പ്രധാനപ്പെട്ട വരുമാനം പരസ്യങ്ങളിൽ നിന്നാണ്. പരസ്യം നൽകുന്ന മൾട്ടിനാഷണൽ കമ്പനികളുടെ താത്പര്യങ്ങൾ മാധ്യമങ്ങളുടെ പോളിസികളെ സ്വാധീനിക്കാറുണ്ട്. അവർ രൂപപ്പെടുത്തുന്ന ഒരു പ്രത്യേക സംസ്കാരം സമൂഹത്തിന്റെ മുഖമുദ്രയായിരിക്കുകയാണ്. അത് മനുഷ്യന്റെ ചിന്താശക്തിയെ നശിപ്പിക്കുകയും ഉപഭോഗസംസ്കാരം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പരസ്യദാതാക്കളാണ് നിശ്ചയിക്കുന്നത് ഏതൊക്കെ പ്രോഗ്രാമുകളാണ് ദൃശ്യമാധ്യമങ്ങളിൽ നിറയേണ്ടതെന്ന്. തങ്ങളുടെ ഉത്പന്നങ്ങൾക്ക് മാർക്കറ്റ് കിട്ടുക എന്നതിലുപരി ബിസിനസ്സിനു ഗവൺമെന്റിന്റെയും ജനാധിപത്യ സ്ഥാപനങ്ങളുടെയും പിന്തുണ ലഭിക്കാൻ മാധ്യമങ്ങളെ ഉപയോഗിക്കുകയാണ്. നാടിന്റെ സംസ്കാരത്തെ തുരങ്കംവയ്ക്കുകയും സാധാരണമനുഷ്യന്റെ ജീവിതം ശിഥിലമാക്കുകയും ചെയ്യുന്ന പ്രവണതകളെ ചെറുക്കേണ്ടതുണ്ട്.

മാധ്യമങ്ങളിൽ സ്ത്രീകൾക്ക് നല്കുന്ന പ്രാധാന്യം തികച്ചും നിഷേധാത്മകമാണ്. സ്ത്രീശരീരത്തെ ഭോഗവസ്തുവാക്കി ചിത്രീകരിക്കുവാനാണ് മാധ്യമങ്ങൾക്ക് താത്പര്യം. ഒപ്പം സ്ത്രീ വിരുദ്ധമായ മൂല്യസങ്കല്പങ്ങളെ അത് ഊട്ടിയുറപ്പിക്കുന്നു. സ്ത്രീകൾക്ക് ബഹുമുഖമായ കഴിവുകൾ ഉണ്ടെന്നും സമൂഹപുരോഗതിയിൽ അവരുടെ സ്ഥാനം നിർണായകമാണെന്നുമുള്ള തിരിച്ചറിവോടെ സ്ത്രീ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടണം.

സമൂഹത്തിന്റെ ധാർമികാപചയത്തിനും മൂല്യച്യുതിക്കും മാധ്യമങ്ങളെ കുറ്റപ്പെടുത്തുമ്പോൾ ആര്, എങ്ങനെ, എന്തിനുവേണ്ടി മാധ്യമങ്ങളെ ഉപയോഗിക്കുന്നു എന്ന ചോദ്യത്തിനുത്തരം കണ്ടെത്തേണ്ടതുണ്ട്. ലോകത്തിലെ ഒരു മാധ്യമോപാധിയും തനിയെ പ്രവർത്തിക്കുന്നില്ല. അതിനാൽ മാധ്യമങ്ങളുടെ ധാർമികത അതുരൂപപ്പെടുത്തുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും ധാർമികതയാണ്. ഒപ്പം ഇന്നത്തെ സാമൂഹിക പ്രവണതകളിലെല്ലാം പങ്കാളിയായി മാത്രമേ മാധ്യമങ്ങൾക്ക് നിലനില്ക്കാനാവൂ എന്നും ഓർക്കേണ്ടതുണ്ട്.

ശക്തമായ ഭാഷയിലൂടെയും കാഴ്ചയിലൂടെയും മനോഭാവങ്ങളെ മാറ്റിയെടുക്കാനുള്ള മാധ്യമങ്ങളുടെ സാധ്യതയാണ്, ജനവികാരം രൂപപ്പെടുത്തിയെടുക്കലാണ് മാധ്യമങ്ങളെ ഏറ്റെടുക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ചെയ്യുന്നത്. ജനവികാരം രൂപപ്പെടുത്തിയെടുക്കുന്നവരാരോ അവർ നിയമമുണ്ടാക്കുകയും വിധിന്യായം പ്രഖ്യാപിക്കുകയും ചെയ്യുന്നവരേക്കാൾ ഏറെ മുന്നോട്ടു പോയിട്ടുള്ളവരാണ്എന്ന എബ്രഹാം ലിങ്കന്റെ പ്രസ്താവന മാധ്യമങ്ങളുടെ ശക്തി വെളിപ്പെടുത്തുന്നു. ഗവൺമെന്റുകളും രാഷ്ട്രീയപാർട്ടികളും ശക്തരായ മൾട്ടിനാഷണൽ കമ്പനികളും മതസ്ഥാപനങ്ങളും അവരവരുടേതായ ചാനലുകൾ നിർമിക്കുന്നത് തങ്ങൾക്ക് പറയാനുള്ളത് ജനങ്ങളിലെത്തിക്കുന്നതോടൊപ്പം ഏത് കാര്യത്തെപ്പറ്റിയുമുള്ള തങ്ങളുടെ അഭിപ്രായവും ചേർത്ത് പൊതുജനാഭിപ്രായം കരുപിടിപ്പിക്കാനാണ്. ഒപ്പം തങ്ങളുടെ കണ്ണടയിലൂടെ കാര്യങ്ങളെ കാണിക്കാനുള്ള ശ്രമവും.

ഇന്ത്യയിലെ ദൃശ്യമാധ്യമരംഗം ഇപ്പോഴും വ്യക്തമായൊരു നിയമസംവിധാനത്തിന്റെ കീഴിലല്ല പ്രവർത്തിക്കുന്നത്. ജനാധിപത്യരാഷ്ട്രമെന്ന നിലയിൽ ഇന്ത്യയിൽ മാധ്യമ പ്രവർത്തനത്തിനു ലഭിക്കുന്ന പല സ്വാതന്ത്ര്യങ്ങളും ദുരുപയോഗിക്കപ്പെടുന്നുണ്ടെന്നതാണ് സത്യം. പ്രസ് ്കൗൺസിൽ ഓഫ് ഇന്ത്യയും ന്യൂസ് ബ്രോഡ് കാസ്റ്റിംഗ് സ്റ്റാൻഡേർഡ് അതോറിറ്റിയുമൊക്കെ ചില നിയമങ്ങളും നിയന്ത്രണങ്ങളുമൊക്കെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അത് പൂർണമായും ഫലപ്രദമായിട്ടുണ്ടെന്ന് പറയാനാവില്ല.

മാധ്യമപ്രവർത്തകൻ ഉത്തരവാദിത്തബോധമുള്ള പൊതുപ്രവർത്തകനാകണം. സമൂഹത്തിൽ നിലകൊള്ളുന്ന തിന്മയേയും അശുദ്ധിയേയും നീക്കി ശുദ്ധീകരണം നടത്തുകയെന്നത് മാധ്യമങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്തമാണ്. സമൂഹത്തിന്റെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, അധികാരം കയ്യാളുന്നവർ നീതിക്കും സത്യത്തിനും നിരക്കാത്തതുചെയ്യുമ്പോൾ അതിനെ ചോദ്യം ചെയ്യാനും ഭരണവൈകല്യങ്ങളിൽ നിന്നും മോചനം നേടിയെടുക്കാനും മാധ്യമപ്രവർത്തകർക്ക് സാധിക്കും. അത്തരത്തിലുള്ള പരിശ്രമങ്ങൾ സാമൂഹികപ്രതിബന്ധതയുള്ള മാധ്യമങ്ങൾ നമ്മുടെ നാട്ടിൽ ചെയ്യുന്നുണ്ട് എന്നത് അഭിനന്ദനാർഹം തന്നെ. അവർ കേവലം വാർത്ത എഴുത്തുകാർ മാത്രമല്ല സമൂഹത്തിലെ തിന്മകൾക്കും തെറ്റുകൾക്കുമെതിരെ വിപ്ലവം സൃഷ്ടിക്കുന്നവരുമാണ്. ഇവരൊരു ന്യൂനപക്ഷമാണെങ്കിൽകൂടിയും ശക്തവും സമൃദ്ധവുമായ ഒരു പുതുസമൂഹനിർമിതിക്കും പുതുസംസ്കാരനിർമിതിക്കും വേണ്ടിയുള്ള ശ്രമങ്ങൾക്ക് ഊർജവും കരുത്തും പകരുമെന്നത് തീർച്ചതന്നെ.

# 27. നവമാധ്യമങ്ങളിലെ നവപാഠങ്ങൾ

ഡോ. ജോഷി വർഗീസ്

നവമാധ്യമങ്ങളിലെ ഭാഷ പരമ്പരാഗത ഭാഷയ്ക്കതീതമായ അർഥാന്തരങ്ങളും നവപാഠങ്ങളും സൃഷ്ടിച്ച് നിരന്തരം പരിണാമവിധേയ മാകുന്നതായി കണ്ടെത്താം. ആശയവിനിമയക്ഷമതയുടെ കാര്യത്തിൽ പൂർണതയിലെത്താൻ ഒരു മാധ്യമത്തിനുമാവില്ല. ഈ അപൂർണതാബോധം മൗലികചിന്തകളുള്ളവരെയും വൈകാരിക പ്രക്ഷുബ്ധതയനുഭവിക്കുന്നവ രെയും വിഷമിപ്പിച്ചിട്ടുണ്ട്. ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാ രത്തിന്റെയും അടയാളമായ ഭാഷയെ നവമാധ്യമങ്ങളിൽ പുതിയ രൂപഭാവ ങ്ങൾ നൽകിയാണ് ആശയവിനിമയത്തിനുപയോഗിക്കുന്നത്. വാക്കുകൾക്ക് അർഥം കല്പിക്കുന്നത് മാനവരാണ്; സമൂഹമാണ്. അതുകൊണ്ടുതന്നെ ഭാഷയ്ക്ക് വ്യക്തിനിഷ്ഠവും സമൂഹനിഷ്ഠവുമായ മാനങ്ങളുണ്ട്. യുവത്വം നിറയുന്ന സംഭാഷണഭാഷയുടെ സാധ്യതകളെ പുതിയമാനങ്ങൾ നൽകി പ്രയോജ നപ്പെടുത്താനാണ് നവമാധ്യമങ്ങൾ ഉത്സാഹിക്കുന്നത്. അക്ഷരങ്ങളും അക്ഷ രങ്ങൾ ചേർന്നുണ്ടാകുന്ന വാക്കുകളും മാത്രമല്ല സിംബൽസും അക്കങ്ങളും ഗ്രാഫിക്സുമൊക്കെ ആശയവിനിമയത്തിനുള്ള ഉപാധികളാകുന്നത് നാം തിരിച്ചറിയുന്നു. ഇതിലൂടെ ഒരു പുതിയ മാധ്യമസംസ്കാരം രൂപപ്പെടുകയും പുതിയ പാഠങ്ങൾ ഉരുത്തിരിഞ്ഞു വരികയും ചെയ്യുന്നു.

വാക്കുകൾ ചിഹ്നങ്ങളാണ്. അവ സൂചകസൂചിത ബന്ധത്തിൽ അധിഷ്ഠി തമായ ഒരു ഘടനയുടെ ഭാഗമാണ്. സൂചകത്തിൽ നിന്ന് സൂചിതത്തിലേക്കുള്ള പ്രയാ ണമാണല്ലോ ഭാഷ. വായിക്കുന്നയാളിന്റെ സർഗപ്രക്രിയയാണ് വായന. ഓരോ വ്യക്തിയും വ്യത്യസ്ത വ്യക്തിത്വമുള്ളവരായതുകൊണ്ട് ഓരോ വായനയും വ്യത്യ സ്തമാണ്. ഒരു മനുഷ്യനിൽ തന്നെ പ്രായത്തിനും പ്രതിഭയ്ക്കും സാംസ്കാ രികസാഹചര്യങ്ങൾക്കുമനുസരിച്ച് വ്യത്യസ്ത മനോഭാവങ്ങൾ രൂപപ്പെടു ന്നതുകൊണ്ട് ഒരാളുടെ തന്നെ പല കാലങ്ങളിലെ വായനയും വ്യത്യസ്തമാ കുന്നു. നവമാധ്യമങ്ങളിലെ നവപാഠങ്ങൾ മനസ്സിലാക്കുന്നതിൽ വായനാ സന്ദർഭം സുപ്രധാനമാണ്. ഒരു കൃതി വായിക്കുമ്പോൾ വായനക്കാരന്റെ

മനസ്സിൽ ജനിക്കുന്ന ആശയമാണ് പാഠം. വായനയാണ് പാഠത്തെ ഉത്പാദിപ്പിക്കുന്നത്. ഒട്ടേറെ അർഥസാധ്യതയുള്ള ഭാഷയുടെ മുഖമാണ് പാഠനിർമാണത്തിലൂടെ തെളിയുന്നത്. എല്ലാ ആഖ്യാനവും പാഠരൂപത്തിലാണ് നിലനില്ക്കുന്നത്. വായനയിലൂടെ പഴയവയുടെ മീതെ പുതിയ പാഠങ്ങൾ സംജാതമാകുന്നു. മിഖായിൽ ബക്തിൻ പറഞ്ഞ ബഹുസ്വരത എന്ന ആശയം നവമാധ്യമങ്ങളിലും പ്രകടമാണ്. ഒരു പാഠത്തിൽ കണ്ടെത്താവുന്ന മറ്റു പാഠങ്ങളുടെ സാന്നിധ്യമാണല്ലോ പാഠാന്തരത. നിരന്തരമായ പാഠനിർമിതികൾ കാലാനുസാരിയായി നവമാധ്യമങ്ങളിൽ സംഭവിക്കുന്നതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.

## ബ്ലോഗ് എഴുത്ത്

ഇ-ലോകത്ത് രൂപംകൊണ്ട ഒരു പബ്ലിഷിംഗ് സംവിധാനമാണ് ബ്ലോഗ്. ഇന്റർനെറ്റിൽ ജനകീയമായ വ്യക്തിതല പ്രസിദ്ധീകരണമേഖലയാണ് ബ്ലോഗ്. ഇന്റർനെറ്റിൽ പരസ്പരം ബന്ധിക്കപ്പെട്ട ബ്ലോഗുകളുടെ കൂട്ടമാണ് "ബ്ലോഗ് സ്പിയർ" (Blogosphere). ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ 'പോസ്റ്റ്' എന്ന് വിളിക്കുന്നു. യാഥാസ്ഥിതിക കാഴ്ചപ്പാടോടെയും സ്ഥാപിതതാത്പര്യങ്ങളോടെയും പ്രവർത്തിക്കുന്ന മാധ്യമസ്ഥാപനങ്ങളെ വാർത്താബ്ലോഗുകൾ പലപ്പോഴും വെല്ലുവിളിക്കുന്നതായി കാണാം. രാഷ്ട്രീയ കേന്ദ്രീകൃതമായ ധാരാളം ബ്ലോഗുകൾ ഉണ്ട്. ബ്ലോഗർമാരുടെ ആരോപണങ്ങളെയും വിമർശനങ്ങളെയും കണ്ടില്ലെന്ന് നടിക്കാൻ ഭരണസംവിധാനങ്ങൾക്ക് കഴിയാത്ത അവസ്ഥ ഇപ്പോൾ സംജാതമായിട്ടുണ്ട്.

## ഇ-വായന

ഇ-വായനയിൽ പുസ്തകം ലഭ്യമാകുന്നത് ഇക്ട്രോണിക് ഫോർമാറ്റിൽ ആയതിനാൽ അനുവാചകന്റെ ഇഷ്ടപ്രകാരം വായനയുടെ രീതി ചിട്ടപ്പെടുത്താം. അക്ഷരത്തിന്റെ നിറം, വലുപ്പം, പശ്ചാത്തലവർണം, ചിത്രം എന്നിവ യുക്തമായ രീതിയിൽ തനിക്ക് ഇണങ്ങുംവിധം ക്രമീകരിക്കാം. ഓരോ പ്രാവശ്യവും ഓരോ ഘടനയിൽ വായിക്കാം. അല്ലെങ്കിൽ ഒരു രൂപഘടനയിൽ വായന ആരംഭിച്ച് മറ്റൊരു രൂപഘടനയിലേക്ക് മാറ്റാം. വായനക്കാരൻ തന്റെ സാമ്രാജ്യത്തിന്റെ അധിപനാകുന്ന സ്വാതന്ത്ര്യം ഇവിടെ ഏറെ മാറ്റങ്ങൾക്ക് തുടക്കമിട്ടു.

## വിക്കിപീഡിയ

സ്വതന്ത്രവും വിശാലവുമായ ഇ-ജനകീയ വിജ്ഞാനകോശമാണ് വിക്കിപീഡിയ. ഇതിൽ ആർക്കും എഴുതാം, തിരുത്താം, കൂട്ടിച്ചേർക്കാം. സാഹിത്യരചനകൾ, ഫോട്ടോ, സ്കെച്ച് എന്നിങ്ങനെ എന്തും വിക്കിപീഡിയയിൽ ചേർക്കാം. ഇന്റർനെറ്റ് കണക്ഷൻ ഉള്ള ആർക്കും പലപ്പോഴും വിവരങ്ങൾ ചേർക്കാനും എഡിറ്റ് ചെയ്യാനും കഴിയും. യൂണിക്കോഡ് ഫോണ്ട് എത്തിയതോടെ വിക്കിയുടെ പ്രാദേശികഭാഷാ പതിപ്പുകൾക്ക് കൂടുതൽ

ശക്തി കൈവന്നു. ജീവിതത്തിന്റെ നാനാത്വങ്ങൾ ലോകത്തിനുമുമ്പിൽ പങ്കു വെയ്ക്കുവാനും വിലയിരുത്താനുമൊക്കെ നവമാധ്യമങ്ങളിലൂടെ സാധിക്കും.

## ലഘുസന്ദേശഭാഷ (SMS Language)

ഇംഗ്ലീഷ് അക്ഷരങ്ങൾ, വികാരസൂചകങ്ങൾ, ഭാഷാ ചിഹ്നങ്ങൾ, അക്കങ്ങൾ എന്നിവയെ അടിസ്ഥാന ഭാഷാ ഘടകങ്ങളാക്കി ഇ–ലോകത്ത് ഉത്ഭവിച്ച സന്ദേശ സംവിധാന കൈമാറ്റങ്ങളിലൊന്നാണ് എസ്.എം.എസ്. (ഷോർട്ട് മെസേജ് സർവീസ്). അതിശക്തമായ ഒരു ആശയവിനിമയ രീതി യായി എസ്.എം.എസ്. മുന്നേറിയിട്ടുണ്ട്. എസ്.എം.എസിന്റെ സാധ്യതകൾ മുതലെടുക്കുന്നതിൽ ടെലിവിഷൻ ചാനലുകൾ ആവേശത്തോടെ രംഗത്ത് എത്തിയത് റിയാലിറ്റി ഷോകളിൽ നാം കാണുന്നുണ്ട്. എസ്.എം.എസ്.ലെ സൂത്രഭാഷ ഭാഷയുടെ വ്യവഹാരമണ്ഡലങ്ങളെ വിപ്ളവകരമായ രീതി യിൽ മാറ്റി മറിച്ചിട്ടുണ്ട്. ഭാഷാനിയമങ്ങളെല്ലാം നോക്കുകുത്തികളായിത്തീ രുന്ന ചുരുക്കെഴുത്തിന്റെ മാതൃകകൾ നിരവധിയാണ്. വാക്കുകൾക്ക് പകരം അക്ഷ രങ്ങൾ ചേർത്തുവച്ച് ആശയവിനിമയം സുസാധ്യമാക്കുന്നു എസ്.എം.എസ്. കൃത്യ മായ അർഥസൂചനകളുള്ള ശബ്ദബിംബങ്ങളിൽ നിന്ന് ഉച്ചാരണപരമായി ചില അംശങ്ങൾ വേർപെടുത്തി പകരം അക്കം ഉപയോഗിക്കുന്നു.

ഉദാ: gr8 -> great, w8-> wait, 4ever-> forever, l 8r-> later, i8 masala-> i ate masala, 2gtbt-> too good to be true, 2 mro-> tomorrow, 2 nt-> to night, gnt-> good night, 182-> I hate you, 1432-> I love you too, 143-> I love you, b4-> before,idr-> wonder, u-> you, r-> are, 2-> to, 4-> for, ?-> I have a question, asap-> as soon as possible, aka-> also known as

ഉച്ചാരണം ചുരുക്കുന്നതിന് ഉപയോഗിച്ച രീതി നവപദസൃഷ്ടിക്കും അവ സരമൊരുക്കിയിട്ടുണ്ട്. EKM എറണാകുളവും TDPA തൊടുപുഴയും KNR കണ്ണൂ രുമാണ്. മൊബൈൽ ഫോണിൽ ലഭ്യമായ ചിഹ്നങ്ങൾ എസ്.എം.എസിൽ ഉപയോഗി ക്കാറുണ്ട്. ഹൈഫൻ (–), ബ്രാക്കറ്റ് (), കോളൻ (:), Lessthan (<), അക്കങ്ങൾ എന്നിവ ഉപയോഗിച്ച് വികാരസൂചകങ്ങൾ ഉണ്ടാക്കാം. മലയാളത്തിൽ സന്ദേശങ്ങൾ അയയ്ക്കാൻ സാമർഥ്യമില്ലാത്ത മലയാളി വികസിപ്പിച്ചെടുത്ത ഭാഷാതന്ത്രമാണ് മംഗ്ലീ ഷ്. മാതൃഭാഷ ഇംഗ്ലീഷ് ലിപിയിലൂടെ അവതരിപ്പിക്കുന്ന പരിപാടിയാണിത്. ഉദാ: എനിക്ക് വിശക്കുന്നു. – Enikku Visakkunnu. മംഗ്ലീഷിൽ ചുരുക്കെഴുത്തിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി ഇന്ന് ഏറെ പ്രയോഗത്തിലായിട്ടുണ്ട്. എസ്.എം. എസ്. സൃഷ്ടിക്കുന്ന വലിയ ദുരന്തം ഭാഷാശാസ്ത്രപരമായ അടിസ്ഥാനധാരണകളെ തകിടം മറിക്കുന്നു എന്നതാണ്. പദശുദ്ധി, വാക്യശുദ്ധി, വ്യാകരണ നിയമങ്ങൾ ഇവ യിലൊന്നും ശ്രദ്ധിക്കേണ്ടതില്ല എന്ന അവസ്ഥ സംജാതമായിരിക്കുന്നത് ഭാഷാ സ്നേഹി കളെ അസ്വസ്ഥരാക്കുന്നുണ്ട്. നവമാധ്യമങ്ങളിലെ ഒരു രചന വായിക്കുമ്പോൾ കിട്ടുന്ന അർഥങ്ങൾ/ആശയങ്ങൾ മുഖാമുഖം നടത്തുന്ന ആശയവിനിമയത്തിൽ സാധ്യമാ

വുന്ന തരത്തിലുള്ളതാണ്.

CU2-> See you too, CU-> See You, H8-> hate, IC-> I See, -> OKay,

W/-> withW/o-> without, tc-> take care, LOL !!!!!!-> Laugh out loud

"Oh that's funny" എന്നു പറയുന്നതിന് പകരമായി "LOL" (laugh out loud) മതി. ഇത് ആക്ഷനെ ഡിനോട്ട് ചെയ്യുന്നു. ദേഷ്യം കാണിക്കാൻ ഇപ്പോൾ പറയുന്ന കാര്യങ്ങൾ ക്യാപ്പിറ്റൽ ലെറ്ററിൽ ടൈപ്പ് ചെയ്താൽ മതി. ഉദാ: WHY?? Conversation-ന്റെ ഇടയിൽ ഷൗട്ട് ചെയ്യുന്നതിന് സമമാണ് ക്യാപ്പിറ്റൽ ലെറ്ററിൽ ടൈപ്പ് ചെയ്യുന്നത്. നവമാധ്യമങ്ങളിൽ ആശയവിനിമയം ചെയ്യുന്ന ആളുകൾ കുശലം ചോദിക്കാനും തർക്കിക്കാനും പ്ലാനുകളും ഗോസിപ്പുകളും ഉണ്ടാക്കാനും പ്രണയത്തിൽ അകപ്പെടാനുമെല്ലാം സ്ക്രീനിലുള്ള അക്ഷരങ്ങളെ മാത്രമല്ല, സിംബലുകൾ, നമ്പരുകൾ, 'abbreviations and emotions' എന്നു വിളിക്കുന്ന ഗ്രാഫിക്സിനെയും മിക്ക സന്ദർഭങ്ങളിലും പ്രയോജനപ്പെടുത്തുന്നു. ഇതുവഴിയായി പുതിയ മാധ്യമഭാഷ രൂപപ്പെടുകയും പുതിയ പാഠങ്ങൾ (texts) ഉത്ഭവിക്കുകയും ഉയർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു. 'Emergence of a new text language' എന്നു വിശേഷിപ്പിക്കാൻ കഴിയുംവിധമാണ് നവമാധ്യമങ്ങളിലെ ഭാഷ. ചിഹ്നങ്ങൾ വ്യത്യസ്തമായ സാഹചര്യങ്ങളിലേക്ക് നയിക്കും. സൂചിതമാകുന്ന പുതിയ അർഥങ്ങൾ ഓരോ പാരായണത്തെയും വ്യത്യസ്തമാക്കും. ഇങ്ങനെ വായനക്കാർ നിർമിക്കുന്ന പാഠത്തിന് കൃതി പശ്ചാത്തലമൊരുക്കുക മാത്രമാണ് ചെയ്യുന്നത്. ബാഹ്യർഥങ്ങളിലേക്ക് (Plural/ Multimeaning) നീങ്ങുന്ന വിഷയാന്തരവായന പാഠനിർമിതിയിലൂടെയാണ് സാധ്യമാവുക. നമ്മൾ smileys/other emotions ഉപയോഗിക്കുമ്പോൾ ആ graphic characters നമുക്കു വേണ്ടി ചിരിക്കുന്നു, കരയുന്നു, അല്ലെങ്കിൽ മറ്റു വൈകാരിക ഭാവങ്ങൾ പ്രകടിപ്പിക്കുന്നു.

സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ വഴിയായി രൂപപ്പെട്ട പുതിയ വാക്കുകളും പഴയ വാക്കുകളുടെ പുതിയ അർഥങ്ങളും ഒരു ഗവേഷണ പഠനത്തിന് വിധേയമാക്കാൻ മാത്രം വിപുലവും അർഥ സാധ്യതകളുടെ നാനാർഥങ്ങളിലൂടെ നമ്മെ കൈപിടിച്ചു നടത്തുന്നതുമാണ്. പുസ്തകരചനയിലും മറ്റും ലിഖിതവാക്യങ്ങൾകൊണ്ട് പ്രകടിപ്പിക്കാനാവാത്ത വൈകാരികതലങ്ങളുടെ വിസ്മയലോകത്തേക്ക് വാതിൽ തുറന്നിടുകയാണ് നവമാധ്യമങ്ങൾ ചെയ്യുന്നത്. ഒഴുക്കൻ മട്ടിലുള്ള പ്രസ്താവനകൾ പോലും വളരെ ലൈവ് ആയി മാറുന്നുണ്ട് നവമാധ്യമങ്ങളിൽ. മറ്റു മാധ്യമങ്ങളിൽ എഴുതുമ്പോൾ എപ്പോഴും നമ്മുടെ 'tone' അവ്യക്തമാണ്. സാദാമട്ടിലുള്ള വാക്യങ്ങൾ ഏത് വികാരമാണ് വെളിപ്പെടുത്തുന്നത് എന്നറിയാൻ മിക്ക സന്ദർഭങ്ങളിലും പ്രയാസമാണ്. നവമാധ്യമങ്ങളിലാകട്ടെ emotions tone ന് കൂടുതൽ വ്യക്തതയും ഊർജവും കൈവരുന്നുണ്ട്. ഇവിടെ ആശയവിനിമയം ചെയ്യുന്നവർ പങ്കാളികളും സ്രഷ്ടാക്കളും ഓരോ സന്ദർഭങ്ങൾക്കും ഇണങ്ങിയ രീതിയിൽ തന്റേ

തായ പുതിയ വിനിമയ സംഭാവനകൾ നൽകുന്നവരുമാണ്. അതുമാത്രവുമല്ല, ഭൂമിശാസ്ത്രപരമായ അകലം ഇല്ലെന്ന മട്ടിലാണ് കാര്യങ്ങൾ പുരോഗമിക്കുന്നത്. ആശയവിനിമയത്തിന്റെ ശക്തിയും വേഗവും വൈകാരികതയും റോക്കറ്റ് വിക്ഷേപണത്തെ അനുസ്മരിപ്പിക്കും വിധമായി. ആവശ്യമുള്ളപ്പോൾ ഏതു സമയത്തും എവിടെവച്ചും ഏതെങ്കിലും ഒരു ഡിജിറ്റൽ ഡിവൈസിലൂടെ എത്തിപ്പിടിക്കാവുന്ന വിധത്തിൽ നവമാധ്യമങ്ങളുടെ സാധ്യതകൾ വിലയിരുത്തുമ്പോൾ പുതിയകാലത്തിന്റെ ഹൃദയസ്പന്ദങ്ങൾ തൊട്ടറിയുന്ന ഇവയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപകുതിയിലാണ് നവമാധ്യമങ്ങൾ കരുത്താർജിച്ചത്.

ഇന്ന് ഏതെങ്കിലും ഒരു സോഷ്യൽ നെറ്റ്വർക്കിംഗ് അക്കൗണ്ട് ഇല്ലാത്തവർ വിരളമാണ്. നമ്മുടെ ആശയങ്ങളെ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാനുള്ള ഏറ്റവും നല്ല മാധ്യമമായി ഇന്ന് സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകൾ മാറിക്കഴിഞ്ഞു. ഫേയ്സ്ബുക്ക് തുടങ്ങിയ കാലങ്ങളിൽ അവരുടെ വെബ്സൈറ്റിന്റെ സെക്യൂരിറ്റി ലെവൽ വളരെ മോശമായിരുന്നു. ഇന്ന് അതിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും സൈബർ യുദ്ധത്തിനുവരെ പറ്റിയ ഏറ്റവും നല്ല മാധ്യമമായി ഭീകരർ ഫേയ്സ്ബുക്കിനെ കാണുന്നു. അതിന്റെ പ്രധാനകാരണം ഫേയ്സ്ബുക്ക് ഉപയോഗിക്കുന്നവരുടെ എണ്ണമാണ്.

ജനവികാരമുണർത്താൻ നവമാധ്യമങ്ങൾക്ക് അസാമാന്യശക്തിയാണുള്ളത്. അണ്ണാഹസാരയുടെ അഴിമതി വിരുദ്ധപോരാട്ടങ്ങളിലും സഖാവ് ടി.പി.ചന്ദ്രശേഖരന്റെ കൊലപാതകത്തിനുമെതിരെ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിൽ പ്രചരിച്ച പ്രതികരണങ്ങളിലും കാരുണ്യ ലോട്ടറിക്കനുകൂലമായുണ്ടായ പ്രതികരണങ്ങളിലും നവമാധ്യമങ്ങൾ അവയുടെ സർഗാത്മകമായ ശക്തി വെളിപ്പെടുത്തുകയായിരുന്നു. അതോടൊപ്പം നിഷേധാത്മകമായ ഒട്ടേറെ പ്രവണതകളും രാജ്യസുരക്ഷയെപ്പോലും തകിടം മറിക്കുന്ന രീതിയിലുള്ള വാർത്തകളും വർഗീയ കലാപം വളർത്തുന്ന ചിത്രങ്ങളുമെല്ലാം നവമാധ്യമങ്ങളുടെ അരക്ഷിതാവസ്ഥയും കലാപവും സൃഷ്ടിക്കാനുള്ള ഹിംസാത്മകശക്തിയും വെളിപ്പെടുത്തുന്നു.

ഇന്റർനെറ്റിന്റെ വരവോടെ citizen (പൗരൻ) എന്ന സങ്കല്പം netizen എന്നായി. അറിവുല്പാദനത്തിന്റെ കുത്തക ഏതെങ്കിലും വരേണ്യവർഗത്തിനോ അക്കാദമിക്സ്ഥാപനത്തിനോ മാത്രം അവകാശപ്പെട്ടതല്ലെന്നും സമൂഹജീവിതത്തിന്റെ സമസ്തമേഖലകളും സമൂഹത്തിന്റെയും പരിസ്ഥിതിയുടെയും നിലനിൽപ്പുമായി ബന്ധപ്പെട്ട പാഠങ്ങൾ പകർന്നു നൽകുന്നുണ്ടെന്നും നവമാധ്യമങ്ങൾ വ്യക്തമാക്കുന്നു. നാട്ടറിവുകളുടെയും നാടോടി വിജ്ഞാനീയത്തിന്റെയും വിപുലമേഖലകളെ പരിചയപ്പെടുത്താനും സമൂഹത്തിന് സ്വീകാര്യമായ വിധത്തിൽ അവതരിപ്പിക്കാനും നവമാധ്യമങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

ഫേയ്സ്ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ വെബ്സൈറ്റു

കളുടെ പ്രചുരപ്രചാരം ഇന്ത്യയുടെ സൈബർ സുരക്ഷാരംഗത്ത് വലിയഭീഷണിയാണ് സൃഷ്ടിച്ചിരിക്കുന്നത്. തീവ്രവാദസംഘടനകൾ സോഷ്യൽമീഡിയ വെബ്സൈറ്റുകൾ വഴി എൻക്രിപ്റ്റ് ചെയ്ത സന്ദേശങ്ങൾ അയച്ചുവെന്ന കണ്ടെത്തൽ നമ്മെ ഞെട്ടിക്കുന്നതാണ്. സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ വ്യാജവിലാസങ്ങൾ ഉണ്ടാക്കി ഭീകരസംഘടനകൾ ഡൽഹി പോലുള്ള വൻനഗരങ്ങളിൽ സ്ഫോടനം ആസൂത്രണം ചെയ്തുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവർ വിവരകൈമാറ്റത്തിനും ഗൂഡാലോചനയ്ക്കും വെബ്സൈറ്റുകളെ ഉപയോഗിച്ചു. അവർ കൈമാറിയ എൻക്രിപ്റ്റഡ് മെസേജുകൾ പുറമേ തിരിച്ചറിയാനും സാധിക്കില്ല.

2012, ആഗസ്റ്റിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കലാപത്തോളം കാര്യങ്ങൾ കൊണ്ടെത്തിച്ചത് പാക്കിസ്ഥാൻ ഭീകരസംഘടനയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം തെളിവുകൾ സഹിതം ചൂണ്ടിക്കാണിക്കുന്നു. സൈബർരംഗത്തെ തന്ത്രപരമായ നീക്കങ്ങളിലൂടെ ഇന്ത്യയിൽ എത്രമാത്രം പ്രശ്നങ്ങളുണ്ടാക്കാം എന്ന പരീക്ഷണം കൂടിയാണു നടന്നതെന്നു മന്ത്രാലയം കരുതുന്നു. നാം മനസ്സിലാക്കേണ്ട പാഠം, സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റുകൾ പറയുന്ന എല്ലാ കാര്യങ്ങളും സത്യമല്ല എന്നതാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ത്യക്കെതിരെ ഈ അടുത്ത കാലത്ത് സോഷ്യൽ നെറ്റ്‌വർക്കിംഗ് മാധ്യമം ഉപയോഗിച്ച് നടത്തിയ സൈബർ യുദ്ധം. ആസാമിൽ ഇന്നും ജനങ്ങളെ സമാധാനപരമായ അന്തരീക്ഷത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല. സോഷ്യൽ നെറ്റ്‌വർക്കിംഗ് മാധ്യമത്തിലെ പോസ്റ്റുകൾ വിശ്വസിച്ച് ജനങ്ങൾ തമ്മിലടിച്ചപ്പോൾ വെളിച്ചത്തുവന്നത് സോഷ്യൽ നെറ്റ്‌വർക്കിംഗ് മാധ്യമത്തിന്റെ ഭീകരമുഖമാണ്. സോഷ്യൽ നെറ്റ്‌വർക്കിംഗിലെ ചെറിയ ന്യൂനതകൾ വിമർശകർ പറഞ്ഞു നടന്നപ്പോൾപോലും ഒരു രാജ്യത്തിൽ കലാപമുണ്ടാക്കാൻ മാത്രം ഈ മാധ്യമം വളർന്നുവെന്ന് മനസ്സിലാക്കിയിരുന്നില്ല. സോഷ്യൽ നെറ്റ്‌വർക്കിംഗ് മീഡിയയിലെ തെറ്റായ വാർത്തകൾ വിശ്വസിച്ച് വർഗീയ സംഘർഷമുണ്ടാക്കാൻ മാത്രം സാമാന്യബോധമില്ലാത്തവരാണോ നാം?.

മ്യാൻമറിൽ മുസ്ലിം കൂട്ടക്കുരുതി നടക്കുന്നുവെന്നു ഫേയ്സ്ബുക്കിലൂടെ പ്രചാരണം നടത്താൻ ശ്രമിച്ചത് മറ്റു പലയിടങ്ങളിലുമുള്ള ചിത്രങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന അടിക്കുറിപ്പോടെ നൽകിയായിരുന്നു. ബുദ്ധമതസന്യാസിമാർ നൂറുകണക്കിനു മൃതദേഹങ്ങൾക്കു സമീപം നിൽക്കുന്ന ചിത്രത്തിനു മ്യാൻമറിലെ കൂട്ടക്കുരുതി എന്നായിരുന്നു അടിക്കുറിപ്പ്. 2010-ൽ ചൈനയിലുണ്ടായ ഭൂചലനത്തിൽ മരിച്ചവർക്കിടയിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നവരാണ് ഇവർ എന്നു പത്രപ്രവർത്തകനായ ഫാറാസ് അഹമ്മദ് തെളിവു സഹിതം വെളിപ്പെടുത്തി. തെരുവിലൂടെ ശരീരമാസകലം തീപിടിച്ച നിലയിൽ ഓടുന്ന ഒരാളുടെ ചിത്രമെടു

ക്കാൻ ഫോട്ടോഗ്രാഫർമാർ ശ്രമിക്കുന്നതിനും മ്യാൻമറിലെ മൃഗീയത എന്നാണ് അടിക്കുറിപ്പ് നൽകിയത്. ചൈനീസ് പ്രസിഡന്റിന്റെ ഇന്ത്യാ സന്ദർശനവേളയിൽ ന്യൂഡൽഹിയിൽ നടന്ന പ്രതിഷേധത്തിന്റെ ചിത്രമായിരുന്നു ഇതെന്ന് ഫാറസ് കണ്ടെത്തി. ഇത്തരത്തിൽ വ്യാജപ്രചാരണങ്ങളിലൂടെ വംശീയവിദ്വേഷം ആളിക്കത്തിക്കാനുള്ള ശ്രമമാണ് പല തീവ്രവാദസംഘടനകളും നടത്തുന്നത്. നവമാധ്യമങ്ങളിലെ നവപാഠങ്ങൾ സൂക്ഷ്മവിശകലനത്തിനു വിധേയമാക്കുമ്പോൾ ഇന്ത്യയുടെ ആഭ്യന്തരസുരക്ഷയെപ്പോലും പ്രതിസന്ധിയിലാക്കാനും വെല്ലുവിളിക്കാനുമുള്ള ശക്തി നവമാധ്യമങ്ങൾക്കുണ്ടെന്ന് വ്യക്തമാകുന്നു.

വ്യക്തികളുടെ സ്വകാര്യതയിലേക്ക് മറ്റാരുമറിയാതെ എത്തിനോക്കുവാനും സൈബർ വീരന്മാർക്ക് സാധിക്കും. ഇന്റർനെറ്റിൽ സ്വകാര്യതയുണ്ടെന്നുള്ള വാദംതെറ്റാണ് എന്ന് വർത്തമാനകാല സംഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. എത്ര വിലകൂടിയ സെക്യൂരിറ്റി സോഫ്റ്റ്‌വെയർ ഉപയോഗിച്ചാലും നിങ്ങളുടെ മുറിയിലിരുന്ന് നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ നിരീക്ഷിക്കാൻ സൈബർ വിദഗ്ധർക്ക് കഴിയും. വ്യക്തി സുരക്ഷയും സ്വകാര്യതയും മാത്രമല്ല ഓരോ രാജ്യത്തിന്റെ ആഭ്യന്തരസുരക്ഷാമേഖല കൂടി നേരിടുന്ന വലിയ ഭീഷണിയും പ്രതിസന്ധിയുമാണിത്. രാജ്യത്തെ പ്രതിരോധരംഗത്തെ വിദഗ്ധരുടെയും ശാസ്ത്രസാങ്കേതിക മേഖലയിലെ പ്രഗത്ഭരുടെയും ഇന്റർനെറ്റ് വഴിയുള്ള ഇടപാടുകളെല്ലാം ലോകത്തിന്റെ ഏതോ കോണിലിരുന്ന് ആരുമറിയാതെ ശത്രുക്കൾ ചോർത്തിയെടുക്കുന്നുവെന്നു കരുതുന്നവരുണ്ട്.

ഇന്റർനെറ്റിൽ മാത്രമല്ല, മൊബൈൽ ഫോണിലും അപകടം ഒളിഞ്ഞിരിക്കുന്നുണ്ട്. മൊബൈലിൽ നാം സൂക്ഷിക്കുന്ന വ്യക്തിവിവരങ്ങൾ, ഫോൺവിളിയുടെ വിശദാംശങ്ങൾ, എസ്.എം.എസ്. സന്ദേശങ്ങൾ എന്നിവയെല്ലാം മറ്റൊരാൾ വിലയിരുത്തുന്നുണ്ടാവാം. ഓൺലൈൻ ട്രാക്കേഴ്സ് എന്നു വിളിപ്പേരുള്ള സൂത്രശാലികളുടെ വിലാസമേഖലയാണിപ്പോൾ ഇന്റർനെറ്റ്. സൈബർമേഖലയിലെ ഏറ്റവും വലിയ കച്ചവടമായി ഇത് മാറിക്കഴിഞ്ഞു. ഒരാളുടെ വ്യക്തിപരമായ ഇഷ്ടങ്ങളും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുകയാണിവർ ചെയ്യുന്നത്. ഇന്റർനെറ്റ് ഉപയോഗിക്കുന്ന വ്യക്തി ഏതൊക്കെ വെബ്സൈറ്റുകൾ കാണുന്നു, എന്തൊക്കെ ചെയ്യുന്നു എന്നെല്ലാം മനസ്സിലാക്കാൻ ഡേറ്റ ട്രാക്കർമാർക്ക് നിഷ്പ്രയാസം സാധിക്കുന്നു. ഇന്റർനെറ്റ് സേവനം നൽകുന്ന ബ്രൗസറുകളിൽ നിന്നാണ് വിശദാംശങ്ങൾ ഡേറ്റ ട്രാക്കർമാർ ചോർത്തിയെടുക്കുന്നത്. ഉപയോഗിക്കുന്നയാളുടെ വ്യക്തിത്വവും ബലദൗർബല്യങ്ങളും ലൊക്കേഷനും കണ്ടെത്തുന്നതോടെ ഇ-മാർക്കറ്റിൽ വിലയേറിയ വിപണനവിഭവമായി അത് മാറുന്നു. ഒരാളുടെ ദൗർബല്യം വ്യക്തമായി മനസ്സിലാക്കുന്ന എതിരാളികൾക്ക് ആ ദൗർബല്യം ചൂഷണം ചെയ്യാൻ സാമർഥ്യമുള്ളവരെ ദൗത്യനിർവഹണത്തിനായി ചുമതലപ്പെടുത്താൻ കഴിയും. ഇന്റർനെറ്റ് കണക്ഷനുള്ള 95% മൊബൈൽ

ഫോണുകളും സുരക്ഷിതമല്ലെന്ന് ഗവേഷണപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മൊബൈൽ രംഗത്തു വിപ്ലവകരമായ പരിവർത്തനമുണ്ടാക്കിയ ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ് സിസ്റ്റം ഓൺലൈൻ ട്രാക്കിങ് നടത്തുന്ന സോഫ്റ്റ്‌വെയറുകളുടെ പറുദീസയായി മാറിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷനുകളാണ് പ്രധാനമായും അപകടമുണ്ടാക്കുന്നത്. ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിലുള്ള മൊബൈൽ ആപ്ലിക്കേഷനുകളിൽ ഭൂരിഭാഗവും 'സ്പൈവെയറുകൾ' ആണെന്നു കണ്ടെത്തിയിട്ടുണ്ട്. ആപ്ലിക്കേഷൻ മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യുമ്പോൾ മുതൽ സ്പൈവെയർ അതിന്റെ 'പാരപണി' ആരംഭിക്കും. നിങ്ങളുടെ മൊബൈലിൽ എസ്.എം.എസ്., കോൾ രജിസ്റ്റർ മുതലായവ ചോർത്തുന്ന സ്പൈവെയർ ഉണ്ടെങ്കിൽ ഇവ നിങ്ങളറിയാതെ സ്പൈവെയറിന്റെ ആസൂത്രകർക്ക് വിശദാംശങ്ങൾ കൈമാറിക്കൊണ്ടിരിക്കും. ഇന്റർനെറ്റ് ഉപയോഗം ചോർത്താനുള്ള സ്പൈവെയറുകൾ ആണ് ഘടിപ്പിച്ചിരിക്കുന്നതെങ്കിൽ ആ വിവരങ്ങളാകും നിങ്ങളുടെ മൊബൈലിൽ നിന്ന് ചോർത്തപ്പെടുക. ചൈനയിൽ നിർമിക്കപ്പെട്ട ചില പെൻഡ്രൈവുകളിൽ സ്പൈവെയറുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് കംപ്യൂട്ടറുകളിൽ ബന്ധിപ്പിക്കുമ്പോൾ തന്നെ അതിലുള്ള വിവരങ്ങളെല്ലാം ചാരന്മാർ കൈക്കലാക്കിയിരിക്കും. ചൈനയിൽ നിർമിച്ച പ്രത്യേകതരം മൊബൈൽ ഫോണുകൾ ഒട്ടും സുരക്ഷ നൽകുന്നില്ലെന്നും അതിൽ നടത്തുന്ന പ്രവർത്തനങ്ങളുടെയെല്ലാം പകർപ്പ് മൊബൈൽ നിർമാതാക്കളുടെ ചാരസെർവറിലേക്ക് എത്തുന്നുണ്ടെന്നും അമേരിക്കയുടെ രഹസ്യാന്വേഷണ വിഭാഗങ്ങൾ ലോകരാജ്യങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

മുൻപറഞ്ഞ പ്രതിസന്ധികളെ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നവർ മറികടക്കേണ്ടതുണ്ട്. അപരിചിതരുടെ ഇ-മെയിൽ, സോഷ്യൽ മീഡിയയിലെ സുഹൃത്തുക്കളാകാനുള്ള അപരിചിതരുടെ അപേക്ഷകൾ എന്നിവ കഴിയുന്നതും ഡിലീറ്റ് ചെയ്യുക. പരിചയമില്ലാത്ത ലിങ്കുകളിൽ പോകാതിരിക്കുക. ഉന്നത സാങ്കേതികമേന്മയുള്ള സെക്യൂരിറ്റി സോഫ്റ്റ്‌വെയർ കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും ഉൾപ്പെടുത്തുക. നമ്മുടെ സ്വകാര്യവിവരങ്ങൾ ഇന്റർനെറ്റിൽ പരസ്യമാക്കാതിരിക്കുക. സൗജന്യ വൈ-ഫൈ സംവിധാനം ഉൾപ്പെടുത്താതിരിക്കുക. നവമാധ്യമങ്ങളെ ആക്ഷേപിക്കുന്നതിലോ, അതിൽ നിന്നും മാറിനിൽക്കുന്നതിലോ കാര്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെയും രാജ്യത്തിന്റെയും സുരക്ഷയ്ക്കാവശ്യമായ മുൻകരുതലുകൾ എടുക്കുക മാത്രമാണ് പോംവഴി.

രാജ്യത്തെ ദോഷകരമായി ബാധിക്കുന്ന പോസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് മറ്റുള്ളവർക്ക് കൈമാറാതെ അതിലെ സത്യം പുറത്തുകൊണ്ടുവരാനും സൈബർ സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്താനും നാം ശ്രമിക്കേണ്ടതുണ്ട്. സോഷ്യൽ നെറ്റ്‌വർക്കിംഗ് മീഡിയകളിലെ ബഹുഭൂരിപക്ഷം വനിതാ പ്രൊഫൈലുകളും പുരുഷൻമാരുടേതാണ്. മറ്റുള്ളവരുടെ അക്കൗണ്ടുകളിൽ നിന്നും സുന്ദരിമാരുടെ ചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് എഡി

റ്റിംഗ് നടത്തി അതുപയോഗിച്ച് അക്കൗണ്ടുകൾ ഉണ്ടാക്കുന്നവരുണ്ട്. അടുത്തകാലത്ത് ഫേയ്സ് ബുക്കിൽ എല്ലാവരെയും ചിന്തിപ്പിക്കാൻ പോന്ന ഒരു പോസ്റ്റ് ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിലെ ഉള്ളടക്കമിതാണ്. പി.എസ്.സി. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത കോട്ടയം സ്വദേശിനിയുടെ ഒരു ഫോട്ടോ ഉപയോഗിച്ച് മറ്റാരോ 'fake account' സൃഷ്ടിച്ചു. ഈ അക്കൗണ്ടിൽ സുഹൃത്തുക്കളായിരിക്കുന്ന പുരുഷന്മാരുടെ എണ്ണം ആയിരത്തിനു മുകളിൽ. അവർ അറിയുന്നുണ്ടോ ഇത് ഏതോ ഒരു തലതിരിഞ്ഞവന്റെ നേരംപോക്കാണെന്ന്. എങ്കിലും ഇന്നും ദിനംപ്രതി ഇത്തരം അക്കൗണ്ടുകളുടെയും അതിലേക്ക് സൗഹൃദത്തിനപേക്ഷിച്ച് കാത്തിരിക്കുന്നവരുടെയും എണ്ണം കൂടിവരുന്നു. കൗമാരക്കാർ മുതൽ വൃദ്ധർ വരെ ഈ ചതിയിൽപെടുന്നുണ്ട്. മറ്റൊന്ന് ചിലയാളുകൾ 'fake account' ഉണ്ടാക്കി മറ്റുള്ളവരുടെ സൗഹൃദത്തിനപേക്ഷിക്കുന്നുവെന്നതാണ്. നമ്മുടെ 'account hack' ചെയ്യാൻ മറ്റുള്ളവർക്ക് ഇത്തരം അക്കൗണ്ട് വഴി കഴിയും. ഫേയ്സ്ബുക്കിൽ അക്കൗണ്ട് ഉണ്ടാക്കി അതിൽ തന്റെയും സുഹൃത്തുക്കളുടെയും ചിത്രങ്ങൾ അപ്ലോഡ് ചെയ്യുന്ന യുവതികളും പുരുഷന്മാരുടെ പേരിൽ അക്കൗണ്ട് ഉണ്ടാക്കി മറ്റു യുവതികൾക്ക് സൗഹൃദാപേക്ഷ നൽകി അവരെ പ്രണയിക്കുന്നതായി നടിക്കുന്ന യുവതികളും ഇന്നത്തെ പുതിയമുഖമായിരിക്കുന്നു.

സോഷ്യൽനെറ്റ്വർക്ക് വെബ്സൈറ്റുകൾ നൽകുന്ന നന്മയുടെ പാഠങ്ങൾ നാം ഉൾക്കൊള്ളണം. സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഇത്തരം വെബ്സൈറ്റുകൾക്ക് കഴിയുന്നുവെന്നത് ശ്രദ്ധേയമാണ്. പഴയകാല സുഹൃത്തുക്കളെ കണ്ടെത്താനും സൗഹൃദം പുതുക്കാനും വീണ്ടും കണ്ടുമുട്ടാനും സോഷ്യൽ നെറ്റ്വർക്കിംഗ് മീഡിയ സഹായിക്കുന്നുണ്ട്. ഓൺലൈൻ ചാറ്റിംഗ് വഴി സുഹൃത്തുക്കളോട് സംസാരിക്കാനുള്ള അവസരവും ലഭ്യമാണ്. നമ്മുടെ സന്തോഷവും സങ്കടവും അതിവേഗം മറ്റുള്ളവരുമായി പങ്കിടാനും നവമാധ്യമങ്ങൾ സഹായിക്കുന്നുണ്ട്. നവമാധ്യമങ്ങളിലെ നവപാഠങ്ങൾ ഉൾക്കൊണ്ട് വസ്തുതകളെയും പ്രശ്നങ്ങളെയും സൂക്ഷ്മമായി വിലയിരുത്തി നമുക്ക് നവയുഗസ്രഷ്ടാക്കളാകാം.

# 28. നവമാധ്യമങ്ങളും സൈബർ ജനാധിപത്യവും

കലേഷ് എം.

"Representative democracy will be dead and the sooner it is replaced by the democracy of the information age the better it is for all of us."

- Mikols N. Szilagyi

ആധുനിക സമൂഹം രൂപപ്പെട്ടുവന്നത് ജനാധിപത്യസമരങ്ങളിലൂടെയാണ്. ജനാധിപത്യവത്കരണ പ്രക്രിയ ഇതുവരെയും പൂർത്തിയാകാത്ത ഒരു പദ്ധതിയാണ് എന്ന് ഓർമിപ്പിക്കും വിധം സമരങ്ങൾ ഇന്നും പലമട്ടിൽ തുടർന്നുവരുന്നുണ്ട്. ഏകാധിപത്യത്തിനെതിരെയും അസമത്വത്തിനെതിരെയും കോർപറേറ്റുകൾക്കെതിരെയും കഴിഞ്ഞ ഏതാനും വർഷങ്ങളായി ലോകമെമ്പാടും നടന്നുവരുന്ന പ്രക്ഷോഭങ്ങൾ വിശാലാർഥത്തിൽ ജനാധിപത്യക്രമങ്ങൾക്ക് അകത്തേക്ക് ജനതയ്ക്ക് കടന്നുവരാനുള്ള ചരിത്രപരമായ യത്നമായി വായിക്കാനാവും. ഇത്തരം സമരങ്ങളെ സാമൂഹിക ഇടങ്ങളിൽ മൂർത്ത യാഥാർഥ്യമാക്കി മാറ്റുന്നതിൽ നിർണായക പങ്കുവഹിച്ചത് നവസാമൂഹ്യമാധ്യമങ്ങളാണ്. 2010–ൽ ടുണീഷ്യയിലാരംഭിച്ച് അറബ് വസന്തമായും വാൾസ്ട്രീറ്റ് പ്രക്ഷോഭമായും ഈജിപ്തിലെയും സിറിയയിലെയും അധികാര കൈമാറ്റങ്ങളായും ഗ്രീസിലെ പ്രക്ഷോഭമായും മറ്റും പടർന്നു പന്തലിച്ച സമരങ്ങളെ പോഷിപ്പിച്ചതും പ്രചരിപ്പിച്ചതും പൊതുമണ്ഡലത്തിൽ ചർച്ചാവിഷയമാക്കിയതും നവമാധ്യമങ്ങളാണെന്ന് നിരീക്ഷിക്കാനാവും. ഈ പരികല്പനയിൽ നിന്നുകൊണ്ട് നവമാധ്യമങ്ങൾ രൂപപ്പെടുത്തിയ സൈബർ ജനാധിപത്യത്തെ പ്രശ്നവത്കരിക്കാനാണ് പ്രബന്ധം ശ്രമിക്കുന്നത്.

## സൈബർ ജനാധിപത്യം

വാസ്തവത്തിൽ നവമാധ്യമങ്ങൾ സ്വകാര്യവ്യക്തികളെ രാഷ്ട്രീയ

സാമൂഹ്യ കാര്യങ്ങളിൽ പങ്കാളികളാക്കുകയാണ് ചെയ്യുന്നത്. മറ്റ് മാധ്യമങ്ങളിൽ ലഭിക്കാത്ത സ്വാതന്ത്ര്യവും പങ്കാളിത്തവും വ്യക്തിക്ക് നവമാധ്യമങ്ങൾ നിർമിച്ചുനല്കുന്നുണ്ട്. ഇവിടെ നിശ്ചയമായും ജനാധിപത്യത്തിന്റെ സാധ്യതകളാണ് തുറന്നിടുന്നത്.

എന്തും തുറന്നുപറയാനുള്ള മലയാളിയുടെ എഴുത്തിടമായി പൊതുമൂത്രപ്പുരകളും ട്രെയിനിലെ മൂത്രപ്പുരകളും മാറിയിട്ടുണ്ട്. (ദൈനംദിന രാഷ്ട്രീയം മുതൽ ലൈംഗികതവരെയുള്ള കാര്യങ്ങൾ). യഥാർഥത്തിൽ ഏതെങ്കിലും സാമൂഹ്യ, രാഷ്ട്രീയസംഭവങ്ങൾക്ക് മേലുള്ള വ്യക്തിയുടെ പ്രതികരണങ്ങളാണിവ. അവിടെ വ്യക്തി അവന്റെ എല്ലാത്തരം രോഷവും അമർഷവും മറയേതുമില്ലാതെ പ്രകടിപ്പിക്കുന്നു. തനിക്ക് പറയാനുള്ളത് തുറന്ന് പങ്കുവെക്കാനുള്ള ഇടങ്ങളായി വ്യക്തി ഇത്തരം സ്ഥലങ്ങളെ കാണുന്നു. സ്വാഭിപ്രായം സധൈര്യം പ്രകടിപ്പിക്കാൻ വ്യക്തിക്ക് സാമൂഹ്യമാധ്യമം ഇല്ല എന്നതു തന്നെയാണ് ഇത്തരം സ്വകാര്യയിടങ്ങളെ തങ്ങളുടെ അഭിപ്രായങ്ങൾ/പ്രസ്താവനകൾ രേഖപ്പെടുത്താനുള്ള സ്ഥലമാക്കി മാറ്റുന്നത്. നവമാധ്യമങ്ങളുടെ വരവ് സാമൂഹ്യമാധ്യമം (Social Media) എന്ന സംവർഗത്തെ ഉണ്ടാക്കുകയും അവിടെ വ്യക്തിയുടെ ഏത് വിഷയത്തിലുള്ള അഭിപ്രായങ്ങളും വാദമുഖങ്ങളും രേഖപ്പെടുത്താനുള്ള സ്ഥലമൊരുക്കുകയും ചെയ്തു. സാമൂഹിക സ്വീകാര്യമായ ഭാഷയിലും അർഥത്തിലും രാഷ്ട്രീയ സാമൂഹിക വിഷയങ്ങൾക്കുമേൽ വ്യക്തിക്ക് സംവദിക്കാനുള്ള രാഷ്ട്രീയ മണ്ഡലമായി സൈബർ നവമാധ്യമങ്ങൾ മാറി. ഇവിടെ ഒരു തരം ജനാധിപത്യപരത രൂപംകൊള്ളുന്നുണ്ട്. രാഷ്ട്രസംവിധാനത്തെയും ദൈനംദിന രാഷ്ട്രീയത്തെയും ഭരണകൂടത്തെയും 'പൗരൻ' എന്ന നിലയിൽ ഏതൊരു വ്യക്തിക്കും (സാങ്കേതികതയുടെ വ്യാകരണമറിയുന്ന) വിമർശിക്കാനും എതിർപ്പുകൾ പങ്കുവെക്കാനും ഉള്ള തരത്തിൽ ജനാധിത്യപരമായ തുറന്ന സംവാദമണ്ഡലം സൈബർ മാധ്യമങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സൈബർ ലോകത്ത് രൂപപ്പെടുന്ന ഇത്തരം ജനാധിപത്യ അന്തരീക്ഷത്തെയാണ് ഇവിടെ സാമാന്യമായി 'സൈബർ ജനാധിപത്യം' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

അറിയാനുള്ള മനുഷ്യന്റെ ആഗ്രഹംപോലെ പ്രബലമാണ് സ്വതന്ത്രാഭിപ്രായ പ്രകടനത്തിനുള്ള ഇച്ഛയും. വിശാലാർഥത്തിൽ നവസാമൂഹ്യമാധ്യമങ്ങളുടെ വരവോടെ സംജാതമായത് സ്വതന്ത്രാഭിപ്രായപ്രകടനങ്ങൾക്ക് ഉള്ള ഇടങ്ങളാണ്. ഇടപെടലുകളുടെ (Interaction) സൂക്ഷ്മരാഷ്ട്രീയത്തിലൂടെ തീർക്കുന്ന സംവാദഭൂമികയായും സാമൂഹിക മാറ്റങ്ങളെയും രാഷ്ട്രീയസംഭവങ്ങളെയും സുസൂക്ഷ്മം നിരീക്ഷിക്കുന്ന വ്യക്തികളുടെ യുക്തിഭദ്രമായ അഭിപ്രായങ്ങളും നിലപാടുകളും വിമർശനാത്മകമായി പങ്കുവെക്കുന്ന രാഷ്ട്രീയമണ്ഡലമായും നവമാധ്യമങ്ങൾ മാറിക്കഴിഞ്ഞു. ഈ സൈബർ സംവാദമണ്ഡലത്തിന് അതിദീർഘമായ ചരിത്രമോ പാരമ്പര്യമോ ഇല്ല. പേര് സൂചിപ്പിക്കുംപോലെ 'നവ' സാമൂഹിക ഇടങ്ങളാണ് ഇത്തരം മാധ്യമങ്ങൾ രൂപപ്പെ

ടുത്തുന്നത്.

സൈബർ ജനാധിപത്യം, ഡിജിറ്റൽ ജനാധിപത്യം എന്നിങ്ങനെ അറിയപ്പെട്ട ജനാധിപത്യത്തിന്റെ സ്പേസുകളെ സാധ്യമാക്കിയത് സാമൂഹികതയും സാങ്കേതികതയും തന്നെയാണ്. ഇത്തരം ജനാധിപത്യ സമരങ്ങളുടെ മൂർത്തരൂപങ്ങളാണ് അറബ് വസന്തവും വാൾസ്ട്രീറ്റ് പിടിച്ചടക്കലും ടുണീഷ്യയിലെയും ഈജിപ്തിലെയും അധികാരമാറ്റങ്ങൾ അടക്കമുള്ള സംഭവങ്ങളും. ഈ സമരങ്ങളുടെ ചാലകശക്തിയായത് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളാണ്. അതുകൊണ്ടുതന്നെയാണ് ഓക്സ്ഫോർഡ് ഇന്റർനെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ സോഷ്യോളജിസ്റ്റിയ *വില്യം എച്ച്. ഡട്ടൺ* നവസാമൂഹ്യമാധ്യമങ്ങളെ ‘ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ്’ എന്നു വിശേഷിപ്പിച്ചത് (The Hindu, 2010, July 23). ഭരണകൂടങ്ങൾ പോലും ഇന്ന് ജനങ്ങളുമായുള്ള ഇടപെടലുകൾക്കു വേണ്ടിയും ജനങ്ങളുമായുള്ള സഹവർത്തിത്വത്തിനുവേണ്ടിയും ഫേയ്സ്ബുക്ക്, ട്വിറ്റർ പോലുള്ളവയെ ഉപയോഗിക്കാൻ തുടങ്ങിയതും ഓർമിക്കുക.

ഇന്റർനെറ്റാണ് സോഷ്യൽ മീഡിയയുടെ സിരാകേന്ദ്രം. എന്നാൽ സ്വതന്ത്രാഭിപ്രായപ്രകടനത്തിനുള്ള ഇടം എന്ന നിലയിൽ ഈ മണ്ഡലത്തിൽ വലിയ ഗതിമാറ്റം ഉണ്ടാക്കിയത് ബ്ലോഗ് ആണ്. നമുക്ക് ചുറ്റുമുള്ള എന്തിനെക്കുറിച്ചും ബ്ലോഗിൽ എഴുതാം. സാഹിത്യം, സിനിമ, വ്യക്തി അനുഭവങ്ങൾ എന്നിങ്ങനെ. എന്നാൽ ദൈനംദിന രാഷ്ട്രീയത്തെയും ലോക രാഷ്ട്രീയത്തെയും ഭരണകൂടങ്ങളുടെ സ്വേച്ഛാധിപത്യത്തെയും സംബന്ധിച്ച് വ്യക്തികൾ ബ്ലോഗിൽ കുറിക്കാൻ തുടങ്ങിയതോടെയും അവയ്ക്ക് തത്ക്ഷണം വായനക്കാരുടെ മറുപടികളും പ്രതികരണങ്ങളും ലഭിക്കാൻ ആരംഭിച്ചതോടെയും ഈ മാധ്യമത്തിന്റെ സ്വഭാവവും രാഷ്ട്രീയവും മാറി. ശരാശരി വ്യക്തിക്കു പോലും സാങ്കേതികതയുടെ വ്യാകരണം അറിയാമെങ്കിൽ ഒട്ടും പണച്ചെലവില്ലാതെ ഈ മാധ്യമങ്ങളുടെ ഭാഗഭാക്കാവാനും കഴിയും എന്നത് ഇവയെ ജനകീയവുമാക്കി. അജ്ഞാതരായിരുന്ന് മറ്റാരും തിരിച്ചറിയാതെ ബ്ലോഗിങ് നടത്താനും കഴിയും എന്നത്, എന്തും വെളിപ്പെടുത്താനും തുറന്നു പറയുവാനും ഉള്ള മാധ്യമമാക്കി ബ്ലോഗിനെ മാറ്റി. അമേരിക്കൻ സഖ്യസേനയുടെ ഇറാഖ് അധിനിവേശത്തെ സാമ്പ്രദായിക മാധ്യമങ്ങൾ അമേരിക്കൻ പക്ഷത്തുനിന്ന് വാർത്താചിത്രങ്ങൾ നല്കിയപ്പോൾ, *സലാം പാക്സ്* എന്ന ബ്ലോഗർ നടത്തിയ ഇടപെടൽ യുദ്ധത്തിന്റെ യഥാർഥമുഖം പുറത്തുകൊണ്ടുവന്നു. ആർക്കും ഒന്നും മറച്ചു വെക്കാനാവാത്തവിധം ജനാധിപത്യത്തിന്റെ സുതാര്യത കൂടി മുന്നോട്ടുവെക്കാൻ ബ്ലോഗിംഗിലൂടെ സാധിക്കും എന്നതിന് തെളിവാണ് സലാം പാക്സിന്റെ ഇടപെടൽ.

“ഇന്റർനെറ്റ് ബന്ധം അവസാനിക്കുന്നതുവരെ ബാഗ്ദാദിൽ നിന്നും പ്രാന്തപ്രദേശങ്ങളിൽ നിന്നും ബ്ലോഗിലൂടെ യഥാർഥ ചിത്രങ്ങൾ പുറം ലോകത്തെത്തിക്കൊണ്ടിരുന്നു. അപകടം മനസ്സിലാക്കിയ മാധ്യമങ്ങൾ വിവരശേ

ഖരണത്തിനായി സലാം പാക്സിന്റെ റിപ്പോർട്ടുകളെ ആശ്രയിക്കാൻ തുടങ്ങി. എന്തിന് വൻകിട മാധ്യമങ്ങൾ പോലും സലാം പാക്സിന്റെ ബ്ലോഗിനെ ആശ്രയിക്കാൻ തുടങ്ങി. അത്രയ്ക്ക് ശക്തിയുണ്ട് ബ്ലോഗ് എന്ന നവമാധ്യമത്തിന്'' (ആദർശ് വി.കെ., 2007).

ബ്ലോഗിംങ് പ്രചാരത്തിൽ വന്നതോടെ സിറ്റിസൺ ജേർണലിസ്റ്റുകളും രൂപപ്പെട്ടുവന്നു. മൊബൈൽ ക്യാമറകളും പെൻക്യാമറകളും ഡിജിറ്റൽ ക്യാമറകളും മറ്റും വ്യാപിച്ചതോടെ ഓരോ വ്യക്തിയും വാർത്തകൾ ദൃശ്യസഹിതം ശേഖരിക്കാനും ബ്ലോഗിലൂടെ പുറത്തുവിടാനും തുടങ്ങി. അതോടെ മാധ്യമപ്രവർത്തനത്തിന്റെ തന്നെ സമാന്തരവഴികൾ രൂപപ്പെട്ടു. ഇത് പിന്നീട് സിറ്റിസൺ ജേർണലിസം എന്ന നിലയിൽ വളർന്നു (നമ്മുടെ ടെലിവിഷൻ ചാനലുകളിൽ പോലും റിയാലിറ്റി ഷോയായും (സിറ്റിസൺ ജേർണലിസ്റ്റ്-അമൃത ടിവി) 'എന്റെ വാർത്ത' എന്ന നിലയിലും മറ്റും സിറ്റിസൺ ജേർണലിസത്തിന്റെ മാതൃകകൾ ഉണ്ടായിട്ടുണ്ട് എന്നതും ഓർമിക്കുക). 2001 കാലമായപ്പോഴേക്കും തിരിച്ചറിയാതെ പോകുന്ന വാർത്തകളുടെ ശക്തമായ ഉറവിടമായി ബ്ലോഗുകൾ മാറുകയും ബ്ലോഗുവിവരങ്ങൾ സാമ്പ്രദായികമാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കാനും തുടങ്ങി. വേഗം, തത്സമയ പ്രതികരണങ്ങൾ, സമയത്തിന്റെയും കാലത്തിന്റെയും പരിധികൾ വെല്ലുന്ന സാങ്കേതികത, കുറഞ്ഞ ചെലവ് എന്നിവ ബ്ലോഗിങ്ങിനെ ഇന്റർനെറ്റിന്റെ വ്യാകരണമറിയുന്നവർക്കിടയിൽ ജനകീയമാക്കി. വ്യക്തിപരമായ കാഴ്ചപ്പാടുകൾ ബ്ലോഗുകളുടെ ന്യൂനതയാണെങ്കിലും ജനാധിപത്യവ്യവസ്ഥയിൽ അഭിപ്രായപ്രകടനത്തിന് ഉണ്ടാവുന്ന വിലക്കുകളേതും ഇല്ലാതെ അവ തുറന്നു പങ്കുവെക്കാനുള്ള ജനാധിപത്യപരമായ ഒരു സംവാദമണ്ഡലം ബ്ലോഗുകൾ തുറന്നു തന്നു.

## നവമാധ്യമങ്ങളുടെ രാഷ്ട്രീയം

ഇന്നു കാണുന്ന വിധം സൈബർസാമൂഹിക കൂട്ടായ്മയും രാഷ്ട്രീയ ഇടപെടലുകളും ഉണ്ടാക്കുന്ന തരത്തിൽ നവമാധ്യമങ്ങൾ മാറിയത് ബ്ലോഗുകളുടെ വരവോടെയാണെന്ന് സാമാന്യമായി പറയാം. 1980 കളിലാണ് കമ്പ്യൂട്ടർ അനുബന്ധസാങ്കേതികതയോടുകൂടിയ മാധ്യമങ്ങൾ സാങ്കേതികമായി ആരംഭിക്കുന്നത്. ഇവയെ പൊതുവിൽ നവമാധ്യമങ്ങൾ, ഡിജിറ്റൽ മാധ്യമങ്ങൾ എന്നിങ്ങനെ വിളിക്കാം (David Croteau & William Hoynes, 2003, 321). പലതരം മാധ്യമ സാങ്കേതികതയുടെ ഒത്തിണക്കം (Convergence) ആണ് നവമാധ്യമങ്ങളിലൂടെ സാധ്യമായത്. എന്നാൽ ഇന്ന് നാം സവിശേഷമായി വിവക്ഷിക്കുന്ന നവമാധ്യമങ്ങൾ കമ്പ്യൂട്ടർ, മൊബൈൽ അനുബന്ധമാധ്യമരൂപങ്ങളെയാണ്. സംവേദനത്തിന്റെ ഏകാത്മക സ്വഭാവത്തിൽ നിന്നുമാറി കേൾക്കുന്നവനും കാണുന്നവനും തത്സമയം തന്നെ ആശയസംവേദനത്തിന്റെ ഭാഗമായി ഇടപെടാം എന്നതാണ് നവമാധ്യമങ്ങൾ ഉണ്ടാക്കിയ വിപ്ലവം. ഡിജിറ്റൽ

സാങ്കേതികത, മൾട്ടിമീഡിയ സംവിധാനം, ഇന്റർനെറ്റ് ശൃംഖല എന്നിവയുപയോഗിച്ച് കൊണ്ട് വികസിപ്പിച്ചെടുത്ത ആശയവിനിമയത്തിന്റെയും പ്രതിനിധാനത്തിന്റെയും ആവിഷ്കാരത്തിന്റെയും രീതികളെയും സാമൂഹികപ്രയോഗങ്ങളെയും ഉൾക്കൊള്ളുന്നതാണ് നവമാധ്യമങ്ങൾ. കമ്പ്യൂട്ടർ സാങ്കേതികത വഴി മാധ്യമ ഉള്ളടക്കങ്ങളുടെ നിർമാണത്തിന്റെയും പ്രസാധനത്തിന്റെയും വിതരണത്തിന്റെയും ജനാധിപത്യവത്കരണമാണ് നവമാധ്യമങ്ങളിലൂടെ നടപ്പിലാക്കുന്നത്.

സാങ്കേതികവിപ്ലവത്തിനൊപ്പം മാധ്യമസംസ്കാരത്തിന്റെ യഥാർഥ ജനാധിപത്യവത്കരണം നടക്കുന്നതും നവമാധ്യമങ്ങളിലാണെന്ന വാദമുണ്ട്. നവമാധ്യമങ്ങൾക്ക് കുത്തക സ്വഭാവമില്ല, വിപണിയുടെ നീരാളിപ്പിടുത്തങ്ങൾ ഏറെ ഇല്ല, അധികാരത്തിന്റെ ഏകസ്വരതയും ഇല്ല. പകരം പങ്കാളിത്ത ജനാധിപത്യത്തിന്റെയും ഇടപെടലിന്റെയും പുതിയ രാഷ്ട്രീയസാധ്യതകൾ ഉള്ള ഉദാരജനാധിപത്യത്തിന്റെ സമവാക്യങ്ങളെ വഹിക്കുന്നവയാണ് നവമാധ്യമങ്ങൾ. "പരമ്പരാഗത മാധ്യമങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യമാണ് നവമാധ്യമങ്ങൾ നടപ്പാക്കുന്നത്" എന്ന നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ് (James Curran & David Morley, 2006:278).

അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നിലനില്ക്കുന്ന രീതികളെ അട്ടിമറിച്ചുകൊണ്ടാണ് വീക്കിലീക്സിന്റെ വരവുണ്ടായത്. നാളിതുവരെ ഭരണകൂടത്തിനും ഏകാധിപതികൾക്കും സാമ്രാജ്യത്വത്തിനും ചിന്തിക്കാൻ പോലുമാകാത്ത അത്ര കനത്ത ആഘാതമാണ് വിക്കിലീക്സ് എന്ന പേരിൽ പ്രവർത്തിക്കുന്ന ഒരു ചെറുസംഘം പത്രപ്രവർത്തകരും വിവരസാങ്കേതിക വിദഗ്ധരും ചേർന്ന് അധികാരരൂപങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്നത്. "ജനാധിപത്യക്രമത്തിനുചേരാത്ത അരാജകത്വപ്രവണതയാണ് ഇതിൽ മുഴച്ചുനിൽക്കുന്നതെന്ന് പറയാമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ജനാധിപത്യക്രമത്തെ ഉയർന്ന തലത്തിലേക്ക് വളർത്താൻ സഹായകമായ ശ്രദ്ധേയമായ ഇടപെടലാണ് വീക്കിലീക്സ് നടത്തിയിരിക്കുന്നത്" എന്ന കെ. വേണുവിന്റെ നിരീക്ഷണം പ്രസക്തമാണ് (2010:18).

2005-ൽ ടിയാൻമെൻ കൂട്ടക്കൊല വാർഷികത്തെപ്പറ്റി ഒരു ചൈനീസ് ഉദ്യോഗസ്ഥന്റെ ഇ-മെയിൽ ചോർത്തി പ്രസിദ്ധീകരിച്ചതിന് അവിടത്തെ ഒരു പത്രപ്രവർത്തകൻ പത്ത് കൊല്ലം തടവിന് ശിക്ഷിക്കപ്പെടുകയുണ്ടായി. അത്തരം ശിക്ഷാനടപടികൾ ആവർത്തിക്കുന്നത് തടയുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടുകൂടി ഏതാനും ചൈനീസ് വിമതരും അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ ഏതാനും രാജ്യങ്ങളിൽ നിന്നുള്ള പത്രപ്രവർത്തകർ, ഗണിതശാസ്ത്രജ്ഞർ, കമ്പ്യൂട്ടർ വിദഗ്ധർ തുടങ്ങിയവരും ചേർന്ന് രൂപവത്കരിച്ച കൂട്ടായ്മയാണ് വിക്കീലീക്സിന് ജന്മം നല്കിയത്. 2006-ൽ ഇതാരംഭിച്ചു. പേര് വെളിപ്പെടുത്താത്ത വാർത്താ ഉറവിടങ്ങളിൽ നിന്നുള്ള, സാധാരണഗ

തിയിൽ ലഭ്യമല്ലാത്ത രേഖകളും മറ്റും പ്രസിദ്ധീകരിക്കുന്ന ഒരു പുതിയ മാധ്യമം എന്ന നിലയ്ക്കാണ് ഇത് രൂപംകൊണ്ടത്. ആക്ടിവിസത്തിന്റെ ആൾരൂപമായി *ജൂലിയൻ അസാൻജെ* ഇതിന്റെ മുൻനിരയിലേക്കും വന്നു. അമേരിക്കൻ ഭരണകൂടവും വിവിധ രാജ്യങ്ങളും തമ്മിൽ കൈമാറിയിട്ടുള്ള കേബിൾ സന്ദേശങ്ങളിൽ നിന്ന് വെളിവാകുന്നത് സ്വേച്ഛാധിപത്യഭരണകൂടങ്ങൾ മാത്രമല്ല, ജനാധിപത്യ ഭരണകൂടങ്ങളും ജനങ്ങളിൽ നിന്ന് മറച്ചുവെച്ചുകൊണ്ട് അന്യായവും ജനവിരുദ്ധവുമായ കാര്യങ്ങൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ്. ഒരു ഭരണകൂടത്തിനും അവർ ചെയ്യുന്ന ഒരു പ്രവൃത്തിയും മൂടിവെക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഇന്ന് സംജാതമായിരിക്കുന്നു. സാങ്കേതികതയിലെ മുന്നേറ്റം ഇത്രമാത്രം ഭരണകൂടങ്ങളെ സ്വാധീനിച്ച ഘട്ടം ചരിത്രത്തിൽ തന്നെ ഉണ്ടായിട്ടില്ല. എല്ലാത്തരം ഭരണസംവിധാനങ്ങളും സുതാര്യമായിരിക്കണം എന്ന തരത്തിൽ സാങ്കേതികത ഉല്പാദിപ്പിച്ച ഇടപെടലിന്റെ രാഷ്ട്രീയം സജീവമായിക്കഴിഞ്ഞു.

'മുല്ലപ്പൂ വിപ്ലവം' എന്ന് വിശേഷിപ്പിക്കപ്പെട്ട അറബ് വസന്തത്തിന്റെ വ്യാപനത്തിന് പിന്നിലും നവമാധ്യമങ്ങളും യുവജനങ്ങളുമായിരുന്നു. അറേബ്യയിലെ ഏകാധിപത്യത്തിന്റെ അധികാരസ്വരങ്ങൾക്കെതിരെ സാങ്കേതികവിദ്യകൊണ്ട് വിപ്ലവം നയിക്കുകയായിരുന്നു യുവത്വം. ടുണീഷ്യയിലാരംഭിച്ച പരിവർത്തനശ്രമങ്ങൾക്കും ഈജിപ്തിലെയും ലിബിയയിലെയും സിറിയയിലെയും യെമനിലെയും ഗ്രീസിലെയും വാൾസ്ട്രീറ്റിലെയും പ്രക്ഷോഭകർക്കും നാവാകാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു. സുക്കോർട്ടി പാർക്കിൽ ആരംഭിച്ച ഒക്കുപൈ വാൾസ്ട്രീറ്റ് സമരം ലോകത്തിലെ 82 രാജ്യങ്ങളിലേക്കാണ് കാട്ടുതീ പോലെ പടർന്നത്. പ്രണയിക്കാനും കൂട്ടുകൂടാനും അവസരമൊരുക്കിയിരുന്ന ഇന്റർനെറ്റ് മാധ്യമങ്ങളെ സമരായുധമാക്കിയത് യുവത്വത്തിന്റെ ഉയർന്നുവരുന്ന നവരാഷ്ട്രീയബോധ്യങ്ങളുടെ സൂചനകളാണ്. ഈ സമരങ്ങളിൽ ഒന്നും തന്നെ സവിശേഷ നേതൃത്വമോ രാഷ്ട്രീയഇടപെടലുകളോ പ്രത്യയശാസ്ത്രബാധ്യതകളോ ഇല്ല എന്നതും സുപ്രധാനമാണ്. പുതിയ യുവതലമുറയെക്കുറിച്ച് ഉണ്ടാകുന്ന വിമർശം അവർ അരാഷ്ട്രീയവത്കരിക്കപ്പെട്ടവരാണ് എന്നുള്ളതാണ്. എന്നാൽ ഇന്റർനെറ്റ് കൂട്ടായ്മകളായ ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങിയവ യുവാക്കളെ രാഷ്ട്രീയവത്കരിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട് എന്ന തരത്തിൽ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. യുവാക്കൾ തങ്ങളുടെ ഭരണകൂടത്തെയും ഭരണാധികാരികളെയും സംബന്ധിച്ച് സൂക്ഷ്മനിരീക്ഷണങ്ങൾ നടത്തി വിമർശനങ്ങൾ പങ്കുവെക്കുന്ന രീതി അവസരം വരുമ്പോഴൊക്കെ കാട്ടുന്നു എന്ന് പഠനത്തിൽ നിരീക്ഷിക്കുന്നുണ്ട്. മുഖ്യധാരാമാധ്യമങ്ങൾ തഴഞ്ഞതും കാണാതെ പോയതുമായ വാർത്തകളെയും സംഭവങ്ങളെയും ഇത്തരം യുവസാമൂഹികസൈബർ കൂട്ടായ്മകൾ ചർച്ചാവിഷയമാക്കി. പുതിയ കാലത്തിന്റെ രാഷ്ട്രീയബോധമായും രാഷ്ട്രീയപ്രവർത്തനമായും ഇത്തരം ഇടപെടലുകളെ വ്യാഖ്യാനിക്കാം. ഈ മട്ടിൽ ഇടപെട്ട പ്രക്ഷോഭകരെയാണ് 2011-ൽ ടൈം മാഗസിൻ പേർസൺ ഓഫ് ദി ഇയർ ആയി തിര

ഞ്ഞെടുത്തത് എന്നതും ശ്രദ്ധേയമാണ്.* ഇക്കാലത്ത് 'Protest' എന്ന വാക്ക് തന്നെ ചരിത്രത്തിൽ ഉണ്ടാകാത്തത്രയും തവണ ഓൺലൈനിലും പത്രത്താളുകളിലും പ്രത്യക്ഷപ്പെട്ടു. സാങ്കേതികതയാണ് ഇത്തരം പ്രക്ഷോഭങ്ങളുടെ മാർഗദർശിയായതെങ്കിലും ഇതൊരിക്കലും സാങ്കേതികവിപ്ലവമല്ല, സാങ്കേതികതകൊണ്ട് വിപ്ലവത്തെ സജീവമാക്കുകയാണ് ചെയ്തത്. ഇന്റർനെറ്റിനെ ശക്തമായി ഉപയോഗിച്ചു കൊണ്ട് ഭരണകൂടത്തിനെതിരെ വിമർശനാത്മകമായി പ്രതിഷേധിക്കുന്ന ഇടപെടലുകളാണ് നവമാധ്യമങ്ങൾ വഴി നവകൂട്ടായ്മകൾ നടത്തിയത്. ഇത് പുതിയൊരു തരം ആക്ടിവിസത്തെയാണ് പ്രയോഗത്തിൽ കൊണ്ടുവന്നത്. 'ഇന്റർനെറ്റ് മഹാവിപ്ലവങ്ങൾ കൊണ്ടുവരണമെന്നില്ല. എന്നാൽ നമ്മുടെ സമൂഹത്തിൽ ഒരു ശക്തമായ ധാരയായി മാറിയിട്ടുള്ള ഉപരാഷ്ട്രീയത്തെയും (Sub politics) ഉപ ആക്ടിവിസത്തെയും (Sub activism) ഇന്റർനെറ്റ് സഹായിക്കുന്നുണ്ട്'. (ടി.ടി. ശ്രീകുമാർ, 2012:14). നവമാധ്യമങ്ങളിൽ സംഭവിക്കുന്നത് ഉപരാഷ്ട്രീയത്തിന്റെ വിസ്ഫോടനമാണ്. ഉപരാഷ്ട്രീയം ഉണ്ടാവുന്നത് അനേകം വ്യക്തികൾ ചെറിയ ചെറിയ വിമർശനങ്ങളിലൂടെ രാഷ്ട്രീയത്തെ മാറ്റിത്തീർക്കുമ്പോഴാണ്. ഇത്തരം വ്യക്തികൾ നിരത്തിലെ സമരങ്ങളിൽ മുദ്രാവാക്യം വിളിക്കുന്നവരോ ഹർത്താലുകൾ നടത്തുന്നവരോ ആവണമെന്നില്ല. എന്നാൽ അവരുടെ രാഷ്ട്രീയത്തെ നമുക്ക് സാമ്പ്രദായിക അർഥത്തിൽ നവസാമൂഹിക പ്രസ്ഥാനങ്ങളായി കാണാൻ കഴിയില്ല. നവസാമൂഹികതക്ക് ശേഷമുള്ള സാമൂഹികാവസ്ഥയെയാണ് ഉപരാഷ്ട്രീയം പ്രതിനിധാനം ചെയ്യുന്നത്. ഉപരാഷ്ട്രീയത്തിന് പലപ്പോഴും പ്രത്യയശാസ്ത്രകാരന്മാരോ  വിപ്ലവനേതൃത്വമോ ഒന്നും ഉണ്ടാവില്ല. നിരന്തരമായ ഇടപെടലുകളിലൂടെ സമാനവിമർശനങ്ങളുടെ ഒരു ശൃംഖല ഫേയ്സ്ബുക്കിലും ട്വിറ്ററിലും മറ്റും രൂപപ്പെടുകയും ഇത് ശക്തമായ ഒരു രാഷ്ട്രീയ ഇടപെടലിലേക്ക് സ്വാഭാവികമായി നയിക്കുകയുമാണ് ചെയ്യുന്നത് (Ibid :14).

ചർച്ചകൾ പൊതുസ്ഥലങ്ങളിൽ നിന്നുമാറി സൈബർ സ്പേസിൽ മൂർത്തമാകുന്നു. പൊതുസ്ഥലത്തുനിന്ന് രാഷ്ട്രീയം സ്വകാര്യസ്ഥലത്തേക്ക് മാറുന്നു എന്ന് ടി.ടി. ശ്രീകുമാർ നിരീക്ഷിക്കുന്നുണ്ട്. യഥാർഥത്തിൽ ഇതല്ല സംഭവിക്കുന്നത്. സ്വകാര്യ വ്യക്തിക്ക് തന്റെ സ്വാഭിപ്രായം പങ്കുവെക്കാൻ ഇന്റർനെറ്റ് മാധ്യമങ്ങൾ നിർമിച്ചു നല്കുന്ന സൈബർ പൊതുമണ്ഡലം രൂപപ്പെടുകയാണ് ചെയ്യുന്നത്. ആ പൊതുമണ്ഡലം വിവിധങ്ങളായ അഭിപ്രായങ്ങളുടെയും വാദങ്ങളുടെയും വിമർശനങ്ങളുടെയും ഭൂമികയായി തീരുന്നു.

* The Protester is Time's 2011 person of the year. 'Protesters were prime makers of history' (Time, 2011, dec. 26, Jan.2)

പുതിയതരം രാഷ്ട്രീയാവബോധം നേടിയ പൗരസമൂഹം ഇവിടെ രൂപപ്പെടുകയും അവർ സ്വന്തമായ നിലയിൽ രാഷ്ട്രീയ ഇടപെടലുകൾ നടത്തുകയും സാമൂഹികാവകാശങ്ങൾക്കും ജനാധിപത്യത്തിനും വേണ്ടി ഭരണകൂട

ങ്ങൾക്കെതിരെ വാദിക്കുകയും ചെയ്യുന്നു.

### നവമാധ്യമ ജനാധിപത്യത്തിന് മറുവാദം

നവമാധ്യമങ്ങളിലൂടെ പ്രചരിച്ച പ്രക്ഷോഭങ്ങൾക്ക് നിരവധി മറുവാദങ്ങളും ഉണ്ടായിട്ടുണ്ട്. വ്യക്തിപരമായ സമരങ്ങൾ, ജനാവലിയുടെ രാഷ്ട്രീയം, സാങ്കേതികവിപ്ലവം എന്നീ നിലകളിൽ ഈ സമരങ്ങളെ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അലിയ അല്ലന എന്ന പത്രപ്രവർത്തക തന്റെ നിരീക്ഷണം അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. "അറബ് വസന്തം എന്നൊന്ന് ഇല്ല, ഇവിടെ അധികാരത്തിൽ മൗലികമായ യാതൊരുവിധ മാറ്റങ്ങളുമുണ്ടായിട്ടില്ല. ജനങ്ങളുടെ ശക്തിക്ക് പഴയ സംവിധാനത്തെ മറികടക്കാനും കഴിഞ്ഞില്ല. പലയിടത്തും പുതിയ നേതൃത്വം ഒന്നും തന്നെ രൂപപ്പെട്ടിട്ടുമില്ല" (The Hindu, 2012 July, 24).

ഫെയ്സ് ബുക്ക് ഇല്ലാത്ത ലോകം ഉടൻ ഉണ്ടാകുമെന്നാണ് എറിക് ജാക്സൺ പറയുന്നത്. അദ്ദേഹം ഫെയ്സ്ബുക്കിന് പ്രവചിക്കുന്ന ആയുസ്സ് എട്ട് വർഷമാണ്. ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ ഇത്തരം മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന ശക്തമായ വാദങ്ങൾ ഒരറ്റത്തുണ്ട്. നിക്ഷേപകർക്കും പരസ്യവിപണിക്കും വിശ്വാസമില്ലാത്ത മാധ്യമമായി ഫേയ്സ് ബുക്ക് മാറിയതും ഈ മാധ്യമത്തിന് ഇന്നു വെല്ലുവിളി ഉയർത്തുന്നു. ഒപ്പം സ്വതന്ത്രമായ ആശയവിനിമയത്തിന് ആരംഭിച്ച മാധ്യമം, വിപണിക്ക് വഴങ്ങി ശൈഥില്യത്തിന്റെ വക്കിലെത്തിയിരിക്കയാണെന്ന നിരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട് (അരവിന്ദ് ഗോപിനാഥ്, 2012, ജൂൺ 22). കേവല സൗഹൃദ കൂട്ടായ്മക്കുള്ളതും സംഭാഷണങ്ങൾക്കുള്ളതുമായ മണ്ഡലമായി മാത്രമേ കേരളീയ പരിസരത്തിൽ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ മാറിയിട്ടുള്ളു. അതിലപ്പുറം വലിയ തോതിൽ പൊതുജനാഭിപ്രായ രൂപീകരണത്തിനുള്ള മാധ്യമമായി വളർന്നിട്ടില്ല.

ഭരണകൂടം നേരിട്ട് ഇടപെട്ട് നവസാമൂഹ്യമാധ്യമങ്ങളിലെ ഉള്ളടക്ക നിയന്ത്രണം നടത്താനും മാരണതന്ത്രങ്ങൾ പ്രയോഗിക്കാനും തുടങ്ങിയത് നവമാധ്യമങ്ങളുടെ ജനാധിപത്യപരതയെ തന്നെ വെല്ലുവിളിക്കുന്നതാണ്. ഇത് സ്വതന്ത്രാഭിപ്രായപ്രകടനത്തെ നിയന്ത്രിക്കുന്നതിനും സംവാദ മണ്ഡലത്തെ ബലഹീനമാക്കുന്നതിനും പങ്കാളിത്ത ജനാധിപത്യത്തെ അപ്രസക്തമാക്കുന്നതിനും ഉള്ള ഭരണകൂടതന്ത്രമാണ്. മറ്റ് മാധ്യമങ്ങളേക്കാൾ പങ്കാളിത്ത ജനാധിപത്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഇന്റർനെറ്റ് മാധ്യമങ്ങളുടെ നിയന്ത്രണത്തിന് ഉത്തരവിട്ട കപിൽ സിബലിനെ 'Sibal is an idiot', 'Sibal is an idiot with power' എന്നിങ്ങനെയാണ് നവസാമൂഹിക മാധ്യമകൂട്ടായ്മ നവമാധ്യമങ്ങളിലൂടെ തന്നെ വിശേഷിപ്പിച്ചത്. ഇന്ത്യൻ ഭരണകൂടം 2011 ജനുവരിക്കും ജൂണിനുമിടയിൽ 68 ഉള്ളടക്കങ്ങൾ എടുത്തുകളയാൻ നിർദേശം നല്കി. പിന്നീട് 358 എതിർ അഭിപ്രായങ്ങളെ മാറ്റാൻ ആവശ്യപ്പെട്ടു. ഇതിൽ

255 ഉം ഭരണകൂട വിമർശനമായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഭരണഘടന വാഗ്ദാനംചെയ്യുന്ന ആർട്ടിക്കിൾ 19 അനുശാസിക്കുന്ന Freedom of Speech and Expression എന്ന മൗലികാവകാശ ലംഘനമായി തന്നെ ഇത്തരം നിയന്ത്രണങ്ങളെ സോഷ്യൽ സൈറ്റുകളിൽ വിമർശിക്കപ്പെട്ടു.

വിമർശനങ്ങൾ ഉന്നയിക്കാമെങ്കിലും നവമാധ്യമങ്ങൾ കഴിഞ്ഞ കുറച്ചു കാലങ്ങളായി രൂപപ്പെടുത്തി വരുന്ന നിരന്തര ഇടപെടലുകളിലൂടെ യുള്ള ഉപരാഷ്ട്രീയവും സമാന്തര സംവാദമണ്ഡലവും വാസ്തവത്തിൽ പാടേ നിഷേധിക്കാവുന്ന ഒന്നല്ല. വ്യക്തിയുടെ ചിന്തയുടെ തന്നെ തുടർച്ചയായി സൈബർ മണ്ഡലത്തിൽ കുറിക്കപ്പെട്ട അക്ഷരങ്ങളിലൂടെ യാണ് പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടത്. ഇതിന് മാധ്യമമായതാകട്ടെ സാങ്കേതികത ഉത്പാദിപ്പിച്ച നവമാധ്യമങ്ങളും. മാധ്യമം തന്നെ സന്ദേശ മാകുന്ന നിലയിൽ ഇത് എത്തിനില്ക്കുന്നു. ഈ ഘട്ടത്തിലാണ് മാധ്യമ മാരണ നടപടികളുമായി ഭരണകൂടം ഇടപെടുന്നത്. ഭരണകൂടത്തിന്റെ ഇത്തരം ഇടപെടലുകൾ സ്പഷ്ടമാക്കുന്നത് നവമാധ്യമങ്ങൾ നിശ്ചയമായും എന്തൊക്കെയോ തരത്തിലുള്ള അലോസരങ്ങൾ തങ്ങൾക്ക് ഉണ്ടാക്കുന്നുണ്ട് എന്നതാണ്. ജനാധിപത്യാവസ്ഥയ്ക്കകത്തും വൈരുധ്യങ്ങൾ ഉണ്ടെന്നും സമ്പൂർണജനാധിപത്യം എന്നത് ഒരു സങ്കല്പനം മാത്രമാണെന്നും ജനാധിപത്യ ഭരണകൂടങ്ങളുടെ ഇത്തരം നടപടികൾ ഓർമിപ്പിക്കുന്നു. ഹൊവാർഡ് റെയ്ൻഗോൾഡ് പറയുന്നത് ശ്രദ്ധിക്കുക: "The Significance of the computer-mediated communication that was emerging in online communities lay in its capacity to challenge the existing political hierarchy's monopoly on powerful communication media, and perhaps thus revitalize citizen based democracy." പൗരകേന്ദ്രിത ജനാധിപത്യത്തെ പുനർശാക്തീ കരിക്കത്തക്ക സാമൂഹ്യപിൻബലം നവമാധ്യമങ്ങൾക്ക് കിട്ടിയേക്കാം എന്ന ഭരണകൂടഭീതിയും ഇന്ന് സജീവമാണ്.

## ലേഖന-ഗ്രന്ഥസൂചി

1. അരവിന്ദ് ഗോപിനാഥ്, 2012, *ഫെയ്സ്ബുക്കിന് ഇനി എത്രനാൾ?*, സമകാലികമലയാളം, ജൂൺ 22.
2. ആദർശ് വി.കെ., 2007, *ബ്ലോഗിങ്:മാധ്യമലോകത്തെ വിപ്ലവവഴികൾ*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഒക്ടോബർ 7.
3. ബിമനിത്, 2011, *പൊളിറ്റിക്സ് 2.0: അറബ് രാജ്യങ്ങളിൽ സംഭവിച്ചത്*, മാതൃഭൂമി ദിനപത്രം, മാർച്ച് 10.
4. വേണു കെ., 2010, *വിവരസാങ്കേതികവിദ്യയും ജനാധിപത്യവും*, മാതൃഭൂമി ദിനപത്രം, ഡിസംബർ 18.
5. ശ്രീകുമാർ ടി.ടി., 2012, *മാർക്സിസത്തിന്റെ പ്രതിസന്ധികൾ*, മാതൃഭൂമി വാർഷികപതിപ്പ്

6. ഷാജി ജേക്കബ്, 2012, *വിപരീതങ്ങൾ*, പരിധി, തിരുവനന്തപുരം
7. Allana Alia, 2012, *Arab Spring? The Season has turned*, The Hindu, July 24.
8. Croteau, David & William Hoynes (Eds.), 2003, *Media Society*, Pine Forge Press, London.
9. Curran James & David Morley (Eds.), 2006, *Media & Cultural Theory*, Routledge, London.
10. Marris Paul & Sue Thornham (Eds.), 2005, *Media Studies*, Edinburgh University Press, Edinburgh.
11. Time Magazine, Dec.26, 2011- Jan-2, 2012.

# 29. നവമാധ്യമങ്ങളും ലിപ്യന്തര മലയാളവും

പ്രിയദർശിനി എം.എസ്.

സൈബർ മലയാളം, നവമാധ്യമങ്ങളിലെ മലയാളഭാഷ തുടങ്ങിയവയെപറ്റി ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. എസ്.എം.എസ്.സന്ദേശങ്ങൾ പ്രതിഭാഷയായി പഠിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ റോമൻ ലിപി ഉപയോഗിച്ച് എഴുതുന്ന മലയാളസന്ദേശങ്ങൾ, അവയുടെ ഭാഷാസവിശേഷതകൾ എന്നിവ പഠനവിധേയമാക്കിയിട്ടില്ല. ഭാഷയുടെ മൂല്യം കെടുത്തിക്കളയുന്ന അശുദ്ധഭാഷയായും മലയാളിയുടെ സാങ്കേതികഭാഷാ നിർമിതിയിലെ പോരായ്മയായും പലരും വിമർശന വിധേയമാക്കിയിട്ടുണ്ടുതാനും.

ഇംഗ്ലീഷ് ലിപിയിലൂടെ കൈമാറ്റം ചെയ്യുന്ന മലയാള സന്ദേശം എന്നത് ഇന്ന്, നിലവിലിരിക്കുന്ന ഒരു ഭാഷാ യാഥാർഥ്യമാണ്. (യാഥാർഥ്യത്തിന്റെ നിൽപ്പ് ഭാഷയുടെ മാധ്യസ്ഥ്യത്തിലാണ് എന്നതും ശ്രദ്ധേയം) അതുകൊണ്ടു തന്നെ അതിന്റെ സവിശേഷതകൾ പഠിക്കപ്പെടേണ്ടതുമാണ്. ഇത്തരം ഒരു ഭാഷാരീതി ഉപയോഗിക്കുന്നതിലൂടെ ഭാഷണത്തിനും ഭാഷയ്ക്കും സംഭവിക്കുന്ന പരിവർത്തനങ്ങൾ എന്തൊക്കെ എന്ന് വിവരണാത്മകരീതിയിൽ പരിശോധിക്കാനാണ് പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

## ലിപ്യന്തര മലയാളവും നവമാധ്യമങ്ങളും

മലയാളം സന്ദേശം ഇംഗ്ലീഷ് ലിപി ഉപയോഗിച്ചെഴുതുന്ന ശീലം വിലാസമെഴുതുന്നകാര്യത്തിൽ മലയാളി വളരെക്കാലമായി ഉപയോഗിക്കുന്നു. തനി നാടൻ മലയാളത്തിലുള്ള സ്ഥലപ്പേരും വീട്ടുപേരും സ്വന്തം പേരും കേരളത്തിനുള്ളിൽ നടത്തുന്ന കത്തിടപാടുകളിൽ പോലും ഇംഗ്ലീഷിൽ തന്നെ എഴുതുകയാണ് പതിവ്. ഇംഗ്ലീഷ് ലിപി ഉപയോഗിച്ച് (മലയാളം ആശയങ്ങൾ) ഡയറിഎഴുതുന്ന പലരുമുണ്ട്. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനുള്ള സംവിധാനമായിരുന്നു ഒരുകാലത്തത്. ഇന്നത്തെ തലമുറ അത്തരം ഡയറികൾ മലയാളം വായിക്കുന്നതുപോലെ വായിച്ചുപോ

കുമെന്നതാണ് രസകരമായകാര്യം. അത്തരമൊരുമാറ്റം മലയാളിക്കു കൈവന്നിരിക്കുന്നു. അത് സാധ്യമാക്കിയതാകട്ടെ നവമാധ്യമങ്ങളും. 'പനസി ദശായാം പാശി' (ചക്കി പത്തായത്തിൽ കയറി) പോലുള്ള രഹസ്യഭാഷാപ്രയോഗങ്ങൾ ഉണ്ടായിരുന്നെങ്കിലും നിത്യോപയോഗ ഭാഷാരൂപം[1] എന്ന നിലയിലേക്കുള്ള മലയാള ഭാഷയുടെ ലിപ്യന്തരപ്രവേശനത്തിന് കാരണം നവമാധ്യമങ്ങളാണ്.

## മാധ്യമം തന്നെയാണ് സന്ദേശം[2]

മലയാളം വെബ് മാസികകൾ, മലയാളം വിക്കീപീഡിയ, ബ്ലോഗുകൾ, മലയാളം ഇ-മെയിൽ സംവിധാനമൊരുക്കുന്ന വെബ്ലോകം പോലുള്ള സൈറ്റുകൾ എന്നിവയിലൂടെ കമ്പ്യൂട്ടർ ലോകത്തേക്ക് മലയാളം എത്തിയിട്ടുണ്ട്. യൂണിക്കോഡ് സോഫ്റ്റ്വെയറുകളുടെ വരവാണ് സൈബർ ലോകത്തിലെ മലയാള ഭാഷാവ്യാപനത്തിന് കാരണമായത്. അതിനുമുമ്പുവരെ ഇംഗ്ലീഷ് ഭാഷയിലാണ് നമ്മുടെ കമ്പ്യൂട്ടർ വ്യവഹാരങ്ങൾ നടന്നിരുന്നത്. യൂണിക്കോഡ് അടക്കമുള്ള സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചു കൊണ്ടുള്ള മലയാളം കമ്പ്യൂട്ടിങ് എളുപ്പമായിരുന്നിട്ടും ഇംഗ്ലീഷ് ലിപി ഉപയോഗിച്ച് മലയാളസന്ദേശങ്ങൾ കൈമാറുന്ന രീതി ഇന്നും സാധാരണയാണ്. ഇത്തരത്തിലുള്ള ഭാഷാഭേദംഉപയോഗിക്കപ്പെടുന്നത് സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകൾ, ചാറ്റ്റൂമുകൾ, മൊബൈൽ എസ്.എം.എസുകൾ, യൂ ട്യൂബ് പോലുള്ള വെബ്സൈറ്റുകളിലെ കമന്റുകൾ എന്നിവയിലൊക്കെയാണ്.

പത്രമാധ്യമങ്ങളിലോ ടെലിവിഷനിലോ ഇന്റർനെറ്റിലെ തന്നെ വിക്കീപീഡിയ പോലുള്ള വിജ്ഞാനദായക വെബ്സൈറ്റുകളിലോ ഇത്തരം ഒരുഭാഷാരീതി കാണാനാവില്ല. അവയിൽ ഒന്നുകിൽ ഇംഗ്ലീഷോ അല്ലെങ്കിൽ മലയാളമോ ആണ് കാണാനാവുക. ചുരുക്കത്തിൽ ചിലമാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയത്തിനായി മാത്രം മലയാളി ഉപയോഗിക്കുന്ന ഒരു എഴുത്തുവാമൊഴിഎന്നിതിനെ പറയാം. അത്തരം മാധ്യമങ്ങളിലൂടെ ആശയവിനിമയം ചെയ്യുന്നവരുടെ ഒരു ഭാഷാഭേദം.

"കേളികേട്ട കമ്പ്യൂട്ടർ കമ്പനികളായ യാഹൂ, ഗൂഗിൾ തുടങ്ങിയവയ്ക്ക് 'സംസാരസംഘങ്ങൾ' (ചാറ്റ് ഗ്രൂപ്പ്) ഉണ്ട്. അവരുടെ സൈറ്റിൽ ചെന്നു ചേർന്ന് (ലോഗിൻ) വെറുതെ വർത്തമാനം 'പറയാം'. ചെലവൊന്നുമില്ല. ഇത്തരം സംസാരസംഘങ്ങൾക്കിടയിൽ മലയാളസാഹിത്യം ചർച്ചാ പ്രമേയമാക്കുന്ന കൂട്ടങ്ങളുണ്ട്.

1. നിത്യജീവിതാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന അർഥത്തിലല്ല, നിത്യവും ഉപയോഗിക്കുന്നു എന്ന അർഥത്തിലാണ് ഇങ്ങനെ വിശേഷിപ്പിച്ചത്.
2. മാർഷൽ മക്ലൂഹന്റെ പ്രസ്താവന - The Medium is the Message

മലയാളം ലവേഴ്സ്, മലയാളം റൈറ്റേഴ്സ്, മലയാളകവിത എന്നൊക്കെ ഈ കൂട്ടായ്മകൾക്ക് പേര്. ഈ മലയാള വർത്തമാനം ഇംഗ്ലീഷ് ഭാഷയിലോ റോമൻ ലിപിയിലോ ആണ് നടക്കാറ് (എം.എൻ. കാരശ്ശേരി: 2006:74). ഇത് ഉപയോഗിക്കുന്നവർ

തന്നെ ഇതരസന്ദർഭങ്ങളിൽ ആ സന്ദർഭങ്ങൾക്ക് അനുയോജ്യമായ ഭാഷയാണ് തിരഞ്ഞെടുക്കുന്നത്. വീട്ടിൽ പറയുന്ന ഭാഷാരീതി പൊതുവേദിയിൽ പ്രസംഗിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ല എന്നതുപോലെ തന്നെയുള്ള ഭാഷയെ സംബന്ധിച്ച സഹജാവബോധം ഇതുപയോഗിക്കുന്നവരിലുമുണ്ട്. ഭാഷ ഉപയോഗിക്കാനുള്ള ശേഷി ജന്മസിദ്ധമാണെന്നു[3] പറയുന്നത് പോലൊരു കാര്യമാണിത്. അതുകൊണ്ടു തന്നെ മലയാളം എന്ന ഭാഷ ഇംഗ്ലീഷ് അക്ഷരമാല ഉപയോഗിച്ച് എഴുതുവാൻ ഇതുമൂലം കാരണമാകും എന്ന ഭയം അസ്ഥാനത്താണ്[4]. ചുരുക്കത്തിൽ ഇത്തരം മാധ്യമങ്ങൾ എന്ന സന്ദർഭമാണ് ഇത്തരമൊരു ഭാഷാരീതി സാധ്യമാക്കുന്നത്. അവിടെ മാത്രമേ മലയാളി അത്തരമൊരു എഴുത്തുരീതി പ്രതീക്ഷിക്കുന്നുമുള്ളൂ.

ആശയവിനിമയം, വൈകാരികത പങ്കുവയ്ക്കൽ എന്നിങ്ങനെയുള്ള ഭാഷയുടെ ധർമങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൈവരുന്ന മാധ്യമങ്ങളിലാണ് ഇത്തരമൊരു ഭാഷാരീതി കടന്നുവരുന്നതെന്നു കാണാം. ഭാഷാസ്വഭാവം നോക്കിയാൽ തന്നെ മാധ്യമങ്ങളുടെ സ്വഭാവത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ ലഭ്യമാണ്. വിനോദത്തിനോ, വൈകാരിക പങ്കുവയ്ക്കലുകൾക്കോ സാധ്യതയുള്ള, സംസാരത്തിന് സാധ്യതയുള്ളിടത്താണ് ഇവയുടെ നിലനിൽപ്പ്. അതായത് ഭാഷയുടെ വാമൊഴി സ്വഭാവത്തിന് പ്രാധാന്യമുള്ളിടത്ത്.

## വേഷം മാറി എത്തുന്ന സന്ദേശങ്ങളും മലയാളത്തിന്റെ ഘടനയും

എഴുതുന്നയാളും വായിക്കുന്നയാളും റോമൻ ലിപിയുടെ മാധ്യസ്ഥ്യം ഉപയോഗിക്കുന്നുണ്ടെങ്കിലും എഴുതുന്നതും വായിക്കുന്നതും മലയാള സന്ദേശമാണ്. ഉച്ചാരണം, ഈണം, ഊന്നലുകൾ, അർഥോത്പാദനം എല്ലാം നടക്കുന്നത് മലയാളത്തിൽ. ഭാഷയിലെ സുബദ്ധവും അബദ്ധവുമായ വാക്യങ്ങളെ തിരിച്ചറിയാൻ കഴിയും എന്നതുപോലെ തന്നെ വേഷം മാറിയെത്തുന്ന മലയാള സന്ദേശങ്ങളെ തിരിച്ചറിയാനും ഭാഷാശേഷി ഒരാളെ സഹായിക്കുന്നുണ്ട്.

3. ഭാഷ സ്വായത്തമാക്കുന്നതിനു സഹായിക്കുന്ന ഏതോ ഒരു ഘടകം മനുഷ്യ മനസ്സിനുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ ഘടകമാണ് അഥവാ മനുഷ്യമനസ്സിന്റെ ഏതോ സ്വഭാവങ്ങളാണ് ഭാഷ പഠിക്കുന്നതെങ്ങനെയാണെന്ന് നിശ്ചയിക്കുന്നത്-നോം ചോംസ്കി (ആനന്ദൻ കെ.എം:2003:161)

4. ഡേവിഡ് ക്രിസ്റ്റലിന്റെ പഠനവും അത് തെളിയിക്കുന്നു. പുസ്തകം Txtng The Gr8 Db8. പരീക്ഷാ കടലാസുകൾ പരിശോധിച്ചാണ് അദ്ദേഹം ഇത് തെളിയിച്ചത്. വാമൊഴിയുടെ സകലസവിശേഷതകളും ഇവിടെ എഴുത്തിൽ പ്രത്യക്ഷപ്പെടുന്നു. ഭാഷാഭേദങ്ങൾ, ഉച്ചാരണത്തിലെ സവിശേഷതകൾ, ഇംഗ്ലീഷ് പദങ്ങളുടെ കലർപ്പ്, സംസാരത്തിന്റെ ചടുലത ഇവയൊക്കെ എഴുത്തിൽ കടന്നുവരുന്നതുകാണാം.

ഇത്തരം സന്ദേശങ്ങൾ പ്രത്യക്ഷപ്പെടുന്ന മാധ്യമങ്ങളെക്കുറിച്ചുള്ള തിരിച്ച റിവും അതിലൊരു പങ്കുവഹിക്കുന്നുണ്ട്. അതുകൊണ്ടാണ് യൂ ട്യൂബിലെ ഇംഗ്ലീഷ് ലിപിയുപയോഗിച്ചെഴുതുന്ന വിവിധ ഭാഷകളിലെ നിരവധി കമന്റു കളിൽനിന്ന് മലയാള സന്ദേശം തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നത്. ഇംഗ്ലീഷ് അക്ഷരമുപയോഗിച്ചെഴുതിയ മലയാള സന്ദേശങ്ങളും ഇംഗ്ലീഷ് സന്ദേശങ്ങളും ഒരേപോലെ കലർന്നുവരുന്ന ഭാഷാപ്രയോഗങ്ങൾ ഇവിടെ കാണാം.

ഉദാ .Sugamano? CU again.

ഇവിടെ രണ്ടു തരത്തിലുള്ള എഴുത്തും വായനയും ഒരാൾ നടത്തേണ്ടിവ രുന്നു. ഇംഗ്ലീഷ്, മലയാളം എന്നിങ്ങനെ രണ്ടു ഭാഷകളുടെ ഉച്ചാരണം, ഭാഷാസ്വഭാവം എന്നിവയെക്കുറിച്ചുള്ള അറിവ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## എഴുതപ്പെടുന്ന പറച്ചിലുകൾ

സാങ്കേതികതയുടെ വരമൊഴിയാണ് നവമാധ്യമങ്ങളിലെ ഈ പുതിയ ഭാഷാരീതിയെങ്കിലും അതിന്റെ ഘടന മുഴുവൻ വാമൊഴിയുടേതാ ണ്.കമന്റ് ിങ്,ചാറ്റിങ്എന്നിങ്ങനെയുള്ള പേരുകൾ തന്നെ ഇ ൗ പറച്ചിൽ സ്വഭാവം വെളിവാക്കുന്നു.എഴുത്തിലൂടെയുള്ള ഈ പറച്ചിൽ ആശയ വിനി മയത്തെ സംബന്ധിക്കുന്ന എഴുത്ത്–വായന, പറച്ചിൽ– കേൾവി എന്നിങ്ങനെ യുള്ള സാമ്പ്രദായിക ദ്വന്ദ്വങ്ങളെ പ്രശ്നവത്കരിക്കുന്നു.

**1. ഭാഷാഭേദം**: തൃശൂർ മലയാളവും തിരുവനന്തപുരം മലയാളവും കോഴി ക്കോടൻ മലയാളവുമൊക്കെ ആഗോളഭാഷയുടെ ലിപിയിൽ അവതരിക്കുന്നു. ആഗോളം/പ്രാദേശികം എന്ന വൈരുധ്യത്തെ ഭാഷയുടെ ഈ ഇരട്ടവ്യക്തിത്വം കളിയാക്കുന്നു. റോമൻ ലിപിയിൽ പ്രത്യക്ഷപ്പെടുന്ന മലയാള ഭാഷാഭേദങ്ങൾ രണ്ടു തരം സ്വഭാവം കാണിക്കാറുണ്ട്. ഒന്ന്, തനതായ ആശയവിനിമയശൈലി എന്ന സ്വഭാവം. ഒരു വ്യക്തി അയാൾ ഉപയോഗിക്കുന്ന സംസാരശൈലി അതേ തരത്തിൽ എഴുത്തുവാമൊഴിയിലും ഉപയോഗിക്കുമ്പോഴാണിത്.

ഉദാ: Enthiru Viseshangal? (എന്തിര് വിശേഷങ്ങൾ)

രണ്ട്, പുതിയ സിനിമകൾ ഭാഷാഭേദം ഉപയോഗിക്കുന്നതുപോലെ തമാശ യുണ്ടാക്കുവാനായി.

ഉദാ: AnakkuSugam thanne alle saithaane?
Ejj ippo baliya alayipoya?
Njammakit oru Sandhesam ayakkanekond kayillandaya hamukke?
aa…enthayalum ingaloru karyam ortholee Njammalu Mayyath Aayitilla, pidik saithane oru msg.

എഴുത്തുവാമൊഴിയിലെ മറ്റൊരു പ്രധാന സവിശേഷതയാണ് ഉച്ചാരണത്തോടുള്ള അതിന്റെ അടുപ്പം.

**2. ഉച്ചാരണ സവിശേഷത എഴുത്തുവാമൊഴിയിൽ:** മലയാളിയുടെ അക്ഷര ബോധം എപ്പോഴും ഉച്ചാരണവുമായി ബന്ധപ്പെട്ടതല്ല. "ബഹുഭൂരിപക്ഷം മലയാളികളും അതിഖരങ്ങളേയും (ഖ ഛ ഠ ഥ ഫ) ഘോഷങ്ങളേയും (ഘ ഝ ഢ ധ ഭ) വേർതിരിക്കുന്നത് എഴുത്തിൽ മാത്രമാണ്. ഉച്ചാരണത്തിലല്ല. ഭാഷാപരിശുദ്ധി വാദികളായ സാമ്പ്രദായിക പണ്ഡിതൻമാർ ഇതു സമ്മതിച്ചുതരില്ലെങ്കിലും വസ്തുസ്ഥിതി ഇപ്പറഞ്ഞതു തന്നെയാണ് (പ്രബോധചന്ദ്രൻ.വി.ആർ: 1999:55) ഒരു പക്ഷേ തികച്ചും ഔപചാരിക സംഭാഷണങ്ങളിൽ (ഗായകൻ, അധ്യാപകൻ, പ്രഭാഷകൻ) ഇവ കൃത്യമായി ഉച്ചരിച്ചാൽ തന്നെയും അനൗപചാരിക വേളകളിൽ അതുണ്ടാവാറില്ല. ഉച്ചാരണത്തിലെ ഈ സ്വഭാവം ഒരേ അക്ഷരത്തിന് ഒന്നിലധികം സ്വനമൂല്യം കൈവരുന്നതിനു കാരണമാകുന്നു.

ഉദാ: കുതിര പോകുന്നു.ഇവിടെ 'ക' എന്ന അക്ഷരത്തിന് ഒരേ വാക്യത്തിൽതന്നെ രണ്ട് സ്വനമൂല്യങ്ങൾ ഉണ്ട്. എന്നാൽ എഴുത്തിന്റെ നിയമം സ്വനമൂല്യത്തിന് അനുയോജ്യമായി 'കുതിര പോഗുന്നു' എന്നെഴുതാൻ അനുവദിക്കുന്നില്ല. നവമാധ്യമങ്ങളിലെ ലിപ്യന്തര മലയാളത്തിൽ ഇത്തരമൊരു സ്വാതന്ത്ര്യം ഭാഷ ഉപയോഗിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നു.

ഉദാ: സുഖമാണോ? എന്ന് മലയാളി ഉച്ചരിക്കുന്നത് 'സുഗമാണോ' എന്നാണ്. അതുകൊണ്ടുതന്നെ 'sukhamano'? എന്നതിനു പകരം 'sugamano'? എന്നായിരിക്കും എഴുത്തുവാമൊഴിയിൽ പ്രത്യക്ഷപ്പെടുക. എന്നാൽ ഇന്നതരത്തിലേ ഉപയോഗിക്കാവൂ എന്നൊരു നിയമം അവിടെയില്ല. മറ്റൊരു വ്യക്തി sukamano?എന്ന് എഴുതിചോദിക്കാം. പേടിക്കുക എന്നതിന് 'petikuka'എന്നല്ല 'pedikuka'എന്ന് ഉപയോഗിക്കുന്നു.

മറ്റൊരുദാഹരണമാണ്അംഗീകാരം. മലയാളി അതുച്ചരിക്കുക അംഗീകാരംഎന്നാണ്. അതുകൊണ്ട് തന്നെ 'Angeekaram'എന്നായിരിക്കും പൊതുവേ ഇത്തരം മാധ്യമങ്ങളിലുപയോഗിക്കുക. ഭാഷയെപ്പറ്റിയും അതിന്റെ വ്യാകരണം, ഉച്ചാരണം എന്നിവയെപ്പറ്റിയുമുള്ള ധാരണകൾ മറ്റൊരു ഭാഷയുടെ ലിപിയുപയോഗിക്കുമ്പോൾ അടിമുടി മാറുന്നതുകാണാം.

ഉദാ: ചന്ദനം. നന്ദി എന്നിവ യഥാക്രമം ചന്നനം,നന്നിഎന്നിങ്ങനെയായിരിക്കും ഉച്ചരിക്കപ്പെടുക. എന്നാൽ നവമാധ്യമങ്ങളിലെ ലിപ്യന്തരണംചെയ്ത എഴുത്തിൽ ഇത് Chandanam, nandi എന്നിങ്ങനെ തന്നെ എഴുതപ്പെടുന്നതും കാണാം.

~~എസ്.എം.എസ്. അടക്കമുള്ള ഇത്തരം സന്ദേശങ്ങൾ/ആശയവിനി~~മയങ്ങൾ പലപ്പോഴും ഒറ്റ വായനയിൽ ചില സങ്കീർണതകളുണ്ടാക്കും. അതിനുകാരണം മറ്റൊരു ഭാഷയുടെ ലിപി വ്യവസ്ഥ ഉപയോഗിക്കുന്നതിലെ അസൗകര്യം തന്നെയാണ്. ന, ണ എന്നിവയ്ക്ക് 'n'എന്ന ഒരൊറ്റ അക്ഷരമാണ് ഉപ

യോഗിക്കുന്നത് അതുപോലെ ര, റ എന്നിവയ്ക്ക് 'r' ഉം ല, ള എന്നിവയ്ക്ക് 'l' ഉം ശ,സ എന്നിവയ്ക്ക് 's' ഉം ആണുള്ളത്.

ഉദാ: Tharam - തരാം, താരം, തരം
Kalam - കാലം, കളം, കലം
ne para - നീ പാര, നീ പറ, നീ പാറ
kananam - കാനനം, കാണണം

ഇവ മാത്രമല്ല സ്വരാക്ഷരങ്ങളുടെ ഉപയോഗത്തിലുള്ള അവ്യവസ്ഥ (ഹ്രസ്വത്തിനും ദീർഘത്തിനും ഒരേപോലെ ഹ്രസ്വം ഉപയോഗിക്കുന്നത്) 'i'-ഇ, ഐ, 'e'-എ, ഇ, 'a'-എ, അ, 'o'- ഉ,ഒ എന്നിങ്ങനെ ഒന്നിലധികം ഉച്ചാരണസാധ്യതയുള്ള അക്ഷരങ്ങളുടെ ഉപയോഗവും അതിന് പ്രത്യേക നിയമങ്ങളില്ലാത്ത അവസ്ഥയുമൊക്കെ പലപ്പോഴും സന്ദേശത്തിന്റെ രണ്ടു പ്രാവശ്യത്തെ വായനയ്ക്ക് കാരണമാകാറുണ്ട്. സന്ദർഭവും വിനിമയം ചെയ്യ പ്പെടുന്ന വിവരങ്ങളോടുള്ള അടുപ്പവുമാണ് ഇവിടെ ആശയവിനിമയത്തിന് സഹായിക്കുന്നത്.

**3. ഇംഗ്ലീഷ് പദങ്ങളുടെ കലർപ്പ്:** സമകാലികാവസ്ഥയിൽ മലയാളിയുടെ സംസാരഭാഷയിൽ ഇംഗ്ലീഷ് പദങ്ങളുടെ ആധിക്യം കാണാം.

ഉദാ: അത് ഫിക്സ് ചെയ്തു, വല്ലാത്തൊരു കോ-ഇൻസിഡൻഡ് ആയിരുന്നു, ഇതെന്റെ ഇന്റിമേറ്റ് ഫ്രണ്ടാണ് എന്നിങ്ങനെയാണ് പുതിയ സ്വാഭാവിക സംസാരം. എന്നാൽ ഇത്തരം വാചകങ്ങൾ അത് ഉറപ്പിച്ചു, ആകസ്മികമായൊരു സംഭവ മായിരുന്നത്, ഇതെന്റെ ആത്മാർഥ സുഹൃത്താണ് എന്നേ നാം എവിടെയെങ്കിലും മലയാളത്തിൽ എഴുതേണ്ടിവരുമ്പോൾ എഴുതൂ. അതിനുപകരം സംസാരിക്കുന്ന അതേ രീതിയിൽ എഴുതപ്പെടുന്ന പുതിയ ലിപ്യന്തര ഭാഷയിൽ ഇംഗ്ലീഷ് വാക്കുകൾ ധാരാള മായി തന്നെ കടന്നു വരുന്നു. നന്ദി എന്നെഴുതി നന്നി എന്നുവായിക്കുന്ന മെനക്കേ ടിനു പകരം താങ്ക്സ് എന്ന് മലയാള സന്ദേശത്തിനിടയിൽ സംസാരഭാഷയിലെന്ന പോലെ ഇവിടെ പ്രയോഗിക്കപ്പെടുന്നു.

4. **സംസാരത്തിന്റെ ചടുലത എഴുത്തിൽ:** എസ്.എം.എസ് ഭാഷയെക്കുറിച്ച് പഠിച്ചിട്ടുള്ളവർ, സ്പേസ് അടക്കം 160 അക്ഷരങ്ങളിൽ ഒതുങ്ങുന്ന ഒരു സന്ദേശം (text) എന്ന സ്ഥലപരിമിതി പലപ്പോഴും ചുരുക്കെഴുത്തിന് കാരണമാകുന്നുവെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. (ജഗന്നാഥ്.ജി:2010:187) എന്നാൽ സോഷ്യൽ നെറ്റ്വർക്കിങ്ങി ലേയും മറ്റും ചാറ്റിങ് അടക്കമുള്ളവ കൂടി പരിഗണിക്കുമ്പോൾ ചുരുക്കെഴുത്തിന്റെ കാരണം സ്ഥലപരിമിതി മാത്രമല്ലാതാകുന്നു. അവിടെ സമയംകൂടി പ്രധാനമാണ്. പരസ്പരം മുഖത്തോടു മുഖം നോക്കി സംസാരിക്കുമ്പോൾ കിട്ടുന്ന ഭാഷയുടെ ചടു ലത അവിടെ ആവശ്യമായി വരുന്നു. കാരണം അവിടെ നടക്കുന്നത് എഴുത്തല്ല പറ ച്ചിലാണ്. ഇവിടെയാണ് ചുരുക്കെഴുത്തുക്കളുടെ അനിവാര്യത. പലപ്പോഴും ഒന്നില ധികം വ്യക്തികളുമായി ഒരേസമയം 'ചാറ്റിങ്ങി' ലേർപ്പെടേണ്ടിയും വരുന്നു. ഇങ്ങനെ പലരോടും ഒരേസമയം ആശയ വിനിമയം നടത്തേണ്ടി വരുന്നതും സംസാരത്തിന്റെ അതേ തീവ്രത ഇവിടെ കൊടുക്കേണ്ടി വരുന്നതുമാണ് ഇത്തരം മാധ്യമങ്ങളിലെ ഭാഷാ പ്രയോഗങ്ങളിൽ ചുരുക്കെഴുത്തുകളുണ്ടാവാൻ കാരണം.

**ചുരുക്കെഴുത്തുകൾ**

ഇംഗ്ലീഷ് ഭാഷയിൽ സാധാരണയായി ഉപയോഗിക്കുന്ന ചുരുക്കെഴുത്തുകൾ പലരും സൂചിപ്പിച്ചു കണ്ടിട്ടുണ്ട്. അത്തരത്തിലുള്ള പുസ്തകങ്ങളും ലഭ്യമാണ്. r u ok? (Are you ok?), Gd n8 (Good night), bcoz (because) എന്നിങ്ങനെ നിരവധി ചുരുക്കെഴുത്തുക്കളുണ്ട്.

ഇംഗ്ലീഷ് ലിപിയുപയോഗിച്ചെഴുതുന്ന മലയാള സന്ദേശങ്ങളിലും ഇത്തരം ചുരുക്കെഴുത്തുകൾ ധാരാളമായി കാണാം. ഇതിനു പ്രത്യേക നിയമങ്ങളൊന്നുമില്ല. ഉച്ചാരണത്തിനനുയോജ്യമായിട്ടാണ് ചുരുക്കെഴുത്തുകളുടെ തിരഞ്ഞെടുപ്പ്.
ഉദാ: D evde? - എടീ എവിടെയാണ്?, Nthokend? - എന്തൊക്കെയുണ്ട്?

ചുരുക്കെഴുത്തുകൾ നിർമിക്കുന്നതിനായി പ്രധാനമായി സ്വീകരിക്കുന്ന രീതി അക്ഷരങ്ങൾ ഒഴിവാക്കലാണ്. ഇങ്ങനെ ഒഴിവാക്കപ്പെടുന്നത് പലപ്പോഴും സ്വരാക്ഷരങ്ങളും പദാന്ത്യത്തിൽ വരുന്ന വ്യഞ്ജനങ്ങളും പദമധ്യത്തിൽ വരുന്ന വ്യഞ്ജനങ്ങളുമാണ്. ഡേവിഡ് ക്രിസ്റ്റലിന്റെ ഈ കണ്ടെത്തലിനെ ജഗന്നാഥ്.ജി പരിശോധിക്കുന്നുണ്ട്. ''ഇന്ത്യൻ ഭാഷകളിൽ ഇത്തരത്തിലുള്ള പ്രതിഭാസങ്ങൾ കൈകാര്യം ചെയ്യുക ബുദ്ധിമുട്ടാണ്. പ്രത്യേകിച്ച് സ്വരത്തെയും സ്വരചിഹ്നത്തെയും ഒഴിവാക്കുവാൻ-വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പ് സാധ്യമാകുമെങ്കിലും അത് എത്രത്തോളം ആശയപ്രകടനം നടത്തുമെന്നത് കണ്ടറിയേണ്ട വിഷയമാണ്'' എന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം (2010:192)

ലിപ്യന്തരണം ചെയ്ത മലയാളസന്ദേശങ്ങൾ പരിശോധിച്ചാൽ ഇംഗ്ലീഷിന്റെ അതേ രീതിയിൽ തന്നെയാണ് ചുരുക്കെഴുത്തുകളുണ്ടാവുന്നതെന്ന് കാണാം. വരുമോ? എന്നതിന് varmo? (varumo?) ഉപയോഗിക്കുമ്പോൾ 'D'കാരത്തിന്റെ ഉച്ചാരണത്തിനായി ഉപയോഗിക്കുന്ന 'u' ഒഴിവാക്കപ്പെടുന്നു.

Kodkam (Kodukam കൊടുക്കാം)–'u'
Kandla (Kandila കണ്ടില്ല)– 'i'
Anveshcho?(Anveshicho? അന്വേഷിച്ചോ)– 'i'
Vram (varam വരാം)– 'a'
Vlcho? (vilicho-വിളിച്ചോ) –'i'
Kto (Ketto-കേട്ടോ) – 'e'
Pne (Pinne പിന്നേ) – 'i'

എന്നിങ്ങനെ ചുരുക്കെഴുത്തിൽ സ്വരാക്ഷരങ്ങൾ പലപ്പോഴും ഉപേക്ഷിക്കപ്പെടുന്നതു കാണാം. മലയാള സന്ദേശങ്ങൾ മലയാള ലിപിയിൽ എഴുതപ്പെടുമ്പോൾ ഇത്തരം ചുരുക്കെഴുത്തു നിർമാണം അസാധ്യമാണ്. കേട്ടോ എന്നത് വായിക്കുമ്പോൾ കട്ടോ എന്നായി മാറാനുള്ള സാധ്യതയുണ്ട്. മറ്റൊരു രീതി ഇരട്ടിപ്പുള്ള വ്യഞ്ജനങ്ങളെ ഉപേക്ഷിക്കലാണ്.ഇതാകട്ടെ സർവസാധാരണമാണ്.

ഉദാ: Kitila (Kittila കിട്ടില്ല)
Ayakte(Ayakkatte അയക്കട്ടേ)

Marakale(Marakkalle മറക്കല്ലേ)

ദീർഘ സ്വരങ്ങൾ പലപ്പോഴും ഹ്രസ്വമായി എഴുതുന്നതു കാണാം

ഉദാ: Nale(നാളെ-naale)

Vedana(വേദന-Veedana)

Oru divasam kodi (ഒരു ദിവസം കൂടി koodi)

സംവൃതോകാരം ഇല്ലാതായി എന്നതാണ് മറ്റൊരു സവിശേഷത.

ഉദാ: വരേണ്ടതാണ് (Varendathanu)

സന്ധിയിൽ സംവൃതോകാരം 'D' കാരമായി മാറുമെന്ന് കേരള പാണിനി പറയുന്നുണ്ട്. ലിപ്യന്തര മലയാളത്തിൽ പദങ്ങൾ സന്ധി ചെയ്തില്ലെങ്കിലും സംവൃതോകാരത്തിന് നിലനില്പില്ല.

ചുരുക്കെഴുത്തുകൾ പോലെ തന്നെ ആശയപ്രകാശനത്തിന് ചിത്രങ്ങൾ, അക്കങ്ങൾ എന്നിവയുപയോഗിക്കുന്നതും കാണാം. ചിരിയും കരച്ചിലും അത്ഭുതവുമൊക്കെ കാണിക്കാനും വസ്തുക്കളുടെ പേരു പറയുന്നതിനു (എഴുതുന്നതിനു) പകരം അതിന്റെ ചിത്രം ഉപയോഗിക്കുന്നതും കാണാം.

ഉദാ:

Ninakirikate (പൂവ് നിനക്കിരിക്കട്ടെ)

ചിത്രങ്ങളുപയോഗിച്ച് ആശയപ്രകടനം നടത്തുന്നത് മനുഷ്യന്റെ ആശയവിനിമയത്തിന്റെ പൂർവമാതൃകയാണ്. അതു വികസിച്ചാണ് ഓരോന്നും സൂചിപ്പിക്കാൻ അക്ഷരങ്ങളുടെ കൂട്ടമായ പദങ്ങൾ ഉപയോഗിച്ചു തുടങ്ങിയത്. എന്നാൽ എസ്.എം.എസ് അടക്കമുള്ള നവമാധ്യമഭാഷയിലേക്കുള്ള ചിത്രങ്ങളുടെ, ചിഹ്നങ്ങളുടെ കടന്നു വരവും അതിന്റെ അക്ഷരക്കൂട്ടങ്ങൾക്കിടയിലെ സ്ഥാനപ്പെടലും പരിഷ്കൃതം- അപരിഷ്കൃതം എന്ന തരം തിരിവിനെ ഇല്ലാതാക്കുന്നു.

## റോമൻ ലിപിയിലെ മലയാളസന്ദേശങ്ങളും ഇംഗ്ലീഷ് സന്ദേശങ്ങളും

റോമൻലിപിയിൽ മലയാള ആശയവും ഇംഗ്ലീഷ് ആശയവും ഒരേ പാഠത്തിൽ (text) തന്നെ കലർന്നുവരുന്നതു കാണാം. ഇംഗ്ലീഷിന്റെ ഈ കലർപ്പ് മലയാളിയുടെ സംസാരഭാഷയുടെ സവിശേഷതയാണെന്ന് നേരത്തേ പറഞ്ഞു. എന്നാൽ ചില സന്ദേശങ്ങൾ റോമൻലിപിയിൽ ഇംഗ്ലീഷ് ആശയങ്ങൾ മാത്രവും ചിലതിൽ നമ്മുടെ മലയാള ആശയവും കാണാം. ഇത്തരത്തിലുള്ള വേർതിരിവ് പരിശോധിക്കുമ്പോൾ എസ്.എം.എസുകളുടെ സ്വഭാവത്തിനനുസരിച്ചാണ് ഇവിടെ ഭാഷ സ്വീകരിക്കപ്പെടുന്നതെന്ന് പൊതുവെ കാണാൻ കഴിയും. പൊതുതത്ത്വങ്ങൾ, മഹദ്വചനങ്ങൾ എന്നിവയൊക്കെയാണ് കൂടുതലായും തനി ഇംഗ്ലീഷിൽ പ്രത്യക്ഷപ്പെടുന്നത്.

ഉദാ:

1. Life and time are the 2 gr8 teachers,
   Life teaches u the use of time & time teaches u the value of life…!
2. If you smile, it ‘s good
   It means ur thinking about god
   But if u make a crying person laugh it means god is thinking about u
3. Being frank is always better than being falsely sweet b’coz by being frank in lyf, we may get lot of “ true enemies’ bt, surely not “untrue frndz”.
4. Feel the depth of this sentence ‘god never like the hardness in toungue and heart” that’s why he made them boneless.
   Be kind to everyone.

എന്നിങ്ങനെയാണ് അത്തരം സന്ദേശങ്ങൾ. എന്നാൽ ലിപ്യന്തരണം ചെയ്ത മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നത് പലപ്പോഴും കുറച്ചുകൂടി നിത്യജീവിതവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളായിരിക്കും. സുഖാന്വേഷണം, ആശംസകൾ (ആഘോഷങ്ങളിലെയും മറ്റും), വിവരങ്ങൾ കൈമാറൽ തുടങ്ങി വ്യക്തിപരമായ കാര്യങ്ങളിലെ കൈമാറ്റങ്ങൾ മലയാളത്തിലാണ് (റോമൻലിപിയുപയോഗിച്ചു കൊണ്ട്) നടത്തുന്നത്.

ഇങ്ങനെ മലയാളിയുടെ ആശയവിനിമയത്തിന്റെ ഏറിയ പങ്കും നിർവഹിക്കപ്പെടുന്ന ലിപ്യന്തരമലയാളം കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്.

## ഉപസംഹാരം

റോമൻ ലിപിയുപയോഗിച്ച് നവമാധ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മലയാള സന്ദേശങ്ങളുടെ (ആശയവിനിമയത്തിന്റെ) മൂന്നുതരം സ്വഭാവ സവിശേഷതകളാണ് പ്രധാനമായി പ്രബന്ധത്തിൽ ചർച്ച ചെയ്തത്.

1. ഈ ഭാഷാരീതിക്ക് സാധുത നൽകുന്നത് അവ പ്രത്യക്ഷപ്പെടുന്ന ചില പ്രത്യേക മാധ്യമങ്ങളാണ്. അത്തരം മാധ്യമങ്ങളിൽ (സോഷ്യൽ നെറ്റ്വർക്കിങ്ങ് സൈറ്റുകൾ, വിവിധ സൈറ്റുകളിലെ ചാറ്റ്റൂമുകൾ, മൊബൈൽ എസ്.എം.എസുകൾ, യൂ ട്യൂബ് പോലുള്ള സൈറ്റുകളിലെ കമന്റുകൾ) ഇത്തരമൊരു ഭാഷാരീതി മലയാളി പ്രതീക്ഷിക്കുന്നുണ്ട്. മറ്റെല്ലായിടത്തും അതിന് പ്രവേശനമില്ല. ഇന്റർനെറ്റ് സാക്ഷരതയുള്ള എല്ലാവരും തന്നെ ഇടപെടുന്ന മേഖലകളാണിവ. ഇവയ്ക്ക് ഒരുതരം ജനപ്രിയ സ്വഭാവമുണ്ട്. ജനപ്രിയതയുടെ ഭാഷയായി ലിപ്യന്തരമലയാളം ഇവിടെ നിലനിൽക്കുന്നു.
2. ലിഖിത ഭാഷയാണെങ്കിലും അത് വാമൊഴിയുടെ ഘടന എങ്ങനെ സൂക്ഷിക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ഉച്ചാരണത്തിലധിഷ്ഠിതമായ രചനാരീതി, ഭാഷാഭേദങ്ങളുടെ കടന്നു വരവ്, സംസാരത്തിന്റെ ചടുലത എഴുത്തിൽ പ്രത്യക്ഷപ്പെടുന്ന രീതി (ചുരുക്കെഴുത്ത്, ഇംഗ്ലീഷ് പദങ്ങളുടെ കലർപ്പ്) തുടങ്ങിയവ ഈ സ്വഭാവത്തിനു തെളിവാണ്. ഒപ്പം ഇങ്ങനെ ഭാഷ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും പ്രബന്ധത്തിൽ ചർച്ചചെയ്തു. ഈ പ്രശ്നങ്ങളെയൊക്കെ അതിജീവിക്കാനുള്ള ശേഷി നിത്യോപയോഗത്തിലൂടെ മലയാളി ആർജിച്ചു കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്.
3. റോമൻ ലിപിയിലെഴുതപ്പെടുന്ന ഇംഗ്ലീഷ് സന്ദേശങ്ങളും മലയാളസന്ദേശങ്ങളും പലപ്പോഴും വ്യത്യസ്ത തരത്തിലുള്ള ആശയവിനിമയ സ്വഭാവമാണ് പുലർത്തുന്നതെന്ന് മനസ്സിലാക്കാം. റോമൻ ലിപിയിലെഴുതപ്പെടുന്ന മലയാള സന്ദേശങ്ങൾക്ക് വ്യക്തികളുമായി കൂടുതൽ ആത്മബന്ധമുണ്ടെന്ന് അവ വിനിമയംചെയ്യുന്ന ആശയങ്ങളിൽ നിന്ന് വ്യക്തമാണ്. ശാസ്ത്രവും തത്വശാസ്ത്രവുമൊക്കെ മലയാളത്തിൽ പറഞ്ഞാൽ ശരിയാവില്ലെന്നുള്ള പൊതുധാരണയും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. നിത്യോപയോഗത്തിനുള്ള ചില വിവരങ്ങൾ കൈമാറാമെന്നതിനപ്പുറം ഗൗരവപ്പെട്ട കാര്യങ്ങൾക്ക് മലയാളം പോര എന്ന മലയാളി ചിന്ത ഇവിടെയും കടന്നു വരുന്നു.

## ഗ്രന്ഥസൂചി

1. ആനന്ദൻ,കെ.എൻ. 2003 : ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.